# പഴയ നിയമ നിരീക്ഷണം
# ഉല്പത്തി - മലാഖി

**ഡോ. ബോബ് യുട്ലേ**
**ബൈബിള് ലെസണ് ഇന്ററര്നാഷണല്**

## ഉള്ളടക്കം

I. **നല്ല ബൈബിള് പഠണത്തിന്നായി ഒരു വഴികാട്ടി**

നല്ല ബൈബിള് പഠനത്തിന്നായി ഒരു വഴികാട്ടി ..... 3

II. **ആരന്പ പ്രഭാഷണം**

A. സാമാന്യമായി ഉപയോഗിക്കുന്ന പദങ്ങളുടെ അര്ഥം ..... 11
B. പഴയ നിയമത്തെ എന്തുകൊണ്ടു പഠിക്കണം? ..... 11
C. പഴയ നിയമത്തെ (ബൈബിളിനെ) നമ്മള് എങ്ങനെയാണ് പഠിക്കുന്നത്? ..... 11
D. പഴയ നിയമ കാലഘട്ടത്തെ സംബന്ധിച്ച പണ്ടത്തെ Near East ഭൂപടം ..... 12
E. പഴയ നിയമ കാലത്തിന്റെ അടിസ്ഥാന കാലക്രമം ..... 13

III. **തോറ**

A. ഉല്പത്തി പുസ്തകത്തിന്റെ ആമുഖം ..... 20
B. പുറപ്പാട് പുസ്തകത്തിന് ആമുഖം ..... 32
C. ലേവ്യാപുസ്തകത്തിന് ആമുഖം ..... 41
D. സംഖ്യാപുസ്തകത്തിന് ആമുഖം ..... 55
E. ആവര്ത്തന പുസ്തകത്തെ കുറിച്ചുള്ള ആമുഖം ..... 62

IV. **മുന് പ്രവാചകന്മാര്**

യോശുവ പുസതകത്തിന്റെ ആമുഖം ..... 70
ന്യായാധിപന്മാര് ..... 78
രൂത്ത് ..... 84
I, II ശമുവേല് ..... 89
I, II രാജാക്കന്മാര് ..... 98

V. **വിഭജിക്കപ്പെട്ട രാജാക്കന്മാരുടെ രാജത്വം**

VI. **രചനകള്**

I, II ദിനവൃത്താന്തങ്ങള് ..... 118
എസ്രാ പുസ്തകത്തിന്റെ ആമുഖം ..... 125
നെഹമ്യാവ് പുസ്തകത്തിന്റെ ആമുഖം ..... 132
എസ്ഥേര് പുസ്തകത്തിന്റെ ആമുഖം ..... 138

VII. **ജ്ഞാനസാഹിത്യങ്ങള്ക്ക് ഒരു ആമുഖം**

ജ്ഞാനസാഹിത്യങ്ങള്ക്ക് ഒരു ആമുഖം ..... 144
എബ്രായ കാവ്യം ..... 147
ഇയ്യോബ് പുസ്തകത്തിന്റെ ആമുഖം ..... 149

സങ്കീര്ത്തനങ്ങള് - ഒരു ആമുഖം ........ 156
സദൃശവാക്യങ്ങള് - ഒരു ആമുഖം ........ 165
സഭാപ്രസംഗി - ഒരു ആമുഖം ........ 171
ഉത്തമഗീതം പുസ്തകത്തിന്റെ ആമുഖം ........ 178

VIII. വലിയ പ്രവാചകന്മാര്

A. പഴയനിയമ പ്രവചനം - ഒരു ആമുഖം ........ 185

B. പുസ്തകങ്ങള്

യെശയ്യാവ് പുസ്തകത്തിന്റെ ആമുഖം ........ 190
യിരെമ്യാവ് പുസ്തകത്തിന്റെ ആമുഖം ........ 211
വിലാപങ്ങള് പുസ്തകത്തിന്റെ ആമുഖം ........ 218
യെഹെസ്കേല് പുസ്തകത്തിന്റെ ആമുഖം ........ 224
ദാനിയേല് പുസ്തക ആമുഖം ........ 231

IX. ചെറിയ പ്രവാചകന്മാര്

ഹോശേയ പുസ്തകത്തിന്റെ ആമുഖം ........ 236
യോവേല് പുസ്തകത്തിന്റെ ആമുഖം ........ 242
ആമോസ് പുസ്തകത്തിന്റെ ആമുഖം ........ 248
ഒബദ്യാവ് പുസ്തകത്തിന്റെ ആമുഖം ........ 257
യോനാ പുസ്തകത്തിന്റെ ആമുഖം ........ 263
മീഖാ പുസ്തകത്തിന്റെ അവതാരിക ........ 268
നഹൂം പുസ്തകത്തിന്റെ ആമുഖം ........ 274
ഹബക്കുക്ക് പുസ്തകത്തിന്റെ ആമുഖം ........ 280
സെഫന്യാവ് പുസ്തകത്തിന്റെ ആമുഖം ........ 285
ഹഗ്ഗായി പുസ്തകത്തിന്റെ ആമുഖം ........ 290
സെഖര്യാവ് പുസ്തകത്തിന്റെ ആമുഖം ........ 295
മലാഖി പുസ്തകത്തിന്റെ അവതാരിക ........ 301

# നല്ല ബൈബിള് പഠനത്തിന്നായി ഒരു വഴികാട്ടി

## മികച്ച സത്യത്തെ സംബന്ധിച്ച് വ്യകതിപരമായ പരിശോധന

നമുക്കു സത്യത്തെ അറിവാന് കഴിയുമോ? അതു നമ്മള് എവിടെയാണ് കണ്ടെത്തുന്നത്? അതിനെ നമ്മള് യുക്താനുസൃതമായി പരിശോധിക്കാന് കഴിയുമോ? ഇതിനു അത്യന്ധികമായ അധികാരം ഉണ്ടോ? നമ്മെയോ ലോകത്തെയോ വഴികാട്ടി നയിക്കുന്ന വാസ്തവങ്ങള് ഉണ്ടോ? ഈ ജീവിത്തിനു ഒരു അര്ത്ഥം ഉണ്ടോ? നമ്മുടെ യാത്ര എങ്ങോട്ടാണ്? ബുദ്ധിപൂര്വ്വമായി ചിന്തിക്കുന്ന എല്ലാ മനഷരും ഈ ചോദ്യങ്ങളെ ചിന്തിക്കുന്നു. മനുഷ്യ ബുദ്ധിയെ പണ്ടുതൊട്ടേ ഈ ചോദ്യങ്ങള് പിടിച്ചിരിക്കുന്നു. (Eccl. 1:13-18, 3:9-11)

എന്റെ ജീവിതത്തെ കേന്ദ്രബിന്ദുവായി സംയോജിപിക്കുന്ന കാര്യത്തെ കുറിച്ച് ഞാന് അന്വേഷിച്ച അനുഭവത്തെ ഓര്ക്കുകയാണ്. എന്റെ കുടുംബത്തിലെ മറ്റുള്ളവരുടെ സാക്ഷയ് ജീവിതത്തെ കണ്ടു അതിന്റെ അടിസ്ഥാനത്തില് ഞാന് യേശുവില് വിശ്വസിച്ചു. എനിക്കു പക്വത വന്നപ്പോള്, എന്നെ കുറിച്ചും എന്റെ ലോകത്തെ കുറിച്ചും എന്നില് ചോദ്യങ്ങള് ഉയരാന് തുടങ്ങി. ഞാന് വായിച്ചിരുന്ന പുസ്തകങ്ങള്ക്ക് അഥവാ എന്റെ അനുഭവങ്ങള്ക്ക് സാംസ്കാരത്തിന് മതപരമായ ശൈലികള്ക്ക് ഒന്നും ഇതിന് അര്ത്ഥം നല്കുവാന് കഴിഞ്ഞില്ല. അപ്പോള് ഞാന് ജീവിച്ചിരുന്ന ഉണര്വില്ലാത്ത സാഹചര്യത്തില് എന്നില് ആശയക്കുഴപ്പവും അന്വേഷണവും, വാഞ്ചയും, മാത്രമല്ല അതോടുകൂടി നിരാശയും നിറഞ്ഞു.

അനിവാര്യമായ ഈ ചോദ്യങ്ങള്ക്ക് തങ്ങളുടെ പക്കല് ഉത്തരം ഉണ്ടു എന്നു അനേകര് അവകാശപ്പെട്ടു. പക്ഷേ, പരിശോധിച്ചും ചിന്തിച്ചും നോക്കിയപ്പോള് അവരുടെ ഉത്തരങ്ങള് എല്ലാം (1) അവരുടെ വ്യക്തിപരമായ തത്ത്വങ്ങള് (2) പണ്ടത്തെ പുരാണങ്ങള്, (3) വ്യക്തിപരമായ അനുഭവങ്ങള് (4) മനശാസ്ത്രം എന്നീ കാര്യങ്ങളെ സംബന്ധിച്ചവയായിരുന്നു. എനിക്ക് ഇവയെ സത്യമാണോയെന്നു പരിശോധിക്കനും, തെളിവ് കണ്ടെത്താനും, വിവേചനശക്തികൊണ്ടു ചിന്തിച്ച് നോക്കണമെന്നും, അതിന്റെ വെളിച്ചത്തില് കിട്ടിയ അനുഭവത്തെ കേന്ദ്രീകരിച്ച് ജീവിക്കണം എന്നു തോന്നി.

ഞാന് വേദപുസ്തകത്തെ പഠിച്ചപ്പോള് കണ്ടെത്തിയ കാര്യങ്ങള് താഴെ കൊടുത്തിരിക്കുന്നു.

(1) പുരാവസ്തുശാസ്ത്രപരമായും ചരിത്രപരമായും വേദപുസ്തകം വിശ്വാസനീയം
(2) പഴയനിയമത്തിലുള്ള പ്രവചനങ്ങള് കൃത്യത.
(3) അറുനൂറ് വര്ഷങ്ങളായി എഴുതി പൂര്ത്തിയായ വേദപുസ്തകത്തിന്റെ ഐക്യത,
(4) ബൈബിളിനോടുള്ള ബന്ധത്താല് നിരന്തരമായി ജീവിതത്തില് സംഭവിച്ച മാറ്റങ്ങളെ പങ്കുവെക്കുന്ന ചിലരുടെ ജീവിത അനുഭവങ്ങള് - ഈ മൂന്നു കാര്യങ്ങള് എങ്ങനെ വിശ്വാസയോഗ്യമായവ എന്നു തെളിയിക്കുന്ന കാര്യങ്ങളെ ഞാന് അന്വേഷിച്ചുകൊണ്ടിരിന്നു.

വിശ്വാസപ്രമാണം, വിശ്വാസം ഇവയുടെ ചേര്ച്ചയാണ് ക്രൈസ്തവം. അതു മനുഷ്യ ജീവിത്തിലെ വിവിധങ്ങളായ ചോദ്യങ്ങളെ കൈകാര്യംചെയ്വാന് കഴിവുള്ളതാണ്. മനുഷ്യ ജീവിതത്തെ ബുദ്ധിപൂര്വ്വമായ ഒരു ചട്ടകൂട് നല്കുക മാത്രമല്ല ബൈബിള് വിശ്വാസത്തിന്റെ അടിസ്ഥാനത്തില് ഉണ്ടായ അനുഭവംകൊണ്ടു എനിക്കു വികാരധിതമായ സന്തോഷവും സ്തിരതയും കിട്ടി.
എന്റെ ജീവിതത്തെ കൂട്ടി യോജിപ്പിക്കുന്ന കേന്ദ്രബിന്ദുവായി ബൈബിള് മാറി. ഇതു എന്റെ ബുദ്ധിയില് ഉണ്ടായ അനുഭവവും വികാരത്തിന്റെ പ്രവാഹവുമാണ്.

പല വ്യത്യസ്ഥ ബൈബിള് വ്യാഖ്യാന പുസ്തകങ്ങളെ, ചിലപ്പോള് ഒരേ സഭാവിഭാഗത്തിനുള്ളിലും ബൈബിള് പഠനശാലകളിലും ഉപയോഗിപ്പാന് പറയുന്ന പുസ്തകങ്ങളെ ഓര്ക്കുമ്പോള് എനിക്കുണ്ടായ വേദനയും ഞെട്ടലും ഇന്നും എന്റെ ഒര്മയില് ഉണ്ടു. ബൈബിള് ദൈവ ശ്വാസനീയമായതെന്നും വിശ്വാസനീയമായതെന്നും ഉറപ്പുവരുത്തുന്നതു അവസാനമല്ല, തുടക്കമത്രേ. ബൈബിളിന്റെ അധികാരതെയെ വിശ്വാസനീയതെയെ ആദരിക്കുന്നവര് പരസ്പരവിരുദ്ധമായ പല കഠിനമായ വേദഭാഗങ്ങളെ വ്യാഖ്യാനിച്ചിരിക്കുന്നതിനെ ഞാന് എങ്ങനെ യോജിപ്പിക്കും അല്ലെങ്കില് തള്ളിക്കളയും?

ഈ കര്ത്തവ്യം എന്റെ വിശ്വാസ ജീവിതയാത്രയുടെ ലക്ഷയ്മായിതീര്ന്നു. ക്രിസ്തുവില് ഞാന് അര്പ്പിച്ച വിശ്വാസം എന്നില് അത്യന്ത സമാധാനത്തെയും സന്തോഷത്തെയും തന്നു എന്നു എനിക്കറിയാം. എന്റെ സാംസാകാരികബന്ധം, തീവ്ര വിശ്വാസങ്ങളിലുള്ള പരസ്പരവിരുദ്ധമായ മത വ്യവസ്ഥിതി, സഭാ വിഭാഗങ്ങളുടെ അഹങ്കാരം ഇവയുടെ ബന്ധങ്ങളുടെ മധ്യേ ചില വസ്തുതകളെ കണ്ടെത്താന് എന്റെ മനസ്സ് കൊതിച്ചു. പുരാതന സാഹിത്യത്തെ വ്യാഖ്യാനം ചെയ്യുവാന് ശരിയായ രീതികളെ

ഞാന് അന്വേഷിച്ചുക്കൊണ്ടിരിക്കുമ്പോള്, എനിക്കു ചരിത്രപരമായ, സാംസ്കാരികപരമായ, സഭാവിഭാഗം സംബന്ധമായ ചില വ്യത്യാസങ്ങളെ അനുഭവത്തില് കണ്ടെത്താന് കഴിഞ്ഞു. ഇത് എന്നെ ആശ്ചര്യപ്പെടുത്തി.

ഞാന് പലപ്പോഴും എന്റെ ആശയങ്ങളെ ദൃഢികരിക്കാന് വേണ്ടിയാണ് ബൈബിള് വായിച്ചിരുന്നത്. ഈ അറിവിനെയൊക്കെ ശേഖരിച്ചുവെച്ചത് എന്റെ അരിക്ഷതാവസ്ഥയെയും പോരായ്മകളെയും കാക്കുവാനും, അതേസമയത്തു മറ്റുള്ളവരെ എതിര്ക്കുവാനുമാണ്. ഇത് ഞാന് അനുഭവത്തില് കണ്ടു എന്നുള്ളതു എത്ര വേദന നല്കുന്നതാണ്!

ഒരു ആശയ ലക്ഷയ്ത്തോടെ എനിക്കു ബൈബിള് വായിക്കുവാന് കഴിയുകയില്ല എങ്കിലും, എനിക്ക് ഒരു നല്ല വായനക്കാരനായി തീരാന് സാധിക്കും. അഭിപ്രായ വ്യത്യാസങ്ങള് ഉണ്ടു. അതിനെ കാണുന്നുണ്ടു എങ്കിലും എന്റെതായ അഭിപ്രായ വ്യത്യാസങ്ങളെ എനിക്ക് ചുരുക്കാന് കഴിയും. ഇതില് നിന്നു ഇതുവരെ എനിക്ക് വിടുതല് ഉണ്ടായിട്ടില്ല. പക്ഷേ എന്റെതായ പോരായ്മകളോടു ഞാന് എതിര്ത്തു പോരാടുന്നു. നല്ല ബൈബിള് വായനയ്ക്ക് വ്യാഖ്യാനിതന്നെ പലപ്പോലും ശത്രു!

ആകയാല്, ബൈബിള് വായിക്കുന്നനിങ്ങളും പരിശോധിക്കാന്വേണ്ടി, ബൈബിള് വായിക്കും ബോള് എന്നില് വന്നുപോകുന്ന ചില മുന്വിധികളെ താഴെ കൊടുക്കുന്നു.

(1). ഏക സത്യ ദൈവം തന്നെത്താന് വെളുപ്പെടുത്തുവാന് ശ്വാസീനീയമായി നല്കിയിട്ടുള്ളതു ബൈബിള് മാത്രം എന്നു ഞാന് വിശ്വസിക്കുന്നു. അതുകൊണ്ടു, ഒരു എഴുത്തക്കാരനെ ഒരു ചരിത്ര പശ്ചാത്തലത്തില് തിരഞ്ഞെടുത്തു എഴുതുവാന് ഉപയോഗിച്ചെങ്കിലും, മൂല ഗ്രന്ഥകര്ത്താവിന്റെ ഉദ്ദേശത്തിന് വെളിച്ചത്തില് മാത്രം ഇതിനെ വ്യാഖ്യാനിക്കണം.

(2). ബൈബിള് സാധാരണ മനുഷ്യര്ക്കും എല്ലാ മനുഷ്യര്ക്കും വേണ്ടിയാണ് എഴുതിയിരിക്കുന്നത് എന്ന് ഞാന് വിശ്വസിക്കുന്നു! ഒരു ചരിത്ര സാംസ്കാരിക പശ്ചാതലത്തില് നിന്നുകൊണ്ടു നമ്മോട് സ്പഷ്ടമായി സംസാരിക്കുവാന് തക്കവണ്ണം ദൈവം അത്രേയും താണുവന്നു. ദൈവം സത്യത്തെ മറയ്ക്കുന്നില്ല - നമ്മള് സത്യത്തെ മനസ്സിലാക്കണം എന്നു അവന് ഇച്ഛിക്കുന്നു! അതുകൊണ്ടു, നമ്മുടെ കാലത്തിനു ഒത്തവണ്ണം അല്ല, ബൈബിള് എഴുതപ്പെട്ട കാലഘട്ടത്തിന്റെ വെളിച്ചത്തില് തന്നെ നമ്മള് അതിനെ വ്യാഖ്യാനിക്കണം. ബൈബിള് ആദ്യം വായിച്ചവരെയോ കേട്ടവരെയോ ഉദ്ദേശിച്ചു നല്കപ്പെട്ട സന്ദേശമാണ് നമുക്കും കിട്ടുന്നത്. ഈ സന്ദേശത്തെ ശരാശരി മനുഷ്യ ബുദ്ധികൊണ്ടും വാര്ത്താ വിനിമയ മാര്ഗ്ഗങ്ങള്കൊണ്ടും എലുപ്പത്തില് മനസ്സിലാക്കാന് കഴിയും.

(3). ബൈബിളില് ഒരേ സന്ദേശവും ഒരേ ഉദ്ദേശവുമേ ഉള്ളു എന്ന് ഞാന് വിശ്വസിക്കുന്നു. ബൈബിളില് അതിനു ബൈബിളിന്നു വിരുദ്ധമായ ആശയം ഇല്ല, മാത്രമല്ല ബൈബിളില് കഠിനമായതോ വിപരീതമായി തോന്നുന്ന ഭാഗങ്ങളോ ഇല്ല. അതുകൊണ്ടു ബൈബിളിനെ നല്ല രീതിയില് വ്യാഖ്യാനിക്കുന്നതു ബൈബിള് തന്നെ.

(4). ശ്വാസീനീയമായി നല്കിയ മൂല ഗ്രന്ഥകര്ത്താവിന്റെ ഉദ്ദേശത്തിന്റെ അടിസ്ഥാനത്തില് വെച്ചു നോക്കുമ്പോള് (പ്രവചന ഭാഗങ്ങള് ഒഴികെ) ബൈബിളില് ഉള്ള ഓരോ ഭാഗവും ഒരു ഒറ്റ ആശയം തന്നെ ഉള്ളതാണ് എന്നു ഞാന് വിശ്വസിക്കുന്നു. മൂല ഗ്രന്ഥകര്ത്തവിന്റെ ഉദ്ദേശത്തെ നമുക്കു ഒരിക്കലും മുഴുവനായി അറിയാന്പറ്റില്ല എന്നു വരികിലും, ആ ഉദ്ദേശത്തെ മനസ്സിലാക്കുവാന് പല സൂചനകള് ഉണ്ട്.

a) സന്ദേശത്തെ പറയാന് ഉപയോഗിച്ചിരിക്കുന്ന സാഹിത്യ ഭാഷാ ശൈലി.
b) ചരിത്ര പശ്ചാത്തലം / ഇതു എഴുതുവാനുള്ള പ്രത്യേക സാഹചര്യം - അല്ലെങ്കില് ഈ രണ്ടു കാരണങ്ങളും
c) ഒരോ വേദ ഭാഗത്തിന്റെ, മുഴുവന് വേദ പുസ്തകത്തിന്റെ സാഹിത്യ പശ്ചാത്തലം
d) ഒരോ വേദ ഭാഗങ്ങളുടെ സാഹിത്യ രേഖരൂപവും അവ തമ്മിലുള്ള ബന്ധവും
e) പറയാനുള്ള സന്ദേശത്തെ വ്യക്തമാക്കുവാന് പ്രയാഗിച്ചിട്ടുള്ള വ്യാകരണപരമായ സവിശേഷതകള്
f) ആശയം വ്യക്തമാക്കുവാന് തിരഞ്ഞെടുത്ത പദങ്ങളെ മനസ്സിരുത്തി നമ്മള് പഠിക്കേണം എന്നതാണ് വിഷയം.

വേദവുസ്തകത്തെ നന്നായി വായിക്കുന്നതിനുള്ള രീതി വിവരിക്കുന്നു. ഇതിനു മുമ്പു വ്യാഖ്യാനിച്ചതില് യോജിപ്പില്ലാത്ത ചില വിധങ്ങളെ ഞാന് കൃത്യമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവ മുഖാന്തരം വിവിധ വ്യാഖ്യാണങ്ങള് വന്നിട്ടുണ്ടു; അവയെ നമ്മള് ഒഴിവാക്കണം.

(1). ബൈബിളിലുള്ള സാഹിത്യ പശ്ചാത്തലത്തെ കണക്കിടാതെ, ഒരോ വാക്യത്തെയും ഉപവാക്യത്തെയും ഒരോ പദങ്ങളെയും ഗ്രന്ഥകര്ത്താവ് ഉദ്ദേശിച്ചിട്ടില്ലാത്ത രീതിയില് പൊരുത്തമില്ലാതെ സത്യ വാചകങ്ങളായി ചിലര് എടുക്കുന്നു. ഇതിനെ പലപ്പോഴും "Proof-texting" എന്ന് വിളിക്കുന്നു.


(2). ബൈബിളിലുള്ള പുസ്തകങ്ങള് എഴുതപ്പെട്ട ചരിത്ര പശ്ചാത്തലത്തെ അവഗണിച്ചുംകൊണ്ടു, അതിനു പകരമായി വായിക്കുന്ന വേദഭാഗം ഒട്ടും ആദരിക്കാത്ത അല്ലങ്കില് ഊഹാപോഹ ചരിത്ര പശ്ചാതലങ്ങളെ എടുക്കുന്നത്.

(3). ബൈബിളിലുള്ള എഴുതപ്പെട്ട ചരിത്ര പശ്ചാതലത്തെ കണക്കിടാതെ, ആധുനിയ ക്രൈസ്തവ വ്യക്തികള്ക്ക് എഴുതപ്പെട്ട ഒരു പ്രാദേശിക പത്രംപോലെ വായിക്കുന്നത്.


(4). ബൈബിളിലുള്ള എഴുതപ്പെട്ട ചരിത്ര പശ്ചാതലത്തെ കണക്കിലെടുക്കാതെ, ആദിയില് കേട്ടവരില് നിന്നും അഥവാ ഗ്രന്ഥകര്ത്താവിന്റെ ഉദ്ദേശതിനു ഒട്ടും പൊരുത്തമില്ലാത്ത രീതിയില് അതിനെ ദൈവശാസ്ത്രപരമായും, തത്ത്വചിന്താപരമായും രൂപകാലങ്കാരം ചെയ്യുന്നു.

(5). മൂല സന്ദേശത്തെ നോക്കാതെ, അതിനു പകരമായി തങ്ങളുടെ സ്വന്തം ദൈവശാസ്ത്രത്തെയും, ഇഷ്ടപ്പെട്ട ഉപദേശങ്ങളെയും സ്ഥാപിക്കുന്നു അഥവാ, ഗ്രന്ഥകക്കാരന്റെ ലക്ഷയ്ത്തെയും സന്ദേശത്തെയും പുറംതള്ളി, ഇക്കാലത്തെ പ്രശ്നങ്ങളെ സ്ഥാപിക്കുന്നു. ആദ്യമായിട്ടു വായിക്കുമ്പോള് ഈ പ്രതിഭാസം മിക്കവാറും സംഭവിക്കുന്നു. അതിന്റെ അടിസ്ഥാനത്തില് പ്രസംഗിക്കുന്ന വ്യക്തി തന്റെ ആശയത്തെ അധികാരത്തോടെ പ്രസ്ഥാവിക്കുന്നു. ഇതിനെ "വായിക്കുന്നവരുടെ പ്രക്രിയ" എന്നു വിളിക്കുന്നു. (അതായത് "തനിക്കു തോന്നിയ രീതിയില്" താന് വ്യാഖ്യാനിക്കുന്നു.)

മനുഷ്യര് ഉപയോഗിക്കുന്ന വാര്ത്താവിനിമയമാര്ഗ്ഗത്തില് കുറഞ്ഞതു മൂന്നു ഘടകങ്ങളുണ്ടു:




പണ്ടു വി[illegible]ുക്തികള് ഈ മൂന്നു [illegible]ളില് ഒന്നിനെ [illegible]ു. പക്ഷേ, ബൈബിളിന്റെ അതുല്യ ദൈവശാസനീയത്തെ ഉറപ്പിക്കാന്വേണ്ടി ഇതിനെ ശരിയായി ചിത്രരീകരിക്കുന്ന പടത്തെ താഴെ കാണാം:




വാസ്ഥവത്തില് ഈ മൂന്നു ഘടകങ്ങളും വ്യാഖ്യാന ക്രമത്തില് ഇരിക്കേണ്ടതാണ്. ശരിയാണോ എന്നു പരിശോധിക്കാന് വേണ്ടി ഞാന് വ്യാഖ്യാനിക്കുമ്പോള് ആദ്യത്തെ രണ്ടു ഘടകങ്ങളെയാണ് ഞാന് ഉപയോഗിക്കുന്നതു. അതായത് മൂല ഗ്രന്ഥകര്ത്താവും എഴുതപ്പെട്ട മൂല രേഖയും ഞാന് നിരീക്ഷിച്ചിച്ചശേഷം ദുരുപയോഗങ്ങളെ മിക്കവാരും ഞാന് പ്രതികരിക്കുന്നു: (1) രൂപകാലങ്കാരം ചെയ്യുന്നു അഥവാ വേദ ഭാഗങ്ങളെ ആത്മീയമാക്കുന്നതു (2) "വായിക്കുന്നവരുടെ പ്രതികരണം" അതായത് തനിക്കു മനസ്സിലായ രീതിയില് അര്ഥം എടുക്കുന്നത്. ഒരോ ഘട്ടത്തിലും ദുരുപയോഗം സംഭവിക്കാം. നമ്മള് നമ്മുടെയുള്ളിലുള്ള ഉദ്ദേശത്തെയും, പക്ഷപാതത്തെയും, തന്ത്രങ്ങള് പ്രയോഗങ്ങള് എന്നിവയെ എപ്പോഴും പരിശോധിക്കണം. വ്യാഖ്യാനിക്കുന്നതില് ഒരു അതിരോ, പരിധിയോ, മാനദണ്ഡമോ ഇല്ലെങ്കില് നമ്മള് എങ്ങനെ ഇതിനെ പരിശോധിക്കും? ഇവിടെയാണ് ഗ്രന്ഥകര്ത്താവിന്റെ ഉദ്ദേശവും വേദഭാഗത്തിന്റെ ഭാഷയുടെ ഘടനവും നമുക്കു ഒരു മാനതണ്ഡം നല്കി, സാധ്യമായ വ്യാപ്തിയോടു അംഗീകരിക്കാവുന്ന വ്യാഖ്യാനം ചെയ്യുവാന് നമ്മെ സഹായിക്കുന്നത്.

യോജിച്ചതല്ലാത്ത ഈ വായന രീതികളുടെ വെളിച്ചത്തില് നോക്കുമ്പോള്, നല്ല രീതിയില് പരിശോധിച്ചു ശരിയായ ഒരു വ്യാഖ്യാനം ചെയ്യുവാന് സഹായിക്കന്ന സാധ്യമായ ചില നല്ല വായന രീതികള് ഏവ?

ഈ സന്ദര്ഭത്തില് ഞാന് പറയാന്പോകുന്നത് ബൈബിളിലുള്ള ചില പ്രത്യേക സാഹിത്യ ശൈലികളെ കുറിച്ചല്ല, പക്ഷേ ബൈബിളിലുള്ള എല്ലാ ഭാഗങ്ങള്ക്കും പൊരുത്തമായ പൊതുവായ വ്യാഖ്യാന പ്രമാണങ്ങളെ കുറിച്ചാണ്. സാഹിത്യ പ്രത്യേകതയുള്ള വേദഭാഗങ്ങളെ എങ്ങനെ അര്ഥമാക്കുന്നുവെന്നു പറയുന്ന നല്ല പുസ്തകം - Gordon Fee And Douglas Stuart, എഴുതി, Zondervan പ്രകാശനംചെയ്ത How To Read The Bible For All Its Worth പുസ്തകമാണ്.

എന്റെ വായന രീതിയെ പറയാം - അത് വായിക്കുന്ന വ്യക്തി, വായിക്കുന്ന വേദഭാഗത്തെ. പരിശുദ്ധാത്മാവ് പ്രകാശം നല്കാന്വേണ്ടി നാലു വട്ടം ആവര്ത്തിച്ച് പഠിക്കേണം എന്നതാണ്. ഇങ്ങനെ ചെയ്യുന്നത് പരിശുദ്ധാത്മാവ്, വായിക്കുന്ന വ്യക്തി, വായിക്കുന്ന വേദഭാഗം ഇവയെ പ്രധാന സ്ഥാനം നല്കുന്നു, രണ്ടാം സ്ഥാനമല്ല. ഇതു ന്യായമല്ലാത്ത രീതിയില് വായനക്കാര് വിമര്ശകരാല് (Commentators) സ്വാധീനിക്കപ്പെടാതിരിപ്പാന് സഹായിക്കുന്നു. "ബൈബിള് വിമര്ശന പുസ്തകങ്ങളുടെമേല് അധികം വെളിച്ചം വിതറുന്നു" എന്നു പറയുന്നതു ഞാന് കേട്ടിട്ടുണ്ട്. ഇങ്ങനെ പറയുമ്പോള് ബൈബിള് പഠനത്തില് സഹായിക്കുന്ന വിമര്ശന പുസ്തകങ്ങളുടെ മതിപ്പു കുറയ്ക്കുന്നില്ല, അവയെ തക്കതായ സന്ദര്ഭത്തില് മാത്രമേ ഉപയോഗിക്കാവു എന്ന് അപേക്ഷിക്കുകയാണ്.

നമ്മള് ചെയ്യുന്ന വ്യാഖ്യാനത്തെ നാം വായിച്ച വേദഭാഗം തന്നെ പിന്താങ്ങണം. അതിന് നമുക്കു 5 കാര്യങ്ങള് കുറഞ്ഞ പക്ഷം പരിമിത ഉറപ്പു നല്കുന്നു.

(1) ചരിത്ര പശ്ചാത്തലം
(2) സാഹിത്യ പശ്ചാത്തലം
(3) വ്യാകരണ രൂപം
(4) എഴുതിയ കാലത്തിലേ ഒരു പദത്തിന്റെ അര്ഥം
(5) ഒത്ത സമമായ വേദഭാഗങ്ങള്

നമ്മള് ചെയ്ത വ്യാഖ്യാനത്തിന് ശരിയായ കാരണങ്ങളും ന്യായവും തരാന് നമക്കു സാധിക്കണം. ബൈബിളിനു മാത്രമേ നമ്മുടെ പ്രായോഗിക ജീവിതത്തിലും വിശ്വാസത്തിലും നമ്മെ സഹായിക്കുവാന് കഴികയുള്ളു. ബൈബിള് ഉപദേശിക്കുന്ന, ഉറപ്പ് നല്കുന്ന വിഷയങ്ങളെ ക്രിസ്ത്യാനികള് പലപ്പോഴും അംഗീകരിക്കുന്നില്ല എന്നത് ദുഃഖകരമാണ്.

ആവര്ത്തിച്ചു 4 വട്ടം വായിക്കുന്ന രീതി താഴെ കാണുന്ന വ്യാഖ്യാന ഉള്കാഴ്ച്ചകളെ നല്കുന്നു:

(1). ഒന്നാം വട്ടം വായന

- (a) ഒറ്റടിക്കു വായിക്കണ്ട ഭാഗത്തെ വായിച്ചു തീര്ക്കുക. പിന്നെ വേറെ തര്ജമയില് ആ ഭാഗത്തെ വായിക്കുക. തര്ജമയിലും ചില തത്ത്വങ്ങള് ഉണ്ട്:
  - (i). വാക്കിന് വാക്ക് തര്ജമ (NKJV, NASB , NRSV)
  - (ii). ശക്തമായ തുല്യ തര്ജമ (TEV, JB)
  - (iii). ലളിത വാക്കുകളാലുള്ള തര്ജമ (Living Bible, Amplified Bible)
- (b) മുഴുവന് പുസ്തകത്തിന്റെയും പ്രധാന അര്ഥം എന്തെന്നു നോക്കുക. പ്രതിപാദ്യം എന്തെന്നു തിരിച്ചറിയുക.
- (c) പ്രധാന അര്ത്ഥത്തെ അല്ലെങ്കില് പ്രതിപാദ്യത്തെ സ്പഷ്ടമായി എടുത്തു കാണിക്കുന്ന ഒരു വാക്യത്തെയോ, ഒരു ഭാഗത്തെയോ, അധ്യായത്തെയോ (സാധ്യമെങ്കില്) തനിച്ചു മാറ്റിനിര്ത്തുക.
- (d) പ്രബലമായ സാഹിത്യ ശൈലിയെ തിരിച്ചറിയുക.
  - (i). പഴയ നിയമം
    1) എബ്രായ വിവരണം
    2) എബ്രായ കവിത
    3) എബ്രായ പ്രവചനം (സാധാരണഭാഷ, കവിത)
    4) ന്യായ പ്രമാണങ്ങള്
  - (ii). പുതിയ നിയമം
    1) ആഖ്യാനം (സുവിശേഷങ്ങള്, അപ്പോസ്തല പ്രവര്ത്തികള്)
    2) ലേഖനങ്ങള്
    3) ലോകാവസാനത്തെ കുറിച്ചുള്ള പുസ്തകങ്ങള്

(2). രണ്ടാമത്തെ വട്ടം വായന

- (a) മുഴുവന് പുസ്തകത്തെയും വായിച്ച് പ്രധാന ചര്ച്ചാവിഷയത്തെയും തലക്കെട്ടുകളെയും തിരിച്ചറിയുക.
- (b) പല തലക്കെട്ടുകളില് രൂപരേഖ തയ്യാറാക്കി അതിന്റെ പൊരുളുകളെ ലളിത വാക്യത്തില് എഴുതുക.
- (c) നിങ്ങളുടെ ഉദ്ദേശ വരിയെ പരിശോധിക്കുക, പഠന സഹായ ഉപകരണങ്ങളെ ഉപയോഗിച്ച വിശദമായ രേഖാരൂപം തയ്യാറാക്കുക.

(3). മൂന്നാം വട്ടം വായന

(a) മുഴുവന് പുസ്തകത്തെയും വായിച്ച്, അതിന്റെ ചരിത്ര പശ്ചാത്തലം, എഴുതപ്പെട്ട സന്ദര്ഭം എന്നിവയെ തിരിച്ചറിയുക.
(b) ചരിത്ര പശ്ചാത്തലത്തെ പട്ടികയാക്കുക:
   (i). ഗ്രന്ഥക്കാരന്
   (ii). കാലഘട്ടം
   (iii). ആര്ക്കാണ് എഴുതിയത്?
   (iv). എഴുതാനുള്ള മുഖ്യ കാരണം
   (v). എഴുതിയതിന്റെ ഉദ്ദേശത്തെ സംബന്ധിച്ച സാംസ്ക്കാരിക സവിശേഷതകള്
(c) നിങ്ങള് വ്യാഖ്യാനിക്കുന്ന പുസ്തകത്തിന്റെ രേഖാരൂപത്തെ ഖണ്ഡികകളായി എഴുതുക. ഇങ്ങനെ ചെയ്താല് നിങ്ങള്ക്ക് മൂല ഗ്രന്ഥക്കാരന്റെ ഉദ്ദേശവും എഴുതിയ രീതിയും മനസ്സിലാക്കാന്പറ്റും.
(d) പഠന സഹായ ഉപകരണങ്ങളെ ഉപയോഗിച്ച് ചരിത്ര പശ്ചാത്തലത്തെ പരിശോധിക്കുക.

(4). നാലാം വട്ടം വായന
(a) വായിക്കുന്ന ഭാഗം പല തര്ജമകളില് വായിക്കുക
(b) സാഹിത്യ ശൈലികളെ, വ്യാകരണ രീതികളെ ശ്രദ്ധിക്കുക:
   (i). ആവര്ത്തിച്ചു വരുന്ന ഉപ വാക്യങ്ങള്
   (ii). ആവര്ത്തിച്ചു വരുന്ന വ്യാകരണ രീതികള്
   (iii). വ്യത്യാസമായ ആശയങ്ങള്
(c) താഴെ ഉള്ളതുപോലെ പട്ടികയിലാക്കുക
   (i). കുറികൊള്ളേണ്ട പദങ്ങള്
   (ii). പരിചയമില്ലാത്ത പദങ്ങള്
   (iii). പ്രധാന വ്യാകരണ രീതികള്
   (iv). കട്ടിയായ വാക്കുകള്, ഉപ വാക്യങ്ങള്, വാക്യങ്ങള്
(d) പൊരുത്തമായ ഒത്തു വാക്യ ഭാഗങ്ങള് ഉണ്ടോ എന്നു നോക്കുക
   (i). ഇപ്പോള് പഠിക്കുന്ന വിഷയത്തെ സ്പഷ്ടമായി കാണിക്കുന്ന ഭാഗം ഏതാന്നെന്നു നോക്കുക
      (a) "ക്രമാനുഗതമായ ദൈവശാസ്ത്രം" സംബന്ധിച്ച പുസ്തകങ്ങള്
      (b) ഒത്തുനോക്കുന്ന ബൈബിളുകള്
      (c) ഒത്തുവാക്യ അകരാദികള്
   (ii). നിങ്ങള് പഠിക്കുന്ന ഭാഗത്തില് തന്നെ സാധ്യമെങ്കില് വിഷയത്തിനോട് വിരോധാഭാസരൂപത്തിലുള്ളവ കുറിക്കുക; പല സഭാവിഭാഗങ്ങളുടെ പരസ്പരവിരുദ്ധമായ ആശയങ്ങള്ക്കും കാരണം Proof-texting ആണ്, അതോടുകൂടെ വേദത്തോടുള്ള പിരിമുറുക്കമാണ്. ബൈബിള് മുഴുവനും ദൈവശ്വസനീയമാണ്, അതുകൊണ്ട് വ്യാഖ്യാനത്തെ പരിശോധിച്ച് വേദത്തിനൊത്തവണ്ണം സമനിലയുള്ളതായി ഉറപ്പുവരുത്തിയാല് ബൈബിളിന്റെ പൂര്ണ്ണമായ സന്ദേശം നേടാന് കഴിയും.
   (iii). ഒരേ ഗ്രന്ഥക്കാരന് എഴുതിയ അതേ പുസ്തകത്തില് ഇണയായ വേദഭാഗങ്ങളും, ഒരേ ശൈലികളും കണ്ടുപിടിക്കുക. വേദപുസ്തകത്തെ നന്നായ് വ്യാഖ്യാനിക്കുന്നതു വേദപുസ്തകം തന്നെ, കാരണം പരിശുദ്ധാത്മാവാണ് അതിന്റെ ഗ്രന്ഥകര്ത്താവ്.
(e) പഠന സഹായ ഉപകരണങ്ങളെ ഉപയോഗിച്ച് ഒരു പുസ്തകം എഴുതപ്പെട്ടതിന്റെ സന്ദര്ഭം, ചരിത്ര പശ്ചാതലം എന്നിവയെ പരിശോധിക്കുക.
   (i). പഠന വേദപുസ്തകങ്ങള്
   (ii). ബൈബിള് എന്സൈക്ലോപീഡിയാക്കള്, സംഗ്രഹ ഗ്രന്ഥങ്ങള്, നിഘണ്ടുകള്
   (iii). ബൈബിള് അവതാരികകള്
   (iv). ബൈബിള് കമെന്ററീസ് (ഇവിടെ, നിങ്ങളുടെ വ്യക്തിപരമായ പഠനത്തില് നിങ്ങളുടെ തെറ്റുകളെ തിരുത്തി നിങ്ങളെ സഹായിക്കാന്വേണ്ടി പഴയതു, പുതിയതുമായ വിശ്വാസികള് സമൂഹത്തെ അനുവധിക്കുക.)

ഇനി പഠനത്തെ പ്രായോഗികമാക്കുന്നതിനെ കുറിച്ചു ചിന്തിക്കാം. വേദ പുസ്തക ഭാഗങ്ങള് എഴുതപ്പെട്ട പശ്ചാത്തലത്തെ അറിവാന് നിങ്ങള് വില കൊടുത്തിട്ടുണ്ട്. ഇപ്പോള് അതിനെ നിങ്ങളുടെ ജീവിതത്തിലും സാംസ്ക്കാരത്തിലും പ്രയോജനപ്പെടുത്താന് ശ്രമിക്കുക. ബൈബിളിന്റെ അധികാരത്തെ ഞാന് ഇങ്ങനെ വിവരിക്കുന്നു "അന്നു ഗ്രന്ഥക്കാരന് ഉദ്ദേശിച്ചത് മനസ്സിലാക്കി, ഇന്നു ആ സത്യത്തെ നമ്മുടെ നാളുകളില് നടപ്പാക്കുക".

എഴുതിയ കാലം, പശ്ചാത്തലം ഇവയുടെ അടിസ്ഥാനത്തില് ഗ്രന്ഥക്കാരന്റെ ഉദ്ദേശത്തെ ഉള്കൊണ്ടു വ്യാഖ്യാനിച്ചശേഷം അതിനെ ജീവിതത്തില് പ്രായോഗികമാക്കണം. എഴതപ്പെട്ട കാലഘട്ടത്തില് ഒരു വേദഭാഗം എന്തു അര്ഥം കൊടുത്തു എന്നതു മനസ്സിലാക്കാത്തതുവരെ, തന്റെ നാളുകളില് അതിനെ കൈക്കൊള്ളുവാന് സാധിക്കില്ല! എഴുതപ്പെട്ട കാലത്തില് തരാത്ത ഒരു അര്ഥത്തെ, ഒരു കാലഘട്ടത്തിലും കൊടുക്കില്ല!

(മൂന്നാം വട്ടം വായന) നിങ്ങള് വിവരിച്ചു ഖണ്ഡികകളായ് എഴുതിയ രേഖാരൂപമാണ് നിങ്ങളുടെ വഴികാട്ടി. ഒരോ വാക്കിനല്ല, പാരാഗ്രഫുകള് കൊടുക്കുന്ന അര്ത്ഥത്തെ കൈകൊള്ക. പശ്ചാതലത്തിന്റെ അടിസ്ഥാനത്തിലാണ്

വാക്കുകള് അര്ഥമുള്ളവ ആകുന്നത്; പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിലാണ് ഉപവാക്യങ്ങള് അര്ഥമുള്ളവ ആകുന്നത്; പശ്ചാതലത്തിന്റെ അടിസ്ഥാനത്തിലാണ് വാക്യങ്ങകള് അര്ഥമുള്ളവ ആകുന്നത്. വ്യാഖ്യാനിക്കുന്നതില് ഏര്പ്പെടുന്ന ഏക വ്യക്തി മൂല ഗ്രന്ഥകര്ത്താവാണ്. പരിശുദ്ധാത്മാവിന്റെ ഒരു വെളിച്ചത്തില് മാത്രമേ നമ്മള് അവന്റെ വഴികാട്ടലിനെ അനുഗമിക്കുന്നത്. പക്ഷേ, വെളിച്ചം ദൈവശാസീയമല്ല. അതായത്, “കര്ത്താവ് ഇങ്ങനെ അരുളിച്ചെയ്യുന്നു” എന്നു പറഞ്ഞാല്, നമ്മള് ഗ്രന്ഥക്കാരന്റെ അതെ ആശയത്തില് ഉറച്ചുനില്ക്കണം. മുഴുവന് പുസ്തകത്തിന്റെ സാരമായ അര്ഥത്തെ ഉള്കൊണ്ട്, പിന്നെ ഒരു ഭാഗം അല്ലെങ്കില് ഒരു പാരാഗ്രഫിന്റെ അര്ത്ഥം മനസ്സിലാക്കണം.

നമ്മുടെ കാലഘട്ടത്തിന്റെ പ്രശ്നങ്ങള് വേദപുസ്തകത്തെ വ്യാഖ്യാനിക്കാന് അനുവദിക്കരുത്, വേദപുസ്തകം സംസാരിക്കട്ടെ! ഇങ്ങനെ ചെയ്യണമെങ്കില് നമുക്കു വേദ ഭാഗങ്ങകള്ക്ക് പ്രാധാന്യം കൊടുപ്പാന് കഴിയണം. ഒരു ഉപദേശത്തെ വേദഭാഗം അംഗീകരിച്ചാല് മാത്രമേ അത് വിലയുള്ളതാവു. നിര്ഭാഗ്യവശാല്, പലപ്പോഴും നമ്മുടെ ആശയങ്ങള് നമ്മുടെതായി മാത്രം നില്ക്കുന്നു, വേദപുസ്തകത്തിന്റെ ആശയമായിട്ടല്ല.

ബൈബിള് പറയുന്നതിനെ പ്രായോഗികമാക്കുമ്പോള്, പ്രധാനമായി നമ്മള് ഒര്ക്കണ്ടത് (പ്രവചന ഭാഗം ഒഴികെ) ഒരു വേദഭാഗത്തിന് അംഗീകരിക്കപ്പെട്ട ഒരു ഒറ്റ ആശയമേ ഉള്ളു എന്നതാണ്. അന്ന് ഗ്രന്ഥക്കരന് ഒരു പ്രശ്നത്തിനോ ആവശ്യത്തിനോ വേണ്ടി പറഞ്ഞ ഉദ്ദേശത്തോട് ഈ ആശയത്തിന്നു പൊരുത്തമുണ്ട്. ഈ ആശയത്തെ കൈകൊള്ളുവാന് പല വഴികളിലും സാധ്യമാകുന്നു. കേള്വിക്കാരുടെ ആവശ്യമനുസരിച്ചു പ്രയോജനപ്പെടാം എന്നുവരികിലും, മൂല ഗ്രന്ഥകര്ത്തവിന്റെ ഉദ്ദേശത്തോടു പൊരുത്തമായിരിക്കണം.

ഇതുവരെ ഞാന് ബുദ്ധിപരമായും യുക്തിപരമായും എങ്ങനെ വ്യാഖ്യാനിക്കാന് കഴുയും എന്നും എങ്ങനെ അതിനെ പ്രായോഗികമാക്കാം എന്നും പറഞ്ഞു. ഇനി വ്യാഖ്യാനം ചെയ്യുന്നതില് ഉള്പ്പെട്ടിട്ടുള്ള ആത്മീയ വശങ്ങളെ ചുരുക്കിപറയട്ടെ. താഴെ കാണുന്ന പരിശോധനാ പട്ടിക എനിക്കു വളരെ പ്രയോജനപ്പെട്ടു:

(1). പരിശുദ്ധാത്മാവിന്റെ സഹായത്തിനായി പ്രാര്ത്ഥിക്കുക (നോക്കുക. 1 കൊരി. 1:26-2:16)
(2). ബോധ്യപ്പെട്ട പാപത്തിനെ ഏറ്റുപറഞ്ഞ് പാപമോചനത്തിനായ് പ്രാര്ത്ഥിക്കുക (cf. 1 യോഹ. 1:9).
(3). ദൈവത്തെ കൂടുതലായിട്ട് അറിയാനുള്ള വാഞ്ചക്കായി പ്രാര്ത്ഥിക്കുക (cf. സങ്കീ. 19:7-14, 42:1ff, 119:1ff).
(4). ഏതെങ്കിലും പുതിയ ഉള്കാഴ്ച കിട്ടിയാല് ഉടനെ ജീവിതത്തില് പ്രായോഗമാക്കുക.
(5). താഴ്മയോടിരിക്കുക, പഠിക്കുന്ന മനോഭാവത്തോടിരിക്കുക.

ബുദ്ധിപൂര്വ്വം ചിന്തിക്കുന്നതിനെയും പരിശുദ്ധാത്മാവിന്റെ നേതൃത്വത്തെയും സമനിലയില് കൊണ്ടുപോകുന്നതു വളരെ ബുദ്ധിമുട്ടായ കാര്യമാണ്. ഈ രണ്ടിനെയും സമനിലയില് കൊണ്ടുപോകുന്നതില് എനിക്കു സഹായിച്ച വാചകങ്ങളെ ഞാന് താഴെ എഴുതുകയാണ്:

(1). James W. Sir എഴുതിയ Scripture Twisting എന്ന പുസ്തകത്തില് IVP, **p.** 17-18ല് ഉള്ളത്:
“ഉന്നത ആത്മീയ നിലവാരം പുലര്ത്തുന്നവര്ക്ക് മാത്രമല്ല, എല്ലാ ദൈവ മക്കളുടെ ബുദ്ധിയിലും പ്രകാശനം ലഭിക്കും. ഗുരുകുല പരിശിലനം എന്ന ഒന്നു ക്രൈസ്ഥവ മണ്ഡലത്തിലില്ല, പ്രകാശിപ്പിക്കുന്നവരും ഇല്ല, എല്ലാം ശരിയായി വ്യാഖ്യാനിക്കുന്നവര് എന്നു പറയത്തക്ക വ്യക്തികള് ആരും തന്നെ ഇല്ല. അതുകൊണ്ടു, പരിശുദ്ധാത്മാവ് വിശേഷ വരങ്ങളെയും, ജ്ഞാനത്തെയും, അറിവിനെയും വിവേകത്തേയും ഒരു വ്യക്തിക്കു തരുമ്പോള്, ആ വരം ലഭിച്ച വ്യക്തി മാത്രം അധികൃതമായ വ്യാഖ്യാനി എന്നു നിമയമിക്കില്ല. ദൈവ മക്കള് ഒരോരുത്തരും, കൂടാതെ ദൈവം വിശേഷ കഴിവുകള് നല്കിട്ടുള്ളവര്പോലും, വേദ പുസ്തകത്തെ പഠിക്കാനും, തീരുമാനിക്കാനും, വിവേചിച്ചറിയാനും കടപ്പെട്ടവരാണ്. ചുരുക്കത്തില് പറഞ്ഞാല്, ബൈബിള് മുഴു മനുഷ്യ വര്ഗ്ഗത്തിനുംവേണ്ടി ദൈവം വെളിപ്പെടുത്തിട്ടുള്ള സത്യമാണ്, ബൈബിള് പറയുന്ന എല്ല വിഷയങ്ങളുടെയും അടിസ്ഥാനത്തില് മാത്രമേ നാം ഏതു കാര്യത്തെയും തീര്മാനിക്കാവു, ബൈബിള് ഒരു മര്മമോ ഗൂഢാര്ത്ഥമോ ഉള്ള പുസ്തകമല്ല, ബൈബിളിനെ ഏതു സാംസ്ക്കാരിക ജനങ്ങളും തൃപ്തികരമായി മനസ്സിലാക്കാന് കഴിയും എന്നു ഞാന് ഈ പുസ്തകത്തില് ഉടനീളം പറഞ്ഞിട്ടുണ്ട്.”

(2). Protestant Biblical Interpretation, (Grand Rapids, Mich.: Baker Book House, 1970), **p.** 75ല് Bernard Ramn എഴുതിയ Kierke-gaard കുറിച്ച്:
“ബൈബിളിനെ വ്യാകരണപരമായും, വാക്കുകളുടെ മൂല അര്ത്ഥത്തെയും, ചരിത്ര പശ്ചാതലത്തെയും അടിസ്ഥാനമാക്കിയ പഠനമാണ് Kierkegaard. ഇത് യഥാര്ത്ഥ ബൈബിള് വായനക്കു മുമ്പു ചെയ്യേണ്ട ആവശ്യമായ കാര്യമാണ്. ബൈബിളിനെ ദൈവ വചനമായി കരുതി വായിക്കുന്നവര് - വാകൊണ്ടു മാത്രമല്ല, ഹൃദയംകൊണ്ട് വായിക്കണം, ദൈവത്തോട് സംസാരിച്ചുംകൊണ്ടു പ്രതീക്ഷയോടെ വായിക്കണം. വിചാരമില്ലാതെ, ശ്രദ്ധയില്ലാതെ, പഠിത്തമായിട്ടോ അല്ലെങ്കില് ഒരു തൊഴില്രീതിയിലോ വായിച്ചാല്, അതിന്റെ അര്ത്ഥം അവര് ഇതിനെ ദൈവ വചനമായി കരുതി വായിച്ചിട്ടില്ല. ബൈബിളിനെ ഒരു പ്രേമ ലേഖനംപോലെ വായിക്കുമ്പോഴാണ് അതിനെ ദൈവ വചനമായിട്ടു വായിച്ചതായി അര്ത്ഥമാക്കുന്നതു.”

(3). H.H. Rowley തന്റെ The Relevance of the Bible, എന്ന പുസ്തകത്തില് **p.**19ല് പറയുന്നു:
“കേവലം ബുദ്ധിശക്തികൊണ്ടു മാത്രം ബൈബിളിനെ എത്ര മനസ്സിലാക്കിയാലും, അതിന്റെ എല്ലാ ഗുപ്തധനത്തെയും സ്വന്തമാക്കുവാന് കഴികയില്ല. അങ്ങനെ മനസ്സിലാക്കുന്നതു നല്ലതാണ്, അതിനെ വേണ്ടെന്നു പറയുന്നില്ല, അതു അത്യന്താപേക്ഷിതമാണ്. പക്ഷേ, പൂര്ണ്ണ അറിവ് എന്നു പറയുന്നതെന്തെന്നാല്, ആ അറിവ് ബൈബിളിലുള്ള ആത്മീയ നിക്ഷേപങ്ങളെ ആത്മീയ നിലയില് മനസ്സിലാക്കുവാന് നയിക്കുന്നതായ് ഇരിക്കണം

എന്നുള്ളതാണ്. ഇങ്ങനെ ആത്മീയമായി മനസ്സിലാക്കണമെങ്കില്, ബുദ്ധിശക്തിയെക്കാളും ഏതോ ഒരു കാര്യം ആവശ്യമാണ്. ആത്മീയ കാര്യങ്ങള് ആത്മീയ രീതിയില് വിവേചിച്ചു അറിയപ്പെടുന്നു. ആകയാല്, ഒരു ബൈബിള് വിദ്യാര്ത്ഥി ആത്മീയ മനോഭാവത്തോടെ സത്യങ്ങളെ സ്വീകരിച്ച്, ദൈവത്തെ അന്വേഷിക്കാന് ശുഷ്കാന്തി കാണിച്ച് തന്നെതന്നെ ദൈവത്തിന് സമര്പ്പിക്കണം. അപ്പോള് മാത്രം വിജ്ഞാന അറിവിനെ കടന്ന്, എല്ലാ പുസ്തകത്തെക്കാലും ഉന്നതമായ ബൈബിളിന്റെ വിലയേറിയ നിക്ഷേപത്തെ സ്വന്തമാക്കാന് കഴിയും."

ശരിയായി വ്യാഖ്യനം ചെയ്യുന്നതില് The Study Guide Commentary താഴെ പറയുന്ന വഴികളില് നിങ്ങളെ സഹായിക്കും:

1. ഒരോ പുസ്തകത്തെ കുറിച്ചും ചുരുക്കമായി അവതരിപ്പിക്കുന്നു. മൂന്നു വട്ടം വായിച്ച ശേഷം (#3) നിങ്ങള്ക്കു കിട്ടിയ അറിവിനെ പരിശോധിക്കുക.
2. ഒരോ അധ്യായത്തിന്റെ തുടക്കത്തില് തന്നെ അതിന്റെ പശ്ചാതലത്തില് നിന്നുകൊണ്ടു അതില് ലഭിക്കുന്ന ഉള്കാഴ്ച്ചകള് കൊടുത്തിട്ടുണ്ട്. ഇതു ആ പുസ്തകത്തെ നന്നായി മനസ്സിലാക്കുവാന് സഹായിക്കും.
3. പല നവീന തര്ജ്ജമകളില്നിന്നും എടുത്ത തലക്കെട്ടുകളും പാരാഗ്രാഫുകളും വിഭാഗിച്ചു കാണിച്ചിട്ടുണ്ട്:
    a. The United Bible Society Greek Text, fourth edition revised (UBS)
    b. The New American Standard Bible, 1995 update (NASB )
    c. The New King James Version (NKJV)
    d. The New Revised Starndard Version (NRSV)
    e. Today's English Version (TEV)
    f. The Jerusalem Bible (JV)

    പാരാഗ്രാഫുകള് ദൈവശ്വാസനീയമല്ല. അവ പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തല് ഉണ്ടായവ എന്നറിയുക. പല തര്ജ്ജമ സിദ്ധാന്തങ്ങളുടെ കണ്ണോട്ടത്തില് ഉണ്ടായ വിവിധ ബൈബിള് തര്ജ്ജമകളെ ഒത്തുനോക്കുന്നതിന്റെ ഫലമായി മൂല ഗ്രന്ഥകര്ത്താവിന്റെ ചിന്തകളെ മനസ്സിലാക്കുവാന് കഴിയും.

    ഒരോ പാരാഗ്രാഫിലും ഒരു മുഖ്യമായ സത്യമുണ്ടു. ഇതിനെ "പ്രതിപാദ്യ വാക്യം" അല്ലെങ്കില് "ആശയ കേന്ദ്ര ഭാഗം" എന്നു വിളിക്കുന്നു. ഈ ഏകീകരിച്ച ചിന്തയാണ് ചരിത്ര, വ്യാകരണ വ്യാഖ്യാനത്തിന്റെ താക്കോല്. ഒരു പാരാഗ്രാഫില് കുറഞ്ഞ് ആരും വ്യാഖ്യാനിക്കയോ, പ്രസംഗിക്കയോ ഉപദേശിക്കയോ ചെയ്യരുത്! ഒരോ പാരാഗ്രാഫും അതിനെ ചുറ്റിയുള്ള പാരാഗ്രാഫുകളോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന സത്യത്തെ ഒര്മയില് ഇരുത്തുക. അതുകൊണ്ടാണ്, മുഴുവന് പുസ്തകത്തെയും പാരാഗ്രാഫുകളായി രേഖരൂപമാക്കണം എന്ന വിഷയം വളരെ പ്രധാനമാകുന്നു. ഇതിന്റെ ഫലമായി ദൈവശ്വാസനീയമായ മൂല ഗ്രന്ഥകര്ത്താവിന്റെ ആശയ ഒഴുക്കിനെ ഗ്രഹിക്കുവാന് നമുക്കു സാധിക്കണം.
4. താഴെ കൊടുത്തിട്ടുള്ള കുറിപ്പുകളുടെ സഹായത്താല് ഒരോ വാക്യമായിട്ടു വ്യാഖ്യാനം ചെയ്യാന് സഹായിക്കും. മൂല ഗ്രന്ഥക്കാരന്റെ ചിന്തയെ മനസ്സിലാക്കുവാന് ഇതു നമ്മെ സഹായിക്കും. പല രംഗത്തിലുള്ള വിവിരങ്ങളെ ഈ കുറിപ്പുകള് നല്കുന്നു:
    a. സാഹിത്യ പശ്ചാത്തലം
    b. ചരിത്ര സാംസ്ക്കാരിക അറിവ്
    c. വ്യാകരണ അറിവ്
    d. പദങ്ങളെ കുറിച്ച പഠനം
    e. ഇണയായ, ഒത്ത വേദ ഭാഗങ്ങള്
5. കമ്മെന്ററിയില്, ചില സന്ദര്ഭങ്ങളില് the New American Standard Version നിന്നുള്ള വേദഭാഗങ്ങളോടുകൂടെ വിവിധ നവീന തര്ജ്ജമകളും കൊടുത്തിട്ടുണ്ട്:
    a. The New King James Version (NKJV) "Textus Receptus"ല് നിന്നു കൈയെഴുത്തുപ്രതികളെ ഒത്തുനോക്കുന്നു.
    b. The New Revised Standard Version (NRSV), ഈ തര്ജ്ജമ National Council of the Churches of the Revised Standard Version എന്ന സംഘടനയിന് മൂലം ഒരോ വാക്കിനെയും വ്യാഖ്യാനിക്കുന്നു.
    c. The Today's English Version (TEV) ഈ തര്ജ്ജമ American Bible Societyല് നിന്നുള്ളതാണ്. ഈ തര്ജ്ജമ തുല്യമായി ശക്തിയുള്ളതാണ്.
    d. The Jerusalem Bible (JB) ഈ തര്ജ്ജമ എിൃലിരവ ഇമവേീഹശര ബൈബിളില് നിന്നും ചെയ്ത തുല്യമായി ശക്തുയുള്ളതാണ്.
6. Greek ഭാഷ നന്നായിട്ട് വായിക്കാന് അറിയാത്തവര്, ഇംഗിഷ് തര്ജ്ജമകളെ തുലനംചെയ്തു വായിക്കുന്നത്, പഠിക്കുന്ന വേദഭാഗങ്ങളില് നമുക്കു നേരിടുന്ന പ്രശനങ്ങളെ തിരിച്ചറിയാന് സഹായിക്കും.
    a. കൈയെഴുത്തുപ്രതികളില് കാണുന്ന വ്യത്യാസം
    b. ഒരു വാക്കിനു പകരമായിട്ടുള്ള വാക്കിന്റെ അര്ഥം
    c. വ്യാകരണം സംബന്ധിച്ചുള്ള കഠിനമായ ഭാഗങ്ങള്, രീതികള്
    d. രണ്ട് അര്ത്ഥമുള്ള ഭാഗങ്ങള്

    ഈ പ്രശ്നങ്ങള്ക്ക് ഇംഗിഷ് തര്ജ്ജമകളാല് പരിഹാരം കണ്ടെത്താന് കഴികയില്ല എന്നുവരികിലും, ഈ പ്രശ്നമുള്ള ഭാഗങ്ങളെ ഉന്നംവെച്ച് ആ സ്ഥലങ്ങളില് ആഴമേറിയ അറിവിനെയും ചിന്തകളെയും വിവിധ തര്ജ്ജമകള് നല്കുന്നു എന്ന കാര്യം സത്യമാണ്.
7. ഒരോ അധ്യായത്തിന്റെ ഒടുവിലും യോജിച്ച ചര്ച്ചയ്ക്കുള്ള ചോദ്യങ്ങള് കൊടുത്തിട്ടുണ്ട്. വ്യാഖ്യാനത്തില് പിന്പറ്റേണ്ടതായ അംശങ്ങളെ ലക്ഷയ്മിട്ടാണ് കൊടുത്തിട്ടുള്ളത്.

Study Guide Commentary Volumes now available:

Vol. 0 "You Can Understand the Bible" Seminar
Vol. 1 The First Christian Primer: Matthew
Vol. 2 The Gospel According to Mark: Mark and I and II Peter
Vol. 3A Luke the Historian: The Gospel of Luke (available in 2003)
Vol. 3B Luke the Historian: The Book of Acts (available in 2003)
Vol. 4 The Beloved Disciple's Memoirs and Letters: The Gospel of John, I, II and III John
Vol. 5 The Gospel According to Paul: Romans
Vol. 6 Paul's Letters to a Troubled Church: I and II Corinthians (available in 2002)
Vol. 7 Paul's First Letters: Galatians and I & II Thessalonians
Vol. 8 Paul's Prison Letters: Colossians, Ephesians, Philemon and Philippians
Vol. 9 Paul's Fourth Missionary Journey: I Timothy, Titus, and II Timothy
Vol. 10 The Superiority of the New Covenant: Hebrews
Vol. 11 Jesus' Half-Brothers Speak: James and Jude
Vol. 12 Hope in Hard Times—The Final Curtain: Revelation
Vol. 1A OT How It All Began: Genesis 1-11

# ആരംഭ പ്രഭാഷണം

## I. സാമാന്യമായി ഉപയോഗിക്കുന്ന പദങ്ങളുടെ അര്ഥം

A. ദൈവത്തിന്റെ പേരുകള്
1. El - എല്
2. Elohim - എലോഹിം
3. YHWH - യാഹ്
4. Adon - അദോന്
5. El Shaddai - എല് ഷടായ്

B. വേദ പുസ്തകങ്ങളുടെ പേരുകളും തര്ജ്ജമകളും:
1. Masoretic Text (MT)
2. Septuagint (LXX) എബ്രായ ബൈബിളിന്റെ ഗ്രീക്ക് തര്ജ്ജമ
3. Vulgate (ലത്തീന് ഭാഷയിലുള്ള ബൈബിള്)
4. Midrash
   a. Halakah തോരാ പുസ്തക വിവരണം
   b. Haggada പഴയ നിയമ പുസ്തകത്തിലുള്ള കഥകളും ഉപമകളും
5. Talmud
   a. Mishnah തോരാവിനെ കുറിച്ചുള്ള വാമൊഴി പാരമ്പര്യങ്ങളും, പണ്ടത്തെ പ്രസിദ്ധമായ രബ്ബീമാരുടെ വിവരണവും
   b. Gemara
6. Targums
7. Dead Sea Scro1lls (ചാവ് കടല് തോല്ചുരുളുകള്)

## II. പഴയ നിയമത്തെ എന്തുകൊണ്ടു പഠിക്കണം?

A. യേശുവിനും അപ്പോസ്ഥലന്മാര്ക്കും ഉണ്ടായിരുന്നതു പഴയ നിയമം മാത്രമാണ്. അവര് അതില്നിന്നു അടിക്കടി എടുത്തുപ്പറഞ്ഞിട്ടുണ്ടു.

B. ദൈവം തന്നെ സ്വയം വെളിപ്പെടുത്തിയതും ദൈവശ്വാസനീയമായതുമാണ് പഴയ നിയമം.
1. മത്തായി 5:17ff
2. 2 തിമോത്തി 3:15-17
3. 1 കൊരിന്ത 2:9-13
4. 1 തെസ 2:13
5. 1 പത്രോസ് 1:23-25
6. 2 പത്രോസ് 1:20-21
7. 2 പത്രോസ് 3:15-16

C. ഇതു നമുക്കുവേണ്ടി എഴുതപ്പെട്ടതാണ്.
1. റോമര് 4:23-24, 15:4
2. 1 കൊരി 9:9-10, 10:6,11

D. ക്രൈസ്ത്തവര് ഇതിനെ എങ്ങനെ പ്രതികരിക്കും?
1. പല ചരിത്രപരമായ സമീപനങ്ങള്
2. ഇതിനെ മുഴുവനായിട്ടും അംഗീകരിക്കുക
3. മുഴുവനും അവഗണിക്കുക
4. അതിനെ ബഹുമാനിക്കുക പക്ഷേ ജീവിതത്തില് അതിന്റെ അധികാരത്തെ നിരാകരിക്കുക
5. ഇതു രക്ഷക്കായിട്ടുള്ള വഴിയല്ല
   a. റോമര് 4
   b. അപ്പോസ്ഥല പ്രവര്ത്തി 15, ഗലാത്യര് 3
6. എബ്രായര്
7. ഇതു മനുഷ്യനു ദൈത്തിന്റെ അരുളപ്പാടാണ്. നമ്മുടെ ജീവിതത്തില് ഇതിനൊരു ഉദ്ദേശമുണ്ടു. ഇത് പുതിയനിയമത്തിനു അടിസ്ഥാനമിടുകയാണ് (ഇതില് പറയപ്പെട്ടതു നിറവേറുമെന്ന് വാഗ്ദത്തം ചെയ്യുന്നു).

## III. പഴയ നിയമത്തെ (ബൈബിളിനെ) നമ്മള് എങ്ങനെയാണ് പഠിക്കുന്നത്?

ചില അടിസ്ഥാന വ്യാഖ്യാന തത്ത്വങ്ങള്:

A. സാധാരണ ഭാഷയിലാണ് ബൈബിള് എഴുതിട്ടുള്ളത്:
   1. ദൈവം സത്യത്തെ മറച്ചുവെക്കില്ല.
   2. നമ്മള് മനസ്സിലാക്കുവാന് തക്കവണ്ണം ദൈവം എഴുതിത്തന്നുട്ടുണ്ട്.

B. മൂല ഗ്രന്ഥക്കാരന്റെ ദൈവശ്വസനീയമായ ഉദ്ദേശമാണ് ശരിയായ വ്യാഖ്യാനത്തിന്റെ താക്കോല്. ഗ്രന്ഥക്കാരന് ഉപയോഗിച്ച വാക്കുകളുടെ സ്പഷ്ടമായ അര്ഥം ആദ്യ കേള്വിക്കാര്ക്കു മനസ്സിലായി എന്ന് അറിയാന്പറ്റും. ആകയാല്, ഒരു വേദഭാഗത്തെ ശരിയായി വ്യാഖ്യാനിക്കാന് താഴെ കാണുന്ന വിവരങ്ങളെ ഓര്ത്തിരിക്കണം:
   1. എഴുതിയ സമയത്തുള്ള ചരിത്ര പശ്ചാത്തലം
   2. സാഹിത്യ പശ്ചാത്തലം.
   3. സാഹിത്യ ശൈലി
   4. വ്യാകരണം
   5. അക്കാലത്തില് അതിന്റെ അര്ഥം
   6. വേദഭാഗത്തിന്റെ രൂപരേഖ

C. ബൈബിള് ദൈവശ്വാസീയമാണ് (2 തിമോത്തി 3:16), ആകയാല്, ബൈബിളിനെ ഉത്തമമായി വ്യാഖ്യാനിക്കുന്നതു ബൈബിള് തന്നെ. ഇതിനെ, "the analogy of faith" (വിശ്വസത്തിന്റെ സാദൃശ്യം) അഥവാ parallel passages (ഒത്തിരിക്കുന്ന ഭാഗങ്ങള്) എന്നു വിളിക്കുന്നു:
   1. ഏറ്റവും വ്യക്തമായ വേദഭാഗത്തെ നമ്മള് തേടുന്നു.
   2. ദൈവത്തിന്റെ ഉദ്ദേശത്തെ മുഴുവന് ഉള്ളടക്കിയ ഭാഗങ്ങളെ നമ്മള് അന്വേഷിക്കുന്നു.
   3. പ്രത്യക്ഷത്തില് വിപരീതമായിത്തോന്നുന്ന ഇരട്ട ഭാഗങ്ങളെ നമ്മള് തേടുന്നു.

D. സാംസ്ക്കാരികത്തെയും അനിത്യമായതെയും ഒരു വ്യക്തി എങ്ങനെ സാംസ്ക്കാരികത്തെ കടന്ന, നത്യ സത്യത്തെ വേര്തിരിച്ചറുയും?
   1. പഴയ നിയമ സത്യങ്ങളെ പുതിയ നിയമ ഗ്രന്ഥക്കാരന് സ്ഥിരീകരിക്കുന്നുവോ?
   2. ബൈബിള് സത്യത്തെ ഏകരൂപത്തില് പ്രദര്ശിപ്പികുന്നുണ്ടോ?
   3. വേദ സത്യം സ്പഷ്ടമായി സാംസ്ക്കാരിക പദങ്ങകളില് ഉള്കൊള്ളിച്ചിട്ടുണ്ടോ?

## III. പഴയ നിയമ കാലഘട്ടത്തെ സംബന്ധിച്ച പണ്ടത്തെ Near East ഭൂപടം

A. തടാകങ്ങള് (പടിഞ്ഞാറ് തൊട്ട് കിഴക്കോട്ട്)
   1. മെടിറെരേനിയന് സമുദ്രം (വന് അല്ലങ്കില് മേല് സമുദ്രം)
   2. നൈല് നദി
   3. ചെങ്കടല്
   4. ഗല്ഫ് ഓഫ് അകാബാ
   5. ഈജിപ്തിയന് നദി (അല്ങ്കില് ഓട)
   6. ഉപ്പ് കടല് (ചാവ് കടല്)
   7. യോര്ദ്ദാന് നദി
   8. യാബോക്ക് നദി
   9. അര്ന്നോന് നദി
   10. ഗലീല കടല് (ഗന്നോസരെത്ത് തടാകം)
   11. യൂപ്രഠിസ് നദി
   12. ടൈഗ്രിസ് നദി
   13. പേര്ഷ്യന് ഗല്ഫ് (കീഴ്കടല്)

B. പഴയ നിയമ കാലത്തിതെ ദൈവ ജനങ്ങളെ ശക്തമായി സ്വാധീനിച്ച ദേശങ്ങള് (പടിഞ്ഞാറ് നിന്ന് കിഴക്ക് വരെ)

   1. റോം
   2. ഗ്രീസ്
   3. ക്രേത്താ
   4. സൈപ്രസ്
   5. ഈജിപ്ത്
   6. ഫെലിസ്ത്യാ
   7. യൂദാ
   8. യിസ്രായേല്
   9. ഏദോം
   10. മോവാബ്
   11. അമ്മോന്
   12. ലെബനാന്
   13. സിറിയാ
   14. ആസ്ത്രിയാ
   15. അറബിയാ
   16. അസ്സരിയാ
   17. ബാബിലോന്
   18. പെര്സ്സിയാ
   19. മീദിയാ
   20. ഏലാം

C. പ്രധാന ദേശങ്ങളുടെ തലസ്ഥാനങ്ങള് (രണ്ടാം പരീക്ഷ)
   1. മെംഫിസ് (ഈജിപ്ത്)
   2. യെരുശലേം
   3. ശമര്യ (യിസ്രായേല്)
   4. തീര് (ഫൊനീഷ്യ)
   5. ദമസ്ക്കൊസ് (സിരിസോ)
   6. നിനെവേ (അസ്സരിയാ)
   7. ബാബിലോന്
   8. ഗൂസാ(പെര്സിയ)

D. മുഖ്യമായ മറ്റ് നഗരങ്ങള് (മൂന്നാം പരീക്ഷ)

1. ഊര്
2. ഹാരാന്
3. മെഹിദ്ദോ
4. ശെഖേം
5. യെരീഹോ
6. ബേത്ത്ലഹെം
7. ഹെബ്രോന്
8. ബേര്ശേബാ
9. അവരിസ്/സോന്/താനിസ്
10. തീബെസ്

E. മലകള് (മൂന്നാം പരീക്ഷ)

1. അരരാത്ത്
2. ഹെര്മ്മോന്
3. താബോര്
4. ഏബാല് അല്ലെങ്കില് ഗെരിസീം (ശെഖേം)
5. കര്മ്മേല്
6. നെബോ/ പിസ്ഗ
7. സീയോന്/മോരിയോ (യെരുസേലം)
8. സീനായ്/ഹോരേബ്

## IV. പഴയ നിയമ കാലത്തിന്റെ അടിസ്ഥാന കാലക്രമം

A. കാലം നിശ്ചയിക്കാന് കഴിയാത്ത സംഭവങ്ങള് (.ഉല്പത്തി 1-11)

1. സൃഷ്ടി
2. മനുഷ്യന്റെ വീഴ്ച്ച
3. ജലപ്രളയം
4. ബാബേല് ഗോപുരം

B. പത്തു കാലഘട്ടങ്ങളും ചരിത്ര സംഭവങ്ങളും
1. പൂര്വ പിതാക്കന്മാരുടെ കാലഘട്ടം (ഉല്പത്തി)
2. പുറപ്പാട് (പുറപ്പാട്)
3. രാജ്യം കീഴടക്കിയ കാലം (യോശുവ)
4. ഏകീകരിക്കപ്പെട്ട രാജ്യം (ശൗല്, ദാവീദ്, ശലോമോന്)
5. വിഭജിക്കപ്പെട്ട രാജ്യം (രെഹബെയാം, യൊരോബെയാം)
6. ശമര്യയുടെ വീഴ്ച്ച (യിസ്രായേല്)
7. യെരുശലേമിന്റെ വീഴ്ച്ച (യൂദാ)
8. സൈരസ്സിന്റെ തീരുമാനം (പെര്സ്യാ)
9. രണ്ടാമത്തെ ദേവാലയം
10. പഴയനിയമത്തിന്റെ അവസാനം (മലാഖി)

C. ദൈവജനങ്ങളുടെ പ്രധാന ശത്രുക്കള്


1. ഈജിപ്പ്ത്ത്
2. കനാന്
3. ഫെലിസ്ത്യ
4. സിറിയാ
5. അസിറിയാ
6. ബാബിലോന്
7. പേര്ഷ്യാ
8. ഗ്രീസ്സ്
9. റോം


D. രാജാക്കന്മാരുടെ കാലഘട്ടങ്ങള്
1. ഏകീകരിക്കപ്പെട്ട രാജ്യം
   a. ശൗല്
   b. ദാവീദ്
   c. ശലോമോന്
2. യിസ്രായേല്
   a. യൊരോബെയാം ക
   b. ആഹാബ്
   c. യൊരോബെയാം കക
   d. ഹോശയാ
3. യൂദാ
   a. രെഹബെയാം
   b. ഉസ്സീയാവ്
   c. ഹിസ്ക്കിയാവ്
   d. മനശ്ശെ
   e. യോശിയാവ്
   f. യെഹോവാഹാസ്(മൂന്നു മാസം)

g. യെഹോയാക്കീം
h. യെഹോയാഖീന്(മൂന്നു മാസം)
i. സിദെക്കിയാവ്
j. ഗെദല്യ(പെര്സ്യന് ഗവര്ണര്)


4. പേര്ഷ്യ
   a. സൈരസ്സ് II (550-530 B.C.)
   b. കാംബിസസ്സ് (530-522 B.C.)
   c. ദാരീയാശ്ശ് I (522-486 B.C.)
   d. സെര്സെക്സ് I (486-465 B.C.)
   e. അര്ത്തശെര്സെഷ്ടാവ് I (465-424 B.C.)


5. 1 രാജാക്കന്മാര് 2 രാജാക്കന്മാര് പുസ്തകങ്ങളുടെ ഒടുവില് കൊടുത്തിട്ടുള്ള യൂദാ യിസ്രായേല് രാജാക്കന്മാരുടെ പേര് പട്ടികകളും കൂടാതെ അസിറിസ, ബാബിലോന് പേര്ഷ്യ, ഗ്രീസ് എന്നി രാജാക്കന്മാരുടെ പട്ടികയും നോക്കുക.


ഈജിപ്ത്
കനാൻ
ഫിലിസ്ത്യ
സിറിയാ
അസീറിയ
ബാബിലോൻ പേർസ്യാ
ടിഗ്ലാത്ത് പൈൽസർ III (A)
ഷൽമനേസർ V (A)
സർഗോൺ II (A)
സൻഹേരീബ് (A)
എസർഹദ്ദൻ (A)
അശൂർബാനിപ്പാൽ (A)
നബോണിഡസ്
നെബൂഖദ്നേസർ (B)
നബോപൊലസർ (B)
ബേൽശസ്സർ (B)
സൈറസ് (P)
കാംബെസ് II (P)
ദാർയ്യാവേശ് I (P)
ശഷ്ഠാവ് I - അഹശ്വേരോശ് (P)
അർത്ഥഹ്ശഷ്ഠാവ് I (P)
യോനാ
ആമോസ്
ഹോശേയ
ഏലിയാവ്
എലീശാ
യിരെമ്യാവ്
യെഹെസ്കേൽ
ദാനിയേൽ
ഓബദ്യാവ്
യോവേൽ
നഹൂം
ഹബക്കൂക്
സെഫന്യാവ്
യെശയ്യാവ്
മീഖാവ്
ഹഗ്ഗായി
സെഖര്യാവ്
എസ്രാ 1-6
എസ്രാ 7-10
നെഹെ.
എസ്ഥേർ
മലാഖി
ഇയ്യോബ്
യിസ്രായേൽ
യഹൂദാ
പ്രവാസം
ഉൽപത്തി 1-11
ഉൽപ. 12-50
ലേവി. പുറ.
ആവ. സംഖ്യ.
യോശു.
R. JD.
S (SDS)
1
2
3
4
5
6
7
8
9
10
I & II ശമൂവേൽ
I & II രാജാക്കന്മാർ
I ദിനവൃത്താന്തം
II ദിനവൃത്താന്തം
സൃഷ്ടി (1)
മനുഷ്യനുടെ വീഴ്ച്ച (2)
നോഹയുടെ പെരുവെള്ളം (3)
ബാബേൽ ഗോപുരം (4)
a - ശൗൽ (UM)
b - ദാവീദ് (UM)
c - ശലോമോൻ (UM)
d - രെഹബെയാം (J)
e - യെരോബെയാം I (I)
f - ആഹാബ് (I)
g - യൊരോബെയാം II (I)
h - ഉസ്സീയാവ് (J)
i - ഹിസ്ക്കീയാവ് (J)
j - മനശ്ശെ (J)
k - യോശീയാവ് (P)
l - യെഹോവാഹാസ് (J)
m - യെഹോയാക്കീം (J)
n - യെഹോയാക്കീൻ (J)
o - സിദെക്കീയാവ് (J)
p - ഗെദല്യാവ് (P)
ആദ്യ മടങ്ങിവരവ്–ശേശ്ബസ്സർ
രണ്ടാം മടങ്ങിവരവ് – സെരുബ്ബാബേൽ
മൂന്നാമത്തെ മടങ്ങിവരവ് – എസ്രാ
യെരൂശലേമിന്റെ മതിലുകൾ – നെഹെമ്യാവ്
DR. BOB UTLEY
BIBLE LESSONS IN'L '96


ജലപാതകൾ
1
2
3
4
5
6
7
8
9
10
11
12
13
N
W
E
S
പണ്ടത്തെ
നിയർ ഈസ്റ്റ്


രാഷ്ട്രങ്ങൾ
ഹിത്യർ
കിത്തീം
അസ്സൂറിയ
മേദ്യ-
പേർസ്യ
സിറിയ
ഫോനീസിയ
യിസ്രായേൽ
ഫിലിസ്ത്യ
അമ്മോൻ
മോവാബ്
യഹൂദ
ഏലാം
ബാബിലോൻ
ഏദോം
ഈജിപ്ത്
മിദ്യാൻ
അറേബിയ
N
W
E
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പർവ്വതങ്ങൾ
തലസ്ഥാനങ്ങൾ
N
W
E
S
പണ്ടത്തെ
നിയർ ഈസ്റ്റ്



മറ്റ് നഗരങ്ങൾ
1.
2.
3.
4.
5.
6.
7.
8.
9.
10.
N
W
E
S
പണ്ടത്തെ
നിയർ ഈസ്റ്റ്

# ഉല്പത്തി പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. Bereshith എന്ന പദം കൊണ്ടാണ് ഉല്പത്തി പുസ്തകം ആരംഭിക്കുന്നത്. "ആദിയില്" അഥവാ "പ്രാരംഭമായിട്ട" എന്നാണ് അതിന്റെ അര്ഥം.

B. സെപ്ജുവന്ത് തര്ജ്ജമയില് "ഉല്പത്തി", അതായത് "ആരംഭം", "ഉല്ഭവം" എന്നാണ് അര്ത്ഥം. ഉല്പത്തി 2:4ന്റെ അടിസ്ഥാനത്തിലാണ് ഇതിന്റെ അര്ത്ഥം എടുത്തിട്ടുള്ളത്. ബാബിലോന് ദേശത്തു ക്യാനിഫോം എഴുത്തുക്കാര് എഴുതിയ അതേ രീതിയില് തന്നെ. വിവിധ ദൈവശാസ്ത്ര ചരിത്ര സംഭവങ്ങളെ ഉള്കൊള്ളിച്ച് ഇവിടെ ഗ്രന്ഥക്കാരന് ഇതിന്റെ താക്കോല് വാക്യമായിട്ട് കാണുന്നു. ഈ താക്കോല് വാക്യം മുന്നോട്ട് കാണുന്നതിനേക്കളും പുറകോട്ടാണ് കൂടുതല് കാണുന്നത്.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ വിശുദ്ധ ഗ്രന്ഥത്തില് - അതായത് "the Torah" അഥവാ "ഉപദേശങ്ങള്" അഥവാ "ചട്ടം" എന്ന് വിളിക്കപ്പെടുന്ന ആദ്യ ഭാഗമാണ് ഉല്പത്തി പുസ്തകം.

B. Pentateuch പഞ്ചഗ്രന്ഥം (5 പുസ്തകങ്ങള്) എന്ന പദത്തിലാണ് ഈ ഭാഗം അറിയപ്പെടുന്നത്.

C. ഇംഗ്ലീഷില് ഇതിനെ ചിലപോള് "മോശയുടെ അഞ്ച് പുസ്തകങ്ങള്" എന്നാണ് വിളിക്കുന്നത്.

D. മോശയുടെ ജീവിതത്തിലൂടെ വെളിപ്പെടുന്ന സൃഷ്ടിയെ സംബദ്ധിച്ചുള്ള തുടര്ച്ചയായ സംഭവങ്ങളാണ് ഉല്പത്തി മുതല് ആവര്ത്തന പുസ്തകം വരെ കാണുന്നത്.

## III. **സാഹിത്യ ശൈലി** - ഉല്പത്തി പുസ്തകം തികച്ചും ദൈവശാസ്ത്രപരമായിട്ടും, ചരിത്രപരമായിട്ടും വിവരിച്ചിട്ടുള്ള ഒന്നാണ്. പക്ഷേ, ഇതില് പല തരത്തിലുള്ള സാഹിത്യ ശൈലികള് ഉള്കൊള്ളിച്ചിട്ടുണ്ട്.

A. കവിത. ഉദാഹരണം 2:23, 4:23 (1 - 2 അദ്ധ്യായങ്ങള്)

B. പ്രവചനം. ഉദാഹരണം 3:15. 49:1 (കവിതയും കൂടെ)

## IV. എഴുത്തുകാരന്

A. എസ്രാ, നെഹമ്യാവ് പുസ്തകങ്ങളില് "ഞാന്" എന്ന ഭാഗങ്ങള് വരുന്നുണ്ട്. അപോസ്തോല പ്രവൃത്തിയില് "ഞങ്ങള്" എന്ന ഭാഗം വരുന്നുണ്ട്. ഈ വാക്കുകള് ഗ്രന്ഥകര്ത്താവ് ആരെന്ന് കാണിക്കുന്നു. പക്ഷേ ഉല്പത്തി പുസ്തകത്തില് "ഞാന്" "ഞങ്ങള്" എന്ന പദങ്ങള് വരുന്നില്ല.

B. യെഹൂദ പാരമ്പര്യം
   1. മോശയാണ് ഉല്പത്തി പുസ്തകം എഴുതിയതെന്ന് പൂര്വീക യെഹൂദ എഴുത്തുക്കാര് പറയുന്നു.
      a. Ben Sirah "സഭാപ്രസംഗി" 24:23 B.C. 185ല് എഴുതി.
      b. Talmudലിലുള്ള ഒരു ഭാഗമാണ് ബാബാ ബദ്ര 14b.
      c. യേശുക്രസ്തു ശുശ്രൂഷ തുടങ്ങുന്നുതിന് തൊട്ടു മുമ്പ് Philo of Alexandria എന്ന ഈജിപ്ത്ത് ദേശത്ത് യൂദ തത്വജ്ഞാനി എഴുതിട്ടുണ്ട്.
      d. യൂദ ചരിത്രക്കാരനായ Flavius Josephus യേശുക്രസ്തുവിന്റെ ശുശ്രൂഷ കഴിഞ്ഞശേഷം എഴുതിട്ടുണ്ട്.
   2. Torah ചരിത്രസംഭവങ്ങളെ യോജിപ്പിച്ച് പറയുന്നു. ഉല്പത്തി കഴിഞ്ഞിട്ടുള്ള ഓരോ പുസ്തകങ്ങളും "അനന്തരം" എന്ന വാക്ക് കൊണ്ടാണ് തുടങ്ങുന്നത്.
   3. മോശയ്ക്ക് ഇതൊരു വെളിപ്പാടായിരുന്നു.
      a. മോശ ഇത് എഴുതിയതായിട്ട് പറയപ്പെടുന്നു.
         (1). പറപ്പാട് 17:14
         (2). പറപ്പാട് 24:4,7
         (3). പറപ്പാട് 34:27,28
         (4). സംഖ്യ 33:2
         (5). ആവര്ത്തനം 31:9,22,24-26
      b. മോശയിലൂടെ ദൈവം സംസാരിച്ചതായിട്ട് പറയപ്പെടുന്നു.

(1). ആവര്ത്തനം 5:4-5,22
(2). ആവര്ത്തനം 6:1
(3). ആവര്ത്തനം 10:1

c. ജനങ്ങളോട് Torah വിന്റെ വചനങ്ങളെ മോശ സംസാരിച്ചതായി പറയപ്പെടുന്നു.
(1). ആവര്ത്തനം 1:3,3
(2). ആവര്ത്തനം 5:1
(3). ആവര്ത്തനം 27:1
(4). ആവര്ത്തനം 29:2
(5). ആവര്ത്തനം 31:1,30
(6). ആവര്ത്തനം 32:44
(7). ആവര്ത്തനം 33:1

4. ഉല്പത്തി പുസ്തകത്തെ മോശ എഴുതിയതായിട്ട് പഴയനിയമ ഗ്രന്ഥകര്ത്താക്കള് സാക്ഷയ്പ്പെടുത്തുന്നു.
a. യോശുവ 8:31
b. II രാജാക്കന്മാര് 14:6
c. എസ്രാ 6:18
d. നെഹമ്യാവ് 8:1, 13:1-2
e. II ദിനവൃത്താന്തം 25:4. 34:12. 35:12
f. ദാനീയേല് 9:11
g. മലാഖി 4:4

C. ക്രൈസ്തവ പാരമ്പര്യം
1. Torah മോശ എഴുതിയതായിട്ട് യേശുക്രിസ്തു എടുത്തുപറയുന്നു.
a. മത്തായി 8:4, 19:8
b. മര്ക്കൊസ് 1:44. 7:10, 10:5, 12:26
c. ലൂക്കോസ് 5:14, 16:31, 20:37, 24:27,44
d. യോഹന്നാന് 5:46-47, 7:19,23

2. പുതിയനിയമ ഗ്രന്ഥകര്ത്താക്കള് Torah യെ മോശ എഴുതിയതായിട്ട് ഉദ്ധരിക്കുന്നു.
a. ലൂകോസ് 2:22
b. അപോസ്തലപ്രവൃത്തി 3:22. 13:29. 15:1, 15-21, 26:22, 28:23.
c. റോമര് 10:5,19
d. 1 കൊരിന്ത്യര് 9:9
e. 2 കൊരിന്ത്യര് 3:15
f. എബ്രായര് 10:28
g. വെളിപ്പാട് 15:3

3. ഉല്പത്തി പുസ്തകത്തിന്റെ ഗ്രന്ഥകര്ത്താവ് മോശയെന്നു സഭയുടെ പൂര്വ പിതാക്കന്മാര് സാക്ഷയ്പെടുത്തുന്നു.

D. ഇക്കാലത്തെ പണ്ഡിതന്മാര്
1. Torah വിനോട് ചിലത് അനുബന്ധമായി കൂട്ടിചേര്ത്തിട്ടുണ്ട് എന്ന് വ്യക്തമാണ്. അതായത് പണ്ടത്തെ ഗ്രന്ഥത്തെ ഇക്കാലത്തില് വായിക്കുന്നവര് കൂടുതല് മനസ്സിലാക്കാന് വേണ്ടി ഇങ്ങനെ ചെയ്തിരിക്കുന്നു.
a. ഉല്പത്തി 12:6. 13:7. 14:14. 21:34, 32:32. 36:32, 47:11
b. പുറപ്പാട് 11:3, 16:31
c. സംഖ്യ 12:3, 13:22. 15:22-23, 21:14, 32:33
d. ആവര്ത്തനം 3:14, 34:6
e. പണ്ട് വേദപുസ്തകത്തെ പകര്ത്തി എഴുതിയവര് മികച്ച പരിശീലകരും വിദ്യാഭ്യാസ സമ്പന്നരുമായിരുന്നു. അവരുടെ യുക്തികള് ഓരോ രാജ്യത്തിലും വ്യത്യസ്തമായിരുന്നു.
(1). മെസപൊത്തോമ്യയില് പകര്ത്തി എഴുതിയവര് ഒന്നിലും മാറ്റം വരുത്താതെ വളരെ സൂക്ഷമതയോടും കൃത്യമായിട്ടും എഴുതി. ഉദാഹരണത്തിന് - B.C. 1400ല് Sumerian പകര്ത്തെഴുത്തുക്കാര് എഴുതിയ ഒരു അടിക്കുറിപ്പ് ഇങ്ങനെയാനണ്: “ഈ പ്രവൃത്തി ആദിമുതല് അവസാനം വരെ സമ്പൂര്ണ്ണമാണ്. ഇത് പകര്ത്തെഴുതിയതും, പരിഷ്കരിച്ചതും, താരതമ്യം ചെയ്തതും, പരിശോധിച്ച് ഉറപ്പ് വരുത്തിയതുമാണ്” എന്ന് എഴുതി കൈയ്യൊപ്പും ഇട്ടിരിക്കുന്നു.
(2). ഇക്കാലത്തെ വായനക്കരെ സഹായിക്കുന്ന വിധത്തില് ഈജിപ്ത്ത് പണ്ടത്തെ ഗ്രന്ഥങ്ങളെ തന്ത്ര്യത്തോടെപരിഷ്കരിച്ച് നവീകരിച്ചിക്കുന്നു. Qumran പകര്പ്പെഴുത്തുക്കാര് ഇങ്ങനെയുള്ള സമീപന ത്തോടെ എഴുതിയിരിക്കുന്നു.

2. ദീര്ഘ കാലം ശ്രമിച്ച് പല ഉറവിടങ്ങളില്നിന്നും കിട്ടിയ ഗ്രന്ഥങ്ങളെ സംഗ്രഹിച്ചതാണു Torah എന്ന് 19-ാം നൂറ്റാണ്ടിലെ പണ്ഡിതന്മാര് അഭിപ്രായപ്പെടുന്നു (Graft-Wellhausen). താഴെ പറയുന്ന അടിസ്ഥാനത്തിലാന് ഇങ്ങനെ അഭിപ്രായപ്പെടുന്നത്.
   a. ദൈവത്തിന്റെ വ്യത്യസ്ത പേരുകള്.
   b. വാക്യത്തില് ഇണയായ പേരുകള് സ്പഷ്ടമായി ഉണ്ട്.
   c. വിവരിച്ചിട്ടുള്ള രീതി.
   d. വാക്യത്തില് കാണുന്ന ദൈവശാസ്ത്രം
3. സങ്കല്പ്പിതമായ ഉറവിടങ്ങളും കാലങ്ങളും
   a. J ന്റെ ഉറവിടം (YHWH എന്ന പദ പ്രയോകം) B.C. 950
   b. E ന്റെ ഉറവിടം (ELOHIM എന്ന പദ പ്രയോകം) B.C. 850
   c. JE ചേര്ന്നു വരുന്ന ഉറവിടം B.C. 750
   d. D ന്റെ ഉറവിടം ("ന്യായപ്രമാണ പുസ്തകം" II രാജാ.22:8 യോശിയ രാജാവ് ആലയത്തെ വീണ്ടും പുതുക്കിപ്പണിതപ്പോള് കിട്ടിയ പുസ്തകമാണ് ആവര്ത്തനപുസ്തകം എന്ന് കണക്കാക്കുന്നു. പുതുക്കത്തെ ആദരിച്ച പേര് അറിയപ്പെടാത്ത ഒരു പുരോഹിതനാല് യോശിയ രാജാവിന്റെ കാലത്തില് ഈ പുസ്തകം എഴുതപ്പെട്ടതായി വിശ്വസിക്കുന്നു). B.C. 621.
   e. P ന്റെ ഉറവിടം ( പുരോഹിതന്മാരുടെ ആചാരപരമായ നടപടികളെ കുറിച്ച വാക്യങ്ങള്) - B.C. 400
   f. Torah തെറ്റ് തിരുത്തി അനുബന്ധമായി കൂട്ടിച്ചേര്ത്തു എഴുതീട്ട് വ്യക്തമായി കാണുന്നുണ്ട്. താഴെ കുറിപ്പില് കാണുന്നവരാണ് ഇതിനെ എഴുതിയതു എന്ന് യഹൂദന്മാര് അഭിപ്രായപ്പെടുന്നു:
      (1). അക്കാലത്തെ മഹാ പുരോഹിതന്
      (2). യിരമ്യാ പ്രവാചകന്
      (3). ന്യായപ്രമാണ ശാസ്ത്രിയായിരുന്ന എസ്രാ - B.C. 586ല് യെരുശലേം നശിപ്പിക്കപെട്ടപ്പോള് മൂല ഗ്രന്ഥം നശിപ്പിച്ചതാല് താന് ഇതിനെ എഴുതിയതായി IV Esdras പറയുന്നു.
   g. എങ്കിലും, ഈ J.E.D.P സിദ്ധാന്തം Torahയില് നിന്നു കിട്ടിയ തെളിവുകളെക്കുറിച്ച് പറയുന്നതെക്കാളും നവീന സാഹിത്യ സിദ്ധാന്തങ്ങളെ കുറിച്ചും അതിന്റെ വിവിധ തരത്തെ കുറിച്ചും അധികം പറയുന്നു (R.K. Harrison, Introduction to the Old Testament, pp. 495-541, Tyndale's Commentary on "Leviticus" pp.15:25).
   h. എബ്രായ സാഹിത്യത്തിന്റെ സവിശേഷതകള്
      (1). എബ്രായ ഭാഷയില് Doublets (ഉദാഹരണം: ചുറുചുറുക്ക്, പടപട എന്നപോലെ ഇണയായി വരുന്ന പദങ്ങള്) ഉല്പത്തി 1-2 അധ്യായങ്ങളില് വരുന്നതുപോലെ സാധാരണമാണ്. പൊതുവില് ഒരു വിവരണം കൊടുത്തു അതിനുശേഷം സംഭവങ്ങളെ വിവരിക്കുന്നതു പതിവാണ്. സത്യങ്ങളെ ഊന്നിപ്പറയാനും ഓര്ക്കുന്നതില് സഹായിക്കാനും വേണ്ടിയുമായിരിക്കും ഇങ്ങനെ ചെയ്യുന്നത്.

      (2). പണ്ടത്തെ റബ്ബിമാര് ദൈവത്തിന്റെ രണ്ടു പേരുകള് ദൈവശാസ്ത്രപരമായി പ്രധാനമായവ എന്നു പറയുന്നു:
         a. YHWH ഇതു യിസ്രായേല് ജനത്തെ സംബന്ധിച്ച് അവരെ വീണ്ടെടുക്കന്നവന്, രക്ഷകന് എന്നുള്ള ദൈവത്തിന്റെ ഉടമ്പടി പേരാണ് (സങ്കീര്ത്തനം 103 കാണുക).
         b. Elohim - അഖിലാണ്ഡത്തിലുള്ള എല്ലാ ജീവ ജന്തുക്കളെയും സൃഷ്ടിച്ചവന്, പരിപാലിക്കുന്നവന്, താങ്ങിനടത്തുന്നവനുമായ ദൈവം (സങ്കീര്ത്തനം 104 കാണുക).
      (3). Near Eastern Literature ലോകപരമായ സാഹിത്യത്തില് ഇത്തരത്തിലുള്ള ശൈലികളും പദപ്രയോഗങ്ങളും സാധാരണമാണ് (Harisson, pp. 522-526).

E. എഴുതപ്പെട്ട cuniform രേഖകളുടെ ശൈലി അല്ലെങ്കില് പറഞ്ഞു കേള്പ്പിക്കുന്ന മെസപ്പോത്തോമ്യ ശൈലി - ഇവയെ അനുഗമിച്ച് ഉല്പത്തി പുസ്തകത്തെ എഴുതിയതായി Ancient Near Eastern Literature നിന്നും തെളിവുകള് ഉണ്ടു. ഇങ്ങനെ പറയുന്നത് ഉല്പത്തി പുസ്തകത്തിന്റെ ദൈവ ശ്വാസനീയത്തിന്റെ മതിപ്പു കുറയ്ക്കുകയില്ല, ഉല്പത്തി പുസ്തകത്തിന്റെ സാഹിത്യ ശൈലിയെ ഒന്നു എടുത്തുപറയുവാന് മാത്രമത്രേ. ഉല്പത്തി 37ല് തുടങ്ങിയുള്ള ഭാഗങ്ങള് ഈജിപ്ത്യന് ശൈലി, വാക്കുകള് പോലെയുള്ളതാല്, ഈജിപ്ത്തില് അന്നു ഉണ്ടായിരുന്ന യിസ്രായേല് ജനങ്ങള് എഴുതിയ സാഹിത്യങ്ങള് അല്ലെങ്കില് അവരുടെ വായിലൂടെ കേട്ടിരുന്ന പാരമ്പര്യങ്ങള് മോശയെ സ്വാധിനിച്ചുണ്ടു എന്ന് സൂചിപ്പിക്കുന്ന്. മോശയുടെ ഔപചാരികമായ വിദ്യാഭ്യാസം ഈജിപ്ത്തിയരുടെതാന്! പഞ്ചഗ്രന്ഥങ്ങളുടെ കൃത്യമായ സാഹിത്യ രൂപം അനിശ്ചിതമാണ്. മോശ പകര്ത്തെഴുത്തുക്കാരെയോ അല്ലെങ്കില് രേഖ/വാമൊഴി പാരമ്പര്യങ്ങളെ ഉപയോഗിച്ചു എന്നിവരികിലും, പഞ്ചഗ്രന്ഥങ്ങളെ മുഴുവനായിട്ട് രചിച്ചത് മോശ എന്നു ഞാന് വിശ്വസിക്കുന്നു. പഴയ നിയമത്തിന്റെ ചില പുസ്തകങ്ങളായ ഇവ ചരിത്രപരമായതും വിശ്വാസനീയമായതുമാണ്.

## V. എഴുതിയ കാലം

A. ലോകത്തിന്റെ ആരംഭം തുടങ്ങി അബ്രഹാമിന്റെ കുടുംബം വരെയുള്ള കാലഘട്ടം ഉല്പത്തിയില് ഉണ്ട്. ആ കാലത്തില് ഉണ്ടായിരുന്ന സാമാന്യ സാഹിത്യത്തെ അനുസരിച്ച് അബ്രഹാമിന്റെ കാലഘട്ടത്തെ ഗണിക്കാന് കഴിയും. ഏകദേശം B.C. 2000. താഴെ പറയുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നു:
   1. കുടുംബത്തില് പിതാവ് പുരോഹിതനായിരുന്നു (ഇയോബിനെപോലെ)
   2. ആട്ടിന്കൂട്ടവും മാട്ടിന്കൂട്ടവും മേയിച്ചുംകൊണ്ടു അവര് ദേശാന്തരഗമനം ചെയ്യുന്നവരായിരുന്നു.
   3. ടലാശശേര ജനങ്ങള് ആ കാലയളവില് കുടിയേറിപാര്ക്കുന്നവരായിരുന്നു.

B. ഉല്പത്തി 1-11 അധ്യായങ്ങളില് ഉള്ള ആരംഭ സംഭവങ്ങള് ചരിത്ര സംഭവങ്ങളാണ്. പക്ഷേ ഇപ്പോഴുള്ള അറിവ് കൊണ്ട് അതിന്റെ കാലത്തെ നിശ്ചയിക്കാന് കഴിയില്ല.

C. ഉല്പത്തി പുസ്തകം വായിക്കുമ്പോള് ഓര്ത്തിരിക്കേണ്ട ഒരു കാര്യം എന്തെന്നാല്, ദൈവമക്കളായ യിസ്രായേല് ജനങ്ങളെ ഈജിപ്ത്തില്നിന്നു മോശ നടത്തിക്കൊണ്ടു വന്നു. ആ സംഭവത്തെ മോശ രേഖപ്പെടുത്തിട്ടുണ്ട്. ആ കാലം 1 രാജാക്കന്മാര് 6:1ന്റെ അടിസ്ഥാനത്തില് B.C. 1445 ആയിരിക്കാം, അല്ലെങ്കില് പുരാവസ്തുശാസ്ത്രം അനിസരിച്ച് B.C. 1290 ആയിരിക്കാം. ആകയാല്, വാമൊഴി പാരമ്പര്യം മൂലമോ, അല്ലങ്കില് അറിയപ്പെടാത / എഴുതപ്പെട്ട രേഖ കൊണ്ടോ അല്ലെങ്കില് നേരെ ദൈവത്തിന്റെ അരുളപ്പാട്കൊണ്ടോ മോശ ലോകം എങ്ങനെ ഉണ്ടായി എന്തുകൊണ്ടു ഉണ്ടായി എന്നു എഴുതി വച്ചിരിക്കുന്നു.

## VI. ചരിത്രപരമായി ഉല്പത്തി പുസ്തകത്തെ സ്ഥിരീകരിക്കുന്ന തെളിവുകള്

A. ബൈബിളിലുള്ള മറ്റു പുസ്തകങ്ങള്
   1. സൃഷ്ടി - സങ്കീര്ത്തനങ്ങള് 8, 19, 50 & 104
   2. അബ്രഹാമിന്റെ കാലം - ഇയോബ്

B. ലോകപരമായ പുരാവസ്ഥുശാസ്ത്ര തെളിവുകള്
   1. അസസമറശമി ഭാഷയില് Ebla cuniform പലകകളില് എഴുതിട്ടുള്ള ഏറ്റവും പഴക്കമുള്ള സാഹിത്യ വിവരങ്ങള് വടക്കന് സിറിയയില് കണ്ടെടുത്തിട്ടുണ്ട്. അവയുടെ സാഹിത്യ ശൈലി ഉല്പത്തി 1-11 ശൈലിയോട് തുല്യമായവയാണ്.
   2. സൃഷ്ടിപ്പ്
      a. മെസപ്പെത്തോമ്യയില് സൃഷ്ടിപ്പിനെ കുറിച്ചുള്ള ഏകദേശ ചരിത്രം Enuma Elish, 1900 - 1700 B.C. കാലഘട്ടത്തില് എഴുതിയത്, നിനവേയിലുള്ള Ashurbanipal ഗ്രന്ഥശാലയിലും മറ്റ പല സ്ഥലത്തും ഉണ്ട്. Akkadian ഭാഷയില് എഴുതിയ cuniform പലകകള് ഏഴില്, സൃഷ്ട്ടിപ്പിനെ കുറിച്ച് Marduk വിവരിക്കുന്നു.
         (1). Apsu (നല്ല വെള്ളത്തിന്റെ ആണ് ദൈവം), Tiamat (ഉപ്പ് വെള്ളത്തിന്റെ പെണ് ദൈവം) ഈ ദൈവങ്ങള്ക്ക് അടങ്ങാത്ത, ഒച്ചയുണ്ടാക്കുന്ന രണ്ടു മക്കളുണ്ടായി. ഈ രണ്ടു ദൈവങ്ങളും കുട്ടി ദൈവങ്ങളെ അമര്ത്താന് ശ്രമിച്ചു.
         (2). ഈ ദൈവങ്ങളുടെ മക്കളില് ഓരാളായ Marduk , മറ്റ Tiamatട്ടെ തോല്പ്പിക്കാന് സഹായിച്ചു. അവന് അവളുടെ ശരീരത്തില്നിന്ന് ഭൂമിയെ ഉണ്ടാക്കി.
         (3). Marduk വേരൊരു ദൈവമായ (Apsu മരിച്ചശേഷം Tiamat തുടെ ജീവിത പങ്കാളിയായിരിന്ന) Kingsu വിനെ തോല്പ്പിച്ച് മനുഷവര്ഗ്ഗത്തെ സൃഷ്ടിച്ചു. Kingsu വിന്റെ രക്തത്തില് നിന്നാന് മനുഷവര്ഗ്ഗം ഉണ്ടായതു.
         (4). ബാബിലോനിയ ദേവഗണത്തിന്റെ തലവനായി Mardukനെ ആക്കിവെച്ചു.
      b. "The Creation seal" (സൃഷ്ടിപ്പിന് മുദ്ര) എന്ന cuniform പലകയില് ഒരു ചിത്രം ഉണ്ടു. അതില് നഗ്നരായ ഒരു ആണും പെണ്ണും ഒരു മരത്തിന്റെ പുറകില് നില്കുന്നതും, ആസ്ത്രിയുടെ തോളില് ഒരു സര്പ്പം മരത്തിന് കൊമ്പില്നിന്നും ചാടി അവളോട് സംസാരിക്കുന്ന ഭാവത്തില് കാണുണ്ടുണ്ട്.
   3. സൃഷ്ടിയും ജലപ്രളയവും - "The Atrahasis Epic" എന്ന ഇതിഹാസത്തില് രേഖപ്പെടുത്തിട്ടുള്ളതു: ചെറിയ ദൈവങ്ങള് അമിതമായി അധ്വാനിക്കേണ്ടിവന്ന കാരണത്തിനാലും, ഈ ചെറിയ ദൈവങ്ങള് ചെയ്യുന്ന പണി ഏറ്റെടുക്കുവാന് വേണ്ടി ഏഴു മനുഷ ദമ്പദികളെ സൃഷ്ടിച്ച കാരണത്തിനാലും ആ ചെറിയ ദൈവങ്ങള് കലഹമുണ്ടാക്കി. അതിനു രണ്ടു മുഖാന്തരങ്ങള് : (1) അമിത ജനസംഖ്യ (2) അമിത ഒച്ച. Enlil ദൈവം ആജ്ഞാപിച്ച ഒരു മഹാമാരിയാലും രണ്ടു ക്ഷാമത്താലും ഒടുവില് ഒരു ജലപ്രളയത്താലും മനുഷരുടെ സംഖ്യ കുറഞ്ഞു. ഈ പ്രധാന സംഭവങ്ങള് എല്ലാം ഉല്പത്തി 1 മുതല് 8 വരെ എഴുതിയുള്ളതുപോലെ തന്നെ വരുന്നുണ്ട്. B.C. 1900 - 1700 കാലയളവില് നിര്മിച്ച

Enuma Elish and the Gilgamesh Epic എന്ന രണ്ടു ഇതിഹാസങ്ങല് എഴുതപ്പെട്ട അതേ കാലയളവില് മേല് പറഞ്ഞ ഇതിഹാസവും എഴുതപ്പെട്ടുണ്ട്.

4. നോഹയുടെ ജലപ്രളയം
   a. Nippur എന്ന സ്ഥലത്തുനിന്നു കിട്ടിയ Sumerian പലക Erudu Genesis എന്നു വിളിക്കപ്പെടുന്നു. ഇതു B.C. 1600ല് എഴുതിയതാണ്. ഇതില് Zivsudra വിനെ കുറിച്ചും വരുവാനുള്ള ജലപ്രളയത്തെ കുറിച്ചും പറയുന്നുണ്ട്.
      (1). Enka എന്ന കടല് ദൈവം വരുവാനുള്ള ജലപ്രളയത്തെ കുറിച്ച് മുന്നറിയിപ്പ് കൊടുത്തു.
      (2). Zivsudra എന്ന രാജാവും പുരോഹിതനുമായവന് ഒരു വലിയ പടകില് രക്ഷപ്പെട്ടു.
      (3). ജലപ്രളയം 7 ദിവസം ഉണ്ടായിരുന്നു.
      (4). Zivsudra ഭൂമിയില് വെള്ളം വറ്റിപ്പോയോ എന്നു അറിയാന്വേണ്ടി പടകിന് കിളിവാതില് തുറന്നു പല പറവകളെ പുറത്തുവിട്ടു.
      (5). പടകില് നിന്നും ഇറങ്ങിയശേഷം ഒരു കാളയെയും ആടിനെയും ബലിയര്പ്പിച്ചു.
   b. ജലപ്രളയത്തെ കുറിച്ചുള്ള നാലു Sumerian കഥകളില് നിന്നും സംക്ഷേപിച്ച ഒരു ബാബിലോനിയ ഇതിഹാസമായ ഏശഹഴമാലവെ B.C. 2500-2400 കാലയളവില് എഴതപ്പെട്ടതാണ്. ഇതു Gilgamesh Epic പിന്നീട് Akkadin ഭാഷയില് എഴുതപ്പെട്ടു. ഇതില് Utnapishtim എന്നയാള് Uruk രാജാവായ Gilgamesh താന് ജലപ്രളയത്തില് നിന്നു രക്ഷിക്കപ്പെട്ട വിധത്തെ കുറിച്ചം തനിക്കു നിത്യ ജീവന് നല്കപ്പെട്ടതിനെ കുറിച്ചും പറയുന്നു.
      (1). Ea എന്ന കടല് ദൈവം വരുവാനുള്ള ജലപ്രളയത്തെ കുറിച്ച് ഡിമ്രേശവെശോ ( Zivsudra വിന്റെ പേരിനെ ബാബിലോനിയ ഭാഷയില് ഇങ്ങനെയാണ് വിളിക്കുന്നത്) മുന്നറിയിച്ചു, കൂടാതെ ഒരു പടകു ഉണ്ടാക്കാനും പറഞ്ഞു.
      (2). Utnapishtim മും അവന്റെ കുടുംബവും പല ഒറ്റമൂലികളെ ശേഖരിച്ചുംകൊണ്ട് പടകില് കേറി ജലപ്രളയത്തില്നിന്നും രക്ഷപ്പെട്ടു.
      (3). ജലപ്രളയം ഏഴു ദിവസം ഉണ്ടായിരുന്നു.
      (4). പെര്ഷ്യയില് വടകിഴക്കിലുള്ള Nisir മലയില് പടക് നിന്നു.
      (5). അവന് ഉണങ്ങിയ നിലം ഉണ്ടോ എന്നറിയാന്വേണ്ടി 3 വ്യത്യസ്തമായ പറവകളെ പുറത്തുവിട്ട്.

5. മെസപ്പൊത്തോമ്യ സാഹിത്യങ്ങള് പണ്ടത്തെ ജലപ്രളയം കുറിച്ച് പല തരത്തില് പറഞ്ഞാലും എല്ലാം ഒരേ ഉറവിടത്തില് നിന്ന് വന്നതാണ്. പേരുകള് പല വിധത്തില് ഇരുന്നാലും കഥാതന്തു ഒന്നേ. ഉദാഹരണത്തിന് - ഒരേ മനുഷ്യ രാജാവിനെ Zivsudra, Atrahasis, Utnapishtim എന്ന പേരുകളില് വിളിക്കുന്നു.

6. ഉല്പത്തി പുസ്തകത്തിലുള്ള ആരംഭകാല ചരിത്ര സംഭവങ്ങള്ക്ക് ഒത്തിരിക്കുന്ന സംഭവങ്ങളെ മനുഷ്യര് ചിതറിപോകുന്നതിനു (ഉല്പത്തി 10-11) മുമ്പുള്ള ദൈവത്തെ കുറിച്ചുള്ള അറിവിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തില് വിവരിക്കാന് കഴിയും. ഈ വാസ്ഥവമായ ചരിത്ര സംഭവങ്ങളുടെ പ്രധാന ഓര്മകള് പല തരത്തില് വിവരിക്കപ്പെട്ടും ജലപ്രളയ സംഭവം ഇതിഹാസ കഥകളില് കലര്ന്നും പല വിധത്തില് ഇന്നു ലോകമെങ്ങും പറയപ്പെടുന്നു. ഇതുപോലെ തന്നെ സൃഷ്ടിയും (ഉല്പത്തി 1-2), മനുഷ്യ പുത്രിമാരോട് ദൂതന്മാര് ചേര്ന്നതുമായ വിഷയത്തിലും പറയപ്പെടുന്നു (ഉല്പത്തി).

7. പൂര്വ പിതാക്കന്മാരുടെ കാലഘട്ടം (മധ്യ വെണ്കല കാലം)
   a. Mari പലകകള് - നിയമപ്രകാരമുള്ള cuniform (അമ്മോന്യ സംസ്കാരം), Akkadian ഭാഷയില് വ്യക്തിപരമായി എഴുതിയ പുസ്തകങ്ങള് - B.C. 1700 മുതല്
   b. Nuzi പലകകള് -B.C. 1500 - 1300 വരെ Akkadian ഭാഷയില് എഴുതപ്പെട്ട ചില കുടുംബങ്ങളുടെ (Horite or Hurrian culture) cuniform ശേഖരണം തെക്കന് കിഴക്ക് നിനവേ നഗരത്തില് ഉണ്ടു. ഇവയില് കുടുംബങ്ങളെ കുറിച്ചും വ്യാപാര വിഷയങ്ങളെ കുറിച്ചും രേഖപ്പെടുത്തിട്ടുണ്ട്. കൂടുതല് ഉദാഹരണങ്ങള്ക്ക്, Walton, pp. 52-58 നോക്കുക.
   c. Alalak പലകകള് - വടക്കന് സിറിയയില് B.C. 2000 കാലയളവില് എഴുതപ്പെട്ട cuniform പുസ്തകങ്ങള് കണ്ടെടുത്തു.
   d. ഉല്പത്തിയില് കാണുന്ന ചില പേരുകള്, Mari പലകകളില് സ്ഥലങ്ങളുടെ പേരായി എഴുതിട്ടുണ്ട്: Serug, Peleg, Terah, Nahor. മറ്റ ബൈബിള് പേരുകളും പൊതുവില് കാണുന്നുണ്ട് : അയ്യമവമാ, കമ്മെമര, ഖമരീയ, ഘമയമി മിറ ഖിലെുവ.

8. R. K Harriso തന്റെ Biblical Criticism എന്ന പുസ്തകത്തില് പേജ് 5ല് ഇപ്രകാരം പറയുന്നു “ ചരിത്ര പുസ്തകങ്ങളെ താരതമ്യംചെയ്ത പഠനം തെളിയിക്കുന്നതെന്തെന്നാല്, ചരിത്രം എഴുതുന്നതില് ഹിത്യ ജനങ്ങളെപോലെ തന്നെ Near Eastern History എഴുതുന്നതില് എബ്രായ ചരിത്ര എഴുത്തുകാരും കൃത്യമായും, വസ്ഥുനിഷ്ഠമായും, ഉത്തരവാദത്തോടും എഴുതുന്നതില് മികച്ചവരായിരുന്നു എന്ന് . “

9. ബൈബിളിന്റെ ചരിത്രസ്വഭാവത്തെ ഉറപ്പുവരുത്തുന്നതില് പുരാവസ്ഥു പഠനം വളരെ പ്രയോജനകരമായിരിക്കുന്നു. എങ്കിലും, ഇവിടെ മുന്സൂചനയായിട്ട് ഒരു വാക്ക് പറയേണ്ട ആവശ്യം ഉണ്ട്. പുരാവസ്ഥു പഠനത്തെ മുഴുവനും വിശ്വാസിക്കാനാവില്ല. കാരണം:
   a) നേരത്തെയുള്ള പുരാവസ്ഥു പഠനങ്ങളില് നിലവാരമില്ലാത്ത യുക്തികളാണ് ഉപയോഗിച്ചത്.

b) വിവിധതരത്തിലുള്ള പരിമിതമായ അപൂര്ണ വ്യാഖ്യാനങ്ങളാണ് കണ്ടുപിടിച്ചിട്ടുള്ളത്.
c) Ancient Near East കുറിച്ച പൊതുവായി സമ്മതിക്കപ്പെട്ട കാലക്രമം ഇല്ല. (എങ്കിലും മരങ്ങളില് ഉള്ള വളയങ്ങളെ പഠിച്ചു, കാലത്തെ ഗണിക്കുന്ന ഒരു രീതി ഇലപ്പോള് വളര്ന്നു വരുന്നു.)

C. ഈജിത്ത് സൃഷ്ടിയെ കുറിച്ച് പറയുന്ന ചരിത്രങ്ങളെ John H. Walton എഴുതിയ Ancient Israelite Literature in Its Cultural Context എന്ന പുസ്തകത്തില് ഉണ്ട് ((പ്രകാശനം: Grand Rapids, MI: Zondervan, 1990, pp. 23-24, 32-34).
1. ഘടനാപരമില്ലാത്ത, കുഴപ്പം നിറഞ്ഞ, പ്രാചീനമായ വെള്ളത്തില് നിന്നാണ് സൃഷ്ടു തുടങ്ങിയതെന്ന് ഈജീപ്തിയന് സാഹിത്യം പറയുന്നു. മലിനമായ വെള്ളത്തില് നിന്നു പരിണാമ വളര്ച്ച പ്രാപിച്ചതാണ് സൃഷ്ടി എന്ന് അതു പറയുന്നു.
2. Ptah പറഞ്ഞ വാക്കിനാലാണ് സൃഷ്ടി ഉണ്ടായതെന്ന് Memphisസ്സില് ലഭിച്ച ഈജിപ്തിയന് സാഹിത്യം പറയുന്നു.

D. പ്രപഞ്ചത്തെ കുറിച്ച് വിവരിക്കുന്ന സുവിശേഷം സ്ഥാപനങ്ങളുടെ വിലാസങ്ങള്:
1. Institute for Creation Research (Young Earth)
P. O. Box 2667
El Cajon, CA 92021-0667
2. Reasons to Believe (Old Earth)
P. O. Box 5978
Pasadena, CA 91117

## VII. സാഹിത്യ ഘടകങ്ങള് (പശ്ചാത്തലം)

A. മോശ പ്രയോഗിച്ച "തലമുറകള് (toledoth)" എന്ന വാക്കിന്റെ അടിസ്ഥാനത്തില് ഒരു രേഖരൂപം:
1. ആകാശം & ഭൂമിയുടെ ഉത്ഭവം 1.12.3
2. മനുഷവര്ഗ്ഗത്തിന്റെ ഉത്ഭവം 2:4 - 4:26
3. ആദാമിന്റെ തലമുറകള് 5:1 - 6:8
4. നോഹയുടെ തലമുറകള് 6:9 - 9:17
5. നോഹയുടെ പുത്രന്മാരുടെ തലമുറകള് 10:1 - 11:9
6. ശേമിന്റെ തലമുറകള് 11:10-26
7. തേരഹിന്റെ (അബ്രഹാം) തലമുറകള് 11:27 - 25:11
8. യിശ്മയേല് തലമുറകള് 25:12 - 18
9. യിസ്ഹാക്കിന്റെ തലമുറകള് 25:19 - 35:29
10. ഏശാവിന്റെ തലമുറകള് 36:1 - 8
11. ഏശാവിന്റെ പുത്രന്മാരുടെ തലമുറകള് 36:9-43
12. യാക്കോബിന്റെ തലമുറകള് 37:1 - 50:26 ( 1-11 വരെ മെസപ്പൊത്തോമ്യ സാഹിത്യ പശ്ചാതലം വരുന്നുണ്ട്, പക്ഷേ 12ല് ഈജിപ്തിന്റെ സാഹിത്യ ചുവയാണ് കാണുന്നത്.)

B. ഉദ്ദേശത്തിന്റെ രേഖാരൂപം:
1. മനുഷനുവേണ്ടി സൃഷ്ടി, മനുഷനെ കുറിച്ച് 1-2
2. മനുഷവര്ഗ്ഗം, സൃഷ്ടിയുടെ വീഴ്ച്ച 3:1 - 11:26
3. എല്ലാ മനുഷര്ക്കും വേണ്ടി ഒരു മനുഷന് (3:15), 12-50
a. അബ്രഹാം (12:1-3), 11:27-23:20
b. യിസ്ഹാക്, 24:1 - 26:35
c. യാക്കോബ്, 27:1 - 36:4
(1). യൂദാ (മശിഹായുടെ വംശപരമ്പര)
(2). യോസേഫ് (ഇരട്ടി അവകാശം)

## VIII. പ്രധാന സത്യങ്ങള്

A. എല്ലാം എങ്ങനെ ഉണ്ടായി?
1. ദൈവത്താല് (1-2). ബഹുദൈവവാദത്തെ അല്ല ഏക ദൈവ വിശ്വാസത്തെയാണ് ബൈബിളില് ഉടനീളം കാണുന്നത്. സൃഷ്ടി "എങ്ങെനെ" ഉണ്ടായി എന്നല്ല, സൃഷ്ടിച്ചതു "ആര്" എന്ന വിഷയത്തെ തന്നെ കേന്ദ്രികരിച്ചു ബൈബിള് സംസാരിക്കുന്നു. ബൈബിള് മുറ്റം അതുല്യമായി ഇരിക്കന്നു.
2. ദൈവത്തിനു കൂട്ടായ്മ ആവശ്യമായിരുന്നു. മനുഷനോട് കൂട്ടായ്മ കാണിക്കാനുള്ള ഒരു അരങ്ങായി മാത്രമേ സൃഷ്ടി വിളങ്ങുന്നു.

3. ഉല്പത്തി 1-3, 12 എന്നീ അധ്യായങ്ങള് കൂടാതെ ബൈബിളിന്റെ മറ്റു ഭാഗങ്ങളെ മനസ്സിലാക്കുവാന് സാധ്യമല്ല.
4. വിശ്വാസത്താല് ദൈവത്തിന്റെ ഹിതം മനസ്സിലാക്കുന്ന മനുഷ്യന് അതിനെ പ്രതികരിക്കണം (ഉല്പത്തി 15:6 & രോമര് 4).

B. എന്തുകൊണ്ടു ഈ ലോകം എറ്റവും ദോഷകരമായും അനീതിയുള്ളതായും ഇരിക്കുന്നു? അത് "വളരെ നന്നായിരുന്നു" (1:31), പക്ഷേ മനുഷ്യന് പാപം ചെയ്തു (3). അതിന്റെ ഭയങ്കരമായ പരിണിതഫലങ്ങളെ സ്പഷ്ടമായി കാണുന്നു:
1. കയീന് ഹാബേലിനെ കൊല്ലുന്നു (4)
2. ലാമേക് പ്രതികാരം വീട്ടുന്നു (4:23)
3. മനുഷ്യരുടെ ദുഷ്ടത (6:5, 11-12, 8:21)
4. നോഹ മദ്യപ്പിക്കുന്നു (9)
5. ബാബേല് ഗോപുരം
6. ഊര് ദേശത്തു ബഹുദൈവ വിശ്വാസം

C. ഇതിനെ ദൈവം എങ്ങനെ പരിഹാരം വരുത്തും?
1. മശിഹാ വരും (3:15)
2. എല്ലവരെയും വിളിക്കാന്വേണ്ടി ദൈവം ഒരുത്തനെ വിളിക്കുന്നു (ഉല്പത്തി 12:1-3, പുറപ്പാട് 19:5-6)
3. വീണുപോയ മനുഷനോടു (ആദാം, ഹവ്വ, കയീന്, നോഹ, അബ്രഹാം, യെഹൂദന്മാരോട്, പുറജാതികളോട്) ദൈവം തന്റെ കരുണ മുഖാന്തരം ഇടപെടുന്നു.
   a. വാഗ്ദാനങ്ങള്
   b. ഉടമ്പടികള് (നിബന്ധനയോടു, നിബന്ധനയില്ലാതെ)
   c. യാഗം
   d. ആരാധന

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
1. "ദൈവം പറഞ്ഞു..." 1.3,6,9,14,20,24 (NASB & NIV)
2. "നമ്മള്..." 1:26, 3:22, 11:7 (NASB & NIV)
3. "നമ്മുടെ സ്വരൂപത്തില്" 1:26,27, 5:13, 9:6 (NASB & NIV)
4. "യഹോവായായ ദൈവം നടക്കുന്ന" 3:8 (NASB & NIV)
5. "പുരാതനകാലത്തെ വീരന്മാര്" 6:4 (NASB & NIV)
6. ഉടമ്പടി 6:18, 9:9-17 (NASB & NIV)
7. "അവന് യഹോവയില് വിശ്വസിച്ചു, അതു അവന് അവന്നു നീതിയായി കണക്കിട്ടു"
8. കൃപ (hesed) 24:12,27, 32:10 (NIV, "കരുണ")
9. വീട്ടു വിഗ്രഹങ്ങള് (teraphim) 31:19,30,34 (NIV, "വീട്ടു ദൈവങ്ങള്")
10. മന്ത്രവാദം 44:5 (NASB & NIV)

B. ചില വ്യക്തികളെ തിരിച്ചറിയാം
1. ശേത്ത് 4:25
2. ഹാനോക്ക് 5:21-24
3. മെഥുശലാഹ് 5:22,25-27
4. ശേമ് 9:18, 10:27-31
5. കനാന് 9:20-27
6. നിമ്രോദ് 10:8-10
7. തേരഹ് 11:24-32
8. ലോത്ത് 11:31
9. അബ്രഹാം 12:18
10. മല്ക്കീസേദെക് 14:18
11. ഹാഗാര് 16:1
12. യിശ്മായേല് 15:15, 25.12-19
13. യിസ്ഹാക്ക് 21:3
14. ലാബാന് 24:29
15. കെതൂറാ 25:1
16. യാക്കോബ് (യിസ്രായേല്) 25:26, 32:28
17. ദീനാ 30:21
18. പോത്തീഫര് 37:36
19. താമാര് 38
20. മനശ്ശെ & എഫ്രയീം 41:51-52

## X. ഭൂപട സ്ഥലങ്ങളുടെ ഇരിപ്പിടം

A. ആദ്യ ഭൂപടം - ഉല്പത്തി 1-11 (സംഖ്യയില്)

1. ഏദേന് തോട്ടം, 2:8
2. ട്രൈഗ്രിസ് നദി 2:14
3. ഫ്രാത്ത് നദി 2:14
4. അരാരാത്ത് പര്വ്വതം, 8:4
5. ശിനാര് 10:10, 11:2
6. ബാബേല് 10:10, 11:9
7. നിനവേ 10:12
8. യെബൂസ് 10:16
9. സോദോം 10:19, 13:10
10. കല്ദേയര് 11:28
11. ഹാരാന്11:31-32

B. രണ്ടാമത്തെ ഭൂപടം 12-50 (സം ഖ്യയില്)

1. ശേഖേം 12:6, 33:18
2. ബേഥേല് 12:8, 13:3, 35:6
3. നെഗവ് 12:9, 13:1
4. യോര്ദ്ദാന് നദി 13:10-11
5. ഹെബ്രോന് 13:18, 23:2
6. ഉപ്പു കടല് 14:3
7. കാദേശ് ബര്നിയ 14:7, 16:14
8. ദമസ്കസ് 14:15
9. സാലേം 14:18
10. ഈജിപ്ത്ത് നദി 15:18
11. ശൂര് 16:7
12. മോവാബ് 19:37
13. ആമോന് 19:38
14. ബേര്ശബ 21:14, 26:33
15. ഫെലിസ്ത്യ പ്രദേശം 21:32
16. പാരാന് 21:21
17. മോറിയ പ്രദേശം 22:2
18. അരാം 24:10
19. ഏനോം 25:30, 36:1,8-9,19
20. യാപോക്ക് നദി 32:22
21. ബെല്ലഹേം 35:19
22. ഗോശേന് ദേശം 45:10, 46:34.


## XI. വിദ്യാര്ഥിക്കുള്ള ചോദ്യങ്ങള്


ഉല്പത്തി 1-11 അധ്യായങ്ങളില് നിന്നു ചോദ്യങ്ങള്

1. ദൈവത്തിന്റെ ഉത്ഭവത്തെകുറിച്ച് ബൈബിള് ചര്ച്ച ചെയ്യുന്നുണ്ടോ?
2. ബൈബിള് ശാസ്ത്രത്തിനു വിരോധമായിട്ടുണ്ടോ?
3. Near Eastern ദേശങ്ങളില് പറയപ്പെടുന്ന സൃഷ്ടിയെ സംബദ്ധിച്ച വിവരങ്ങളോടു ഉല്പത്തി, അധ്യായം 1 എങ്ങനെ പൊരുത്തപ്പെടുന്നു?
4. Fiat എന്ന പദത്തെയും ex nihilo എന്ന പദത്തെയും നിര്വചിക്കുക.
5. എന്തുകൊണ്ടാണ് ഒന്നും രണ്ടും അധ്യായങ്ങളില് ദൈവത്തിന് രണ്ട് വ്യത്യസ്ത പേരുകള് ഉള്ളത്?
6. മനുഷ്യ സൃഷ്ടിയെ കുറിച്ച് രണ്ട് വ്യത്യസ്ത ചരിത്രങ്ങള് ഉണ്ടോ?
7. ദൈവത്തിന്റെ ഛായയില് പുരുഷനേയും സ്ത്രീയേയും സൃഷ്ടിച്ചു എന്നതുകൊണ്ട് അര്ഥമാക്കുന്നത് എന്ത്?
8. ഏക ദൈവത്തിന് എന്തുകൊണ്ടാണ് ബഹുവചനം ഉപയോഗിച്ചിടുള്ളത്?
9. ബൈബിളിലുള്ള മറ്റ അധ്യായങ്ങളെ മനസ്സിലാക്കുവാന് അധ്യായം 3നിനെ വായിക്കണം. എന്തുകൊണ്ട്?
10. സംസാരിക്കുന്ന മൃഗങ്ങള് (3.1) ബൈബിള്, ചരിത്രം എന്ന് തെളിയിക്കുന്നുണ്ടോ?
11. എന്തുകൊണ്ട് 3:15 വചനം വളരെ പ്രധാനം ?
12. എങ്ങനെ 3:16 ആധുനിക ജീവിതത്തില് പ്രായോഗികമാക്കാന് സാധിക്കും?
13. ഏദേന് തോട്ടത്തില് ഇരുന്ന വിശേഷ മരം ഒന്നാണോ രണ്ടാണോ?
14. കയീനില്നിന്നു വന്ന വംശത്തിന്റെ (4:16-24) സാമൂഹിക പുരോഗതിയെ കുറിച്ച് ഒരു പട്ടിക തയ്യാറാക്കുക?
15. ജലപ്രളയത്തിന്റെ പ്രത്യേക ഉദ്ദേശം എന്താണ്?
16. ബാബേല് ഗോപുരം മനുഷ്യര് പണിതതിന്റെ ഉദ്ദേശം എന്ത്?


ഉല്പത്തി പുസ്തകം 12-50 അധ്യായങ്ങളില് നിന്ന് ചോദ്യങ്ങള്


1. അബ്രഹാമിന്റെയും നോഹയുടെയും ഉടമ്പടികള് തമ്മിലുള്ള വ്യത്യാസം എന്താണ്?
2. യെഹൂദല്ലാത്തവരോട് അബ്രഹാമിന്റെ ഉടമ്പടി എങ്ങനെ പൊരുത്തപ്പെടുന്നു?
3. ഉല്പത്തി 12ല് അബ്രഹാമിന്റെ ബലഹീനതയുടെയും വിശ്വാസകുറിപ്പിന്റെയും രണ്ട് അടയാളങ്ങള് എന്തൊക്കെയാണ്?
4. മല്ക്കിസദേക്ക് ആരാണ്? എന്തുകൊണ്ട് അബ്രഹാം അവനു ദശാംശം കൊടുത്തു?
5. എന്തുകൊണ്ട് അധ്യായം 15:12-21 ഭാഗം വളരെ പ്രധാനമുള്ളത്?
6. 18-ാം അധ്യായത്തില് കാണുന്ന 3 പുരുഷന്മാര് ആര്? (എന്തുകൊണ്ട്. എവിടെ?)
7. സാറായെ എന്റെ സഹോദരി എന്ന് അബ്രഹാം എന്തുകൊണ്ട് നുണ പറഞ്ഞു? ആരോട് പറഞ്ഞു?
8. എന്തുകൊണ്ടാണ് റിബേക്കയും യാക്കോബും ചേര്ന്ന് യിസഹാക്കിനെ ചതിച്ചത്?
9. മശിഹായുടെ വംശാവലിയില് റൂബേനേയും, ലേവിയേയും. ശിമയേനെയും പുറത്താക്കി എന്നത് വിവരിക്കുക? (34 & 49)
10. നിങ്ങളുടെ സ്വന്തം വാക്കുകളില് യോസേഫിന്റെ സ്വപ്നത്തെക്കുറിച്ച് വിവരിക്കുക. (37)
11. യോസേഫ് എന്തുകൊണ്ടാണ് സഹോദരന്മാരെ തിരിച്ചറിയാത്ത രീതിയില് അഭിനയിച്ചത്?
12. യോസേഫിന്റെ രണ്ട് മക്കളും യാക്കോബിന്റെ മക്കളോടുകൂടെ തുല്യമായ അവകാശം പ്രാപിച്ചത് എന്തുകൊണ്ട്?


ഉൽപത്തി 1–11
പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
E
S



ഉൽപത്തി 12–50
N
W
E
S
പണ്ടത്തെ
നിയർ ഈസ്റ്റ്


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# പുറപ്പാട് പുസ്തകത്തിന് ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. "വാക്കുകള് ആവിത്" (പേരുകള്) എന്നത് എബ്രായ ഭാഷയില് ഈ പുസ്തകത്തിന്റെ ആദ്യത്തെ വാക്കുകള് ആകുന്നു.

B. പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയില് (LXX) ek 'odos, "എക്ഹൊഡോസ്" എന്ന പദത്തിന്റെ അര്ത്ഥം, "പുറത്തേയ്ക്കുള്ള വഴി" അഥവാ "പുറത്തേയ്ക്കുള്ള മാര്ഗ്ഗം" എന്നാകുന്നു.

C. ജെറോമിന്റെ Latin Vulgate-ല് ഇത് "പുറപ്പാട്" എന്നാകുന്നു.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോനിലെ "തോറ" അഥവാ "ന്യായപ്രമാണം" അഥവാ "ഉപദേശങ്ങള്" എന്നറിയപ്പെടുന്ന ആദ്യത്തെ ഭാഗത്തില് ഉള്പ്പെടുന്ന പുസ്തകമാണിത്.

B. പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയില് ഇതിനെ പഞ്ചഗ്രന്ഥങ്ങള് (പഞ്ച ചുരുളുകള്) എന്നറിയപ്പെടുന്നു.

C. ഇംഗ്ലീഷില് ഇത് ചിലപ്പോള് "മോശെയുടെ പഞ്ചഗ്രന്ഥങ്ങള്" എന്നും വിളിക്കപ്പെടുന്നു.

D. ഉല്പത്തി മുതല് ആവര്ത്തനം വരെയുള്ള പുസ്തകങ്ങളില് സൃഷ്ടിയില് തുടങ്ങി മോശെയുടെ ജീവിതകാലം വരെയുള്ള തുടര്മാനമായ ചരിത്രപരമായ വിവരണം ഇതില് ഉള്പ്പെട്ടിരിക്കുന്നു.

## III. സാഹിത്യ രൂപം - പുറപ്പാട് പുസ്തകത്തില് മൂന്ന് തരത്തിലുള്ള സാഹിത്യരൂപങ്ങള് ഉള്പ്പെട്ടിരിക്കുന്നു.

A. ചരിത്രപരമായ ആഖ്യാനം, പുറ. 1-19, 32-34

B. കാവ്യം, പുറ. 15

C. സമാഗമന കൂടാരത്തിനുള്ള പ്രത്യേക നിര്ദ്ദേശങ്ങളും, പുറ. 25-31, അതിന്റെ നിര്മ്മാണവും 35-40

## IV. എഴുത്തുകാരന്

A. ന്യായപ്രമാണം ഒരു ഏകീകൃതമായ വിവരണമാണ്. പുറപ്പാട് പുസ്തകം ആരംഭിക്കുന്നത് "and" എന്ന വാക്കോടുകൂടിയാണ്. ഉല്പത്തിയിലെ മുഖവുരയില് കൊടുത്തിരിക്കുന്ന ദൈര്ഘ്യമേറിയ വിവരണം നോക്കുക.

B. മോശെ എഴുതിയെന്ന് പ്രസ്താവിക്കുന്ന അനേക വേദഭാഗങ്ങള് ഈ പുസ്തകത്തിലുണ്ട്.

i. 1. 17:14; 2. 24:4,12; 3. 34:27,28

C. യോശുവ 8:31, പുറ. 20:25 ഉദ്ധരിച്ച്, അത് മോശെയ്ക്ക് ചുമത്തി കൊടുക്കുന്നുണ്ട്. യേശുവും പുറ. 20:12,17 ഉദ്ധരിക്കുകയും മോശെയുടെമേല് സ്ഥാപിക്കുകയും ചെയ്യുന്നു, മര്ക്കൊ. 7:10

## V. എഴുതിയ കാലം

A. പുറപ്പാട് എഴുതപ്പെട്ട കാലത്തെക്കുറിച്ച് പൊതുവായി പണ്ഡിതന്മാരുടെ ഇടയില് രണ്ട് അഭിപ്രായങ്ങളുണ്ട്.

1. 1രാജാ. 6:1 പറയുന്നു, "മിസ്രയീം ദേശത്തു നിന്നു പുറപ്പെട്ടതിന്റെ നാന്നൂറ്റിഎണ്പതാം സംവത്സരത്തില്, ശലോമോന് ആലയം പണിവാന് തുടങ്ങി".
   a. 970 B.C.യില് ശലോമോന് ഭരണം ആരംഭിച്ചു. ഖര്ക്കാര് യുദ്ധത്തിന്റെ കാലം (853 B.C.) കണക്കാക്കിയാണ് തീര്ച്ചയായ ഒരു കാലഘട്ടം ഗണിച്ചെടുത്തത്.
   b. ദൈവാലയം പണിതത് അവന്റെ വാഴ്ചയുടെ നാലാം ആണ്ടിലാണ് (965 B.C.). അതിനാല് പുറപ്പാട് സംഭവിക്കുന്നത് ഏകദേശം 1445/6 B.C.യിലാണ്.

2. ഇത് സംഭവിക്കുന്നത് മിസ്രയീമിന്റെ പതിനെട്ടാമത് രാജവംശത്തിന്റെ കാലത്താകുന്നു.
   a. പീഡനകാലത്തെ ഫറവോന് തുറ്റ്മോസ് III ആകുന്നു (1490-1436 B.C.).
   b. പുറപ്പാടിന്റെ ഫറവോന് അമെന്ഹോട്ടേപ് II ആകുന്നു (1436-1407 B.C.).

      (1). അമെന്ഹോട്ടേപ് III (14131377 B.C.) യുടെ വാഴ്ചയുടെ കാലത്ത്, യെരിഹോവും മിസ്രയീമും തമ്മില് യാതൊരു വിധത്തിലുള്ള നയതന്ത്രപരമായ സംഭാഷണങ്ങളും നടന്നിട്ടില്ലെന്ന്, യെരിഹോവില് നിന്ന് ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തില് ചിലര് വിശ്വസിക്കുന്നു.
      (2). അമെന്ഹോട്ടേപ് IIIയുടെ വാഴ്ചയുടെ കാലത്ത്, നയതന്ത്ര ഭാഷണങ്ങള് രേഖപ്പെടുത്തപ്പെട്ടിരുന്ന കല്ലുകളില്നിന്ന്, സ്ഥിര വാസസ്ഥലമില്ലാത്ത കുടിയേറ്റക്കാര് (Habiru) കനാന് ദേശങ്ങളില് പാര്ത്തിരുന്നതായി അമര്ണ രേഖകളില് കാണുന്നു. അതുകൊണ്ട്, പുറപ്പാട് അമെന്ഹോട്ടേപ് II ന്റെ കാലത്ത് നടന്നതായി കണക്കാക്കാം.
      (3). 13-ാം നൂറ്റാണ്ടാണ് പുറപ്പാടിന്റെ കാലഘട്ടമെങ്കില്, ന്യായാധിപന്മാരുടെ കാലഘട്ടം ദൈര്ഘ്യമേറിയതല്ല.
3. ഈ കാലത്തിന്റെ സാദ്ധ്യമായ പ്രശ്നങ്ങള്:
   a. പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയില് (LXX), 480 വര്ഷമല്ല, മറിച്ച് 440 ആകുന്നു രേഖപ്പെടുത്തിയിരിക്കുന്നത്.
   b. 480 എന്ന സംഖ്യ ഒരുപക്ഷെ 12 തലമുറകളെ പ്രതിനിധീകരിച്ച് ഓരോന്നിനും നാല്പത് വര്ഷം വീതം കണക്കാക്കി 480 എന്നതിലേക്ക് എത്തിച്ചേരാന് സാധ്യതയുണ്ട്, അതുകൊണ്ട് ഇത് ആലങ്കാരികമായ സംഖ്യയാണ്.
   c. അഹരോന് മുതല് ശലോമോന് വരെ പുരോഹിതന്മാരുടെ പന്ത്രണ്ട് തലമുറകള് ഉണ്ട് (1ദിന.6), തുടര്ന്ന് ശലോമോന് മുതല് രണ്ടാമത്തെ ദൈവാലയം വരെ പന്ത്രണ്ട്, ജാതികളെ പോലെ, യെഹൂദന്മാരുടെ ഒരു തലമുറ നാല്പത് വര്ഷമായി കണക്കാക്കുന്നു. അതുകൊണ്ട് 480 വര്ഷ കാലഘട്ടം മുന്നോട്ടും, പിന്നോട്ടും ഉണ്ട് (സംഖ്യകളുടെ ആലങ്കാരിക ഉപയോഗം) (cf. Bimson's Redating the Exodus and Conquest).
4. കാലഘട്ടം രേഖപ്പെടുത്തിയിരിക്കുന്ന മറ്റ് മൂന്നു വേദഭാഗങ്ങള് കൂടിയുണ്ട്.
   a. ഉല്പ. 15:13,16 (അപ്പൊ.പ്ര. 7:6), 400 വര്ഷത്തെ അടിമത്വം.
   b. പുറ. 12:40-41 (ഗലാ. 3:17).
      (1). MT മിസ്രയീമില് 430 വര്ഷം പ്രവാസികള്
      (2). LXX - മിസ്രയീമില് 215 വര്ഷം പ്രവാസികള്
   c. ന്യായാ. 11:26 - യിപ്താഹിന്റെ കാലത്തിനും പിടിച്ചടക്കലിന്റെ കാലത്തിനുമിടയിലുള്ള 300 വര്ഷം (1445 എന്ന തീയതിയെ പിന്താങ്ങുന്നു).
   d. പ്രവൃ. 13:19, പുറപ്പാട്, അലഞ്ഞുനടക്കുന്നു, ദേശം കീഴടക്കുന്നു - 450 വര്ഷം.
5. രാജാക്കന്മാരുടെ പുസ്തകത്തില് എഴുത്തുകാരന് പ്രത്യേകമായ ചരിത്രപരമായ സൂചനകള് ഉപയോഗിക്കുന്നു, എന്നാല് സംഖ്യകള് കണക്കാക്കിയില്ല (Edwin Thiele, A Chronology of the Hebrew Kings, pp.83-85).

B. പുരാവസ്തു ശാസ്ത്രത്തില് നിന്ന് ലഭിക്കുന്ന അന്തിമമല്ലാത്ത തെളിവുകള്, 1290 B.C. എന്ന കാലഘട്ടത്തിലേക്കും അഥവാ 19-ാം നൂറ്റാണ്ടിലെ മിസ്രയീം രാജവാഴ്ചയിലേക്കും ചൂണ്ടിക്കാണിക്കുന്നു.
1. ഇതേ കാലഘട്ടത്തില് തന്നെ തന്റെ പിതാവിനെയും ഫറവോനെയും സന്ദര്ശിക്കുവാന് യോസേഫിന് കഴിഞ്ഞു. ആദ്യത്തെ തദ്ദേശിയനായ ഫറവോന് മിസ്രയീമിന്റെ തലസ്ഥാന നഗരം തെബേസില് നിന്ന് നൈല് ഡെല്റ്റയിലേക്ക് മാറ്റുവാന് ആരംഭിച്ചു. അത്, ഹിക്സോസിന്റെ തലസ്ഥാനമായിരുന്ന സേതി I (1309-1290) ആയിരുന്നു, പിന്നീട് അവാരിസ്/സോന്/താനിസ് എന്നിങ്ങനെ വിളിക്കപ്പെട്ടു. അദ്ദേഹമാണ് പീഡനകാലത്തെ ഫറവോന്.
   a. മിസ്രയീമിലെ ഹിക്സോസിന്റെ വാഴ്ചയെക്കുറിച്ചുള്ള രണ്ട് വിവരണങ്ങളുമായി ഇത് യോജിച്ചു പോകുന്നു.
      (1). നാന്നൂറ് വര്ഷങ്ങള്ക്കു മുമ്പ് (1700" B.C., ഹിക്സോസ് മുഖാന്തരം) അവാരിസ് സ്ഥാപിക്കപ്പെട്ടതിനെ ഓര്മ്മപ്പെടുത്തുന്ന ഒരു സ്മാരകഫലകം രാമെസിസ് രണ്ടാമന്റെ കാലഘട്ടത്തില് കണ്ടെടുക്കപ്പെട്ടിരുന്നു.
      (2). ഉല്പ. 15:13 -ലെ പ്രവചനം നാന്നൂറ് വര്ഷത്തെ പീഡനകാലത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.
   b. ഹിക്സോസ് (Hyksos) ഫറവോന്റെ കാലഘട്ടത്തിലാണ് യോസേഫ് അധികാരത്തിലേക്ക് ഉയര്ന്നു വന്നതെന്ന് ഇത് സൂചിപ്പിക്കുന്നു. പുതിയ മിസ്രയീം രാജവാഴ്ചയെക്കുറിച്ച് പുറ. 1:8-ല് പ്രതിപാദിച്ചിരിക്കുന്നു.
2. ഹിക്സോസ് എന്ന മിസ്രയീം വാക്കിന്റെ അര്ത്ഥം, "വിദേശ ദേശങ്ങളുടെ ഭരണാധികാരികള്" എന്നാകുന്നു. പതിനഞ്ചാമത്തെയും പതിനാറാമത്തെയും രാജവംശത്തിന്റെ കാലഘട്ടത്തിനിടയില് (1720-1570 B.C.) മിസ്രയീമിനെ നിയന്ത്രിച്ചുകൊണ്ടിരുന്ന, എബ്രായ, അരാമ്യഭാഷകള് സംസാരിക്കാത്ത വിഭാഗങ്ങളിലെ ഒരു കൂട്ടമായിരുന്നു അവര്. യോസേഫ് അധികാരത്തിലേക്ക് ഉയര്ന്നു വരുന്നതുമായി ബന്ധപ്പെടുത്തുവാന് അവര് ആഗ്രഹിച്ചു. അതിനാല്,

1720 B.C.യില് നിന്ന് നാം പുറ. 12:40-ല് രേഖപ്പെടുത്തിയിരിക്കുന്ന 430 കുറച്ചാല്, നമുക്ക് 1290 B.C. എന്ന കാലഘട്ടം ലഭിക്കുന്നു.

3. സേത്തി ഒന്നാമന്റെ മകനായിരുന്നു രാമെസിസ് രണ്ടാമന് (1290-1224). പുറ. 1:11-ല് എബ്രായ ദാസന്മാര് പണിത സംഭാര നഗരങ്ങളില് ഒന്നിന്റെ പേരായി രാമെസെസ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. കൂടാതെ ഗോശെമിന് അരികെയുള്ള ദേശത്തെ രാമെസെസ് എന്ന് വിളിച്ചിരുന്നു - ഉല്പ. 47:11. 1300-1100 B.C. വരെ അവരിസ്/സോന്/താനിസ് എന്നിവ "രാമെസിസിന്റെ ഭവനം" എന്ന് അറിയപ്പെട്ടിരുന്നു.
4. രാമെസിസ് രണ്ടാമനെപ്പോലെ തന്നെ, തുറ്റ്മോസ മൂന്നാമനും വലിയ നിര്മ്മാതാവായി അറിയപ്പെട്ടിരുന്നു.
5. രാമെസിസ് രണ്ടാമന്, വ്യത്യസ്ത കൊട്ടാരങ്ങളില് പാര്ത്തിരുന്ന 47 പെണ്മക്കള് ഉണ്ടായിരുന്നു.
6. കനാനിലെ വലിയ മതിലുകളുള്ള പട്ടണങ്ങള് (ഹാസോര്, ദെബീര്, ലാഖീശ്) നശിപ്പിക്കപ്പെടുകയും, B.C. 1250-ല് അവ വളരെ വേഗത്തില് തന്നെ പുനഃനിര്മ്മിക്കപ്പെടുകയും ചെയ്തിരുന്നുവെന്ന് പുരാവസ്തുശാസ്ത്രം നമുക്ക് വെളിപ്പെടുത്തി നല്കുന്നു. മറുഭൂമി പ്രവാസ 38 വര്ഷങ്ങളെ കണക്കിലെടുത്താല്, ഇതിനെ കാലയളവ് 1290 B.C. എന്നുവരും.
7. രാമെസെസിന്റെ പിന്ഗാമിയായ മെര്ണെപ്താവിന്റെ (1224-1214 B.C.) കാലത്തുള്ള സ്മാരകഫലത്തില് യിസ്രായേല്യര് കനാന്ദേശത്തിന്റെ തെക്കുഭാഗത്ത് പാര്ത്തിരുന്നതായി തെളിവുകള് പുരാവസ്തുശാസ്ത്രം കണ്ടെത്തിയിട്ടുണ്ട് (cf. The Stele of Merneptah, dated 1220 B.C.).
8. 1300 B.C.യുടെ അവസാന കാലമായപ്പോഴേയ്ക്കും ഏദോമും മോവാബും ശക്തമായ ദേശീയമായ ഏകരൂപത പ്രാപിച്ചു കഴിഞ്ഞിരുന്നു. പതിനഞ്ചാം നൂറ്റാണ്ടുവരെ ഈ രാജ്യങ്ങളൊന്നും സംഘടിപ്പിക്കപ്പെട്ടിരുന്നില്ല (Glueck).
9. എന്നാല് ജോണ് ജെ. ബിംസന് എഴുതി ഷെഫീല്ഡ് സര്വ്വകലാശാല പ്രസിദ്ധീകരിച്ച, Redating the Exodus and Conquest എന്ന പുസ്തകം, മുമ്പുള്ള തീയതിയെ അനുകൂലിക്കുന്ന സകല പുരാവസ്തു ശാസ്ത്ര തെളിവുകള്ക്കെതിരെയും ശക്തമായി വാദിക്കുന്നു.

## VI. പുറപ്പാട് പുസ്തകവുമായി ബന്ധപ്പെട്ട മറ്റ് അനിശ്ചിതത്വങ്ങള്

A. മിസ്രയീമില് നിന്ന് പുറപ്പെട്ട ജനങ്ങളുടെ സംഖ്യയിലുള്ള സംശയം:

1. സംഖ്യ. 1:46; 26:51 പ്രകാരം യുദ്ധത്തിനു പ്രാപ്തിയുള്ള സകല പുരുഷന്മാരുടെയും എണ്ണം ആറുലക്ഷമായിരുന്നു (20-50 വയസ്സുവരെ പ്രായം, പുറ. 38:26). അതുകൊണ്ടു തന്നെ, സ്ത്രീകളും, കുട്ടികളും, പ്രായമായവരെല്ലാം ഉള്പ്പെടെ ഏകദേശം 15 മുതല് 25 ലക്ഷം വരെ ആളുകള്ക്ക് സാദ്ധ്യതയുണ്ട്.
2. എന്നിരുന്നാലും, ആയിരത്തിന് ഉപയോഗിച്ചിരിക്കുന്നു എബ്രായപദമായ എലേഫിന് മറ്റ് അര്ത്ഥങ്ങളുമുണ്ട്:
   a. ഒരു കുടുംബം അഥവാ ഗോത്രം, യോശു. 22:14; ന്യായാ. 6:15; 1ശമു. 23:23; സെഖ. 9:7.
   b. സൈനീക സംഘം, പുറ. 18:21,25; ആവര്. 1:15.
   c. അക്ഷരീകമായ ആയിരം, ഉല്പ. 20:16; പുറ. 32:28
   d. സാദൃശ്യപരമായ ഉപയോഗം, ഉല്പ. 24:60; പുറ. 20:6 (ആവര്. 7:9); 34:7; യിരെ. 32:18.
   e. Ugaritic-ല് നിന്ന് (ഒരേ ഭാഷാവര്ഗ്ഗത്തില്പ്പെട്ട), ഉപയോഗിച്ചിരിക്കുന്ന വാക്കായ അലുഫിന്റെ അര്ത്ഥം, "പ്രഭുക്കന്മാര്" എന്നാകുന്നു (ഉല്പ. 36:15). ഇതിന്റെ അടിസ്ഥാനത്തില് സംഖ്യാ. 1:39 ല് ദാനില് 60 പ്രഭുക്കന്മാരും 2700 പുരുഷന്മാരും ഉണ്ടായിരുന്നുവെന്ന് അര്ത്ഥമാക്കുന്നു. ചില ഗോത്രങ്ങളില് പുരുഷന്മാരുടെ സംഖ്യയ്ക്കൊത്ത് അനേക എണ്ണത്തിലുള്ള പ്രഭുക്കന്മാര് വരുമ്പോഴാണ് പ്രശ്നം ഉടലെടുക്കുന്നത്.
   f. NIV പഠന ബൈബിളില് ഇതിനെ പ്രതിപാദിക്കുന്ന നല്ല വിവരണമുണ്ട്. p. 186.
3. പുരാവസ്തു ശാസ്ത്രം, ആ സമയത്തുള്ള മിസ്രയീമിന്റെയും, അശൂരിന്റെയും സൈന്യത്തിന്റെ എണ്ണം ലക്ഷങ്ങളായി കണക്കാക്കിയിരിക്കുന്നു. യോശുവയിലെ ചില വേദഭാഗങ്ങളില് യിസ്രായേലിന് യുദ്ധസന്നദ്ധരായ ഏകദേശം നാല്പതിനായിരം പേര് ഉണ്ടായിരുന്നുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു (യോശു. 4:13; 7:3; 8:3;11,12).

B. പുറപ്പാടിന്റെ വഴി സംശയത്തിലാകുന്നു

1. (1) മിസ്രയീം നഗരങ്ങള് (2) വെള്ളം (3) എബ്രായ കൂടാര സ്ഥാനങ്ങള് എന്നിവയുടെയെല്ലാം സ്ഥലങ്ങളില് കൃത്യതയില്ല.
2. “ചെങ്കടല്” എന്ന പദത്തിന്റെ അക്ഷരീകമായ പദം യാം സഫ് എന്നാകുന്നു.
   a. അതിന്റെ അര്ത്ഥം, “sea of weeds” or “sea of reeds” എന്നാകുന്നു. ഇത് ഉപ്പുവെള്ളത്തെ കുറിക്കുന്നു. യോന 2:5; 1രാജാ. 9:26, ശുദ്ധവെള്ളം, പുറ. 2:3; യെശ. 19:26. LXX പരിഭാഷയാണ് ചെങ്കടല് എന്ന് ആദ്യം പരിഭാഷപ്പെടുത്തിയത്, അതിനെത്തുടര്ന്ന് വള്ഗേറ്റും, King James Verson ഇപ്രകാരം പരിഭാഷപ്പെടുത്തി.

b. "തെക്കുദേശത്തുള്ള സമുദ്രം" അഥവാ "ഭൂമിയുടെ അറ്റത്തുള്ള സമുദ്രം" എന്നിങ്ങനെ കുറിക്കുന്നു. ഇത് ഒരുപക്ഷെ ആധുനിക ചെങ്കടലിനെയോ, ഇന്ത്യന് സമുദ്രത്തെയോ പേര്ഷ്യന് ഉള്ക്കടലിനെയോ കുറിക്കുന്നു.

c. പഴയനിയമത്തില് അനേക ഉപയോഗങ്ങള് ഉണ്ട് (cf. സംഖ്യ. 33:8,10).

3. മൂന്നു വ്യത്യസ്ത വെള്ളങ്ങള് ഉള്പ്പെടുന്ന മൂന്ന് സാദ്ധ്യതാ വഴികള് ഉണ്ട്.
   a. വടക്കന് യാത്രാമാര്ഗ്ഗം: "ഫെലിസ്ത്യരുടെ വഴി" എന്നറിയപ്പെടുന്ന വാണിജ്യപരമായ വഴി, മെഡിറ്ററേനിയന് സമുദ്രത്തോടു ചേര്ന്ന് പോകുന്നതാണിത്. കനാന്ദേശത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഏറ്റവും എളുപ്പമുള്ള മാര്ഗ്ഗമാണിത്. അവര്ക്ക് ഏറ്റുമുട്ടേണ്ടി വരുമായിരുന്ന വെള്ളത്തിന്റെ കൂട്ടം ഒരുപക്ഷെ ആഴമില്ലാത്ത, വെള്ളം കെട്ടി നില്ക്കുന്ന ചതുപ്പ് നിലമായ പ്രദേശമായ: സിര്ബോണിസ് തടാകം അഥവാ മെന്സാല്ക്ക് തടാകം ആയിരുന്നു. എന്നാല് ഈ സാദ്ധ്യതയെ ഖണ്ഡിക്കുന്ന വേദഭാഗമായ പുറ. 13:17, ഏതൊരു വ്യക്തിയും മുഖവിലയ്ക്കെടുക്കേണ്ടതാകുന്നു. കൂടാതെ ഈ മാര്ഗ്ഗമദ്ധ്യേയുള്ള മിസ്രയീം കോട്ടകള് ഈ സാദ്ധ്യതയ്ക്ക് എതിരായുള്ളതാകുന്നു.
   b. മദ്ധ്യമാര്ഗ്ഗം - ഇതില് മുഖ്യ തടാകങ്ങളായ (1) ബിറ്റര് തടാകം, (2) ബാലാ തടാകം, (3) തിംസ തടാകം എന്നിവ ഉള്പ്പെടുന്നു. ശൂര് മരുഭൂമിയിലൂടെ സഞ്ചാരികള് കൂട്ടമായി പോകുന്ന മാര്ഗ്ഗവും ഇതായിരുന്നിരിക്കാം.
   c. തെക്കന് മാര്ഗ്ഗം - ഇവിടെ, ഇന്നു നാം ചെങ്കടല് എന്നു വിളിക്കുന്ന, ഉപ്പുവെള്ളത്തിന്റെ വലിയൊരു ശേഖരം ഉള്പ്പെടുന്ന പ്രദേശമാകുന്നു. എസ്യോന്-ഗേബെരില് "രാജാക്കന്മാരുടെ വീഥി"യെ ബന്ധിപ്പിക്കുന്ന നിലയില് സഞ്ചാരികള് കൂട്ടമായി പൊയ്ക്കൊണ്ടിരുന്ന ഒരു വഴിയും ഈ പ്രദേശത്ത് നിന്നുണ്ടായിരുന്നു (Trans Jordan road to Damascus).
      (1). ഇതിനെതിരായി നില്ക്കുന്ന പ്രധാന വാദം ഈ വെള്ളത്തിലെ പാഴ്ച്ചെടികളുടെ അസാന്നിദ്ധ്യമാണ്.
      (2). ഇതിലേക്ക് ചൂണ്ടിക്കാണിക്കുന്ന വസ്തുത, 1രാജാ. 9:26 പറയുന്നു, എസ്യോന്-ഗേബേര്, യാംസഫില് ആകുന്നുവെന്ന്. ഇത് അഖാബ ഉള്ക്കടലോ, ചെങ്കടലിന്റെ ഒരു ഭാഗമോ ആകുന്നു (സംഖ്യാ. 21:4; ആവര്. 27; ന്യായാ. 11:16; യിരെ. 49:12).
   d. സംഖ്യാ.33 ഈ പ്രശ്നം വളരെ വ്യക്തമായി സൂചിപ്പിക്കുന്നു. 8-ാം വാക്യത്തില് "അവര് കടലിന്റെ നടുവില് കൂടി കടന്നു", തുടര്ന്ന് പത്താം വാക്യത്തില്, "ചെങ്കടലിനരികെ പാളയമിറങ്ങി" വ്യത്യസ്തമായ വെള്ളത്തിന്റെ ശേഖരം.
   e. ഏതു വെള്ളത്തിലൂടെ അവര് കടന്നുപോയാലും അത് ദൈവത്തിന്റെ അത്ഭുതമായിരുന്നു. മാത്രമല്ല അവരെ പിന്തുടര്ന്ന മിസ്രയീമ്യ പടയാളികളും സൈന്യവും വെള്ളത്തില് മുങ്ങി കടല്ക്കരയില് ചത്തടിഞ്ഞു കിടക്കുന്നതും, മറ്റൊരു അത്ഭുതവിഷയമാണ്, പുറ. 14:30; 15:4-5.
   f. മറ്റ് സാഹിത്യകൃതികളില് നിന്ന് മനസിലാക്കുന്നത് "യോം സഫ്" എന്നത് തെക്കുഭാഗത്തുള്ള ഭൂപടത്തില്ലാത്ത, ഗൂഢമായ വെള്ളത്തിന്റെ ശേഖരമെന്നാകുന്നു. മറ്റ് ഗ്രന്ഥങ്ങളില്, ഇന്ത്യന് സമുദ്രവും അഥവാ ബംഗാള് ഉള്ക്കടലുമാണ് "യോം സഫ്" എന്ന് വിളിക്കപ്പെടുന്നത്.

4. സീനായ് പര്വ്വതത്തിന്റെ സ്ഥാനവും സംശയത്തിലാണ്.
   a. മോശെ ഫറവോനോട് അപേക്ഷിച്ച മൂന്നു ദിവസത്തെ യാത്ര (3:18; 5:3; 8:27), ആലങ്കാരി കമായി സംസാരിക്കാതെ, അക്ഷരീകമായാണ് സംസാരിച്ചതെങ്കില്, അത് പാരമ്പര്യമായ സീനായ് പര്വ്വതപ്രദേശങ്ങളില് എത്തിച്ചേരുന്നതിന് ആവശ്യമായ സമയ ദൈര്ഘ്യമായിരുന്നില്ല. അതുകൊണ്ട്, ചില പണ്ഡിതന്മാര് കണക്കാക്കുന്നത് ആ പര്വ്വതം, കാദേശ്ബര്ന്നയുടെ മരുപ്പച്ചയ്ക്കരികെയുള്ളതായാണ്.
   b. സിന് മരുഭൂമിയ്ക്കരികെയുള്ള "യെബെല് മൂസ"യ്ക്ക് അനുകൂലമായ അനേക കാര്യങ്ങളുണ്ട്.
      (1). പര്വ്വതത്തിന് മുമ്പുള്ള വലിയ നിരപ്പാ പ്രദേശം.
      (2). ആവര്. 1:2 പറയുന്നു, ഹോരേബില് നിന്ന് (സീനായ് പര്വ്വതം), കാദേശ് ബര്ന്നയിലേക്ക് പതിനൊന്ന് ദിവസത്തെ വഴിയുണ്ട്.
      (3). "സീനായി" എന്ന പദം ഒരു എബ്രായ പദമല്ല. ഇത് മരുഭൂമിയിലെ ചെറിയ കുറ്റിക്കാടിനെ കുറിക്കുന്ന സീന് മരുഭൂമിയുമായി ഇത് ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ പര്വ്വതത്തിനുള്ള എബ്രായ മം ഹോരേബ് (മരുഭൂമി) എന്നാകുന്നു.
      (4). എ.ഡി. നാലാം നൂറ്റാണ്ടു മുതല് സീനായ് പര്വ്വതം പരമ്പരാഗതമായ ഒരു പ്രദേശമാണ്. സീനായ് ഉപദ്വീപിന്റെ വലിയ പ്രദേശവും അറേബ്യയും ഉള്പ്പെടുന്ന "മിദ്യാന് പ്രദേശ" ത്തിലാകുന്നു ഇതുള്ളത്.
      (5). പുറപ്പാട് പുസ്തകത്തില് രേഖപ്പെടുത്തിയിരിക്കുന്ന ചില പട്ടണങ്ങളുടെ (എലീം, ദൊഫ്ക്ക, രെഫീദീം) പ്രദേശങ്ങള് സീനായ് ഉപദ്വീപിന്റെ പടിഞ്ഞാറെ വശങ്ങളില് സ്ഥിതിചെയ്യുന്ന സ്ഥലങ്ങളായി പുരാവസ്തു ശാസ്ത്രം കണ്ടെത്തി ഉറപ്പു വരുത്തിയതായി കണക്കാക്കപ്പെടുന്നു.

## VII. ചരിത്രപരമായ പശ്ചാത്തലത്തെ സ്ഥിരീകരിക്കുന്ന ഉറവിടങ്ങള്

A. പുറപ്പാടിനെ പ്രതിപാദിക്കുന്ന എഴുതപ്പെട്ട യാതൊരു തെളിവുകള് പോലും മിസ്രയീമില് ലഭ്യമല്ല. സര്വ്വശക്തനായ ദൈവം മിസ്രയീമ്യ ദൈവങ്ങളെ പൂര്ണ്ണമായി തകര്ത്തതിന്റെ വെളിച്ചത്തില് ഇത് അസാധാരണമായ പ്രവൃത്തിയല്ല.

B. പത്തു കല്പനകള്ക്ക് സമാനമായ നിയമങ്ങളുടെ ചില സാംസ്കാരിക ഉദാഹരണങ്ങള് ഉണ്ട്.
   1. ലിപിത്-ഇഷ്താറിന്റെ നിയമങ്ങള് (Sumerian), ഇസിന്റെ രാജാവില് നിന്ന് (1934-1924 B.C.).
   2. ഇഷ്നുന്നയുടെ നിയമങ്ങള് (പഴയ ബാബിലോണ്) അഷ്നുന്നയുടെ രാജാവായ ദാദുഷയുടെ ഭരണകാലത്ത് നിന്ന്, 1800 B.C. കാലഘട്ടത്തില്.
   3. ഹമ്മുറാബിയുടെ നിയമാവലി (പഴയ ബാബിലോണ്), ബാബിലോണിന്റെ രാജാവായ ഹമ്മുറാബിയില് നിന്ന്, (1728-1686 B.C.).
   4. 1650 B.C. കാലഘട്ടം മുതലുള്ള, ഹിത്യരാജാക്കന്മാരായ മുപ്സിലിസി I അഥവാ ഹാത്തുസിലിസ് I എന്നിവരുടെ നിയമാവലികള്.
   5. മെസപ്പൊത്തോമിയന് നിയമസംഹിതകള് പ്രധാനമായും പൗരനെ സംബന്ധിച്ചുള്ളതാകുമ്പോള്, ബൈബിളിലെ ന്യായപ്രമാണം മതപരവും/ആരാധനാപരവുമാണ്. "cuniform നിയമങ്ങളില് പൗരനെ സംബന്ധിച്ചതും യിസ്രായേല് നിയമങ്ങളില് പ്രധാനവും ആരാധന സംബന്ധമായതുമാകുന്നു. മെസപ്പൊത്തോമ്യയില് നിയമലംഘനം പൊതുവില് സമൂഹവുമായി ബന്ധപ്പെട്ടാണ് വീക്ഷിക്കപ്പെടുന്നത്, എന്നാല് യിസ്രായേലില് സകലവിധ നിയമ ലംഘനങ്ങളും ആത്യന്തികമായി ദൈവത്തിനെതിരായുള്ളതാകുന്നു" Walton, p. 80.
   6. ആല്ബ്രെക്റ്റ് ആള്ട്ട് തന്റെ പുസ്തകമായ, Essays on Old Testament History and Religion, Oxford, 1966, pp. 81-132ലെ രണ്ടുവിധത്തിലുള്ള നിയമങ്ങള് കണ്ടെത്തിയിട്ടുണ്ട്.
      a. Casuistic ഇതില് നിബന്ധനകളോടു കൂടെയുള്ള ഉപവാക്യങ്ങള് ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ സവിശേഷത "if......then" ഘടന ഉപയോഗിക്കുന്ന എന്നാകുന്നു. ഇത് മതപരവു സാമൂഹികവുമായ പെരുമാറ്റത്തിനായി അപേക്ഷിക്കുകയല്ല മറിച്ച് നിരോധനവും അതിന്റെ പരിണിതഫലവുമാണ് പ്രസ്താവിക്കുന്നത്.
      b. apodictic: ഇതില് നിബന്ധനകളോടുകൂടിയ ഉപവാക്യങ്ങള് ഉപയോഗിച്ചിട്ടില്ല.
         (1). പുറ. 21, ആവര് 27:15-26 വേദഭാഗങ്ങള് തൃതീയ പുരുഷനാമം ഉപയോഗിക്കുകയും, പ്രത്യേകമായ വ്യക്തിപരമായ വിഷയങ്ങളുമായി ബന്ധപ്പെടുത്തുന്നു.
         (2). ലേവ്യ. 18:7-17; പുറ. 20; ആവര്. 5 എന്നീ വേദഭാഗങ്ങള് മധ്യമ പുരുഷനാമം ഉപയോഗിക്കുകയും വ്യാപ്തിയില് പൊതുവായ കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.
      c. മെസപ്പൊത്തോമ്യ നിയമാവലി അടിസ്ഥാനപരമായി Casuistic ആകുമ്പോള്, യിസ്രായേലിന്റെ ന്യായപ്രമാണം പ്രാഥമികമായി apodictic ആകുന്നു.

C. എങ്ങനെ എഴുതണമെന്നത് മോശെയ്ക്ക് അറിയുവാന് കഴിയുമായിരുന്നില്ല എന്ന പുരാതന പുരോഗമനവാദ ചിന്താഗതിക്ക് എതിരായി, മോശെയുടെ കാലത്ത് മിസ്രയീമില് ഉപയോഗിച്ചിരുന്ന ആദ്യകാലത്തുള്ള കനാന്യ അക്ഷരമാലയുടെ ആസ്ഥിത്വം പുരാവസ്തു ശാസ്ത്രം സ്ഥിരീകരിച്ചിട്ടുണ്ട്.
   1. സീനായിലെ മിസ്രയീമ്യ ഖനികളിലെ ലൊശശേര അടിമകളെ സംബന്ധിച്ച് 1400 B.C. കാലഘട്ടത്തില് നിന്നുള്ള കത്തിടപാടുകള് കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. (cf. Albright, BASOR, #110 [1948], p 12-13).
   2. ostracon (എഴുതുവാന് ഉപയോഗിച്ചിരുന്ന മണ്പാത്ര കഷണങ്ങള്) Thebes താഴ്വരയില് നിന്ന് കണ്ടെടുക്കപ്പെട്ടിട്ടുണ്ട് , Albright, BASOR, #110 (1948), **p.**12.

## VIII. സാഹിത്യപരമായ ഏകകം (പശ്ചാത്തലം)

A. സംക്ഷിപ്ത രേഖാരൂപം
   1. യിസ്രായേല് മിസ്രയീമില്, 1-11.
   2. യിസ്രായേല് മിസ്രയീമില് നിന്ന് പുറപ്പെടുന്നു, 12-18.
   3. യിസ്രായേല് സീനായ് പര്വ്വതത്തില്, 19-40.
      a. സീനായ് പര്വ്വതത്തിലെ ജീവന്റെ ന്യായപ്രമാണം, 19-24.
      b. സീനായ് പര്വ്വതത്തിലെ ആരാധനയുടെ ന്യായപ്രമാണം, 25-40.
         (1). സമാഗമന കൂടാര രൂപരേഖ, 25-31.
         (2). മത്സരവും ഉടമ്പടി പുതുക്കലും, 32-34.
         (3). സമാഗമന കൂടാര പണി, 35-40.

B. ബാധകള്
   1. മിസ്രയീമിലെ ദേവന്മാരുടെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയെ അവ കാണിക്കുന്നു. 18 മാസ കാലഘട്ടത്തിലായി അവ നടന്നതായി കണക്കാക്കപ്പെടുന്നു. അവയില് പ്രകൃത്യാലുള്ള സംഭവങ്ങളും ഉള്പ്പെടുന്നു. എങ്കിലും അവ:
      a. പ്രകൃത്യാതീതമായ സമയം
      b. പ്രകൃത്യാതീതമായ തീവ്രത
      c. പ്രകൃത്യാതീതമായ സ്ഥലം

2. പത്ത് ബാധകളുടെ സംക്ഷിപ്ത രേഖാരൂപം:
    a. നൈല്നദി രക്തമായി മാറുന്നു, 7:14-25
    b. തവളകള്, 8:1-15
    c. പേന്, 8:16-19
    d. നായീച്ച, 8:20-32
    e. മൃഗങ്ങളിലെ രോഗം, 9:1-7
    f. പരുക്കള്, 9:8-12
    g. കല്മഴ, 9:13-35
    h. വെട്ടുക്കിളി, 10:1-20
    i. കൂരിരുട്ട്, 10:21-29
    j. ആദ്യജാതന്മാരുടെ സംഹാരം, സംഹാരദൂതന്, 11:1-8

C. 23-ാം അദ്ധ്യായത്തിലെ ഉത്സവങ്ങളുടെ പട്ടിക:
1. ആഴ്ചതോറുമുള്ള ശബ്ബത്ത്, 23:3
2. പെസഹ (നിസാന് 14-ാം തീയതി), 23:5; പുറ. 12
3. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാള് (നിസാന് മാസം 15-21 വരെ), 23:6-8; ആവര്. 16:1-8
4. ആദ്യഫല പെരുന്നാള് (നിസാന് മാസം 22-ാം തീയതി) 23:9-14
5. പെന്തക്കോസ്ത് അഥവാ വാരോത്സവം (നിസാന് 21 ന് 50 ദിവസം ശേഷം), 23:15-21; ആവ. 16:9-12
6. കാഹള നാദോത്സവം (തിഷ്റി 1-ാം ദിവസം), 23:23-25
7. പാപപരിഹാര ദിവസം (തിഷ്റി 10-ാം ദിവസം), 23:26-32; സംഖ്യാ. 29:7-11
8. കൂടാരോത്സവം (തിഷ്റി 15-ാം ദിവസം), 23:33-44; സംഖ്യാ. 29:12-40; ആവര്. 16:13-17

D. വിശദമായ രേഖാരൂപം:
1. നോക്കുക R. K. Harrison, Introduction to the OT, p 560-562
2. നോക്കുക E. J. Young, An Introduction to the OT, p 63-72
3. നോക്കുക NIV Study Bible, p 85-87

## IX. മുഖ്യമായ സത്യങ്ങള്:

A. ഉല്പത്തിയില് ആരംഭിച്ച ചരിത്രം ഇതിലും തുടര്ന്നു പോകുന്നു. തിരഞ്ഞെടുക്കപ്പെട്ട കുടുംബത്തില് നിന്ന് തിരഞ്ഞെടുക്കപ്പെട്ട രാഷ്ട്രത്തിലേക്കുള്ള പുരോഗതിയെ ഇത് തെളിയിക്കുന്നു. അവര് മിസ്രയീമില് അടിമകളാണെങ്കില്പോലും, അവര് വാഗ്ദത്ത ദേശം കൈവശമാക്കും (ഉല്പ.12:1-3; 15:16).

B. സീനായ് പര്വ്വതത്തിലെ (ഹോരേബ്) ഉടമ്പടി പ്രമാണങ്ങള് ഇതില് രേഖപ്പെടുത്തിയിരിക്കുന്നു.
1. നാം എങ്ങനെ ജീവിക്കണം! (പത്തു കല്പനകളും അനുബന്ധങ്ങളും).
2. നാം എങ്ങനെ ആരാധിക്കണം! (സമാഗമനകൂടാരം, പുരോഹിതന്മാര്, നടപടിക്രമങ്ങള്, സമയം, അനുഷ്ഠാനങ്ങള്).
3. സമാഗമന കൂടാരത്തിനുള്ള "എങ്ങനെ" എന്നുള്ള ഒരു സഹായ ഗ്രന്ഥം (ലേവ്യ പുസ്തകം).

C. അബ്രാഹാമിന് വാഗ്ദത്തം ചെയ്ത ദൈവത്തിന്റെ, യിസ്രായേലിനോടുള്ള സ്നേഹത്തിന്റെയും കരുണ യുടെയും വലിയ പ്രവൃത്തിയെ ഇത് രേഖപ്പെടുത്തുന്നു.

D. ഫറവോനോടുള്ള ദൈവത്തിന്റെ വ്യവഹാരം ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛാശക്തിയും തമ്മിലുള്ള സമതുലനാവസ്ഥ ചൂണ്ടിക്കാണിക്കുന്നു.
1. ദൈവം ഫറവോന്റെ ഹൃദയത്തെ കഠിനമാക്കുന്നു.
    a. 7:3, 13
    b. 9:12
    c. 10:1, 20, 27
    d. 11:10
    e. 14:4, 8
2. ഫറവോന് സ്വയം തന്റെ ഹൃദയത്തെ കഠിനമാക്കുന്നു.
    a. 8:15, 32
    b. 9:34

## X. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും/ഉപവാക്യങ്ങളും, വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
1. പ്രസവ ശയ്യ, 1:16 (NIV, delivery stool)
2. ചെരുപ്പ് അഴിച്ചുകളക, 3:5 (NASB & NIV)
3. "മൂന്നു ദിവസത്തെ വഴി", 3:18; 5:3; 8:27 (NASB & NIV)
4. "ഞാന് അവന്റെ ഹൃദയം കഠിനമാക്കും", 4:21, 7:3; 7:13; 9:12,35; 10:1,20,27 (NASB & NIV)
5. മന്ത്രവാദികള്, 7:11, 22 (NASB & NIV)
6. ഊനമില്ലാത്തത്, 12:5 (NIV, കളങ്കമില്ലാത്ത)
7. മേഘസ്തംഭം, 13:21-22 (NASB & NIV)
8. പ്രവാചകി, 15:20 (NASB & NIV)
9. അപ്പം (മന്ന), 16:4, 8, 14-15, 31 (NASB & NIV)
10. പുരോഹിത രാജത്വം, 19:4-6 (NASB & NIV)
11. നിര്മ്മൂലമാക്കുക, (വല്യലാ) 22:20 (NIV, നശിപ്പിക്കുക)
12. വിഗ്രഹങ്ങള്, 23:24 (NIV, ദിവ്യമായ കല്ലുകള്)
13. ഏഫോദ്, 25:7 (NASB & NIV)
14. കൃപാസനം, 25:17 (NIV, പാപപരിഹാര ആവരണം)
15. ഉരീം തുമ്മീം, 28:30 (NASB & NIV)
16. പുസ്തകം, 32:32, 33 (NASB & NIV)
17. കാഴ്ചയപ്പം, 35:13 (NASB & NIV)

B. ചുരുക്കമായി രേഖപ്പെടുത്തേണ്ട വ്യക്തികള്:
1. ഹിക്സോസ്, 1:8
2. യഹോവയുടെ ദൂതന്, 3:1,4
3. ഞാന് ആകുന്നവന് (ദൈവം) 3:14; 6:3 NIV (ഞാന് ആകുന്നവന് ഞാനാകുന്നു)
4. റെഗുവേല്, 2:18; യിത്രോ 3:1; 18:11-12
5. ഫീനെഹാസ്, 6:25
6. സംഹാരകന്, 12:23
7. നാദാബും അബീഹൂവും, 24:1
8. അമാലേക്ക്, 17:8-16
9. കെരൂബ്, 25:19

## XI. ഭൂപട സ്ഥലങ്ങള്

1. പീഥോം, 1:11
2. റമെസേസ്, 1:11
3. മിദ്യാന്, 2:15
4. ഹോരേബ് പര്വ്വതം, 3:1
5. ഗോശെന്, 8:22
6. യാം സഫ് 10:19 (ചെങ്കടല്)
7. ശൂര് മരുഭൂമി
8. സീന് മരുഭൂമി
9. പാരാന് മരുഭൂമി
10. ഫെലിസ്ത്യരുടെ ദേശത്തു കൂടിയുള്ള വഴി, 13:17
11. അഗബ ഉള്ക്കടല്

## XII. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. എന്തുകൊണ്ടാകുന്നു ഫറവോന് എബ്രായരെ ഭയപ്പെട്ടത്? 1:7-10

2. ആണ്കുട്ടികളെ നൈല്നദിയിലേക്ക് എറിഞ്ഞതെന്തുകൊണ്ട്? ഫറവോന്റെ കുടുംബം നൈലില് കുളിക്കുന്നതെന്തുകൊണ്ട്? നൈല്നദി രക്തമായി മാറുന്നത് പ്രാധാന്യമര്ഹിക്കുന്നതെന്തുകൊണ്ട്?

3. മോശെ മിദ്യാനിലേക്ക് ഓടിപ്പോയതെന്തുകൊണ്ട്?

4. ദൈവം മോശെയ്ക്ക് തന്റെ നാമം വെളിപ്പെടുത്തിയതിന്റെ പ്രാധാന്യമെന്ത്? 3:13-16

5. ദൈവവും മിസ്രയീമിലെ ദേവന്മാരും തമ്മിലുള്ള സംഘട്ടനത്തെക്കുറിച്ച് 3:22 എന്തുപറയുന്നു?

6. ഉല്പ. 4:26 ലെ ദൈവത്തിന്റെ പ്രത്യക്ഷതയുടെ അടിസ്ഥാനത്തില് പുറ. 6:3 നാം എങ്ങനെ വിവരിക്കും?

7. ബാധകള് മിസ്രയീമിന്റെ മതത്തെ സ്വാധീനിക്കുന്നതെങ്ങനെ?

8. ദൈവം ഫറവോന്റെ ഹൃദയം കഠിനമാക്കുന്നതിലൂടെ അവന്റെ ഇച്ഛാശക്തിയെ എടുത്തുകളയുന്നുണ്ടോ?

9. ആദ്യജാതന്റെ മരണത്തിന്റെ പ്രാധാന്യമെന്താകുന്നു?

10. എബ്രായർക്ക് സൈനീക ഉപകരണങ്ങള് ലഭിച്ചത് എവിടെ നിന്നാകുന്നു?

11. 18-ാം അദ്ധ്യായത്തിലെ, യിത്രോയ്ക്കെതിരായ മോശെയുടെ പ്രവൃത്തികള്,അവന് ദൈവത്തില് വിശ്വസിക്കുന്ന വ്യക്തിയാണെന്ന് എങ്ങനെ തെളിയിക്കുന്നു?


12. യിസ്രായേല് പുരോഹിത രാജത്വമായിരിക്കുന്നതിന്റെ വിവക്ഷ എന്താകുന്നു?

13. പത്ത് വാക്കുകള് എഴുതുക.

14. 23-ാം അദ്ധ്യായത്തിലെ ഉത്സവങ്ങള് എഴുതുക.

15. സമാഗമന കൂടാരത്തിന്റെയും അതിലെ ഉപകരണങ്ങളുടെയും ചിത്രം വരയ്ക്കുക.

16. 32-ാം അദ്ധ്യായത്തിലെ സ്വര്ണ്ണ കാളക്കുട്ടി ആലങ്കാരികമായി പ്രതിനിധീകരിക്കുന്നതെന്തിനെ?



പുറപ്പാട്
0 20 40 60 80 100
N
W
E
S

# ലേവ്യാപുസ്തകത്തിന് ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. എബ്രായ ബൈബിളില് (MT) "അവന് (യഹോവ) വിളിച്ചു" എന്നത് പുസ്തകത്തിന്റെ ആദ്യത്തെ വാക്ക് ആകുന്നു.

B. തല്മൂദ് (മിഷ്ന) ഇതിനെ "പുരോഹിതന്മാരുടെ നിയമങ്ങള്" എന്നു വിളിക്കുന്നു.

C. LXX പരിഭാഷയില് ഇത് "ലേവ്യാപുസ്തകം" ആകുന്നു.

D. ജെറോമിന്റെ ലത്തീന് പരിഭാഷ (Leviticus) ഇതിനെ "ലേവ്യാ" എന്ന് നാമകരണം ചെയ്തിരിക്കുന്നു.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോനില്, ആദ്യത്തെ ഭാഗമായ "തോറ" ന്യായപ്രമാണം അഥവാ ഉപദേശങ്ങള് എന്ന വിഭാഗത്തില്പ്പെട്ടതാണി പുസ്തകം.

B. LXX-ല് ഇത് പഞ്ചഗ്രന്ഥങ്ങള് എന്നറിയപ്പെടുന്നു.

C. ഇംഗ്ലീഷില് ഇത് ചിലപ്പോള് "മോശെയുടെ പഞ്ചഗ്രന്ഥങ്ങള്" എന്നും വിളിക്കപ്പെടുന്നു.

D. സൃഷ്ടി മുതല് മോശെയുടെ ജീവിതം വരെയുള്ള വസ്തുതകള് തുടര്മാനമായി ഉല്പത്തി- ആവര്ത്തനം വരെയുള്ള പുസ്തകങ്ങളില് ഉള്പ്പെടുത്തിയിരിക്കുന്നു.

## III. സാഹിത്യ രൂപം

8 മുതല് 10 വരെയുള്ള അദ്ധ്യായങ്ങളിലെ ചരിത്രപരമായ സംഭവ വിവരണം ഒഴിച്ചാല്, ഈ പുസ്തകം പ്രധാനമായും നിയമരൂപീകരണ പുസ്തകമാകുന്നു.

## IV. എഴുത്തുകാരന്

"യഹോവ മോശെയോട് അരുളിചെയ്തത്" എന്ന് പതിവായി ആവര്ത്തിച്ചു വരുന്ന (35പ്രാവശ്യം) വാക്കോടു കൂടിയാണ് 1:1 ആരംഭിക്കുന്നത്. ഉല്പത്തി രേഖാരൂപത്തില്, വിശദീകരിച്ച സംവാദം നോക്കുക.

## V. എഴുതിയ കാലം

പുറ. 40:2,17; സംഖ്യാ. 1:1-മായി താരതമ്യം ചെയ്യുക. പുറപ്പാടിനു ശേഷം രണ്ടാം വര്ഷം ഒന്നാം മാസത്തിലാണ് ഇത് ദൈവം മോശെയ്ക്ക് നല്കുന്നതെന്ന് അവിടെ നിന്ന് നമുക്ക് മനസിലാക്കാവുന്നതാണ്. പുറപ്പാടിന്റെ രേഖാരൂപത്തില് വിശദമായി പ്രതിപാദിച്ചിരിക്കുന്നത് നോക്കുക.

## VI. ചരിത്രപരമായ പശ്ചാത്തലത്തെ സ്ഥിരീകരിക്കുന്ന ഉറവിടങ്ങള്:

A. മെസപ്പൊത്തോമ്യയിലെ അനുഷ്ഠാന നിയമങ്ങള്:
1. യാഗം പ്രാഥമികമായി ദൈവത്തിന് അര്പ്പിക്കുന്ന ഒരു ആഹാരമാകുന്നു. ദൈവത്തിന്റെ മേശയായ യാഗപീഠത്തിലായിരുന്നു, ആഹാരം വച്ചിരുന്നത്. യാഗപീഠം കൂടാതെ, ദൈവത്തിന്റെ ശ്രദ്ധ ആകര്ഷിക്കുന്നതിനുവേണ്ടി സുഗന്ധദ്രവ്യം നിറച്ച ചെമ്പുപാത്രം ഉണ്ടായിരുന്നു. രക്തത്തില് യാതൊരുവിധ ആചാരപരമായ അര്ത്ഥങ്ങളുമില്ല. ആയുധവാഹകന്, മൃഗത്തിന്റെ കഴുത്ത് മുറിക്കും.ഭക്ഷണം, ദൈവങ്ങള്, പുരോഹിത-രാജാക്കന്മാര്, ഹായികള് എന്നിവര് തമ്മില് പങ്കിട്ടെടു ക്കും. അര്പ്പിക്കുന്നവന് യാതൊന്നും ലഭിക്കുകയില്ല.
2. യാതൊരു പ്രായശ്ചിത്ത യാഗങ്ങളുമില്ല.
3. രോഗങ്ങളും വേദനകളും ദൈവത്തില് നിന്നുള്ള ശിക്ഷയാകുന്നു. ഒരു മൃഗത്തെ കൊണ്ടുവന്ന് അതിനെ നിഗ്രഹിക്കും; ഇത് അര്പ്പിക്കുന്നവന് ബദലായി, പ്രതിനിധിയായി അര്പ്പിക്കപ്പെടുന്നു.
4. യിസ്രായേലിന്റെ ആചാരങ്ങള് വ്യത്യസ്തവും വിഭിന്നവുമാകുന്നു. തന്റെ ഭക്ഷണത്തിന് അനിവാര്യമായ അദ്ധ്വാനത്തിന്റെ ഒരുഭാഗം ദൈവത്തിനായി വേര്തിരിച്ച് ഒരു വ്യക്തി നല്കുന്നതില് നിന്നാകുന്നു ഇത് ഉടലെടുത്തിട്ടുള്ളത് (ഉല്പ. 4:1-4; 8:20-22).

B. കനാനിലെ ആചാരനിയമങ്ങള് (യിസ്രായേലിന്റേതുമായി വളരെ സാമ്യമുണ്ട്).
1. ഉറവിടങ്ങള്
a. ബൈബിള് വിശദീകരണം
b. ഫൊയ്നീഷ്യന് സാഹിത്യം
c. 1400 B.C. കാലഘട്ടത്തിലുള്ള കനാന്യ ദൈവങ്ങളെയും അവരുടെ പുരാണേതിഹാസങ്ങളെക്കുറിച്ചും Ugaritല് നിന്ന് ലഭിച്ച റാസ് ഷംറ ഫലകങ്ങള്.
2. യിസ്രായേലിന്റെയും കനാന്റെയും യാഗങ്ങള് തമ്മില് വളരെയധികം സാമ്യമുണ്ട്. എന്നിരുന്നാലും, കനാന് യാഗങ്ങളില് ബലിമൃഗത്തിന്റെ രക്തത്തിന് യാതൊരുവിധ പ്രാധാന്യവും കല്പിച്ചിട്ടില്ല.

C. മിസ്രയീമിലെ ആചാര നിയമങ്ങള്
1. യാഗങ്ങള് അര്പ്പിച്ചിരുന്നു, എന്നാല് അവയെക്കുറിച്ച് ശക്തമായി പ്രതിപാദിച്ചിരുന്നില്ല.
2. യാഗങ്ങളല്ല, മറിച്ച് യാഗമര്പ്പിക്കുന്നവന്റെ മനോഭാവമായിരുന്നു പ്രധാനമായിരുന്നത്.
3. ദൈവങ്ങളുടെ ക്രോധം ശമിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു യാഗങ്ങള് അര്പ്പിച്ചിരുന്നത്.
4. യാഗം അര്പ്പിക്കുന്നവന് വിടുതലിനും പാപക്ഷമയ്ക്കുമായി പ്രതീക്ഷിച്ചിരുന്നു.

D. യിസ്രായേലിന്റെ യാഗ സമ്പ്രദായം - കനാന്റേതുമായി ബന്ധപ്പെടുന്നതിന് ആവശ്യകതയില്ലായിരുന്നുവെങ്കിലും യിസ്രായേലിന്റെ യാഗങ്ങള് കനാന്റേതിനോട് അടുത്ത ബന്ധമുണ്ട്.
1. വിവരണാത്മകമായ പദങ്ങള്:
a. മനുഷ്യവര്ഗ്ഗത്തിന് ദൈവത്തെ ആവശ്യമാണെന്നതിന്റെ നൈസര്ഗ്ഗികമായ പ്രകാശനമായിരുന്ന യാഗങ്ങള്.
b. യാഗങ്ങള് വ്യവസ്ഥപ്പെടുത്തുന്ന പഴയനിയമങ്ങള് ഒരിക്കലും, യാഗങ്ങള് തുടങ്ങിവയ്ക്കുന്നുവെന്ന് പറയുവാന് കഴിയുകയില്ല (ഉല്പ. 7:8; 8:20).
c. യാഗം ഒരു വഴിപാട് ആകുന്നു (മൃഗങ്ങള് അഥവാ പച്ചക്കറികള്)
d. ദൈവത്തിന് ആദരസൂചകമായി യാഗപീഠത്തില് പൂര്ണ്ണമായി അല്ലെങ്കില് ഭാഗികമായി ഉന്മൂലനം ചെയ്യപ്പെടുന്ന വഴിപാടായിരിക്കണം അര്പ്പിക്കപ്പെടുന്നത്.
e. യാഗപീഠം യാഗമര്പ്പിക്കാനുള്ള സ്ഥലമാകുന്നു, അത് ദൈവീക സാന്നിദ്ധ്യത്തിന്റെ സാദൃശ്യമാണ്.
f. ബാഹ്യമായ ആരാധനയുടെ ഒരു പ്രവൃത്തിയാണ് യാഗം (പ്രാവര്ത്തികമാകുന്ന പ്രാര്ത്ഥന)
g. യാഗത്തിന്റെ നിര്വചനം എന്നത് "പ്രാവര്ത്തികമായ പ്രാര്ത്ഥന" അഥവാ "അനുഷ്ഠാനപരമായ പ്രാര്ത്ഥനകള്" എന്നാകുന്നു. ആചാരങ്ങളുടെ പ്രാധാന്യതയും അതിനെതിരായ നമ്മുടെ സംസ്കാരപരമായ സ്വാധീനവും Gordon J. Wenham (Tyndale, Numbers, p. 25-39) എന്ന പുസ്തകത്തില് വെളിപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള വസ്തുതകളുടെ വലിയ ശേഖരവും, മോശെയോടും യിസ്രായേലിനോടും അവയ്ക്കുള്ള പ്രാധാന്യവും ലേവ്യാ, സംഖ്യാ എന്നീ പുസ്തകങ്ങളില് അടങ്ങിയിരിക്കുന്നു.
2. യാഗങ്ങള് ഉള്പ്പെട്ടിരിക്കുന്നു
a. ദൈവത്തിനുള്ള ദാനങ്ങള്:
(1). ഭൂതലം മുഴുവനും കര്ത്താവിന്റേതാകുന്നു എന്ന അംഗീകാരം.
(2). മനുഷ്യനുള്ള സകലത്തിനും, അവന് ദൈവത്തോട് കടപ്പെട്ടിരിക്കുന്നു.
(3). അതുകൊണ്ട്, മനുഷ്യന് ദൈവത്തിന് വഴിപാട് കൊണ്ടുവരിക എന്നത് ന്യായമാണ്.
(4). ഇത് പ്രത്യേക തരത്തിലുള്ള വഴിപാടോ ദാനമോ ആകുന്നു. തന്റെ തന്നെ സ്വയാസ്ഥിത്വം നിലനിര്ത്തുന്നതിന് മനുഷ്യന് ആവശ്യമായ ചില കാര്യങ്ങളാണിത്. ഇത് ചിലത് കൊടുക്കുന്നതിനെക്കാള് അധികമാണ്, ഇത് അവന് അത്യന്താപേക്ഷിതമാണ്. തന്റെ ഒരു ഭാഗം സ്വയമായി ദൈവത്തിന് അര്പ്പിക്കുന്നതാണത്.
(5). ദാനം നശിപ്പിക്കുന്നതിലൂടെ, അത് തിരിച്ചെടുക്കുവാന് കഴിയുന്നതല്ല.
(6). ഒരു ദഹനയാഗം അദൃശ്യമായി തീരുകയും, ദൈവത്തിന്റെ മണ്ഡലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു.
(7). മുമ്പ്, ദൈവം പ്രത്യക്ഷപ്പെട്ട സ്ഥലങ്ങളിലാണ് യാഗപീഠങ്ങള് സ്ഥാപിച്ചിരുന്നത്. യാഗപീഠത്തെ വിശുദ്ധസ്ഥലമായാണ് കണ്ടിരുന്നത്, അതുകൊണ്ടാണ് അവിടെ വഴിപാടുകള് കൊണ്ടുവന്നിരുന്നത്.
b. ഒരുവന്റെ ജീവിതം പൂര്ണ്ണമായി ദൈവത്തിന് സമര്പ്പിക്കുന്നതിന്റെ പ്രതിഫലനം.
(1). സ്വമേധയായി അര്പ്പിക്കേണ്ട മൂന്ന് യാഗങ്ങളില് ഒന്നാകുന്നു ഹോമയാഗം.
(2). ദൈവത്തോടുള്ള നമ്മുടെ ആഴമേറിയ ബഹുമാനം പ്രകടിപ്പിക്കുന്നതിനായി മൃഗത്തെ പൂര്ണ്ണമായി ദഹിപ്പിക്കുന്നു.
(3). ഇത് ദൈവത്തിനുള്ള വളരെ അര്ത്ഥവത്തായ ദാനമാകുന്നു.
c. ദൈവത്തോടുള്ള കൂട്ടായ്മ
(1). യാഗത്തിന്റെ ആശയവിനിമയ വീക്ഷണം
(2). ഉദാഹരണത്തിന്, ദൈവവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മ സാദൃശീകരിക്കുന്ന സമാധാനയാഗം

(3). ഈ കൂട്ടായ്മ കരസ്ഥമാക്കുന്നതിനും നേടിയെടുക്കുന്നതിനുമായി അര്പ്പിക്കപ്പെടുന്ന യാഗം

d. പാപത്തിന്റെ പ്രായശ്ചിത്തം

(1). മനുഷ്യന് പാപം ചെയ്തപ്പോള്, അവന് നശിപ്പിച്ച ദൈവവുമായുള്ള ബന്ധം (ഉടമ്പടി) പുനഃസ്ഥാപിക്കുന്നതിന് അവന് ദൈവത്തോട് അപേക്ഷിക്കേണ്ടത് ആവശ്യമാണ്.

(2). തകര്ക്കപ്പെട്ട ബന്ധം നിമിത്തമാണ് പാപയാഗത്തോടു ചേര്ന്ന് മറ്റ് ആഹാരമില്ലാത്തത്.

(3). പ്രാധാന്യം

a. മനുഷ്യനുവേണ്ടി യാഗപീഠത്തില് വയ്ക്കണം.
b. പുരോഹിതനുവേണ്ടി തിരശീലയില് വയ്ക്കണം.
c. മഹാ പുരോഹിതനും ദേശത്തിനും വേണ്ടി കൃപാസനത്തിനു മീതെ വയ്ക്കണം (ലേവ്യാ. 16)

(4). രണ്ടുവിധത്തിലുള്ള പാപയാഗങ്ങളുണ്ട്. രണ്ടാമത്തേത് അകൃത്യയാഗം എന്ന് വിളിക്കപ്പെടുന്നു. മൃഗത്തെ യാഗമര്പ്പിക്കുന്നതിന്റെ കൂടെ ഏതൊരു യിസ്രായേല്യ സഹോദരനുമായാണോ ബന്ധം നശിപ്പിക്കുകയും തകര്ക്കുകയും ചെയ്തത് ആ വ്യക്തിയുമായി അപരാധി ബന്ധം പുനഃസ്ഥാപിക്കണം.

(5). ആസൂത്രണം ചെയ്ത് അല്ലെങ്കില് മനഃപൂര്വ്വമായി ചെയ്യുന്ന പാപങ്ങള്ക്ക് യാതൊരു യാഗവുമില്ല, 4:4, 22, 27; 5:15-18; 22:14.

E. വ്യത്യസ്ത യാഗങ്ങള്ക്കുള്ള നടപടി ക്രമങ്ങള്:

1. **അദ്ധ്യായം 1**

a. ആമുഖ പ്രമാണ സൂത്രം: "ദൈവം മോശെയോട് അരുളിചെയ്തു", 1:1-2; 4:1; 5:14; 6:1,19;7:22,28.
   (1). മൃഗത്തില് നിന്നോ, മൃഗകൂട്ടങ്ങളില് നിന്നോ
   (2). "എപ്പോള്" v. 2 പ്രകാരം ഇത് കല്പനയല്ല, സ്വമേധാദാനമാണെന്ന് മനസിലാ ക്കാം.

b. ഹോമയാഗം v. 3-17 (6:8-13)
   (1). യാഗപീഠം
      (a) താമ്രം കൊണ്ടുള്ള യാഗപീഠം, ഇതിനെ ഹോമയാഗപീഠം എന്നും സമാഗമനകൂടാരത്തിന്റെ വാതില്ക്കലുള്ള യാഗപീഠമെന്നും വിളിക്കുന്നു. ഖദിരമരം കൊണ്ടുണ്ടാക്കിയ യാഗപീഠമാണ്, അതില് മുഴുവനും താമ്രം കൊണ്ടു പൊതിയണം (പുറ. 27).
      (b) ഇത് വിശുദ്ധ സ്ഥലത്തുള്ള ധൂപപീഠ (സ്വര്ണ്ണയാഗപീഠം) ത്തില് നിന്നു വ്യത്യസ്തമാണ് (പുറ. 30).
      (c) താമ്രം കൊണ്ടുള്ള യാഗപീഠത്തില് നിന്നുള്ള വെണ്ണീര് ധൂപപീഠത്തിലേക്ക് കൊണ്ടുവരണം.
      (d) താമ്രയാഗപീഠം സമാഗമന കൂടാരത്തിലേയ്ക്കുള്ള പ്രവേശന കവാടത്തിന്റെ മദ്ധ്യ ഭാഗത്തായി സ്ഥാപിക്കണം.
      (e) ഏറ്റവും വിശുദ്ധമായ രണ്ട് കൊമ്പുകള് യാഗപീഠത്തിനുണ്ടായിരിക്കണം. കൊമ്പുകളിന്മേല് രക്തം തളിക്കണം (പുറ. 30:10).
      (f) കൊമ്പുകള് ഒരുപക്ഷെ ചുവടെ ചേര്ക്കുന്ന കാര്യങ്ങള്ക്കു വേണ്ടിയാകാം:
         (i). വഴിപാടിനെ നേരെ നിറുത്തുന്നതിനെ സാദൃശീകരിക്കുന്ന കൈകള്.
         (ii). ശക്തിയുടെയോ ബലത്തിന്റെയോ സാദൃശം (ആവര്. 33:17; 2ശമു. 22:3).
         (iii). പിന്നീട്, ഏതെങ്കിലും വ്യക്തി, ഈ കൊമ്പിനെ പിടിച്ചാല്, അവന്റെ തെറ്റില് കോടതി തീരുമാനമെടുക്കുന്നതുവരെ അവന് സുരക്ഷിതനായിരുന്നു (1രാജാ. 1:50-51; 2:28).
   (2). വഴിപാട്
      (a) കന്നുകാലികളില് ഊനമില്ലാത്ത ആണിനെ, ഇത് ആദ്യം പറയാന് കാരണം അതിന്റെ വിലയും പ്രാധാന്യവും കണക്കിലെടുത്താണ്.
      (b) ആട്ടിന്കൂട്ടത്തിലെ ആണായ ചെമ്മരിയാടോ കോലാടോ, v. 10
      (c) കുറുപ്രാവിനെയോ പ്രാവിന് കുഞ്ഞിനെയോ, v. 14 (ഇത് പാവപ്പെട്ടവര്ക്കുള്ള വ്യവസ്ഥയാണ്).
   (3). ഹോമയാഗം അര്പ്പിക്കുന്നതിനുള്ള സ്ഥലം സമാഗമന കൂടാരത്തിന്റെ വാതില്ക്കലാണ്.
   (4). കൈകള് വയ്ക്കുന്നത് - ഇത് കന്നുകാലികള്ക്ക് മാത്രമാണ്, ചെമ്മരിയാടുകള്ക്കോ കോലാടുകള്ക്കോ, പക്ഷികള്ക്കോ അല്ല. വാക്യം 4.
      (a) ഇത് വഴിപാട് അര്പ്പിക്കുന്നവന് സ്വയമായി ചെയ്യണം (പുരോഹിതന് അല്ല).
      (b) കുറ്റം കൈമാറ്റം ചെയ്യുന്നതിനുള്ള സാദൃശപരമായ ഒരു പ്രവൃത്തി മാത്രമാണിതെന്ന് പലരും വിശ്വസിക്കുന്നു.
      (c) എന്നാല് ചിലര് അര്ത്ഥമാക്കുന്നതായി വിശ്വസിക്കുന്നത്:
         (i). ഈ മൃഗം ഈ പ്രത്യേക വ്യക്തിയില് നിന്നുമാണ് വരുന്നത്.
         (ii). ഈ യാഗം അര്പ്പിക്കുന്നവന്റെ പേരിലാണ് സമര്പ്പിക്കപ്പെടേണ്ടത്.

(iii). ഈ യാഗത്തിന്റെ ഫലം, മൃഗത്തിന്റെ മേല് കൈകള് വച്ചവനായിരിക്കണം കൈവശമായിരിക്കേണ്ടത്.

(5). അറുക്കുന്നത്:

(a) കാളക്കിടാവ് - യാഗം അര്പ്പിക്കുന്ന മനുഷ്യന് "യഹോവയുടെ സന്നിധിയില്" കൊണ്ടുവരണം. അവന് ഹോമയാഗ മൃഗത്തെ അറുത്ത് തോലുരിച്ച്, ഖണ്ഡം ഖണ്ഡമായി മുറിക്കണം പുരോഹിതന്റെ ശുശ്രൂഷ (പൊതുയാഗങ്ങളില് ഒഴികെ), അര്പ്പിക്കുന്ന വ്യക്തി മൃഗത്തെ യാഗപീഠത്തിലേക്ക് കൊണ്ടുവരുമ്പോള് ആരംഭിക്കുന്നു.

(b) ചെമ്മരിയാട് അഥവാ കോലാട്, v. 11 - "യഹോവയുടെ സന്നിധിയില് യാഗപീഠത്തിന്റെ വടക്കുവശത്ത് വച്ച്", കുറഞ്ഞ മൃഗങ്ങള്ക്കുവേണ്ടി പ്രത്യേകമായി വേര്തിരിച്ചിരിക്കുന്ന സ്ഥലമാണിത്.

(c) പക്ഷി - പുരോഹിതന് അതിനെ കൊല്ലുകയും യാഗം അര്പ്പിക്കുകയും വേണം. യാഗമര്പ്പിക്കുന്നവന് പക്ഷിയുടെ തോലുരിഞ്ഞ് കളയണം.

(6). രക്തം കൈകാര്യം ചെയ്യേണ്ടത്:

(a) മൃഗങ്ങള്:

(i). പുരോഹിതന് രക്തം കൊണ്ടുവന്നു സമാഗമന കൂടാരത്തിന്റെ വാതില്ക്കലുള്ള യാഗപീഠത്തിന്മേല് ചുറ്റും തളിക്കണം.

(ii). മൃഗത്തിന്റെ ജീവന് രക്തത്തിലാകുന്നു (ഉല്പ. 9:4; ലേവ്യാ. 17:11). ജീവന് മുമ്പു തന്നെ ദൈവത്തിന് അവകാശപ്പെട്ടതാകുന്നു. അതുകൊണ്ട് രക്തം ഒരിക്കലും മനുഷ്യന്റെ ദാനത്തിന്റെ ഒരു ഭാഗത്തെയും പ്രതിനിധീകരിക്കുന്നില്ല.

(iii). പക്ഷികളുടെ രക്തം, യാഗപീഠത്തിന്റെ പാര്ശ്വത്തിങ്കല് ഒഴിക്കണം, തീയില് ദഹിപ്പിക്കുവാന് പാടുള്ളതല്ല.

(7). മാംസം കൈകാര്യം ചെയ്യേണ്ടത്:

(a) കാളക്കുട്ടി, v. 6

i). അര്പ്പിക്കുന്നവന് യാഗമൃഗത്തിന്റെ തോലുരിക്കണം, പുരോഹിതന് ഹോമയാഗ മൃഗത്തിന്റെ തോല് എടുക്കാവുന്നതാണ് (7:8).

ii). അര്പ്പിക്കുന്നവന് അതിനെ ഖണ്ഡംഖണ്ഡമായി മുറിക്കണം.

iii). അത് ജീവനോടിരുന്നതുപോലെ തന്നെ പുരോഹിതന് ഖണ്ഡങ്ങള് യാഗപീഠത്തിന്മീതെ അടുക്കിവയ്ക്കണം.

iv). അതിന്റെ കുടലും കാലും താമ്രത്തൊട്ടിയില് നിന്നുള്ള വെള്ളത്തില് കഴുകണം.

v). പുരോഹിതന് സകലവും യാഗപീഠത്തില് ദഹിപ്പിക്കേണം.

c. ഹോമയാഗത്തിനുള്ള സന്ദര്ഭങ്ങള്:"

(1). കൂടാരോത്സവം
(2). പാപപരിഹാര ദിവസം
(3). വാരോത്സവം, ആദ്യഫല പെരുന്നാള്, പെന്തക്കോസ്ത്.
(4). കാഹള നാദോത്സവം
(5). നീരാജനാര്പ്പണം (ലേവ്യ. 23)
(6). പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാള്, പെസഹ.
(7). മാസങ്ങളുടെ ആരംഭം
(8). ശബ്ബത്ത്

d. ഹോമയാഗത്തിന്റെ പ്രാധാന്യം:

(1). ദൈവത്തിനുള്ള വഴിപാട്.
(2). ഏറ്റവും വിലയേറിയ തരത്തിലുള്ള വഴിപാടായി കണക്കാക്കുന്നു.
(3). പാപത്തെ പൊതുവായി കണ്ട് അതിനെ കൈകാര്യം ചെയ്യുന്നു അഥവാ സ്തോത്രയാഗം.
(4). യാഗം എന്ന ആശയത്തിന്റെ ഏറ്റവും പൂര്ണ്ണമായ പ്രതിനിധിസ്ഥാനം.
(5). ഒരുവന്റെ ജീവനെ അര്പ്പിക്കുന്നതിന്റെ സാദൃശം.
(6). ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി ഒരുവന്റെ ജീവിതം പൂര്ണ്ണമായി സമര്പ്പിക്കുന്നതിനെ പ്രതിനിധീകരിക്കുന്നു.
(7). വഴിപാടിന്റെ മൂല്യം തരംതിരിച്ച്.
  (a) കാള
  (b) ചെമ്മരിയാട് അഥവാ കോലാട്
  (c) പക്ഷികള്
(8). ആത്മീയ ആവശ്യത്തെക്കുറിച്ച് ബോദ്ധ്യമുള്ള ഏതൊരു വ്യക്തിയ്ക്കും ദൈവത്തെ സമീപിക്കുവാന് കഴിയുമെന്ന് ഇത് നമ്മെ ചൂണ്ടിക്കാണിക്കുന്നു.

e. പുരോഹിതന്മാര്ക്കുള്ള പ്രത്യേക നിര്ദ്ദേശങ്ങള്, 6:8-12

(1). ഹോമയാഗം രാത്രി മുഴുവനും യാഗപീഠത്തിന്മേലുള്ള വിറകിന്മേല് ഇരിക്കണം.
(2). ഹോമയാഗത്തിന്മേല് തീ തുടര്മാനമായി കത്തിക്കൊണ്ടിരിക്കണം.
(3). പുരോഹിതന്മാരുടെ വസ്ത്രം സംബന്ധിച്ച നിര്ദ്ദേശങ്ങളും ഉള്പ്പെടുന്നു.
(4). വെണ്ണീര് നീക്കം ചെയ്യുന്നതിനുള്ള നിര്ദ്ദേശങ്ങളും ഉള്പ്പെടുന്നു.

2. **അദ്ധ്യായം 2:1-16 (6:14-23)**

a. ആമുഖം

(1). ഈ അദ്ധ്യായം ഭോജനയാഗത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

(2). "ദാനം" എന്നർത്ഥമാക്കുന്ന പദത്തില് നിന്നുമാണ് ഭോജനയാഗം ഉടലെടുക്കുന്നത്. പച്ചക്കറി ദാനങ്ങള്ക്ക്, മൃഗേതര യാഗങ്ങള്ക്കുമുള്ള ശാസ്ത്രീയ നാമമായി ഇത് മാറി.

(3). പ്രവാസകാലത്തിനു ശേഷം, ഭോജനയാഗം, ഹോമയാഗത്തിനും സമാധാനയാഗത്തിനും പരിപൂരകമായി മാറി, ഇത് വളരെ പാവപ്പെട്ടവര്ക്ക് മാത്രമേ അര്പ്പിക്കുവാന് കഴിയുകയുള്ളൂവെന്ന് റബ്ബിമാര് പറയുന്നു.

(4). ലവണ നിയമത്തെക്കുറിച്ച് സംഖ്യ. 18:19; 2ദിന. 13:5 എന്നിവിടങ്ങളില് പ്രതിപാദിച്ചിരിക്കുന്നു. ഉപ്പ് പുളിച്ച മാവിന്റെ വിരുദ്ധമാണ്. ഇത് നീണ്ടുനില്ക്കുന്നതും ദുഷിപ്പിക്കാനാവാത്തതുമാകയാല് ദൈവത്തിന്റെ നിയമങ്ങള്ക്ക് സാദൃശമായി ഇത് ഉപയോഗിച്ചിരിക്കുന്നു.

b. ഒരുവന്റെ അദ്ധ്വാനം ദൈവത്തിനായി നല്കപ്പെടുന്നതില് ഭോജനയാഗം ഉള്പ്പെട്ടിരിക്കുന്നു.

(1). ജനത്തിന്റെ ദൈനംദിന ആഹാരത്തില് നിന്നുള്ള ദാനമാണ് ദൈവത്തിന് അര്പ്പിക്കുന്നത്.

(2). ഇത് പൊതുവായി (പ്രത്യേകിച്ച് പ്രവാസകാലത്തിനുശേഷം) ഹോമയാഗത്തിനും സമാധാനയാഗത്തിനും പരിപൂരകമായി അര്പ്പിക്കപ്പെടുന്ന യാഗമാണ്.

(3). ഈ യാഗം പുരോഹിതന്മാര്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ കരുതലാണ്. സകലത്തിന്റെയും ഓര്മ്മയ്ക്കായി ചെറിയ ഭാഗം മാത്രമേ യാഗപീഠത്തിന്മേല് ദഹിപ്പിക്കുകയുള്ളൂ.

(4). "നിവേദ്യം" എന്ന വാക്ക് അര്പ്പിക്കപ്പെട്ട ഭാഗത്തെ വിവരിക്കുന്നു, അഥവാ ദൈവത്തിന്റെ മുമ്പാകെ കൊണ്ടു വരുന്നതിന്റെ ഭാഗികമായ ഭാഗം.

(5). "ഓര്മ്മയ്ക്കായി" പുതിയനിയമത്തില് അനുഷ്ഠിക്കുന്ന കര്തൃമേശ പഴയനിയമത്തിലെ ഈ ആശയത്തെ പ്രദര്ശിപ്പിക്കുന്നു.

(6). "വിശുദ്ധവും" "അതിവിശുദ്ധവും" തമ്മിലുള്ള വ്യത്യാസങ്ങള്:

(a) "വിശുദ്ധം" - പുരോഹിതനും കുടുംബത്തിനും, വിശുദ്ധമായ ഏത് സ്ഥലത്തുവച്ചും ഇത് കഴിക്കാവുന്നതാണ്.

(b) "അതിവിശുദ്ധം" - പുരോഹിതന്മാര്ക്ക് മാത്രമെ ഭക്ഷിക്കുവാന് കഴിയുകയുള്ളൂ അതും സമാഗമന കൂടാരത്തിന്റെ അകത്തു മാത്രം.

c. തരങ്ങള്

(1). വേവിക്കാത്ത നേരിയ മാവ് (ധനവാന്മാര്ക്ക്), 2:1-3

(2). അടുപ്പത്തു വച്ച ചുട്ട അപ്പം അഥവാ വട, 2:4-11

(3). ഉതിര്ത്ത ധാന്യമണികള് അഥവാ ഗോതമ്പു മണി (പാവപ്പെട്ടവര്ക്കുവേണ്ടി) 2:12-16

(a) വേവിക്കാത്ത നേരിയ മാവാണ് ഏറ്റവും ഉല്കൃഷ്ടമായ വഴിപാട്. ഇത് ഗോതമ്പുപൊടിയില് ഏറ്റവും നല്ലതാണ്.

(b) ചുട്ടെടുത്ത അപ്പം.

i). എണ്ണ ഒരു ചേരുവയാണ്.

ii). അടുപ്പത്തു വച്ച് ഉണ്ടാക്കുന്നു, v. 4

iii). ചട്ടിയില് ചുട്ടെടുക്കുന്നു, v. 5

iv). മണ്ണു കൊണ്ടുള്ള ഉരുളിയില്, v. 7

(c) ഉതിര്ത്ത ധാന്യമണികള് അഥവാ ഗോതമ്പുമണി.

i). പൊരിഞ്ഞതായിരിക്കണം.

ii). കതിര്ചുട്ട് ഉതിര്ത്ത മണികള്.

iii). അതിഥികളുടെ മുമ്പാകെ ഒരുക്കിവച്ചിരിക്കുന്ന ആഹാരം പോലെ.

d. ചേരുവകള്:

(1). ഊനമില്ലാത്ത മൃഗത്തിന് അനുയോജ്യമായ നല്ല നേരിയ മാവ്.

(2). എണ്ണ സമൃദ്ധിയുടെ സാദൃശ്യമാണ് അതുകൊണ്ടു തന്നെ ദൈവത്തിന്റെ സാന്നിദ്ധ്യ ത്തിന്റെ സാദൃശ്യവും ആകുന്നു.

(a) ഭക്ഷണം, യാഗങ്ങള്, മരുന്ന്, അഭിഷേകം എന്നിവയ്ക്കായി ഉപയോഗിക്കപ്പെടുന്നു.

(b) എണ്ണയുടെ ഉപയോഗം, എണ്ണ അര്പ്പിക്കുന്നതിന് പകരമാകുവാനുള്ള സാധ്യതയുണ്ട്.

(3). കുന്തുരുക്കം ഇന്ത്യയില് നിന്നോ അറേബ്യയില് നിന്നോ ആയിരിക്കാം.

(a) അത് വളരെ വിശുദ്ധവും, അത്ഭുതാവഹമായ സൗരഭ്യത്തോടുള്ളതുമാണ്.

(b) പ്രാര്ത്ഥനയെയും സ്തോത്രത്തെയും സാദൃശീകരിക്കുന്നു.

(4). ഉപ്പ്

(a) ജീവന് നല്കുന്നതും സംരക്ഷിക്കുന്നതുമായ ഗുണഗണങ്ങളുണ്ട്.

(b) സംരക്ഷിക്കുന്നതിനെക്കാള് അധികമായി മേശമേലുള്ള ശുശ്രൂഷയ്ക്കായി ഉപയോഗിക്കുന്നു.

(5). ഒഴിവാക്കേണ്ട ഘടകങ്ങള്:

(a) പുളിപ്പ് ഒഴിവാക്കുക, v. 11.

i. പുളിക്കാതിരിക്കുവാന് വേണ്ടിയായിരിക്കാം.
ii. പുളിപ്പ് അശുദ്ധിയുമായി കൂട്ടുചേരുന്നു
iii. അത് ആദ്യഫലങ്ങളുടെ വഴിപാടായും പുരോഹിതന്മാര്ക്കുവേണ്ടിയും അര്പ്പിക്കാം.

(b) തേന് ഒഴിവാക്കുക
i. അത് തേനീച്ചയില് നിന്നല്ല മറിച്ച് ഫലത്തില് നിന്നുമാകുന്നു
ii. കനാന്യ ആചാരങ്ങളില് അത് ഉപയോഗിക്കുന്നതു കൊണ്ടായിരിക്കാം.

e. വഴിപാടിന്റെ അനുഷ്ഠാനം:
(1). അത് പുരോഹിതന്റെ അടുക്കല് കൊണ്ടുവരണം. മുഴുവന് ശുശ്രൂഷയും പുരോഹിതനാണ് നിര്വ്വഹിക്കുന്നത് (2:2,9,16).
(2). വഴിപാടിന്റെ ശേഷിപ്പ് പുരോഹിതന്മാര്ക്ക് തന്നെ ഭക്ഷിക്കാം. അത് അതിവിശു ദ്ധമാണ്.

f. പ്രാധാന്യം:
(1). കുറഞ്ഞ വ്യക്തിയില് നിന്ന് ഉയര്ന്ന വ്യക്തിയ്ക്കുള്ള ദാനം.
(2). യാഗത്തിന്റെ ഒരു ഭാഗം ദഹിപ്പിക്കുന്നത് പ്രതിനിധീകരിക്കുന്നത് ഒരുവന്റെ അദ്ധ്വാനം ദൈവത്തിനായി വിശുദ്ധീകരിച്ച് സമര്പ്പിക്കുന്നതിനെയാകുന്നു.
(3). പ്രത്യക്ഷമായ അര്ത്ഥം:
(a) ഹോമയാഗം - ഒരുവന്റെ ജീവിതം സമര്പ്പിക്കുക
(b) ഭോജനയാഗം - ഒരുവന്റെ ദൈനംദിന അദ്ധ്വാനം സമര്പ്പിക്കുന്നു

g. ഭോജനയാഗത്തിനുള്ള പ്രത്യേകമായ നിര്ദ്ദേശങ്ങള്, 6:14-23
(1). യാഗപീഠത്തിന്റെ മുമ്പില് അത് അര്പ്പിക്കണം.
(2). അര്പ്പിക്കുന്നവന് ദൈവത്തിന് ദാനമായി അര്പ്പിച്ചു, എന്നാല് യഥാര്ത്ഥത്തില് അത് പൗരോഹിത്യത്തെ സഹായിക്കുന്നു.

**3. അദ്ധ്യായം 3:1-17 (7:13-34) സമാധാന യാഗം**

a. ആമുഖം
(1). എന്തുകൊണ്ട്
(a) കൂട്ടായ്മ വഴിപാട്
(b) ഉടമ്പടി യാഗം
(c) സംഘടിതമായ വഴിപാട്
(d) ഉപസംഹാര യാഗം
(2). ദൈവത്തോടും കുടുംബത്തോടും സ്നേഹിതരോടുമുള്ള കൂട്ടായ്മ നിമിത്തം ദൈവത്തിനുള്ള നന്ദി പ്രകടിപ്പിക്കുന്നതാകുന്നു.
(3). തുടര്മാനമായ യാഗങ്ങളില് ഇത് സാധാരണ ഏറ്റവും അവസാനത്തെ പ്രവര്ത്തിയാണ്, ഇതില് നിരപ്പ് സ്ഥാപിക്കപ്പെടുന്നു.
(4). ഹോമയാഗം അനുസരണത്തിന്റെ ചെലവിനെ പ്രകടിപ്പിക്കുമ്പോള്, സമാധാനയാഗം ദൈവവുമായുള്ള കൂട്ടായ്മയുടെ സന്തോഷവും ആനന്ദവും പ്രകാശിപ്പിക്കുന്നു.
(5). ആണോ പെണ്ണോ ആകാം, എന്നാല് ഊനമില്ലാത്തതായിരിക്കണം.
(6). വ്യത്യസ്തമായ വഴിപാടുകള്
(a) കന്നുകാലികളില് നിന്ന്: ആണോ പെണ്ണോ.
(b) കുഞ്ഞാടും കോലാടും തമ്മില് വേര്തിരിക്കുന്ന പ്രധാനപ്പെട്ട വ്യത്യാസം, കുഞ്ഞാ ടിന്റെ മേദസ്സുള്ള തടിച്ച വാല് ആകുന്നു.
i. കുഞ്ഞാടിനെ - ആണോ പെണ്ണോ
ii. കോലാടിനെ - ആണോ പെണ്ണോ

b. അനുഷ്ഠാനം:
(1). വഴിപാടിന്റെ അര്പ്പണം.
(a) വഴിപാടിന്റെ തലയില് കൈവയ്ക്കുക.
(b) സമാഗമന കൂടാരത്തിന്റെ വാതില്ക്കല് വച്ച് അറുക്കുക.
(c) യാഗവഴിപാടിനെ തിരിച്ചറിയുന്നത്, ഹോമയാഗത്തിന്റേതുപോലെ തന്നെയാകുന്നു.
(d) രക്തം യാഗപീഠത്തിന്മേല് ചുറ്റും തളിക്കുക.
(e) തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങള് യാഗപീഠത്തിന്മേല് ദൈവത്തിനായി ദഹിപ്പിക്കേണം.
i. കുഞ്ഞാടിന്റെ മേദസ്സുള്ള തടിച്ച വാല് സമൃദ്ധിയെ കുറിക്കുന്നു.
ii. മൂത്രപിണ്ഡവും കരളിന്മേലുള്ള വപയും, ഇച്ഛാശക്തിയെയും വികാരങ്ങളെയും സാദൃശീകരിക്കുന്നു.
iii. മേദസു മുഴുവനും വിറകിന്മേല് ഹോമയാഗത്തിന്മീതെ ദഹിപ്പിക്കണം.

(2). സ്തോത്രയാഗവും ഉള്പ്പെടുത്തിയിരിക്കുന്നു (7:11-14).
(a) എണ്ണ ചേര്ത്ത പുളിപ്പില്ലാത്ത ദോശ.

   (b) എണ്ണ പുരട്ടിയ പുളിപ്പില്ലാത്ത വടകള്.
   (c) എണ്ണ ചേര്ത്തു കുതിര്ത്ത നേരിയ മാവ്.

c. പുരോഹിതന്റെ വിഹിതം, 7:28-34
   (1). നെഞ്ച് അഹരോന് നീരാജന വഴിപാടായി ഇരിക്കണം.
   (2). നീരാജനം ചെയ്യുമ്പോള് അതില്മേല് അര്പ്പിക്കുന്നവന്റെ കയ്യും പുരോഹിതന്റെ കയ്യും വച്ചിരിക്കണം. ഇത് ചൂണ്ടിക്കാണിക്കുന്നത്, അര്പ്പിക്കുന്നവന് വഴിപാട് ദൈവത്തിന് അര്പ്പിക്കുന്നു, തുടര്ന്ന് അത് പുരോഹിതന് തിരികെ സ്വീകരിക്കുന്നു.
   (3). യാഗങ്ങള് അര്പ്പിക്കുന്ന പുരോഹിതനു തന്നെ വലത്തെ കൈക്കുറക് ഓഹരിയായിരിക്കണം.
   (4). നീരാജന യാഗം ദൈവത്തിന് അര്പ്പിച്ചതിനു ശേഷം, പുരോഹിതന് അത് തിരികെ സ്വീകരിക്കുന്നു.

d. അര്പ്പിക്കുന്നവന് അവകാശപ്പെട്ട ഭാഗം, 7:15-18
   (1). സ്തോത്രമായുള്ള വഴിപാട് അര്പ്പിക്കുന്ന ദിവസത്തില് തന്നെ തിന്നേണം, P.15
   (2). യാഗം ഒരു നേര്ച്ചയോ സ്വമേധാദാനമോ ആകുന്നു എങ്കില് അര്പ്പിക്കുന്ന ദിവസത്തിലോ ശേഷിച്ചത് പിറ്റെന്നാളും തിന്നാം, v. 16
   (3). ഈ ഭാഗത്തിന്റെ മുഴുവനും ദൈവത്തിന് അര്പ്പിക്കപ്പെടുന്നതല്ല മറിച്ച് ദൈവം പുരോഹിതന്മാര്ക്ക് അവകാശമായി കൊടുത്തിട്ടുള്ളതാണ്.
   (4). ഈ വഴിപാടിയില് ദൈവം സാദൃശപരമായി വഴിപാട് അര്പ്പിക്കുന്നവനോടും അവന്റെ കുടുംബത്തോടും സ്നേഹിതന്മാരോടും കൂടെ ഭക്ഷിക്കുന്നു.
   (5). ബന്ധവും കൂട്ടായ്മയും യഥാസ്ഥാനപ്പെട്ടിരിക്കുന്നുവെന്ന് ഈ വഴിപാട് സ്ഥാപിക്കുന്നു.

**4. അദ്ധ്യായം 4:1-5:13 (6:24-30) പാപയാഗം**

a. ആമുഖം
   (1). പ്രായശ്ചിത്തം പ്രബലമായ ഘടകമായ ആദ്യത്തെ വഴിപാടാണ് പാപയാഗം.
   (2). ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയെ പുനഃസ്ഥാപിക്കുന്നതാണ് ഈ യാഗം. ഇത് കൂട്ടായ്മ പൂര്വ്വസ്ഥിതിയിലാക്കുന്നു.
   (3). ഈ വഴിപാടില് ഉള്പ്പെടുന്നത്:
      (a) അജ്ഞതയുടെ പാപങ്ങള്
      (b) അബദ്ധവശാല് ചെയ്യുന്ന പാപങ്ങള്
      (c) അത്യാസക്തിയുള്ള പാപങ്ങള്
      (d) ഉപേക്ഷയാലുള്ള പാപങ്ങള്
      (e) ദൈവത്തിനെതിരായി ധിക്കാരപരമായി മത്സരിച്ച് മനഃപൂര്വ്വമായി ചെയ്തുപോകുന്ന പാപങ്ങള്ക്ക് ഇത് പ്രായശ്ചിത്തമാകുകയില്ല. മനഃപൂര്വ്വമായ, ധിക്കാരപൂര്വ്വമായ, മുന്കൂട്ടി തീരുമാനിച്ചുള്ള പാപങ്ങള്ക്ക് യാതൊരുവിധ യാഗങ്ങളുമില്ല.

b. അര്ത്ഥം:
   (1). പാപത്തിനുള്ള ശിക്ഷയ്ക്കും കുറ്റത്തിനും ഈ വഴിപാട് പ്രായശ്ചിത്തം വരുത്തുന്നു.
   (2). ഇതില് ദൈവത്തിന്റെ ഭാഗത്ത് കൃപയും മനുഷ്യന്റെ ഭാഗത്ത് വിശ്വാസവും ഉള്പ്പെടുന്നു.
   (3). കേവലമായ അനുഷ്ഠാന വഴിപാടിലൂടെ ഒരു യാഗവും യാതൊന്നും നേടിയെടുക്കുന്നില്ല. ഈ പ്രവൃത്തിക്ക് പിന്നിലുള്ളത് അര്പ്പിക്കുന്നവന്റെ വിശ്വാസമാണ്.
   (4). യാഗം എന്നത് കേവലം അര്പ്പിക്കുന്നവന്റെ പ്രകാശനത്തേക്കാള് ഉന്നതമാണ്. ഇത് അവന് ചിലത് ചെയ്തു നല്കി. ദൈവവുമായുള്ള ബന്ധം ഇത് പുനഃസ്ഥാപിക്കുന്നു.
   (5). അനുഷ്ഠാനം പ്രായശ്ചിത്തത്തിനുള്ള ദൈവത്തിന്റെ നല്കപ്പെട്ട മാര്ഗ്ഗമാണ്, മറിച്ച് വ്യക്തിപരമായ വിശ്വാസത്തിന് ബദലാകുകയില്ല.
   (6). വിശ്വാസം ചേര്ന്നു പോകാത്ത സകല മതപരമായ പ്രവൃത്തികളും ദൈവം വെറുക്കുന്നു, യെശ. 1:10-20; ആമോസ് 5:21-24; മീഖ. 6:6-8

c. അനുഷ്ഠാനം:
   (1). മഹാപുരോഹിതനുവേണ്ടി, vv. 3-12
      (a) മഹാപുരോഹിതന് - അഭിഷിക്തനായ പുരോഹിതന്
         i. ജനത്തിന്മേല് കുറ്റം വരത്തക്കവണ്ണം പാപം ചെയ്താല്
         ii. വ്യക്തിപരമായ നിലയില് പാപം ചെയ്താല്
         iii. മഹാപുരോഹിതന്, ജനത്തിന്റെ ആത്മീയ പ്രതിനിധി ആയിരിക്കുന്നതിനാല്, അവന് പാപം ചെയ്യുമ്പോള്, സകലരും അവനില് പാപം ചെയ്യുന്നു. ഏകോപിച്ച സംഘടിത കൂട്ടങ്ങളെക്കുറിച്ചുള്ള യെഹൂദ അറിവ് ഇതായിരുന്നു (യോശു. 7; റോമ. 5:12).
      (b) നടപടി ക്രമം:
         i. പുരോഹിതന് ഊനമില്ലാത്ത ഒരു കാളക്കിടാവിനെ യാഗപീഠത്തിലേക്ക് കൊണ്ടു വരണം.
         ii. അവന് അതിന്റെ തലമേല് കൈവയ്ക്കണം.
         iii. മഹാപുരോഹിതന് മൃഗത്തെ അറുക്കേണം.

iv. പുരോഹിതന് രക്തമെടുത്ത് തിരശീലയ്ക്ക് മുമ്പില് ഏഴുപ്രാവശ്യം തളിക്കേണം.
   a) ഇത് സമാഗമന കൂടാരത്തെ ശുദ്ധീകരിക്കുന്നു.
   b) സാദൃശ്യപരമായി ദൈവത്തിങ്കലേക്കുള്ള വഴി തുറക്കുന്നു.
   c) ധൂപപീഠത്തിന്റെ കൊമ്പുകളില് രക്തം പുരട്ടേണം.
   d) ശേഷിക്കുന്ന രക്തം മുഴുവനും ഹോമയാഗപീഠത്തിന്റെ ചുവട്ടില് ഒഴിച്ചു കളയേണം.

v. മൃഗത്തിന്റെ സകല മേദസ്സും യാഗപീഠത്തിന്മേല് ദഹിപ്പിക്കേണം.

vi. കാളയുടെ ശേഷിക്കുന്ന ഭാഗം മുഴുവനും പാളയത്തിന് പുറത്ത്, വിശുദ്ധമായ സ്ഥലത്ത് കൊണ്ടുപോയി, പുറത്ത് വെണ്ണീര് ഇടുന്ന സ്ഥലത്ത് വിറകിന്മേല് വച്ച് തീയിട്ട് ചുട്ടുകളയേണം, v. 12.

(2). യിസ്രായേല് സഭയ്ക്കുവേണ്ടി, vs. 13-21.

(a) ന്യായപ്രമാണത്തിന്റെ കല്പനകള് അനുസരിക്കാതിരിക്കുമ്പോള് അവര് പാപം ചെയ്തു, vv. 13-21.

(b) നടപടിക്രമം

i. മൂപ്പന്മാര് ഊനമില്ലാത്ത ഒരുകാളക്കിടാവിനെ യാഗപീഠത്തിലേക്ക് കൊണ്ടുവരണം.

ii. മൂപ്പന്മാര് കൈകള് അതിന്റെ തലമേല് വയ്ക്കേണം.

iii. മൂപ്പന്മാര് കാളക്കിടാവിനെ അറുക്കേണം.

iv. അഭിഷിക്തനായ പുരോഹിതന് രക്തം എടുത്ത് തിരശീലയ്ക്ക് മുമ്പില് ഏഴു പ്രാവശ്യം തളിക്കേണം.
   a) ഇത് സമാഗമനകൂടാരത്തെ ശുദ്ധീകരിക്കുന്നു.
   b) സാദൃശപരമായി ദൈവത്തിലേക്കുള്ള വഴി തുറക്കുന്നു.
   c) ധൂപപീഠത്തിന്റെ കൊമ്പുകളിന്മേല് രക്തം പുരട്ടേണം.
   d) ശേഷമുള്ള രക്തം മുഴുവനും ഹോമയാഗപീഠത്തിന്റെ ചുവട്ടില് ഒഴിച്ചു കളയേണം.

v. ഇതിന്റെ സകലതും യാഗപീഠത്തിന്മേല് അര്പ്പിക്കുക.

vi. ശേഷിച്ച കാളയെ മുഴുവനും പാളയത്തിനു പുറത്ത് വെണ്ണീര് ഇടുന്ന വെടിപ്പുള്ള സ്ഥലത്ത് കൊണ്ടുപോയി, വിറകിന്മേല് വച്ചു, അവിടെ വച്ചുതന്നെ തീയിട്ടു ചുട്ടുകളയേണം, v. 12.

(3). പ്രമാണിക്കുവേണ്ടി, v. 22-26.

a) പ്രമാണി (നേതാവ്) v. 22-26.

i. ഗോത്ര തലവന്

ii. സമൂഹത്തിലെ ഉത്തരവാദിത്തപ്പെട്ട വ്യക്തി.

iii. മൂപ്പന്

b) നടപടിക്രമം

i. പ്രമാണി ഒരു ആണ്കോലാടിനെ വഴിപാടായി യാഗപീഠത്തിലേക്ക് കൊണ്ടു വരണം.

ii. ശപ്രമാണി തന്റെ കൈകള് മൃഗത്തിന്റെ തലമേല് വയ്ക്കേണം.

iii. പ്രമാണി മൃഗത്തെ അറുക്കേണം.

iv. പുരോഹിതന് പാപയാഗത്തിന്റെ രക്തം വിരല്കൊണ്ട് എടുത്ത് ഹോമയാഗപീഠത്തിന്റെ കൊമ്പുകളില് പുരട്ടി, ശേഷം രക്തം ഹോമയാഗപീഠത്തിന്റെ ചുവട്ടില് ഒഴിച്ചുകളയേണം.

v. സര്വ്വ മേദസ്സും യാഗപീഠത്തിന്മേല് ദഹിപ്പിക്കേണം.

vi. ശേഷിക്കുന്ന മാംസം പുരോഹിതന് ഭക്ഷിക്കുന്നു.

(4). ഒരുത്തനുവേണ്ടി, vv. 27-35

(a) ഒരുത്തനുവേണ്ടി - അബദ്ധവശാല് പിഴച്ചു കുറ്റക്കാരനായി തീര്ന്ന്, പാപം ബോദ്ധ്യ മായാല് ഈ വഴിപാട് അര്പ്പിക്കേണം.

(b) നടപടിക്രമം

i. വ്യക്തി ഊനമില്ലാത്ത പെണ്കോലാടിനെയോ പെണ്ണാടിനെയോ കൊണ്ടുവരണം.

ii. ശആ വ്യക്തി പാപയാഗമൃഗത്തിന്റെ തലയില് കൈവയ്ക്കണം.

iii. ആ വ്യക്തി മൃഗത്തെ അറുക്കേണം.

iv. പുരോഹിതന് അതിന്റെ രക്തം കുറെ എടുത്തു ഹോമയാഗപീഠത്തിന്റെ കൊമ്പു കളില് പുരട്ടിയശേഷം രക്തം യാഗപീഠത്തിന്റെ ചുവട്ടില് ഒഴിച്ചുകളയേണം.

v. മേദസ്സു മുഴുവനും യാഗപീഠത്തിന്മേല് വച്ച് ദഹിപ്പിക്കേണം.

vi. ശേഷമുള്ള മാംസം പുരോഹിതന്മാര്ക്ക് ഭക്ഷിക്കാം.

(5). പാപയാഗത്തില് ഉള്പ്പെടുന്ന പ്രത്യേകമായ വിഷയങ്ങള്, 5:1-13 (ഉടമ്പടിപ്രകാരമുള്ള പങ്കാളിക്കെതിരെയുള്ള മനഃപൂര്വ്വമായ പാപങ്ങള് ഇതില് ഉള്പ്പെടുന്നു).

(a) ഒരു സാക്ഷി, മുന്നോട്ടു കടന്നുവന്ന് സാക്ഷ്യം പറയാതിരുന്നാല് (അറിഞ്ഞ കാര്യങ്ങള് പറയുന്നതില് വീഴ്ച സംഭവിച്ചാല്), 5:1

(b) അശുദ്ധമൃഗത്തെ സ്പര്ശിക്കുന്നത്, 5:2

(c) അശുദ്ധനായ മനുഷ്യനെ സ്പര്ശിക്കുന്നത്, 5:3
(d) നിര്വിചാരമായി സത്യം ചെയ്താല്, 5:4
(e) മുകളിലെ പാപങ്ങള്ക്കുള്ള വഴിപാടുകള്:
i. ചെമ്മരിയാട്ടിന്കുട്ടി അഥവാ കോലാട്ടിന്കുട്ടി.
ii. ശരണ്ടു കുറുപ്രാവോ രണ്ടു പ്രാവിന്കുഞ്ഞോ.
iii. ഒരിടങ്ങഴി നേരിയ മാവ്.

(6). പാപയാഗ അനുഷ്ഠാനം, 6:24-30
(a) ശേഷമുള്ളത് പുരോഹിതന് കഴിക്കാം.
(b) വസ്ത്രത്തിന്മേല് രക്തം തെറിച്ചാല്, വസ്ത്രം കഴുകേണം.
(c) രക്തം മണ്പാത്രത്തിന്മേല് തെറിച്ചാല്, പാത്രം പൊട്ടിച്ചു കളയേണം.
(d) രക്തം ചെമ്പുകലത്തില് വീണാല്, അതു തേച്ചുമഴക്കി വെള്ളംകൊണ്ടു കഴുകേണം.
(e) വിശുദ്ധമന്ദിരത്തില് പ്രായശ്ചിത്തം കഴിപ്പാന് രക്തം കൊണ്ടുവരുന്ന പാപയാഗത്തെ തിന്നരുത്; അതിന്റെ മാംസം പുരോഹിതന്മാര് തിന്നരുത്, തീയില് ഇട്ട് ചുട്ടുകള യേണം.

(7). പാപയാഗത്തിന്റെ പ്രാധാന്യം
(a) മനഃപൂര്വ്വമായ പാപത്തിന് യാതൊരു വഴിപാടുമില്ല - അബദ്ധവശാല് ചെയ്ത പാപത്തിനും, അറിയാതിരുന്ന പിഴയ്ക്കും മാത്രമാണ്, 5:15, 18.
(b) ഏതിലാണ് പാപക്ഷമ ഉള്പ്പെട്ടിരിക്കുന്നത്:
i. മനുഷ്യന്റെ ഭാഗം വിശ്വാസം.
ii. ദൈവത്തിന്റെ ഭാഗം കരുണ.

**5. അദ്ധ്യായം 5:14-19 അകൃത്യ യാഗം**

a. ആമുഖം
(1). പാപയാഗം ഒരു വ്യക്തി ചെയ്തുപോയ പാപവുമായി ബന്ധപ്പെട്ടിരിക്കുമ്പോള്, അകൃത്യ യാഗം, ആ പാപം മുഖാന്തരം ഉടമ്പടി പ്രകാരമുള്ള പങ്കാളിക്ക് അനുഭവപ്പെട്ട നഷ്ടങ്ങളെയും, എന്ത് പ്രായശ്ചിത്തമാണ് അതിന് സാധ്യമായിരിക്കുന്നതെന്നും അന്വേഷിക്കുന്നു.
(2). പാപയാഗവും അകൃത്യയാഗവും തമ്മില് വളരെ സാമ്യമുണ്ട്.
(3). ഒരു വ്യക്തിയുടെ അവകാശങ്ങള് പത്തു കല്പനകളില് രേഖപ്പെടുത്തിയിരിക്കുന്നു (പുറ. 20; ആവര്. 5).
(a) ഭവനം
(b) നന്മ കൂട്ടിവയ്ക്കുന്നത്
(c) ജീവന്
(4). ഈ വഴിപാട് നമ്മുടെ സഹോദരന് സംഭവിച്ച ഉപദ്രവത്തെ ഊന്നിപ്പറയുകയും, അതിക്രമത്തിന് പ്രായശ്ചിത്തമായി, പിഴച്ചതിനു പകരം മുതലും അതിനോട് അഞ്ചിലൊന്നു കൂട്ടിയും അവന് പുരോഹിതനു കൊടുക്കണം.

b. വഴിപാട് ആവശ്യമായ പാപങ്ങള്
(1). ദൈവത്തിന് എതിരായോ അവന്റെ വിശുദ്ധ വസ്തുക്കളെ സംബന്ധിച്ചോ:
(a) ആദ്യഫലം
(b) ആദ്യജാതന്, 14-16
(c) ദശാംശം
(d) തെറ്റായ നിലയില് നല്കപ്പെടുന്ന വഴിപാട്
(e) വിലകുറഞ്ഞ വഴിപാടുകള്
(2). ചെയ്യരുതെന്ന് യഹോവ കല്പിച്ചിട്ടുള്ള വല്ല കാര്യത്തിലും ആരെങ്കിലും പിഴച്ചിട്ട്, അവന് അറിയാതിരുന്നാലും അവന് കുറ്റക്കാരനാകുന്നു; അവന് തന്റെ കുറ്റം വഹിക്കേണം.

F. അനേക കാരണങ്ങള്ക്കു വേണ്ടി അര്പ്പിക്കപ്പെട്ട പുരാതന യാഗങ്ങള്:
a. കോപത്തിലുള്ള ദൈവത്തെ പ്രസാദിപ്പിക്കാന്
b. ദൈവത്തെ പോഷിപ്പിക്കാന്
c. ദൈവവുമായുള്ള കൂട്ടായ്മയ്ക്ക്
d. സ്തോത്രത്തിന്റെ പ്രവൃത്തി
e. പാപക്ഷമയ്ക്കും നിരപ്പിനുമുള്ള ആവശ്യബോധം

## VII. **സാഹിത്യരൂപം** (**പശ്ചാത്തലം**)

A. ഹ്രസ്വമായ രേഖാരൂപം.
1. അദ്ധ്യായങ്ങള് 1-16 - വിശുദ്ധനായ ദൈവത്തെ എങ്ങനെ സമീപിക്കാം?
2. അദ്ധ്യായങ്ങള് 17-26 - വിശുദ്ധനായ ദൈവവുമായുള്ള കൂട്ടായ്മയില് ഒരു വ്യക്തി എങ്ങനെ പിന്തുടരും?

B. "ദൈവം മോശെയോട് (അഹരോനോട്) അരുളിച്ചെയ്തു" എന്ന എഴുത്തുകാരന്റെ സ്വന്ത ഉപയോഗത്തിലുള്ള ആമുഖ വാക്യം.

1. വെളിപ്പാടിന്റെ രൂപത്തിലുള്ള വസ്തുതകള് ഒരു കാലഘട്ട സമയത്തിനിടയില് നല്കപ്പെട്ടതായി ഇതര്ത്ഥമാക്കുന്നു.
2. ഈ ആമുഖ വാക്യം രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങള്:
1:13:17; 4:15:13; 5:1419; 5:2026; 6:111; 6:1216; 6:177:21; 7:2238; 8:110:20; 11:147; 12:18; 13:159; 14:132; 14:3357; 15:133; 16:134; 17:116; 18:13; 19:137; 20:127; 21:124; 22:116; 22:1725; 22:2633; 23:18; 23:922; 23:2632; 23:3344; 24:123; 25:126:46; 27:134.

C. വിപുലമായ രേഖാരൂപം:

1. അശുദ്ധി നീക്കിക്കളയുന്നു, അദ്ധ്യാ. 1-16
    a. യാഗങ്ങളുടെ നിയമങ്ങള്, 1:1-7:38
        (1). ഹോമയാഗം, 1:3-17; 6:8-13
        (2). ഭോജനയാഗം, 2:1-17; 6:14-23
        (3). സമാധാനയാഗം, 3:1-17; 7:33; 7:11-21
        (4). പാപയാഗം, 4:1; 5:13; 6:24-30
        (5). അകൃത്യയാഗം, 5:14; 6:7; 7:1-10
            (a) ദൈവത്തിന്റെ ഉടമ്പടിക്ക് വിരുദ്ധമായ മനഃപൂര്വ്വമല്ലാത്ത പാപങ്ങള്, 4:1-35; 5:14-19
            (b) ഉടമ്പടി പ്രകാരമുള്ള സഹോദരനെതിരായ മനഃപൂര്വ്വമായ പാപങ്ങള്, 5:1-13; 6:1-7 (1-6:7 അദ്ധ്യായങ്ങള് വ്യക്തികള്ക്കുവേണ്ടി, അദ്ധ്യായങ്ങള് 6:8-7:3വരെ പുരോഹിതന്മാര്ക്ക്).
    b. പുരോഹിതന്മാരെ ശുദ്ധീകരിക്കുന്നു, 8:1-10:20
        (1). അഭിഷേകത്തിനായുള്ള ഒരുക്കം, 8:1-5
        (2). കഴുകല്, വസ്ത്രധാരണം, അഭിഷേകം, 8:6-13
        (3). അഭിഷേകയാഗം, 8:14-32
        (4). മോശെ അഹരോനോട് നിര്ദ്ദേശങ്ങള് നല്കുന്നു, 9:1-7
        (5). അഹരോനും പുത്രന്മാരും ആരംഭിക്കുന്നു, 9:8-21
        (6). അഹരോന് ജനത്തെ അനുഗ്രഹിക്കുന്നു, ദൈവത്തെ സ്തുതിക്കുന്നു.
        (7). നാദാബിന്റെയും അബീഹൂവിന്റെയും പാപം, 10:1-3
        (8). അവരുടെ വിധിയും നീക്കലും, 10:4-7
        (9). ശുശ്രൂഷയിലായിരിക്കുമ്പോള് വീഞ്ഞ് കുടിക്കരുത്, 10:8-11
        (10). പുരോഹിതന്റെ ഭാഗത്തുള്ള യാഗങ്ങള്, 10:12-20
    c. വിശുദ്ധവും അശുദ്ധവും, അദ്ധ്യായങ്ങള് 11-15
        (1). മൃഗങ്ങള്, അദ്ധ്യായം - 11 (ആവര്. 14:6-20)
        (2). ശിശുജനനം, അദ്ധ്യായം - 12
        (3). ത്വക്ക് രോഗങ്ങള്, അദ്ധ്യായങ്ങള് 13-14
            (a) പുരുഷനില്, 13:1-46
            (b) വസ്ത്രത്തിന്മേല്, 13:47-59
            (c) ശുദ്ധീകരണം, 14:1-32
            (d) ഭവനത്തില്, 14:33-53
            (e) സംക്ഷിപ്തം, 14:54
        (4). ശാരീരിക പ്രവാഹവേഗത്തില് നിന്നുള്ള ശുദ്ധീകരണം (സ്ത്രീയും പുരുഷനും) അദ്ധ്യായം-15
    d. പാപ പരിഹാര ദിവസം (യോം കിപ്പൂര്), ശുദ്ധീകരണത്തിന്റെ വാര്ഷിക ദിനം-അദ്ധ്യായം 16 (ഇത് 1-16 വരെയുള്ള അദ്ധ്യായങ്ങളുടെ സംക്ഷേപമാണ്).
        (1). പൗരോഹിത്യ തയ്യാറെടുപ്പ്, 16:1-4
        (2). മഹാപുരോഹിതനുള്ള പാപയാഗം, 16:5-10
        (3). അനുഷ്ഠാനം, 16:23-28
        (4). വാര്ഷിക നിയമ നിര്വ്വഹണം, 16:29-34
2. ദൈവവുമായുള്ള വിശുദ്ധിയും കൂട്ടായ്മയും പുനഃസ്ഥാപിക്കുന്നു - അദ്ധ്യായം 17-26
    a. യാഗരക്തം, 17:1-16
    b. മതപരവും ധാര്മ്മികവുമായ മാനദണ്ഡം, 18:1-20:27
        (1). അഗമ്യഗമനം
        (2). ലൈംഗിക പാപങ്ങള്
        (3). ശിക്ഷകള്, അദ്ധ്യായം 20
    c. പുരോഹിതന്മാരുടെ വിശുദ്ധി, 21:1-22:33
    d. വാര്ഷിക ഉത്സവ ദിനങ്ങളിലെ വിശുദ്ധി, 23:1-24:23
        (1). ശബ്ബത്ത്, 22:1-3
        (2). പെസഹ, പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാള്, 23:5-8
        (3). ആദ്യഫല പെരുന്നാള്, 23:9-14

(4). കൊയ്ത്തുത്സവം, 23:15-24
(5). പെന്തക്കോസ്ത്, 23:23-25
(6). പാപ പരിഹാര ദിവസം, 23:26-32 (ഉപവാസദിനം)
(7). കൂടാര പെരുന്നാള്, 23:33-43

e. പ്രത്യേക വര്ഷങ്ങള്, 25:1-55
(1). ശബ്ബത്ത് വര്ഷം, 2-7
(2). യോബേല് സംവത്സരം, 8-55
(a) ആചരണം, v. 8-12
(b) പ്രയോജനം, v. 13-34
(c) ഓരോ ഉടമ്പടി വ്യക്തികളുടെയും വിലയും സ്വാതന്ത്ര്യവും, v. 35-55

f. ഉടമ്പടി അനുഗ്രഹങ്ങളും ശാപങ്ങളും 26:1-46

3. അനുബന്ധം: (നേര്ച്ചകള്) 27:1-34
a. വ്യക്തികള്, v. 1-8
b. മൃഗങ്ങള്, v. 9-13
c. വീടുകള്, v. 14-15
d. അവകാശനിലം, v. 16-25
e. കടിഞ്ഞൂലുകള്, v. 26-27
f. ശപഥാര്പ്പിതം, v. 28-39
g. ദശാംശം, v. 30-34

## VIII. **പ്രധാന സത്യങ്ങള്**:

A. ലേവ്യാപുസ്തകം യിസ്രായേല് ജനത്തിന്റെ മതപരമായ ജീവിതത്തെയും പൗരന്മാരുടെ നിയമ ത്തിന്റെ അടിസ്ഥാനങ്ങളെയും പൗരോഹിത്യത്തിന്റെ കടപ്പാടുകളും പ്രതിപാദിക്കുന്നു. പുറ. 25-40 വരെ വിവരിച്ചിരിക്കുന്ന സമാഗമന കൂടാരത്തിന്റെ ഉപയോഗത്തിനു വേണ്ടിയുള്ള നിര്ദ്ദേശങ്ങളും ഇത് നല്കുന്നു.

B. പാപിയായ മനുഷ്യന് എങ്ങനെ വിശുദ്ധനായ ദൈവത്തെ കണ്ടുമുട്ടുവാനും അവനുമായുള്ള കൂട്ടായ്മ എങ്ങനെ നിലനിര്ത്താമെന്നും ഇത് വിവരിക്കുന്നു. ഈ പുസ്തകത്തിന്റെ പ്രധാനപ്പെട്ട വിഷയം "വിശുദ്ധി"യാണ് (11:44, മത്താ. 5:48).

C. അത്ഭുതങ്ങളുടെ അത്ഭുതം. പാപിയായ മനുഷ്യന് ദൈവത്തിന്റെ അടുക്കല് വരുവാന് ദൈവം ആഗ്രഹിച്ച്, അവനുവേണ്ടി ഒരുവഴി തയ്യാറാക്കി. അതാകുന്നു യാഗ സമ്പ്രദായം.

D. ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുന്നു.
1. യാഗങ്ങള് നല്കിയതില്, അദ്ധ്യായം 1-7 (കൃപ)
2. ചരിത്രപരമായ പ്രവൃത്തികളില്, അദ്ധ്യായം 8-10 (നീതി)
3. തന്റെ ജനത്തോടുള്ള നിരന്തരമായ സാന്നിദ്ധ്യത്തില് (വിശ്വസ്തത)

## IX. **ഹ്രസ്വമായി നിര്വചിക്കേണ്ട വാക്കുകളും പദങ്ങളും വ്യക്തികളും**


A. വാക്കുകളും പദങ്ങളും
1. പ്രായശ്ചിത്തം, 1:4; 4:26 (NASB , NIV)
2. സൗരഭ്യവാസനയായ യാഗം, 1:9,13 (പ്രസാദകരമായ സൗരഭ്യം)
3. അബദ്ധവശാല്, 4:1, 22, 27; 5:15-18; 22:14 (NASB , NIV)
4. പകരം കൊടുക്കുക, 6:5 (NASB , NIV)
5. നീരാജനയാഗം, 7:30 (NIV)
6. വിശുദ്ധി (ഖാദോഷ്) 11:44 (NASB , NIV)
7. കുഷ്ഠം, 13:1 (NIV, സംക്രമ ത്വക്ക് രോഗം)
8. ബലിമൃഗം, 16:8 (NASB , NIV)
9. ഭൂതങ്ങളുടെ ബലി, 17:7 (NIV)
10. ആഭിചാരം, 19:26 (NIV, മന്ത്രവാദം)
11. യോബേല് സംവത്സരം, 25:30 (NASB , NIV)


B. ഹ്രസ്വമായി നിര്വചിക്കേണ്ട വ്യക്തികള്:
1. നാദാബും അബീഹൂവും, 10:1
2. അസസേല്, 16:8, 10 ( NIV, ബലിമൃഗത്തിനുവേണ്ടി)
3. മോലേക്ക്, 18:21; 20:2

X. **ഭൂപട സ്ഥലങ്ങള്** - ഒന്നുമില്ല

XI. **വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്**:

1. യാഗങ്ങള് എന്തിനെയാണ് പ്രതിനിധീകരിക്കുന്നത്? എന്തുകൊണ്ടാണ് "രക്തം" ആവര്ത്തിച്ച് ഉപയോഗിച്ചിരിക്കുന്നത്? (3:17; 7:26; 17:11)
2. മനുഷ്യന്റെ പാപം ക്ഷമിക്കുന്നതിന് മൃഗത്തിന്റെ മരണത്തിന് എങ്ങനെ കഴിയും?
3. 5 വിധ യാഗങ്ങളില് മൂന്ന് യാഗങ്ങള് സ്വമേധാ യാഗങ്ങളായതെന്തുകൊണ്ട്?
4. മരണത്തിന് യോഗ്യമായ എന്ത് പ്രവൃത്തികളാണ് അഹരോന്റെ മക്കള് ചെയ്തത്?
5. വിശുദ്ധവും അശുദ്ധവുമായ മൃഗങ്ങള് തമ്മിലുള്ള വ്യത്യാസമെന്തുകൊണ്ട്?
6. യിസ്രായേലിന്റെ സകല ഉത്സവങ്ങളിലും വച്ച് പാപപരിഹാര ദിവസത്തിനുള്ള ഏകമായ പ്രത്യേകതയെന്ത്?
7. യോബേല് സംവത്സരത്തിനും ശബ്ബത്ത് വര്ഷത്തിനും പിന്നിലുള്ള സത്യം എന്താകുന്നു?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# സംഖ്യാപുസ്തകത്തിന് ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. എബ്രായ ബൈബിളില് (MT), ഇതിന്റെ തലക്കെട്ട്, "മരുഭൂമിയില്" എന്നാകുന്നു. ഇത് ആദ്യത്തെ വാക്കല്ല, മറിച്ച് ആദ്യത്തെ വരിയിലെ അഞ്ചാമത്തെ വാക്ക്.

B. LXX -ല് ഇതിന്റെ തലക്കെട്ട്, "സംഖ്യാ" എന്നാകുന്നു, കാരണം രണ്ടു പ്രാവശ്യം, അദ്ധ്യായങ്ങള് 1-4, 26, കണക്കെടുപ്പ് എടുക്കുന്നുണ്ട്.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോനിലെ ആദ്യത്തെ ഭാഗമായ, "തോറ" "ന്യായപ്രമാണം" അഥവാ "ഉപദേശങ്ങള്" എന്ന വിഭാഗത്തിലെ ഒരു പുസ്തകമാണിത്.

B. LXX -ല് ഈ ഭാഗം പഞ്ചഗ്രന്ഥങ്ങള് എന്നറിയപ്പെടുന്നു.

C. ഇംഗ്ലീഷില് ഇത് പലപ്പോഴും "മോശെയുടെ അഞ്ച് പുസ്തകങ്ങള്" എന്ന് വിളിക്കപ്പെടുന്നു.

D. ഉല്പത്തി മുതല് ആവര്ത്തനം വരെ സൃഷ്ടിയുടെ സമയം മുതല് മോശെയുടെ ജീവിതം വരെയുള്ള തുടര്മാനമായ മോശെയുടെ വിവരണങ്ങളില് ഇത് ഉള്പ്പെടുന്നു.

## III. സാഹിത്യശൈലി

ഇത് പുറപ്പാടുമായി വളരെ സാമ്യമുള്ള പുസ്തകമാണ്. ചരിത്രപരമായ സംഭവ വിവരണവും നിയമനിര്വ്വഹണവും, ബിലെയാമിന്റെ പുരാതനമായ കാവ്യ അരുളപ്പാടുകളുടെയും ഒരു സംയോജനമാണ് (സംഖ്യ. 23-24).

## IV. എഴുത്തുകാരന്

A. എഴുതപ്പെട്ട ഉറവിടത്തെക്കുറിച്ച് രേഖപ്പെടുത്തപ്പെട്ട പഞ്ചഗ്രന്ഥത്തിലെ ആദ്യത്തെ പുസ്തകമാണിത്, "യഹോവയുടെ യുദ്ധപുസ്തകത്തില്" 21:14-15. മറ്റ് എഴുതപ്പെട്ട ഗ്രന്ഥങ്ങള് മോശെ ഉപയോഗിച്ചിരുന്നുവെന്ന് ഇത് വളരെ വ്യക്തമായി നമുക്ക് ചൂണ്ടിക്കാണിക്കുന്നു.

B. മരുഭൂമിയിലെ അലഞ്ഞുതിരിഞ്ഞ കാലഘട്ടത്തിലെ സംഭവ വികാസങ്ങള് മോശെ എഴുതി രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് ഈ പുസ്തകം സ്ഥാപിക്കുന്നു.

C. ചിലര് കൂടുതലായി എഴുതി സംയോജിപ്പിച്ചതായി സംഖ്യാപുസ്തകം അനേക തെളിവുകള് നല്കി സമര്ത്ഥിക്കുന്നു (ഒരുപക്ഷെ യോശുവയോ ശമുവേലോ).
1. 12:1-3  2. 13:22  3. 15:22-23  4. 21:14-15  5. 32:33  6. 32:33

D. നേരിട്ടുള്ള ഉദ്ധരണികളില് ഒഴികെ, മോശെയെ ത്രിതീയ പുരുഷനില് ആകുന്നു പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത്. ഈ വസ്തുതകളെല്ലാം കൂട്ടി സംയോജിപ്പിക്കുന്നതിനായി മോശെ മറ്റ് ശാസ്ത്രിമാരുടെ സഹായം തേടിയിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

E. രണ്ട് യിസ്രായേലിതര സാഹിത്യരൂപങ്ങള് സംഖ്യാപുസ്തകത്തില് ഉപയോഗിച്ചിരിക്കുന്നുവെന്നത് അതിശയമാണ്. (1) അമോര്യരുടെ പരിഹാസ കാവ്യം 21:27-30 (30-ാം വാക്യം യിസ്രായേല്യര് കൂട്ടിച്ചേര്ത്തതായിരിക്കാം). (2) മോവാബ്യരാജാവായ ബാലാക്കുമായുള്ള ബിലെയാമിന്റെ സംഭാ ഷണം 3-24 ഈ പുസ്തക സംയോജനത്തില് വാമൊഴിയായും വരമൊഴിയായും ലഭിച്ചിരിക്കുന്ന വിവരങ്ങള് രേഖപ്പെടുത്തിയിരിക്കുന്നു എന്നത് അവ നമ്മെ ചൂണ്ടിക്കാണിക്കുന്നു (യഹോവയുടെ യുദ്ധപുസ്തകം)

## V. എഴുതിയ കാലം

A. പുസ്തകം തന്നെ എഴുതിയ കാലഘട്ടം നമുക്ക് നല്കുന്നു:

1. പുറപ്പാടിന്റെ രണ്ടാം സംവത്സരം രണ്ടാം മാസം ഒന്നാം തീയതി ആയിരുന്നു ഇതെന്ന് 1:1; 10:10 എന്നീ വേദഭാഗങ്ങള് പറയുന്നു. ഇതിനുശേഷം 38 വര്ഷത്തെ ചുറ്റിനടക്കല് കാലഘട്ടം ഉണ്ടായിരുന്നു.
2. പുറപ്പാടിനു ശേഷം രണ്ടാം സംവത്സരം ഒന്നാം മാസം എന്ന് 9:1 പറയുന്നു.

B. പുറപ്പാടിന്റെ സമയം അനിശ്ചിതമാണ്. ഒരുപക്ഷെ 1445 B.C. അല്ലെങ്കില് 1290 B.C.

## VI. **ചരിത്രപരമായ പശ്ചാത്തലത്തെ സ്ഥിരീകരിക്കുന്ന ഉറവിടങ്ങള്**:

A. മിസ്രയീമ്യ സംസ്കാരത്തെ അതുല്യമായി പ്രതിഫലിപ്പിക്കുന്ന നാല് കാര്യങ്ങള് സംഖ്യാപുസ്തകത്തില് നിന്നും ലഭിക്കുന്നുണ്ട്.
1. എബ്രായ പാളയങ്ങളിലെ ഗോത്രങ്ങളുടെ കൈവശപ്പെടുത്തലിന്റെ മാതൃകയും (സംഖ്യാ. 2:1-31; 10:11-33), ഗോത്രങ്ങളുടെ അണിയണിയായുള്ള ക്രമീകരണം (സംഖ്യാ. 1-7). അര്മര്ണ രേഖകളില് നിന്ന് അറിയപ്പെട്ടിരുന്നതുപോലെ രാമെസിസ് II, തന്റെ സിറിയന് സൈനീക പ്രവര് ത്തന സമയത്ത് ഉപയോഗിച്ച ക്രമവുമായി ഇത് ഒത്തുവരുന്നു. 1300 B.C. കാലഘട്ടത്തിലുള്ള ഈ കനാന്യ രേഖകള് കനാനും മിസ്രയീമും തമ്മിലുള്ള സാമൂഹികവും, രാഷ്ട്രീയവും മതപരവുമായ പരസ്പര പ്രവര്ത്തനങ്ങളെ വിവരിക്കുന്നുണ്ട്. B.C. ആദ്യ സഹസ്രാബ്ദത്തിലെ അസീറിയന് കാലഘട്ടത്തില് നിന്നു തന്നെ മിസ്രയീമ്യ മാതൃകകളും ക്രമീകരണങ്ങളും മാറിയിരുന്നതായി നമുക്ക് പഠിക്കുവാന് കഴിയുന്നുണ്ട്. അശൂര് ഒരു വൃത്താകൃതിയിലാണ് താമസിച്ചിരുന്നത്.
2. സംഖ്യാ. 10 -ലെ വെള്ളി കാഹളങ്ങള് തന്നെ മിസ്രയീമ്യ ഉറവിടങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഏകദേശം B.C. 1350 കാലഘട്ടത്തില് ജീവിച്ചിരുന്ന ടുറ്റന്ഖാമെനിന്റെ ഭരണകാലത്ത് ഇതിനെക്കുറിച്ച് പ്രതിപാദിച്ചിരുന്നതായി പുരാവസ്തുശാസ്ത്രം പ്രത്യേകമായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, മതപരവും പൗരസംബന്ധവുമായ ഉദ്ദേശങ്ങള്ക്കുവേണ്ടി ഉപയോഗിച്ചിരുന്ന വെള്ളി കാഹളങ്ങളെക്കുറിച്ച് അര്മര്ണ രേഖകളില് രേഖപ്പെടുത്തിയിരിക്കുന്നത് സാധാരണമാണ്.
3. 15, 16 നൂറ്റാണ്ടുകളില് ഭരിച്ചിരുന്ന രാജഭരണകര്ത്താക്കളായ ടലാശശേര ഭരണാധികാരിയായ \ഹിക്സൊസാണ് കുതിരകളാല് നയിക്കപ്പെടുന്ന രഥങ്ങള് മിസ്രയീമില് അവതരിപ്പിച്ചത്. കാളകള് ഓടിച്ചിരുന്ന വണ്ടികളും മിസ്രയീമില് അക്കാലത്ത് പ്രത്യേകതയായിരുന്നു. ഇതൊക്കെയും 1470 B.C. കാലഘട്ടത്തിലുള്ള തുറ്റ്മോസ് III -ന്റെ സിറിയന് സൈനീക പ്രവര്ത്തന സമയത്ത് കാണാവുന്നതാണ്. കനാന് വളരെയധികം മലകളുള്ളതും കുന്നും കുഴിയുമുള്ള സ്ഥലമാകയാല് ആയിരിക്കാം, കനാന് നിവാസികള് ഇത്തരത്തിലുള്ള ചരക്ക് വണ്ടികളുമായി വലിയ പരിചയമില്ലാത്തത്. ഇത്തരത്തിലുള്ള വണ്ടികളാണ് യാക്കോബിനെ കൊണ്ടുവരുവാനായി അയച്ചത് (ഉല്പ. 45:19; 21,27). പുറപ്പാടില് എബ്രായരും അത് ഉപയോഗിക്കുവാന് ആരംഭിച്ചു (സംഖ്യാ. 7:3,6,7).
4. അവസാനമായി, എബ്രായര് മിസ്രയീമ്യ ഘടകങ്ങളായി അനുകരിക്കുവാന് ശ്രമിച്ച ഏറ്റവും വലിയ വസ്തുത സര്വാംഗം ക്ഷൗരം ചെയ്യുന്നതായിരുന്നു (8:7).

B. 1-4, 26 അദ്ധ്യായങ്ങളില് രേഖപ്പെടുത്തിയിരിക്കുന്ന രണ്ട് കണക്കെടുപ്പുകള് താരതമ്യം ചെയ്തിരിക്കുന്നു:
1. 1700 B.C.യില് നിന്നു ലഭ്യമായ ങമൃശ ഠമയഹലേ.
2. 2900-2300 B.C.യില് മിസ്രയീമിന്റെ രാജവംശ കാലഘട്ടത്തില് നിന്ന് ലഭിച്ച ഒരു രേഖ.

## VII. **സാഹിത്യരൂപം** (**പശ്ചാത്തലം**)

A. ഭൂമിശാസ്ത്രപരമായ പശ്ചാത്തലത്തില് നിന്നുള്ള ഹ്രസ്വമായ രൂപരേഖ.
1. വാഗ്ദത്തദേശത്തിലേക്കുള്ള യാത്രയ്ക്കാവശ്യമായ തയ്യാറെടുപ്പുകള് സീനായ് പര്വ്വതത്തില് നടക്കുന്നു, 1:1-10:10
2. വാഗ്ദത്ത ദേശത്തിലേക്കുള്ള യാത്ര, 10:11-21:35
   a. കാദേശിലേക്ക് - 10:11 - 12:16
   b. കാദേശില് - 13:1 - 20:13
   c. കാദേശില് നിന്ന് - 20:14 - 21:35
3. മോവാബ് സമഭൂമിയിലെ സംഭവങ്ങള്, 22:1 - 36:13

B. വിശദമായ രൂപരേഖ:
   1. R.K. Harrison, Introduction to the Old Testament, pp. 614-615.
   2. E. J. Young, An Introduction to the Old Testament, pp. 84-90.
   3. NIV Study Bible, pp. 187-188.

C. അസാധാരണമായ വസ്തുക്കളുടെ വ്യവസ്ഥ മുഖാന്തരമാണ്, സംഖ്യകള് വിലയിരുത്തുവാനുള്ള വിഷമതകളിലൊന്ന്, ന്യായപ്രമാണവും ചരിത്രസംഭവ വിവരണങ്ങളും കൂട്ടിച്ചേര്ത്തതും അതിന്റെ കൂടെ പലവിധത്തിലുള്ള വസ്തുതകളും ചേര്ന്നതാണ്. ഇതിന്റെ ഘടനയെ കുറിക്കുന്ന ചില തത്വങ്ങള്:

1. "documentary hypothesis" നെ പിന്താങ്ങുന്നവര് ഇത് ഉപയോഗിച്ചിരുന്നതായി വ്യക്തമാണ്. J.E.D.P. പുസ്തകത്തെ അനേക ചരിത്രപരമല്ലാത്തതും മോശൈകമല്ലാത്തതുമായ ഉറവിടങ്ങള് ആയി വിഭജിച്ചിരിക്കുന്നു.
2. ശാസ്ത്രിമാരുമായുള്ള സംഭാഷണത്തില്, തന്റെ ജീവിതകാലത്തിന്റെ അവസാനത്തിങ്കല്, മോശൈക വസ്തുതകളെ സംയോജിപ്പിക്കുന്നതിനെക്കുറിച്ച് ഖ.ട. ണ്യശഴവേ നിര്ദ്ദേശം മുന്നോട്ടു വച്ചു. സംഖ്യാപുസ്തകത്തിന്റെ ഭാഗം ഭാഗമായുള്ള സ്വഭാവം വിഖ്യാതമാണ്, എന്നാല് അത് മോശെയുടെ ജീവിതകാലത്തേക്ക് നീക്കി മാറ്റിവച്ചിരിക്കുന്നു.
3. Gordon J. Wenham തന്റെ പുസ്തകത്തില് (Tyndale Commentary on Numbers, p. 14-18), പുറപ്പാട്, ലേവ്യാ, സംഖ്യാ എന്നീ പുസ്തകങ്ങളിലെ വസ്തുതകള് ഉപയോഗിച്ച് ഒരു ത്രിവര്ഗ്ഗ സമാന്തരത്വം നിര്ദ്ദേശിക്കുകയും, അതിനെ മൂന്ന് യാത്രകളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു: (1) ചെങ്കടല് മുതല് സീനായി വരെ (2) സീനായി മുതല് കാദേശ് വരെ, (3) കാദേശ് മുതല് മോവാബ് വരെ. ഇത് ചെയ്യുന്നതിലൂടെ "യാത്രകളും" "നില്പുകളും" ആയി ബന്ധപ്പെട്ട വസ്തുതകള് തമ്മിലുള്ള ശ്രദ്ധേയമായ സമാന്തരത്വം വളരെ പ്രകടമാണ്. ഈ ത്രിവര്ഗ്ഗ സമാന്തരത്വം അദ്ദേഹം ഉല്പ. 1-11, ഉല്പ. 12-50, ആവര്ത്തനം എന്നിവയുമായി ബന്ധപ്പെടുത്തുന്നു. ഇത് ശുഭപ്രതീക്ഷ നല്കുന്നതായി കാണപ്പെടുന്നു. ഇത് ചൂണ്ടിക്കാണിക്കുന്നത് പുരാതന കിഴക്കന് ദേശങ്ങളിലുള്ള എഴുത്തുകാര്ക്ക് അവരുടെ സാഹിത്യ രൂപങ്ങളെ നിയന്ത്രിക്കുന്ന തരത്തിലുള്ള സാഹിത്യഘടനകളും മാതൃകകളും ഉണ്ടായിരുന്നുവെന്നാകുന്നു, എന്നാല് പാശ്ചാത്യരായ നമുക്ക് അത് വളരെ അപരിചിതമാണ്.

## VIII. **മുഖ്യമായ സത്യങ്ങള്**:

A. ഉല്പത്തി പുസ്തകത്തില് ആരംഭിച്ച ചരിത്രപരമായ സംഭവ വിവരണങ്ങളുടെ തുടര്ച്ചയാകുന്നു ഇത്. എന്നാല് ഇതൊരു "പാശ്ചാത്യ ചരിത്രമല്ല" മറിച്ച് കിഴക്കന് ദൈവശാസ്ത്ര ചരിത്രമാണെന്ന് ഓര്മ്മിക്കേണ്ടതാകുന്നു. സംഭവങ്ങള് കാലാനുക്രമമായ നിരയിലല്ല സവിസ്തരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് മറിച്ച്, ദൈവത്തിന്റെയും യിസ്രായേലിന്റെയും സ്വഭാവം വെളിപ്പെടുത്തുന്നതിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങള് മാത്രമാണ്.

B. ഇത് ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു:
   1. മേഘത്തിന്മേല് അവന്റെ സാന്നിദ്ധ്യം കാണപ്പെടുന്നു.
      a. മേഘം സാക്ഷ്യ്കൂടാരമെന്ന "തിരുനിവാസത്തെ" മൂടി, 9:15, ദൈവവും മനുഷ്യനും തമ്മില് കണ്ടുമുട്ടേണ്ട വഴിയും, സ്ഥലവും എന്ന നിലയില് ദൈവം ഇതും ഇതിന്റെ നടപടി ക്രമങ്ങളും സ്വീകരിച്ചു.
      b. മേഘം യിസ്രായേല് മക്കളെ നയിച്ചു, 9:17-23. ദൈവം അവരോടുകൂടെ ഉണ്ടായിരുന്നു, തന്റെ സാന്നിദ്ധ്യത്താല് തന്നെ അവരെ നയിക്കുകയുണ്ടായി.
      c. മേഘത്തില് ദൈവത്തില് ദൈവത്തിന്റെ സാന്നിദ്ധ്യം നിറയുകയും തന്നെത്താന് മോശെയ്ക്ക് വെളിപ്പെടുത്തപ്പെടുകയും ചെയ്യുന്നു, 11:17,25; 16:42-43.
      d. വെളിപ്പാടിലും ന്യായവിധിയിലും മേഘം ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ ഒരു സാദൃശ്യമായി തീരുന്നു, 12:1-8; 14:10.
      e. യിസ്രായേലിനു മാത്രമല്ല, ചുറ്റുപാടുമുള്ള സകല ദേശങ്ങള്ക്കും മേഘം ദൈവീക സാന്നിദ്ധ്യത്തിന്റെ ദൃശ്യമായ സാദൃശ്യമായിരുന്നു, 14:14; 23:21.
      f. യിസ്രായേലിന്റെ പുറപ്പാടിന്റെയും മരുഭൂമിയിലെ ചുറ്റിനടക്കലിന്റെയും കാലഘട്ടത്തില് അവരോടുകൂടെ ഉണ്ടായിരുന്ന മേഘത്തിലുള്ള ദൈവീകസാന്നിദ്ധ്യത്തിന്റെ സാദൃശ്യം, യിസ്രാ യേല് ജനം വാഗ്ദത്ത ദേശത്തിലേക്ക് പ്രവേശിച്ചതോടുകൂടി, നിര്ത്തലാക്കി. എന്നാല് പിന്നീടും നിയമപെട്ടകത്തിലൂടെ ദൈവത്തിന്റെ സാന്നിദ്ധ്യം സാദൃശ്യപരമായി അവരോടു കൂടെ ഉണ്ടായിരുന്നു, 35:34.
   2. അവന്റെ കൃപയും കരുണയും:
      a. അവരുടെ പിറുപിറുപ്പിനും, ദൈവത്തിന്റെ നേതാക്കന്മാരെ തള്ളിക്കളഞ്ഞപ്പോഴും അവന്റെ സാന്നിദ്ധ്യം അവരോടുകൂടെ ഉണ്ടായിരുന്നു, 11:1; 14:2, 27, 29, 36; 16:11, 42; 17:5; 20:2; 21:5.
      b. മരുഭൂമിയില് അവര്ക്കുവേണ്ടിയുള്ള ദൈവീക കരുതല്:
         (1). വെള്ളം
         (2). ഭക്ഷണം
            (a) മന്ന (ശബ്ബത്ത് ഒഴികെ, ദൈനംദിനം)
            (b) കാട (രണ്ടു പ്രാവശ്യം)
         (3). കീറിപ്പോകാത്ത വസ്ത്രം
         (4). മേഘം
            (a) തണല്
            (b) വെളിച്ചം

(c) നടത്തിപ്പ്
(d) വെളിപ്പാട്

c. മോശെയുടെ പക്ഷവാദം ദൈവം കേള്ക്കുന്നു.
   (1). 11:2
   (2). 12:13
   (3). 14:13-20
   (4). 16:20-24
   (5). 21:7

3. അവന്റെ നീതി (വിശുദ്ധി):
   a. 38 വര്ഷം അലഞ്ഞുതിരിയുവാന് യിസ്രായേലിന്മേലുള്ള ദൈവത്തിന്റെ ശിക്ഷ (14).
   b. വാഗ്ദത്ത ദേശത്തിലേക്ക് പ്രവേശിക്കുവാന് കഴിയാതവണ്ണം മോശെയുടെ മേലുള്ള ശിക്ഷ. 20:1-13; 27:14; ആവര്. 3:23-29.
   c. കോരഹിന്റെയും രൂബേന്റെ നേതാക്കന്മാരുടെയും മരണം (16:1-40).
   d. മോശെയുടെയും അഹരോന്റെയും നേതൃത്വത്തെ തള്ളിക്കളഞ്ഞ ജനത്തിന്മേലുള്ള ബാധ (16:41-50).
   e. ശിത്തീമിലുള്ള പരസംഗത്തെ, തെറ്റുചെയ്തവരെ ലേവ്യരിലൂടെ മരണത്തിന് ശിക്ഷിച്ച ദൈവത്തിന്റെ ന്യായവിധി (25).

C. സീനായ് പര്വ്വതത്തില് വച്ച് ദൈവവുമായി ഉടമ്പടി യോജ്യതയിലെത്തി, ദൈവത്തില് ആശ്രയിക്കുവാനും ദൈവവചനത്തെ ഗൗരവമായി അനുസരിക്കുവാനും യിസ്രായേല് തീരുമാനിക്കുന്നത് കേന്ദ്രവിഷയമായി മാറുന്നു.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട വാക്കുകളും/പദങ്ങളും വ്യക്തികളും

A. വാക്കുകളും പദങ്ങളും (NASB)
1. സമാഗമന കൂടാരം, 1:1 (NASB & NIV)
2. വീണ്ടെടുപ്പ് വില, 3:46 (NIV, വീണ്ടെടുപ്പ്)
3. നാസീര്, 6:2 (NASB & NIV)
4. പരദേശി, 9:14 (NIV, വിദേശി)
5. മേഘം, 9:15 (NASB & NIV)
6. "അവരുടെ ഇടയിലുള്ള സമ്മിശ്ര ജാതി", 11:4 (NASB & NIV)
7. "അവരുടെ വസ്ത്രം കീറി", 14:6 (NASB & NIV)
8. കോണ്തല, 15:38 (NASB & NIV)
9. പാതാളം, 16:30 (NIV)
10. ചുവന്ന പശുക്കിടാവ്, 19:2 (NASB & NIV)
11. അഗ്നിസര്പ്പങ്ങള്, 21:6 (NIV, വിഷമുള്ള പാമ്പുകള്)
12. സങ്കേത നഗരങ്ങള്, 35:6 (NASB & NIV)
13. രക്ത പ്രതികാരകന്, 35:19, 21 (NASB & NIV)


B. നിര്വചിക്കേണ്ട വ്യക്തികള്:
1. കൂശ്യസ്ത്രീ, 12:1 (NIV, അവന്റെ കൂശ്യ ഭാര്യ)
2. അനാക്ക്, 13:28, 33
3. യെബൂസ്യര്, 13:29
4. കോരഹ്, 16:1 (NIV, "കോരാത്ത്")
5. ബിലെയാം, 22:5
6. ബാല്, 22:41


## X. ഭൂപട സ്ഥലങ്ങള് (സംഖ്യയോടുകൂടെ)

1. എസ്കോല് താഴ്വര, 13:23 (ഹെബ്രോനിന് വടക്ക്)
2. രാജപാത, 20:17
3. പിസ്ഗാ പര്വ്വതം, 21:20
4. അര്ന്നോന് നദി, 21:24
5. യബ്ബോക് നദി, 21:24
6. അശ്ശൂര്, 24:22
7. ശിത്തീം, 25:1
8. ചിന്നേരെത്തു കടല്, 34:11 (NIV, “കിന്നേരെത്തു കടല്”)

XI. **വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്**:

1. ലേവി മറ്റുള്ള ഗോത്രങ്ങളോടുകൂടെ എണ്ണപ്പെടാതിരുന്നതെന്തുകൊണ്ട്, 1:49?
2. ആദ്യജാതനുമായി ലേവ്യര് ബന്ധപ്പെടുന്നതെങ്ങനെ, 3:12-13?
3. വ്യഭിചാരത്തിന്റെ പരിശോധന വിവരിക്കുക, 5:16ff.
4. നാസീര്വ്യതത്തിന്റെ ആവശ്യകോപാധികള് പട്ടികയായി ചേര്ക്കുക, 6:1ff.
5. 4:3; 8:24 എന്നീ വേദഭാഗങ്ങള്, നിങ്ങള് വിവരിക്കുന്നതെങ്ങനെ?
6. 12:3 മോശെ ആണോ എഴുതിയത്?
7. ദൈവം 40 വര്ഷത്തെ അലഞ്ഞുതിരിയല് കാലഘട്ടം നിയമിച്ചതെന്തുകൊണ്ട്?
8. അദ്ധ്യായം 15-ല് കാണുന്നതുപോലെ പാപവും യാഗവുമായി ബന്ധപ്പെടുത്തി, "അബദ്ധവശാല്" എന്ന വാക്കിന്റെ അര്ത്ഥമെന്താകുന്നു?
9. അദ്ധ്യായം 20-ല് രേഖപ്പെടുത്തിയിരിക്കുന്ന മോശെയുടെ പാപം എന്തായിരുന്നു? എന്തായിരുന്നു അതിന്റെ പരിണിതഫലം?
10. ബിലെയാമിന്റെ കഴുത യഥാര്ത്ഥത്തില് സംസാരിച്ചുവോ? 22:28. യിസ്രായേലിനെ ബാലാക്കിന് തോല്പ്പിക്കുന്നതിനായി ബിലെയാം നിര്ദ്ദേശിച്ചത് എങ്ങനെ?


പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
S


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# ആവര്ത്തന പുസ്തകത്തെ കുറിച്ചുള്ള ആമുഖം

## I. പ്രധാന്യം

A. പുതിയ നിയമത്തില് ഏറ്റവും അധികം എടുത്തുപ്പറയപ്പെടുന്ന നാല് പഴയ നിയമ പുസ്തകങ്ങളില് ഒന്നാണ് (ഉല്പത്തി, ആവര്ത്തന പുസ്തകം, സങ്കീര്ത്തനങ്ങള്, യെശയാവ്) ആവര്ത്തന പുസ്തകം. 83 പ്രാവശ്യം ആവര്ത്തന പുസ്തകത്തില് നിന്നു എടുത്തപ്പറഞ്ഞിട്ടുണ്ട്.

B. ഈ പുസ്തകം യേശുവിനു ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകങ്ങളില് ഒന്നായിരിക്കണം:
1. മരുഭൂമിയില് പിശാചിനാല് താന് പരീക്ഷിക്കപ്പെട്ടപ്പോള് യേശു ഇതില് നിന്നു വീണ്ടും വീണ്ടും എടുത്തുപ്പറഞ്ഞിട്ടുണ്ട് (മത്തായി 4:1-16; ലൂക്കോസ് 4:1-13).
2. യേശുവിന്റെ ഗിരി പ്രഭാഷണത്തിന്റെ സാരം ഇതില് നിന്നു ആയിരിക്കാം, മത്തായി 5-7.
3. ആവര്ത്തന പുസ്തകം 6:5 ആണ് ഏറ്റവും വലിയ കല്പന എന്ന് യേശു പറഞ്ഞിട്ടുണ്ട്, മത്തായി 22:34-40; മാര്ക്കോസ് 12:28-34; ലൂക്കോസ് 10:25-28.
4. യേശു ഈ വേദ ഭാഗത്തില് നിന്നു അടിക്കടി എടുത്തുപറഞ്ഞതിന്റെ കാരണം എന്തെന്നാല് അക്കാലത്തു യഹൂദന്മാര്, തിരുവെഴുത്തുകളില് ഏറ്റവും പ്രധാനപ്പെട്ട ഭാഗമായി ഇതിനെ മതിച്ചിരുന്നു.

C. ദൈവം മുമ്പ് തിരുവെഴുത്തു അരുളിച്ചെയ്തതിനെ പുതിയ സന്ദര്ഭത്തില് മറുവ്യാഖ്യാനംചെയ്യപ്പെടുന്നതിനു മുഖ്യ ഉദാഹരണമായി ഇതു കരുതാം. പത്തു കല്പനകള് ഉള്ള പുറപ്പാട് 20-ാം അധ്യായതിനും ആവര്ത്തന പുസ്തകം 5-ആം അധ്യാത്തിനും മധ്യേ ഒരു ചെറു വ്യത്യാസമേ ഉള്ളൂ എന്നുള്ള ഇതിനു ഉദാഹരണമായി പറയാം. പുറപ്പാട് 20-ാം അധ്യായം മരുഭൂമിയില് സഞ്ചരിച്ച കാലത്തില് നല്കപ്പെട്ടു, ആവര്ത്തപുസ്തകം 5-ാം അധ്യായം കനാനില് സ്ഥിര താമസത്തിനുവേണ്ടി ജനങ്ങളെ ഒരുക്കാനുള്ള ഉദ്ദേശത്തോടെ കൊടുക്കപ്പെട്ടതാണ്.

D. ആവര്ത്തന പുസ്തകം, സ്വയം പറയുന്നുപോലെ, മോശയുടെ പല പ്രസംഗങ്ങളാണ്:
1. ദൈവം ഇസ്രായേല് ജനങ്ങള്ക്ക് വിശ്വസ്ഥനായിരിന്നു എന്ന കാര്യത്തെ വീണ്ടും ഒര്ക്കുകയാണ്;
2. സിനായ് പര്വ്വതത്തില് കൊടുക്കപ്പെട്ട ന്യായപ്രമാണത്തെ വീണ്ടും ഊന്നിപ്പറയുകയാണ്.
3. കനാനില് കൃഷി ചെയ്തു ജീവിക്കുമ്പോള് ഈ കല്പനകളുടെ ഫലം എന്തായിരിക്കുമെന്ന് മറു വ്യാഖ്യാനംചെയ്തു പറയുകയാണ്.
4. വാഗ്ദത്ത ദേശത്ത് (യോശുവ) ഉടമ്പടിയെ പുതുക്കാന്വേണ്ടി ജനങ്ങളെ ഒരുക്കന്ന ഒരു ചടങ്ങ്ഛേപാലെയാണിത്.
5. ഇതില് മോശയുടെ മരണത്തെയും യോശുവയ്ക്ക് അധികാരം കൈമാറുന്നതിനെയും രേഖപ്പെടുത്തിട്ടുണ്ട്.

E. ദൈവശാസ്ത്രപണ്ഡിതന്മാര് ചര്ച്ചചെയ്യന്ന കേന്ദ്ര വിഷയമാണ് ആവര്ത്തന പുസ്തകത്തിന്റെ സാഹിത്യ രൂപം. പഞ്ചഗ്രന്ഥ രചന സംബന്ധിച്ച് ഇക്കാലത്തെ പണ്ഡിതന്മാരുടെ മധ്യേ അഭിപ്രായ വ്യത്യാസങ്ങളുണ്ട്.

## II. പുസ്തകത്തിന്റെ പേര്

A. എബ്രായ ഭാഷയില് പഞ്ചഗ്രന്ഥത്തിലെ ഒരോ പുസ്തകത്തിന്റെ പേരും അതത് പുസ്തകത്തില് ആദ്യത്തെ പത്ത് വാക്കുകളില് ഒന്നില് നിന്നാണ് വരുന്നത്, ആദ്യത്തെ വാക്കിനെ പുസ്തകത്തിന്റെ പേരായി വയ്ക്കുന്നതാണ് പതിവ്:
1. ഉല്പത്തി, "ആദിയില്"
2. പുറപ്പാട്, "ഇവയാണ് പേരുകള്"
3. ലേവ്യ, "ദൈവം വിളിച്ചു"
4. സംഖ്യ, "മരുഭൂമിയില്"
5. ആവര്ത്ത പുസ്തകം, "ഇവയാണ് വാക്കുകള്"

B. Talmudതില് (Mishnah Hattorah 17:18) ഈ പുസ്തകത്തിനെ "ആവര്ത്തിച്ച പ്രമാണം" എന്ന് വിളിക്കുന്നു.

C. 250 B.C. യില് പഴയ നിയമം ഗ്രീക്ക് ഭാഷയില് Septuagint (LXX) എന്ന പേരില് ഇറങ്ങി. അതില് ഈ 17:18 തെറ്റായി തര്ജ്ജമചെയ്യപ്പെട്ട്, പുറപ്പാട് പുസ്തകത്തെ "രണ്ടാം ന്യായപ്രമാണം" എന്നു വിളിക്കപ്പെടുന്നു.

D. ജെരോം ലത്തീന് ഭാഷയില് തര്ജമചെയ്തതാണ് ഢൗഹഴമലേ ആശയഹല. ഇതില് പുറപ്പാട് പുസ്തകത്തെ "രണ്ടാം ന്യായപ്രമാണം" (Deutro-nomian) വിളിക്കപ്പെടുന്നു. ഇതില് നിന്നാണ് ഇംഗിഷില് Deutronomy എന്ന പേര് വന്നത്.

III. **വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കല് -** എബ്രായ ഭാഷയില് ഉള്ള തിരുവെഴുത്തില് മൂന്ന് ഭാഗങ്ങളായി ഉള്ളതാണ് തോറാ. പുറപ്പാട് പുസ്തകം തോറാവിന്റെ അവസാന പുസ്തകമാകുന്നു.

A. തോരാ അല്ലെങ്കില് ന്യായപ്രമാണം -- ഉല്പത്തി - ആവര്ത്തന പുസ്തകം

B. പ്രവാചകന്മാര്:
   1. മുമ്പത്തെ പ്രവാചകന്മാര് -- യോശുവ-രാജാക്കന്മാര് (രൂത്ത് ഒഴികെ)
   2. പിമ്പത്തെ പ്രവാചകന്മാര് -- യെശയാവ്-മലാഖി (ദാനിയേല് വിലാപങ്ങള് ഒഴികെ)

C. എഴുതപ്പെട്ടവ:
   1. മെഗെല്ലാത് (അഞ്ച് തോല് ചുരുളുകള്):
      a. ഉത്തമഗീതം
      b. സഭാപ്രസംഗി
      c. രൂത്ത്
      d. വിലാപങ്ങള്
      e. എസ്ഥേര്
   2. ദാനിയേല്
   3. ജ്ഞാന സാഹിത്യം:
      a. ഇയ്യോബ്
      b. സങ്കീര്ത്തനങ്ങള്
      c. സദൃശ്യവാക്യങ്ങള്
   4. I & II ദിനവൃത്താന്തങ്ങള്

## IV. സാഹിത്യ ശൈലി

A. യോര്ദാന്റെ കിഴക്ക് ഭാഗത്തു ഇരിക്കുമ്പോള്, യിസ്രായേല് ജനങ്ങള് വാഗ്ദത്ത ദേശത്തില് പ്രവേശിക്കും മുമ്പേ, മോശ കൊടുത്ത പൊതുവായ ആമുഖവും, തന്റെ മരണത്തെ സംബന്ധിച്ച അവസാന വിവരണവും ഉള്ളടക്കിയ തുടര്ച്ചയായ സന്ദേശങ്ങളുള്ളതാണ് ആവര്ത്തന പുസ്തകം.

B. ഈ പുസ്തകത്തില് മോശയുടെ ഒരു പഴയ പാട്ടു/സങ്കീര്ത്തനം ഉണ്ട് - അധ്യാങ്ങള് 31:30-32:43

C. ഉല്പത്തി 49-ാ‍ം അധ്യായം പോലെ തന്നെ, ആവര്ത്തന പുസ്തകം 33 യാക്കോബിന്റെ മക്കളെ കുറിച്ചുള്ള ഒരു പ്രവാചകമാണ്.

D. 34-ാ‍ം അധ്യായത്തില് മോശയുടെ മരണത്തെ കുറിച്ച് ഈ പുസ്തകത്തില് വിവരിച്ചിട്ടുണ്ട്.

## V. എഴുത്തുകാരന്

A. യഹൂദ പാരമ്പര്യം അനുസരിച്ച്:
   1. ഈ പുസ്തകം എഴുതിയത് മോശയാണ് എന്ന ഏകാഭിപ്രായമുള്ളതാണ് പഴയ പാരമ്പര്യം.
   2. ഇത് താഴെയുള്ള പുസ്തകങ്ങളില് രേഖപ്പെടുത്തിട്ടുണ്ട്:
      a. തല്മുദ് (Talmud) - ബാബാ ബത്രാ (Baba Bathra) 14b
      b. മിഷ്നാ (Mishnah)
      c. ബെന് സിരാ (185 B.C.യില് എഴുതിയ) സഭാപ്രസംഗി 24:23 യില് ഉണ്ട്.
      d. അലെക്സാന്ദ്രയാ നഗരത്ത് ഫിലോ
      e. ഫ്ലവിയസ് ജോസഫസ്
   3. വേദപുസ്തകം തന്നെ പറയുനുണ്ട്:
      a. ന്യാധിപന്മാര് 3:4, യോശുവ 8:31
      b. "മോശ സംസാരിച്ചു:"
         (1). ആവര്ത്തനപുസ്തകം 1:1,3
         (2). ആവര്ത്തനപുസ്തകം 5:1
         (3). ആവര്ത്തനപുസ്തകം 27:1
         (4). ആവര്ത്തനപുസ്തകം 29:2
         (5). ആവര്ത്തനപുസ്തകം 31:1, 30
         (6). ആവര്ത്തനപുസ്തകം 32:44
         (7). ആവര്ത്തനപുസ്തകം 33:1

c. "യഹോവ മോശയോടു സംസാരിച്ചു":

(1). ആവര്ത്തനപുസ്തകം 5:4-5,22

(2). ആവര്ത്തനപുസ്തകം 6:1

(3). ആവര്ത്തനപുസ്തകം 10:1

d. "മോശ എഴുതി":

(1). ആവര്ത്തനപുസ്തകം 31:9,22,24

(2). പുറപ്പാട്പുസ്തകം 17:14

(3). പുറപ്പാട്പുസ്തകം 24:4,12

(4). പുറപ്പാട്പുസ്തകം 34:27-28

(5). സംഖ്യപുസ്തകം 33:2

e. "മോശ പറഞ്ഞിരിക്കുന്നു/മോശ എഴുതിയിരിക്കുന്നു" എന്ന് യേശുവും എടുത്തുപ്പറയുന്നുണ്ട് അല്ലെങ്കില് ചൂണ്ടികാണിക്കുന്നുണ്ട്:

(1). മത്തായി 19:7-9; മാര്ക്കോസ് 10:4-5 - ആവര്ത്തനം. 24:1-4

(2). മാര്ക്കോസ് 7:10 - ആവര്ത്തനം. 5:16

(3). ലൂക്കോസ് 16:31; 24:27, 44; യോഹന്നാന് 5:46-47; 7:19,23

f. മോശ ഇതിനെ എഴുതിയതായിട്ട് പൗലോസ് സാക്ഷികരിക്കുന്നുണ്ട്:

(1). റോമര് 10:19 - ആവര്ത്തനം. 32:21

(2). 1 കൊരി. 9:9 - ആവര്ത്തനം. 25:4

(3). ഗലാത്യര്. 3:10 - ആവര്ത്തനം. 27:26

(4). അപ്പോസ്. 26:22; 28:23

g. പെന്തെകൊസ്ത്ത് പ്രസംഗത്തില്, മോശ എഴുതിയതായി പത്രോസ് പറയുന്നു - അപോ. 3:22

h. മോശയാണ് ഈ പുസ്തകത്തെ എഴുതിയതെന്ന് എബ്രായ പുസ്തകത്തിന്റെ ഗ്രന്ഥകര്ത്താവ് സ്ഥിരീകരിക്കുന്നു.

B. ഇക്കാലത്ത് പണ്ഡിതന്മാര്

1. പല എഴുത്തുക്കാര് എഴുതിയതാണ് എന്നു പറയുന്ന Graf-Wellhausen ന്റെ (J.E.D.P.) സിദ്ധാന്തത്തെ പിന്പറ്റുന്ന അനേക ദൈവശാസ്ത്രപണ്ഡിതന്മാര്, യഹുദ ദേശത്തെ ഭരിച്ച യോശീയയുടെ കാലഘട്ടത്തില് ജനങ്ങളില് ആത്മീയ രൂപാന്തരം വരുത്തുന്നതില് സഹായിക്കന്തക്കവണ്ണം ഒരു പുരോഹിതനോ/പ്രവാചകനോ ആവര്ത്തന പുസ്തകത്തെ എഴുതിയിരിക്കാം എന്ന് അഭിപ്രായപ്പെടുന്നു. അങ്ങനെയെങ്കില്, ഈ പുസ്തകം മോശയുടെ പേരില് B.C. 621 ല് എഴുതപ്പെട്ടു എന്നാണ് അര്ഥം.

2. താഴെ പറയുന്നതിന് അടിസ്ഥാനത്തിലാണ് അവര് ഇങ്ങനെ കരുതുന്നത്:

a. 2 രാജാക്കന്മാര് 22:8; 2 ദിനവൃത്താന്തം 34:14-15. "ഞാന് യഹോവയുടെ ആലയത്തില് ന്യായപ്രമാണ പുസ്തകം കണ്ടെത്തിയിരിക്കുന്നു."

b. അധ്യായം 12ല് സമാഗമനകൂടാരത്തിനും പിന്നത്തെ ആലയത്തിനും ഒരേ സ്ഥലമാണ് പറയപ്പെടുന്നത്;

c. അധ്യായം 17ല് പിന്നീട് വരുന്ന ഒരു രാജാവിനെ കുറിച്ച് ചര്ച്ചചെയുന്നു;

d. ഒരു പ്രസിദ്ധനായ വ്യക്തിയുടെ പേരില് പുസ്തകം എഴുതുന്നത് പണ്ടത്തെ മധ്യ കിഴക്കന് ദേശങ്ങളിലും യഹൂദയിലും കണുന്ന ഒരു സത്യമാണ്.

e. ആവര്ത്തന പുസ്തകം, യോശുവ, രാജാക്കന്മാര്, യിരമ്യാവ് എന്നീ പുസ്തകങ്ങളില് വരുന്ന ശൈലി, പദങ്ങള്, വ്യാകരണം തമ്മില് സാദൃശ്യം;

f. ആവര്ത്തന പുസ്തകം അധ്യായം 34ല് മോശയുടെ മരണത്തെ രേഖപ്പെടുത്തിട്ടുണ്ട്;

g. പഞ്ചശാസ്ത്രങ്ങളില് പിന്നീട് എഴുതിച്ചേര്ത്തിട്ടുണ്ട് എന്നു സ്പഷ്ടമായി കാണുണ്ട്:

(1). ആവര്ത്ത പുസ്തകം 3:14

(2). ആവര്ത്ത പുസ്തകം 34:16

h. ഒരുപോലെയുള്ള പശ്ചാത്തലങ്ങളിലും ചരിത്ര കാലഘട്ടങ്ങളിലും ചില സന്ദര്ഭങ്ങളില് വിവരിക്കാന് പറ്റാത്ത രീതിയില് ദൈവത്തിന്റെ വിവിധ നാമങ്ങള് ഉപയോഗിച്ചിട്ടുണ്ട്: ഏല്, എല് ഷടായ്, ഏലോഹിം, യഹോവ.

## VI. എഴുതിയ കാലം

A. മോശയാണ് ഇത് എഴിതിയതെങ്കില്, മിസ്രീമില്നിന്നു യിസ്രായേല് ജനങ്ങള് പുറപ്പെട്ട കാലഘട്ടത്തെയും കാലയളവിനെയും സംബന്ധിച്ച് രണ്ട് സാധ്യതകള് ഉണ്ട്:

1. 1 രാജക്കന്മാര് 6:1 നെ അക്ഷരാര്ഥത്തില് എടുത്താല്, കാലം B.C. 1445 എന്ന് വരും. (Thutmose III, Amen-hotep II ഇവരുടെ 18മത്തെ വംശമായി വരും.)

a. LXX ല് 480 വര്ഷങ്ങള്ക്ക് പതിലായി 440 വരുനുണ്ട്.

b. ഈ സംഖ്യ തലമുറകളെ പ്രതിബിംബിക്കുന്നു, വര്ഷങ്ങളെയല്ല (സൂചകമായി).

2. പുറപ്പാട് 1290 B.C. കാലയളവിലാണ് സംഭവിച്ചത് എന്നതിന്റെ പുരാവസ്തു തെളിവുകള് (19 മത്തെ മിസ്രീം വംശാവലി):
   a. Seti I (1390-1290) ഈജിപ്തിന്റെ തലസ്ഥാനത്തെ ഠവലയലെ നു പതിലായി നദീമുഖത്തുള്ള തുരുത്തായ ദീമി/ഠമിശെ സിലേക്ക് മാറ്റി.
   b. Rameses II (1290 -1224):
      (1). എബ്രായ അടിമകള് കെട്ടിയ ഒരു പട്ടണത്തിന്റെ പേരായി ഇദ്ദേഹത്തിന്റെ പേര് വരുന്നു, ഉല്പത്തി 47:11; പുറപ്പാട് 1.11;
      (2). ഇദ്ദേഹത്തിന്നു 47 പുത്രിമാര് ഉണ്ടായിരുന്നു;
      (3). ഇദ്ദേഹത്തിന്റെ പിന്തുടര്ച്ചയായി ഇദ്ദേഹത്തിന്റെ മൂത്ത മകന് വന്നില്ല.
   c. പലസ്തീനില് പ്രധാനമായ മതിലുകളുള്ള എല്ലാ പട്ടണങ്ങളും 1250 B.C.യില് വേഗം പണിയപ്പെട്ടു.

B. പല എഴുത്തുക്കാര് എഴുതി എന്നു പറയുന്ന ഇക്കാലത്തെ പണ്ഡിതന്മാരുടെ സിദ്ധാന്തം:
1. J (യഹോവ) 950 B.C.
2. E(ഏലോഹിം) 850 B.C.
3. JE (രണ്ടും ചേര്ന്നതു) 750 B.C.
4. D (ആവര്ത്തന പുസ്തകം) 621 B.C.
5. P (പുരോഹിതന്മാര്) 400 B.C.

## VII. ചരിത്രപരമായ പശ്ചാത്തലത്തെ സ്ഥിരീകരിക്കുന്ന ഉറവിടങ്ങള്

A. ആവര്ത്തന പുസ്തകത്തിന്നു ഇണയായ രൂപഘടനം B.C. 2000ല് ഹിത്യരുടെ ഉടമ്പടികളില് അക്കാലത്തില് നിലവിലുണ്ടായിരുന്നതായി നമക്കു ചരിത്രപരമായി കാണാന് സാധിക്കും (അതുപോലെ തന്നെ പുറപ്പാട് - ലേവ്യാ പുസ്തകം, യോശുവ 24ല്). ഈ ഉടമ്പടി മാതൃക B.C. 1000ല് മാറ്റപ്പെട്ടു. ആവര്ത്തന പുസ്തകത്തിന്റെ ചരിത്ര പശ്ചാതലത്തെ ഇതു നമുക്ക് നല്കുന്നു. ഈ വിഷയത്തെ കൂടുതല് വിസ്താരമായി വായിക്കാന്, G.E. Mendenhall എഴുതിയ Law and Covenants in Israel and the Ancient Near East. എന്ന പുസ്തകത്തെ നോക്കുക.

B. ഹിത്യരുടെ രീതിയും അതിനെ ഒത്തിരിക്കുന്ന ആവര്ത്തന പുസ്തകത്തിന്റെ രീതിയും:
1. മുഖവുര (ആവര്ത്തന പുസ്തകം 1:1-5, സംസാരിക്കുന്നവന്റെ മുഖവുര, യഹോവ)
2. കഴിഞ്ഞ കാലങ്ങകളിലെ രാജാവിന്റെ പ്രവൃത്തിയിലേക്ക് തിരിഞ്ഞുനോട്ടം (ആവര്ത്തന പുസ്തകം 1:6-4:49 കഴിഞ്ഞ കാലങ്ങളില് യിസ്രായേലിന്നു വേണ്ടി ദൈവം ചെയ്ത പ്രവൃത്തികള് )
3. ഉടമ്പടിയിലെവ്യവസ്ഥകള് (ആവര്ത്ത പുസ്തകം 5-26):
   a. പൊതുവായ (ആവര്ത്തന പുസ്തകം 5-11)
   b. പ്രത്യേകമായ (ആവര്ത്തന പുസ്തകം 5-11)
4. ഉടമ്പടിയുടെ ഫലങ്ങള് (ആവര്ത്തന പുസ്തകം 5-11).
   a. നന്മകള് (ആവര്ത്തന പുസ്തകം 28)
   b. അനന്തരഫലങ്ങള് (ആവര്ത്തന പുസ്തകം 27)
5. ദൈവത്തിന്റെ സാക്ഷ്യം (ആവര്ത്തന പുസ്തകം 30:19; 31:19, 32-ടും കൂടെ, മോശയുടെ പാട്ടു ഒരു സാക്ഷിയായി നില്ക്കുന്നുണ്ട്):
   a. ദൈവത്തിന്റെ ആലയത്തില് ഇതിന്റെ ഒരു പകര്പ്പു ഉണ്ട്;
   b. ആണ്ടില് ഒരിക്കല് വായിക്കാന്വേണ്ടി ദാസന്റെ കൈയില് ഒരു പകര്പ്പു ഉണ്ട്;
   c. പിന്നീട് ഉണ്ടായ അസ്സറിയന് സിറിയന് ഉടമ്പടികളില് നിന്നും ഹിത്യരുടെ ഉടമ്പടിയുടെ വ്യത്യസ്ഥത:
      (1). ചരിത്രപരമായി കഴിഞ്ഞ കാലത്തെ രാജാവിന്റെ പ്രവൃത്തികളെ തിരിഞ്ഞുനോക്കല്;
      (2). ശാപ ഭാഗങ്ങള് ഒടുവിലായിട്ടു വായിക്കല്.

## VIII. സാഹിത്യപരമായ ഏകകം (പശ്ചാത്തലം)

A. പുസ്തകത്തന്റെ ആമഖം, 1:1-5

B. ആദ്യ പ്രഭാഷണം, 1:6-4:43 (ഇന്നത്തെക്കുവേണ്ടി യഹോവ കഴിഞ്ഞ കാലങ്ങളില് ചെയ്ത പ്രവൃത്തി):

C. രണ്ടാം പ്രഭാഷണം, 4:44-26:19 (ഇന്നും എന്നേയ്ക്കുമായിട്ടു കൈകൊള്ളുവാനായി യഹോവ തന്ന ന്യായപ്രമാണങ്ങള്):
1. പൊതുവായി - പത്തു കല്പനകള് (5-11)
2. പ്രത്യേകമായ ഉദാഹരണങ്ങളും പ്രായോഗമാക്കലും (12-26)

D. മൂന്നാം പ്രഭാഷണം, 27-30 (ഭാവിക്കുള്ള യഹോവായുടെ ന്യായപ്രമാണങ്ങള് 27-29):
   1. ശാപങ്ങള് (27)
   2. ആശീര്വാദങ്ങള് (28)
   3. ഉടമ്പടി പുതുക്കല് (29-30)

E. മോശയുടെ അവസാന വാക്കുകള്, 31-33:
   1. "വിടവാങ്ങല്" പ്രഭാഷണം, 31:1-29
   2. മോശയുടെ പാട്ട്, 31:30-32:52
   3. മോശയുടെ ആശീര്വാദങ്ങള് 33:1-29

F. മോശയുടെ മരണം

## IX. പ്രധാന സത്യങ്ങള്

A. വാഗ്ദത്ത ദേശത്തില് പ്രവേശിക്കാനുള്ള അന്തിമ ഒരുക്കങ്ങള്. ദൈവം അബ്രഹാമിനോടു ചെയ്ത ഉടമ്പടിയില് (ഉല്പത്തി 12:1-3) ഒരു ദേശത്തെയും ഒരു സന്താനത്തെയും വാഗ്തത്തം ചെയ്തിട്ടുണ്ട്. പഴയ നിയമം ആ ദേശത്തെ കുറിച്ചാണ് മുഖ്യമായി സംസാരിക്കുന്നതു.

B. ദേശാന്തരഗമന ജീവിതം, അതോടുകൂടി കൃഷിചെയ്തു സ്ഥിരവാസം ചെയ്യുവാന് ജനങ്ങളെ ഒരുക്കുന്നു. സീനായ് ഉടമ്പടിയെ വാഗ്ദത്ത ദേശത്തില് കൈക്കൊള്ളുന്നു.

C. ഇന്നലെയും ഇന്നും എന്നെന്നേക്കും ദൈവം വിശ്വസ്തന് എന്നു ഈ പുസ്തകം ഊന്നിപറയുന്നു. എങ്കിലും, ഉടമ്പടി നിബന്ധനയുള്ളതാണ്! യിസ്രായേല് ജനങ്ങള് തീര്ച്ചയായും ഇവയെ കൈക്കൊണ്ട് വിശ്വാസത്തിലും, മാനസാന്തരത്തിലും അനുസരണത്തിലും തുടരേണം. അങ്ങനെ ചെയ്തില്ലെങ്കില് 27 മുതല് 29 അധ്യായങ്ങളില് പറഞ്ഞിട്ടുള്ള ശാപങ്ങള് വാസ്ഥവത്തില് വന്നു ഭവിക്കും.

## X. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

### A. പദങ്ങളും ഉപവാക്യങ്ങളും

1. "സാക്ഷി പറയാന് ഞാന് ആകാശത്തെയും ഭൂമിയെയും വിളിക്കുന്നു," 4:26 (NASB & NIV)
2. "പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടമെേല് സന്ദര്ശിക്കും," 5:9 (NIV, "പിതാക്കന്മാരുടെ പാപം നിമിത്തം അവരുടെ മക്കളെ മൂന്നാം നാലാം തലമുറവരെ ശിക്ഷിക്കും")
3. "എന്നാല് ആയിരം തലമറകള്ക്ക് ദയകാണിക്കും ," 5:10 (NIV, "എന്നാല് ആയിരം തലമറകള്ക്ക് സ്നേഹം കാണിക്കും")
4. "കേള്ക്ക," (Shema) 6:4 (NASB & NIV)
5. "നിന്റെ നെറ്റിയില് പട്ടമായി കെട്ടേണം," (ഫിലേക്ടരീസ്) 6:8 (NIV, " അടയാളങ്ങളായി")
6. "വീടിന്റെ കട്ടിളകളിന്മേലും എഴുതേണം,"( mezuza) 6:8 (NIV, "കട്ടിളകള്")
7. "അരുതാത്ത വസ്തുക്കള്" വല്യലാ, 13:17 (NIV, "ശിക്ഷാര്ഹമായ വസ്തുക്കള്")
8. "ആകാശത്തിലെ സൈന്യം" 17:3 (NIV, "ആകാശത്തിലെ നക്ഷത്രങ്ങള്")
9. "അഗ്നിപ്രവേശം" 18:10 (NIV, "ബലികള്")
10. വെളിച്ചപ്പാട്, ലക്ഷണം പറയുന്നത്, അഞ്ജനം എന്നിങ്ങനെയുള്ളവ, 18:11 (NASB & NIV)
11. "മോചിക്കപ്പെട്ട," 21:8 (NASB & NIV)
12. "അനിഷ്ടമായ 21:15," (NIV "മറ്റവര്ക്കല്ലാത്ത")
13. "മരത്തില് തൂക്കിയ," 21:23 (NASB & NIV)
14. "നായുടെ വിലയും," 23:18 (NIV "വ്യഭിചാരക്കാരന്റെ വരുമാനം")
15. "വിവാഹ ഉപേക്ഷണ പത്രം," 24:1 (NASB & NIV)
16. "എണ്ണ തേക്ക," 28:40 ( NIV "എണ്ണ ഉപയോഗിക്കുക")

B. വ്യക്തികള്
   1. "അനാകിം," 1:28 (NIV "അനാക്യര്")
   2. "രബ്ബം," 3:11 (NIV "രബ്ബ്യര്")
   3. "ഹിത്യര്," 7:1
   4. "അശേരം," 7:5 (NIV "അശേര പ്രതിഷ്ഠകളെ")
   5. പ്രവാചകന്, 18:15-22

6. യെശൂര് 32:15; 33:5,26

## XI. ഭൂപട സ്ഥലങ്ങള്

1. ഹോരേബ് പര്വ്വതം, 1:2,6,19 4:10,15
2. സേയീര് പര്വ്വതം 1:2,44; 2:1,4,5,8,12,22 (പര്വ്വനിര)
3. കാദേശ് ബര്ന്നേയാ, 1:46; 32:51 ("കാദേശ")
4. ബാശാന്, 1:4; 3:1,3,4,10,11,13; 4:43,47
5. ഏലാത്ത് 2:8 (എസ്യോന് ഗേബെര്)
6. ഹെര്മ്മോന് പര്വ്വതം 3:8,9; 4:48
7. ഏബാല്മല 11:29; 27:4,13
8. ഗെരിസീംമല 11:29; 27:12
9. ഹോര്പര്വ്വതം 32:50 (ജേബെല് ഹരുന്)

## XII. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. സാഹിത്യ ശൈലിയില് പുറപ്പാട് പുസ്തകത്തില് നിന്നു ആവര്ത്തന പുസ്തകം എങ്ങനെ വ്യത്യാസമാകുന്നു?

2. എന്തുകൊണ്ട് പുറപ്പാട് പുസ്തകത്തിന്റെ ചരിത്രത്തെ മോശ ആവര്ത്തിച്ചു പറയുന്നു?

3. നിങ്ങളുടെ മക്കളെ ഉപദേശിക്കണം എന്ന വിഷയത്തില് അനേക വചനങ്ങളെ എടുത്തുക്കാണിച്ചിട്ടുണ്ട്. എന്താണ് കാരണം?


4. ആവര്ത്തന പുസ്തകം അധ്യായം 5ല് കൊടുത്തിട്ടുള്ള പത്തു കല്പനകള്ക്കും പറപ്പാട് 20-ാം അധ്യായത്തില് കൊടുത്തിട്ടുള്ള പത്തു കല്പനകള്ക്കും തമ്മിലുള്ള വ്യത്യാസം എന്ത്?

5. പരിശുദ്ധമായ സ്തംഭങ്ങളെ തകര്ക്കേണം, അശേരപ്രതിഷ്ഠകളെ വെട്ടിക്കളയേണം എന്ന് പറയാന് കാരണം എന്ത് (7:5)?

6. അധ്യായം 10:12-21 എങ്ങനെ ആവര്ത്തന പുസ്തകത്തെ വിശേഷിപ്പിക്കുന്നു?

7. ആവര്ത്തന പുസ്തകം 27 മുതല് 29 വരെയുള്ള അധ്യായങ്ങള്, മുഴുവന് പഴയ നിയമത്തെയും വ്യാഖ്യാനിക്കുന്നതില് വളരെ മുഖ്യമായവ. എന്തുകൊണ്ട്?

8. മോശയുടെ മരണത്തെ രേഖപ്പെടുത്തിയതാര് (34)?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്



പാലസ്തീൻ
0 10 20 30 40
SCALE IN MILES

# യോശുവ പുസതകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. മുഖ്യ കഥാപാത്രവും മോശെയുടെ പിന്ഗാമിയുമായ യോശുവയാണ്.

B. യോശുവ എന്ന പേരിന് രണ്ട് എബ്രായ പദങ്ങളുണ്ട്.
1. യാഹേ (J plus a vowel)
2. രക്ഷ (ഹോഷയാ)

C. യഥാര്ത്ഥത്തില് യോശുവ എന്ന പേര് എബ്രായഭാഷയില് യേശു എന്ന പേരുമായി സാമ്യമുണ്ട് (മത്താ. 1:21).

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോന് വിഭാഗത്തിലെ ആദ്യത്തെ പുസ്തകമായ യോശുവ "പ്രവാചകന്മാര്" എന്നറിയപ്പെടുന്നു.

B. ഈ വിഭാഗത്തെ രണ്ടായി തരംതിരിച്ചിട്ടുണ്ട്.
1. യോശുവ മുതല് രാജാക്കന്മാര് വരെയുള്ള പുസ്തകങ്ങളെ മുന്പ്രവാചകന്മാരില് ഉള്പ്പെടുത്തിയിരിക്കുന്നു (രൂത്ത് ഒഴികെ).
2. യെശയ്യാവ് മുതല് മലാഖി വരെയുള്ള പുസ്തകങ്ങള് ശേഷമുള്ള പ്രവാചകന്മാരുടെ പുസ്തകങ്ങളില് ഉള്പ്പെടുത്തിയിരിക്കുന്നു (ദാനിയേലും വിലാപങ്ങളും ഒഴികെ).

## III. സാഹിത്യ ശൈലി

A. ഉല്പത്തി പുസ്തകത്തില് ആരംഭിച്ച ദൈവജനത്തിന്റെ ചരിത്രം ഈ ചരിത്രപുസ്തകങ്ങളിലും തുടരുന്നു. ഈ ചരിത്രം കൃത്യമാണോ ശരിയാണോ എന്നര്ത്ഥമാക്കുന്നില്ല. എന്നാല് അതിനര്ത്ഥം എഴുത്തുകാര് പ്രത്യേക സംഭവങ്ങള് തെരഞ്ഞെടുത്തത്ര ദൈവം, മനുഷ്യന്, പാപം, രക്ഷ തുടങ്ങിയവയെക്കുറിച്ചുള്ള ദൈവശാസ്ത്ര സത്യങ്ങള് പഠിപ്പിക്കുക എന്നുള്ളതാണ്. അതായത് ഈ ചരിത്രപുസ്തകങ്ങള് പുതിയനിയമത്തിലെ സുവിശേഷങ്ങളും അപ്പോസ്തലപ്രവൃത്തികളുമായി സാമ്യമുണ്ട് എന്നുള്ളതാണ്.

B. ചുറ്റുപാടുമുള്ള അയല് നാടുകളുടെ ഗതി അടിസ്ഥാനമാക്കുന്നതു പോലെയുള്ള ചാക്രികമായി സംഭവിച്ച ചരിത്രമല്ല യെഹൂദന്മാര്ക്കുള്ളത്. എന്നാല് അത് "ദൈവശാസ്ത്ര"പരമായിട്ടുള്ളതാണ്. ഇതിന് ഒരു ലക്ഷയ്വും ഒരു ഉദ്ദേശ്യവും ഉണ്ടായിരുന്നു. ദൈവം മുന് നിശ്ചയിച്ച പ്രകാരമുള്ള ലക്ഷയ് ത്തിലേക്ക് ചലിക്കുകയായിരുന്നു. ഉദാ: വീണുപോയ ലോകത്തിന്റെ വീണ്ടെടുപ്പ് (ഉല്പ. 3:15).

## IV. എഴുത്തുകാരന്

A. യെഹൂദാ പാരമ്പര്യം അനുസരിച്ച് യോശുവയാണ് ഇതിന്റെ ഗ്രന്ഥകാരന്.
1. അദ്ദേഹത്തിന്റെ യഥാര്ത്ഥ പേര് “ഹോശേയ” (രക്ഷ), സംഖ്യാ. 13:8.
2. മോശെയാണ് യോശുവ എന്ന് മാറ്റിയത് ഥങണഒ എന്നത് രക്ഷ “എന്നാകുന്നു”, സംഖ്യാ. 13:16.
3. ചില അറിയപ്പെടാത്ത കാരണങ്ങളാല് 4 വ്യത്യസ്ത രീതികളില് തന്റെ പേരിനെ പരിചയപ്പെടുത്തുന്നു.
   a. യെഷോഷുവാ, (സാധാരണ) യോശുവ 1:1
   b. യെഹോഷുവാ, ആവര്. 3:21
   c. ഹോശേയാ, ആവര്. 32:44
   d. യെഷുവാ, നെഹ. 8:17

B. ബാബാ ഭദ്ര 14ബി പറയുന്നത് തന്റെ മരണത്തെക്കുറിച്ചുള്ളത് ഒഴികെ മുഴുവനും യോശുവയാണ് എഴുതിയത്. യോശുവയുടെ മരണം പുരോഹിതനായ എലെയാസരും, 24:29-30 അദ്ദേഹത്തിന്റെ മകന് ഫീനെഹാസും സംഖ്യാ. 25:7-13; 31:6-8; യോശു. 22:10-34). എലെയാസറിന്റെ മരണം എഴുതി പൂര്ത്തിയാക്കി, 24:31-33.

C. യോശുവ എന്ന പുരുഷന്

1. ഈജിപ്തില് അടിമത്വത്തില് ജനിച്ചു.
2. പന്ത്രണ്ട് ഒറ്റുകാരില് ഒരുവന്; അവനും കാലേബും മാത്രമാണ് വിശ്വാസത്തിന്റെ വിവരങ്ങള് നല് കിയത് (സംഖ്യാ. 14:26-34).
3. പുറപ്പാടില് മോശെയുടെ വിശ്വസ്തനായ സഹായി. സീനായ് പര്വ്വതത്തില് മോശെയോടൊപ്പം പോയത് യോശുവ ആയിരുന്നു (പകുതി വഴി - പുറ. 24:13-14).
4. യിസ്രായേല് സൈന്യത്തിന്റെ സൈന്യാധിപന് (പുറ. 17:8-13).
5. മോശെയുടെ പിന്ഗാമിയായി കനാന് പിടിച്ചടക്കാനായി നയിച്ചവന് (ആവര്. 31:23).

D. യോശുവയുടെ ഗ്രന്ഥരചനയുടെ ചില തെളിവുകള്

1. യോശുവ ഈ വചനങ്ങള് ദൈവത്തിന്റെ ന്യായപ്രമാണ പുസ്തകത്തില് എഴുതി, 24:26, അതുകൊണ്ട് നമുക്ക് അറിയാം യോശുവയ്ക്ക് ഇത് എഴുതുവാന് കഴിഞ്ഞു.
2. ഇത് തീര്ച്ചയായും ദൃക്സാക്ഷിപരമാണ്.
   a. "ഞങ്ങള്" 5:1 (എം.എസ്.എസ്. വ്യത്യാസം)
   b. "യോശുവ അവരെ പരിച്ഛേദന ചെയ്തു", 5:7-8
   c. ദൈവദൂതനുമായുള്ള യോശുവയുടെ സ്വകാര്യ അഭിമുഖം, 5:13-15.
   d. "അവര് (രാഹാബ്) ഇന്നുവരെയും യിസ്രായേലില് പാര്ക്കുന്നു", 6:25
3. എഴുതാനുള്ള ചില ഉറവിടങ്ങള് അവന് ഉപയോഗിച്ചു.
   a. ശൂരന്മാരുടെ പുസ്തകം, 10:13 (2ശമു. 1:18).
   b. "ഒരു പുസ്തകത്തില്", 18:9.
4. പുരാതന നഗരങ്ങളുടെ പേരുകളുടെ കൃത്യമായ പട്ടികയും സമകാലികരായ എഴുത്തുകാരുടെ യോജിപ്പും.
   a. രെഫായീം എന്നറിയപ്പെടുന്ന ജറുസലേം, 15:8; 18:16, 28
   b. കിര്യത്ത്-അര്ബ്ബാ എന്നറിയപ്പെടുന്ന ഹെബ്രോന്, 14:15; 15:13,54; 20:7; 21:11
   c. കിര്യത്ത്-യെയാരീം എന്ന ബാലാ, 15:9, 10
   d. വലിയ ഫിനീഷ്യന് നഗരമായി അറിയപ്പെട്ട സീദോന്, ടയര് അല്ല, 11:8; 19:28, പിന്നീട് പ്രധാന നഗരമായി അറിയപ്പെട്ടു.
5. പഞ്ചഗ്രന്ഥങ്ങള് പോലെ യോശുവയും ഗ്രന്ഥ പരിശോധന സംബന്ധിച്ച ചില കാര്യങ്ങള് ഉണ്ട്.
   a. യോശുവയുടെ മരണം
   b. ഹെബ്രോനു ശേഷമുള്ള കീഴടങ്ങല്, 14:6-15; 15:13-14
   c. ദെബീര് ശേഷമുള്ള കീഴടങ്ങല്, 15:15, 49
   d. ദാനിന്റെ വടക്കോട്ടുള്ള കുടിയേറിപ്പാര്പ്പ്, 19:47
   e. "ഇന്നുവരെ" എന്ന ഭാഷാപ്രയോഗം അവസാനം എഴുത്തുവരെ വിവിധ ഇടങ്ങളില് കാണുന്നു, 4:9; 5:9; (6:25); 7:26 (രണ്ടു പ്രാവശ്യം); 8:28-29; 9:27; 13:13; 14:14; 15:63; 16:10; 22:3.

E. ആധുനിക പാണ്ഡിത്യം

1. പഞ്ചഗ്രന്ഥങ്ങളും യോശുവയും തമ്മിലുള്ള സാമ്യത ശ്രദ്ധിക്കുക.
   a. രചനാരീതി
   b. പദാവലി
2. ദീര്ഘകാലം പലര് എഴുതിയായി ഈ പുസ്തകത്തെ കുറിച്ചജല്പ ഖ,ഋ,ഉ,ജ അനുമാനം:
   a. J ഉറവിടം എഴുതിയത് 1-12 അദ്ധ്യായങ്ങളാണ് വ്യക്തിപരമായ യുദ്ധങ്ങളുമായി കേന്ദ്രീകൃത മാണ്.
   b. E ഉറവിടം എഴുതിയത് 1-12 അദ്ധ്യായങ്ങളാണ് ഒരുമിച്ചുള്ള സൈനീക പ്രവര്ത്തനമായി കേന്ദ്രീകൃതമാണ്.
   c. A യുടെ ഒത്തിരി ഭാഗങ്ങള് ഒഴിവാക്കി 650 B.C.യില് Jയും Eയും തമ്മില് യോജിപ്പിക്കപ്പെടുവാനിടയായി.
   d. യോശിയായുടെ നാളുകളില് ആവര്ത്തനപുസ്തകം എഴുതിയ പുരോഗിതനാല്/പ്രവാചകനാല് ഈ യോശുവ പുസ്തകം തിരുത്തിയെഴുതപ്പെട്ടു.
   e. 400 B.C. കാലഘട്ടത്തില് 13-21 അദ്ധ്യായങ്ങള് ഒരുകൂട്ടം പുരോഹിതന്മാര് ജ യുടെ ഉറവിടെ എഴുതി.
   f. B.C. മൂന്നാം നൂറ്റാണ്ടില് തുടര്ന്നുള്ള ഭാഗങ്ങള് എഴുതപ്പെട്ടു.
3. ആധുനിക സാഹിത്യ സിദ്ധാന്തത്തിന്റെ പ്രകാശനത്താല് പുരാതന മൂലഗ്രന്ഥങ്ങളെ വിശക ലനം ചെയ്യുവാന് പരിശ്രമം ആവശ്യമാണ്. എന്നിരുന്നാലും ഇത് പ്രസ്താവിക്കണം.
   a. പുസ്തകത്തിന്റെ ഗ്രന്ഥകര്തൃത്വം യോശുവ പ്രസ്താവിച്ചിട്ടില്ല.
   b. യോശുവയുടെ മരണം മോശെയുടെ മരണം പോലെ പുസ്തകത്തില് പ്രതിപാദിച്ചിട്ടുണ്ട്.
   c. പഴയനിയമ പുസ്തകത്തില് ചില രചനകള് നടന്നുകൊണ്ടേയിരിക്കുന്നു.
   d. പഴയനിയമം ദൈവാത്മ പ്രേരിതമായി രൂപീകൃതമായെന്ന് നാം വിശ്വസിക്കുന്നു.
   e. ഷഡ് ഗ്രന്ഥങ്ങളെക്കുറിച്ചുള്ള തെളിവുകള് (ഉല്പത്തി-യോശുവ)

(1). യെഹൂദാ പാരമ്പര്യം അനുസരിച്ച് മോശെയുടെ അഞ്ചു പുസ്തകങ്ങള് (പഞ്ചഗ്രന്ഥങ്ങള്) തമ്മില് വ്യക്തമായ വ്യത്യാസങ്ങള് ഉണ്ട്. എബ്രായ കാനോന് അനുസരിച്ച് "പ്രവാചകന്മാര്" എന്ന ആരംഭമാണ് യോശുവയില് ഉള്പ്പെടുത്തിയിരിക്കുന്നത്.

(a) എക്ലിസിയാസ്റ്റിക്കസിന്റെ രചയിതാവ് ബന് സിറാ B.C. 185-ല് എഴുതപ്പെട്ടു, വ്യത്യാസങ്ങള് കാണാം, 48:22-45:12.

(b) കോണ്ട്ര അപിഓണസ് എന്ന പുസ്തകത്തിന്റെ രചയിതാവ് ഫ്ളവിയസ് ജോസീഫസ്, 1:7 മുതല് വ്യത്യാസങ്ങള് കാണാം.

(c) ന്യായപ്രമാണത്തിലെ അഞ്ചാം പുസ്തകം അവസാനിച്ചിരിക്കുന്നു എന്ന് പഞ്ചഗ്രന്ഥങ്ങളുടെ ഒടുവിലുള്ള മാസ്സോററ്റിക്ക് കുറിപ്പില് പ്രസ്താവിക്കുന്നുണ്ട്.

(d) സിനഗോഗുകളില് ആഴ്ചയില് വേദപാഠങ്ങള് വായിക്കുന്നതിനെ വിളിക്കുന്നത് "ഹാഫ്തറോത്തി"ല് വ്യത്യാസങ്ങള് കാണാം.

(e) ശമര്യാക്കാര് പഞ്ചഗ്രന്ഥങ്ങള് എന്ന നിലയില് എടുക്കുമായിരുന്നു എന്നാല് യോശുവയുടെ പുസ്തകത്തില് അങ്ങനെയല്ല.

(2). ആന്തരികമായ തെളിവുകള് (യംഗ്, പേജ് 158):

(a) യോശുവയിലെ സര്വ്വ നാമങ്ങള് പ്രത്യേക രീതിയില് ഉപയോഗിച്ചിരിക്കുന്നു എന്നാല് പഞ്ചഗ്രന്ഥങ്ങളില് അങ്ങനെയല്ല ള് വേദവചന.

(b) യെരീഹോ പട്ടണത്തെക്കുറിച്ച് വ്യത്യസ്തമായി പറഞ്ഞിരിക്കുന്നു.

(c) ദൈവീകത്വത്തിന്റെ പേര് "യിസ്രായേലിന്റെ ദൈവം", യോശുവയില് 14 പ്രാവശ്യം പറയുന്നുണ്ട് എന്നാല് പഞ്ചഗ്രന്ഥങ്ങളില് ഒരിടത്തും കാണുവാന് കഴിയുന്നില്ല.

f. ഇപ്പോഴത്തെ അവസ്ഥയിലേക്ക് ആയിത്തീര്ന്ന ഈ പഴയനിയമ പുസ്തകങ്ങളുടെ രൂപീകരണത്തെക്കുറിച്ച് നമുക്ക് കൂടുതല് ഒന്നും അറിയില്ലാ എന്ന് നാം അംഗീകരിക്കണം.

## V. എഴുതിയ കാലം

A. ഈ പുസ്തകം വാഗ്ദത്തനാടിനെ കീഴ്പ്പെടുത്തുന്നതിനെക്കുറിച്ച് പറയുന്നു. പുറപ്പാടിന്റെയും മരുഭൂമിയില് അലഞ്ഞുനടന്ന കാലത്തിന്റെയും തീയതി തീര്ച്ചയില്ലാത്തതും

1. 1445 - 40 --- ഏകദേശം 1400 B.C. (1രാജാ. 6:1)
2. 1290 - 40 --- ഏകദേശം 1250 B.C. (പുരാവസ്തു ഗവേഷണം)

B. ന്യായാധിപന്മാരുടെ കാലത്ത് യോശുവ എഴുതുകയോ രചിക്കുകയോ ചെയ്തു. യിസ്രായേല് ചില പട്ടണങ്ങളെ പിടിച്ചടക്കിയതിനുശേഷം അവയുടെ പേരുകള് മാറ്റി. അതിലൊരു ഉദാഹരണമാണ് കനാന്യപട്ടണമായ സെഫാത്ത് പിന്നീട് അത് ഹോര്മ്മാ എന്നായി, ന്യായാ. 1:16-17. എന്നിരുന്നാലും പുതിയ പേര് യോശുവയുടെ പുസ്തകത്തില് വായിക്കാവുന്നതാണ്, 12:14; 15:30; 19:4.

C. ആര്.കെ. ഹാരിസണ് നിരൂപണത്തില് ശമുവേലിനാല് ദാവീദ് ഭരണം നടത്തുന്ന സമയത്ത് ഇത് എഴുതി എന്നതാണ്. ശീലോം നിന്നുള്ള പാരമ്പര്യത്തിന്റെ ഉറവിടം ഒരുപക്ഷെ ശമുവേല് ആയിരിക്കാം (ഇന്ട്രഡക്ഷന് റ്റു ദി ഓള്ഡ് ടെസ്റ്റമെന്റ് പേജ് 673).

## VI. ചരിത്രപശ്ചാത്തലത്തിന്റെ ഉറവിടം:

A. പുരാവസ്തു ഗവേഷണം കാണിക്കുന്നത് ഏകദേശം 1250 B.C.യില് വലിയ കോട്ട നിര്മ്മിതമായ കനാന് നഗരങ്ങളുടെയും തകര്ച്ചയും പുനര് നിര്മ്മാണവുമാണ്.

1. ഗെസോര്
2. ലങ്കിഷ്
3. ബെഥേല്
4. ദെബീര് (നേരത്തെ കിര്യത്ത് സേഫെര് എന്നായിരുന്നു, 15:15).

B. യെരീഹോ തകര്ന്നുവീണതിനെക്കുറിച്ച് പുരാവസ്തു ഗവേഷണത്തിന് ഉറപ്പിക്കുവാനോ അവഗണിക്കുവാനോ കഴിയില്ല. കാരണം അങ്ങനെയുള്ള മോശപ്പെട്ട അവസ്ഥയായിരുന്നു.

1. കാലാവസ്ഥ/പ്രദേശം
2. പിന്നീട് പഴയ സ്ഥലത്ത് പഴയ വസ്തുക്കള് കൊണ്ട് പുനര്നിര്മ്മാണം നടത്തിയിരിക്കാം.
3. അടുക്കുകളുടെ ആയുഷ്ക്കാലം ഉറപ്പില്ലാത്തതായിരുന്നു.

C. പുരാവസ്തു ഗവേഷകര് ഏബാല് പര്വ്വതത്തില് ഒരു യാഗപീഠം കണ്ടുപിടിച്ചു അത് യോശുവയുമായി ബന്ധപ്പെട്ടതായിരിക്കാം, 8:30-31 (ആവര്. 27:2-9). ഇത് മിഷ്ണയില് (തല്മൂദ്) കാണുന്ന വിവരണവുമായി സാമ്യമുണ്ട്.

D. B.C. 1400 -ഓടുകൂടി ഉഗാരിറ്റില് കണ്ടെത്തിയ രാസ് ഷര്മ്മാ ലിഖിതങ്ങളില് നിന്നാണ് കനാന്യരുടെ ജീവിതവും മതവും പ്രതിപാദിക്കുന്നത്.
1. ബഹുദൈവ വിശ്വാസ ആരാധന (ദുരുപദേശം)
2. ഏല് ആയിരുന്നു പ്രധാന ദൈവം
3. ഏലിന്റെ ഭാര്യയായിരുന്നു അശേര (പിന്നീട് അവര് ബാലിന്റെ ഭാര്യയായി)
4. അവരുടെ മകനായിരുന്നു ബാല് (ഹദ്ദദ്), കൊടുങ്കാറ്റിന്റെ ദൈവം
5. ബാല് കനാന്യരുടെ വിശ്വദേവതാഗണത്തില് "വലിയ ദൈവം" ആയിത്തീര്ന്നു
6. ചടങ്ങുകള് ഈജിപ്തിലെ ഇസ്സീസിനും ഒസിറിസ്സിനും സമാനമാണ്.
7. ബാല് ആരാധന കേന്ദ്രീകരിച്ചിരിക്കുന്നത് പ്രാദേശിക "ഉയര്ന്ന സ്ഥല" ങ്ങളിലായിരുന്നു.അല്ലെങ്കില് കല്ലുകളിന്മേലുള്ള വേദികളിലായിരുന്നു (ആചാര ദുര്വിനിയോഗം)
8. ബാല് പ്രതീകമായിരിക്കുന്നത് ഒരു ഉയര്ത്തപ്പെട്ട കല്ത്തൂണ് ആയിരുന്നു (ലിംഗപ്രതീകമായ അടയാളം), അശേരായും അസ്ട്രാറ്റേയും പ്രതീകമായിരിക്കുന്നത് വളഞ്ഞ തടിക്കുറ്റിയോ മരമോ ആയിരിക്കാം, ജീവന്റെ മരം എന്ന് പ്രതിനിധാനം ചെയ്യുന്നു.

E. പുരാവസ്തു ഗവേഷണം സ്ഥിതീകരിക്കുന്നത് വലിയ സാമ്രാജ്യ പ്രദേശങ്ങള് (ഹിത്യര്, ഈജിപ്തു കാര്, മെസപ്പൊട്ടോമ്യര്) ഓടുകൊണ്ടുള്ള ആയുധങ്ങള് ഉപയോഗിച്ച കാലഘട്ടത്തില് (1550-1200 B.C.) പാലസ്തീനില് സ്വാധീനം ചെലുത്താന് കഴിഞ്ഞിരുന്നില്ല.

F. പുരാതന നഗരങ്ങളുടെ കൃത്യമായ പട്ടിക സമകാലിക എഴുത്തുകാരുടെ പക്കലുണ്ട്.
1. യെറൂശലേം യെബൂസ്യ എന്ന് വിളിക്കപ്പെട്ടു, 15:8; 18:16; 28 (15:28 ല് പറയുന്നത് യെബൂസ്യര് ഇന്നും യെറൂശലേമിന്റെ ഒരുഭാഗത്ത് അവശേഷിച്ചിരുന്നു.
2. ഹെബ്രോന് കിര്യത്ത് അര്ബ്ബാ എന്നു വിളിക്കപ്പെട്ടു.
3. കിര്യത്ത് അര്ബ്ബാ ബാലാ എന്നു വിളിക്കപ്പെട്ടു
4. ദബീര് കിര്യത്ത് സന്നാ എന്ന് അറിയപ്പെട്ടു.
5. സീദോന് പരാമര്ശിക്കുന്നത് വലിയ ഫിനീഷ്യന് നഗരമായിട്ടാണ്, ടയര് അല്ല, 11:8; 13:6; 19:28. പിന്നീട് പ്രധാന നഗരമായി തീര്ന്നു.

G. യോശുവ 24 യഥാര്ത്ഥത്തില് ഹിത്യര് ഉടമ്പടി ഘടനയുമായി യോജിക്കുന്നു (ആവര്ത്തന പുസ്തകം പോലെ) രണ്ടാം സഹസ്രാബ്ദ B.C.യില്.

## VII. സാഹിത്യഘടകം (പശ്ചാത്തലം)

A. ഭൂമിശാസ്ത്രപരമായ പുസ്തകത്തിന്റെ രൂപരേഖ.
1. മോവാബ് സമതലത്തില് ആരംഭിക്കുന്നു (1-2)
2. യെരീഹോവിന്റെ അടുത്തുള്ള ഗില്ഗാലിലേക്ക് യോര്ദ്ദാന് നദി മുറിച്ചു കടക്കണം (3-4)
3. മധ്യകനാന് സൈനീക പ്രവര്ത്തനം, 5:1-10:15
4. തെക്കന് കനാന് സൈനീക പ്രവര്ത്തനം, 10:16-43
5. വടക്കന് കനാന് സൈനീക പ്രവര്ത്തനം, 11:1-23
6. ഗോത്രങ്ങളുടെ ഇടയില് ഭൂമിശാസ്ത്രപരമായ ഭൂവിഭജനം, 12-21

B. ഹ്രസ്വമായ ഉള്ളടക്കം:
1. കനാന്റെ കീഴടക്കല്, 1:11
2. ഗോത്രങ്ങളുടെ ഇടയില് വാഗ്ദത്തനാടിന്റെ വിഭജനം, 12:21
3. യോശുവയുടെ അവസാന വാക്കുകളും മരണവും, 22-24

## VIII. പ്രധാന സത്യങ്ങള്:

A. ദൈവത്തിന്റെ കഴിവും വിശ്വസ്തതയും തന്റെ വാഗ്ദത്തം അബ്രാഹാമിന് തെളിയിക്കാന് വേണ്ടി (ഉല്പ. 12:1-3) നാടിനെക്കുറിച്ച് (ഉല്പ. 15:16).

B. ഉല്പത്തിയില് ആരംഭിച്ച ചരിത്രം തുടര്ന്നു പ്രവര്ത്തിക്കുകയും ഒരു പുതിയ കാലയളവിലേക്ക് ഇതിനെ കൊണ്ടുവരികയും ചെയ്യുക. അതേസമയം സ്വമേധായുള്ള ഗോത്രങ്ങളുടെ കൂട്ടായ്മകള് കേന്ദ്രീകൃതമായ സര്ക്കാര് അവിടെയില്ലായിരുന്നു.

C. "വിശുദ്ധയുദ്ധം" എന്ന സങ്കല്പം (ഹേരം- "നിരോധനത്തിന് കീഴില്") വളരെ ക്രൂരമായി കാണുന്നു. എന്നാല് കനാന്യരുടെ പാപത്തിന് എതിരെ ദൈവം യിസ്രായേലിന് മുന്നറിയിപ്പ് നല്കുന്നു. അവരുടെ പാപം മുഖാന്തിരം വാഗ്ദത്ത നാട്ടില് നിന്നും ദൈവം അവരെ നീക്കം ചെയ്തു. മാത്രമല്ല യെഹൂദന്മാരെയും അതേ പാപത്താല് നീക്കംചെയ്യും. നാടുകടത്തല്, അസീറിയയും ബാബിലോണും).

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
1. കടവുകള്, 2:7 (NASB & NIV)
2. തീക്കല്ലുകൊണ്ടുള്ള കത്തി, 5:2 (NASB & NIV)
3. പാലും തേനും ഒഴുകുന്ന നാട്, 5:6 (NASB & NIV)
4. "നിന്റെ കാലില് നിന്ന് ചെരിപ്പ് അഴിച്ചുകളക", 5:15 (NIV, ചെരിപ്പ് എടുത്തുകളക)
5. വിശുദ്ധം (കാദോഷ്), 5:15
6. നിരോധനത്തിന് കീഴില് (ഹേരം), 6:17 (NIV, ഭക്തിയോടെ)
7. സൂര്യന് നിശ്ചലമായി ഗിബെയോനിലും നില്ക്ക, 10:12 (NASB & NIV)
8. "രാജാക്കന്മാരുടെ കഴുത്തില് കാല്വെപ്പിന്", 10:24 (NASB & NIV)
9. (ലേവ്യരുടെ പട്ടണങ്ങള്), 21:1-3 (NIV, താമസിക്കുവാന് നിങ്ങളുടെ പട്ടണങ്ങള് ഞങ്ങള്ക്ക് തരുവീന് എന്ന് മോശെ ആജ്ഞാപിച്ചു)
10. "യഹോവയുടെ ദാസന്", 24:29 (NASB & NIV)

B. വ്യക്തികളും തിരിച്ചറിയലും
1. രാഹാബ്, 2:1
2. യഹോവയുടെ സൈന്യത്തിന്റെ അധിപതി, 5:14 (NIV, യഹോവയുടെ സൈന്യത്തിന്റെ അധിപതി കമാന്ഡര്)
3. ആഖാന്, 7:1
4. ശെലോഫഹാദ്, 17:3
5. ഫീനെഹാസ്, 22:13

## X. ഭൂപട സ്ഥിതി

1. മഹാസമുദ്രം, 1:4
2. ശിത്തീം, 2:1
3. ആദാം, 3:16
4. ഹായി, 7:2
5. ഗിബെയോന്, 9:3
6. നെഗവ്, 11:16
7. അരബാ, 11:16
8. ഹെശ്ബോന്, 12:5
9. ഈജിപ്തിലെ നദി (വാടി ആല് അറിശ്), 15:4 (NIV, ഈജിപ്തിലെ വാടി)
10. ഹിന്നോം താഴ്വര, 15:8 (NIV, ബെന്ഹിന്നോം താഴ്വര)
11. ശേഖേം, 17:7
12. മെഗിദ്ദോന്, 17:11
13. ഷിലോവ്, 18:1
14. ബേര്ശേബാ, 19:2


## XI. വിദ്യാര്ത്ഥികള്ക്ക് ചുരുക്കി ഉത്തരം എഴുതാനുള്ള ചോദ്യങ്ങള്:


1. ദൈവം മോശെയെ ഉത്സാഹിപ്പിച്ചതുപോലെ എങ്ങനെയായിരുന്നു യോശുവയെ ഉത്സാഹിപ്പിച്ചത് (1:1ff, 5:13-15) ?

2. എങ്ങനെ യിസ്രായേല്യര് വിശ്വാസത്താല് യോര്ദ്ദാന് നദി കടന്നത് എന്ന് വിശദീകരിക്കുക.

3. എന്തുകൊണ്ടാണ് മന്നാ നിലച്ചത്?

4. എന്തുകൊണ്ടാണ് യിസ്രായേല് സൈന്യം ഹായി പട്ടണം പിടിച്ചടക്കിയത്?
5. എങ്ങനെയായിരുന്നു ഗിബെയോന് യോശുവയെ ചതിച്ചത്?
6. തീര്ച്ചയായും 10 അദ്ധ്യായം ഒരു അത്ഭുതമല്ലേ? എന്തുകൊണ്ട്? എന്തുകൊണ്ടല്ല?
7. ലേവ്യരുടെ പട്ടണങ്ങളും അഭയാര്ത്ഥികളുടെ പട്ടണങ്ങളും തമ്മിലുള്ള ബന്ധം വിവരിക്കുക.
8. എന്തു പ്രശ്നമാണ് 22-ാം അദ്ധ്യായത്തില് സംഭവിച്ചിരിക്കുന്നത്?


പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
S


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# ന്യായാധിപന്മാര്

## I. പുസ്തകത്തിന്റെ പേര്

A. "ഷോഫതീം" എന്ന എബ്രായഭാഷയില് നിന്നാണ് ഈ പേര് വന്നത്, അതിനര്ത്ഥം "തര്ക്കത്തെ ഒരു തീരുമാനത്തില് എത്തിച്ചേരുക" ഈ എബ്രായ പരാമര്ശവുമായി സാമ്യം ഇങ്ങനെ:
   1. ഫിനീഷ്യന് വാക്കായ "രാജാധികാരി"
   2. അക്കാദിയന് വാക്ക് "ഭരണാധികാരി"
   3. കാര്ത്തേജിയന് വാക്ക് "പ്രധാന ന്യായാധിപന്"

B. LXX -ല് ഇത് തര്ജ്ജമ ചെയ്തിട്ടുണ്ട്, "ക്രിട്ടാല്" അല്ലെങ്കില് "ന്യായാധിപന്".

C. വള്ഗേറ്റിന്റെ "ജുഡീക്യും"-ല് നിന്നാണ് ഇംഗ്ലീഷ് വാക്കുണ്ടായത്.

D. ഈ ഇംഗ്ലീഷ് പദം വഴിതെറ്റിക്കുന്നു. കാരണം നീതിന്യായപരമായി ഇത് പ്രവര്ത്തിക്കുന്നില്ല എന്ന താണ്. എന്നാല് ശക്തരായ സാധാരണക്കാരായ നേതാക്കന്മാരെ ദൈവത്താല് എഴുന്നേല്പിക്കപ്പെടുകയും പരിശുദ്ധാത്മാവിനാല് അധികാരപ്പെടുത്തുകയും ചെയ്തു (3:10; 6:34; 11:29; 14:6,19; 15:14), അവര് വൈദേശിക അടിച്ചമര്ത്തലില് നിന്നും ദൈവജനത്തെ പ്രത്യേക ഉദ്ദേശ്യത്തോടെ വിടുവിച്ചു (cf. 2:16). അതിന് ഏറ്റവും അനുയോജ്യമായ പദം "വിടുവിക്കുന്നവര്" എന്നതായിരിക്കും.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോന്റെ രണ്ടാം വിഭാഗത്തിന്റെ രണ്ടാമത്തെ പുസ്തകമാണ് ഇത്.

B. ഈ രണ്ടാം വിഭാഗത്തില് രണ്ട് സഹവിഭാഗങ്ങള് ഉണ്ട്.
   1. ചരിത്രപുസ്തകങ്ങള് എന്നു വിളിക്കപ്പെടുന്ന മുന് പ്രവാചകന്മാര് യോശുവാ-രാജാക്കന്മാര് (രൂത്ത് ഒഴികെ)
   2. പ്രവാചകന്മാര് എന്നു വിളിക്കപ്പെടുന്ന ശേഷമുള്ള പ്രവാചകന്മാര് യെശയ്യാവ്-മലാഖി(ദാനിയേലും വിലാപങ്ങളും ഒഴികെ)

## III. സാഹിത്യശൈലി - ഇത് പ്രമുഖ ചരിത്ര അവലോകനമാണ്.

## IV. എഴുത്തുകാരന്

A. ബൈബിള് തന്നെ അതിനെക്കുറിച്ച് നിശബ്ദത പാലിക്കുന്നു.
B. ബാബ ബത്ര 14b പറയുന്നത് ശമുവേലും ന്യായാധിപന്മാരും രൂത്തും എഴുതിയത് ശമുവേല് തന്നെയാണ്.
C. അനേക വര്ഷങ്ങളുടെ ഒരു കാലയളവ് ഈ പുസ്തകത്തിനുണ്ട്. അതുകൊണ്ട് ഒരു ദൃക്സാക്ഷി എഴുത്തുകാരന് തന്നെ ആയിരിക്കാന് കഴിയുകയില്ല.
D. ഈ പുസ്തകം കഴിയുന്നിടത്ത് നിന്ന് സമാഹരിച്ചു:
   1. ധാരാളം അറിയപ്പെടാത്ത എഴുതപ്പെട്ട ഉറവിടങ്ങളായ:
      a. "യഹോവയുടെ യുദ്ധങ്ങളുടെ പുസ്തകം" സംഖ്യാ. 21:14 ല് പറഞ്ഞിരിക്കുന്ന ഒരു ചരിത്രപരമായ ഉറവിടം.
      b. "ജാഷാറിന്റെ പുസ്തകം" യോശുവ 10:13 ലും 2 ശമുവേല് 1:18 ലും പറഞ്ഞിരിക്കുന്ന മറ്റൊരു ചരിത്രപരമായ ഉറവിടം.
   2. ധാരാളം വായ്മൊഴിയായുള്ള ഉറവിടങ്ങളുടെ സാധ്യത. കൃത്യമായ വായ്മൊഴി ചരിത്രങ്ങള് പുരാതന പടിഞ്ഞാറന് പ്രദേശത്ത് സര്വ്വ സാധാരണമായിരുന്നു. എഴുത്ത് ഉപകരണങ്ങള് വളരെ വിലപിടിപ്പുള്ളതും വഹിച്ചുകൊണ്ടു പോകുവാന് പ്രയാസവുമുള്ളതായിരുന്നു. അതിനൊരു ഉദാഹരണമാണ്:
      a. ദര്ശകനായ ശമുവേലിന്റെ ദിനവൃത്താന്തങ്ങള്, ..... നാഥാന് പ്രവാചകന്, ദര്ശകനായ ഗാദ്, 1 ദിന. 29:29

E. യഥാര്ത്ഥ സമാഹര്ത്താവ് മുന്പുള്ള സംഘടിത രാജവാഴ്ചയുടെ കാലഘട്ടത്ത് എഴുതി എന്നു കാണുന്നു.
   1. ബത്ലഹേം പരാമര്ശിച്ചിരിക്കുന്നത് മിക്കവാറും സാധ്യത ദാവീദിന്റെ ദിവസത്തില് പ്രതിഫലിക്കുന്നത് എന്നതാണ് (cf. 17:7,8,9; 19:12,18 - രണ്ടു വട്ടം).

2. വിവിധ ഗ്രന്ഥങ്ങള് പ്രതിപാദിക്കുന്നത് രാജവാഴ്ച കാലഘട്ടത്തില് ഒരു ചൊല്ലുണ്ടായിരുന്നു "ആ കാലഘട്ടത്തില് യിസ്രായേലില് രാജാവില്ലായിരുന്നു" (cf. 17:6; 18:1; 19:1; 21:25).

F. ശേഷമുള്ള രചനയുടെ തെളിവുണ്ട്.
   1. 18:30 പ്രതിഫലിക്കുന്നത്:
      a. B.C. 722-ല് വടക്കുള്ള പത്ത് ഗോത്രങ്ങളുടെ അസീരിയയിലേയ്ക്കുള്ള നാടുകടത്തല്.
      b. ഒരുപക്ഷെ ഏലിയുടെ ദിവസത്തില് ഫെലിസ്ത്യര് പെട്ടകം പിടിച്ചെടുത്തത്, 1 ശമു. 1-7.
   2. യെഹൂദ്യ പാരമ്പര്യം ഉറപ്പിച്ചു പറയുന്നത് എഴുത്തുകാരായ യിരെമ്യാവോ എസ്രയോ പഴയനിയമത്തിന്റെ ഭാഗങ്ങള് രചിച്ചു എന്നതാണ്. പഴയനിയമത്തിന്റെ രൂപീകരണം ഇതേ രീതിയിലുള്ളത് നമുക്ക് നഷ്ടപ്പെട്ടതാണ്. എന്നിരുന്നാലും ഈ പഴയനിയമ പുസ്തകങ്ങളുടെ ദൈവീക പ്രചോദനത്തെ ബാധിച്ചിട്ടില്ല.

## V. എഴുതിയ കാലം

A. മിക്കവാറും ദാവീദിന്റെ ഭരണകാലത്ത് സമാകര്ത്താവ് എഴുതി എന്നും ഇത് ചരിത്രപരമായ കാര്യങ്ങള് ദൃക്സാക്ഷി ഉറവിടങ്ങളില് നിന്നുള്ളതല്ലായെന്ന് അര്ത്ഥമാക്കുന്നില്ല. അതിന് രണ്ട് നല്ല ഉദാഹരണങ്ങള് ഉണ്ട്.
   1. 1:21 യെറൂശലേം എന്ന് പിന്നീട് അറിയപ്പെട്ട യബൂസിന്റെ ഉള്കോട്ട യെബൂസ്യര് ഇപ്പോഴും പിടിച്ചടക്കിയിരിക്കുന്നു. 2 ശമു. 5:6 വരെ ദാവീദ് ഈ കോട്ട പിടിച്ചടക്കിയിരുന്നില്ല.
   2. 3:3 ല്, സീദോന് ഫൊനീഷ്യയുടെ വലിയ പട്ടണമാണ്, ടയര് അല്ല.

B. പുസ്തകത്തിന്റെ കാലപരിധി എന്നത് പെട്ടെന്നുള്ള യോശുവയുടെ കീഴടക്കലിനു ശേഷം മുതല് ശമുവേലിന്റെ ജനനം വരെ. പുറപ്പാടിന്റെ സമയത്തെ ആശ്രയിച്ചാണ് ആരംഭം (1445 B.C./1290 B.C.), 1350 B.C./1200 B.C. അവസാനിക്കുന്ന തീയതി ഏകദേശം 1020 B.C. ആയിരിക്കും, ശൗലിന്റെ വാഴ്ചയുടെ ആരംഭം (ബ്രൈറ്റ്).

C. ന്യായാധിപന്മാരുടെ പുസ്തകത്തിന്റെ രചനാ കാലയളവ് എത്ര പരിശോധിച്ചാലും അത് 390-410 വര്ഷങ്ങള്ക്കിടയിലായിരിക്കും. ശലോമോന്റെ ദേവാലയ നിര്മ്മിതിയും (965 B.C.) പുറപ്പാടും തമ്മില് 480 വര്ഷങ്ങളുടെ അന്തരം ഉണ്ട് എന്ന് വചനം പറയുന്നതിനാല് ഈ കാലയളവ് തുടര്മാനമായി കണക്കാക്കാനാവില്ല (1രാജാ.6:1).അതുകൊണ്ട് ന്യായാധിപന്മാര് പ്രാഥമികമായി പ്രാദേശിക നേതാക്കന്മാരായിരുന്നു എന്നും അവരുടെ വാഴ്ചക്കാലം പരസ്പരം കവിഞ്ഞു കിടക്കുന്നതുമായിരിക്കും.

## VI. ചരിത്രപരമായ പശ്ചാത്തലം:

A. ന്യായാധിപന്മാരുടെ പുസ്തകത്തില് ആദ്യത്തെ അദ്ധ്യായങ്ങളില് കാണുന്നത് യോശുവയുടെ ആക്രമണം എത്ര ഹ്രസ്വമായിരുന്നു എന്നുള്ളതാണ്. കനാന്യരുടെ വലിയ കോട്ട നഗരങ്ങളും അവരുടെ സൈനിക ശക്തിയെയുമാണ് പ്രധാനമായും യോശുവ തോല്പ്പിച്ചത്. ഓരോ ഗോത്രങ്ങളുടെ അവരുടേതായ പ്രദേശങ്ങളിലെ തൊഴിലുകളെ ദൈവം ഒഴിവാക്കി; 2:6. പുറപ്പാടില് ദൈവത്തിന്റെ അത്ഭുതങ്ങളെയും കീഴടക്കലിനെയും കണ്ടിട്ടില്ലാത്ത യിസ്രായേലിന്റെ പുതിയ തലമുറ യോടുള്ള നയതന്ത്രപരമായുള്ള ഒരു പരീക്ഷയായിരുന്നു, 2:1-10; 3:1.

B. പുതു തലമുറ ആ പരീക്ഷയില് പരാജയപ്പെട്ടു, 2:11ff; 3:7,12; 4:1; 6:1; 10:6; 13:1. അവരുടെ പാപം കാരണം ദൈവം വൈദേശിക പീഡിതരെക്കൊണ്ട് പീഡിപ്പിച്ചു തന്റെ ജനത്തോട് പ്രതികരിച്ചു. ജനം ദൈവത്തിന്റെ സഹായത്തിനായി നിലവിളിക്കയും മാനസാന്തരപ്പെടുകയും ചെയ്തു. ദൈവം ഒരു "വീണ്ടെടുപ്പ്" അവര്ക്കായി അയച്ചു. തുടര്ന്ന് വര്ഷങ്ങളോളം നാട് സമാധാനത്തിലായി. ഈ മാതൃകയാണ് പ്രധാനമായും ന്യായാധിപന്മാരുടെ പുസ്തകത്തില് വിവരിച്ചിരിക്കുന്നത്, 2:6-16:31 ("പാപം, ദുഃഖം, പ്രാര്ത്ഥന, രക്ഷ").

## VII. സാഹിത്യ ഏകകം

A. ന്യായാധിപന്മാരുടെ കാലഘട്ടത്തെ കാണുന്നത് ദൈവശാസ്ത്രപരമായി 3 വ്യത്യസ്ത രീതിയിലുള്ള വിവരണമാണ്. ഈ 3 വീക്ഷണത്തിന്റെ രൂപരേഖയാണ് പുസ്തകത്തിന്റെ സംഗ്രഹം.
   1. യോശുവയുടെ കീഴടക്കലിന്റെ ഫലം
   2. വിമോചകരുടെ ആവശ്യം
   3. വിശ്വാസ ത്യാഗത്തിന്റെ ഉദാഹരണങ്ങള്

B. പുസ്തകത്തിന്റെ ചുരുങ്ങിയ സംഗ്രഹം:

1. കീഴടക്കലിന്റെ ചുരുങ്ങിയ കണക്ക്, 1:1-2:5
2. ദൈവജനത്തിന്റെ പാപം, ന്യായവിധി, വീണ്ടെടുപ്പ്, 2:6-16:31
3. ആ ദിവസത്തെ വെളിപ്പെട്ട ധാര്മ്മിക സ്ഥിതിയും ദൈവജനത്തിന്റെ പാപങ്ങളുടെ മൂന്ന് ഉദാഹരണങ്ങളും
   a. മീഖയുടെ വിഗ്രഹാരാധന, 17
   b. ദാനിന്റെ കുടിയേറിപ്പാര്പ്പ്, 18
   c. ഗിബെയയുടെ ലൈംഗീക പാപം, 19:21

C. വലിയ ന്യായാധിപന്മാരുടെ പട്ടികയും അവരുടെ ശത്രുക്കളും:

| *പേര്* | *പുസ്തകം* | *ശത്രു* | *സമാധാനത്തിന്റെ കാലം (1) / ന്യായവിധി കാലം (2)* |
|---|---|---|---|
| 1. ഒത്നിയേല് | 3:7-11 | മെസെപ്പെട്ടോമ്യ (കൂശാന്-റിഷാതായിം) | 40 വര്ഷങ്ങള് (1) |
| 2. ഏഹൂദ് | 3:12-30 | മോവാബ് (എഗ്ലോന്) | 80 വര്ഷങ്ങള് (1) |
| 3. ദെബോര (ബാരാക്ക്) | 4:1-24 (ഗദ്യം)<br>5:1-31 (പദ്യം) | കനാന്യര് (ജബിനും സിസേറയും) | 40 വര്ഷങ്ങള് (1) |
| 4. ഗിദെയോന് | 6-8 | മിദ്യാന്യരും അമാലേക്യരും | 40 വര്ഷങ്ങള് (2) |
| 5. യിപ്താഹ് | 10:17-12:7 | അമ്മോന്യര് (എഫ്രയിം) | 6 വര്ഷങ്ങള് (2) |
| 6. ശിംശോന് | 13-16 | ഫെലിസ്ത്യര് | 20 വര്ഷങ്ങള് (2) |

D. ചെറിയ ന്യായാധിപന്മാര്:

| *പേര്* | *പുസ്തകം* | *ശത്രു* | *ന്യായവിധിയുടെ സമയം* |
|---|---|---|---|
| 1. ശംഗര് | 3:31 | ഫെലിസ്ത്യര് | ? |
| 2. തോലാ | 10:1-2 | ? | 23 വര്ഷങ്ങള് |
| 3. യായീര് | 10:3-5 | ? | 22 വര്ഷങ്ങള് |
| 4. ഇബ്സാന് | 12:8-10 | ? | 7 വര്ഷങ്ങള് |
| 5. ഏലോന് | 12:11-12 | ? | 10 വര്ഷങ്ങള് |
| 6. അബ്ദോന് | 12:13-15 | ? | 8 വര്ഷങ്ങള് |

E. അബീമേലെക്ക്, 9:1-57
1. ഒരു വെപ്പാട്ടിയുടെ പുത്രനായിരുന്നു ഗിദെയോന്
2. അവന് ഒരു പട്ടണത്തെ ബാധിച്ചു
3. അവന് മറ്റു ന്യായാധിപന്മാരില് നിന്നും വ്യത്യസ്തനാണ്.

## VIII. പ്രധാന സത്യങ്ങള്:

A. ഈ പുസ്തകം തകര്ച്ചയുടെ തുടര്ച്ചയായുള്ള ഫലങ്ങള് വ്യക്തമായി കാണിക്കുന്നു.
1. തുടര്ന്നുവരുന്ന ഓരോ തലമുറയും ഉടമ്പടി അതിലംഘിക്കുകയും കനാന്യരുടെ വളക്കൂറുള്ള ദൈവങ്ങളുടെ പുറകേ പോകുകയും ചെയ്തു.
2. ദൈവത്തിലാശ്രയിച്ച്, ദൈവം നല്കിയ സ്ഥലം കൈവശമാക്കാന് ഫെലിസ്ത്യരെ തോല്പിക്കുന്നതിന് പകരം ദാന് ഗോത്രം വാഗ്ദത്ത നാടിന്റെ വടക്കേയറ്റം തിരഞ്ഞെടുക്കുവാന് തീരുമാനിച്ചു.

B. ദൈവം തന്റെ ജനത്തെ ന്യായംവിധിക്കുവാന് വിഗ്രഹാരാധികളെ ഉപയോഗിച്ചു (സിറിയ, അസ്സീറിയ, ബാബിലോണ്) ഇത് ആവര്. 27-29 എന്നീ അദ്ധ്യായങ്ങളിലെ ശാപങ്ങളെ പ്രതിഫലിപ്പിക്കുന്നു.

C. ഈ പുസ്തകം കാണിക്കുന്നത് ഏകീകരണ ഗോത്രങ്ങളെ നയിക്കുവാന് ഒരു നീതിയായ രാജാവ് ആവശ്യമാണ് എന്നുള്ളതാണ്.

D. ഉല്പത്തി പുസ്തകത്തില് ആരംഭിച്ച യെഹൂദന്മാരുടെ ചരിത്രം ഈ പുസ്തകത്തില് തുടരുന്നു.

## IX. സംജ്ഞയും ഭാഷാ പ്രയോഗം കഥാപാത്രങ്ങളുടെ ചുരുങ്ങിയ നിര്വചനം:

A. സംജ്ഞയും ഭാഷാപ്രയോഗവും

1. അവരുടെ കൈകാലുകളുടെ പെരുവിരല് മുറിക്കുക, 1:7 (NASB & NIV)
2. കാഹളം ഊതി, 3:27 (NIV, "കാഹളം")
3. മുടിക്കോല്, 3:31 (NASB & NIV)
4. പ്രവാചകി, 4:4 (NASB & NIV)
5. കാലാ പെരുക്കുക, 8:2 (NASB & NIV)
6. പ്രാശ്നികന്മാരുടെ/ജ്യോതിഷികന്റെ കരുവേലകം (ടെറിബിന്ത്), 9:37 (NIV, "ഭാവിഫലം പറയുന്നവരുടെ മരം")
7. ശിബ്ബോലെത്ത്, 12:6 (NASB & NIV)
8. ഓരോരുത്തന് ബോധിച്ചതുപോലെ നടന്നു, 17:6; 18:1; 19:1; 21:25 (NIV, "എല്ലാവരും കണ്ടത് യോജിച്ചതുപോലെ ചെയ്തു")
9. "ഗൃഹ ബിംബങ്ങള്" (ടെറാഫീം), 18:17 (NIV, "ഗൃഹദൈവങ്ങള്")
10. "നീചന്മാര്" (ബലിയേല്), 19:22 (NIV, "നീചന്, ദുഷിച്ചവന്")

B. തിരിച്ചറിയപ്പെടുന്ന വ്യക്തികള്:

1. സീസെരാ, 4:2
2. ബാരാക്ക്, 4:6
3. യായേല്, 4:17
4. യെരുബ്ബാല്, 6:32; 7:1 (NIV, യെരൂബ് ബാല്)
5. അബീമേലെക്ക്, 9:1
6. കെമോഷ്, 11:24
7. ദാഗോന്, 16:23

## X. ഭൂപട പ്രദേശം (സംഖ്യയോടുകൂടെ)

1. ഊന്തപട്ടണം, 1:16; 3:13
2. അരാദ്, 1:16
3. ബഥേല്, 1:22
4. മെഗിദ്ദോവ്, 1:27
5. ഗേസെര്, 1:29
6. അക്കോ, 1:31
7. ഹാസേര്, 4:2
8. രാമെ, 4:5
9. താബോര് പര്വ്വതം, 4:6
10. കീശോന് തോട്, 4:7
11. യിസ്രായേല് താഴ്വര, 6:33
12. ശേഖേം, 9:1
13. മിസ്പാ, 10:17
14. അര്ന്നോന് നദി, 11:13
15. യാബോക്ക് നദി, 11:13
16. തിമ്നാ, 14:1
17. അസ്കലോന്, 14:19
18. ഗസ്സാ, 16:1
19. ശീലോ, 18:31
20. യെബൂസ്, 19:10
21. ഗിബെയ, 19:12

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്:

1. എന്തുകൊണ്ടാണ് കീഴടക്കലിനെക്കുറിച്ചുള്ള കണക്ക് ന്യായാ. 1-2 -ല് നിന്നും യോശുവ 1-12 വ്യത്യസ്തമായിരിക്കുന്നത്?

2. എന്തുകൊണ്ടായിരുന്നു യിസ്രായേല് ഗോത്രങ്ങള് എല്ലാ കനാന്യരെയും കൊല്ലുകയും അവരുമായി ഉടമ്പടി ഉണ്ടാക്കാത്തതും?

3. എന്തുകൊണ്ടാണ് ചില ന്യായാധിപന്മാരെ വലിയവരെന്നും ചെറിയവരെന്നും വിളിച്ചത്?


4. എന്തുകൊണ്ടാണ് 4,5 അദ്ധ്യായങ്ങളില് സ്ത്രീ നേതൃത്വത്തെ ദൈവം ഉപയോഗിച്ചത്?


5. എന്തുകൊണ്ടായിരുന്നു 7-ാംം അദ്ധ്യായത്തില് ഗിദെയോന്റെ സൈന്യത്തെ കുറയ്ക്കണമെന്ന് ദൈവം ആഗ്രഹിച്ചത്?

6. യിപ്താഹ് തന്റെ മകളെ ദൈവത്തിന് യാഗം കഴിച്ചുവോ?

7. എങ്ങനെയാണ് ദൈവത്തിന് ശിംശോനെപ്പോലെ ലൈംഗികമായി മറ്റൊരുത്തനെ ഉപയോഗിക്കാന് കഴിയുക?

8. ദാന് ഗോത്രത്തെ സംബന്ധിച്ചിടത്തോളം മറ്റൊരു സ്ഥലത്തേയ്ക്ക് മാറി താമസിക്കുന്നത് ഒരു പാപമായിരുന്നത് എന്തുകൊണ്ട് ?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്



പാലസ്തീൻ
0 10 20 30 40
SCALE IN MILES

# രൂത്ത്

## I. പുസ്തകത്തിന്റെ പേര്

ഇതിലെ പ്രധാന കഥാപാത്രങ്ങളില് ഒരു വ്യക്തിയുടെ നാമധേയത്തിലാണ് ഈ പുസ്തകത്തിന് പേര് നല്കിയത്. രൂത്ത്, മോവാബ്യര്, ദാവീദിന്റെ പിന്തുടര്ച്ചക്കാര്, യേശു, മത്തായി. 1:5.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. "എഴുത്തുകള്" എന്നു വിളിക്കപ്പെടുന്ന എബ്രായ കാനോന്റെ മൂന്നാമത്തെ ഭാഗമാണ് ഈ പുസ്തകം.

B. മെഗിലോത്ത് അല്ലെങ്കില് "അഞ്ച് ചുരുളുകള്" എന്നറിയപ്പെടുന്ന അഞ്ച് ചെറിയ പുസ്തകങ്ങളുടെ ഒരു പ്രത്യേക കൂട്ടത്തിന്റെ ഭാഗവുമാണ് ഇത്.

C. LXX ല് ന്യായാധിപന്മാര്ക്ക് ശേഷമാണ് രൂത്തിന്റെ സ്ഥാനം. കോണ്ട്രാ അപിയോനില് ജോസീഫസില് (1:8) പറയുന്നത് പഴയനിയമ പുസ്തകത്തില് 22 പുസ്തകങ്ങള് മാത്രമെയുള്ളൂ. ഇത് അനുശാസിക്കുന്നത് ന്യായാധിപന്മാരും രൂത്തും ഒരു പുസ്തകമായി കണക്കാക്കിയിരുന്നു. അതു കൊണ്ട് "എഴുത്തുകളില്" ഒരുപക്ഷെ പിന്നീട് ഉള്പ്പെടുത്തിയിരുന്നു (ജെറോം).

## III. സാഹിത്യ ശൈലി

A. ഈ പുസ്തകം വ്യക്തമായിട്ടും ചരിത്രപരമായ വിവരണമാണ്, സംഭാഷണത്തിലൂടെ പറഞ്ഞതാണ്. ഈ പുസ്തകം 85 വാക്യങ്ങളാല് നിര്മ്മിതമാണ്. സംഖ്യയില്, 50 സംഭാഷണങ്ങളാണ്. ഈ എഴുത്തുകാരന് അത്ഭുതം നിറഞ്ഞ കഥ പറയുന്ന വ്യക്തിയാണ്.

B. ചില വേദപണ്ഡിതന്മാര് പറയുന്നത് ഈ പുസ്തകം നാടകം എന്നതാണ്, ചരിത്രപരമല്ല കാരണം:
   1. കഥാപാത്രങ്ങളുടെ പേരുകളുടെ അര്ത്ഥം ദൃഷ്ടാന്തമായതാണ്.
      a. മഹ്ലോന് - രോഗം
      b. ചിലിയോന് - പ്രയോജനമില്ലാത്ത
      c. ഓര്പ്പാ - കഴുത്ത് വളയാത്ത
      d. നവോമി - എന്റെ പരിമളമായ
   2. എല്ലാ കഥാപാത്രങ്ങളും അതിശ്രേഷ്ഠരാണെന്നത് അതിപ്രധാന വിഷയമാകുന്നു.
   3. ന്യായാധിപന്മാരുടെ കാലഘട്ടത്തില് കഥാപാത്രങ്ങള് ശക്തമായ മതവിശ്വാസവും പുലര്ത്തിയിരുന്നു, 1:1.

## IV. എഴുത്തുകാരന്

A. ഒരുപാട് പഴയനിയമ പുസ്തകങ്ങള് പേരറിയാത്തതാണ്.

B. ബാബാ ഭദ്ര 14ബി പറയുന്നത് ന്യായാധിപന്മാരും രൂത്തും ശമുവേല് എഴുതി എന്നതാണ്. രൂത്ത് 4:17, 22 മുതല് വിവരിക്കുന്നത്.

C. "മുന്കാലങ്ങളില് ഈ സമ്പ്രദായം ആയിരുന്നു" എന്ന പദശൈലി രൂത്ത് 4:7 ല് കാണാം.

## V. എഴുതിയ കാലം

A. കഥയിലെ സംഭവങ്ങള് നടക്കുന്നത് ന്യായാധിപന്മാരുടെ കാലഘട്ടത്തിലാണ്, 1:1 (1350 or 1200 B.C. to 1020 B.C.). മിക്കവാറും എന്തുകൊണ്ട് LXX -ന്റെ സ്ഥാനം ന്യായാധിപന്മാര്ക്ക് ശേഷം വന്നത്.

B. യിസ്രായേലിന്റെയും ന്യായാധിപന്മാരുടെയും സമാധാന കാലഘട്ടത്ത് ഇത് സംഭവിച്ചിട്ടുണ്ടാകണം:
   1. ന്യായാധിപന്മാരില് അതിശയമാകുന്നു, 3:12-30
   2. എന്നിരുന്നാലും സമയങ്ങളില് സമാധാനം ഉണ്ടായിട്ടുണ്ടാകണം, 1 ശമു. 22:3-4 (ശൗല്)

C. പുസ്തകം എഴുതപ്പെട്ടത് എന്നായിരുന്നു?

1. ദാവീദിന്റെ ഭരണകാലത്ത് എഴുതി എന്ന് വ്യക്തമാകുന്നു, 4:17,12. ദാവീദിന്റെ വംശപരമ്പരയിലെ ഒരു മോവാബ്യ വ്യക്തി തനിക്ക് അഭിനന്ദനമായിരുന്നില്ല എന്ന വസ്തുതയാല് ഈ പുസ്തകത്തിന്റെ ചരിത്ര പശ്ചാത്തലം ഉറപ്പിക്കുന്നു.
2. രൂത്തിന്റെ പുസ്തകത്തിലെ രചനാരീതിയും പദാവലിയും ശമുവേലിന്റെ പുസ്തകവുമായി സാമ്യതയുണ്ട്, ദിനവൃത്താന്തപുസ്തകവുമായി സാമ്യമില്ല.

## VI. ചരിത്രപരമായ പശ്ചാതലത്തെ സ്ഥിരീകരിക്കുന്ന ഉറവിടങ്ങള്

പാരമ്പര്യ അവകാശങ്ങള് കൈമാറ്റം ചെയ്യുമ്പോള് ചെരുപ്പ് കൈമാറ്റം ചെയ്യുന്നത് ഒരു നിയമ അടയാളമാണ് എന്ന് പുരാവസ്തു ഗവേഷണ സംബന്ധമായി കണ്ടുപിടിച്ചിട്ടുണ്ട്. നൂസി എഴുത്തുകളില് സമാനരീതികള് കണ്ടെത്തിയിട്ടുണ്ട്. പിതാക്കന്മാരുടെ കാലഘട്ടം എന്ന് നാം വിളിക്കുന്ന B.C. രണ്ടാം മില്ലേനിയത്തിലെ അക്കാഡിയന് ഭാഷകളില് (പുരാതന പേര്ഷ്യന്-അസീറിയന്) കണ്ടിട്ടുണ്ട്.

## VII. സാഹിത്യഏകകം (പശ്ചാത്തലം)

A. ദൈവത്തിന്റെ യിസ്രായേലിന്മേലുള്ള ന്യായവിധിയില് നവോമിയുടെ കുടുംബം പാലായനം ചെയ്ത് സകല മനുഷ്യരും മരിച്ച് മോവാബിലേയ്ക്ക് യാത്രയായി, 1:1-5.

B. നവോമി തന്റെ മരുമകളുമായി ബത്ലഹേമിലേയ്ക്ക് തിരികെ പോയി.

C. യവക്കൊയ്ത്തു കാലത്ത് രൂത്ത് ബോവസിനെ കണ്ടുമുട്ടി, 2:1-23.

D. നവോമിയും രൂത്തും ബോവസിനെ വശീകരിക്കുവാന് പദ്ധതി തയ്യാറാക്കുകയും അവര് വിജയിക്കുകയും ചെയ്തു, 3:1-18.

E. നവോമിയുടെ പകര വീണ്ടെടുപ്പുകാരനായിത്തീരാന് ബോവസ് മുന്കൈയെടുത്തു, രൂത്ത് 4:1-22

## VIII. പ്രധാന സത്യങ്ങള്:

A. ഒരു പുറജാതി വിശ്വാസിയുടെ ദൈവീക സ്വഭാവം, 1:16-17

B. യെഹൂദ പുറജാതി സ്ത്രീകളുടെ ദേവസ്വഭാവം

C. ദാവീദ് രാജാവിന്റെ വംശപരമ്പരയും മശിഹാരാജാവ് വിദേശവനിതയെ ഉള്പ്പെടുത്തുന്നു, മത്താ. 1:5; ലൂക്കൊ. 3:32, ദൈവത്തിന്റെ പദ്ധതിയാണ്.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും:
   1. എഫ്രാത്യര്, 1:2; 4:11 (NASB & NIV)
   2. മാറാ, 1:20 (NASB & NIV)
   3. സര്വ്വശക്തന് (എല്സദായ്), 1:20 (NASB & NIV)
   4. "ആരുടെ ചിറകിന്കീഴില് നീ ആശ്രയിച്ച് അന്വേഷിച്ച് വരേണ്ടതായിട്ടുണ്ട്", 2:12 (NASB & NIV)
   5. “ഒരു പറ”, 2:17 (NASB & NIV)
   6. വളരെ അടുത്ത ബന്ധം (ഗോയല്), 2:20; 3:9; 4:14 (NIV, അടുത്ത ബന്ധം)
   7. (levirate marriage) (ആവര്. 25:5-14) - ഒരു വിധവ തന്റെ ഭര്ത്താവിന്റെ സഹോദരനെ വിവാഹം കഴിക്കുന്ന സമ്പ്രദായം.
   8. "കാലിന്മേലുള്ള പുതപ്പു നീക്ക", 3:4, 7-8, 14 (NASB & NIV)
   9. "ഒരുവന് തന്റെ കാലിലെ ചെരുപ്പ് അഴിച്ചു മറ്റൊരുവന് നല്കി", 4:7 (NASB & NIV)

B. വ്യക്തികളുടെ വ്യക്തമായ തിരിച്ചറിവ്
   1. എലീമേലെക്ക്, 1:2
   2. യിശ്ശായി, 4:22

## X. ഭൂപടം പ്രദേശം

1. മോവാബ്, 1:1
2. ബത്ലഹേം, 1:2


## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യം:


1. എബ്രായ കാനോനില് ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം എന്താണ്?

2. എന്തുകൊണ്ടാണ് കുടുംബ യിസ്രായേലില് നിന്ന് പാലായനം ചെയ്തത്?

3. ഒരു വിധവ തന്റെ ഭര്ത്താവിന്റെ സഹോദരനെ വിവാഹം കഴിക്കുന്ന സമ്പ്രദായവുമായി, ഗോയല് എന്ന പദം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? വിവരിക്കുക.

4. എന്തുകൊണ്ടാണ് ഈ പുസ്തകം ദാവീദിന് ഒരു ബുദ്ധിമുട്ട് ആയിത്തീര്ന്നത്?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്



പാലസ്തീൻ
0 10 20 30 40
SCALE IN MILES

# I, II ശമുവേല്

## I. പുസ്തകത്തിന്റെ പേര്

A. ഇതിന്റെ ആദ്യ മുഖ്യ കഥാപാത്രമായ ശമുവേലിന്റെ മരണശേഷമാണ് ഈ പുസ്തകത്തിന് പേരിട്ടത്. അദ്ദേഹത്തിന്റെ പേര് അര്ത്ഥമാക്കുന്നത്:
   1. "അദ്ദേഹത്തിന്റെ പേര് "ഏല്" ആകുന്നു", ശേഖേമിലേക്ക് മടങ്ങിപ്പോകുന്നു.
   2. "ഏലിനോട് ചോദിച്ചു" (cf. 1 ശമുവേല് 1:20)

B. അവന് ആയിരുന്നു:
   1. ന്യായാധിപന് (1 ശമു. 7:6; 15-17)
   2. പ്രവാചകന് - 1 ശമു. 3:20 (യഥാര്ത്ഥത്തില് പ്രവാചകന്മാരെ വിളിച്ചിരുന്നത് "ദര്ശനങ്ങളെ കാണുന്നവര്", 1 ശമു. 9:9; 1 ദിന. 29:29)
   3. പുരോഹിതന് - 1 ശമു. 10:8; 16:5

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോന്റെ രണ്ടാം വിഭാഗമായ ഈ ഭാഗത്തെ പ്രവാചകന്മാര് എന്നു വിളിക്കുന്നു. ആ വിഭാഗത്തെ രണ്ട് ഭാഗങ്ങളായി തിരിക്കുന്നു:
   1. മുന് പ്രവാചകന്മാര്, ഉള്പ്പെട്ടിരിക്കുന്നത്, യോശുവ, രാജാക്കന്മാര് (രൂത്ത് ഒഴികെ)
   2. ശേഷമുള്ള പ്രവാചകന്മാര്, ഉള്പ്പെട്ടിരിക്കുന്നത്, യശയ്യാവ്-മലാഖി (ദാനിയേല് വിലാപങ്ങള് ഒഴികെ)

B. യഥാര്ത്ഥത്തില് എബ്രായ കാനോനില് I ഉം II ഉം ശമുവേല് ഒറ്റ പുസ്തകമായിരുന്നു.
   1. ബാബാ ബദ്ര 14b II ശമുവേലിന്റെ മാത്രമാണ് അവസാനമായി MT -ന്റെ തീര്ന്ന കുറിപ്പുകള് സംഭവിച്ചിട്ടുണ്ട്.
   2. ഏസീബിയസ് എക്ലീസിയാസ്റ്റികല് ചരിത്രം ഢകക: 25:2

C. സെപ്റ്റുവജന്റ് (LXX) പുസ്തകത്തെ രണ്ടു ഭാഗമായി തിരിച്ചിട്ടുണ്ട്. മിക്കവാറും ദൈര്ഘ്യം ഉള്ളതുകൊണ്ട് ഇതും താഴെ പറയുന്നതുപോലെ ചരിത്രപുസ്തകമായി വിളിക്കപ്പെട്ടു.
   1. I ശമുവേല് - I രാജ്യങ്ങളുടെ പുസ്തകം (വള്ഗേറ്റില്, I രാജാക്കന്മാര്)
   2. II ശമുവേല് - II രാജ്യങ്ങളുടെ പുസ്തകം (വള്ഗേറ്റില്, II രാജാക്കന്മാര്)
   3. I രാജാക്കന്മാര് - III രാജ്യങ്ങളുടെ പുസ്തകം (വള്ഗേറ്റില്, III രാജാക്കന്മാര്)
   4. II രാജാക്കന്മാര് - IV രാജ്യങ്ങളുടെ പുസ്തകം (വള്ഗേറ്റില്, IV രാജാക്കന്മാര്)

## III. സാഹിത്യ ശൈലി

A. ഇത് പ്രാഥമികമായി ഭൂമിശാസ്ത്രപരമായി കേന്ദ്രീകരിച്ചിരിക്കുന്നു, ചരിത്രപരമായ വിവരണം.

B. ഇതിനര്ത്ഥം ഇത് ചരിത്രപരമായ സമ്പ്രദായത്തില് എഴുതപ്പെട്ടിരിക്കുന്നു. സംഭവങ്ങള് എല്ലാ വിശ്വാസികള്ക്കും അത്യാവശ്യമില്ലാത്ത വക്താവായിരിക്കുന്നു.

C. ഇത് ആധുനിക പാശ്ചാത്യ ലോകത്തിന്റെ ചരിത്രമല്ല. എന്നാല് ഇത് പുരാതന പൗരസ്ത്യ ചരിത്രത്തിനടുത്തുള്ളതാണ്. ദൈവശാസ്ത്ര സത്യങ്ങള് അറിയിക്കുവാന് തെരഞ്ഞെടുക്കപ്പെട്ട സംഭവങ്ങള് ഇത് ലക്ഷയ്മിടുന്നു. അതുകൊണ്ട് പുതിയനിയമത്തിലെ അപ്പോസ്തലപ്രവൃത്തിയും സുവിശേഷങ്ങളും തുല്യമാണ്. ഇത് ലളിതമായി വ്യാഖ്യാനിച്ചിരിക്കുന്നു: (1) തെരഞ്ഞെടുപ്പ് (2) പൊരുത്തപ്പെടല് (3)ക്രമീ കരണം (4) പ്രചോദനത്തിനകത്ത്. എന്നിരുന്നാലും, മാത്രമല്ല ഇത് പ്രസ്താവിക്കണം എബ്രായരും ഹിത്യരും വളരെ കൃത്യമായുള്ള ചരിത്രകാരന്മാരാണ്. മറ്റു പുരാതന ജനം വിജയങ്ങളെ പെരുപ്പിച്ചുകാണിക്കുന്നു പരാജയത്തെ തള്ളിക്കളയുന്നു.

D. പടിഞ്ഞാറന് സാഹിത്യത്തിന്റെ സമ്പുഷ്ടത ഇപ്പോള് പണ്ഡിതന്മാരില് ലഭ്യമാണ്, ആധുനിക പുരാവസ്തു ഗവേഷണം കരുതിയതിലൂടെ സാദ്ധ്യമാകുന്നു, കാഴ്ചപ്പാട് ശമുവേലിന്റെ സാഹിത്യ ത്തിലുണ്ട്, പ്രത്യേകിച്ച് 1 ശമു. 15- 2 ശമു. 8. പ്രത്യേകിച്ച് 1200 B.C. "അപ്പോളജി ഓഫ് ഹല്ലുസിറ്റിസ്" എന്നറിയപ്പെടുന്ന ഹിത്യരുടെ രേഖ ശമുവേലുമായി ഒരുപാട് സാമ്യമുണ്ട്. ഇത് അടിസ്ഥാനപരമായി ഒരു പുതിയ സാമ്രാജ്യത്തിന്റെ പ്രതിരോധമാണ്, അതുകൊണ്ട് ഒരു പുതിയ ഭരണാധികാരിക്ക് മറ്റൊരു ഭരണാധികാരിയെ ബലം പ്രയോഗിച്ച് കുറ്റംചുമത്തുവാന് കഴിയില്ല. (സൊണ്ടര്വാന് പിക്ടോറിയല് എന്സൈക്ലോപീഡിയ, Vol. 5p. 259-260):

1. പുതിയ ഒരു രാജാവിന് ക്ലേശ സംഭവങ്ങള് ഏറെയുണ്ട്
2. മിക്കവാറും കണിശമായ കാലാനുക്രമമായതിന് പകരം സംഭവങ്ങളുടെ സംക്ഷിപ്ത ഉള്ളടക്കമാണ്
3. മുന് ഭരണാധികാരികളുടെ അയോഗ്യത വ്യക്തമായി കാണിക്കുന്നു
4. പുതിയ ഭരണാധികാരിയുടെ സൈനീക വിജയങ്ങള് കാണിക്കുന്നു
5. പുതിയ ഭരണാധികാരിയുടെ വളരുന്ന ജനപ്രീതി വെളിപ്പെടുത്തുന്നു
6. പുതിയ ഭരണാധികാരിയുടെ പ്രധാനപ്പെട്ട രാഷ്ട്രീയ വിവാഹങ്ങളുടെ രേഖകള്
7. പുതിയ ഭരണാധികാരിയുടെ മതപരമായ ആവേശത്തിന്റെ ക്ലേശങ്ങളും ദേശീയബോധവും
8. പുതിയ രാജാവിന്റെ രാജവാഴ്ചയുടെ സംക്ഷിപ്ത രൂപവും അതിന്റെ ദൈവീക അനുഗ്രഹങ്ങളും ഭരണപരമായ വിജയങ്ങളും

## IV. എഴുത്തുകാരന്

A. യെഹൂദാ പാരമ്പര്യം എപ്പോഴും സ്ഥിതീകരിച്ചത്. ശമുവേല് തന്നെയാണ് ഇതിന്റെ ഗ്രന്ഥകര്ത്താവ്.
   1. ബാബാ ബദ്ര 14b പറയുന്നത് ശമുവേല് ഈ പുസ്തകം എഴുതി തന്റെ പേര് ഊന്നി പറയുകയാണ്. ന്യായാധിപന്മാരിലും രൂത്തിലും അങ്ങനെ തന്നെയാണ്.
   2. ശമുവേല് എഴുതി എന്ന് ഈ പുസ്തകം തന്നെ പ്രസ്താവിക്കുന്നു cf. 1 ശമു. 10:25 (സാധാരണയായി ചിന്തിക്കുന്നത് ആദ്യത്തെ 12 മുതല് 15 അദ്ധ്യായങ്ങള് വരെ)
   3. ശേഷമുള്ള യെഹൂദ പണ്ഡിതന്മാരും ഇത് അംഗീകരിക്കുന്നു. ആവര്ത്തനവും യോശുവയും പോലെ, ഈ പുസ്തക കുറിപ്പുകള് ഇതിന്റെ മുഖ്യ കഥാപാത്രത്തിന്റെ മരണത്തെ കുറിച്ചാണ്, 1 ശമു. 25:1; 28:3, അദ്ദേഹത്തിന്റെ മരണത്തിനും ഒരുപാട് നാളുകള്ക്കു ശേഷമുള്ള സംഭവങ്ങളെ രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് അവയെ ഇങ്ങനെ ഓര്മ്മപ്പെടുത്തുന്നു:
      a. ഒരുപക്ഷെ സെരായ എന്ന എഴുത്തുകാരന് 2 ശമു. 8:17, പുസ്തകം പൂര്ത്തീകരിച്ചു
      b. ഒരുപക്ഷെ പുരോഹിതനായ അബിയാതര് പുസ്തകം പൂര്ത്തീകരിച്ചു
      c. ഒരുപക്ഷെ നാഥാന് പ്രവാചകന്റെ പുത്രന് സബൂദ്, (NIV) ഇത് സമാഹരിച്ചു (cf. 1 രാജാ. 4:5)

B. ആധുനിക പാണ്ഡിത്യം:
   1. ഇത് അംഗീകരിക്കപ്പെട്ടിരിക്കുന്നത് പുസ്തകങ്ങളുടെ ഉള്ളടക്കം സംഭവങ്ങളിലൂടെയുള്ള ദൃക്സാക്ഷികളില് നിന്നുമാണ് (ബ്രൈറ്റ്)
   2. ഇത് അംഗീകരിക്കപ്പെട്ടത് ഉപയോഗിക്കപ്പെട്ട ഉറവിടങ്ങളായിരുന്നു
      a. "ശൂരന്മാരുടെ പുസ്തകം", 2 ശമു. 1:8
      b. ശമുവേലിന്റെ ദിനവൃത്താന്തങ്ങള്, 1 ശമു. 10:25; 1 ദിന. 29:29
      c. നാഥാന്, ഗാദ് എന്നീ പ്രവാചകന്മാരുടെ ദിനവൃത്താന്തങ്ങള്, 1 ദിന. 29:29
      d. കാലത്തിന്റെ മറ്റു ദിനവൃത്താന്തങ്ങള്, 1 ദിന. 27:24
      e. ധാരാളം ആധുനിക പണ്ഡിതന്മാര് ശമുവേലിനെപ്പോലെ ആണെന്ന് കരുതുക കോടതി രേഖകള്ക്ക് വഴിതുറക്കപ്പെട്ട നാഥാന്റെ മകന് (1രാജാ. 4:5) സാബൂദ് കോര്ത്തിണക്കിയ മൂന്ന് വിവരണങ്ങളുടെ എഴുത്തുകാരാണ് നാഥാനും, ഗാദും (1 ദിന. 29:29)
   3. ശമുവേലിനു ശേഷം "ഇന്നുവരെയും" എന്ന വാക്ക് ദൃഷ്ടാന്തീകരിക്കുന്നു ഇത് പിന്നീടുള്ള എഴുത്തുകാരുടെ തെളിവുകളാണ് (cf. 1 ശമു. 5:5; 6:18; 27:6; 30:25; 2 ശമു. 4:3; 6:8; 18:18).
   4. B.C. 922 ലോ, B.C. 930 ലോ, 933 B.C. ലോ സംയുക്ത രാജവാഴ്ച വിഭജിച്ചിരുന്നതിനു ശേഷം എഴുത്തുകാരനോ എഴുത്തുകാരോ ജീവിച്ചിരിക്കുകയും ജോലി ചെയ്യുകയുമായിരുന്നു എന്ന് തെളിവുകള് ഉണ്ട് (ബ്രൈറ്റ്), (ഹാരിസണ്, NIV) or 933 B.C. (Young) പത്തു വടക്കന് ഗോത്രങ്ങള് യിസ്രായേല് എന്നും, എഫ്രയീം, ശമര്യ, പിന്നീട് മൂന്ന് തെക്കന് മേഖലകള് യെഹൂദ എന്നും അറിയപ്പെട്ടു (1 ശമു. 11:8; 17:52; 18:16; 27:6; 2 ശമു.5:5; 24:1).
   5. വിവിധാംശ നിര്മ്മിതമായ സാഹിത്യശൈലി എന്ന് ആധുനിക പണ്ഡിതന്മാര് വിളിക്കുന്ന സാഹിത്യത്തിന് ഉത്തമ ഉദാഹരണമാണ് ശമുവേലിന്റെ പുസ്തകം.
      a. പുരോഹിതനായ ഏലിയുടെ കുടുംബത്തിന്റെ അവസാനം
         (1). 1 ശമു. 2:31ff
         (2). 1 ശമു. 3:1ff
      b. ശൗലിന്റെ അഭിഷേകം
         (1). രഹസ്യം, 1 ശമു. 9:26-10:1
         (2). പൊതുജനം (ഇരട്ട), 1 ശമു. 13:14; 15:23
      c. ദാവീദ് മുതല് ശൗല് വരെയുള്ള അവതരണം
         (1). 1 ശമു. 16:21
         (2). 1 ശമു. 17:58
      d. ശൗലിന്റെ സന്നിധിയില് നിന്നും ദാവീദ് രക്ഷപ്പെടുന്നു
         (1). 1 ശമു. 24:3
         (2). 1 ശമു. 26:5

e. ദാവീദും യോനാഥാന്റെ ഉടമ്പടിയും
   (1). 1 ശമു. 18:3
   (2). 1 ശമു. 20ഛ16,42
   (3). 1 ശമു. 23:18

f. ദാവീദ് മുതല് ഗാദ് വരെ
   (1). 1 ശമു. 21:10
   (2). 1 ശമു. 27:1

g. ഗോലിയാത്തിന്റെ ഘാതകന്
   (1). ദാവീദ് - 1 ശമു. 17:51
   (2). എല്ഹാനാന് - 2 ശമു. 21:19
   (3). 1 ദിന. 20:5 ല് കാണുന്നത് ഗോലിയാത്തും അവന്റെ സഹോദര (ലഹ്മി) നും ഒന്നിച്ചുള്ള അനുഭവം.

h. ശൗലിന്റെ മിതവ്യയ ശീലം
   (1). 1 ശമു. 24:3ff
   (2). 1 ശമു. 26:5ff

i. സമാന്തരമായിരിക്കുന്നതുപോലെ ആര്.കെ. ഹാരിസണ് പറയുന്നു; "വേദപുസ്തക വിവരണങ്ങളിലെ ആരോപിക്കപ്പെട്ട പിശകുകള് അശ്രദ്ധമായി വായിച്ചതിന്റെയും അല്ലെങ്കില് മനഃ പൂര്വ്വമായി എബ്രായ രേഖകള് തെറ്റായി വ്യാഖ്യാനിച്ചതിന്റെയും ഫലമാകാം. അത് വിമര്ശന ചിന്തകളില് മാത്രമേ വസ്തുതയായി നിലനില്ക്കുന്നുള്ളൂ". (Introduction to the Old Testament, p.703).

6. എഴുത്തുകാരന് ആരെന്ന് അറിയില്ലാ എന്നുള്ളത് നാം വിശ്വസിക്കണം (ഇ.ജെ. യംഗ്) മാത്രമല്ല ഈ പഴയനിയമ പുസ്തകത്തിന്റെ സമാഹരണ പ്രക്രിയ അറിയപ്പെടാത്തതാണ്. എന്നിരുന്നാലും നാം ഇപ്പോഴും അവകാശവാദം ഉന്നയിക്കുന്നു.
   a. ദൈവത്താല് ആ പ്രക്രിയ നയിക്കപ്പെടുകയായിരുന്നു;
   b. സംഭവങ്ങള് സത്യത്തില് ചരിത്രപരമായുള്ളതാണ് കെട്ടിച്ചമച്ചതല്ല;
   c. സംഭവങ്ങള്ക്ക് ഒരു ദൈവശാസ്ത്രപരമായ ശക്തിയുണ്ട്.

## V. എഴുതിയ കാലം

A. സംഭവങ്ങള് നടന്നപ്പോള്
   1. 1 ശമുവേല്, ശമുവേലിന്റെ ജനനം മുതല്, 1105 B.C. ശൗലിന്റെ മരണം വരെയുള്ള (1011/10 ഹാരിസന് & NIV; 1013 യംഗ്; 1000 ബ്രൈറ്റ്) കാലപരിധി ഉള്പ്പെടുത്തിയിരിക്കുന്നു.
   2. 2 ശമുവേല്, ശൗലിന്റെ മരണം മുതല് 1011 B.C. ദാവീദിന്റെ ഭരണത്തിന്റെ അവസാനംവരെ (971/70 ഹാരിസണ്; 973 യംഗ്; 961 ബ്രൈറ്റ്) ഒരു കാലപരിധി ഉള്പ്പെടുത്തിയിരിക്കുന്നു. ശലോമന് തന്റെ രാജഭരണം ആരംഭിച്ചത് ഏകദേശം 969 B.C.യിലാണ്.

B. പുസ്തകം എഴുതപ്പെട്ടപ്പോള്
   1. 1 ശമു. 11:8; 27:6-ല് കാണുന്നത് മിക്കവാറും ചില പുസ്തകങ്ങള് എഴുതപ്പെട്ടത് സംയുക്ത രാജവാഴ്ച 922 B.C.യിലോ 930 B.C.യിലോ തകര്ന്നതിനുശേഷമുള്ള അതേ രൂപത്തിലായിരുന്നു.
   2. പദം ആവര്ത്തിച്ചത് "ഇന്നുവരെയും" അത് കാണിക്കുന്നത്:
      a. സംഭവങ്ങള്ക്ക് ഒത്തിരി നാളുകള്ക്കു ശേഷം ചില പുസ്തകങ്ങള് എഴുതപ്പെട്ടു: 1 ശമു.5:5; 6:18; 27:6; 30:25; 2 ശമു. 4:3; 6:8; 18:18.
      b. ഉപയോഗിച്ചിരുന്ന ഉറവിടങ്ങള് നേരത്തെ തന്നെ ഈ പദശൈലിയില് ഉള്പ്പെടുത്തിയിരുന്നു.
   3. 1 ശമു. 13:1 ലെ വ്യത്യാസമാണ് കാലഘട്ടം നിയന്ത്രിക്കുന്നതിലെ വ്യത്യാസം. അത് ശൗലിന്റെ കാലഘട്ടമാണ് കാണിക്കുന്നത് എന്ന് അത് എടുത്തെഴുതിയതില് വന്ന അപാകതയാണ്. ഒരക്കം നഷ്ടപ്പെടുക മാത്രമാണുണ്ടായത്.

## VI. ചരിത്ര പശ്ചാത്തലം:

A. ന്യായാധിപന്മാരുടെ കാലഘട്ടത്ത് അരാജകത്വത്തിന്റെയും സദാചാര ധാര്മ്മിക അധഃപതനത്തിന്റെയും ചരിത്രം 1 ശമുവേലില് തുടര്ന്നു.
   1. പാപം, ആക്രമണം, ക്ഷമയ്ക്ക് വേണ്ടിയുള്ള പ്രാര്ത്ഥന, ദൈവത്തിന്റെ വിടുതല് 1-17
   2. ധാര്മ്മിക അധഃപതനത്തിന്റെ മൂന്ന് ഉദാഹരണങ്ങള് ന്യായാധിപന്മാരില് ഉള്പ്പെടുത്തിയിരിക്കുന്നു 18:21

B. വലിയ സമ്രാജ്യങ്ങളായ മെസപ്പൊട്ടോമ്യയും ഈജിപ്തും വികസനം നേടിയവയല്ല ആ സമയങ്ങളില്

1. ഈജിപ്ത്
    a. രാമെസെസ് 9-ാമന് ആയിരുന്നു XX സാമ്രാജ്യത്തിന്റെ പുറജാതി ഈജിപ്ത്യന് രാജാവ് (1180-1065 ബ്രൈറ്റ്)
    b. XXI സാമ്രാജ്യം (ഈജിപ്ത്യന് അല്ലാത്ത) അറിയപ്പെട്ടത് “റ്റെനൈറ്റേ” 1065-935 B.C. (ബ്രൈറ്റ്)
2. റ്റിഗ്ലത്ത്-പിലേസര് ഒന്നാമനു ശേഷം അസ്സീറിയ അധഃപതിച്ചു (1119-1078 B.C. ബ്രൈറ്റ്)

C. ഫെലിസ്ത്യര് വലിയ ഒരു ജനക്കൂട്ടം (ഏജിയന് കടല്ജനം) 1300 B.C.യില് ഈജിപ്തിനെ ആക്രമിക്കുവാന് ശ്രമിച്ചു തോല്ക്കുകയും ചെയ്തു. 1250 B.C.യില് പാലസ്തീന്റെ വടക്കുകിഴക്ക് പ്രദേശത്ത് അവര് താമസം ഉറപ്പിച്ചു. ഹിത്യരില് നിന്നും ഇരുമ്പ് സാങ്കേതിക വിദ്യ അവര് വികസിപ്പിച്ചെടുത്തു. അഞ്ച് നഗരങ്ങള് അവര് പണികഴിപ്പിച്ചു: അഷ്കെലോണ്, അഷ്ഭോദ്ര, എക്രോന്, ഗാദ്, ഗാസ്സാ എന്നിവയാണ്. അവര് ഗ്രീക്ക് നഗരങ്ങളെപ്പോലെ സംസ്ഥാനങ്ങളെ ആരംഭിച്ചു. അവിടുത്തെ തന്നെ രാജാക്കന്മാരെയും ആക്കി. മുന് സാമ്രാജ്യകാലഘട്ടത്തില് അവര് യിസ്രായേലിന്റെ പ്രധാനപ്പെട്ട ശത്രുക്കളായി തീര്ന്നു.

## VII. സാഹിത്യ ഏകകം (പശ്ചാത്തലം)

A. പ്രധാന കഥാപാത്രങ്ങളുടെ ചുരുങ്ങിയ സംഗ്രഹം
1. ഏലിയും ശമുവേലും, 1 ശമു. 1-7
2. ശമുവേലും ശൗലും, 1 ശമു. 8-15
3. ശൗലും ദാവീദും, 1 ശമു. 16 - 2 ശമു. 1
4. ദാവീദിന്റെ വാഴ്ച, 2 ശമു. 2-12
5. ദാവീദും പിന്തുടര്ച്ചയും, 2 ശമു. 13-20
6. ദാവീദിനെ കുറിച്ചുള്ള സമ്മിശ്രമായ കാര്യങ്ങള്, 2 ശമു. 13-20

B. 1, 2 ശമുവേല് കാണപ്പെടുന്നത് എഴുത്തുകാരനാലും രചയിതാവിനാലുമുള്ള സംഗ്രഹമാണ്. അതിന്റെ ഉള്ളടക്കം ഉള്പ്പെടുത്തുന്നു.
1. 1 ശമുവേല് 7:15-17
2. 1 ശമുവേല് 14:49-51
3. 2 ശമുവേല് 8:15-18
4. 2 ശമുവേല് 20:23-26

C. വിശദമായ സംഗ്രഹം:
1. കാണുക ആര്.കെ. ഹാരിസണ്, ഇന്ട്രോഡക്ഷന് റ്റു ദി ഓള്ഡ് ടെസ്റ്റമെന്റ്, p.695-696
2. കാണുക ഇ.ജെ. യംഗ്, ആന് ഇന്ട്രോഡക്ഷന് റ്റു ദി ഓള്ഡ് ടെസ്റ്റമെന്റ്, p. 180-187
3. കാണുക NIV സ്റ്റഡി ബൈബിള് p. 373 ഉം 422

## VIII. പ്രധാന സത്യങ്ങള്:

A. ഒരു രാജ്യത്തിന്റെ രൂപീകരണത്തിന് വേണ്ടി മോശെ ചില ചുവടുവയ്പ് ചെയ്തതുപോലെ രാജാധിപത്യം രൂപീകരിക്കുവാന് വേണ്ടി ശമുവേലും ശ്രമിച്ചു.
1. യിസ്രായേലിന് ഒരു രാജാവ് ഉണ്ടാകും എന്ന് മോശെ പ്രവചിച്ചു, ആവര്ത്തനം 17:14-20 അതില് അദ്ദേഹം നീതിയുള്ള രാജാവും എങ്ങനെ ആയിരിക്കണമെന്നും എങ്ങനെ ആയിരിക്കാന് പാടില്ല എന്നും വിവരിക്കുന്നു.
2. രാജാവിനെക്കുറിച്ച് 1 ശമുവേലില് ഒരു പിരിമുറുക്കം ഉണ്ട്.
    a. തൃപ്തികരമല്ലാത്ത വീക്ഷണങ്ങള്:
        (1). യാഹേ എന്ന രാജാവിനെ അവര് തിരസ്ക്കരിച്ചു, 1 ശമു. 8:7; 10:19
        (2). "ചുറ്റുപാടുമുള്ള രാജ്യങ്ങളെപ്പോലെ" അവര്ക്ക് ഒരു രാജാവിനെ തരേണമെന്ന് ചോദിച്ചു, 1 ശമു. 8:5; 12:19-20
        (3). ശമുവേലിന് ഇത് ഇഷ്ടക്കേടായി, അവന് വ്യക്തിപരമായി തിരസ്ക്കരിച്ചു എന്ന് തോന്നി.
    b. അനുകൂലമായുള്ള വീക്ഷണങ്ങള്:
        (1). യാഹേ ഒരു രാജാവിനെ നല്കിക്കൊണ്ട് ആവര്ത്തനപുസ്തകത്തിലെ അവന്റെ പ്രവചനം പൂര്ത്തീകരിച്ചു, 1 ശമു. 8:7; 9, 22, "ജനത്തിന്റെ ശബ്ദം ശ്രദ്ധിക്കുക"
        (2). പുതിയ രാജാവിനോട് ദൈവീക മാര്ഗ്ഗ നിര്ദ്ദേശങ്ങള് പറയുക, 1 ശമു. 8:9 (ആവര്. 17:14-20)
        (3). രാജാവ് ജനത്തെ വിടുവിക്കും, 1ശമു. 9:16 (ജനത്തിന്റെ പ്രാര്ത്ഥനയ്ക്കു മറുപടി നല്കുന്ന ന്യായാധിപനെപ്പോലെ cf. 1 ശമു. 12:13)

B. സമാഗമന കൂടാരത്തിലെയും മഹാപുരോഹിതരിലെയും ആത്മീകശക്തി പ്രവാചക വക്താക്കളിലേക്കു പരിവര്ത്തനം ചെയ്യുന്നതാണ് ശമുവേലിന്റെ പുസ്തകം നല്കുന്ന വിവരണം. ഇത് താഴെ പറയുന്നവ യോടുള്ള പ്രതികരണമാകാം.
   1. ദൈവത്തിന്റെ ന്യായവിധി ഏലിയുടെയും അവന്റെ കുടുംബത്തിന്മേലും, 1 ശമു. 2:22-3:18
   2. പുരോഹിതന്മാരുടെ ആചാരങ്ങളും രൂപങ്ങള്ക്കിടയിലെ ശേഷിപ്പ ആവശ്യമായിരിക്കുന്നതും പ്രവാ ചകന്മാരുടെ ഹൃദയസ്പര്ശിയായ വ്യക്തിത്വ വിശ്വാസവും.
   3. പുരോഹിതന്മാരും പ്രവാചകന്മാരും എല്ലാ ജനങ്ങള്ക്കും ഉടമ്പി മദ്ധ്യസ്ഥരാണ്.
   4. ദൈവ ഇഷ്ടം പരിശോധിച്ചറിയുവാന് ദാവീദ് നാഥാനെയും ഗാദിനെയും നോക്കുന്ന സമയം ശൗല് ശമുവേലിനെ നോക്കുന്നു.

C. 2 ശമുവേല് രേഖകള്
   1. ദാവീദിനോടു ദൈവത്തിന്റെ നന്മ
   2. ദാവീദിന്റെ കഴിവും പോരായ്മയും
   3. ദാവീദിന്റെ മേലുള്ള ദൈവത്തിന്റെ ന്യായവിധി കാരണം അവന്റെ പാപം, അത് ബുദ്ധിമുട്ടായി
      a. രാജ്യം
      b. ഊരിയാവിന്റെ കുടുംബം
      c. ബത്ശേബയുടെ സന്തതി
      d. ദാവീദിന്റെ മക്കള്

D. ഉല്പത്തിയില് ആരംഭിച്ച ദൈവജനത്തിന്റെ ചരിത്രം 1 ഉം 2 ഉം ശമുവേലില് തുടരുന്നു.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
   1. 1 ശമുവേല്
      a. പഞ്ഞിനൂല് കൊണ്ടുള്ള അങ്കി, 2:18,28 (NASB & NIV)
      b. "എന്റെ കൊമ്പു ഉയര്ന്നിരിക്കുന്നു", 2:1,10 (NASB & NIV)
      c. "ദാന് മുതല് ബേര്ശേബ വരെ", 3:20 (NASB & NIV)
      d. "കെരൂബുകളുടെ മേല് അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവ", 4:4 ( NIV, "കെരൂബുകളുടെ ഇടയില് സിംഹാസനസ്തനായ സര്വ്വശക്തനായ യഹോവ")
      e. "ഓരോരുത്തന് താന്താന്റെ വീട്ടിലേക്ക് ഓടി", 4:10 (NASB & NIV)
      f. പൊന്നുകൊണ്ടുള്ള മൂലക്കുരു, 6:4 ( NIV,"സ്വര്ണ്ണക്കുരു")
      g. ഏബെന്-ഏസെര്, 7:12 (NASB & NIV)
      h. "ഒരു മനുഷ്യന് പ്രമാണിക്കായ്ക കൊണ്ട്", 13:14 (NASB & NIV)
      i. "യിസ്രായേല് ദേശത്തെങ്ങും ഒരു കൊല്ലനെ കാണ്മാനില്ലായിരുന്നു", 13:19 (NASB & NIV)
      j. "അനുസരിക്കുന്നത് യാഗത്തെക്കാളും", 15:22 (NASB & NIV)
      k. "യഹോവ അനുതപിച്ചു....", 15:35 ( NIV, ......... ദുഃഖിച്ചു)
      l. "ദൈവം അയച്ച ഒരു ദുരാത്മാവ് അവനെ ബാധിച്ചു", 16:14 ( NIV, "ഉപദ്രവിച്ചു")
      m. "താടിമേല് തുപ്പല് ഒലിപ്പിച്ചുകൊണ്ടിരുന്നു", 21:13 (NASB & NIV)

   2. 2 ശമുവേല്
      a. ശൂരന്മാരുടെ പുസ്തകം, 1:18
      b. മില്ലോ, 5:9 ( NIV, ......... തട്ട്)
      c. പിന് തുടഞരമ്പ് മുറിച്ച് ഞൊണ്ടിയാവുക, 8:4 ( NASB & NIV)

B. വ്യക്തികളുടെ തിരിച്ചറിയല്:
   1. 1 ശമുവേല്
      a. ഹന്നാ, 1:1
      b. ഹൊഫ്നിയും ഫിനെഹാസും, 1:3
      c. ഈഖാബോദ്, 4:21
      d. കീശ്, 9:1
      e. ജോനാഥാന്, 14;1; 19:1
      f. മീഖള്, 14:49
      g. അബ്നേര്, 14:50
      h. ഗോല്യാത്ത്, 17:4
      i. ദോയേഗ്, 21:7
      j. അബ്യാഥാര്, 22:20
      k. ഏന്-ദോരിലെ വെളിച്ചപ്പാടത്തി, 28:7

l. അബീഗയില്, 30:5

2. 2 ശമുവേല്
   a. ഈശ്-ബോശെത്ത്, 2:8
   b. യോവാബ്, 2:13
   c. അമ്നോന്, 3:2
   d. അബ്ശാലോം, 3:3
   e. അഡോണിജ, 3:4
   f. മെബീബോഷേത്ത്, 4:4
   g. ഉസ്സാ, 6:3
   h. ഊരിയാ, 11:3
   i. താമാര്, 13:5
   j. സാദോക്ക്, 15:24
   k. ശിമെയി, 16:5

## X. ഭൂപട പ്രദേശം

A. 1 ശമുവേല്
1. കിര്യത്ത് യെയാരീം, 6:21
2. രാമാ, 7:17
3. ബേര്ശേബാ, 8:2
4. യബേസ്-ഗിലെയാദ്, 11:1
5. അദുല്ലാം ഗുഹ, 22:1
6. നോബ്, 21:1
7. ഏന്ഗദി, 23:29
8. സിക്ലാഗ്, 30:1
9. ഗില്ബോവ പര്വ്വതം, 31:8


B. 2 ശമുവേല്
1. അസ്കലോന്, 1:20
2. ഹെബ്രോന്, 2:3
3. യിസ്രായേല്
4. ഗേസെര്, 5:25
5. ഡമാസ്ക്കസ്, 8:5
6. രാബാ, 12:27
7. ടെക്കോവാ, 14:2
8. യെബൂസ്യന് അരവ്നയുടെ മെതിക്കളം, 24:16 (യെറൂശലേം)


## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്:

**A. 1 ശമുവേല്**
1. എന്തുകൊണ്ടാണ് ശമുവേലിന്റെ ജനനം രേഖപ്പെടുത്തിയിരിക്കുന്നത്? ശൗലിന്റെയും ദാവീദിന്റെയും രേഖപ്പെടുത്താത്തത് എന്തുകൊണ്ട്?
2. എന്തുകൊണ്ടാണ് ദൈവം ഏലിയെയും തന്റെ കുടുംബത്തെയും ഒഴിവാക്കിയത്?
3. എന്തുകൊണ്ടാണ് ഫീനെഹാസും ഹൊഫ്നിയും യുദ്ധത്തിന് പെട്ടകം എടുത്തത്?
4. ജനം ഒരു രാജാവിനെ തരണമെന്ന് ചോദിച്ചപ്പോള് ശമുവേലിന് ദേഷ്യം വന്നത് എന്തുകൊണ്ട്?
5. എന്തുകൊണ്ടാണ് ശൗല് രാജാവാകുന്നത് നിരസിച്ചത്?
6. "ദൈവത്തില് നിന്നുള്ള ദുരാത്മാവ്". വിവരിക്കുക.
7. എന്തുകൊണ്ടാണ് ശൗല് ദാവീദിനെ കൊല്ലാന് ശ്രമിച്ചത്?
8. എന്-ദോര് -ലെ ശകുനവാദിയെ ശൗല് സന്ദര്ശിച്ചത് എന്തുകൊണ്ട്?
9. എങ്ങനെയാണ് ശൗല് മരിച്ചത്?

**B. 2 ശമുവേല്**
1. എന്തുകൊണ്ടാണ് ദാവീദ് ഈശ്-ബോഫെദിന്റെ മരണത്തെക്കുറിച്ച് ദേഷ്യപ്പെട്ടത്?
2. അബ്നേറിന്റെ മരണത്തെക്കുറിച്ച് ദാവീദ് എന്തുകൊണ്ടാണ് ദേഷ്യപ്പെട്ടത്?
3. എന്തുകൊണ്ടാണ് ദാവീദ് മെഫീബോഷേത്തിനെ സഹായിച്ചത്?
4. എന്തുകൊണ്ടാണ് ദൈവം ഉസ്സയെ കൊന്നത്?

5. ഏഴാം അദ്ധ്യായത്തില് എന്തുകൊണ്ടാണ് ദൈവം ദാവീദിന് വാഗ്ദാനം ചെയ്തത്?
6. എങ്ങനെയായിരുന്നു ദാവീദിന്റെ പാപം കുടുംബത്തെ ബാധിച്ചത്?
7. സാദോക്കും അബ്യാദാരും തമ്മിലുള്ള വ്യത്യാസം വിവരിക്കുക.
8. എന്തുകൊണ്ടായിരുന്നു ജനത്തിന്റെ എണ്ണമെടുത്തപ്പോള് ദൈവം ദാവീദിനോട് ദേഷ്യപ്പെട്ടത്?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# I, II രാജാക്കന്മാര്

## I. പുസ്തകത്തിന്റെ പേര്

A. എബ്രായഭാഷയില് I / II ശമുവേലും I / II ദിനവൃത്താന്തങ്ങളും, I / II രാജാക്കന്മാരും പോലെ യഥാര്ത്ഥത്തില് ഒരു പുസ്തകമാണ് "മെലാക്കീം" എന്നാണ് വിളിക്കുന്നു അല്ലെങ്കില് രാജാക്കന്മാര്. ഈ പദവി ഇതിനു കിട്ടിയത് യെഹൂദാ രാജാക്കന്മാരുടെയും യിസ്രായേലിന്റെയും ചരിത്രം സത്യമായതില് നിന്നുമാണ്.

B. I / II ശമുവേലും I / II ദിനവൃത്താന്തങ്ങളും, I / II രാജാക്കന്മാരും LXX ല് ആദ്യം രണ്ടായി വിഭാഗിച്ചു. ഈ പുസ്തകത്തിന്റെ നീളം മുഖാന്തിരം അങ്ങനെ ചെയ്യപ്പെട്ടു. ഒരു തോല് ലിഖിതത്തിന്മേല് ഉപയോഗിക്കാന് കഴിയില്ല കാരണം അതിന്റെ ഭാരവും തോലിന്റെ എണ്ണവും മുഖാന്തിരം. ആദ്യത്തെ വിഭാഗിച്ച എബ്രായപുസ്തകം എ.ഡി. 1448 വരെ പ്രത്യക്ഷപ്പെട്ടിട്ടില്ല.

C. ഈ രണ്ടു പുസ്തകത്തിന്റെ ശീര്ഷകം:
   1. എബ്രായഭാഷയില് - "രാജാക്കന്മാര്"
   2. LXX ല് III/IV സാമ്രാജ്യങ്ങള്
   3. വള്ഗേറ്റില് III/ IV രാജാക്കന്മാര് (I / II ശമുവേല് I / II സാമ്രാജ്യങ്ങളും രാജാക്കന്മാരും)

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ഈ പുസ്തകം "പ്രവാചകന്മാര്" എന്ന് വിളിക്കപ്പെട്ട എബ്രായ കാനോന്റെ രണ്ടാം വിഭാഗത്തെ ഭാഗമാണ്.

B. ആ വിഭാഗം രണ്ട് ഭാഗങ്ങളായി വിഭാഗിച്ചു.
   1. യോശുവയും രാജാക്കന്മാരും ഉള്പ്പെടുന്ന മുന് പ്രവാചകന്മാരും രൂത്ത് ഒഴികെ.
   2. ശേഷമുള്ള പ്രവാചകന്മാര് യെശയ്യാവ്-മലാഖി, ദാനിയേല്, വിലാപങ്ങള് ഒഴികെ.

C. എബ്രായ പഴയനിയമത്തില് പുസ്തകങ്ങളുടെ എണ്ണത്തില് എബ്രായ നിഗൂഢത ബാധിച്ചിട്ട ണ്ടാകാം. എബ്രായഭാഷയില് 22 അക്ഷരമാലകളാണുള്ളത്. വിവിധ പുസ്തകങ്ങളുടെ കൂട്ടമാണ് 22 പുസ്തകങ്ങള്.
   1. ന്യായാധിപന്മാരും രൂത്തും
   2. ശമുവേല്
   3. രാജാക്കന്മാര്
   4. ദിനവൃത്താന്തങ്ങള്
   5. എസ്രാ-നെഹമ്യാവ്
   6. യിരെമ്യാവും വിലാപങ്ങളും
   7. 12 ചെറിയ പ്രവാചകന്മാരും

## III. സാഹിത്യ ശൈലി

A. ഈ പുസ്തകങ്ങള് അടിസ്ഥാനപരമായി ചരിത്രപരമായ വിവരണങ്ങളാണ് ചില ഉദാഹരണങ്ങളുമുണ്ട്.

   1. കോടതി രേഖകള്
   2. പ്രവാചകന്മാര്

B. ശമുവേല്, രാജാക്കന്മാര്, ദിനവൃത്താന്തങ്ങള് എന്നീ പുസ്തകങ്ങള് താരതമ്യം ചെയ്യുമ്പോള് വ്യത്യ സ്ത തരത്തിലുള്ള ചരിത്ര വിവരണങ്ങള് ഉയര്ന്നുവരും.
   1. ശമുവേല് അടിസ്ഥാനപരമായി ജീവചരിത്രപരമായിട്ടുള്ളതാണ്. ഇത് പ്രധാന കഥാപാത്രങ്ങളെ ലക്ഷയ്മാക്കുന്നു.
      a. ശമുവേല്
      b. ശൗല്
      c. ദാവീദ്
   2. രാജാവാണ് അടിസ്ഥാനപരമായി സമാഹരിച്ചത്.
      a. രാജകീയ കോടതി രേഖകള്
         (1). "ശലോമോന്റെ ദിനവൃത്താന്തങ്ങളുടെ പുസ്തകം", 1 രാജാ. 11:41
         (2). യെഹൂദാ രാജാക്കന്മാരുടെ ദിനവൃത്താന്തങ്ങളുടെ പുസ്തകം, 1 രാജാ. 14:29; 15:7,23
         (3). യിസ്രായേല് രാജാക്കന്മാരുടെ ദിനവൃത്താന്തങ്ങളുടെ പുസ്തകം, 1 രാജാ. 14:19; 15:31

b. പ്രവാചക വസ്തുതകള്
   (1). ഏലിയാവ്
   (2). എലീശാ
   (3). യെശയ്യാവ് (അദ്ധ്യായങ്ങള് 36-39)
   (4). പ്രവചനപരമായും ചരിത്രപരവുമായുള്ള തെളിവുകളുടെ രേഖകള് ദിനവൃത്താന്തങ്ങളില് വ്യക്തമായി കാണുവാന് കഴിയും.
      (a) 1 ദിനവൃത്താന്തം 29:29
      (b) 2 ദിനവൃത്താന്തം 9:29
      (c) 2 ദിനവൃത്താന്തം 12:15
      (d) 2 ദിനവൃത്താന്തം 13:22
      (e) 2 ദിനവൃത്താന്തം 26:22

3. ദിനവൃത്താന്തങ്ങള് രാജാക്കന്മാരുടെ അടിസ്ഥാനപരമായി ഒരു തെരഞ്ഞെടുക്കപ്പെട്ട ദൈവശാസ്ത്രപരമായി അനുകൂല അവതരണമാണ്.
   a. ഒരു സംയുക്ത രാജവാഴ്ച
   b. യെഹൂദയിലെ രാജാക്കന്മാര്

## IV. എഴുത്തുകാരന്

A. മുന് പ്രവാചകന്മാരില് ധാരാളം പുസ്തകങ്ങള് ആയിരിക്കുന്നതുപോലെ 1 ഉം 2 ഉം രാജാക്കന്മാരുടെ എഴുത്തു കര്ത്തൃത്വത്തെക്കുറിച്ച് ബൈബിള് നിശബ്ദമാണ്.

B. ബാബാ ബദ്ര 15a പറയുന്നത് യിരെമ്യാവ് അദ്ദേഹത്തിന്റെ പുസ്തകം എഴുതി. രാജാക്കന്മാരുടെയും വിലാപങ്ങളുടെയും പുസ്തകങ്ങള്.
   1. അത് സാധ്യമാണ് കാരണം 2 രാജാക്കന്മാരുടെ അവസാനഭാഗം, 24:18-25:30 എബ്രായഭാഷയില് വളരെ തുല്യമാണ്, യിരെമ്യാവ് 52 ലും.
   2. ഇത് വളരെ വ്യക്തമാണ് എഴുത്തുകാരന് ജറുസലേം നാശത്തിന്റെ ദൃക്സാക്ഷിയായിരുന്നു.

C. യഥാര്ത്ഥത്തില് ഒരു സമാഹാരകനാണ് ഈ പുസ്തകത്തിന്റെ ജോലിചെയ്തത് ഒരു എഴുത്തുകാരനല്ല.

D. ഇത് മാത്രമല്ല ശ്രദ്ധിക്കേണ്ടത് സമാഹാരകന് വിവിധ ഉറവിടങ്ങള് ഉപയോഗിച്ചു.

   1. ആദ്യത്തെ ഉറവിടം വേദഭാഗങ്ങള് ആയിരുന്നു. മിക്കവാറും ആവര്ത്തനത്തിലും ചില പ്രവാചകന്മാരിലും അദ്ദേഹം എടുത്തു പറയുകയോ പരാമര്ശിക്കുകയോ ആയിരിക്കും.
   2. പ്രത്യേകിച്ച് പേരു നല്കപ്പെട്ട ധാരാളം എഴുതപ്പെട്ട ഉറവിടങ്ങള് ഉണ്ട്.
      a. "ശലോമോന്റെ പ്രവര്ത്തികളുടെ പുസ്തകം", 1 രാജാ. 11:41
      b. "യെഹൂദാ രാജാക്കന്മാരുടെ ദിനവൃത്താന്തങ്ങളുടെ പുസ്തകം", 1 രാജാ. 14:29; 15:7,23
      c. "യിസ്രായേല് രാജാക്കന്മാരുടെ ദിനവൃത്താന്തങ്ങളുടെ പുസ്തകം", 1 രാജാ. 14:19; 15:31
      d. 1 ദിന. 29:29 ല് പറയുന്നത്ര പ്രവാചകന്മാരുടെ എഴുതപ്പെട്ട വിവരണം ഉണ്ട്: ശമുവേല്, നാഥാന്, ഗാദ്. ഇത് കാണിക്കുന്നത് വായ്മൊഴിയായുള്ളത് എഴുതപ്പെട്ടു.

E. 1 ഉം 2 ഉം രാജാക്കന്മാരില് ചില രചനാ സംയോജനം ഉണ്ട്. അല്ലെങ്കില് സമാഹാരകന് പദം ഉദ്ധരിക്കുന്നത് "ഈ ദിവസത്തേക്ക്" ചില ഉറവിടങ്ങളില് നിന്നു:
   1. 1 രാജാ. 8:8
   2. 1 രാജാ. 9:21
   3. 1 രാജാ. 12:19
   4. 2 രാജാ. 8:22

## V. എഴുതിയ കാലം

A. പുസ്തകത്തിലെ സംഭവങ്ങള്ക്ക് സമയം ക്രമീകരിച്ചിട്ടുണ്ട്:
   1. ദാവീദിന്റെ മരണം മുതലും ശലോമോന്റെ വാഴ്ചയുടെ ആരംഭവും
      a. ബ്രൈറ്റ് - 961 B.C.
      b. ഹാരിസണ് - 971/970 B.C.
      c. യംഗ് - 973 B.C.
      d. NIV 970 B.C.

2. ബാബിലോണിലെ രാജാവായ ഈവില് മെറോഡാക്കിനോടും അമേല് മര്ഡൂക്ക് എന്നറിയപ്പെടുന്നവനും, 265-560 B.C. (ബ്രൈറ്റ്)
3. എന്നാല് 2 രാജാക്കന്മാരുടെ പുസ്തകം മേദ്യ പേര്ഷ്യന് രാജാവായ സൈറസ് "മഹാന്" അദ്ദേഹത്തിന്റെ സൈന്യം B.C. 539 ല് ബാബിലോണ് നഗരം നശിപ്പിച്ചു.

B. പുസ്തകം എഴുതപ്പെട്ടതായിരുന്നു. സമയത്ത് എന്തെങ്കിലും ചിലപ്പോള് സമാഹരിച്ചതും ബാബിലോന്യന് പ്രവാസം.

C. രാജാക്കന്മാരുടെ വാഴ്ചക്കാലം ഒരുമിച്ച് കണക്കാക്കുമ്പോള് അത് നീണ്ട ഒരു കാലയളവായും പുസ്തകത്തിന്റെ സമയക്രമത്തിനുള്ളില് യോജിക്കാത്തതുമാണ്.
1. പകരക്കാരായി ഭരണം നടത്തിയവരുടെ എന്നും പട്ടികയില് ഉള്പ്പെടുത്തിയിട്ടില്ല.
2. രണ്ടു കലണ്ടറുകള് ഉപയോഗിച്ചിരുന്നു.
   a. പതന സമയത്ത് പരിശുദ്ധ കലണ്ടര് ഉപയോഗിക്കാന് തുടങ്ങി.
   b. വസന്തകാലത്ത് മതപരമായ കലണ്ടര് ഉപയോഗിക്കാന് തുടങ്ങി.
3. രാജാക്കന്മാരുടെയും ദിനവൃത്താന്തങ്ങളുടെയും എണ്ണങ്ങള് തമ്മില് താരതമ്യം ചെയ്യുമ്പോള് എഴുത്തുകാരുടെ ചില തെറ്റുകള് സംഭവിച്ചിരിക്കുന്നു എന്നു വ്യക്തമായി കാണാന് കഴിയും.

## VI. ചരിത്രപരമായ പശ്ചാതലത്തെ സ്ഥിരീകരിക്കുന്ന ഉറവിടങ്ങള്

A. പുരാവസ്തു ഗവേഷണ തെളിവ്
1. മെഷാ സ്റ്റെലേ, മോവാബൈറ്റ് സ്റ്റോണ് (മോവാബ്യരുടെ കല്ല്) എന്നറിയപ്പെടുന്ന യിസ്രായേലിനെതിരെ നിന്ന ഒമ്രി എന്ന രാജാവിനുശേഷം മോവാബ് രാജാവ് അനുസരിക്കാത്ത മെഷാ രേഖപ്പെടുത്തുന്നു (876-869 B.C., ബ്രൈറ്റ്; 874/3 B.C., ഹാരിസണ് (cf. 2 രാജാ. 3:4പ)
2. അസീറിയന് രാജാവ് ഷല്മനേസര് മൂന്നാമന്റെ ബ്ലാക്ക് ഒബെലിസ്ക് (859-824 B.C., ബ്രൈറ്റ് & ഹാരിസണ്):
   a. 853 B.C.യില് ക്വാര്ക്കര് യുദ്ധത്തില് Orontes നദിയില് നിന്നും കണ്ടെടുക്കപ്പെട്ടു. ഷല്മനേസര് III -ന്റെ ബ്ലാക്ക് ഒബെലിസ്കില് നിന്നുള്ള വിവരം. ശക്തമായ സൈനികശക്തി എന്ന് അവന്റെ ഭരണ കഴഞവാണെന്ന് (ഫലമാണ്) (സിറിയയോടുകൂടെ cf. 1 രാജാ. 22:1) പഴയനിയമത്തില് ഈ യുദ്ധത്തെക്കുറിച്ചുള്ള രേഖകള് ഇല്ല.
   b. ഇത് കാണിക്കുന്നത് ജെഹു ആണ് അടുത്ത യിസ്രായേല് രാജാവ് (842-815 B.C., ബ്രൈറ്റ് [cf. 2 രാജാ. 9:10]). അസീറിയയോട് കപ്പം കൊടുക്കുകയും കൂറ് കാണിക്കുകയും ചെയ്യുക. ഇതും പഴയനിയമത്തില് രേഖപ്പെടുത്തിയിട്ടില്ല.
3. ജെറോബയാം എന്നറിയപ്പെടുന്ന ജെറോബയാം രണ്ടാമന്റെ കാലഘട്ടത്ത് മെജിഡോ എന്ന സ്ഥലത്ത് നിന്നും വിവിധ നിറത്തിലുള്ള കല്ല് (സീല്) കണ്ടെത്തി. 786-746 B.C., ബ്രൈറ്റ്; 782-753 B.C., ഹാരിസണ്)
4. സാര്ഗണ് രണ്ടാമന്റെ ഭരണവും ശമര്യയുടെ പതനവും ഘോര്സബാദ് അനല്സ് വിവരിക്കുന്നു (722-705 B.C.) 722 B.C.യില് [cf. 2 രാജാ. 17]
5. ഹിസ്കിയാവിന്റെ ഭരണ കാലഘട്ടത്തില് 701 B.C.യില് സെന്ഹേരീബ് ജെറൂസലേമിനെ ഉപരോധിച്ചു (715-687 B.C., ബ്രൈറ്റ് ധcf. 2 രാജാ. 18:13-19:37; യെശ. 36:39പ)
6. സ്ഥിതീകരിച്ചിരിക്കുന്ന ദിവസങ്ങള് ഉപയോഗിച്ചിരിക്കുന്നതിനാല് (അസീറിയന് രേഖകളും പഴയനിയമവും): (1) ക്വാര്ക്കര് യുദ്ധം (ഷല്മനേസര് മൂന്നാമന് യിസ്രായേലിനും സിറിയയ്ക്കും എതിരെ) 853 B.C.; (2) സൂര്യഗ്രഹണം (അസീറിയന് എപോനിം ഉള്പ്പെട്ട ഇഷ്ദി-സാഗയില് 763 B.C.). (3) ജെഹു ഷല്മനേസര് മൂന്നാമന് കപ്പം കൊടുക്കുന്നത് (841 B.C.) രാജാക്കന്മാരില് ഈ സംഭവങ്ങളുടെ സമയം ഉറപ്പുള്ളതാണ്.

B. മെസൊപൊട്ടോമ്യ ഭരണാധികാരികളുടെ ഹ്രസ്വമായ ചരിത്രപരമായ പഠനം (ജോണ് ബ്രൈറ്റിന്റെ "എ ഹിസ്റ്ററി ഓഫ് യിസ്രായേല് p. 462ff. നെ അടിസ്ഥാനമാക്കിയുള്ള കാലങ്ങള് ഉപയോഗിച്ചുകൊണ്ട്)
1. അസീറിയന് സാമ്രാജ്യം (ഉല്പ. 10:11)
   a. സുമേറിയ, ബാബിലോണ് എന്നീ സാമ്രാജ്യങ്ങളെ മതപരമായും സാംസ്കാരികമായും വളരെയേറെ സ്വാധീനിച്ചു.
   b. നിര്ണ്ണായകമല്ലാത്ത ഭരണാധികാരികളുടെ പട്ടികയും മിക്കവാറും കൃത്യമായ കാലവും.
      (1). 1354-1318 അശൂര് ഉബാല്ലിറ്റ് I
         (a) ഹിത്യരുടെ കാര്ക്കെമിഷ് പട്ടണം കീഴടക്കി.
         (b) ഹിത്യരുടെ സ്വാധീനം എടുത്തുമാറ്റാന് തുടങ്ങി ശേഷം അസീറിയ വളരുവാന് അനുവദിച്ചു.
      (2). 1297-1266 ആദാദ്-നിരാരി I (ശക്തനായ രാജാവ്)
      (3). 1265-1235 ഷല്മനേസര് I (ശക്തനായ രാജാവ്)

(4). 1234-1197 തുക്കുല്റ്റി-നിനുര്ത്ത I തെക്കുഭാഗത്തുള്ള ബാബിലോണ് സാമ്രാജ്യത്തിന്റെ ആദ്യ പരാജയം
(5). 1118-1078 തിഗ്ലത്ത്-പിലേസര് I അസീറിയ മെസൊപ്പൊട്ടോമ്യയില് വളരെ വലിയൊരു ശക്തിയായി തീരുന്നു
(6). 1012-97 അശൂര്-റബി II
(7). 972-967 അശൂര്-റഷ്-ഇസു II
(8). 966-934 തിഗ്ലത്ത് പിലേസര് II
(9). 934-912 അശൂര്-ദാന് II
(10). 912-890 ആദാദ്-നിരാരി II
(11). 890-884 തുക്കുല്റ്റി-നിനുര്ട്ട II
(12). 883-859 അശൂര്-നാസിര്-അപ്പല് II
(13). 859-824 ഷല്മനേസര് III, 853-ലെ ക്വാര്ക്കര് യുദ്ധം
(14). 824-811 ഷമാഷി ആദാദ് V
(15). 811-783 ആദാദ്-നിരാരി III
(16). 781-772 ഷല്മനേസര് IV
(17). 772-754 അശൂര്-ദാന് III
(18). 754-745 അശൂര്-നിരാരി ഢ
(19). 745-727 തിഗ്ലത്ത്-പിലേസര് III
(a) അദ്ദേഹത്തിന്റെ "പൂല്" എന്ന ബാബിലോണ് സിംഹാസനത്തിന്റെ പേര് വിളിച്ചു, 2. രാജാ. 15:19
(b) വളരെ ശക്തനായ രാജാവ്
(c) കീഴടക്കിയ നാടുകടത്തപ്പെട്ട ജനത്തിന്റെ നയം ആരംഭിച്ചു.
(d) 735 B.C. യില് "സീറോ എഫ്രമാറ്റിക് ലീഗ്" എന്നതിന്റെ രൂപീകരണം നടന്നു. ഉയര്ന്നുവന്ന അസീരിയയുടെ സൈന്യശക്തി അസാധുവാക്കുന്നതിനായി യൂഫ്രട്ടീസിന്റെ മുകള്ഭാഗം മുതല് യോര്ദ്ദാന് സമീപ രാജ്യങ്ങള് വരെയുള്ള സൈന്യബലം ഒരുമിപ്പിച്ച ഒരു നടപടിയായിരുന്നു ഈ രൂപീകരണം.
(e) 732- ല് തിഗ്ലത്ത്-പിലേസര് III സിറിയയെയും യിസ്രായേലിനെയും ആക്രമിച്ച് കീഴ്പ്പെടുത്തി ഹോശയാ (732-722) എന്ന അടിമരാജാവിനെ യിസ്രായേലിന്റെ സിംഹാസനത്തില്ഇരുത്തി.ആയിരക്കണക്കിന്
യെഹൂദന്മാര് വടക്കന് സാമ്രാജ്യത്തില് നിന്നും മേദ്യയിലേക്ക് പ്രവാസികളായി തീര്ന്നു (cf. 2 രാജാ. 15)
(20). 727-722 ഷല്മനേസര് V
(a) ഹോഷയാ ഈജിപ്തുമായി ഒരു സഖ്യം രൂപപ്പെടുത്തുകയും അസീറിയ അതിനെ ആക്രമിക്കുകയും ചെയ്തു (cf. 2 രാജാ. 17)
(b) 724 B.C.യില് ശമര്യയെ ഉപരോധിച്ചു
(21). 722-705 സാര്ഗണ് II:
(a) മൂന്നു വര്ഷത്തെ ഉപരോധത്തിനു ശേഷം ഷല്മനേസര് ഢ ആരംഭിച്ചു. അദ്ദേഹത്തിന്റെ പിന്ഗാമി സാര്ഗണ് രണ്ടാമന് യിസ്രായേല് തലസ്ഥാനമായ ശമര്യയെ കീഴടക്കി. 27000-ലധികം ജനം മേദ്യയിലേക്ക് നാടുകടത്തപ്പെട്ടു.
(b) ഹിത്യരുടെ സാമ്രാജ്യവും ആക്രമിച്ചു കീഴ്പ്പെടുത്തി.
(c) 714-711 ല് യോര്ദ്ദാന് സമീപ ദേശങ്ങളുടെയും ഈജിപ്തിന്റെ ഒരു ഏകീഭവിക്കല് അസീരിയയ്ക്കെതിരെ സംഘടിച്ചു. ഇതിനെ "അഷ്ദാദ് റിബെല്ലിയന്" (ശാഠ്യം) എന്നറിയപ്പെടുന്നു. ഇതില് യെഹൂദ്യയിലെ ഹിസ്ക്കിയാവും ഉള്പ്പെട്ടു. അസീരിയ ആക്രമിച്ചെടുക്കുകയും ഫിലിസ്ത്യയുടെ പല പട്ടണങ്ങളും ആക്രമിക്കുകയും ചെയ്തു.
(22). 705-681 സെന്നക്കെരിബ്
(a) സര്ഗോന് രണ്ടാമന്റെ മരണശേഷം ഈ ഐക്യ സംഘടിത ശക്തികള് വീണ്ടും ഏകീകരിച്ചു യുദ്ധസന്നദ്ധമായി. ഈ യുദ്ധത്തെ പൂര്ണ്ണമായും ഹിസ്കിയാവ് പിന്തുണച്ചു. സെന്നക്കെരിബ് 701 ല് പിടിച്ചടക്കി. എന്നാല് യെരുശലേം ദൈവപ്രവൃത്തി യാല് സംരക്ഷിക്കപ്പെട്ടു (യെശ. 36-39; 2 രാജാ. 18-19)
(b) ഏലാമിലും ബാബിലോണിലും ഉണ്ടായ വിപ്ലവം സെന്നക്കെരിബ് തകര്ത്തു.
(23). 681-669 എസ്സാര് ഹാദ്ദോന്:
(a) ആദ്യത്തെ അസീറിയന് ഭരണാധികാരി ഈജിപ്തിനെ ആക്രമിക്കുകയും കീഴടക്കാ നും വേണ്ടി:
(b) ബാബിലോണുമായി മഹത്തായ സഹതാപം ഉണ്ടായിരിക്കുകയും അതിന്റെ തലസ്ഥാനനഗരം പുതുക്കിപ്പണിയുകയും ചെയ്തു.
(24). 669-663 അസൂര്ബാനിപാല്:
(a) എസ്രാ 4:10 ല് വിളിക്കപ്പെടുന്ന അസ്നപ്പര്

(b) അദ്ദേഹത്തിന്റെ ഷമാഷ്-ഷും-ഉകിന് എന്ന സഹോദരന് ബാബിലോണിലെ രാജാവായി തീര്ന്നു. ഇത് അനേക വര്ഷങ്ങള് അസീറിയയും ബാബിലോണും തമ്മില് സമാധാനം കൊണ്ടുവന്നു. എന്നാല് 652-ല് അദ്ദേഹത്തിലൂടെ തന്നെ സ്വാതന്ത്ര്യത്തിനു മേല് അടിയൊഴുക്ക് പൊട്ടിപ്പുറപ്പെടുവാന് ഇടയായി.

(c) തേബെസിന്റെ അധഃപതനം, 66 ബി.B.C.

(d) എലാമിനെ പരാജയപ്പെടുത്തി, 653, 645 B.C.

(25). 633-629 അസ്സൂര്-ഏട്ടില്-ഇലാനി

(26). 629-612 സിന്-ഷാര്-ഇഷ്കുന്

(27). 612-609 അസ്സൂര്-ഉബാലിറ്റ് കക:

- 614 B.C.യില് അഷേറിന്റെയും 612 B.C.യില് നിനവേയുടെയും അധഃപതനത്തിനു ശേഷം ഹാരാനില് നാടുകടത്തപ്പെട്ട രാജാവ് സിംഹാസനത്തിലേറി.

2. ആധുനിക ബാബിലോണ് സാമ്രാജ്യം:

a. 703? മെറോഡാക്ക്-ബലദാന്

- അസീറിയന് ഭരണത്തിനെതിരെ ധാരാളം വിപ്ലവങ്ങള് ആരംഭിച്ചു.

b. 652 ഷമാഷ്-ഷും-ഉകിന്

(1). എസര്ഹാദ്ദോന്റെ മകനും അസുര്ബാനിപാളിന്റെ സഹോദരനും

(2). അദ്ദേഹം അസീറിയയ്ക്കെതിരെ ഒരു വിപ്ലവം ആരംഭിക്കുകയും എന്നാല് പരാജയപ്പെടുകയുമായിരുന്നു.

c. 626-605 നബോപോളസ്സര്:

(1). ആധുനിക ബാബിലോണ് സാമ്രാജ്യത്തിന്റെ ആദ്യത്തെ പരമാധികാരിയായിരുന്നു.

(2). മേദ്യയിലെ സിയാക്സറെസ് വടക്കുകിഴക്ക് ഭാഗത്തു നിന്നും അസീറിയയെ ആക്രമിച്ചപ്പോള് നബോപോളസ്സര് തെക്കുഭാഗത്ത് നിന്നും ആക്രമിക്കുകയായിരുന്നു.

(3). 614 ല് അസ്സൂറിന്റെ പഴയ അസീറിയന് തലസ്ഥാനം തകരുകയും 612 B.C.യില് ശക്തി കേന്ദ്രമായ നിനവെയുടെ പുതിയ തലസ്ഥാനം അധഃപതിക്കുകയും ചെയ്തു.

(4). അവശേഷിച്ച അസീറിയന് സൈന്യം ഹാരാനിലേക്ക് പിന്വാങ്ങി. അവര് ഒരു രാജാവിനെ അ

(5). 608 ല് ഫറവോ-നെഖോ രണ്ടാമന് (2 രാജാ. 23:29) അശൂറിന്റെ ശേഷിച്ച സൈന്യത്തോട് യുദ്ധം ചെയ്യാന് പുറപ്പെട്ടു. ഇത് ബാബിലോണിന്റെ വര്ദ്ധിച്ചുവന്ന സൈന്യബലത്തിന്റെ ശക്തി കുറയ്ക്കുകയായിരുന്നു ഈ രൂപീകരണത്തിന്റെ ലക്ഷ്യം. യെഹൂദയുടെ ഭക്തനായ യോശീയാവ് എന്ന രാജാവ് (2 രാജാ. 23) ഈ പദ്ധതിയെ എതിര്ക്കുകയും ചെയ്തു. മെഗിദ്ദോവില് വച്ച് ഒരു ചെറിയ കലഹം ഉണ്ടായി. യോശീയാവിന് പരുക്കുപറ്റി കൊല്ലപ്പെട്ടു (2 രാജാ. 23:29-30). തന്റെ മകനായ യെഹോശീയാവ് തനിക്കു പകരം രാജാവായി. ഹാരാനിലെ അശൂരിന്റെ ശക്തികളുടെ തകര്ക്കപ്പെടല് നിര്ത്തലാക്കാന് ഫറവോ-നെഖോ രണ്ടാമന് വളരെ താമസിച്ചു എത്തിച്ചേര്ന്നു. കിരീടധാരിയായ നെബൂഖദ്നേസര് രണ്ടാമന് നയിച്ച ബാബിലോണ് ശക്തിയുമായി ചേര്ന്നു. 605 B.C.യില് യൂഫ്രട്ടീസ് നദിക്കരികെ "സെറാക്കെമിസ്" എന്ന സ്ഥലത്തു വച്ച് വന് പരാജയം ഏറ്റുവാങ്ങി. മിസ്രയീമിലേക്കുള്ള യാത്രാമദ്ധ്യേ താന് യെരൂശലേമില് തങ്ങി പട്ടണം പിടിച്ചടക്കി. മൂന്നു മാസത്തിനുശേഷം താന് യെഹോയാവിനെ നാടുകടത്തി തന്റെ രാജസ്ഥാനം കൈവശമാക്കി, യോശീയാവിന്റെ മറ്റൊരു മകനായ യഹോവാഹാസ് രാജാവായി അവരോധിച്ചു (2 രാജാ. 23:31-35).

(6). നെബൂഖദ്നേസര് രണ്ടാമന് പാലസ്തീനിലൂടെ തെക്കുഭാഗത്ത് ഈജിപ്ത് സൈന്യത്തെ പിന്തുടര്ന്നു. എന്നാല് പിതാവിന്റെ മരണവാര്ത്ത അറിഞ്ഞപ്പോള് ബാബിലോണിലേക്ക് മടങ്ങിപ്പോയി. പിന്നീട് അതേ വര്ഷം പാലസ്തീനില് മടങ്ങിവന്നു. യെഹൂദയുടെ അധിപതിയായ ജഹോയാക്കീമിനെ വിട്ടു എന്നാല് ആയിരക്കണക്കിന് പൗരന്മാരും ധാരാളം രാജകീയ കുടുംബങ്ങളും നാടുകടത്തപ്പെട്ടു. ദാനിയേലും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും നാടുകടത്തലിന്റെ ഇരകളായിത്തീര്ന്നു.

d. 605-562 നെബൂഖദ്നേസര് രണ്ടാമന്

(1). 597-538 ഈ കാലഘട്ടങ്ങളില് ബാബിലോണ് മുഴുവനും പാലസ്തീനിന്റെ നിയന്ത്രണത്തിലായി.

(2). 597 ല് മറ്റൊരു നാടുകടത്തല് യെറൂസലേമില് സംഭവിച്ചു. എന്തുകൊണ്ടെന്നാല് ജഹോയാക്കിമും ഈജിപ്തുമായി ഉണ്ടായ സഖ്യത കൊണ്ട് (2 രാജാ. 24) നെബൂഖദ്നേസര് രണ്ടാമന് എത്തിച്ചേരുന്നതിനുമുമ്പ് അദ്ദേഹം മരണപ്പെട്ടു. അദ്ദേഹം ബാബിലോണിലേക്ക് പ്രവാസിയായി തീര്ന്നപ്പോള് തന്റെ മകന് ജഹോയാക്കീന് മൂന്നുമാസത്തേക്ക് അവിടത്തെ രാജാവായി തീര്ന്നു. കനാല് കേബാര് തീരത്തിനടുത്ത് ബാബിലോണ് നഗരത്തിന് അരികില് പുനഃരധിവസിക്കപ്പെട്ടു. പതിനായിരക്കണക്കിന് പൗരന്മാരും, എസക്കിലേയും അതില് ഉള്പ്പെട്ടു.

(3). 586ല് തുടര്ച്ചയായി ഈജിപ്തുമായുള്ള പ്രേമപ്രകടനങ്ങള്ക്കുശേഷം യെറൂശലേംപട്ടണം പൂര്ണ്ണമായി നശിപ്പിക്കപ്പെടുകയും (2രാജാ. 25) വലിയ കൂട്ടമായിട്ടുള്ള ഒരു

നാടുകടത്തല് സംഭവിക്കുകയും ചെയ്തു. സെദക്യാവ് സ്ഥലം മാറ്റുകയും നാടുകടത്തുകയും ചെയ്തു പകരം ഗെദല്യാവ് ഗവര്ണറായി അവരോധിച്ചു.

(4). യെഹൂദാ സൈനീകശക്തി ചതിയിലൂടെ ഗെദല്യാ കൊല്ലപ്പെടുകയുണ്ടായി. ഈ ശക്തി ഈജിപ്തിലേക്ക് കടക്കുകയും അവരോടൊപ്പം പോകുവാന് യിരെമ്യാവിനെ പ്രേരിപ്പിക്കുകയും ചെയ്തു. നാലു തവണ നെബൂഖദ്നേസര് അതിക്രമിച്ചു കയറുകയും (605, 596, 586, 582) കഴിയുന്നിടത്തോളം അവശേഷിച്ച എല്ലാ യെഹൂദന്മാരെയും നാടുകടത്തി.

e. 562-560 സാത്താന്-മെറോഡാക്ക്, അമല്-മര്ഡൂക്ക് എന്ന് അറിയപ്പെടുന്നു.
അദ്ദേഹം കാരാഗൃഹത്തില് നിന്നും യഹോയാക്കീമിനെ വിടുവിക്കുകയും എന്നാല് അദ്ദേഹത്തിന് ബാബിലോണില് തന്നെ ആയിരിക്കേണ്ടതായിട്ടുണ്ടാകാം (2 രാജാ. 25:27-30; യിരെ. 52:31).

f. 560-556 നെരീഗ്ലിസര്
യെറൂശലേമിനെ നശിപ്പിച്ച നെബൂഖദ്നേസറിന്റെ സൈന്യാധിപതിയായിരുന്നു അദ്ദേഹം.

g. 556 ലബാസ്ക്കി മാര്ഡൂക്ക്
അദ്ദേഹം നെരിഗ്ലിസ്സറിന്റെ മകനായിരുന്നു. എന്നാല് ഒന്പത് മാസത്തിനുശേഷം അദ്ദേഹം കൊല ചെയ്യപ്പെട്ടു.

h. 556-539 നബോനിഡസ്:

(1). നബോനിഡസിന് രാജകീയ കുടുംബവുമായി യാതൊരു ബന്ധവുമില്ല. അതുകൊണ്ട് അദ്ദേഹം നെബൂഖദ്നേസര് രണ്ടാമന് രാജാവിന്റെ ഒരു മകളെ വിവാഹം കഴിച്ചു.

(2). അദ്ദേഹത്തിന്റെ മുഴുവന് സമയവും തേമയില് "സിന്" എന്ന ചന്ദ്രദേവനുവേണ്ടി ഒരു ക്ഷേത്രം പണിയുവാന് ചിലവഴിച്ചു. ഈ ദേവതകളുടെ മഹാപുരോഹിതയുടെ മകനാണ് അദ്ദേഹം. ബാബിലോണിലെ പ്രധാന ദേവനായ മാര്ഡൂക്കിന്റെ പുരോഹിതനുമായി ശത്രുത സമ്പാദിച്ചു.

(3). അദ്ദേഹത്തിന്റെ മുഴുവന് സമയവും വിപ്ലവങ്ങളെ ശമിപ്പിക്കാനും രാജ്യത്തെ ഉറപ്പിക്കുവാനും ശ്രമിച്ചിരുന്നു.

(4). തന്റെ മകനായ ബെല്ഷസ്സര് തലസ്ഥാനമായ ബാബിലോണില് (ദാനി. 5) തലസ്ഥാനത്തുണ്ടായ സംഭവങ്ങളെ ഒഴിവാക്കി തേമയിലേക്ക് പോയി.

i. ? - 539 ബെല്ഷസ്സര് (ഒരുമിച്ചുള്ള ഭരണം/കൂട്ടുഭരണം)

- ഗുട്ടിയാമിലെ ഗോബ്രിയാസിന്റെ കീഴില് പേര്ഷ്യന് സൈന്യം ബാബിലോണ് പട്ടണം വളരെ പെട്ടെന്ന് തകര്ന്നു, കാരണം യൂഫ്രട്ടീസ് നദിയിലെ വെള്ളം ദിശ തിരിച്ചുവിട്ട് പട്ടണത്തിലേക്ക് പ്രവേശിപ്പിച്ചു. പുരോഹിതന്മാരും നഗരത്തിലെ ജനങ്ങളും പേര്ഷ്യക്കാരെ കണ്ടിരുന്നത് വിമോചകര് എന്നതു പോലെയും മര്സൂക്കിന്റെ പുനഃസ്ഥാപിതക്കാരുമാണെന്ന്. ഗോബ്രിയാസിനെ ബാബിലോണിന്റെ ഗവര്ണറായി സൈറസ് രണ്ടാമന് നിയമിച്ചു. ഗോബ്രിയാസ് ഒരുപക്ഷെ മേദ്യയിലെ ദാര്യാവേശ് ആയിരിക്കും (ദാനി. 5:31; 6:1). ദാര്യാവേശിന്റെ അര്ത്ഥം "രാജകീയമായ ഒന്ന്".

3. മേദ്യ-പേര്ഷ്യ സാമ്രാജ്യം: കോരശ് രണ്ടാമന്റെ ഉയര്ച്ചയുടെ പഠനം (യെശ. 44:28; 45:1-7).

a. 625-585 സൈയക്സറസ് അസീറിയയെ തോല്പ്പിക്കാന് ബാബിലോണിനെ സഹായിച്ച മേദ്യയിലെ രാജാവായിരുന്നു.

b. 585-550 അസ്റ്റിയാജസ് മേദ്യയിലെ രാജാവായിരുന്നു. കോരെശ് മണ്ടെനെയാല് ജനിച്ച അദ്ദേഹത്തിന്റെ ചെറുമകനാണ്.

c. 550-530 അന്ഷാമിന്റെ കോരശ് രണ്ടാമന് അടിമ രാജാവ്, ഒരു വിപ്ലവകാരി ആയിരുന്നു.

(1). നബോനിഡസ്, ബാബിലോണ് രാജാവ്, കോരെശിനെ സഹായിച്ചു.

(2). കോരെശ് രണ്ടാമന് അസ്ത്യാഗസിനെ സ്ഥാനഭ്രഷ്ടനാക്കി.

(3). നബോനിഡസ്, തന്റെ അധികാരത്തെ പുനഃക്രമീകരിച്ചു സന്തുലിതമാക്കി, മറ്റുള്ളവരുമായി സഖ്യതയുണ്ടാക്കി.

(a) ഈജിപ്ത്

(b) ക്രെയേസസ്, ലിഡിയന് രാജാവ് (ഏഷ്യ മൈനര്)

(4). 547 - കോരശ് രണ്ടാമന് സര്ദ്ദിസിന് (ലിഡിയയുടെ തലസ്ഥാനം) എതിരായി പടനീക്കം നടത്തി.

(5). 539 - നവംബര് 2 ന് ഗുട്ടിയം ഗോബ്രിയാസ് കോരശിന്റെ സൈന്യവുമായി ചേര്ന്ന് ഒരു തടസ്സവുമില്ലാതെ ബാബിലോണിനെ പിടിച്ചടക്കി. ഗോബ്രിയാസ് ബാബിലോ ണിന്റെ ഗവര്ണറായി.

(6). 539 - ഒക്ടോബറില് "മഹാനായ" കോരെശ് രണ്ടാമന് വിമോചകന് എന്ന നിലയില് ആയിത്തീര്ന്നു. സ്വദേശവംശങ്ങളോട് കരുണ എന്ന നിലപാട് നാടുകടത്തല് എന്ന ദേശീയ നിലപാട് തിരിച്ചുവിട്ടു.

(7). 538 - യെഹൂദന്മാരും മറ്റുള്ളവരും സ്വന്തനാട്ടിലേക്ക് മടങ്ങി വരുവാനുള്ള അനുവാദം നല്കി. എന്നിട്ട് അവര്ക്കായി ആരാധനാലയം പണിതു.

(8). 530 - കോരെശിന്റെ മകന് ക്യാമ്പീസസ് രണ്ടാമന് അദ്ദേഹത്തിന്റെ പിന്ഗാമിയായി.

d. 538-522 ക്യാമ്പിസസ് രണ്ടാമന്റെ ഭരണം.
   (1). 525 B.C.യില് ഈജിപ്ത്യന് സാമ്രാജ്യത്തെ മേദ്യ-പേര്ഷ്യന് സാമ്രാജ്യത്തോട് കൂട്ടിച്ചേര്ത്തു.
   (2). അദ്ദേഹത്തിന് ചുരുങ്ങിയ ഭരണസമയം ഉണ്ടായിരുന്നു.
      (a) ചിലര് പറയുന്നു അദ്ദേഹം ആത്മഹത്യ ചെയ്തു എന്ന്.
      (b) ഹെരേദിറ്റസ് പറയുന്നു തന്റെ കുതിരയുമായി മലകയറുമ്പോള് തന്റെ വാളുകൊണ്ട് സ്വയം മുറിവേല്പ്പിക്കുകയും പകര്ച്ചവ്യാധിമുഖേന മരണമടയുകയും ചെയ്തു എന്ന്.
   (3). സ്യൂഡോ-സ്മെര്ദിസിന്റെ ഹ്രസ്വമായ ഭരണം - 522
e. 522-486 ദാര്യാവേശ് ഒന്നാമന് (ഹിസ്റ്റാപിസ്) ഭരണത്തിലേക്ക് വന്നു.
   (1). അദ്ദേഹം രാജകീയ കുടുംബത്തില് നിന്നുള്ളവനല്ല പക്ഷെ ഒരു സര്വ്വ സൈന്യാധിപതി.
   (2). അദ്ദേഹം പേര്ഷ്യന് സാമ്രാജ്യത്തിനായി സത്രാപസിന് വേണ്ടിയുള്ള കോരെശിന്റെ പദ്ധതി ഉപയോഗിക്കുകയും ചെയ്തു (cf. എസ്രാ. 1-6; ഹഗ്ഗായി, സെഖര്യാവ്)
   (3). അദ്ദേഹം ലിഡിയയിലുള്ളതുപോലെ നാണയ യുഗം ക്രമീകരിച്ചു.
f. 486-465 സെര്ക്സസ് ഒന്നാമന്റെ ഭരണം.
   (1). ഈജിപ്ത്യന് വിപ്ലവത്തെ ശാസിച്ചു
   (2). ഗ്രീസിനെ ആക്രമിച്ച് കീഴ്പെടുത്തി പേര്ഷ്യന് സ്വപ്നം നിവര്ത്തിയാക്കാന് തീവ്രമായി ആഗ്രഹിച്ചു. എന്നാല് 480 B.C.യില് തെര്മോ പോളി യുദ്ധത്തിലും 479 B.C.യില് സലാമിസ് യുദ്ധത്തിലും പരാജയപ്പെടുകയുണ്ടായി.
   (3). 465 B.C.യില് എസ്ഥേറിന്റെ ഭര്ത്താവ് ബൈബിളില് പറഞ്ഞിരിക്കുന്ന അഹസറസ് കൊലചെയ്യപ്പെടുകയുണ്ടായി.
g. 465-424 അര്ത്താസെര്ക്സസ് ഒന്നാമന് (ലോംഗിമാനസ്) ഭരണം നടത്തി (cf. എസ്രാ. 7-10; നെഹമ്യാവ്, മലാഖി)
   (1). പെലോപാനിസ്യന് ആഭ്യന്തരയുദ്ധം ചെറുത്തുനില്ക്കുന്നതുവരെ ക്കുകാര് മുന്നേറിക്കൊണ്ടിരുന്നു.
   (2). ഗ്രീസ് വിഭാഗിക്കപ്പെട്ടു (അതേനിയന് - പെലോപാനിസ്യന്)
   (3). ഗ്രീക്ക് ആഭ്യന്തരയുദ്ധം 20 വര്ഷത്തോളം നീണ്ടുനിന്നു.
   (4). ഈ കാലത്ത് യെഹൂദാ സമൂഹം ശക്തിപ്രാപിച്ചു.
   (5). സെര്ക്സെസ് രണ്ടാമന്റെയും സെകീദിയാനോസിന്റെയും ഭരണചുരുക്കം - 423
h. 423-404 ദാര്യാവേശ് രണ്ടാമന് (നോതോസ്) ഭരണം നടത്തി.
i. 404-358 അര്ത്തസെര്ക്സെസ് രണ്ടാമന് (മ്നെമോന്) ഭരിച്ചു.
j. 358-338 അര്ത്തസെര്ക്സെസ് മൂന്നാമന് (ഒക്കോസ്) ഭരിച്ചു.
k. 338-336 അര്സെസ് ഭരണം നടത്തി.
l. 336-331 ദാര്യാവേശ് മൂന്നാമന് (കോഡോമനസ്) ഭരണം നടത്തി.

4. ഈജിപ്തിനെക്കുറിച്ചുള്ള പരിശോധന/വിവരണം.
   a. ഹിക്സോസ് (ഇടയ രാജാക്കന്മാര്-യെഹൂദ ഭരണാധികാരികള്) - 1720/10 - 1550
   b. പതിനെട്ടാമത്തെ രാജവംശം (1570-1310)
      (1). 1570-1546 അമോസിസ്
         (a) തേബെസിനെ തലസ്ഥാനമാക്കി
         (b) തെക്കേ കനാനെ ആക്രമിച്ചു കീഴടക്കി
      (2). 1546-1525 അമേനോഫിസ് ഒന്നാമന് (അമേന് ഹോട്ടപ്പ് ഒന്നാമന്)
      (3). 1525-1494 തുട്മോസിസ് ഒന്നാമന്
      (4). 1494-1490 തുട്മോസിസ് രണ്ടാമന് തുട്മോസിസ് ഒന്നാമന്റെ മകളായ ഹാട്ഷേപ്സുടിനെ വിവാഹം കഴിച്ചു.
      (5). 1490-1435 തുട്മോസിസ് മൂന്നാമന് (ഹാട്ഷേപ്സുടിന്റെ മരുമകന്)
      (6). 1435-1414 അമേനോഫിസ് രണ്ടാമന് (അമെന്ഹോട്ടപ്പ് രണ്ടാമന്)
      (7). 1414-1406 തുട്മോസിസ് നാലാമന്
      (8). 1406-1370 അമെനോഫിസ് മൂന്നാമന് (അമെന്ഹോട്ടപ്പ് മൂന്നാമന്)
      (9). 1370-1353 അമെനോഫിസ് നാലാമന് (അക്നാട്ടെന്)
         (a) അട്ടെന്, സൂര്യനെ ആരാധിച്ചിരുന്നു
         (b) ഒരു വലിയ ദൈവരൂപത്തെ ആരാധിക്കുവാന് ആരംഭിച്ചു
         (c) ഈ കാലഘട്ടത്ത് ടെല്-ഏല്-അമര്നാ ലിഖിതങ്ങളുടെ സമയം
      (10). ? സ്മെന്ങ്കയര്
      (11). ? ടുടാന്കാമുന് (Tutankhamun)
      (12). ? Ay (ആയേ-എയ്)
      (13). 1340-1310 ഹാരംഹാബ്
   c. 19-ാമത്തെ രാജവംശം (1310-1200):
      (1). ? രാമേസെസ് ഒന്നാമന് (രാംസെസ്)
      (2). 1309-1290 സേതി ഒന്നാമന് (സേതോസ്)

(3). 1290-1224 രാമേസെസ് രണ്ടാമന് (രാംസെസ് രണ്ടാമന്)
(a) പുറപ്പാടിലെ ഫറവോനെ കുറിച്ചുള്ളത് പുരാവസ്തു ഗവേഷണ തെളിവുകളില്നിന്നും അറിയാവുന്നതാണ്.
(b) ഹബാറു (ഒരുപക്ഷെ സെമിറ്റസ് അല്ലെങ്കില് എബ്രായര്) അടിമയിലൂടെ അവാരിസ്, പൈത്തോം രാംസെസ് എന്നീ നഗരങ്ങള് പണിയപ്പെട്ടു.
(4). 1224-1216 മാര്ണിപ്ടാ (മെറേന്പ്ട്ടാ)
(5). ? അമെന്മെസെസ്
(6). ? സേതി രണ്ടാമന്
(7). ? സിപ്താ
(8). ? തെവോസ്റെറ്റ്

d. 20-ാമത്തെ രാജവംശം (1180-1065):
(1). 1175-1144 രാമേസെസ് III
(2). 1144-1065 രാമേസെസ് IV -XI

e. 21-ാമത്തെ രാജവംശം (1065-935):
(1). ? സ്മെന്റസ്
(2). ? ഹെറിഹോര്

f. 22-ാമത്തെ രാജവംശം (935-725 - ലിബ്യാന്):
(1). 935-914 ഷിഷക് (ഷോസെന്ക് I അല്ലെങ്കില് ഷെഷോങ്ങ് I)
a. ശലോമോന്റെ മരണം വരെ ജരോബയാം I സംരക്ഷിച്ചു.
b. 925 ല് പലസ്തീന് ആക്രമിക്കപ്പെട്ടു (cf. 1 രാജാ. 14:25; 2 ദിന. 12)
(2). 914-874 ഒസോര്കോണ് I
(3). ? ഒസോര്കോണ് I I
(4). ? ഷോഷ്നെക് I I

g. 23-ാമത്തെ രാജവംശം (759-715 - ലിബ്യാന്)

h. 24-ാമത്തെ രാജവംശം (725-709)

i. 25-ാമത്തെ രാജവംശം (716/15-663 - എത്യോപ്യന്/നുബിയാന്):
(1). 710/09-696/95 ഷാബാക്കോ (ഷബാകു)
(2). 696/95-685/84 ഷെബ്ടെക്കോ (ഷെബിറ്റ്കു)
(3). 690/689, 685/84-664 തിര്ഹക്കാ (തഹര്ഖാ)
(4). ? റ്റാന്റാമൂന്

j. 26-ാമത്തെ രാജവംശം (663-525 - സൈറ്റിക്):
(1). 663-609 സാമെറ്റിക്കസ് I (സാംറ്റിക്)
(2). 609-593 നെക്കോ II (നെക്കോ)
(3). 593-588 സാമെറ്റിക്കസ് II (സാംറ്റിക്)
(4). 588-569 അപ്രീസ് (ഹോപ്രാ)
(5). 569-525 അമാസിസ്
(6). ? സാമെറ്റിക്കസ് III (സാംറ്റിക്)

k. 27-ാമത്തെ രാജവംശം (525-401 - പേര്ഷ്യന്):
(1). 530-522 ക്യാബിസെസ് II (കോരെശ് II ന്റെ മകന്)
(2). 522-486 ദാര്യാവേശ് I
(3). 486-465 സെര്ക്സെസ് I
(4). 465-424 അര്ത്തസെര്ക്സെസ് I
(5). 423-404 ദാര്യാവേശ് II

* കാലക്രമത്തിലുള്ള വ്യത്യാസം കാണുവാന് Zondervan's Pictorial Bible Encyclopedia, vol. 2 p. 231 നോക്കുക.

5. ഗ്രീസിനെ കുറിച്ചുള്ള വിവരണം:
a. 359-336 മാസിഡോണിലെ ഫിലിപ്പ് രണ്ടാമന്
(1). ഗ്രീസിനെ പണിതെടുത്തു
(2). 336 B.C.യില് കൊലചെയ്യപ്പെട്ടു.
b. 336-323 മഹാനായ അലക്സാണ്ടര് രണ്ടാമന് (ഫിലിപ്പിന്റെ മകന്)
(1). ഇസൂസ് എന്ന യുദ്ധത്തില് പേര്ഷ്യന് രാജാവായ ദാര്യാവേശ് രണ്ടാമന് പരാജയപ്പെട്ടു.
(2). 32/33 വയസ്സില് 323 B.C.യില് ബാബിലോണില് വച്ച് പനി പിടിപെട്ടു മരണപ്പെട്ടു.
(3). അദ്ദേഹത്തിന്റെ മരണത്തോടനുബന്ധിച്ച് സൈനീക മേധാവികള് അദ്ദേഹത്തിന്റെ സാമ്രാജ്യത്തെ വിഭാഗിച്ചു.
(a) കസാണ്ടര് - മാസിഡോണിയായും ഗ്രീസും
(b) ലിസിമിക്കസ് - ത്രെയിസ്
(c) സെലൂക്കസ് I - സിറിയയും ബാബിലോണും

(d) റ്റോളമി - ഈജിപ്തും പാലസ്തീനും
(e) ആന്റിഗേനസ് - ഏഷ്യാ മൈനര് (ഒരുപാട് നീണ്ടുനിന്നില്ല)

c. സെലൂസിഡ്സും റ്റോളമിയും പാലസ്തീന്റെ നിയന്ത്രണത്തിലായി:
 (1). സിറിയ (സെലൂസിഡ് ഭരണാധികാരികള്)
  (a) 312-280 സെലൂക്കസ് I
  (b) 280-261 അന്ത്യോക്കസ് I സോട്ടര്
  (c) 261-246 അന്ത്യോക്കസ് II തേയൂസ്
  (d) 246-226 സെലൂക്കസ് II കാലീനിയസ്
  (e) 226-223 സെലൂക്കസ് III സെറാവുനസ്
  (f) 223-187 അന്ത്യോക്കസ് മഹാന് III
  (g) 187-175 സെലൂക്കസ് IV ഫിലോപാറ്റര്
  (h) 175-163 അന്ത്യോക്കസ് IV എപ്പിഫാനസ്
  (i) 163-162 അന്ത്യോക്കസ് V
  (j) 162-150 ദമത്രിയസ് I
 (2). ഈജിപ്ത് (റ്റോളമിയുടെ ഭരണാധികാരികള്):
  (a) 327-285 റ്റോളമി I സോട്ടര്
  (b) 285-246 റ്റോളമി II ഫിലേദല്ഫസ്
  (c) 246-221 റ്റോളമി III ഇവാഗേറ്റസ്
  (d) 221-203 റ്റോളമി IV ഫിലോപാറ്റര്
  (e) 203-181 റ്റോളമി V എപ്പിഫാനസ്
  (f) 181-146 റ്റോളമി VI ഫിലോമെറ്റര്
 (3). ഹ്രസ്വ വിവരണം:
  (a) 301 - റ്റോളമിയുടെ കീഴില് പാലസ്തീനില് ഭരണം 181 വര്ഷങ്ങളാണ്
  (b) 175-163 അന്ത്യോക്കസ് IV എപ്പിഫാനസ് 80-ാമത് സെലൂസിഡ് ഭരണാധികാരി, ശക്തിയാല് ഗ്രീക്ക് യെഹൂദന്മാരെ ആവശ്യമുണ്ട്, അത്യാവശ്യമെങ്കില്.
   i. കായിക പരിശീലന കേന്ദ്രങ്ങള് സ്ഥാപിച്ചു.
   ii. ക്ഷേത്രത്തില് സൂയസ് ഒളിമ്പസിനുവേണ്ടി ബലിപീഠങ്ങള് നിര്മ്മിച്ചു.
  (c) 168 - ഡിസംബര് 13 - അന്ത്യോക്കസ് IV എപ്പിഫാനസ് യെറൂസലേമില് ബലിപീഠത്തില് പന്നികളെക്കൊണ്ട് ബലിയര്പ്പിച്ചു. ദാനിയേല് 8-ലുള്ള "ഏകാന്തതയെ വെറുക്കുന്നു" എന്ന പരിഗണന ആയിരിക്കും.
  (d) 167 - മത്താത്ത്യാസ്, മോദിന്റെ പുരോഹിതന്, വിപ്ലവമക്കള്. അദ്ദേഹത്തിന്റെ ഏറ്റവും അറിയപ്പെടുന്ന മക്കള് യൂദാസ് മക്കാബിയസ് ആയിരുന്നു. "യൂദാസ് ദ ഹാമര്".
  (e) 165 - ഡിസംബര് 25 - ആലയം പുനര് സമര്പ്പിച്ചു. ഇതിനെ "ഹനൂക്ക" എന്നറിയപ്പെടുന്നു അതല്ലെങ്കില് "പ്രകാശങ്ങളുടെ ഉത്സവം" എന്നും അറിയപ്പെടുന്നു.

6. ഇതിനെക്കുറിച്ചുള്ള നല്ല വര്ത്തമാനം, സമയ/തീയതി പ്രശ്നങ്ങള് നടപടി ക്രമങ്ങള് മുന്കൂട്ടി സങ്കല്പം എന്നിവ The Expositors Bible Commentary, vol. 4 pp. 10-17 കാണുക.

## VII. സാഹിത്യ ഏകകം (പശ്ചാത്തലം)

A. വടക്കുകിഴക്കുള്ള ഓരോ രാജാക്കന്മാര്ക്കും എഴുത്തുകാരന് വ്യക്തമായ ഘടനാ അറിവ് നല്കുന്നു. സാധാരണയായി യെഹൂദാരാജാക്കന്മാര്ക്ക് മുഴുവനുമുള്ള അറിവ് (Dr. Huey's SWBTS ക്ലാസ്സ് നോട്ടില് നിന്നും എടുത്തത്)
 1. രാജാക്കന്മാരുടെ ഭരണ കാലയളവ് വടക്കോ കിഴക്കോ എന്ന അടിസ്ഥാനത്തില് എതിര്വശത്തായി ചേര്ത്തിരിക്കുന്നു.
 2. രാജാവിന്റെ പേര്
 3. അദ്ദേഹത്തിന്റെ പിതാവിന്റെ പേര്
 4. രാജാവായപ്പോള് അദ്ദേഹത്തിന്റെ വയസ്സ്
 5. അദ്ദേഹത്തിന്റെ ഭരണത്തിന്റെ ദൈര്ഘ്യം
 6. താമസ സ്ഥലം
 7. അമ്മയുടെ പേര്
 8. ഭരണത്തെക്കുറിച്ചുള്ളചില അറിവ്
 9. അദ്ദേഹത്തിന്റെ ജീവിതത്തെകുറിച്ചുള്ള ചുരുക്ക പ്രസ്താവന്
 10. അദ്ദേഹത്തിന്റെ മരണ, അടക്കത്തെ കുറിച്ചുള്ള വിശകലനം
 11. 4 ഉം 7 ഉം യിസ്രായേല് രാജാക്കന്മാരുടെ പേരുവിവരങ്ങളില് ഒഴിവാക്കിയിരിക്കുന്നു

B. ഈ ദൈര്ഘ്യം നിറഞ്ഞ ചരിത്രപരമായ കാര്യങ്ങള്ക്ക് ഹ്രസ്വമായ സംഗ്രഹം നല്കുവാന് വിവിധ വ്യത്യസ്ത വഴികള് ഉണ്ട്.

1. പ്രധാന കഥാപാത്രങ്ങളാല്
   a. ദാവീദ് / ശലോമന്
   b. രെഹോബയാം/ജരോബയാം ക
   c. ആഹാബ് (ഈസബേല്)/ഏലിയാവ്
   d. ഏലിയാവ് / എലീശാ
   e. എസക്കിയേല് / യെശയ്യാവ്
   f. യോശിയാവ് / ഫറവോന് നെക്കോ
   g. യഹോയാക്കീം / യഹോയാക്കിന് / നെബൂഖദ്നേസര്
2. രാജ്യങ്ങള് ഉള്പ്പെട്ട:
   a. ഐക്യ രാജവാഴ്ച
   b. യിസ്രായേല് / യെഹൂദ
   c. സിറിയ
   d. അസീറിയ
   e. ബാബിലോണ്

C. വിശദമായ വിവരങ്ങള് അറിയുവാന് താഴെ പറയുന്നവയുമായി ബന്ധപ്പെടുക.
   1. ഇ.ജെ. യംഗ്, ആന് ഇന്ട്രൊഡക്ഷന് റ്റു ദി ഓള്ഡ് ടെസ്റ്റമെന്റ്, pp.190-200
   2. ആര്.കെ. ഹാരിസണ്, ഇന്ട്രൊഡക്ഷന് റ്റു ദി ഓള്ഡ് ടെസ്റ്റമെന്റ്, pp.720-721
   3. NIV സ്റ്റഡി ബൈബിള് pp. 468-469

## VIII. പ്രധാന സത്യങ്ങള്:

A. ഇത് പടിഞ്ഞാറന് ചരിത്രമല്ല എന്നാല് ഇത് പുരാതന തെക്കന് ദൈവശാസ്ത്രപരമായ ചരിത്രമാണ്.
   1. വടക്കുള്ള എല്ലാ രാജാക്കന്മാരെയും ശിക്ഷിച്ചു കാരണം, യഹോവയ്ക്ക് പകരം ജരോബൊയാം സ്വര്ണ്ണ കാളക്കുട്ടിയെ ഉണ്ടാക്കിയതുകൊണ്ട്.
   2. ഒമ്രിയും ജരോബൊയാമും ശക്തരായ രണ്ടു വടക്കന് നേതാക്കന്മാര്. ഹ്രസ്വമായ മാതൃക അവരുടെ രാഷ്ട്രീയമില്ലായ്മ സൈനീക നേട്ടങ്ങള് എന്നിവയില് ഇടപെട്ടു.
   3. നല്ല ആദരവു ലഭിച്ച രണ്ട് തെക്കന് രാജാക്കന്മാരാണ് ഹിസ്കിയാവും യോശിയായും. മോശെയുടെ ഉടമ്പടിയോടു പൂര്ണ്ണ വിശ്വസ്തത പുലര്ത്തിയതിനാലും ആത്മിക നവീകരണത്താലും ഇവര് വാഴ്ത്തപ്പെട്ടു.
   4. വളരെ നല്ല ആദരവു ലഭിച്ച മറ്റൊരു ഏക രാജാവ് ഹിസ്ക്കിയായുടെ മകനായ മനശ്ശെയാണ്. ഇത് തന്റെ പിതാവിന് നേര് വിപരീതവും- രാജ്യത്തെ പാപത്തിലേക്കു നയിച്ചതുകൊണ്ടുമായിരുന്നു.

B. ശമുവേലിന്റെ പ്രതിപാദ്യ വിഷയം രാജാക്കന്മാര് തുടര്ന്നു. അവര് കാലത്തിന്റെ ഒരു ഏകാങ്കചരിത്രം രൂപപ്പെടുത്തി. പ്രവചനത്തിന്റെ ഉയര്ച്ച അവസാനിക്കുകയും പൗരോഹിത്യം തുടരുകയും ചെയ്തു. എഴുതാത്ത പ്രവാചകന്മാരായ ഏലിയാവും എലീശയും ഒന്നും രണ്ടും രാജാക്കന്മാരുടെ മൂന്നിലൊന്ന് മുഴുവനും എടുത്തു.

C. രാജാക്കന്മാരില് കാണുന്നത് മോശൈക ഉടമ്പടിയില് നിന്നും ദൈവജനത്തിന്റെ വ്യതിയാനം പുരോഗമനപരമാണ്. ഈ ആത്യന്തിക പ്രശ്നം ശമര്യയുടെ നാശവും (722 B.C.) യെറൂശലേമിന്റെ നാശത്തിലുമാണ് (586 B.C.). ഇത് യഹോവയുടെ പോരായ്മയല്ല എന്നാല് ജനത്തിന്റെയും അവരുടെ നേതാക്കന്മാരുടെയും പാപം തന്നെയായിരുന്നു. ഉടമ്പടി വിശ്വാസ്യത പ്രധാന വിഷയം തന്നെയായിരുന്നു. യഹോവ വിശ്വസ്തനായിരുന്നു; ശലോമോനോ, യെഹൂദാ, യിസ്രായേല് എന്നിവരായിരുന്നില്ല.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. 1 രാജാക്കന്മാര്:
   1. സംജ്ഞയും ഭാഷാപ്രയോഗവും:
      a. "ദൈവം ജീവിക്കുന്നതുപോലെ", 1:29 (NASB & NIV)
      b. "എന്റെ കോവര് കഴുതപ്പുറത്തു കയറുക", 1:33 (NASB & NIV)
      c. "യാഗപീഠത്തിന്റെ കൊമ്പുകളെ പിടിക്കുക", 1:50; 2:28 (NASB & NIV)
      d. യാഖീനും ബോവസും, 7:21 (NASB & NIV)
      e. ആകാശത്തിലേക്ക് അവന്റെ കൈകളെ മലര്ത്തി, 8:22 (NASB & NIV)
      f. "എന്റെ ചെറുവിരല് എന്റെ അപ്പന്റെ സിംഹഭാഗത്തെക്കാളും വണ്ണമുള്ളതാണ്", 12:10 (NIV,"…. അപ്പന്റെ അരയേക്കാള് വണ്ണമുള്ളതാണ്")
      g. സ്വര്ണ്ണ കാളക്കുട്ടി, 12:28 (NASB & NIV)

h. "തങ്ങള് ഉണ്ടാക്കിയ ബലിപീഠത്തിന് ചുറ്റും അവര് തുള്ളിച്ചാടിക്കൊണ്ടിരുന്നു", 18:26,28 (NIV, നൃത്തം ചെയ്തു..... മുറിവേല്പിച്ചു...)
i. "ഭോജനയാഗം കഴിക്കുന്ന നേരം", 18:36 (NIV, യാഗം കഴിക്കുന്ന സമയം)
j. "സാവധാനത്തില് ഒരു ശബ്ദം ഉണ്ടായി", 19:12 ( NIV, മൃദുസ്വരം)

2. വ്യക്തികളെക്കുറിച്ചുള്ള അറിവ്:
   a. അബീശഗ്, 1:3
   b. ശിമെയി, 2:8
   c. ഹീരാ, 5:1; 7:13
   d. ശേബാരാജ്ഞി, 10:10
   e. അസ്തോരെത്ത്, 11:5
   f. മോലെക്ക്, 11:7
   g. ശീശക്ക്, 11:40
   h. ഒമ്രി, 16:16
   i. നാബോത്, 21:1
   j. മീഖായാവ്, 22:24

B. 2 രാജാക്കന്മാര്:
1. സംജ്ഞയും ഭാഷാപ്രയോഗവും:
   a. "അഗ്നിരഥങ്ങളും അഗ്നി അശ്വങ്ങളും", 2:11; 6:17 (NASB & NIV)
   b. "അവന് യഹോവയ്ക്ക് അനിഷ്ടമായതു ചെയ്തു", 3:2 ( NIV, ..... കണ്ണിന് ....)
   c. "നിന്റെ അര കെട്ടുക", 4:29 ( NIV, അര കെട്ടി മുറുക്കുക)
   d. കാല് കബ് പ്രാക്കാഷ്ഠം, 6:25 ( NIV, മ രമയ ീള ലലഹ ുീഹെ)
   e. "മോശെ ഉണ്ടാക്കിയ താമ്ര സര്പ്പം", 18:4 (NASB & NIV)
   f. "അവന് ഒരു കുളവും കല്പാത്തിയും ഉണ്ടാക്കി", 20:20 ( NIV, .... ഒരു തുരങ്കം)
   g. "ആകാശത്തിലെ സര്വ്വസൈന്യം", 21:3 ( NIV, നക്ഷത്രസൈന്യം)
   h. "ന്യായപ്രമാണ പുസ്തകം", 22:8 (NASB & NIV)
   i. തോഫേത്ത്, 23:10 (NASB & NIV)
   j. "താമ്രം കൊണ്ടുള്ള കടല്", 25:13 (NASB & NIV)

2. വ്യക്തികള്:
   a. ഗേഹസി, 4:11,12
   b. നയമാന്, 5:1
   c. അഥല്യാ, 11:1,3
   d. പൂല്, 15:19
   e. സന്ഹേരീബ്, 18:13
   f. മനശ്ശെ, 21:1
   g. ഹുല്ദാ, 22:14
   h. നെഖോ, 23:29
   i. യെഹോയാഖീന്, 24:8
   j. സെരായാവ്, 25:18
   k. ഗെദല്യാവ്, 25:22

## X. ഭൂപട പ്രദേശം

A. 1 രാജാക്കന്മാര്:

1. ഏന്-രോഗേല്, 1:9 (ജറുസലേം)
2. ഗീഹോന്, 1:33 (ജറുസലേം)
3. അനാഥോത്ത്, 2:26
4. മിസ്രയീംതോട്, 8:65 (NIV, മിസ്രയീമിന്റെ നദി)
5. മെഗിദ്ദോ, 9:15
6. എസ്യോന്-ഗേബെര്, 9:26
7. ശേഖേം, 12:1
8. പെനൂവേല്, 12:25
9. കിദ്രോന്തോട്, 15:13 (NIV, കിദ്രോന് താഴ്വര)
10. കിന്നെരോത്ത്, 15:20 (NIV, കിന്നെരേത്ത്)
11. ശമര്യാ, 16:24

12. കര്മ്മേല് മല, 18:20
13. കീശോന്തോട്, 18:40 (NIV, കീശോന് താഴ്വര)
14. യിസ്രായേല്, 18:45

B. 2 രാജാക്കന്മാര്:

1. എക്രോന്, 1:2
2. നദികളായ അബാനയും പര്പ്പരും, 5:12
3. ദോഥാന്, 6:13
4. സേല, 14:7
5. ഏലത്ത്, 14:22
6. ലാഖീശ്, 18:14
7. ഹിന്നോ താഴ്വരയിലെ മക്കള്, 23:10 (NIV, "..... ബെന്ഹിന്നോം)
8. മെഗിദ്ദോവ്, 23:30
9. രിബ്ള, 25:6

## XI. വിദ്യാര്ത്ഥികള്ക്കു വേണ്ടിയുള്ള ചോദ്യങ്ങള്:

A. 1 രാജാക്കന്മാര്:

1. ദാവീദിന്റെ കുടുംബത്തില് എന്തുകൊണ്ട് ഇത്രയധികം കുഴപ്പങ്ങള് ഉണ്ടാകാന് കാരണം? ഒരു പട്ടിക ഉണ്ടാക്കുക.
2. എന്തുകൊണ്ടാണ് ശലോമോന് ഇത്രയധികം ഭാര്യമാര് ഉണ്ടായിരുന്നത്? അദ്ദേഹത്തിന്റെ പ്രായാധിക്യത്തില് അവര്ക്ക് എങ്ങനെ അനുഭവപ്പെട്ടു?
3. എന്തുകൊണ്ടാണ് ആലയത്തിന് ഇത്രയധികം വിശാലതയും വിശദാംശങ്ങളും നല്കിയത്?
4. എന്തുകൊണ്ടാണ് സംയുക്ത രാജവാഴ്ച അവസാനിച്ചത്?
5. ബാല്, അശേരാ ആരാധനയെ കുറിച്ച് വിവരിക്കുക.
6. 1 രാജാ. 22:18-23 വരെയുള്ള ദൈവശാസ്ത്ര പൊരുള് എന്താണ്?

B. 2 രാജാക്കന്മാര്:

1. 2 രാജാ. 5:15-18 ന്റെ പൊരുള് വിശദീകരിക്കുക.
2. 2 രാജാ. 19:19 ന്റെ പൊരുള് വ്യക്തമാക്കുക.
3. എസക്യാവിന്റെ ശക്തിയും മനശ്ശെയുടെ പാപങ്ങളും ഒരു പട്ടിക തയ്യാറാക്കുക.
4. "ഞാന് ന്യായപ്രമാണ പുസ്തകം കണ്ടെത്തിയിരിക്കുന്നു" എന്ന സംജ്ഞയുടെ അര്ത്ഥം?
5. യഹോവയുടെ ഉടമ്പടി നിബന്ധനയാണോ നിബന്ധനയില്ലാത്തതാണോ?

## വിഭജിക്കപ്പെട്ട രാജ്യത്തിന്റെ രാജാക്കന്മാർ

| യെഹൂദാ രാജാക്കന്മാർ (1 ദിന.3:1–16; മത്തായി 1.6 11) | | | | | ഇസ്രയേൽ രാജാക്കന്മാർ | | | | |
|---|---|---|---|---|---|---|---|---|---|
| പേരുകളും തീയതികളും | പ്രൈറ്റ് | യെങ് | ഹേരിസൺ | വേദഭാഗം | പേരുകളും തീയതികളും | പ്രൈറ്റ് | യെങ് | ഹേരിസൺ | വേദഭാഗം |
| രെഹബെയാം | 922 915 | 933 917 | 931/30 913 | I രാജാ. 11:43-12:27; 14:21-31<br>II ദിന. 9:31 12:16 | യൊരോബെയാം-ഒന്നാമൻ | 922 901 | 933 912 | 931/30 910/09 | I രാജാ. 11:26-40; 12:12 14:20 |
| അബീയാ (അബീജാം) | 915 914 | 916 914 | 913 911/10 | I രാജാ. 14:31 15:8<br>II ദിന. 11:20,22 | | | | | |
| ആശ | 913 873 | 913 873 | 911/10 870/69 | I രാജാ. 15:8 30; 16:8,10,<br>23,29; 22:41,43,46<br>യിരെ. 41:9 | നാദബ്<br>ബാഷ | 901 900<br>900 877 | 912 911<br>911 888 | 910/09 909/08<br>909/08-886/85 | I രാജാ. 14:20; 15:25-31<br>I രാജാ.15:16 16:7; II രാജാ..9:9<br>II ദിന. 16:1 6<br>യിരെ. 41:9 |
| യെഹോശാഫാത്ത് | 873-849 | 873-849 | 870/69-848 | I രാജാ. 15:24; 22:1-51<br>II രാജാ. 3:1-12; 8:16-19<br>I ദിന. 3:10<br>II ദിന. 17:1-21:1 | ഏലാ | 877-876 | 888-887 | 886/85-885/84 | I രാജാ. 16:8-14 |

| യെഹൂദാ രാജാക്കന്മാർ (1 ദിന.3:1–16; മത്തായി 1.6 11) | | | | | ഇസ്രയേൽ രാജാക്കന്മാർ | | | | |
|---|---|---|---|---|---|---|---|---|---|
| (യെഹോരാം കോറെജന്റ്) | --------- | -------- | 853-848 | I രാജാ. 22:50<br>II രാജാ. 1:17; 8:16; 12:18 | സിമിരി (ആർമി ജനറൽ) | 876 | 887 | 885/84 | I രാജാ. 16:9-20<br>II രാജാ. 9:31 |
| | | | | | ഒമ്രി (ആർമി ജനറൽ) | 876-869 | 887-877 | 885/84-874/73 | I രാജാ. 16:15-28<br>II രാജാ. 8:26<br>മീഖാ 6:16 |
| യോരാം (യോരാം) | 849-842 | 849-842 | 848-841 | I ദിന. 221:1-20<br>മത്തായി 1:8 | | | | | |
| അഹസ്യാവ് | 842 | 842 | -------- | II രാജാ. 8:24-9:29<br>II ദിന. 22:1-9 | ആഹാബ് | 869-850 | 876-854 | 874/73-853 | I രാജാ. 16:29-22:40 |
| | | | | | അഹസ്യാവ് | 850-849 | 854-853 | 853-852 | I രാജാ. 22:40,41,49,51-53<br>II ദിന. 18:1-3,19 |
| അഥല്യ (രാജ്ഞി) | 842-337 | 842-836 | 841-835 | II രാജാ. 8:26; 11:1-20<br>II ദിന. 22:2-23:21 | യെഹോരാം (യോരാം) | 849-842 | 853-842 | 852-841 | II രാജാ. 1:17; 3:1-27; 8:16-9:29 |
| യോവാശ് (യെഹോവാശ്) | 837-800 | 836-797 | 835-796 | II രാജാ. 11:2-3; 12:1-21<br>II ദിന. 22:11-12; 24:1-27 | യേഹൂ (ആർമി ജനറൽ) | 842-815 | 842-815 | 841-814/13 | I രാജാ. 19:16-17<br>II രാജാ. 9:1-10:36; 15:12<br>II ദിന. 22:7-9<br>ഹോശെ 1:4 |


| യെഹൂദാ രാജാക്കന്മാർ (1 ദിന.3:1–16; മത്തായി 1.6 11) | | | | | ഇസ്രയേൽ രാജാക്കന്മാർ | | | | |
|---|---|---|---|---|---|---|---|---|---|
| അമസ്യാവ് | 800-783 | 797-779 | 796-767 | II രാജാ. 12:21; 14:1-22<br>II ദിന. 25:1-28 | | | | | |
| (ഉസ്സീയാ കോ-റീജന്റ്) | ------ | ------ | 791/90-767 | II രാജാ. 14:21; 15:1-7 | യോവാഹ് | 815-801 | 814-798 | 814/13-798 | II രാജാ. 10:35; 13:1-9 |
| ഉസ്സീയാ (അസര്യ) | 783-742 | 779-740 | 767-740/39 | II Chr. 26:1-23<br>Hosea 1:1; Amos 1:1<br>Zechariah 14:5 | യെഹോശാ | 801-786 | 798-783 | 798-782/81 | II Kgs. 13:9-13,25<br>II Chr. 25:17-25<br>Hosea 1:1; Amos 1:1 |
| (ജോത്തം കോ-റീജന്റ്) | 750-742 | ------ | 750-740/39 | II Kgs.15:7,32-38 | യൊരോബെയാം രണ്ടാമൻ (കോ-റീജന്റ്) | ------- | ------- | 793/92-782/81 | II Kgs. 13:13; 14:16,23-29<br>Hosea 1:1 |
| യോതം | 742-735 | 740-736 | 740/39-732/31 | I Chr. 5:17<br>II Chr. 26:23-27:9<br>Isa. 1:1; 7:1<br>Hosea 1:1; Micah 1:1 | യൊരോബെയാം രണ്ടാമൻ | 786-746 | 783-743 | 782/81-753 | Amos 1:1; 7:9-11 |
| | | | | | സെഖര്യാവ് | 746-745 | 743 | 753-752 | II Kgs.15:8-12 |

| യെഹൂദാ രാജാക്കന്മാർ (1 ദിന.3:1–16; മത്തായി 1.6 11) | | | | | ഇസ്രയേൽ രാജാക്കന്മാർ | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | സെഖര്യാവ് | 746-745 | 743 | 753-752 | II Kgs.15:8-12 |
| (ആഹാസ് കോ-റീജന്റ്) | ------ | ------ | 744/43-732/31 | II Kgs. 15:30-16:20<br>II Chr. 27:9-28:27 | ഷല്ലൂം | 745 | 743 | 752 | II Kgs. 15:10,13-15 |
| ആഹാസ് | 735-715 | 736-728 | 732/31-716/15 | Isa. 1:1; 7:1ff; 14:28; 38:8<br>Hosea 1:1; Micah 1:1 | മെനഹേം | 745-738 | 743-737 | 752-742/41 | II Kgs. 15:14,16-22 |
| (ഹിസ്കീയാവ് കോ-റീജന്റ്) | ------- | ------- | 729-716/15 | II Kgs. 16:20; 18:1-20,21<br>II Chr. 28:27-32:33<br>Prov. 25:1 | പെക്കഹ്യാവ് | 738-737 | 737-736 | 742/41-740/39 | II Kgs. 15:23-26 |
| ഹിസ്കീയാവ് | 715-687 | 727-699 | 716/15-687/86 | Isa. 1:1; 36:1-39:8<br>Hosea 1:1; Micah 1:1<br>Matt. 1:9-10 | പെക്ക | 737-732 | 736-730 | 740/39-732/31 | II Kgs. 15:27-31; 16:5<br>II Chr. 28:6; Isa. 7:1 |
| (മനസ് കോ-റീജന്റ്) | ------- | ------ | 696/95-687/86 | II Kgs. 20:21-21:18;<br>23:12,26; 24:2 | ഹോശിയ | 732-724 | 730-722 | 732/31-723/22 | II Kgs. 17:1-18 |


| യെഹൂദാ രാജാക്കന്മാർ (1 ദിന.3:1–16; മത്തായി 1.6 11) | | | | | ഇസ്രയേൽ രാജാക്കന്മാർ | | | | |
|---|---|---|---|---|---|---|---|---|---|
| മനസ് | 687/86-642 | 698-643 | 687/86-642/41 | II Chr. 32:33-33:20<br>Jer. 15:4ff; II Kgs. 21:18-26 | ശമര്യ<br>അശ്ശൂരിയാ കൈയിൽ വീണു | 724 B.C. | 722 B.C. | 722 B.C. | |
| ആമ്മോൺ | 642-640 | 643-641 | 642/41-640/39 | II Chr. 33:20-25<br>Jer. 1:2; Zeph. 1:1<br>I Kgs. 13:2-3 | | | | | |
| യോശീയാവ് | 610-609 | 640-609 | 640/39-609 | II Kgs. 21:24; 22:1-23:30<br>II Chr. 33:25-35:27<br>Jer. 1:2; Zeph. 1:1<br>Matt. 1:10-11 | | | | | |
| യോവാഹ് | 609<br>(3 months) | 609 | 609 | II Kgs. 23:30-34<br>II Chr. 36:1-4 | | | | | |
| യെഹോയാക്കീം | 609-598 | 609-598 | 609-597 | II Kgs. 23:34-24:6,19, II Chr. 36:4-8, Jer. 1:3; 22:18-23; 25:1ff;26:1ff; 27:1ff;35:1ff; 36:1ffDa.1: 1-2 | | | | | |

| യെഹൂദാ രാജാക്കന്മാർ (1 ദിന.3:1–16; മത്തായി 1.6  11) | | | | | ഇസ്രയേൽ  രാജാക്കന്മാർ | | | | |
|---|---|---|---|---|---|---|---|---|---|
| യെഹോയാഖീൻ | 598/97<br>(3 months) | 598 | 597 | II Kgs. 24:6,8-17; 25:27-30<br>II Chr. 36:8-9<br>Jer. 52:31; Ezek. 1:2 | | | | | |
| സിദെക്കീയാവ് | 597-586 | 598-587 | 597-587 | II Kgs. 24:17-25:7<br>II Chr. 36:10-11<br>Jer. 1:3; 21:1-7; 24:8-10;<br>27:1ff; 32:4-5; 34:1-22;<br>37:1-39:7; 52:1-11 | | | | | |
| യെരുശലേം<br>ബാബിലോൺ കീഴില്  വീഴ്ച | 586 B.C. | 587 B.C. | 587 B.C. | വിലാപങ്ങൾ | | | | | |

തീയതി പ്രശ്നങ്ങൾ സംബന്ധിച്ച നല്ല ചർച്ചയ്ക്ക് ദയവായി കാണുക  E. R. Thiele, The Mysterious Numbers of the Hebrew Kings.


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്

പാലസ്തീൻ



# I, II ദിനവൃത്താന്തങ്ങള്

## I. പുസ്തകത്തിന്റെ പേര്

A. എബ്രായ ഭാഷയില് പുസ്തകത്തിന്റെ പേര് "ദിവസങ്ങളുടെ വാക്കുകള്" (വര്ഷങ്ങളുടെ സംഭവങ്ങള്) ഇത് ഉപയോഗിച്ചതായി കാണുന്നത് വര്ഷങ്ങളുടെ, സംഭവ പരമ്പരകളുടെ ചരിത്രരേഖ എന്ന അര്ത്ഥത്തിലാണ്. 1 രാജാക്കന്മാരില് എഴുതപ്പെട്ട ഉറവിടം പോലെ ഈ വാക്കുള് വിവിധ പുസ്തകങ്ങളില് സംഭവിച്ചിട്ടുണ്ട്, 14:19,29; 15:7,23,31; 16:5,14,20,27; 22:46. 1/2 രാജാക്കന്മാരില് 30 പ്രാവശ്യം ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു, ദിനവൃത്താന്തങ്ങള് എന്ന് തര്ജ്ജമ ചെയ്തിരിക്കുന്നു.

B. LXX പേര് നല്കിയത് "കാര്യങ്ങള് ഒഴിവാക്കി" (യെഹൂദയിലെ രാജാക്കന്മാരെ സംബന്ധിച്ച്) ഇത്ര പറയപ്പെടുന്നത് ദിനവൃത്താന്തങ്ങള് ശമുവേലിനും രാജാക്കന്മാര്ക്കും, സമാന്തര സുവിശേഷങ്ങളോട് യോഹന്നാന് എഴുതിയ സുവിശേഷം എന്നായിരിക്കണം.

C. ജെറോമിന്റെ ലാറ്റിന് തര്ജ്ജമ വല്ഗേറ്റ് എന്നാണ്. "മുഴുവന് വിശുദ്ധ ചരിത്രങ്ങളുടെ ദിനവൃത്താന്തം" എന്ന് പേരു നല്കിയിരിക്കുന്നു, കാരണം ഇതിന്റെ വംശ പാരമ്പര്യം ആദാമിലേക്ക് തിരികെ പോകണം. പ്രവാസത്തിനു മുമ്പുള്ള കാലഘട്ടം എസ്രാ നെഹമ്യാവ് പുസ്തകങ്ങളുടെ ബന്ധം.

D. I/II ദിനവൃത്താന്തം എബ്രായഭാഷയില് യഥാര്ത്ഥത്തില് ഒരു പുസ്തകം ആയിരുന്നു. LXX വിഭാഗിക്കപ്പെട്ടു, ശമുവേല് രാജാക്കന്മാര് എന്ന പോലെ.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോന്റെ "എഴുത്തുകളുടെ" വിഭാഗത്തിന്റെ അവസാന പുസ്തകമാണിത്. എബ്രായ ബൈബിളിന്റെ അവസാന പുസ്തകം എന്ന് ഇത് അര്ത്ഥമാക്കുന്നു.

B. എബ്രായ കാനോനില് അര്ത്ഥമാക്കുന്നത് ഇതിന്റെ നിലപാടാണ്.
   1. ഇതിന്റെ വൈകിയ രചന
   2. ഇതിന്റെ ഉള്ളടക്ക പ്രകൃതി
   3. ഇത് ഒരു അനുബന്ധം പോലെ കണ്ടു
   4. ഇത് കാനോനില് താമസിച്ചാണ് സ്വീകരിച്ചത്

C. LXX ഇത് സ്ഥാനം പിടിച്ചത് രാജാക്കന്മാര്ക്ക് ശേഷവും എസ്രായ്ക്കു മുമ്പും ആകുന്നു. ഇതിലെ അതിശയം എന്നത് ദിനവൃത്താന്തങ്ങള്ക്ക് മുമ്പാണ് എസ്രായും നെഹമ്യാവും വന്നത് കാരണം ദിനവൃത്താന്തങ്ങളുടെ ഉള്ളടക്കപ്രകൃതമോ അത് ഒരു അനുകൂല സാഹചര്യത്തില് അവസാനിച്ചു.

## III. സാഹിത്യ ശൈലി

A. ഈ പുസ്തകം ചരിത്രപരമായ വിവരണമാണ് എന്നാല് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ദൈവശാസ്ത്രരൂപത്തിലാണ്.

B. ഏറ്റവും കൂടുതല് എതിരായുള്ള കാര്യങ്ങള് രാജവാഴ്ചയില് ഇത് എടുത്തു മാറ്റുന്നു.
   1. ദാവീദ്
   2. ശലോമോന്
   3. ദൈവീക യെഹൂദാരാജാവ്
      a. ആസാ
      b. "ജഹോഷാഫത്ത്"
      c. ഉസ്സിയ്യാ
      d. എസക്കിയ
      e. യോശിയാ

## IV. എഴുത്തുകാരന്

A. ഈ പുസ്തകത്തിന്റെ എഴുത്തുകാരനെപ്പറ്റി വേദപുസ്തകം നിശബ്ദമാണ്.

B. ബാബാ ബദ്ര 15a പറയുന്നത് എസ്രാ ദിനവൃത്താന്തങ്ങളുടെ വംശപാരമ്പര്യത്തെക്കുറിച്ച് എഴുതി. ഇത് രണ്ടുരീതിയില് വ്യാഖ്യാനിച്ചിട്ടുണ്ട്.
   1. എസ്രാ ദിനവൃത്താന്തങ്ങള് എഴുതി
   2. എസ്രാ ദിനവൃത്താന്തങ്ങളില് തുടങ്ങിയ ചരിത്രം തന്റെ ദിവസം വരെ അവസാനിപ്പിച്ചു.

C. എബ്രായഭാഷയില് എസ്രായ 1:1-4 ഉം 2 ദിനവൃത്താന്തം 36:22-23 ഉം വളരെ സാമ്യമുണ്ട്. യംഗും ഹാരിസണും പറയുന്നത് ദിനവൃത്താന്തങ്ങളാണ് ആദ്യം എഴുതപ്പെട്ടത്. പുസ്തകാവസാനം അച്ചടിക്കാരന്റെ പേരിനായി രണ്ടുപേരുടെ രചനാ സമാഹാരം ഒരുമിപ്പിക്കുന്ന ബാബിലോണ് ശാസ്ത്രിമാരുടെ സമ്പ്രദായമാണിത് എന്ന് ഭാഗികമായി തെളിഞ്ഞിട്ടുണ്ട്. യെഹൂദന്മാരുടെ ചരിത്ര തുടര്ച്ച വിവരിച്ച ദിനവൃത്താന്തങ്ങള് ഒരു ചരിത്ര മുഖവുരയായി എസ്രാ ഉപയോഗിച്ചിരിക്കാന് സാധ്യതയുണ്ട്.

D. ദിനവൃത്താന്തങ്ങളുടെയും എസ്രാ/നെഹമ്യാവിന്റെയും എഴുത്തുകാര്ക്ക് ഒരേ ദൈവശാസ്ത്ര താല്പര്യവും കാഴ്ചപ്പാടും ഉണ്ട്.
   1. ആലയത്തെയും പൗരോഹിത്യത്തെയും ലക്ഷയ്മാക്കി (ലേവ്യരുടെ ഗണം)
   2. വിശാലമായ സ്ഥിതിവിവര ശേഖരണവും വംശപാരമ്പര്യത്തിയും ഉപയോഗം.
   3. പദസഞ്ചയവും സാഹിത്യശൈലിയും വളരെ സാമ്യമാണ്.
   4. ഇങ്ങനെ പറഞ്ഞിരിക്കണം, അവ വ്യത്യസ്തമാണ്:
      a. പേര് വ്യത്യസ്തമായി ഉച്ചരിക്കുക
      b. എസ്രാ, നെഹമ്യാവ് മോശെയുടെ ഉടമ്പടി ലക്ഷയ്മാക്കുമ്പോള് ദിനവൃത്താന്തങ്ങള് ദാവീദിന്റെ രാജകീയതയെ ലക്ഷയ്മാക്കുന്നു.

E. വില്യം ആല്ബ്രെറ്റ് നിര്ദ്ദേശിക്കുന്നത് എസ്രായുടെ എഴുത്ത് B.C. 428 നും 397 നും ഇടയ്ക്കാണ്. എസ്രായുടെ രൂപീകരണം എസ്രാ 7-10 ല് കാണുന്നു, ഇത് സംഭവിച്ചത് 458-457 B.C. അ്യമേഃല്യഃലെ ഒന്നാമന്റെ കാലത്താണ്.

F. ദിനവൃത്താന്തങ്ങള് വിവിധ ഉറവിടങ്ങളെ ഉപയോഗിക്കുന്നു.
   1. നേരത്തെ എഴുതപ്പെട്ട വചനം:
      a. ദിനവൃത്താന്തങ്ങള് ഉപയോഗിക്കുന്നത് ശമുവേലിന്റെ പകുതിയും രാജാക്കന്മാരും അല്ലെങ്കില് ഏകദേശം അതേ ഉറവിടങ്ങള് ആകുന്നു.
      b. 1 ദിനവൃത്താന്തങ്ങള് ചില പഴയനിയമ പുസ്തകങ്ങള് അറിയുവാന് ഇടയാക്കുന്നു.
         (1). ഉല്പ. 35:22-5:1
         (2). ഉല്പ. 38:7-2:3
         (3). ഉല്പ. 38:30-2:4,6
         (4). ഉല്പ. 46:10-4:24
         (5). ഉല്പ. 46:11-6:16
         (6). ഉല്പ. 46:13-7:1
         (7). ഉല്പ. 46:21-7:6,12
         (8). ഉല്പ. 46:24-7:13
         (9). രൂത്ത് 4:18-21-2:11-13
         (10). 1 ശമു. 27:10-2:9, 25-26
         (11). 1 ശമു. 31:1-6-10:1-12
      c. NIV സ്റ്റഡിബൈബിളില് ദിനവൃത്താന്തത്തിന്റെ അവതാരിക ഒരു ഉറവിടമായി ഉള്പ്പെടുത്തുന്നു.
         (1). പഞ്ചഗ്രന്ഥങ്ങള്
         (2). ന്യായാധിപന്മാര്
         (3). രൂത്ത്
         (4). 1 ശമുവേല്
         (5). രാജാക്കന്മാര്
         (6). സങ്കീര്ത്തനങ്ങള്
         (7). യെശയ്യാവ്
         (8). യിരെമ്യാവ്
         (9). വിലാപങ്ങള്
         (10). സെഖര്യാവ്

   2. വിഭാഗിക്കപ്പെട്ട രാജ്യത്തില് നിന്നും എഴുതപ്പെട്ട ചരിത്രരേഖകള്:
      a. ഒഫിഷ്യല് കോടതി രേഖകള് സാധ്യമായത്
         (1). ദാവീദ് രാജാവിന്റെ ദിനവൃത്താന്തങ്ങള്, 1ദിന. 27:24

(2). യെഹൂദയുടെയും യിസ്രായേലിന്റെയും രാജാക്കന്മാരുടെ പുസ്തകം, 2 ദിന. 16:11; 25:26; 28:26; 32:32
(3). യിസ്രായേലിന്റെയും യെഹൂദയുടെയും രാജാക്കന്മാരുടെപുസ്തകം, 2 ദിന. 27:7; 35:27; 36:8
(4). യിസ്രായേല് രാജാക്കന്മാരുടെ പുസ്തകം, 1 ദിന. 9:1; 2 ദിന. 20:34
(5). യിസ്രായേല് രാജാക്കന്മാരുടെ വാക്കുകള്, 2 ദിന. 24:27; 33:18

b. പ്രവാചകന്മാര്:
(1). ദാവീദ് രാജാവിന്റെ പ്രവര്ത്തികള്, 1 ദിന. 29:29
(a) ശമുവേലിന്റെ ദിനവൃത്താന്തങ്ങള്, പ്രഭു
(b) നാഥാന് പ്രവാചകന്റെ ദിനവൃത്താന്തങ്ങള്
(c) ഗാദിന്റെ ദിനവൃത്താന്തങ്ങള്
(2). ശലോമോന്റെ പ്രവര്ത്തികള്, 2 ദിന. 9:29
(a) നാഥാന് പ്രവാചകന്റെ രേഖകള്
(b) ശിലോന്യനായ അഹിയാവിന്റെ പ്രവചനം
(3). യൊരോബയാമിന്റെ പ്രവര്ത്തികള് ഇദ്ദോ ദര്ശകന്റെ ദര്ശനം, 2 ദിന. 9:29
(4). രെഹബെയാമിന്റെ പ്രവര്ത്തികള്, 2 ദിന. 12:15
(a) ഷെമെയാപ്രവാചകന്റെ രേഖകള്
(b) ഇദ്ദോ ദര്ശകന്
(5). അബിയായുടെ പ്രവര്ത്തികള് 2 ദിന. 13:22, ഇദ്ദോ പ്രവാചകനാല്
(6). ജഹുവിന്റെ പ്രവര്ത്തികള് 2 ദിന. 20:34, ഹനാനിയുടെ മകനാല്
(7). മനശയുടെ പ്രവര്ത്തികള്, 2 ദിന. 33:19, (LXXല് "ദര്ശകന്")

c. ഗോത്ര വംശപാരമ്പര്യ രേഖകള്:
(1). ശിമയോന്, 1 ദിന. 4:33
(2). ഗാദ്, 1 ദിന. 5:17
(3). ബന്യാമീന്, 7:9
(4). ആശേര്, 7:40
(5). എല്ലാ യിസ്രായേലും, 9:1
(6). ലേവ്യരുടെ വാതില് കാവല്ക്കാര് 9:22 (ഓരോ ലേവ്യ വിഭാഗത്തിനും രേഖകള് നല്കിയിട്ടുണ്ട് [cf. 1 ദിന. 23:1ff; 28:13; 2 ദിന. 35:4]).

d. വിദേശ ഉറവിടങ്ങള്:
(1). സെന്നാഖെരീബിന്റെ എഴുത്തുകത്തുകള്, 2 ദിന. 17:70
(2). സൈറസിന്റെ ആജ്ഞകള്, 2 ദിന. 36:22-23

G. എസ്രാ നെഹമ്യാവിനെപ്പോലെ, ദിനവൃത്താന്തങ്ങളുടെ വിവിധ ജനങ്ങളുടെ വംശപാരമ്പര്യങ്ങളുടെ എണ്ണം ചിലതിന്റെ ഭാവിയില് വികസിപ്പിച്ചു 4 മുതല് 5 വരെയുള്ള തലമുറയ്ക്കു ശേഷം. രണ്ടുവഴിയിലൂടെ അത് കൈകാര്യം ചെയ്യുന്നുണ്ട്.
1. ഇതെല്ലാം രചനാപരമായി ഉള്ളതായിരുന്നു
2. ഇതെല്ലാം സമകാലിക കുടുംബങ്ങളായിരുന്നു, തലമുറകള് അല്ല.

## V. എഴുതിയ കാലം

A. ദിനവൃത്താന്തങ്ങളില് രണ്ട് പുസ്തകങ്ങള് ഉണ്ട്. പ്രവാസത്തില് നിന്നുള്ള മടങ്ങിവരവിനുശേഷമുള്ള കാലം, ദിനവൃത്താന്തത്തില് എഴുതിയിരിക്കുന്നു.
1. 1 ദിന. 3:19-21. ഇത് സെരുബാബേലിന്റെ പിന്ഗാമികളുടെ എണ്ണമാകുന്നു.
a. ചിലര് പറയുന്നു ആറാമത്തെ തലമുറയെന്ന്
b. മറ്റുള്ളവര് പറയുന്നത് ദാവീദിന്റെ നാല് കുടുംബങ്ങളുടെ കാലഘട്ടത്തിലെ സെരുബാബേലിന്റെ രണ്ട് തലമുറകളായ പെലാത്തിയായും യെസഹിയായും (Pelatiah and Jeshaiah) ആണ് ഇവര് എന്ന് (Young & Harrison).
c. സെരുബാബേലിന്റെ 11-ാം തലമുറ വരെ നീണ്ടു നിന്നു എന്ന് LXX വിവരിക്കുന്നു (എഡിറ്റോറിയല്)
2. 1 ദിന. 3:22-24 ശെഖന്യാവിന്റെ തലമുറകളുടെ എണ്ണം പറഞ്ഞിരിക്കുന്നു, വാക്യം 21:
a. ചിലര് പറയുന്നു, 4 തലമുറകളുടെ എണ്ണം
b. ഇത് ശരിയാണെങ്കില് സെരൂബാബേലിന്റെ വംശപാരമ്പര്യത്തില് നിന്നും എഴുത്തുകാരന്റെ ദിവസം പുനഃക്രമീകരിച്ചിരിക്കുന്നു, 3:19-21
3. 2 ദിന. 36:22-23:
a. സൈറസ് രണ്ടാമന് ഓര്മ്മപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ ആജ്ഞ കീഴടക്കപ്പെട്ട ജനം നാട്ടിലേക്ക് മടങ്ങിപ്പോകുവാന് അനുവാദം നല്കിയതാണ്, യെഹൂദന്മാര് ഉള്പ്പെടെ.
b. 538 B.C.യില് സൈറസ് രണ്ടാമന് തന്റെ വിധി വിതരണം ചെയ്തു. ആദ്യത്തെ മടക്കം യെഹൂദ്യ രാജകുമാരനായ, ഗവര്ണറായി നിയമിതനായ ഷെഷ് ബസ്സാരിനാല് പെട്ടെന്നുള്ള ഇടപാടിനാലാണ്. അദ്ദേഹമാണ് ആലയം പുനര്നിര്മ്മിക്കുവാന് ആരംഭിച്ചത്.

എന്നാല് പൂര്ത്തിയാക്കാന് കഴിഞ്ഞില്ല. പിന്നീട് പേര്ഷ്യന് രാജാവായ ദാരിയസ് ഒന്നാമന്റെ കീഴില് മഹാപുരോഹിതന്റെ പിന്ഗാമിയായ യോശുവയും ദാവീദിന്റെ ഗോത്രത്തിലെ സെരുബാബേലിന്റെ കീഴില് ചിലര് മടങ്ങി വന്നു. 516 B.C.യില് ആലയം പുനഃനിര്മ്മിക്കുകയും ചെയ്തു. ഹഗ്ഗായിയുടെയും സെഖര്യാവിന്റെയും പരിശ്രമഫലമായി.

B. പുസ്തകത്തിലെ വംശാവലി പ്രകാരം എഴുത്തുകാരന് 500-423 B.C.യുടെ ഇടയിലുള്ളയാളാണ്. ഇത് പഴയനിയമത്തിലെ അവസാന പരാമര്ശമാണ്. B.C. 428 ലാണ് ദാര്യാവേശ് സ്ഥാനാരോഹിതനായത്. ഇത് നെഹമ്യാവ് 12:22 ല് സൂചിപ്പിച്ചിരിക്കുന്നു. മാത്രമല്ല പഴയനിയമ കാനോന് ഈ സമയമായപ്പോഴേയ്ക്കു പൂര്ത്തിയായി.

C. 1 ദിനവൃത്താന്തം 1 & 2 ശമുവേലിന്റെ അതേ കാലഘട്ടത്തില് പൂര്ത്തീകരിച്ചു, എന്നിരുന്നാലും വംശപാരമ്പര്യം ആദാമിലേക്ക് തിരികെ പോകുന്നു. 2 ദിന. 1 & 2 രാജാക്കന്മാരുടെ അതേ കാലഘട്ടത്തില് പൂര്ത്തീകരിച്ചു. എന്നാല് ഇത് വിപുലീകരിച്ചു. മിക്കവാറും സൈറസ് രണ്ടാമന്റെ കാലം വരെ.

## VI. ചരിത്രപരമായ പശ്ചാതലത്തെ സ്ഥിരീകരിക്കുന്ന ഉറവിടങ്ങള്

A. യഥാര്ത്ഥ വ്യത്യാസങ്ങള് ശമുവേലിന്റെ ചരിത്രപരമായ അനുഭവങ്ങള്ക്കും രാജാക്കന്മാര്ക്കും ഇടയില് ഉണ്ട്, അത് ദിനവൃത്താന്തത്തില്:
   1. ദിനവൃത്താന്തങ്ങളുടെ എണ്ണം വലുതാണ് (യംഗ് **p.** 394-400)
      a. ഇത് പൊതുവായി സത്യമാണ്, ഒത്തു നോക്കുക 1 ദിന. 21:5; 2 ശമു. 24:9
      b. മിക്കവാറും ദിനവൃത്താന്തങ്ങള് ചെറിയ എണ്ണങ്ങളുണ്ട്. ഒത്തുനോക്കുക 1രാജാ. 4:26/2 ദിന. 9:29
      c. LXX തര്ജ്ജമയില് കൂടുതല് എണ്ണം പ്രശ്നങ്ങള് കണ്ടുപിടിച്ചു. അതായത് അവ 250 B.C. മുന്പുള്ളത്.
      d. ഇ.ആര്. തിലേ, അദ്ദേഹത്തിന്റെ തറക്കല്ലിടുന്ന പുസ്തകം, ദ മിസ്റ്റീരിയസ് നമ്പേഴ്സ് ഓഫ് ദ ഹീബ്രു കിംഗ്സ്, 1954,1965 വ്യത്യസ്തമായി വിവരിക്കുന്നു:
         (1). ഭരണത്തില് രണ്ട് സമയ സമ്പ്രദായങ്ങള്
            a. പ്രവേശന വര്ഷം
            b. പ്രവേശിക്കാത്ത വര്ഷം
         (2). അധികാര കാലം
   2. ദിനവൃത്താന്തം ദാവീദിന്റെ പരമ്പരയിലെ യെഹൂദ രാജാക്കന്മാരുടെ അനുകൂലകാര്യങ്ങള് തെളിയിച്ചു കാണിക്കുന്നു.
   3. ദാവീദിന്റെയും ശലോമോന്റെയും എതിരെയുള്ള കാര്യങ്ങള് ദിനവൃത്താന്തം ഒഴിവാക്കുന്നു. എന്നിരുന്നാലും യംഗ് പറയുന്നതുപോലെ (**p.**395-398) അവരുടെ സ്വകാര്യജീവിതത്തെക്കുറിച്ച് മിക്കവാറും എല്ലാം ഒഴിവാക്കി അനുകൂലമല്ലാത്തതുമല്ല ചില അനുകൂല കാര്യങ്ങളും.
   4. വടക്കന് സാമ്രാജ്യത്തിലെ എല്ലാ കാര്യങ്ങളും ദിനവൃത്താന്തത്തില് ഒഴിവാക്കി. കാരണം തീര്ച്ചയില്ലാത്തതാണ്, ധാരാളം ഊഹങ്ങള് മാത്രം എല്ലാ വടക്കന് രാജാക്കന്മാര് കാരണം, ദാനിലും ബെഥേലിലും സ്വര്ണ്ണ കാളക്കുട്ടി നിര്മ്മിച്ചതുമൂലം. തെക്ക് സത്യം എന്ന് പരിഗണിച്ചു, വിശ്വാസ്യമായ ദാവീദിന്റെ (മെസിയാനിക്) പരമ്പര.

B. ദിനവൃത്താന്തത്തിന്റെ കാലാവധി ചരിത്രം അനുകൂലിക്കുന്നു.
   1. വംശ പാരമ്പര്യ കാര്യങ്ങള് സമകാലികമാണ്.
      a. ശമുവേല്
      b. ചാവുകടല് ചുരുളുകള്
      c. LXX
   2. മോശെയുടെ പുസ്തകങ്ങളായ ദിനവൃത്താന്തങ്ങളിലെ വംശാവലി ഉല്പത്തി, സംഖ്യാപുസ്തകം എന്നിവയുമായും, ശമര്യാ പഞ്ചഗ്രന്ഥങ്ങളുമായി താരതമ്യം ചെയ്യുമ്പോള് ചരിത്രവസ്തുത സ്ഥിരീകരിക്കുന്നു.

## VII. സാഹിത്യ ഏകകം (പശ്ചാത്തലം)

A. ചുരുങ്ങിയ സംഗ്രഹം
   1. ആദം മുതല് ശൗല് വരെയുള്ള വംശപാരമ്പര്യ കാര്യങ്ങള്, 1 ദിന. 1:1-9:44
   2. ദാവീദിന്റെ ഭരണകാലം, 1 ദിന. 10:1-29:30
   3. ശലോമോന്റെ ഭരണകാലം, 2 ദിന. 1:1-9:31
   4. മറ്റ് യെഹൂദ്യരാജാക്കന്മാരുടെ ഭരണം മുതല് പ്രവാസം വരെ, 2 ദിന. 10:1-36:23

B. ഒത്തുനോക്കല്
   1. ഇ.ജെ. യംഗ്, ആന് ഇന്ട്രൊഡക്ഷന് റ്റു ദി ഓള്ഡ് ടെസ്റ്റമെന്റ്, pp. 401-402
   2. ആര്.കെ. ഹാരിസണ്, ഇന്ട്രൊഡക്ഷന് റ്റു ദി ഓള്ഡ് ടെസ്റ്റമെന്റ്, pp. 1152-1153
   3. NIV സ്റ്റഡി ബൈബിള് pp. 581-582

## VIII. പ്രധാന സത്യങ്ങള്:

A. യെഹൂദ ഉപയോഗിക്കുന്ന ദൈവശാസ്ത്ര ചരിതരം തെരഞ്ഞെടുക്കപ്പെട്ടതാണ്. എന്നാല് 1 ഉം 2 ഉം ശമുവേലും 1 ഉം 2 ഉം രാജാക്കന്മാരും സമാന്തരമായി കണക്കാണ്.


B. ഇത് എഴുതപ്പെട്ടത് പ്രവാസത്തിന് ശേഷമുള്ള സമൂഹത്തിനു വേണ്ടിയാണ്. ഉടമ്പടി ദൈം ഇപ്പോഴും അവരുടെ ദൈവമാണെന്ന് അറിയുവാന് ആവശ്യമായിരിക്കുന്നു. ആലയം (അതുവരെ രാജാവില്ലായിരുന്നു) ദൈവത്തിന്റെ പുനഃക്രമീകരണ ഉടമ്പടിയില് ശ്രദ്ധിക്കുന്നു. ആ ഉടമ്പടി എന്നത് ഇപ്പോഴും ദൈവത്തിന്റെ മോശെയുടെ വ്യവസ്ഥ വച്ചുകൊണ്ടാണ്.


C. ഇത് പ്രധാനമായും ശ്രദ്ധിക്കുന്നത് ദാവീദിനോടും തന്റെ സന്തതികളോടുമുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ മേലുള്ളത് 2 ശമുവേലില് കാണുന്നു.
   1. ദാവീദിന്റെ മകനെയും അവസാന മശിഹാ രാജാവിനെയും പ്രത്യേകമായി ഇടപെടുന്നു.
   2. ദാവീദിന്റെയും ശലോമോന്റെയും യെഹൂദയുടെ ദൈവീക രാജാക്കന്മാരുടെയും രാജവാഴ്ച അനുകൂലമായ അനുഭവമാണ് നല്കുന്നത്.
   3. സൈറസ് രണ്ടാമന്റെ കാലഘട്ടത്ത് എബ്രായരുടെ യെറൂസലേമിലേയ്ക്കുള്ള മടങ്ങിവരവ് രേഖപ്പെടുത്തുന്നു.
   4. ഭാവിയിലുള്ള ദാവീദിന്റെ രാജാവ് (മശിഹാ) യുടെ ഊന്നിപറയല് ഒരളവില് ദൈവീകമായ ദാവീദിന്റെയും ശലോമോന്റെയും യെഹൂദയിലെയും രാജാക്കന്മാരുടെ രേഖകള് പൂര്ത്തിയായി. സെഖര്യാവിലും മലാഖിയിലും കാണുന്നത് ഈ മശിഹാ പ്രതീക്ഷയാണ്.

D. എല്ലാ ദൈവജനവും ഒരുമിക്കണം എന്നുകൂടി ഊന്നിപ്പറയുന്നു. "എല്ലാ യിസ്രായേലും" എന്ന കൂട്ടായുള്ള വാക്ക് ഉപയോഗിച്ചിരിക്കുന്നു. (cf. 1 ദിന. 9:1; 11:1-3,4; 12:38; 16:3; 18:14; 21:1-5; 28:1-8; 29:21,23,25; 2ദിന. 1:2; 2:8; 9:30; 10:1,16; 12:1; 18:16; 28:23; 29:24; 30:1,6,25-26; 34:7,9,33).

E. വംശപാരമ്പര്യം ഉപയോഗിക്കുന്നു:
   1. എസ്രായിലും നെഹമ്യാവിലും പോലെ തിരികെ വന്ന യിസ്രായേല് നിശ്ചയമായും പഴയ യിസ്രായേലാകുന്നു.
   2. ആദാമിലേക്ക് തിരിഞ്ഞ എബ്രായരുടെ ചരിത്രം ചുരുക്കുന്നതിനുവേണ്ടി.

*എന്തുകൊണ്ടെന്നാല് 1 ഉം 2 ഉം ദിനവൃത്താന്തം അടിസ്ഥാനപരമായി ഒരേ സംഭവങ്ങളാണ് 1 ഉം 2 ഉം ശമുവേലിലും 1 ഉം 2 ഉം രാജാക്കന്മാരിലും ഉള്ളത്. ഈ രണ്ടു പുസ്തകങ്ങള്ക്ക് ഭൂപട വാക്കുകളോ ചോദ്യങ്ങളോ ഇല്ലായിരിക്കും.


പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
S


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# എസ്രാ പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. എബ്രായ കാനോന് എസ്രായും നെഹമ്യാവും ഒരു പുസ്തകമാണ്. ബാബാ ഭദ്ര ഇതിനെ വിളിച്ചത് എസ്രാ എന്നാണ്.
   1. മിക്കവാറും വംശാവലി പട്ടികയില് ഈ പുസ്തകത്തെ ഉള്പ്പെടുത്തിയതിനാല് ഈ പുസ്ത കത്തെ സാധാരണയായിട്ട് കാണാറുണ്ട്, എസ്രാ 2:1ff, നെഹമ്യാവ് 7:6-20.
   2. എന്തുകൊണ്ടെന്നാല് ലിസ്റ്റില് ചെറിയ വ്യത്യാസമുണ്ടെങ്കിലും അടിസ്ഥാനപരമായിട്ട് ഒരേപോലെയുള്ളതാണെങ്കിലും രണ്ട് പുസ്തകത്തിന്റെ സൂചനകള് ലഭിക്കുന്നുണ്ട്.
   3. "ഞാന്" എന്ന ഉപയോഗം എസ്രായുടെ 7 മുതല് 10 വരെയും നെഹമ്യാവ് എന്നീ ഭാഗങ്ങളില് ഇതിനെ ഉറപ്പിക്കുന്നുണ്ട്.

B. എന്തുകൊണ്ടെന്നാല് എസ്രായുടെ ശുശ്രൂഷയുടെ (എസ്രാ. 7-10) തുടര്ച്ചയായുള്ള നെഹമ്യാവ് 8-10 വരെയുള്ള ഭാഗങ്ങള് ഒരുമിച്ച് പോകുന്നതായിട്ട് കാണാം.

C. എസ്രായുടെയും നെഹമ്യാവിന്റെയും തലക്കെട്ടുകള് പ്രാചീന പരിഭാഷയായിട്ടു വ്യത്യാസപ്പെട്ടു വരുന്നുണ്ട്.

| LXX | വള്ഗേറ്റ് | വിക്ലിഫ്/കോവര്ഡെല് ഇംഗ്ലീഷ് | ആധുനിക ഇംഗ്ലീഷ് |
|---|---|---|---|
| എസ്ട്രാ ആ (ബീറ്റാ) | എസ്ട്രാസ് I | I എസ്രാ | എസ്രാ |
| എസ്ട്രാ ഇ (ഗാമാ) | എസ്ട്രാസ് II | II എസ്രാ | നെഹമ്യാവ് |
| എസ്ട്രാ അ (ഗാമാ) | എസ്ട്രാസ് III | ........ | I എസ്ട്രാസ് (കാനോനികമല്ലാത്ത) |
| ......... | എസ്ട്രാസ് IV | ........ | II എസ്ട്രാസ് (കാനോനികമല്ലാത്ത) |

D. AD 1448 MT രചനയില് ഒന്നാമത്തെ എബ്രായ പുസ്തകത്തിന്റെ പുസ്തകങ്ങള് വിഭജിക്കപ്പെട്ടിട്ടുണ്ടായിരുന്നു.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എസ്രായുടെ പുസ്തകം എന്നത് എബ്രായ കാനോനില് അറിയപ്പെടുന്ന "എഴുത്തുകളില്" മൂന്നാമത്തെ വിഭാഗമാണ്.

B. ദിനവൃത്താന്തത്തിന്റെ മുമ്പിലുള്ള MT യില് സ്ഥാപിച്ചിരിക്കുന്നു. ഇത് സാധാരണയുള്ള ക്രമീകരണമല്ല. കാലക്രമമായിട്ട് ദിനവൃത്താന്തം, പിന്നീട് എസ്രാ/നെഹമ്യാവ് എന്നിവയാണ്. അനേകം സിദ്ധാന്തങ്ങളുണ്ട് (cf. നെഹമ്യാവ്, II. B).

## III. സാഹിത്യ ശൈലി

A. ചരിത്രപരമായ വിവരങ്ങള് നേരിട്ടുള്ള പദ്യത്തിലേക്കാണ് പോകുന്നത്.

B. രേഖാമൂലമായ അനേക ഉദ്ധരണികള് ഇതില് ഉള്പ്പെടുത്തിയിരിക്കുന്നു.
   1. പേര്ഷ്യന്
   2. യെഹൂദപരമായ

## IV. എഴുത്തുകാരന്

A. ബാബാ ബദ്ര 15എ പറയുന്നത് എസ്രാ അവന്റെ പുസ്തകം എഴുതി എന്നാല് നെഹമ്യാവിന്റെ പുസ്തകം എഴുതി എന്ന് അവന് പറയുന്നില്ല. ആ സത്യം അങ്ങനെയിരിക്കുമ്പോള് തന്നെ മറ്റു യെഹൂദാ

ഉറവിടങ്ങള് (ഗമേറാ) പറയുന്നത് നെഹമ്യാവ് ഇത് പൂര്ത്തീകരിച്ചു എന്നാണ് (എസ്രാ-നെഹമ്യാവ്). MT"ന്റെ അവസാന കുറിപ്പുകള് നെഹമ്യാവിന്റെ അവസാനം കണ്ടുപിടിച്ചിട്ടുണ്ട്.

B. യോസീഫസിന്റെ കോണ്ട്രാ അപ്പിയോന്, 1:8, സര്ദ്ദിസിന്റെ മെലിറ്റോയില് യിസൂബിയസ് എടുത്തു പറയുന്നു. എക്ലീസിയാസ്റ്റിക്കല് ഹിസ്റ്ററി IV : 26, എസ്രാ എഴുത്തുകാരനെക്കുറിച്ച് എടുത്തുപറയുന്നു.

C. എസ്രായുടെ ഒരു ഭാഗത്തില് കാണുന്നത് പുരാതന കാലത്തെ യെഹൂദാ എഴുത്തുകാരന്റെ ജീവിതം എസ്രയുമായി ബന്ധപ്പെട്ടിരിക്കുന്നു (7-10 അദ്ധ്യായങ്ങള്). ആദ്യ വ്യക്തി എന്ന് എഴുതപ്പെട്ടിരിക്കുന്ന, 7:2728; 8:1-34; 9:1ff. എസ്രാ സാദോക്ക് വംശത്തിന്റെ പുരോഹിതനുമായിരുന്നു. Artaxerxes I ന്റെ പേര്ഷ്യന് രാജസദസ്സിലെ യെഹൂദാപുരോഹിതനുമായിരുന്നു (465-424 B.C.).

D. എസ്രാ/നെഹമ്യാവും ദിനവൃത്താന്തങ്ങളും തമ്മില് വളരെയധികം സാമ്യമുണ്ട്.
   1. 2 ദിനവൃത്താന്തം 36:22-23 മിക്കവാറും എസ്രാ 1:1-4 മായ എബ്രായറില് സാമ്യമുണ്ട്.
   2. ദൈവശാസ്ത്രപരമായി രണ്ടുപേര്ക്കും ഒരേ കാഴ്ചപ്പാടുകളാണ്.
      a. ആരാധനാലയത്തെയും പൗരോഹിത്യത്തെയും ലക്ഷ്യമാക്കുന്നു (പ്രത്യേകിച്ച് ലേവ്യര്)
      b. വംശപാരമ്പര്യമായും കണക്ക് സംബന്ധമായും ഉപയോഗിക്കുന്നു.
   3. അവരുടെ പദസമ്പത്തും സാഹിത്യശൈലിയും തുല്യമാണ്.
   4. പഴയ എബ്രായഭാഷയാണ് രണ്ടുപേരും ഉപയോഗിച്ചത്.
   5. എന്നിരുന്നാലും ഇത് കുറിച്ചിടപ്പെട്ട വ്യത്യസ്തതകള് ഉണ്ട് എന്ന് ഉറപ്പിച്ചു പറയുന്നു.
      a. രാജകീയ പേരുകളുടെ ഉദ്ധരണികളില്
      b. I/II ദിനവൃത്താന്തം ദാവീദുമായി ഉടമ്പടി ചെയ്യുന്ന സമയം എസ്രായും നെഹമ്യാവും മോശെ യുമായ ഉടമ്പടി ചെയ്യുന്നു.

E. ഒറിഗണ് (AD 185-253), അലക്സാന്ററിയയിലെ ക്രിസ്ത്യന് പണ്ഡിതന് ആയിരുന്നു ആദ്യമായി ഈപുസ്തകത്തെ എസ്രാ എന്നും നെഹമ്യാവ് എന്നുമാക്കിയത്. ലാറ്റിന് വള്ഗേറ്റില് ജെറോമും അതു പോലെ ചെയ്തു.

F. ആദ്യത്തെ എബ്രായ കയ്യെഴുത്തു പ്രതി AD 1448-ല് വിഭാഗിച്ചു. 22 എബ്രായ അക്ഷരമാലയുമായി യോജിക്കുന്ന രീതിയില് 22 പുസ്തകങ്ങള് പഴയനിയമത്തിലുണ്ടാക്കി.

G. എഴുത്തുകാരന്/ഉറവിടങ്ങള് ഉപയോഗിച്ചു
   1. പേര്ഷ്യന് രേഖകള്
   2. യെഹൂദ എഴുത്തുകള്
      a. ബാബിലോണിലെ യഹോവയുടെ ആലയത്തില് നിന്നുള്ള പാത്രങ്ങളുടെ എണ്ണം, 1:9-11; 7:19-20
      b. പ്രവാസത്തില് നിന്നുള്ള മടങ്ങിവരവിന്റെ എണ്ണം, 2:1-70; 8:1-20
      c. എസ്രായുടെ വംശപരമ്പര, 7:1-5
      d. മിശ്രവിവാഹത്തില് ഉള്പ്പെട്ടവരുടെ എണ്ണം, 10:18-43

## V. എഴുതിയ കാലം

A. സാദോക്കിന്റെ വംശത്തിലെ പുരോഹിതനായിരുന്നു എസ്രാ (7:2). Artaxerxes I -ന്റെ ഭരണകാലത്തെ യെഹൂദാ പുരോഹിതനായിരുന്നു (465-424 B.C.).
   1. B.C. 458, Artaxerxes I -മന്റെ 7-ാം വര്ഷത്തെ ഭരണകാലത്ത് എസ്രാ യെരൂശലേമില് വന്നു, മൂന്നാമത്തെ യെഹൂദന്മാരുടെ പ്രവാസത്തില് നിന്നുള്ള മടങ്ങിവരവില്.
   2. 445 B.C., Artaxerxes I -മന്റെ 20-ാം വര്ഷത്തെ ഭരണകാലത്ത് പേര്ഷ്യന് ഗവര്ണറായി നെഹമ്യാവ് യെരൂശലേമില് വന്നു.

B. എസ്രാ/നെഹമ്യാവിന്റെ വംശപാരമ്പര്യമാണ് കാണുന്നത്. 5-ാം നൂറ്റാണ്ട് B.C.യുടെ അവസാനം എഴുത്തുകാരന് ചേര്ത്തിട്ടുണ്ട്.
   1. സെരുബാബേലിന് ശേഷമുള്ള 4 തലമുറയുടെ ലിസ്റ്റ് 1 ദിനവൃത്താന്തം 3:15-24 ല് കാണുന്നു. ആറാം തലമുറയല്ല.
   2. നെഹമ്യാവിന്റെ ജാദുവാ എന്നു കരുതുന്നു, 12:10-11
      a. മഹാനായ അലക്സാണ്ടറിന്റെ കാലത്ത് ജോസീഫസ് നല്കിയ ജാദുവാ അല്ല (336-323 B.C.)
      b. ഒരു രചയിതാവിനാലാണ് ഈ വംശപാരമ്പര്യത്തെ ചേര്ത്തത്, അറിവ് പുനഃക്രമീകരിച്ചു, യഥാര്ത്ഥമായി എഴുതപ്പെട്ടു.
      c. നെഹമ്യാവിന്റെ കാലത്തില് അദ്ദേഹം വളരെ ചെറുപ്പവും അലക്സാണ്ടറിന്റെ കാലത്തില് വളരെ പ്രായാധിക്യവുമായിരുന്നു.

C. ഈ ചരിത്രങ്ങളുമായി ബന്ധപ്പെട്ടത് എഴുത്തുകാരന് ഉപയോഗപ്പെടുത്തി.
   1. 440 B.C. എസ്രയ്ക്കുവേണ്ടി
   2. 430 B.C. നെഹമ്യാവിനുവേണ്ടി
   3. 400 B.C. ദിനവൃത്താന്തങ്ങള്ക്കുവേണ്ടി

## VI. ഉറവിടങ്ങളും അതിന്റെ ചരിത്രപരമായ തയ്യാറെടുപ്പും

A. എസ്രായിലുള്ള രേഖകളുടെ രൂപവും പേര്ഷ്യന് കാലഘട്ടത്തിലെ ഓഫീസ് പരമായ രേഖകളുടെ ഘടനയും രീതിയും പിന്തുടര്ന്നു.
   1. സൈറസിന്റെ ആജ്ഞ (എബ്രായ തര്ജ്ജമ), 1:2-4 (യെരൂശലേമിലേയ്ക്കുള്ള, ആലയത്തിലേയ്ക്കുള്ള മടങ്ങിവരവ്)
   2. Artaxerxes I -മനോട് രഹൂമിന്റെ നിയമപരമായ ആജ്ഞ, 4:7-16 (യെരൂശസലേം മതിലുകളെ ക്കുറിച്ച്)
   3. Artaxerxes I -മന്റെ പ്രതികരണം, 4:17-22
   4. ദാരിയസിനോട് റ്റാറ്റേനായിയുടെ നിയമപരമായ ആജ്ഞ ചെലുത്തല്, 5:6-17
   5. ദാരിയസ് ഒന്നാമന്റെ പ്രതികരണം (ആലയത്തെക്കുറിച്ച്)
      a. സൈറസിന്റെ ആജ്ഞ, 6:2-5
      b. റ്റാറ്റെനായിയോട് ദാരിയസിന്റെ വ്യക്തിപരമായ പ്രതികരണം, 6:6-12,13
   6. അര്ത്ഥഹ്ശഷ്ടാ രാജാവ് എസ്രായ്ക്കു നല്കിയ കല്പന, എല്പാ, 7:11-26

B. എലഫെന്റൈന് ചുരുളുകളില് സന്ബെല്ലത്തിനെപ്പറ്റി പരാമര്ശിക്കുന്നതിനാല് എസ്രാ/നെഹമ്യാവിന്റെ ചരിത്രം ഉറപ്പാക്കുന്നു (നെഹ. 2:10,19;4:1). ഇത് അരാമ്യ ഭാഷയുടെ ശൈലിയും സ്ഥിരീകരിക്കുന്നു.

C. വിവിധതരത്തിലുള്ള വെള്ളിപാത്രങ്ങള് സുക്കോത്തില് നിന്നും കണ്ടെടുത്തതില് "ഗേഷേമിന്റെ പുത്രന് കയ്നുനോട്" എന്ന രേഖ ആലേഖനം ചെയ്തിരിക്കുന്നു. ഇത് കേദാര് രാജഭരണം ആരുടേതായിരുന്നുവെന്ന് എസ്രാ/നെഹമ്യാവ് പറയുന്നതുപോലെയാകയാല് ചരിത്ര പശ്ചാത്തലം സ്ഥിരീകരിക്കുന്നു.

## VII. സാഹിത്യ ഏകകം (പശ്ചാത്തലം)

A. യെരൂശലേമിലേയ്ക്കുള്ള നേരത്തെയുള്ള മടങ്ങിവരവ് 1:1-2:70.
   1. സൈറസിന്റെ ഭരണകാലത്ത് (550-530 B.C.) ഷേഷ്ബാസ്സര് ഗവര്ണറായി നിയമിക്കപ്പെട്ടു, 5:14, യെഹൂദയിലെ ഒരു രാജകുമാരനായിരുന്നു 1:8, ജഹോയാക്കീമിന്റെ മകന് ആലയത്തിന്റെ സമ്പത്തുമായി ജരൂശലേമിലേക്ക് മടങ്ങിവന്നു 1:1-11. ആലയത്തിന് അടിസ്ഥാനമിട്ടു പക്ഷെ പൂര്ത്തീകരിക്കാന് കഴിഞ്ഞില്ല, 5:13-17.
   2. സൈറസിന്റെയും ദാരിയസ് ഒന്നാമന്റെ രാജവാഴ്ചയില് (4:5, 522-480 B.C.) ദാവീദിന്റെ വംശപരമ്പരയിലെ സെരുബാബേല് ഗവര്ണറായി നിയമിക്കപ്പെട്ടു. അവസാനത്തെ പുരോഹിതന്റെ വംശപരയായ യോശുവയുമായി അവന് തിരികെ വന്നു. ജരൂശലേമിലേക്ക്, 2:1-70.

B. സെരുബാബേലും യോശുവായും യെറൂശലേമില് യഹോവയ്ക്കായി മോശെയുടെ ആരാധന പുനഃസ്ഥാപിക്കുവാനിടയായി, 3:1-6:22
   1. ആഘോഷങ്ങളും യാഗങ്ങളും ആരംഭിച്ചു, 3:1-13
   2. കെട്ടിട നിര്മ്മാണ സംബന്ധമായി അവസാനം രാഷ്ട്രീയ പ്രശ്നങ്ങള് ഉണ്ടായി, 4:1-24
      a. ആലയം, 1-5, 24
      b. ജരൂശലേമിന്റെ മതിലുകള്, 6-23
   3. പ്രവാചകന്മാര് പുനര്നിര്മ്മാണത്തെ പ്രോത്സാഹിപ്പിച്ചു എന്നാല് പേര്ഷ്യന് അനുവാദത്തിനായി കാത്തിരിക്കണമായിരുന്നു.
   4. സൈറസിന്റെ ആജ്ഞ കണ്ടെടുത്തത് ആലയം പുനര്നിര്മ്മിക്കാനുള്ള അനുവാദം ലഭിക്കുന്നതിന്, 6:1-22

C. യെഹൂദാ പുരോഹിതനായ എസ്രാ കീഴില് മൂന്നാമത്തെ മടങ്ങിവരവ്, 7:1-10:44
   1. എസ്രായുടെ വംശപാരമ്പര്യവും ജരൂശലേമിലേക്കുള്ള മടക്കവും, 7:1-10
   2. അര്ട്ടമേഃല്യഃലെ ഒന്നാമന്റെ കത്ത് എസ്രായ്ക്ക്, 7:11-26. നന്ദി അറിയിച്ചുകൊണ്ടുള്ള അവന്റെ പ്രാര്ത്ഥന, 7:27-28
   3. മടക്കയാത്ര, 8:1-36
   4. മിശ്രവിവാഹങ്ങളിലെ പ്രശ്നം, 9:1-10:44

## VIII. പ്രധാന സത്യങ്ങള്:

A. എസ്രാ നെഹമ്യാവ് പ്രവാസത്തിന് ശേഷമുള്ള ചരിത്രം തുടരുന്നു, പേര്ഷ്യന് കാലഘട്ടം 2 ദിനവൃത്താന്തത്തില് അവസാനിക്കുന്നു.

B. ഇത് കാണിക്കുന്നത് പ്രവാസത്തില് നിന്നുള്ള മടങ്ങിവരവിന്റെ വിലയെയാണ്. കാലാവധിയെയാണ്.
   1. വികസിച്ച ആദിമവാസി വംശപാരമ്പര്യം
   2. വികസിച്ച ലേവ്യരുടെ വിഭാഗങ്ങള്
   3. അയല്രാജ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോള് മടങ്ങിവന്നവരില് മതപരഉള്പ്പെടുത്തല് ദര്ശിക്കാം.

C. യാക്കോബിന്റെ പിന്ഗാമികളുമായി ദൈവം ഉടമ്പടി പുനഃസ്ഥാപിച്ചു.

D. ഇത് കാണിക്കുന്നത് പ്രാദേശിക സിനഗോഗുകളും പുരോഹിതന്മാരോടും ലക്ഷയ്മാക്കിക്കൊണ്ട് പുതിയ ആരാധന ക്രമീകരണം വളര്ത്തണം എന്നുള്ളതാണ്.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും:
   1. "യിരെമ്യാ മുഖാന്തിരം ഉണ്ടായ യഹോവയുടെ അരുളപ്പാട് നിവൃത്തിയാകേണ്ടത്" 1:1 (NIV, പറയപ്പെട്ടത്)
   2. സ്വര്ഗ്ഗത്തിലെ ദൈവം, 1:2 (NASB & NIV)
   3. "ദൈവം ഉണര്ത്തിയ ഏവനും, 1:5 (NIV, ദൈവം ഉണര്ത്തിയ ഏവനും)
   4. "യഹോവയുടെ ആലയത്തിലെ ഉപകരണങ്ങള്" 1:7 ( NIV, ആലയവുമായി ബന്ധപ്പെട്ട)
   5. "ഊറീമും തുമ്മീമും", 2:63 (NASB & NIV)
   6. "നദിയ്ക്കും അപ്പുറത്തുള്ള അവകാശം" 4:16 (NIV, TransEuphrates)
   7. "മുഴം", 6:3 (NIV, അടി)
   8. മോശെയുടെ പുസ്തകം, 6:18 (NASB & NIV)
   9. ശാസ്ത്രി 7:6 (NIV, അദ്ധ്യാപകന്)
   10. നെതിനിം, 7:24 (NIV, ദേവാലയദാസന്മാര്)

B. വ്യക്തികളെ ചുരുക്കി തിരിച്ചറിയുക
   1. സൈറസ്, 1:1
   2. മിത്രെദാത്ത്, 1:8; 4:17
   3. ശേശ്ബസ്സര്, 1:8,11; 5:14
   4. സെരൂബാബേല്, 2:2
   5. യേശുവ, 2:2
   6. അഹശ്വേരോശ്, 4:6 (NIV, സെര്സെസ്)
   7. അസ്നപ്പാര്, 4:10 (അശൂര്ബാനിപാല്, NIV)

## X. ഭൂപടം പ്രദേശം (സംഖ്യയാല്)

1. യൂഫ്രട്ടീസ് നദി
2. യെരൂശലേം
3. ശമര്യ
4. അഹ്മെഥാ, 6:2

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യം:

1. എങ്ങനെയാണ് ശെശ്ബസ്സറും സെരൂബാബേലും ബന്ധം?

2. 3:6 ഉം 5:16 വൈരുദ്ധ്യം പറയുക.


3. എസ്രാ 2-ലെ കാര്യങ്ങള് നെഹമ്യാവ് 7-ല് വീണ്ടും പ്രത്യക്ഷപ്പെട്ടത് എന്തുകൊണ്ട്?


4. "യാഹെവ" എന്നതിന് പ്രവാസ ശേഷമുള്ള പുസ്തകങ്ങളില് പേര്ഷ്യന് രീതിയില് ദൈവീകതയെ വിശേഷിപ്പിക്കുന്നതിന്റെ സ്വഭാവങ്ങള് എന്തെല്ലാം?

5. ഹഗ്ഗായിയും സെഖര്യാവ് പ്രവാചകന്മാര് എന്താണ് ചെയ്തത്? 5:1 -ല് പറഞ്ഞിരിക്കുന്നതുപോലെ,ജനത്തെ പ്രവര്ത്തിക്കുവാന് പ്രോത്സാഹിപ്പിച്ചോ?

6. എന്തുകൊണ്ടായിരുന്നു സൈറസിന്റെ ആജ്ഞ യെഹൂദന്മാര്ക്ക് പ്രാധാന്യമുള്ളതായത്?

7. എന്തായിരുന്നു "മിശ്രവിവാഹങ്ങള്"? എസ്രായും നെഹമ്യാവും അതിന് അവര് പ്രാധാന്യം കൊടുത്തത് എന്തിനായിരുന്നു?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# നെഹമ്യാവ് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. എസ്രായുടെയും നെഹമ്യാവിന്റെയും പുസ്തകങ്ങള് എസ്രാ നാമധേയത്തില് ഒന്നായിട്ടാണ് കയ്യെഴുത്തു പ്രതിയില് ചേര്ത്തിരിക്കുന്നത്. നെഹമ്യാവിന്റെ പുസ്തകത്തിന്റെ ഉപസംഹാര ഭാഗത്താണ് സമാപന സൂചിക കയ്യെഴുത്തു പ്രതിയിലുള്ളത്.

B. ഈ പുസ്തകങ്ങളുടെ വിവിധ നാമങ്ങളുടെ ചര്ച്ച LXXലും Vulgateലും കാണാം. (എസ്രാ: ആമുഖം, 1)

C. "യഹോവ ആശ്വാസകന്" എന്നാണ് നെഹമ്യാവ് എന്നതിന് അര്ത്ഥം.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോനിലെ "എഴുത്തുകള്" എന്ന മൂന്നാം ഭാഗത്താകുന്നു - എസ്രാ-നെഹമ്യാവ് ഉള്ക്കൊള്ളുന്നത്.

B. ദിനവൃത്താന്തങ്ങളിലെ ചരിത്രങ്ങള്ക്കും ക്രമത്തിനും ശേഷമുള്ളതാണ് ഇതിന്റെ ഉള്ളടക്കമെങ്കിലും, പുസ്തക നിരയില് നെഹമ്യാവിന്റെ സ്ഥാനം ദിനവൃത്താന്തങ്ങള്ക്കു മുമ്പാണ് കയ്യെഴുത്തു പ്രതിയില് എന്നത് അതിശയമുളവാക്കുന്നു. ചിലര് ഇപ്രകാരം ഇക്കാര്യം വിശദമാക്കുന്നു.
   1. ആദമിനും കൈസരിനും ഇടയിലുള്ള ചരിത്രവിവരണമാണ് ദിനവൃത്താന്തങ്ങളില്.
   2. എസ്രായും നെഹമ്യാവും കാനോകമായി ആദ്യം തന്നെ അംഗീകരിച്ചു.
   3. അനുകൂലാത്മകമായി"എഴുത്തുകളുടെ"ഭാഗംഉപസംഹരിക്കുന്നതിന് യെഹൂദന്മാര് ദിനവൃത്താന്തങ്ങള് അവസാന ഭാഗത്തു ചേര്ത്തു (ദ്രാര്യാവേശിന്റെ കല്പന).
   4. എബ്രായ കനോന്റെ "എഴുത്തുകള്" എന്ന ഭാഗത്തിന്റെ രൂപീകരണ മാനദണ്ഡവും യുക്തിയും പലര്ക്കും അജ്ഞമാണ്.

C. AD 1448-ലായിരുന്നു എബ്രായ കയ്യെഴുത്തു പ്രതിയുടെ പ്രഥമ പുസ്തകപ്പതിപ്പ്.

D. എന്നിരുന്നാലും ആന്തരിക തെളിവുകള് പ്രകാരം ഇവ രണ്ടും രണ്ട് വ്യത്യസ്ത പുസ്തകങ്ങളാണ് എന്ന വസ്തുത യഥാര്ത്ഥമാണ്.
   1. എസ്രാ 2-ലെ വംശാവലി നെഹമ്യാവ് 7:6-70 ല് ആവര്ത്തിച്ചിട്ടുണ്ട്. ചില നാമങ്ങളുടെ ഉച്ചാരണത്തിന് വ്യത്യാസമുണ്ട്.
   2. എസ്രാ 7:27-28; 8:1-34; 9:1 ല് നെഹമ്യാവില് കാണുന്നതുപോലെ "ഞാന്" എന്ന ഭാഗങ്ങള് ഉള്ളടങ്ങിയിരിക്കുന്നു.

E. ഇവ രണ്ടും ഒന്നിപ്പിച്ചതിന്റെ കാരണങ്ങള് എന്തെല്ലാം?
   1. ഈ രണ്ടു പുസ്തകങ്ങളിലുമുള്ള ചരിത്രം ഒന്നാണ്.
   2. എബ്രായ അക്ഷരങ്ങളുടെ എണ്ണത്തിന് ആനുപാതികമായി പുസ്തകങ്ങളുടെ എണ്ണവും ചിട്ടപ്പെടുത്തുന്നതിനാണ് താഴെ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകങ്ങള് എല്ലാം ഒരുമിച്ചു ചേര്ത്തിരിക്കുന്നത്:
      a. ന്യായാധിപന്മാര്-രൂത്ത്
      b. ശമുവേല്
      c. രാജാക്കന്മാര്
      d. ദിനവൃത്താന്തങ്ങള്
      e. എസ്രാ-നെഹമ്യാവ്
      f. യിരെമ്യാവ്-വിലാപങ്ങള്
      g. 12 ചെറിയ പ്രവാചക പുസ്തകങ്ങള്
   3. എസ്രായുടെ ശുശ്റൂഷ - എസ്രാ 7-10 ല് ആരംഭിക്കുന്നത് നെഹമ്യാവ് 8-10 ല് തുടരുന്നു.

F. 1448 -ലായിരുന്നു കയ്യെഴുത്തു പ്രതിയുടെ പ്രഥമ എബ്രായ പുസ്തക പതിപ്പ് വിഭജിച്ചത്.

G. അന്ത്യോക്യയിലെ വ്യംഖ്യാസ സ്കൂളിലെ നേതാവായ മെസപ്പെട്ടോമ്യക്കാരന് തിയോഡറും, മുന്കാല സിറിയന് കനോനും തങ്ങളുടെ ദൈവവിശ്വാസീയ പുസ്തക സമാഹാരത്തില് നിന്നും ദിനവൃത്താന്തങ്ങള്, എസ്രാ, നെഹമ്യാവ് എന്നിവ ഒഴിവാക്കിയിട്ടുണ്ട്.

## III.സാഹിത്യ ശൈലി

A. എസ്രാ, നെഹമ്യാവ്, ദിനവൃത്താന്തങ്ങളുടെ സമാനതകള് കാണുക (എസ്രാ IV,D)

B. എസ്രാ, IV, G, രേഖകള് കാണുക

## IV. എഴുത്തുകാരന്

A. ബാബ-ബത്രാ 15മ പ്രകാരം എസ്രാ-നെഹമ്യാവ് എഴുതിയത് എസ്രാ ആകുന്നു.

B. ഈ പുസ്തകങ്ങള് എഴുതുവാന് നെഹമ്യാവ് സഹായിച്ചു എന്ന് ഗെമേറ പറയുന്നു.

## V. എഴുതിയ കാലഘട്ടം

A. B.C.4-ല് ആണ് എസ്രാ-നെഹമ്യാവ് എഴുതിയത് എന്ന് 19-ഉം 20-ഉം നൂറ്റാണ്ടുകളിലെ വേദപണ്ഡിതന്മാര് വിശ്വസിച്ചിരുന്നു. കാരണങ്ങള്:
   1. യോശുവയുടെ സന്തതിയിലുള്ള യദ്ദുവ എന്ന മഹാപുരോഹിതന് സെരുബ്ബാബേലിനൊപ്പം ദാര്യാവേശിന്റെ നേതൃത്വത്തില് യാത്ര ചെയ്തു. ഇത് നെഹമ്യാവ് 12:10-11, 22-ല് രേഖപ്പെടുത്തിയിട്ടുണ്ട്.
   2. അലക്സാണ്ടറിന്റെ കാലത്ത് 333-332 ബി.സി. യി പാലസ്തീ ആക്രമണം നടന്നപ്പോള് ഈ ജൂഡൂദ മഹാപുരോഹിതനായിരുന്നു (351-331 ബി.സി.) എന്ന് ജോസീഫസ് പരാമശിച്ചതായി അവ പറയുന്നു (ഹൈസ്കൂ, XI: 302-7)
   3. 1 ദിനവൃത്താന്തങ്ങള് 3:19-24 ലെ സെരുബ്ബാബേലിന്റെ വംശാവലിയുമായി ബന്ധമുണ്ട്.
   4. എസ്രാ അര്ത്ഥഹ്ശഷ്ടാവ് 11-ാമന്റെ (404-358 B.C.) നെഹമ്യാവ് അര്ത്ഥഹ്ശഷ്ടാവ് ഒന്നാമന്റെയും (B.C. 465-424) കാലഘട്ടത്തിലാണ് മടങ്ങി വന്നതെന്ന് അനേക പണ്ഡിതന്മാര് വിശ്വസിക്കുന്നു.
   5. നെഹമ്യാവ് 12:26,47 ഒരു പില്ക്കാല എഴുത്തുകാരനെ ചൂണ്ടിക്കാണിക്കുന്നു.

B. താഴെ പറയുന്ന കാരണങ്ങളാല്, 20-ാംാം നൂറ്റാണ്ടിലെ യാഥാസ്ഥിതിക വേദപണ്ഡിതന്മാര് നെഹമ്യാവിന്റെ പുസ്തകരചന B.C. 5-ലാണെന്ന് സമര്ത്ഥിച്ചു.
   1. നെഹമ്യാവ് 12:10-11, 22 ലോ യദ്ദുവ, എന്ന വ്യക്തി.
      a. വളരെ യൗവനക്കാരനും ദീര്ഘകാലം ജീവിച്ച വ്യക്തിയുമായിരുന്നു. നെഹമ്യാവില്തന്നെ മഹാപുരോഹിതരുടെ വിവര പട്ടികയില് ചേര്ത്തിട്ടില്ല.
      b. യദ്ദുവ എന്ന വ്യക്തിയുടെ ചെറുമകനാണ് ഈ യദ്ദുവ (cf. the Expositor's Bible Commentary, vol. 4 p. 596-586);
      c. പേര്ഷ്യന് കാലഘട്ടം യോസേഫസ് തെറ്റായി കണക്കാക്കി; കാരണം B.C. നാലിലും അഞ്ചിലും പേര്ഷ്യന് ഭരണാധികാരികളെപ്പറ്റി ആവര്ത്തിച്ചിട്ടുണ്ട്.
         (1). അര്ത്ഥഹ്ശഷ്ടാവ്
         (2). ദാര്യാവേശ്
   2. 1 ദിന. 3:19-24 ലെ സെരുബ്ബാബേലിന്റെ വംശാവലി ഇപ്രകാരമാണ്:
      a. രണ്ട് തലമുറകള് (Young & Harrison)
      b. നാല് തലമുറകള്
   3. നാലാം നൂറ്റാണ്ടില് പാലസ്തീനില് സംഭവിച്ച വലിയ സംഭവങ്ങളുടെ ഒരു ചരിത്ര പരാമര്ശവും ഇല്ല.
      a. അലക്സാണ്ടര് ചക്രവര്ത്തിയുടെ കടന്നുകയറ്റം (333-332 B.C.)
      b. അര്ത്ഥഹ്ശഷ്ടാവിനാല് (III) തകര്ക്കപ്പെട്ട മറുതലിപ്പ് (358-338 B.C.)
   4. യദ്ദുവ അലക്സാണ്ടര് ചക്രവര്ത്തിയുടെ സമകാലികനായാലും, പില്ക്കാലത്തു ലേവ്യരുടെ പേരു വിവരപ്പട്ടിക മറ്റൊരു ഗ്രന്ഥകര്ത്താവിനാല് എഴുതി ചേര്ത്തതായിരിക്കുവാന് സാദ്ധ്യതയുണ്ട്. "നെഹമ്യാവിന്റെ കാലത്ത്" (12:26,47) എന്ന വാക്യഭാഗം ഒരു എഡിറ്ററിന്റെ സ്വാധീനം ചൂണ്ടിക്കാണിക്കുന്നു.
   5. എസ്രായും നെഹമ്യാവും ഒരുമിച്ച് യെരൂശലേമില് ഉണ്ടായിരുന്നു, അവരെ ഒരു ചക്രവര്ത്തിയും വേര്തിരിച്ചതായി പരാമര്ശമില്ല.
      a. ന്യായപ്രമാണ പുസ്തക വായന. നെഹ. 8:9
      b. യെരൂശലേം ദേവാലയ പ്രതിഷ്ഠ. നെഹ. 12:26,36

## VI. ചരിത്ര പശ്ചാത്തലം ദൃഢീകരിക്കുന്ന തെളിവുകള്:

A. 408 B.C.യിലെ എലിഫാന്ററന് ചുരുളുകളില് എസ്രാ-നെഹമ്യാവ് പുസ്തകത്തിലെ അനവധി പേരുകള് ദൃശ്യമാണ്.
   1. സന്ബല്ലത്ത് - ശമര്യയിലെ ഭരണാധികാരി, നെഹ. 2:10,19; 4:1
   2. യോഹാനാന് - മഹാപുരോഹിതനായിരുന്ന എല്യാശീബിന്റെ ചെറുമകന്, നെഹ. 12:10-11,22,23
   3. ഈ പ്രത്യേക പേരുവിവരങ്ങള് പ്രകാരം എസ്രായും നെഹമ്യാവും അര്ത്ഥഹ്ശഷ്ടാവ് ഒന്നാമന്റെ ഭരണകാലത്തു ജീവിച്ചിരുന്നു എന്ന് സമര്ത്ഥിക്കാം, (464-424 B.C.)

B. ശമര്യാ ചുരുളുകളില് സന്ബല്ലത്തു മുതല് 332 B.C.യില് അലക്സാണ്ടര് ചക്രവര്ത്തി പട്ടണം നശിപ്പിച്ചതു വരെയുള്ള എല്ലാ ശമര്യാ ഭരണാധികാരികളുടെയും നാമവിവരണം ഉണ്ട്. അതുകൂടാതെ, നെഹ മ്യാവ് 13:28 ലെ സംഭവങ്ങള്ക്കു സമാനമായ സംഭവങ്ങള് സന്ബല്ലത്തു മൂന്നാമന്റെ കാലത്തുണ്ടായതു യോസേഫസ് വിവരിക്കുന്നു, ഇവ രണ്ടും രണ്ടു സംഭവങ്ങളാകുന്നു.

## VII. സാഹിത്യ ഏകകം (പശ്ചാത്തലം):

A. യെരൂശലേം മതില് നെഹമ്യാവ് പുതുക്കി പണിയുന്നു (പട്ടണം ചെറുതാക്കി) 1:1-7:73
   1. സ്വയം പരിചയപ്പെടുത്തുന്ന മുഖവുര, 1:1-2:20;
   2. മതില് 52 ദിവസങ്ങള്കൊണ്ട് പുതുക്കിപ്പണിതു, 3:1-6:19;
   3. പട്ടണത്തിന്റെ അധികാരിയായി നെഹമ്യാവിന്റെ സഹോദരനായ ഹനാനിയെചുമതലപ്പെടുത്തി, 7:1-73

B. എസ്രായുടെ നേതൃത്വത്തില് ആത്മീക നവോത്ഥാനം (എസ്രാ 7-10 ന്റെ തുടര്ച്ച) 8:1-10:39
   1. എസ്രാ ന്യായപ്രമാണം വായിക്കുന്നു, ജനം പ്രതികരിക്കുന്നു. 8:1-9:4
   2. യെഹൂദന്മാര്ക്കുവേണ്ടി യഹോവയുടെ പ്രവര്ത്തികളുടെ ഹ്രസ്വ അവലോകനം, 9:5-31
   3. യഹോവയെ ആരാധിക്കുന്നതിനും ആലയം സംരക്ഷിക്കുന്നതിനും ജനങ്ങള് പ്രതിജ്ഞയെടുത്തു (ഉടമ്പടി പുതുക്കല്), 9:32-10:39

C. നെഹമ്യാവിന്റെ ഭരണ പരിഷ്കരണം , 11-13
   1. നെഹമ്യാവിന്റെ യെരൂശലേമിലേയ്ക്കുള്ള പ്രഥമ മടങ്ങിവരവ്, 11:1-36
      a. യെരൂശലേമിലെ ജനസംഖ്യാ കണക്കെടുപ്പ്, 11:1-36
      b. ലേവ്യരുടെയും പുരോഹിതരുടെയും വിവരങ്ങള്, 12:12-26; 44-47
      c. യെരൂശലേം മതിലിന്റെ പ്രതിഷ്ഠ/സമര്പ്പണം, 12:27-43
   2. യെരൂശലേമിലേയ്ക്കുള്ള നെഹമ്യാവിന്റെ രണ്ടാമത്തെ മടങ്ങിവരവ്, 13:1-31
      a. ഉടമ്പടിയുടെ ലംഘനങ്ങള്, 13:1-5
      b. പരിഷ്കരണം, 13:6-31:
         (1). തോബിയാവിനെ ആലയമുറിയില് നിന്നും പുറത്താക്കുന്നു, 13:4-5; 8-9
         (2). ആലയത്തിലേക്കുള്ള ദശാംശം, 13:10-14
         (3). മിശ്രവിവാഹങ്ങള്, 13:1-3; 23-29
         (4). ആലയത്തിനു വേണ്ട സാമാനങ്ങള്, 13:30-31

## VIII. പ്രധാന സത്യങ്ങള്

A. എസ്രാ പുസ്തകത്തിലെ ചരിത്രം ഇവിടെ തുടരുന്നു. ഈ രണ്ടു പുസ്തകങ്ങളിലും ഉടമ്പടി സമൂ ഹത്തെ വാഗ്ദത്ത ദേശത്തു പുനഃസ്ഥാപിക്കുന്ന വിവരണം നല്കുന്നു.

B. എസ്രാ പുതിയ സമൂഹത്തിന്റെ ആത്മീക ഉടമ്പടി ജീവിതത്തിനു പ്രാധാന്യം നല്കിയപ്പോള് നെഹമ്യാവ്:
   1. പട്ടണത്തിന്റെ സംരക്ഷണ മതിലിനും
   2. പട്ടണത്തിലെ ഭരണ നടത്തിപ്പിനും പ്രാധാന്യം നല്കി.

C. മോശെയാല് നല്കപ്പെട്ട ഉടമ്പടിയുടെ വിശ്വാസ്യതയ്ക്കും ആത്മാര്ത്ഥതയ്ക്കും എസ്രായും നെഹമ്യാവും പ്രാധാന്യം നല്കി. പ്രവാസത്തിനു ശേഷമുള്ള ജനതയും വിഗ്രഹാരാധന ഒഴികെ മറ്റു പാപങ്ങള് ആവര്ത്തിച്ചു.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും:

A. വാക്കുകള്-ഉപവാക്യങ്ങള്:
   1. പാനവാഹകള്, 1:11 (NASB & NIV)
   2. നിസ്സാം, 2:1

3. "അവര് എങ്ങനെ പണിതാലും ഒരു കുറുക്കന് കയറിയാല് അവരുടെ കൻതില് ഉരുണ്ടു വീഴും", 4:3 (NIV)
4. "ഞങ്ങളുടെ പുത്രിമാരില് ചിലര് അടിമപ്പെട്ടു പോയിരിക്കുന്നു", 5:5 (NIV)
5. "ഞാന് എന്റെ മടി കുടഞ്ഞു", 5:13 (NIV)
6. മേഘസ്തംഭം, 9:12 (NASB & NIV)
7. കാഴ്ചയപ്പം, 10:32 (NIV)
8. നിരന്തര ഭോജനയാഗം, 10:32 (NIV)
9. ആദ്യഫലങ്ങള്, 10:35 (NIV)
10. ശേഷം ജനം പത്തുപേരില് ഒരാളെ വിശുദ്ധ നഗരമായ യെരൂശലേമില് പാര്ക്കേണ്ടതിനു.... ചീട്ടിട്ടു, 11:1 (NASB & NIV)
11. മോശെയുടെ പുസ്തകങ്ങള്, 13:1 (NASB & NIV)

B. തിരിച്ചറിയേണ്ട വ്യക്തികള്:
1. ഹനാനി, 1:2
2. അമ്മോന്യനായ തോബീയാവ്, 2:10,19
3. ഹോരോന്യനായ സന്ബല്ലത്ത്, 2:10,19
4. അരാബ്യനായ ഗേശമ്, 2:19
5. ആസാഫ്, 11:17
6. യെദൂഥന്
7. അര്ത്ഥഹ്ശഷ്ടാവ് ക, 13:6


## X. ഭൂപട പ്രദേശങ്ങള്:

1. ശൂശന്, 1:1
2. അസ്തോദ്യര്, 4:7
3. ഓനോ സമഭൂമിയിലെ ഒരു ഗ്രാമം, 6:2

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്:

1. നെഹമ്യാവ് ദുഃഖിതനായതിന്റെ കാരണമെന്ത്?
2. തന്റെ ദുഃഖം വെളിപ്പെടുത്തിയത് എപ്രകാരം?
3. നെഹമ്യാവ് പേര്ഷ്യന് പടയാളികളെ എടുത്തപ്പോള് (2:9) എസ്രാ അപ്രകാരം ചെയ്തില്ല, കാരണം വ്യക്തമാക്കുക.
4. നെഹമ്യാവിന്റെ പ്രാഥമിക കര്ത്തവ്യം എന്തായിരുന്നു?
5. ധനികരായ യെഹൂദന്മാരോടു ദരിദ്രരായ യെഹൂദന്മാര് കോപിച്ചതിന്റെ കാരണമെന്ത്? (Chap. 5)
6. യെഹൂദന്മാര്ക്കായുള്ള ദൈവീക പ്രവര്ത്തികളുടെ ഒരു രൂപരേഖ തയ്യാറാക്കുക. അദ്ധ്യായം 9.
7. 9:17 പ്രകാരം ദൈവത്തിന്റെ സവിശേഷതകള് എന്തെല്ലാം? അവ വിവരിക്കുക.
8. യെരൂശലേമില് ആരും പാര്ക്കാന് തയ്യാറാകാഞ്ഞതിന്റെ കാരണം എന്ത്? (Chap. 11)
9. മിശ്രവിവാഹങ്ങള്ക്കെതിരെ നെഹമ്യാവ് പ്രതികരിച്ചതിന്റെ കാരണം എന്ത്?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# എസ്ഥേര് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പേര്ഷ്യന് രാജ്ഞി ആയതിനു ശേഷമാണ് ഈ പേര് ലഭിച്ചത്.

B. അവളുടെ പേര് എബ്രായഭാഷയില് "ഹദസാ" എന്നാണ്. അതിനര്ത്ഥം "നിത്യഹരിത ചെടി" എന്നാണ്.

C. അവളുടെ പേര് പേര്ഷ്യന് ഭാഷയില് "നക്ഷത്രം" എന്നതാണ്.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോനില് ഉള്പ്പെടുത്തിയപ്പോള് ചില പ്രശ്നങ്ങള് ഈ പുസ്തകത്തിനുണ്ടായിരുന്നു.
1. കാരണം താഴെ പറയുന്ന കാര്യങ്ങള് രേഖപ്പെടുത്തിയിരുന്നില്ല.
   a. ദൈവത്തിന്റെ മറ്റൊരു പേര്
   b. ആലയം
   c. മോശെയുടെ നിയമം
   d. യാഗം
   e. യെരുശലേം
   f. പ്രാര്ത്ഥന
2. 1947 -ല് കണ്ടുപിടിച്ച ചാവുകടല് ചുരുളുകള് കയ്യെഴുത്തു പ്രതികളില് (in whole or part) എസ്ഥേര് ഒഴികെ എല്ലാ പഴയനിയമ പുസ്തകങ്ങളും ഉണ്ട്.
3. രൂത്തിന്റെ പുസ്തകം പോലെ എസ്ഥേറിന്റെ പുസ്തകത്തില് നിന്നുള്ള ഉദ്ധരണികള് പുതിയനിയമത്തില് ഇല്ല.
4. പണ്ഡിതന്മാരുടെ മിത്രമായ വിമര്ശനങ്ങള്/അവലോകനം
   a. യെരുശലേം തല്മൂദ് (മെഗില്ലാ 7a) പറയുന്നത് എബ്രായ കാനോനിലെ "പ്രവാചക" "എഴുത്തുകള്" വിഭാഗങ്ങള് അവസാനിച്ചു എന്നുള്ളതാണ് എന്നാല് തോറായിലും എസ്ഥേറിലും പറയുന്നില്ല. അവ ഒരിക്കലും നശിച്ചുപോകയില്ല എന്ന് ഇ.ജെ. യംഗില് നിന്നും മനസിലാക്കാം.
   b. മധ്യകാലഘട്ടത്തിലെ (AD 1204) യെഹൂദാ വിഖ്യാതാവായ മായിമോണിഡസ് പറഞ്ഞത് ഇത് മോശെയുടെ നിയമത്തില് പ്രാധാന്യമര്ഹിച്ചു.
   c. പ്രൊട്ടസ്റ്റന്റ് പരിഷ്കരണവാദിയായ മാര്ട്ടിന് ലൂദര് പറഞ്ഞത് കാനോനില് നിന്നും പുറന്തള്ളി കളഞ്ഞിരിക്കും എന്തുകൊണ്ടെന്നാല് ഇത് കൂടുതലും യെഹൂദാമതത്തെ കുറിച്ചുള്ളതായിരുന്നു (യാക്കോബു, വെളിപ്പാ ട് പുസ്തകങ്ങളെ കുറിച്ചും ഇങ്ങനെ പറഞ്ഞത്.).
5. AD 70 നു ശേഷം പരീശന്മാരാല് ജാമിനിയയില് വച്ച് വാദപ്രതിവാദം നടത്തിയ പുസ്തകങ്ങളിലൊന്നായിരുന്നു.
6. "സഭാപ്രസംഗി" എഴുത്തുകാരന് വിളിച്ചിരുന്നത് B.C.180 ല് എഴുതപ്പെട്ട "ബന്സീറയുടെ അറിവ്" എന്നാണ്, (എസ്ഥേര് എന്ന വാക്കുപോലും പറഞ്ഞിട്ടില്ല).
7. മോശൈക ഉത്സവമായ പൂരിം (9:28-31) ന്റെ വിശദാംശ വിവരണം യെഹൂദാ കാനോനിലുണ്ട്. 2 മക്കാബിയര് 15:36 ല് പൂരിമിനെ "മോര്ദ്ദെഖായിയുടെ ദിവസം" എന്ന് വിളിച്ചിരിക്കുന്നു.

B. എസ്ഥേറിന്റെ പുസ്തകം "മെഗിലോത്ത്" എന്നറിയപ്പെടുന്ന പ്രത്യേക ലിസ്റ്റിലുള്ള അഞ്ച് ചുരുളുകളിലെ ഒരു ഭാഗമാണ്. ഈ അഞ്ച് ചെറുപുസ്തകങ്ങള്: രൂത്ത്, സഭാപ്രസംഗി, ഉത്തമഗീതങ്ങള്, വിലാപങ്ങള്, എസ്ഥേര് എന്നിവ എബ്രായ കാനോന് എഴുത്ത് വിഭാഗത്തിന്റെ ഭാഗമാണ്. ഇവയെല്ലാം വാര്ഷിക ആഘോഷ ദിവസങ്ങളില് വായിക്കാറുണ്ട്.

C. എസ്ഥേറിന്റെ പുസ്തകം മോശൈക പുസ്തകങ്ങള്ക്കും സെപ്റ്റുവജന്റിനും ഇടയ്ക്ക് വലിയ വ്യത്യസ്തത ഉണ്ട്. LXX വളരെ ദൈര്ഘ്യമുള്ളതാണ്. മോര്ദ്ദെഖായിയുടെയും എസ്ഥേറിന്റെയും പ്രാര്ത്ഥനയില് ഉള്പ്പെടുത്തിയിരിക്കുന്നു (ഇവ യെഹൂദാ കാനോനില്). യെഹൂദാ കാനോനില് ഈ പുസ്തകം അംഗീകരിക്കുന്നതിനായിരിക്കണം ഇതു ചേര്ത്തിട്ടുള്ളത്.

D. "ഹിപ്പോ" (AD 393) യുടെയും കാര്ത്തേജി (AD 397) ന്റെയും സഭാ കൗണ്സില് ക്രിസ്ത്യന് വേദപുസ്തകത്തില് എസ്ഥേറിന്റെ സ്ഥാനം ഉറപ്പിക്കുന്നു.

## III. സാഹിത്യ ശൈലി

A. ഇത് ചരിത്ര വിവരണമാണ് (വാക്യം 10:2, പേർഷ്യ കോടതി രേഖകളി മൊർദെക്കായിയുടെ ചരിത്രം വായനക്കാർ വായിക്കുവാന് പ്രോത്സാഹിപ്പി ക്കുന്നു.)

B. ചിലര് പറയുന്നത് ചരിത്രപരമായ കെട്ടുകഥ (നോവല്) ആത്മീയ സത്യത്തെ വെളിപ്പെടുത്തുന്നു.
1. വിരോധാഭാസത്തിന്റെ ഉപയോഗം
2. Careful plot (ശ്രദ്ധയോടുകൂടിയുള്ള ഗൂഢാലോചന)
3. ചരിത്രത്തില് നിന്നും പ്രധാന കഥാപാത്രങ്ങളെ അറിയാന് കഴിയുന്നില്ല.

## IV. എഴുത്തുകാരന്

A. പേരറിയാത്ത പുസ്തകത്തിന്റെ എഴുത്തുകാരനെക്കുറിച്ച് വിവിധ സിദ്ധാന്തങ്ങള് ഉണ്ടായിട്ടുണ്ട്.
1. റബ്ബി അസറിയാസ് പറയുന്നത് B.C. ആറാം നൂറ്റാണ്ടിന്റെ അവസാനത്തില് ദാരിയസ് I ന്റെ (ദാര്യാവേശ്) ഭരണകാലഘട്ടത്ത് മഹാപുരോഹിതനായ യഹോയാക്കീം എഴുതി എന്നാണ്.
2. തല്മൂദ്, ബാബാ ബന്ദ്ര 15a പറയുന്നത് എസ്ഥേറിന്റെ ഭാഗം മഹത്തായ സിനഗോഗിലെ ആള് ക്കാള് എഴുതി എന്ന്. എസ്രാ മുഖാന്തരം തുടങ്ങിയ യെരുശലേമിലെ ഒരുകൂട്ടം നേതാക്കന്മാര് എഴുതി എന്നും ഈ ഗ്രൂപ്പ് പിന്നീട് "സെന്ഹെന്ദ്രീം" എന്നായി തീര്ന്നു. എന്നിരുന്നാലും "എഴുതി" എന്ന പദത്തിന്റെ അര്ത്ഥം "രചിച്ചു", "സമാഹരിച്ചു" "ശേഖരിച്ചു" എന്നൊക്കെയാണ്.
3. ഇബന് എസ്രാ, അലക്സാണ്ട്രയിലെ ക്ലമന്റ്, ജോസീഫസ് (ആന്റിക്യുറ്റീസ് 11:6:1) എന്നിവര് പറയുന്നത് മോര്ദ്ദെഖായി എഴുതി എന്നാണ്. എന്നാല് എസ്ഥേര് 10:3 ല് കാണുന്നതുമായി വൈരുദ്ധ്യം ഇതുമായി ഉണ്ട് (അല്ലാത്തപക്ഷം ഇത് പിന്നീടുള്ള രചനയില് ചേര്ത്തതായിരിക്കാം).
4. ഇസിഡോറും അഗസ്റ്റിനും പറയുന്നത് എസ്രാ എഴുതി എന്ന്.

B. ഇത് എന്താണെന്ന് ആര്ക്കും വ്യക്തമായി അറിയത്തില്ല. പേർഷ്യയിലെ പ്രവാസത്തി ഇരുന്ന ഒരു യഹൂദനാന്ന് പേർഷ്യ കോടതിയോട് പരിചയമുള്ളവനായിരുന്നത് എന്ന കാര്യം വ്യക്തമാണ്.

C. ഈ അറിയപ്പെടാത്ത എഴുത്തുകാരന് ഉറവിടങ്ങള് ഉപയോഗിക്കുന്നു.
1. മോര്ദ്ദെഖായിയുടെ ഓര്മ്മകള്, 9:20
2. പേര്ഷ്യന് ചരിത്രപരമായ രേഖകള്, 2:23; 3:14; 4:8; 6:1; 8:13; 10:2;
3. വായ്മൊഴി പാരമ്പര്യ സാധ്യത, പ്രധാനമായി ഈ പ്രവിശ്യകളില് എന്തു സംഭവിച്ചു എന്നത്.
4. "പുസ്തകം" 9:32 ല് പറഞ്ഞിരിക്കുന്നത് വ്യക്തമല്ല.

## V. എഴുതിയ കാലം:

A. ഈ പുസ്തകം അഹസരസ് എന്നറിയപ്പെടുന്ന ഒരു പേര്ഷ്യന് രാജാവിനെക്കുറിച്ച് പറയുന്നു. പേര്ഷ്യന് ഭാഷയില് "ശക്തനായ മനുഷ്യന്" എന്നാണര്ത്ഥം. പണ്ഡിതന്മാര് സമ്മതിക്കുന്നത് ചരിത്രത്തില് അറിയപ്പെടുന്ന സെര്ക്സെസ് ഒന്നാമന് (486-465 B.C.)

B. LXX ലും യോസേഫശും "അര്ത്ഥഹ്ശഷസര്" എന്ന് വിളിക്കുന്നത് സെര്ക്സെസിന്റെ പിന്ഗാമിയായ അര്ത്ഥഹ്ശഷസര് ഒന്നാമനെയാണ് (465-424 B.C.).

C. എസ്ഥേര്, ഒന്നാം അദ്ധ്യായം പറയുന്നത് ഗ്രീസിനെ പിടിച്ചടക്കാനുള്ള പേര്ഷ്യയുടെ പദ്ധതി പ്രതിഫലിക്കുന്നു. ഹെറോഡോട്ടസ് എന്ന ചരിത്രകാരനില് നിന്നും നമുക്ക് അറിയാം (2:8). അത് പേര്ഷ്യ ഗ്രീസി നെ കീഴടക്കുകയും 480 B.C.യില് തുരത്തി ഓടിക്കുകയും ചെയ്തു. അദ്ദേഹം പറയുന്നത്, ആ പേര്ഷ്യന് രാജാവ് വീട്ടിലേക്ക് മടങ്ങി വരികയും അന്തഃപുരത്തില് കൂടുതല് സമയം ചെലവഴിക്കുകയും ചെയ്തു.

D. വേദപുസ്തക ചരിത്ര ക്രമപ്രകാരം ഈ പുസ്തകത്തിന്റെ സ്ഥാനം എസ്രാ 6 നും 7 നും ഇടയിലാണ്. ഈ ഭാഗത്ത് 57 വര്ഷങ്ങളുടെ വിടവുണ്ട്. എസ്രാ എന്ന വ്യക്തിയെപ്പറ്റി ഏഴാം അദ്ധ്യായത്തില് പരാമര്ശമില്ല.

E. എസ്ഥേര് 10:1-3 സൂചിപ്പിക്കുന്നത് സെര്ക്സെസ് ഒന്നാമന്റെ മരണ ശേഷമുള്ള സമയം. 465 B.C.യില് അദ്ദേഹം കൊലചെയ്യപ്പെടുകയുണ്ടായി.

F. B.C. അഞ്ചാം നൂറ്റാണ്ടിന്റെ അവസാന കാലത്തു അംഗീകരിക്കാവുന്നത്:
1. എസ്ഥേറിലെ എബ്രായ രൂപം ദിനവൃത്താന്തങ്ങള്, എസ്രാ, നെഹമ്യാവ് എന്നിവ പോലെയാണ്.
2. പേർഷ്യ വായ്പാ വാക്കുകളുടെ സാന്നിധ്യം

3. പേര്ഷ്യന് ആചാരങ്ങളുടെയും കോടതി ജീവിതത്തിന്റെയും എഴുത്തുകാരന്റെ അറിവ് - ഒരു ഉദാഹരണം ആയിരിക്കും 1:6-8,10

## VI. ചരിത്രപരമായ പശ്ചാതലത്തെ സ്ഥിരീകരിക്കുന്ന ഉറവിടങ്ങള്:

A. നിപ്പൂരില് നിന്നുള്ള ക്യൂണിഫോം കല്പലക എഴുതപ്പെട്ടത് അഹശ്വേരോശ് ഒന്നാമന്റെ ഭരണ കാലഘട്ടത്തിലാണ് (465-424 B.C.). B.C. 538 ല് സൈറസ് രണ്ടാമന്റെ അനുവാദത്തോടെ മടങ്ങി വന്നതിനു ശേഷം മെസൊപൊട്ടോമ്യയില് വലിയ യെഹൂദാ ജനസമൂഹത്തിന്റെ സാന്നിദ്ധ്യം ഉറപ്പിച്ചു.

B. ഹെറോഡോട്ടസിന്റെ ചരിത്രം:
1. സെര്ക്സെസ് ഒന്നാമനെ കുറിച്ചുള്ള ഹെറോഡോട്ടസിന്റെ ചരിത്രം എസ്ഥേറിന്റെ കഥയുമായി യോജിച്ചതായി കാണുന്നു.
   a. ഗ്രീസിന്റെ കടന്നുകയറ്റം ഒരു കൂട്ടായ്മ വിളിച്ചുകൂട്ടുകയും പദ്ധതി തയ്യാറാക്കുക.
   b. പരാജയത്തിനു ശേഷം അദ്ദേഹം അന്തപുരത്തില് സമയം ചെലവഴിച്ചു.
   c. ശഷ്ടാവ് ഒരു സ്വേച്ഛാധിപതിയും, വികാരധിനനും, എളുപ്പം മനസ്സുമാറുന്ന സ്വാഭാവമുള്ളുനുമായിരുന്നു.
2. ഹെറോഡിറ്റസ് എന്ന നാമം സെര്ക്സെസ് ഒന്നാമന്റെ ഭാര്യയായിരിക്കാന് സാദ്ധ്യതയുണ്ട്.

C. ദാരിദ്രൂസ് ക, ശഷ്ടാവ് I എന്നീ രാജാക്കന്മാരുടെ കാലത്ത് പെര്സിപ്പോളിസിലെ എലാമിറ്റ് എഴുത്തു പലകകള് മൊര്ദ്ദെഖായിയെ പടിവാതില് കാവല്കാരനായി വെച്ചു എന്ന് പറയുന്നു.

## VII. സാഹിത്യ ഏകകം (പശ്ചാത്തലം):

A. ന്യൂ ഇന്റര്നാഷണല് വേര്ഷന് സ്റ്റഡി ബൈബിള് സംക്ഷേപം വളരെ സഹായകരമാണ്. എസ്ഥേറില് മൂന്ന് ഉത്സവങ്ങളെ പരാമര്ശിക്കുന്നു. കഥയെ അനുഗമിക്കുന്ന ഘടന പോലെ:
1. രാജാക്കന്മാരുടെ ഉത്സവം, 1:1-2:18:
2. എസ്ഥേറിന്റെ ഉത്സവം, 2:19-7:10;
3. പുരീം ഉത്സവം, 8-10.

B. വിശദമായ രൂപരേഖ:
1. ന്യൂ ഇന്റര്നാഷണല് വേര്ഷന് സ്റ്റഡി ബൈബിള്, p. 719
2. എക്സ്പോസിറ്റേഴ്സ് ബൈബിള് കമന്ററി, ഢീഹ. 4, p. 796

## VIII. പ്രധാന സത്യങ്ങള്

A. എസ്ഥേറിന്റെ പുസ്തകം വാര്ഷിക പുരീം ഉത്സവത്തെ കുറിച്ചു വിവരിക്കുന്നു (9:28-32). യെഹൂദന്മാരുടെ മറ്റൊരു ഉത്സവമാണ് ഹനുക്കാ (Hanukkah) NIV സ്റ്റഡി ബൈബിളില് നല്ലൊരു ചാര്ച്ച് 176-ല് കാണാം.

B. പീഡന കാലഘട്ടങ്ങളില് ദൈവത്തിന്റെ വിശ്വസ്തത ഉണര്വ് പകര്ന്നതായിരുന്നു (പ്രത്യേകിച്ച് പ്രവാസകാലത്ത് ആയിരുന്നവര്ക്ക്)

C. ചരിത്രത്തില് ദൈവത്തിന്റെ കര്തൃത്വകരം വളരെ വ്യക്തമായി പ്രകടമായിരുന്നു. അത് യിസ്രായേലിന് മാത്രമല്ല പാര്സ്യയിലും ദൈവത്തിന്റെ ഏതെങ്കിലും ഒരു പേരിന്റെ കുറവോ സാധാരണ യെഹൂദാ ആത്മീയ പ്രവര്ത്തനങ്ങളുടെ സൂചനയോ ദൈവത്തിന്റെ നിഗൂഢ സാന്നിദ്ധ്യവും മുഴുവന് മാനവ ചരിത്രത്തിന്റെ വഴി തടയപ്പെട്ടു (4:14).

D. ചിലര് കാണുന്നത് ഈ പുസ്തകം സാത്താന് സമൂഹ ഉടമ്പടിയെ തകര്ക്കാന് മറ്റൊരു ശ്രമം നടത്തിയതുപോലെയാണ്.
1. ആദാമിന്റെ വീഴ്ച;
2. ദൂതന്മാര് മനുഷ്യരുമായി ഇടകലര്ന്നു (ഉല്പ. 6);
3. അബ്രാഹാമും യിസ്ഹാക്കും അവരുടെ ഭാര്യമാരെ വിട്ടുപോയി;
4. എസ്ഥേറില് യെഹൂദാജനം തകര്ന്നുപോയി.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും:

A. പദങ്ങളും ഉപവാക്യങ്ങളും:

1. "ഏഴ് ഷണ്ഡന്മാര്", 1:10 (NASB & NIV)
2. "മേദ്യ പേര്ഷ്യയിലെ ഏഴ് രാജകുമാരന്മാര്", 1:14 (NIV ഏഴ് കുലീനന്മാര്...)
3. മേദ്യ പേര്ഷ്യയുടെ നിയമങ്ങള് അത് റദ്ദു ചെയ്യുവാന് കഴിയില്ല, 1:19 (NASB & NIV)
4. "വെപ്പാട്ടികള്", 2:14 (NASB & NIV)
5. ആഗാഗ്യര്, 3:1,10; 8:5 (NASB & NIV)
6. പൂര്, 3:7; 9:24 (NASB & NIV)
7. മോതിരം, 3:10; 8:2 (NASB & NIV)
8. രായസക്കാര്, 3:12 (NASB & NIV)
9. പൊന് ചെങ്കോല്, 4:11; 5:2 (NASB & NIV)
10. "അമ്പതുമുഴം ഉയരമുള്ള ഒരു കഴുമരം", 5:14; 7:9-10 (NIV 55 അടി ഉയരം)
11. "പുരീമിന്റെ ഈ ദിവസങ്ങള്", 9"28-32 (NASB & NIV)

B. വ്യക്തികളെ തിരിച്ചറിയല്:
1. അഹശ്വേരോശ്, 1:1 (NIV, സെര്ക്സെസ്)
2. വസ്ഥി, 1:9
3. മോര്ദ്ദെഖായി
4. ആഗാഗ്യനായ ഹാമാന്, 3:1

## X. ഭൂപടം - ഒന്നുമില്ല

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്:

1. എന്തുകൊണ്ടായിരുന്നു വസ്ഥിരാജ്ഞിയുടെ നിരസനം രാജാവിന്റെ പ്രഭുക്കന്മാര്ക്ക് മനഃസമാധാനം കെടുത്തിയത്?

2. എന്തുകൊണ്ട് മോര്ദ്ദെഖായി ഹാമാന്റെ മുമ്പില് വണങ്ങിയില്ല?


3. ഒരു യെഹൂദന് തന്റെ മുമ്പില് വണങ്ങാത്തതുകൊണ്ട് എല്ലാ യെഹൂദന്മാരെയും കൊല്ലുവാന് ആവശ്യമെന്തായിരുന്നു?

4. യെഹൂദന്മാരെ കൊല്ലുവാന് ഹാമാന് രാജാവില്നിന്നും അനുവാദം ലഭിച്ചത് എന്തു കാരണം കൊണ്ടാണ്?

5. 4:1-3 കൊടുത്തിരിക്കുന്ന ദുഃഖത്തിന്റെ സവിശേഷത, ലിസ്റ്റ് തയ്യാറാക്കുക.

6. 4:14 ഇതുമായി ബന്ധപ്പെട്ട ദൈവശാസ്ത്ര ഉപദേശം എങ്ങനെയാണ്?

7. 8:17 വാക്യത്തില് പുസ്തകത്തിന്റെ ഉദ്ദേശം എങ്ങനെ അനുയോജ്യമായിരിക്കുന്നു?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# ജ്ഞാനസാഹിത്യങ്ങള്ക്ക് ഒരു ആമുഖം

## I. സാഹിത്യ ശൈലി

A. പുരാതന കിഴക്കന് മേഖലയിലെ സാധാരണ സാഹിത്യശൈലി
  1. മെസപ്പെട്ടോമ്യ (1 രാജാ. 4:30; യെശ. 47:10; ദാനി. 2:2
    a. സദൃശ്യവാക്യങ്ങളും കഥകളും ചേര്ത്ത് ജ്ഞാന പാരമ്പര്യം വികസിപ്പിച്ചിട്ടുള്ള ചരിത്രമാണ് സുമേറിയയ്ക്കുള്ളത്.
    b. ബാബിലോണ് സദൃശ്യ-ജ്ഞാന വാക്യങ്ങള് പുരോഹിത/മാജിക്കുമായി ബന്ധപ്പെട്ടതാകുന്നു. ഇവ ധാര്മ്മികമായതല്ല. യിസ്രായേലിലുള്ളതുപോലെ വികസിക്കപ്പെട്ട ഒരു സാഹിത്യമല്ല.
    c. അശ്ശൂരിനും ജ്ഞാനവാക്യങ്ങള് അടങ്ങിയ സാഹിത്യമുണ്ടായിരുന്നു, അവയെ അഹിഘാറിന്റെ ഉപദേശങ്ങള് എന്നറിയപ്പെട്ടു. താന് സെന്നഖെരിബിന്റെ ഉപദേശകനായിരുന്നു (704-681 ആ.ഇ)
  2. ഈജിപ്ത് (1 രാജാ. 4:30)
    a. "Vizier Ptah-hotep" ന്റെ ഉപദേശങ്ങള് B.C. 2450-ല് എഴുതപ്പെട്ടു. അവ സദൃശ്യവാക്യ രീതിയിലല്ല മറിച്ച് ഖണ്ഡികകളായിട്ടാണ്. ഇവ അപ്പന് മകന് എഴുതുന്ന ശൈലിയിലുള്ളവയാകുന്നു; അതുപോലെ തന്നെയാണ് രാജാവായ ഒല്യശസമൃല യുടെ ഉപദേശങ്ങളും (2200 B.C.)
    b. സദൃശ്യവാക്യങ്ങള് 22:17-24:22 ന് സമാനമാണ് B.C. 1200-ല് എഴുതിയ Amen-em-opetന്റെ ജ്ഞാനങ്ങള്.
  3. ഫൊയെനീഷ്യ
    a. ഉഗാറിറ്റിലെ കണ്ടുപിടുത്തങ്ങള് പ്രകാരം ഫൊയെനീഷ്യയിലെയും എബ്രായരുടെയും ജ്ഞാനവാക്യങ്ങള് സമാനമാണ്. ഞമൈ Ras Shamra (Ugarit) ന്റെ ഗവേഷണ ഫലമായി വേദപുസ്തക സാഹിത്യത്തിലെ പല അസാധാരണ പ്രയോഗങ്ങളും വാക്കുകളും കൂടുതല് മനസിലാക്കാന് ഇന്നു സാധിക്കും.
    b. B.C. 600 ല് എഴുതപ്പെട്ട wasfs എന്ന ഫൊയനീഷ്യന് വിവാഹ ഗാനങ്ങളുമായി ഉത്തമഗീതങ്ങള്ക്കു വളരെ സാമ്യമുണ്ട്.
  4. കനാന് (യിരെ. 49:7; ഒബേദ് 8) - B.C. 15-ാംം നൂറ്റാണ്ടില് എഴുതിയ ഞമൈ Hebrew and Canaanite രേഖകളും എബ്രായ കനാന്യ ജ്ഞാന സാഹിത്യവുമായി വളരെ സാമ്യമുണ്ട് എന്ന് Ugarit വെളിപ്പെടുത്തുന്നു.
    a. കൂട്ടമായി ചില വാക്കുകള് ദര്ശിക്കാം
    b. കിയാസം (ഘടന) സാന്നിദ്ധ്യം
    c. ശീര്ഷകങ്ങള്
    d. സംഗീത ചിഹ്നങ്ങള്
  5. യിസ്രായേല്യരല്ലാത്തവരുടെ എഴുത്തുകള് ഉള്പ്പെട്ടതാണ് വേദപുസ്തക ജ്ഞാന സാഹിത്യം.
    a. ഏദനില് നിന്നുള്ള ഇയ്യോബ്
    b. മസ്സായില് നിന്നുള്ള ആഗൂര് (സൗദി അറേബ്യയിലെ യിസ്രായേല് രാജ്യഭരണം (ഉല്പത്തി 25:14 ഉം 1 ദിനവൃത്താന്തങ്ങള്. 1:30).
    c. മസ്സായിലെ ലെമുവേല്

B. സാഹിത്യ സവിശേഷതകള്:

  1. പ്രധാനമായും രണ്ട് വ്യത്യസ്ത രീതികള്
    a. സദൃശ്യവാക്യങ്ങള് (പ്രാഥമികമായി വാമൊഴികള്)
      (1). ഹ്രസ്വം
      (2). സാംസ്കാരികമായി വേഗത്തില് മനസിലാക്കാവുന്നവ
      (3). ചിന്തകള് ഉണര്ത്തുന്നവ - സത്യ-മൂല്യ പ്രസ്താവനകള്
      (4). വൈരുദ്ധ്യങ്ങളിലൂടെ - താരതമ്യങ്ങളിലൂടെയുള്ള പഠനം
      (5). സാധാരണയായി സത്യമായവ എന്നാല് എല്ലായ്പ്പോഴും പ്രായോഗികമല്ലാത്തവ
    b. എഴുതപ്പെട്ടതും വികസിക്കപ്പെട്ടതുമായ ദൈര്ഘ്യമുള്ള സാഹിത്യകൃതികളുണ്ട്. ഉദാ: ഇയ്യോബ്, സഭാപ്രസംഗി, യോന...
      (1). ഏക വ്യക്തി സംഭാഷണം
      (2). സംവാദം
      (3). ഉപന്യാസം
      (4). ജീവിതത്തിലെ പ്രധാന ചോദ്യങ്ങളും മര്മ്മങ്ങളും കൈകാര്യം ചെയ്യുന്നവ
      (5). പ്രധാന ഉപദേശപര വെല്ലുവിളികള് കൈകാര്യം ചെയ്യുന്നവ
    c. ജ്ഞാനത്തിന്റെ മനുഷ്യത്വാരോപണം. ജ്ഞാനത്തെ ഒരു സ്ത്രീയെന്ന നിലയില് ഉള്പ്പെടുത്തുന്നു.
      (1). സദൃശ്യവാക്യങ്ങളില് പലപ്പോഴും ജ്ഞാനത്തെ സ്ത്രീലിംഗ വര്ണ്ണന നല്കിയിട്ടുണ്ട്.
        (a) അനുകൂലാത്മകമായി:

1) 1:20-33
2) 8:1-36
3) 9:1-6

(b) പ്രതികൂലാത്മകമായി:

1) 7:6-27
2) 9:13-18

(2). സര്വ്വത്തെയും സൃഷ്ടിച്ച (സദൃ. 3:19-20) സൃഷ്ടിയുടെ ആദ്യജാതനായിട്ട് പരിജ്ഞാ നത്തെ മനുഷ്യത്വാരോപണ രീതിയില് അവതരിപ്പിച്ചിട്ടുണ്ട് (സദൃ. 8:22-31). യോഹന്നാന്റെ സുവിശേഷം 1:1 ലെ മശിഹയെ സൂചിപ്പിക്കുന്ന "വചന"ത്തിന്റെ പശ്ചാത്തലം ഇതായിരിക്കാം.

(3). ഇത് സഭാപ്രസംഗി ദൃശ്യമാക്കുന്നു.

2. രാജ്യത്തെയല്ല, വ്യക്തികളെ അഭിസംബോധന ചെയ്യുന്നതിനാല് ഈ സാഹിത്യം ന്യായപ്രമാണ പുസ്തകങ്ങളില് നിന്നും പ്രവാചക പുസ്തകങ്ങളില് നിന്നും വ്യത്യസ്തമാകുന്നു. ഇവയ്ക്ക് ചരിത്രപര-ഉപദേശപര ഉള്ളടക്കം കുറവാണ്. ദൈനംദിന ജീവിത വിജയം, ധാര്മ്മിക ജീവിതം, സന്തോഷം എന്നിവയാണ് കേന്ദ്രവിഷയങ്ങള്.
3. വേദപുസ്തക സാഹിത്യം ഇതിന് ഘടനയില് സമാനമാണ് എന്നാല് ഉള്ളടക്കത്തിലല്ല. വേദ പുസ്തക ജ്ഞാന വാക്യങ്ങളുടെ അടിസ്ഥാനം യഥാര്ത്ഥ ജീവനുള്ള ഏക ദൈവമാകുന്നു. (ഇയ്യോബ് 12:13; 28:28; സദൃ. 1:7; 9:10; സങ്കീ. 111:10). (എന്നാല് ബാബിലോണില് ഇത് Apsu, Ea or Marduk ഉം ഈജിപ്റ്റില് Thoth ഉം ആണ്).
4. എബ്രായ സാഹിത്യം പ്രായോഗികമാണ്, ഇവ അനുഭവത്തിലധിഷ്ഠിതമാണ്, പ്രത്യേക വെളിപ്പാടിലധിഷ്ഠിതമല്ല. ഇവ വ്യക്തികളുടെ വിജയവുമായി ബന്ധപ്പെട്ടതാകുന്നു (ജീവിതം: ആത്മികവും സാധാരണവും).
5. വേദപുസ്തക സാഹിത്യത്തില് മാനുഷിക കാരണങ്ങള്, അനുഭവങ്ങള്, നിരീക്ഷണം ഉള്പ്പെട്ടിട്ടുള്ളതിനാല് ഇവ അന്തര്ദേശീയമായും സംസ്കാരങ്ങള്ക്കപ്പുറമുള്ളതാണ്. യിസ്രായേല് ജ്ഞാനം ഏകദൈവ വിശ്വാസവുമായി ബന്ധപ്പെട്ടതും പ്രത്യേക വെളിപ്പാടുമാണ്.

## II. സാദ്ധ്യമായ ഉറവിടങ്ങള്/ആരംഭം:

A. ജ്ഞാന സാഹിത്യം മറ്റു വെളിപ്പാടുകള് പോലെ സമാനമായി വികസിപ്പിച്ചതാകുന്നു (യിരെ. 18:18; യെഹ. 7:26).
   1. പുരോഹിതന് - നിയമം - രൂപപ്പെടുത്തല് (സകലരെയും ഉള്ക്കൊള്ളിച്ച്)
   2. പ്രവാചകന് - അരുളപ്പാടുകള് - പ്രചോദനം (സകലരെയും ഉള്ക്കൊള്ളിച്ച്)
   3. യോഗി - ജ്ഞാനം - പ്രായോഗികം, ജീവിത വിജയം (ദൈനംദിനം)
   4. യിസ്രായേലിന് സ്ത്രീ പ്രവാചകികള് ഉണ്ടായിരുന്നതുപോലെ സ്ത്രീ യോഗികളും ഉണ്ടായിരുന്നു (2 ശമു. 14:1-21; 20:14-22)

B. ഈ വിധത്തിലുള്ള സാഹിത്യങ്ങള് വികസിപ്പിച്ചത്?
   1. ക്യാമ്പ് ഫയരെ ചുറ്റിയിരിക്കുമ്പോള് പറയുന്ന നാടോടി ഐതിഹ്യങ്ങളില് നിന്നാണ്.
   2. ആണ്കുട്ടികള്ക്കു പറഞ്ഞുകൊടുക്കുന്ന കുടുംബ പാരമ്പര്യത്തില് നിന്നുമാകുന്നു.
   3. രാജകൊട്ടാരത്തില് നിന്നും എഴുതിപ്പുറപ്പെടുവിക്കുന്നതാണ്:
      a. സങ്കീര്ത്തനങ്ങളുമായി ബന്ധപ്പെട്ട് ദാവീദ്
      b. സദൃശ്യവാക്യങ്ങളുമായി ബന്ധപ്പെട്ട് ശലോമോന് (1 രാജാ. 4:29-34; സങ്കീ. 72, 127)
      c. ജ്ഞാനസാഹിത്യവുമായി ബന്ധപ്പെട്ട് യിഹിസ്കീയാവ്

## III. ലക്ഷയ്ം:

A. സന്തോഷവും വിജയവും ദൈവരിക്കുന്ന "വധം" കൈകാര്യം ചെയ്യുന്നു.
   1. മുന് തലമുറകളുടെ അനുഭവങ്ങള്
   2. ജീവിതബന്ധങ്ങളിലെ കാരണങ്ങളും ഫലങ്ങളും

B. അടുത്ത തലമുറകളിലെ നേതൃത്വത്തെയും, പൗരന്മാരെയും സത്യത്തിലും പരിജ്ഞാനത്തിലും പരിശീലിപ്പിക്കുന്ന സാമൂഹിക രീതി.

C. എല്ലായ്പ്പോഴുമല്ലെങ്കിലും പഴയനിയമത്തില് ഒരു ഉടമ്പടി ദാതാവായ ദൈവസാന്നിദ്ധ്യം ഓര്മ്മിപ്പിക്കുന്നു.

D. പാരമ്പര്യ ഉപദേശങ്ങളുടെ ഒരു സന്തുലിതാവസ്ഥ നിലനിര്ത്തുക. യോഗികള് സ്വതന്ത്ര ചിന്തകരാണ്, സത്യപുസ്തകങ്ങളുമായി ബന്ധിക്കപ്പെട്ടവരുമല്ല. എന്തുകൊണ്ട്, എങ്ങനെ, എന്ത് എന്നീ ചോദ്യങ്ങള് പ്രസക്തമാണ്.

## IV. വ്യാഖ്യാനത്തിനുള്ള താക്കോല്:

A. ഹ്രസ്വ സദൃശ്യവാക്യ പ്രസ്താവനകള്
1. സത്യം അറിയിക്കുന്നതിനുപയോഗിക്കുന്ന സാധാരണ ജീവിത വസ്തുതകള്
2. പ്രധാന സത്യം ലളിതമായ പ്രഖ്യാപന പ്രസ്താവനകളിലൂടെ
3. പശ്ചാത്തലം കൂടുതല് വിവരങ്ങള് നല്കാത്തതിനാല് സമാന്തര വിഷയങ്ങള് ചേര്ത്തു പഠിക്കുക

B. ദൈര്ഘ്യമുള്ള സാഹിത്യ ഉള്ളടക്കം
1. മൊത്തം ഭാഗത്തിന്റെ പ്രധാന സത്യം വെളിപ്പെടുത്തുക
2. പശ്ചാത്തലത്തില് നിന്നും വാക്യങ്ങള് അടര്ത്തി മാറ്റരുത്
3. എഴുതിയതിന്റെ ചരിത്ര പശ്ചാത്തലം പരിശോധിക്കുക

C. ചില സാധാരണ തെറ്റായ വ്യാഖ്യാനങ്ങള് (Fee & Stuart, How to Read the Bible for All It Is Worth, p. 207)
1. സാധാരണയായി ജനങ്ങള് ജ്ഞാനപുസ്തകങ്ങള് (ഉദാ: ഇയ്യോബ്, സഭാപ്രസംഗി) മുഴുവന് വായിക്കുകയോ, കാതലായ സത്യങ്ങള് മനസിലാക്കാന് ശ്രമിക്കുകയോ ചെയ്യാറില്ല. ചില വാക്യങ്ങളോ, ഭാഗങ്ങളോ എടുത്ത് അക്ഷരാര്ത്ഥത്തില് ഇന്നുപയോഗിക്കുന്ന പ്രവണതയുണ്ട്.
2. സാഹിത്യശൈലികളുടെ വിശേഷതകള് തിരിച്ചറിയാറില്ല. പുരാതന സാഹിത്യങ്ങള് വളരെയധികം സാന്ദ്രതയും ആലങ്കാരിക പ്രയോഗങ്ങള് അടങ്ങിയതുമാണ്.
3. സദൃശ്യവാക്യങ്ങള് പൊതു സത്യങ്ങള് ഉള്പ്പെട്ടതാകുന്നു. ഏതു കാലത്തും അന്വര്ത്ഥമായ സത്യപ്രസ്താവനകളുടെ സമാഹാരമാണിവ.

## V. വേദപുസ്തക ഉദാഹരണങ്ങള്:

A. പഴയ നിയമം
1. ഇയ്യോബ്
2. സങ്കീര്ത്തനങ്ങള് 1, 19, 32, 34, 37 49, 73, 104, 107, 110, 112, 127, 128, 133, 147, 148
3. സദൃശ്യവാക്യങ്ങള്
4. സഭാപ്രസംഗി
5. ഉത്തമ ഗീതം
6. വിലാപങ്ങള്
7. യോന

B. കാനോനികമല്ലാത്ത പുസ്തകങ്ങള്
1. തോബിത്
2. ബെന്-സിറായുടെ സുഭാഷിതങ്ങള്
3. ശലോമോന്റെ ജ്ഞാനവാക്യങ്ങള് (സുഭാഷിതങ്ങള്)
4. IV മക്കാബിയര്

C. പുതിയ നിയമം
1. യേശുവിന്റെ ഉപമകളും സദൃശ്യവാക്യങ്ങളും
2. യാക്കോബിന്റെ ലേഖനം

# എബ്രായ കാവ്യം

## I. മുഖവുര

A. ഈ സാഹിത്യങ്ങള് വേദപുസ്തകത്തിന്റെ 1/3 ഭാഗമുണ്ട്. എബ്രായ കാനോന്റെ "പ്രവാചക" "എഴുത്തുകള്" ഭാഗങ്ങളാണിവ.

B. ആംഗലേയ കാവ്യത്തില് നിന്നും വളരെ വ്യത്യസ്തമാണിത്. ആംഗലേയ കാവ്യം ഗ്രീക്ക് - ലത്തീന് ഭാഷകളില് നിന്നും വികസിപ്പിച്ചതാകുന്നു. എബ്രായ കാവ്യം കനാന്യ കാവ്യവുമായി പൊതുവായ സാമ്യങ്ങളുണ്ട്.

C. പഴയ നിയമ കാവ്യങ്ങള് ഗ്രഹിക്കാന് പുരാതന ഗവേഷണങ്ങളായ ഉഗാറിറ്റ് (Ras Shamra) സഹായിച്ചു. B.C. 15-ാം നൂറ്റാണ്ടിലെ കാവ്യ കണ്ടുപിടിത്തങ്ങള് വേദപുസ്തക കാവ്യവുമായി ബന്ധമുണ്ട്.

## II. കാവ്യങ്ങളുടെ പൊതു സവിശേഷതകള്:

A. വളരെ സാന്ദ്രതയുള്ളവയാണ്

B. സത്യം, വികാരം, അനുഭവങ്ങള് എന്നിവ പ്രതിരൂപങ്ങളിലൂടെ പ്രദര്ശിപ്പിക്കുന്നു

C. ഇവ എഴുതപ്പെട്ടവയാണ്, വാമൊഴിയല്ല. അതീവമായി ഘടനയുള്ളതാകുന്നു. ഇവ പ്രദര്ശിപ്പിക്കുന്നത്:
   1. സന്തുലിത വരികള് (സമാന്തരം)
   2. വാക്കുകള്

## III. സാഹിത്യ ഘടന:

A. *Lectures on the Sacred Poetry of the Hebrews* (1753) എന്ന പുസ്തകത്തില് Bishop Robert Lowth, കാവ്യങ്ങളുടെ സമാന്തര ഉപയോഗത്തെപ്പറ്റി പ്രതിപാദിക്കുന്നു. ആധുനിക ഇംഗ്ലീഷ് പരിഭാഷകരും ഈ സമാന്തര കാവ്യ വരികള് എടുത്തു കാട്ടുന്നുണ്ട്.
   1. സമാന്തരമായവ - ഒരേ ചിന്തയും വാക്കുകളും പ്രദര്ശിപ്പിക്കുന്നു.
      a. സങ്കീര്ത്തനം 3:1; 49:1; 83:14; 103:3
      b. സദൃശ്യവാക്യങ്ങള് 20:1
      c. യെശയ്യാവ് 1:3
      d. ആമോസ് 5:24
   2. വൈപരീത്യം - വിപരീത ചിന്തകള് വൈരുദ്ധ്യ പ്രസ്താവനകളിലൂടെ (positive and the negative) പ്രദര്ശിപ്പിക്കുന്നു.
      a. സങ്കീര്ത്തനം 1:6; 90:6
      b. സദൃശ്യവാക്യങ്ങള് 1:6,29; 10:1,12; 15:1; 19:4
   3. കൃത്രിമ സംയുക്തം - വികസിപ്പിക്കപ്പെട്ട ചിന്തകളുടെ രണ്ടുമൂന്നു വരികള് - സങ്കീ. 1:1-2; 19:7-9; 29:1-2

B. *General Introduction to the Study of Holy Scripture* (1899) ല് A Briggs എബ്രായ കാവ്യ പുസ്തകങ്ങളുടെ അവലോകനം നല്കുന്നു.
   1. ചിത്രാലങ്കാരം-ഒരു ആലങ്കാരിക പ്രയോഗത്തിലൂടെ ഒരു അക്ഷരാര്ത്ഥ പ്രയോഗം, സങ്കീ. 42:1; 103:3
   2. പടിപടിയായുള്ള നിര്ണ്ണായക രീതി, സങ്കീ. 19:7-14; 29:1-2; 103:20-22
   3. അന്തര്ലീനമായത് (കിയാസം) - ഉപവാക്യങ്ങളുടെ പല വരികള്, ഒരേ വിഷയം കൈകാര്യം ചെയ്യുന്നു. 1 ഉം 4 ഉം, 2 ഉം 3 ഉം വരികള് ഒരുപോലെ, സങ്കീ. 30:8-10a

C. The Forms of Hebrew Poetry (1915) ല് G.B.Gray ഒരു സന്തുലിത പഠന തത്വം വികസിപ്പിച്ചിരിക്കുന്നു.
   1. പൂര്ണ്ണമായ സന്തുലിത പഠനം-ഒരു വരിയില് ഓരോ വാക്കും ആവര്ത്തിക്കുന്നു, സങ്കീ. 83:14; യെശ. 1:3
   2. ഒരേ ദൈര്ഘ്യമല്ലാത്ത ഉപവാക്യങ്ങളാല് അസന്തുലിതമായ വരികള്, സങ്കീ. 59:16; 75:6

D. ശബ്ദരൂപങ്ങളുടെ രീതികള്
   1. അക്ഷരമാലാ ക്രമത്തിലുള്ള രീതി (acrostic)
   2. വ്യഞ്ജനാക്ഷര രീതി (alliteration)
   3. സ്വരാക്ഷര ശൈലി (assonance)
   4. വാക്കുകളുടെ ആവര്ത്തന രീതി (paronomasia)

5. സമാന ശബ്ദ രീതി (onomatopoeia)
6. പ്രത്യേക തുടക്കവും സമാപനവും (inclusive)

E. പലവിധ കാവ്യങ്ങള് പഴയനിയമത്തിലുണ്ട്. ചിലതു വിഷയങ്ങളുമായി ബന്ധപ്പെട്ടവയും മറ്റു ചിലത് രൂപഘടനയില് വ്യത്യാസമുള്ളതുമാണ്.

1. സമര്പ്പണ ഗീതം - സംഖ്യാ. 21:17-18
2. ജോലിയുമായി ബന്ധപ്പെട്ട ഗീതം - യെശ. 16:10; യിരെ. 25:30; 48:33
3. വീരഗാഥ/ലഘുഗാനം - സംഖ്യാ. 21:27-30; യെശ. 23:16
4. മദ്യപാന ഗാനം (negative) യെശ. 5:11-13; ആമോസ് 6:4-7, (positive) യെശ. 22:13
5. പ്രേമഗീതങ്ങള് - ഉത്തമഗീതങ്ങള്, വിവാഹ ഗീതങ്ങള് - ന്യായാ. 14:10-18; വിവാഹഗീതങ്ങള് - സങ്കീ. 45
6. വിലാപങ്ങള് - (ഏകദേശരൂപം, 2 ശമു. 1:17; 2 ദിന. 35:25) 2 ശമു. 3:33; സങ്കീ. 27:28; യിരെ. 9:17-22; വിലാപങ്ങള്, യെഹെ. 19:1-14; 26:17-18; നെഹ. 3:15-19
7. യുദ്ധഗീതങ്ങള് - ഉല്പ. 4:23-24; പുറ. 15:1-18; സംഖ്യാ. 16:35-36; യോശു. 10:13; ന്യായാ. 5:1-31; 11:34; 1 ശമു. 18:6; 2 ശമു. 1:18; യെശ. 47:1-15
8. നേതാക്കള് നല്കുന്ന അനുഗ്രഹ ഗാനം - സമാപന ഗാനം - ഉല്പ. 49; സംഖ്യാ. 6:24-26; ആവര്. 32; 2 ശമു. 23:1-17
9. മാജിക് ഭാഗങ്ങള് - ബിലെയാം, സംഖ്യാ. 24:3-9
10. ദിവ്യ ഗീതങ്ങള് - സങ്കീര്ത്തനങ്ങള്
11. മുദ്രാലങ്കാര ഗാനങ്ങള് - സങ്കീ. 9, 34, 37, 119; സദൃ. 31:10; വിലാ. 1-4
12. ശാപങ്ങള് - സംഖ്യാ. 21:22-30
13. ആക്ഷേപ കാവ്യങ്ങള് - യെശ. 14:1-22; 47:1-15; യെഹെ. 28:1-23

## IV. എബ്രായ കാവ്യങ്ങള് വ്യാഖ്യാനിക്കുന്നതിനുള്ള മാര്ഗ്ഗ നിര്ദ്ദേശങ്ങള്:

A. കാവ്യഭാഗത്തിന്റെ പ്രധാന സത്യം ഗ്രഹിക്കുക. വിവിധ പരിഭാഷകള് ശ്രദ്ധിച്ചു വായിക്കുക.

B. ആലങ്കാരിക പ്രയോഗങ്ങള് ഗ്രഹിച്ച് അവയുടെ പ്രധാന അര്ത്ഥം മനസിലാക്കുക. ഇപ്രകാരമുള്ള പദപ്രയോഗങ്ങള് ദുര്വ്യാഖ്യാനത്തിലേക്കു നയിക്കാതിരിക്കാന് അത് എന്ത് ആശയം വ്യക്തമാ ക്കുന്നു എന്നു തിരിച്ചറിയുക.

C. ദൈര്ഘ്യമേറിയ വിഷയങ്ങള് പ്രതിപാദിക്കുന്ന കാവ്യങ്ങള് സാഹിത്യ-ചരിത്ര പശ്ചാത്തല പ്രകാരം പഠിക്കുക

D. ന്യായാധിപന്മാര് 4-5 - കാവ്യത്തില് ചരിത്രം വിശദീകരിക്കുന്നതിന്റെ ഉദാഹരണമാണ്. ന്യായാ. 4 - രചനയും, 5 - കാവ്യവുമാണ്. ഇവ ഒരേ സംഭവം വിശദീകരിക്കുന്നു.

E. സമാന്തര ശൈലിയിലുള്ള വരികള് തിരിച്ചറിയുക. അതുപോലെ സാമ്യമുള്ളവ, വൈരുദ്ധ്യ വരികള്, താരതമ്യ വരികള് തിരിച്ചറിയുക.

# ഇയ്യോബ് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. മുഖ്യ കഥാപാത്രത്തെ ആധാരമാക്കിയാണ് പുസ്തകം നാമകരണം ചെയ്തിരിക്കുന്നത്. ഇയ്യോബ് എന്നത് ഒരു പൊതു നാമമാണ്. ഈ പദത്തിന് വിവിധ അര്ത്ഥങ്ങള് ഉണ്ട്.
   1. "പിതാവ് എവിടെ"
   2. "ഒരു ശത്രു" (വിരോധി)
   3. "അനുതപിക്കുന്നവന്"

B. സുശക്തവും കലാപരവും അര്ത്ഥപൂര്ണ്ണവുമായ ഒരു പുസ്തകമാണിത്.
   1. ലൂഥര് ഇപ്രകാരം പ്രസ്താവിച്ചു, "തിരുവെഴുത്തുകളിലെ ഏറ്റവും പ്രൗഢവും പ്രസക്തവുമായ പുസ്തകമാണിത്.
   2. റ്റെന്നീസന് പ്രസ്താവിച്ചു, "പുരാതനമോ നവീനമോ ആയാലും ഇയ്യോബിന്റെ പുസ്തകം മഹത്തരമായ കാവ്യമാകുന്നു".
   3. കേര്ലിയേല് പ്രസ്താവിച്ചത് ഇപ്രകാരമാണ്, "ഈ പുസ്തകത്തിന് തുല്യ യോഗ്യതയുള്ള മറ്റൊരു പുസ്തകം വേദപുസ്തകത്തിനുള്ളിലോ ബാഹ്യമായോ ഇല്ല".

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോനിക പുസ്തകങ്ങളുടെ ന്യായപ്രമാണ വിഭാഗത്തിലാണ് ഇയ്യോബിന്റെ പുസ്തക സ്ഥാനം.

B. ചില എബ്രായ കയ്യെഴുത്തു പ്രതികളില് ആവര്ത്തന പുസ്തകത്തിന് ശേഷം ഇയ്യോബിന്റെ പുസ്തകം ഉള്പ്പെടുത്തിയിട്ടുള്ളത്, ഇയ്യോബും അബ്രാഹാമും ഒരേ ചരിത്ര കാലഘട്ടത്തിലാണെന്നതാണ് കാരണം.

C. കാവ്യപുസ്തകങ്ങളില് ഇയ്യോബിന്റെ പുസ്തകം ഉള്പ്പെടുത്തിയത് വല്ഗേറ്റിലും അത് ഉറപ്പിച്ചത് ട്രെന്റ് കൗണ്സിലിലുമാകുന്നു.

## III. സാഹിത്യ ശൈലി

A. പ്രാചീന കിഴക്കില് പൊതുവായി അറിയപ്പെടുന്ന സാഹിത്യഗണമായ "ജ്ഞാന-എഴുത്തുകളു"ടെ ഭാഗമാണ് ഇയ്യോബിന്റെ ഗ്രന്ഥം.

B. ഈ പുസ്തകം പ്രഥമമായി കാവ്യവും, മുഖവുര ഭാഗവും (1-2) സമാപന ഭാഗവും (42) ഗദ്യവുമാകയാല് ഈ പുസ്തകത്തിന്റെ സാഹിത്യരൂപം സംബന്ധിച്ച് വേദപണ്ഡിതരുടെ ഇടയില് ധാരാളം ചര്ച്ചകളുണ്ടായിട്ടുണ്ട്.
   1. ചരിത്ര വിവരണം
   2. ദൈവശാസ്ത്രപര/താത്വികമായ നാടകീയാവതരണം.
   3. ഒരു ഉപമ

C. ഇയ്യോബിന് താഴെ പറയുന്നവയോട് ചില സാഹിത്യ സാമ്യമുണ്ട് (എന്നാല് ദൈവശാസ്ത്രപരമല്ല)
   1. ഒരു സുമേറിയന് എഴുത്തുകള്, "സുമേറിയന് ഇയ്യോബ്" എന്ന് അഭിസംബോധന ചെയ്യുന്നു, 2000 B.C.
      a. പ്രഥമ വ്യക്തിയുടെ പരാതി
      b. അര്ഹിക്കാത്ത കഷ്ടതയെപ്പറ്റി
      c. ഒരു ദൈവത്താല് പരിത്യജിക്കപ്പെട്ട അവസ്ഥ
      d. അഭ്യര്ത്ഥനയുടെ കോടതി വാദം
      e. പാപത്തിന്റെ വെളിപ്പെടല്
   2. "പരിജ്ഞാനത്തിന്റെ കര്ത്താവിനെ ഞാന് വാഴ്ത്തും" എന്ന് ബാബിലോണിയന് എഴുത്തില് രേഖപ്പെടുത്തിയിട്ടുണ്ട്. 1300-1100 B.C.യില് ഉള്ള ഒരു "ബാബിലോണിയന് ഇയ്യോബ്" എന്നും ചിലപ്പോള് അറിയപ്പെടുന്നു.
      a. ഒരാളുടെ ഏകപക്ഷീയമായ ആത്മഭാഷണം
      b. ദൈവങ്ങളാലും സ്നേഹിതരാലും പരിത്യജിക്കപ്പെട്ടു

c. സമ്പത്തിന്റെയും ആരോഗ്യത്തിന്റെയും ആത്യന്തിക പുനഃസ്ഥാപനം

3. "ദുരിതാനുഭവത്തിന്റെയും ഞരക്കത്തിന്റെയും സംഭാഷണം" എന്ന് ഒരു ബാബിലോണ്യ എഴുത്തില് പ്രസ്താവിക്കുന്നു. 1000 B.C. കണക്കാക്കുന്ന ഒരു ബാബിലോണ്യ അളവുകോല് എന്നും ചിലപ്പോള് വിളിക്കപ്പെടുന്നു.
   a. കഷ്ടതയെപ്പറ്റിയുള്ള ഒരു പദസമസ്യ-മുദ്രാലങ്കാര കല്പനകള്
   b. ഒരു ദുഃഖിതനും സ്നേഹിതനും തമ്മിലുള്ള സംഭാഷണം
   c. സ്നേഹിതരുടെ യാഥാസ്ഥിക, പാരമ്പര്യ കാഴ്ചപ്പാടുകള്. എന്നാല് ദുഃഖിതന് സാധാരണ പ്രശ്നങ്ങള് ചൂണ്ടിക്കാണിക്കുന്നു, ഉദാ: ദുഷ്ടന്റെ അഭിവൃദ്ധി.
   d. ചില സമയത്ത് എല്ലാ പ്രശ്നങ്ങള്ക്കും കാരണം മാനുഷിക പരാജയമാണ്.
4. "ഒരു നാട്ടിന്പുറത്തുകാരന്റെ വാഗ്ചാതുര്യത്തോടുകൂടിയ പ്രതിഷേധം" എന്നാണ് ഒരു മിസ്രയീം രേഖപ്പെടുത്തല്.
5. ജീവിതത്തില് തളര്ന്ന ഒരു വ്യക്തിയുടെ ആത്മാവുമായുള്ള സ്വന്തം വ്യവഹാരം/വാഗ്വാദം എന്ന് മറ്റൊരു ഈജിപ്ത് രേഖ.

D. ഈ പുസ്തകത്തില് വിവിധ സാഹിത്യ ശൈലികളുണ്ട്. ഒരു പ്രത്യേക ഗണത്തില് ഇത് ഉള്പ്പെടുന്നില്ല.
   1. ഒരു ഏകപക്ഷീയ ആത്മഭാഷണം/ആത്മഗതം
   2. സംഭാഷണം-സംവാദം
      a. സ്നേഹിതര്
      b. യാഹേവ
   3. തുടക്കവും അവസാനവും ഗദ്യം

## IV. എഴുത്തുകാരന്

A. ഗ്രന്ഥരചയിതാവ് അജ്ഞാതമാണ്.

B. ബാബ ബത്രാ 14b പ്രകാരം മോശെയാണ് ഈ പുസ്തകം എഴുതിയത്.

C. ചില സിറിയ പരിഭാഷ (പെഷിറ്റാ) യിലും എബ്രായ കയ്യെഴുത്തു പ്രതികളിലും ആവര്ത്തനപുസ്തകത്തിനു ശേഷമാണ് ഇയ്യോബിന്റെ പുസ്തകം.

D. 3-41 വരെയുള്ള അദ്ധ്യായങ്ങള് പ്രഥമ ഗ്രന്ഥകര്ത്താവാലും, ഗദ്യ ആമുഖവും (1-2) ഉപസംഹാരവും (42) പിന്നീട് ഗ്രന്ഥ പരിശോധകനാല് എഴുതിച്ചേര്ത്തു എന്ന് ചില പണ്ഡിതര് അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും, പുരാതന കിഴക്കിന്റെ എഴുത്തു രീതികളും സാങ്കേതികതയും ആധുനിക-പാശ്ചാത്യ സംസ്കാരക്കാര്ക്കു പൂര്ണ്ണമായി ഗ്രഹിക്കുക അസാദ്ധ്യമാണെന്ന് മനസിലാക്കുക. ഹമ്മുറാബി പദ്യരൂപത്തില് തുടങ്ങുകയും അവസാനിക്കുകയും അതിനിടയില് ഗദ്യരൂപത്തിലും എഴുതപ്പെട്ടിരിക്കുന്നു.

E. ഇയ്യോബ് എന്ന മനുഷ്യന് / വ്യക്തി
   1. ഇയ്യോബ് ഒരു പുരാതന ചരിത്ര പുരുഷനാകുന്നു. കാരണം:
      a. യെഹെസ്ക്കേല് 14:14,20 ലും യാക്കോബ് 5:1 ലും ഇയ്യോബിനെപ്പറ്റി പരാമര്ശിച്ചിട്ടുണ്ട്.
      b. അര്മര്നാ, ഈജിപ്ത്, മാരി, യുഗാറിറ്റിക് എഴുത്തുകളില് ഇയ്യോബ് എന്ന നാമം രേഖപ്പെടുത്തിയിട്ടുണ്ട്.
      c. ധനപരമായ ഭാഗം 42:11 ലും (കെസിറ്റാഹ്) പിന്നീട് ഉല്പത്തി 33:19 ലും യോശുവ 24:32 ലും മാത്രമാണുള്ളത്.
   2. ഇയ്യോബ് ഒരു യെഹൂദന് ആയിരിക്കില്ല.
      a. ഇയ്യോബും സ്നേഹിതരും ദൈവത്തെ പൊതു പേരില് വിളിക്കുന്നു.
         1. ഏലോഹിം (ദൈവം) അദ്ധ്യായങ്ങള് 1-2, 20,28,32,34,38
         2. ഏല് (ദൈവം) നിരവധി പ്രാവശ്യം
         3. ഷഡായി (സര്വ്വശക്തന്) നിരവധി പ്രാവശ്യം
      b. ഏദോമില് നിന്നുള്ള ഒരു വിവേകിയായ മനുഷ്യന്
         1. ഊസ് (ഉല്പ. 36:28; യിരെ. 25:20; വിലാപ. 4:21).
         2. തേമാന്യന് (ഉല്പ. 36:11).
         3. "കിഴക്കു നിന്നുള്ള മനുഷ്യനോട്" താരതമ്യം (ഇയ്യോബ് 1:3; യൂദ. 6:3,33; യെശ. 11:14; യെഹെ. 25:4,10).

## V. എഴുതിയ കാലം

A. B.C. 2-ാം സഹസ്രാബ്ദമായ പിതാക്കന്മാരുടെ കാലത്താണ് രചിച്ചതെന്ന് ചരിത്ര പശ്ചാത്തലം വെളിപ്പെടുത്തുന്നു. ചില ഉദാഹരണങ്ങള്:

1. തന്റെ കുടുംബത്തിന്റെ പുരോഹിതനായി ഇയ്യോബ് പ്രവര്ത്തിക്കുന്നു (1:5)
2. ഇയ്യോബിന്റെ ദീര്ഘായുസ്സ് - 140+ വര്ഷങ്ങള് (42:16)
3. അര്ദ്ധ-ദേശാന്തര ഗമന ജീവിത രീതിയും - ഗാര്ഹിക മൃഗങ്ങളെ വളര്ത്തുന്നതും
4. സേബ്യ, കല്ദേയ ദേശത്തു കൊള്ളക്കൂട്ടക്കാര് (1:15,17)
5. ഒരു വര്ഷത്തില് പകുതി കാലയളവ് പട്ടണത്തിലും ശേഷമുള്ള കാലയളവ് ആടുമാടുകളോടൊപ്പവും ഇയ്യോബ് പാര്ത്തു.

B. ജ്ഞാന എഴുത്തുകളുടെ കാലഘട്ടത്താണ് ഈ പുസ്തകം എഴുതിയതെന്ന് സാഹിത്യശൈലി തെളിയിക്കുന്നു. ഇത് ദാവീദിന്റെ കാലം മുതല് യെഹൂദ്യാ രാജാക്കന്മാരുടെയും പ്രത്യേകാല്, യെഹെസ്കിയാവിന്റെയും കാലത്ത് എഴുതി.

C. ആര്.കെ. ഹാരിസണ്, ഈ പുസ്തകം B.C. 5-ാം നൂറ്റാണ്ടിന്റെ അവസാനത്തിനു മുമ്പ് എഴുതിക്കഴിഞ്ഞു എന്ന് വിശ്വസിക്കുന്നു.

## VI. ചരിത്ര പശ്ചാത്തലം

A. ഊസ് എന്ന സ്ഥലം എവിടെയെന്ന് വ്യക്തമല്ല. രണ്ട് വ്യത്യസ്ത അഭിപ്രായങ്ങള് ഉണ്ട്.
1. ഏദോം ദേശം
   a. ജ്ഞാനികളുടെ ദേശം എന്നറിയപ്പെടുന്നു, യിരെ. 49:7
   b. സ്നേഹിതരിലൊരാള് ഏദോമ്യനായ തേമാന്യനാണ്. ഏശാവിന്റെ ഒരു പിന്ഗാമിയുടെ പേരിലറിയപ്പെടുന്നു, ഉല്പ. 36:15
   c. ഹോര്യനായ സേയീരിന്റെ വംശപാരമ്പര്യമാണ് ഊസ്, ഉല്പ. 36:20-30. ഈ വ്യക്തികള് ഏദോം ദേശവുമായി ബന്ധമുള്ളവരാകുന്നു.
   d. വിലാപങ്ങള് 4:21 ല് ഊസ് ഏദോമായി രേഖപ്പെടുത്തിയിട്ടുണ്ട്.
2. അരാമ്യ പ്രദേശത്തില്
   a. അരാമ്യ സാഹിത്യശൈലിയും ഘടനയും ഇയ്യോബില് പ്രകടമാണ്.
   b. കല്ദയരുടെ സാന്നിദ്ധ്യം, 1:17
   c. ഉല്പത്തി 10:23 ല് ഊസ് അരാമുമായി ബന്ധിപ്പിച്ചിരിക്കുന്നു, ഉല്പ. 22:20-22
3. പാലസ്തീനിന്റെ കിഴക്കു വടക്കുള്ള ആരാം മുതല് തെക്കുള്ള ഏദോം വരെയുള്ള വിവിധ ഗോത്രങ്ങള് വ്യാപിച്ചു കിടക്കുന്ന ദേശമാണ് ഊസ്.

## VII. സാഹിത്യ ഏകകം

A. ഗദ്യ ആമുഖം (സ്വര്ഗ്ഗീയ ആലോചന), 1-2

B. ഇയ്യോബിന്റെ സ്നേഹിതര്, 3-37
1. ഇയ്യോബിന്റെ വിലാപം, 3
2. സംഭാഷണത്തിന്റെ മൂന്നു ഘട്ടങ്ങള്, 4-31
   a. ഒന്നാം ഘട്ടം, 4-14
      (1). എലീഫസ്, 4-5 (4).ഇയ്യോബ്, 9-10
      (2). ഇയ്യോബ്, 6-7 (5).സോഫര്, 11
      (3). ബില്ദാദ്, 8 (6).ഇയ്യോബ്, 12-14
   b. രണ്ടാം ഘട്ടം, 15-21
      (1). എലീഫസ്, 15 (4).ഇയ്യോബ്, 19
      (2). ഇയ്യോബ്, 16-17 (5).സോഫര്, 20
      (3). ബില്ദാദ്, 18 (6).ഇയ്യോബ്, 21
   c. മൂന്നാം ഘട്ടം, 22-31
      (1). എലീഫസ്, 22
      (2). ഇയ്യോബ്, 23-24
      (3). ബില്ദാദ്, 25
      (4). ഇയ്യോബ്, 26
      (5). ഇയ്യോബിന്റെ ഉപസംഹാരം, സംഭാഷണം, 27
      (6). ഗ്രന്ഥകര്ത്താവിന്റെ നിരൂപണം (ജ്ഞാനത്തിന്റെ മര്മ്മം, പുകഴ്ത്തല്), 28
      (7). ഇയ്യോബിന്റെ ആത്മഗത സംഭാഷണം
3. എലീഹൂവിന്റെ അഭിപ്രായങ്ങള്, 32-37
   a. ഗദ്യം, 32:1-5
   b. പദ്യം, 32:6-37:24

C. ഇയ്യോബിനോടുള്ള ദൈവത്തിന്റെ പ്രതികരണം, 38:1-42:6
   1. ദൈവം സൃഷ്ടാവെന്ന നിലയില് പ്രതികരിക്കുന്നു, 38-39
   2. ദൈവം ഒരു ന്യായാധിപന് എന്ന നിലയില് പ്രതികരിക്കുന്നു, 40:1-2,6-41:34
   3. ഇയ്യോബിന്റെ പശ്ചാത്താപം, 40:3-5; 42:1-6

D. ഗദ്യത്തിന്റെ ഉപസംഹാരം 42:7-17

## VIII. പ്രധാന സത്യങ്ങള്

A. നീതിമാന് അനുഗ്രഹിക്കപ്പെടും, ദുഷ്ടന് ശിക്ഷിക്കപ്പെടും എന്ന പാരമ്പര്യ ഉടമ്പടിയുടെ ഉപദേശം (ആവര്ത്ത. 27-29) വിലയിരുത്തുവാനാണ് ഈ പുസ്തകം എഴുതിയത്. ഈ യെഹൂദ്യാ പുരാതന ദൈവശാസ്ത്രമാണ് ഇയ്യോബിന്റെ മൂന്നു സ്നേഹിതരുടെ സംഭാഷണങ്ങളുടെ ആശയവിനിമയം. ഇയ്യോബിനെയും പ്രായമുള്ള മൂന്ന് സ്നേഹിതരെയും യൗവ്വനക്കാരനായ എലീഹൂ പരസ്യമായി ശാസിച്ചതും തിരുത്തിയതും പുരാതന പാരമ്പര്യത്തിനൊരു വെല്ലുവിളിയാണെന്നതും പ്രത്യേകം ശ്രദ്ധിക്കുക.

B. ദൈവം നീതിമാനാണെന്നും, ഇപ്പോഴോ (ഇയ്യോബിന്റെ പുനഃസ്ഥാപനം (42:10-17) അല്ലെങ്കില് പിന്നീടോ (14:7-17; 19:23-27) ദൈവം സകലവും ഭംഗിയായി നിവര്ത്തിക്കുമെന്ന് ഈ പുസ്തകം പഠിപ്പിക്കുന്നു.

C. വ്യക്തിപരമായ പാപങ്ങളുടെ ഫലമല്ല എല്ലാ കഷ്ടതകളും. ഇതാണ് സ്നേഹിതര് സ്ഥാപിച്ചത്. (4:7-11; 8:3-7; 11:13-15; 15:12-16; 22:21-30). ഇത് പാപത്തില് വീണതും അനീതിയുള്ളതുമായ ലോകമാണ്. ചിലപ്പോള് ദുഷ്ടന്മാര് അഭിവൃദ്ധിപ്പെടും (സങ്കീ. 73). ചിലപ്പോഴൊക്കെ നീതിമാന്മാര് കഷ്ടത അനുഭവിക്കും. ഇയ്യോബ് വിശ്വാസം ദൈവകരുണ അനുഭവിച്ചതിന് സാത്താന് കുറ്റപ്പെടുത്തുന്നു.

D. ഈ പുസ്തകം ആത്മീകതലത്തിന് കാഴ്ച നല്കുന്നു. മനുഷ്യന് നിശ്ചയിക്കപ്പെട്ട ഒരു പ്രതിയോഗി യുണ്ട്, ഒരു അപവാദി. ദൂതന്മാരെ വിചാരണ ചെയ്യുന്നു, ദൈവത്തിന്റെ അടിമയായി സാത്താനെ പഴയനിയമത്തില് കാണുന്നു (cf. A.B. Davidson, An Old Testament Theology, published by T & T Clark pp. 300-306.). സാത്താന് എന്ന നാമത്തിന് കൃത്യമായ വിവേചക ഭേദകം (adversary) ഉള്ളതിന്റെ കാരണം മനസിലാക്കാന് പ്രയാസമാണ്. ഇത് ഒരു നാമത്തിലുപരി ഒരു പ്രവര്ത്തനമാകുന്നു. വ്യത്യസ്ത സ്ഥലങ്ങളില് പ്രതിയോഗി എന്ന് സാത്താനെ അഭിസംബോധന ചെയ്യുന്നു.
   1. മനുഷ്യവ്യക്തി
      a. 1ശമുവേല് 29:4
      b. 2ശമുവേല് 19:22
      c. 1രാജാ. 5:4
      d. 1രാജാ. 11:14-22, 23-25
      e. സങ്കീ. 71:13
      f. സങ്കീ. 109:6,20,29
   2. ദൂതന്
      a. കര്ത്താവിന്റെ ദൂതന് - സംഖ്യാ. 22:21
      b. സാത്താന് - ഇയ്യോ. 1-2; 1ദിന. 21:13; സെഖ. 3:1-2

E. ഇയ്യോബിന്റെ കഷ്ടതയുടെ കാരണങ്ങള് ദൈവം ഇയ്യോബിന് വെളിപ്പെടുത്തിയിട്ടില്ല. ജീവിതം ഒരു മര്മ്മമാകുന്നു. വിവരങ്ങളെക്കാള് ദൈവാശ്രയത്തിനാകുന്നു പരമപ്രാധാന്യം.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. വാക്കുകളും പദപ്രയോഗങ്ങളും
   1. നിഷ്കളങ്കന്, 1:1; 2:3 (NASB & NIV)
   2. ദൈവപുത്രന്മാര്, 1:6; 2:1 ( NIV, ദൂതന്മാര്)
   3. ഓട്ടിന്കഷണം, 2:8 (NIV, "piece of broken pottery")
   4. പാതാളം, 7:9; 11:8 (NIV, "the grave")
   5. പോട്ടപ്പുല്ല്, 8:11 (NASB & NIV)
   6. രാഹാബ്, 9:13; 26:12-13 (NASB & NIV)
   7. നരകം, 26:6; 28:22; 31:12 (NIV, "Destruction")
   8. രക്ഷ - മറുവില, 33:24; 36:18 (NASB & NIV)
   9. ലിവ്യാഥാന്, 3:8; 41:1 (NASB & NIV)
   10. നദീഹയം, 40:15 (NASB & NIV)

11. തിയോഡസി

B. വ്യക്തികള്
1. "കിഴക്കുനിന്നുള്ള മനുഷ്യര്" ( NASB ) ( NIV "കിഴക്കിലെ എല്ലാ ജനങ്ങളും") 1:3
2. സാത്താന്, 1:6
3. ശെബായര്, 1:15
4. കല്ദയര്, 1:17
5. സര്വ്വശക്തന് (ഷഢായി), 6:4,14; 13:3; 22:3,26
6. എലീഹൂ, 32:2

## X. ഭൂപടസ്ഥാനങ്ങള്

1. ഊസ്, 1:1
2. തേമാന്, 4:1
3. ഏദോം

## XI. വിദ്യാര്ത്ഥികളുടെ ചര്ച്ചയ്ക്കുള്ള ചോദ്യങ്ങള്

1. ദൈവത്തെ ഭയപ്പെടുക എന്നാല് അര്ത്ഥം എന്ത്? 1:1,9; 28:28

2. ഇയ്യോബ് പാപരഹിതനായിരുന്നുവോ (നേരുള്ളവന്) ? 1:1; 8,22

3. "കിഴക്കിന്റെ മനുഷ്യര്" ആരെല്ലാമാണ്? 1:1

4. ഇയ്യോബ് തന്റെ കുടുംബത്തിന്റെ പുരോഹിതനായി പ്രവര്ത്തിച്ച വസ്തുത ഈ പുസ്തകം എഴുതിയ കാലഘട്ടം പരാമര്ശിക്കുന്നതെങ്ങനെ? 1:5

5. സ്വര്ഗ്ഗത്തില് ദൈവമുമ്പാകെ സാത്താന്റെ സാന്നിദ്ധ്യം - ഇതിന്റെ അര്ത്ഥമെന്ത്? 1:6-12

6. ഏതെല്ലാം വിധത്തിലാണ് സാത്താന് ദൈവമുമ്പാകെ ഇയ്യോബിനെ കുറ്റപ്പെടുത്തുന്നത്? 1:6-12; 2:1-6


7. 14:7-17 ഉം 19:23-29 ഉം ശരീരത്തോടുകൂടിയ പുനരുത്ഥാനം എന്ന വിഷയം പഠിപ്പിക്കുന്നുവോ? എന്തുകൊണ്ട്? അല്ലെങ്കില് എന്തുകൊണ്ടല്ല?

8. ദൈവം ഇയ്യോബിന്റെ ചോദ്യങ്ങള്ക്ക് ഉത്തരം നല്കുന്നുണ്ടോ?

9. ഇയ്യോബ് പാപം ചെയ്തതായി എപ്പോഴെങ്കിലും പഠിപ്പിക്കുന്നുണ്ടോ? 40:3-5; 42:1-6

10. ഇയ്യോബിന്റെ മൂന്ന് സ്നേഹിതര് എന്തുചെയ്യണമെന്നാണ് ദൈവം അരുളിചെയ്യുന്നത്? (42)

11. ഇയ്യോബിന്റെ നിഷ്ക്കളങ്കത ദൈവത്തിന്റെ സ്വഭാവവുമായി ബന്ധപ്പെട്ടതാണ് എന്ന് ഇയ്യോബ് പറയുന്നതെങ്ങനെ? 40:8


പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
S


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# സങ്കീര്ത്തനങ്ങള് - ഒരു ആമുഖം

## I. ഈ പുസ്തകത്തിന്റെ പേര്

A. എബ്രായഭാഷയില് "സ്തുതിഗീതങ്ങള്" അല്ലെങ്കില് "സ്തുതികള്" (ടെഹില്ലീം) എന്നു നാമകരണം ചെയ്തിരിക്കുന്നു. ഒട്ടുമിക്ക സങ്കീര്ത്തനങ്ങളും വിലാപങ്ങളോ അല്ലെങ്കില് പരാതികളോ ആകയാല് ഈ പേരുകള് നമ്മെ അത്ഭുതപ്പെടുത്താവുന്നതാണ്.

B. ഗ്രീക്ക്/യവനായ ഭാഷയില് (സെപ്റ്റുവജന്റ്) "പറിച്ചെടുക്കുക" എന്ന അര്ത്ഥത്തില് "സാല്മോസ്" (psalmos) എന്ന പേര് കൊടുത്തിരിക്കുന്നു. സങ്കീര്ത്തനങ്ങളുടെ ഈ യവനായ പദം, ലൂക്കോസ് 20:42; 24:44; അപ്പൊ.പ്രവൃത്തികള് 1:20 എന്നിവിടങ്ങളില് ഉപയോഗിച്ചിട്ടുണ്ട്. മുഴുവന് സങ്കീര്ത്തനങ്ങളും സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ പാടണമെന്ന അര്ത്ഥത്തിലല്ല, പ്രത്യുത; "സങ്കീര്ത്തനങ്ങള്" എന്ന മുഴുവന് പുസ്തകങ്ങളും LXX -ല് ഈ തലക്കെട്ടില് അറിയപ്പെട്ടു എന്നേയുള്ളൂ.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോനിലെ മൂന്നാം വിഭാഗമായ "എഴുത്തുകള്" എന്ന ഭാഗത്തിലാണ് "സങ്കീര്ത്തനങ്ങള്" ഉള്പ്പെട്ടിരിക്കുന്നത്. എബ്രായ കാനോനില് ഈ ഭാഗം ചുവടെ കൊടുത്തിരിക്കുന്നതു പോലെയാണ് രൂപീകരിച്ചിരിക്കുന്നത്:

1. ജ്ഞാന സാഹിത്യം
   a. ഇയ്യോബ്
   b. സങ്കീര്ത്തനങ്ങള്
   c. സദൃശവാക്യങ്ങള്
2. ഉത്സവ പുസ്തകങ്ങള് (മെഗില്ലോത്ത് - Megilloth)
   a. രൂത്ത്
   b. സഭാപ്രസംഗി
   c. ഉത്തമഗീതം
   d. വിലാപങ്ങള്
   e. എസ്ഥേര്
3. ചരിത്ര പുസ്തകങ്ങള്
   a. ദാനിയേല്
   b. എസ്രാ
   c. നെഹമ്യാവ്
   d. ദിനവൃത്താന്തങ്ങള്

B. ചാവുകടല് ചുരുളുകളിലും യവനായ ബൈബിളിലും (LXX) സങ്കീര്ത്തനങ്ങളെ ഒരു സമാഹാരമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

C. പഴയനിയമത്തില് നിന്നും മറ്റുപുസ്തകങ്ങളേക്കാള് ഏറ്റവും കൂടുതല് പുതിയനിയമത്തില് ഉദ്ധരിച്ചിട്ടു ള്ളത് സങ്കീര്ത്തനങ്ങളില് നിന്നാണ്.

## III. സാഹിത്യ ശൈലി

A. ഈ സാഹിത്യരൂപത്തില് പുരാതന പൗരസ്ത്യദേശത്തെ സാഹിത്യങ്ങളോട് സാമ്യമുണ്ട്. ബൈബിളിലെ സങ്കീര്ത്തനങ്ങള്ക്ക്, ബാബിലോണ്, ഈജിപ്ത്, കനാന് ദേശങ്ങളിലെ സ്തുതിഗീതങ്ങളുടെ രീതിയുമായി സാദൃശ്യമുണ്ട്. പണ്ഡിതന്മാര് കണ്ടെത്തിയ മറ്റു സമാന സാദൃശ്യങ്ങള് ഇവയാണ്:

1. സങ്കീര്ത്തനങ്ങള് 104:20-30 ഭാഗങ്ങളും ഈജിപ്തിലെ ആതോന് (Aton) ന്റെ സ്തുതിഗീതവും (B.C. 14-ാം നൂറ്റാണ്ട്)
2. സങ്കീര്ത്തനങ്ങള് 29-നു തുല്യമായിട്ടുള്ള ബാലിന്റെ സ്തുതിഗീതങ്ങളെ കാണാവുന്നതും ദേവന്റെ പേരൊഴികെ ഏതാണ്ട് ഒരുപോലെയുള്ളതെന്ന് മനസിലാക്കുകയും ചെയ്യാം.

B. ഉഗാറിത് പട്ടണത്തില് നിന്നും ലഭിച്ചിട്ടുള്ള രാസ് ഷമ്റ (Ugarit) എന്ന പുരാതന കൃതിയുടെ, പുരാവസ്തു കണ്ടെത്തലില് നിന്ന് കനാന്യ കാവ്യങ്ങളും നമ്മുടെ സങ്കീര്ത്തനങ്ങളും തമ്മിലുള്ള സാമ്യത്തെ വ്യക്തമാക്കുന്നു.

C. യിസ്രായേലിലെ പുരാതന സാഹിത്യരീതിയുടെ പകര്പ്പാണ് "സങ്കീര്ത്തനങ്ങ"ളുടേതെന്ന് വളരെ വ്യക്തമാണ്:
   1. മോശെയുടെ ഗീതം, പുറപ്പാട് 15:1-17.
   2. മിര്യാമിന്റെ ഗീതം, പുറപ്പാട് 15:21.
   3. യിസ്രായേലിന്റെ ഒരു ഗീതം, സംഖ്യാ. 21:17-18.
   4. ദെബോറയുടെ ഗീതം, ന്യായാധിപന്മാര് 5.
   5. ഹന്നായുടെ ഗീതം, 1ശമുവേല് 2:1-10.
   6. ശൂരന്മാരുടെ പുസ്തകത്തില് നിന്നുള്ള ധനുര്ഗീതം, 2ശമുവേല് 1:17-27.

D. മൂന്ന് പ്രധാന രീതികള്:
   1. സ്തുതി സങ്കീര്ത്തനങ്ങള്-"യഹോവയെ സ്തുതിപ്പിന്", "യഹോവയ്ക്കു സ്തോത്രം ചെയ്വീന്" തുടങ്ങിയ വാക്കുകളാല് ആരംഭിക്കുന്നവ.
   2. വിലാപ സങ്കീര്ത്തനങ്ങള് - "ദൈവമേ", "യഹോവേ" തുടങ്ങിയ സംബോധനാ വാക്കുകളാല് ആരംഭിക്കുകയും തുടര്ന്ന് അപേക്ഷയോ, പരാതിയോ രേഖപ്പെടുത്തിയിരിക്കുന്നവ.
   3. ജ്ഞാന സങ്കീര്ത്തനങ്ങള് - ജ്ഞാന സാഹിത്യം പോലെയുള്ള വിഭാഗത്തിലുള്ളവ.

## IV. എഴുത്തുകാരന്

A. ഒട്ടുമിക്ക സങ്കീര്ത്തനങ്ങളുടെയും പരമ്പരാഗതമായ കര്തൃത്വത്തെക്കുറിച്ച് അവയുടെ തലക്കെട്ടിലോ, ആരംഭത്തില് കൊടുത്തിരിക്കുന്ന വിവരണത്തിലോ കാണാം. പ്രധാനമായും രണ്ടു രീതികളില് ഇവയെ തിരിച്ചിരിക്കുന്നു.

   1. തലക്കെട്ടുകള് എബ്രായ തിരുവെഴുത്തുകളുടെ ഭാഗമായതിനാല് കാനോനികമാണ്. എന്നിരുന്നാലും, ചാവുകടല് ചുരുളുകളില് നിന്നും കണ്ടെത്തിയ സങ്കീര്ത്തനങ്ങളുടെ ചുരുളുകളില് തലക്കെട്ടുകളോ, മുകളെഴുത്തുകളോ ഉണ്ടായിരുന്നില്ല.
   2. ആത്മനിയോഗത്താല് എഴുതിയ എഴുത്തുകാരുമായി അവയ്ക്കു നേരിട്ടു ബന്ധമില്ലാത്തതിനാല്, അവയെ, നിയോഗസത്യങ്ങളായിട്ടല്ല, പുരാതന പാരമ്പര്യമായി കണ്ടാല് മതിയാകും. മറ്റു കാനോനിക ഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോള്, അവയില് രണ്ടെണ്ണം വിപരീതമായിരിക്കുന്നതായി കാണാം.
      a. സങ്കീര്ത്തനം 34-ന്റെ തലക്കെട്ടും 1ശമുവേല് 21:10 മുതലുള്ള വാക്യങ്ങളും
      b. സങ്കീര്ത്തനം 56-ന്റെ തലക്കെട്ടും 1ശമുവേല് 21:10 ഉം
   3. മറ്റൊരു പ്രശ്നം എബ്രായ ഭാഷയില് ഉപയോഗിച്ചിരിക്കുന്ന മുന്പദത്തിന് വ്യത്യസ്ത അര്ത്ഥ തലങ്ങള് ഉണ്ടെന്നുള്ളതാണ് ( the Hebrew preposition "of")
      a. അവനാല് എഴുതപ്പെട്ടു.
      b. അവനുവേണ്ടി എഴുതപ്പെട്ടു.
      c. അവന് എഴുതപ്പെട്ടത്.
      d. അവന്റെ കാലത്ത് എഴുതപ്പെട്ടു.
      e. അവന്റെ മേല്നോട്ടത്തില് എഴുതപ്പെട്ടു.

B. മെസ്സോറിട്ടിക് ലിഖിതങ്ങളില് കാണപ്പെടുന്ന ഗ്രന്ഥകര്തൃത്വത്തെക്കുറിച്ചുള്ള പരാമര്ശങ്ങള്:

   1. ദാവീദ്, (1ശമുവേല് 16:16-18), (MT മെസ്സോറിട്ടിക് ടെക്സ്റ്റ്) പറയുന്നത് 73 സങ്കീര്ത്തനങ്ങളുടെ എഴുത്തുകാരന്; സെപ്റ്റുവജന്റ് പറയുന്നത് 84 സങ്കീര്ത്തനങ്ങളുടെ എഴുത്തുകാരന്; വള്ഗേറ്റ് പറയുന്നത് 53 സങ്കീര്ത്തനങ്ങളുടെ എഴുത്തുകാരന് എന്നിങ്ങനെയാണ്.
   2. പേരറിയാത്തവ- 50 സങ്കീര്ത്തനങ്ങള്: 1,2,10,33,43,71,91,93-97,104-107,118-119,135,137,146-150.
   3. ആസാഫ്, ദാവീദിന്റെ സംഗീതസംഘത്തലവന് (1ദിന. 15:1617,16:5) 12 സങ്കീര്ത്തനങ്ങള്: 50,73-83.
   4. കോരഹ്പുത്രന്മാര്, ലേവിഗോത്രത്തിലെ സംഗീതക്കാരുടെ കുടുംബത്തില്പ്പെട്ടവര് (1ദിന. 9:19; 15:17) 11 സങ്കീര്ത്തനങ്ങള്: 42-49, 43 ഒഴികെ, 84-88, അതില് 86 ഒഴികെ.
   5. യെദൂഥൂന്, ലേവി സംഗീതസംഘത്തലവന്, (1ദിന. 16:41-42; 25:1-3; 2ദിന. 5:12) 3 സങ്കീര്ത്തനങ്ങള്: 39,62,77.
   6. ശലോമോന്, 2 സങ്കീര്ത്തനങ്ങള്: 72,127. "അവനാല്, അവനുവേണ്ടി, അവന്റെ, ഇക്കാലത്ത്, അല്ലെങ്കില്, അവന്റെ മേല്നോട്ടത്തില്" - ചമച്ചത്.
   7. മോശെ, 1 സങ്കീര്ത്തനം: 90
   8. എസ്രാഹ്യര് (1ദിന. 6:33; 15:17)
      a. ഏഥാന്, സങ്കീര്ത്തനം 89 (അബ്രാഹാം എന്നു ചിലര് ചിന്തിക്കുന്നു) 1ദിന. 15:17,19.
      b. ഹേമാന്, സങ്കീര്ത്തനം 88 (കോരഹിന്റെ മകന്) 1രാജാ. 4:31; 1ദിന. 4:31, 15:19.

C. യെഹൂദാ കൃതികളില് നിന്നും ഗ്രന്ഥകര്തൃത്വത്തെ കുറിച്ചുള്ള പരാമര്ശങ്ങള്:

1. ബാബ ബത്രാ (Baba Bathra) 14b "ദാവീദ് തന്റെ സങ്കീര്ത്തനങ്ങള് (10) പത്തു മൂപ്പന്മാരുടെ സഹായത്താല് ആണ് എഴുതിയത്. ആദ്യത്തെ ആദാം, മല്ക്കീസേദെക്ക്, അബ്രാഹാം, മോശെ, ഹേമാന്, യെദൂഥൂന്, ആസാഫ് കൂടാതെ കോരഹിന്റെ മൂന്നു പുത്രന്മാര്".
2. സന്നിദ്രിന് 38b (തല്മൂദ്) വിശേഷിപ്പിക്കുന്നത് സങ്കീര്ത്തനം 139-ന് ആദാമിനും, സങ്കീര്ത്തനം 110 മല്ക്കീസേദെക്കിനും ആണ്.

D. സെപ്റ്റുവജന്റ് വിശേഷിപ്പിക്കുന്നത് (സങ്കീര്ത്തനങ്ങളെ) യിരെമ്യാവ്, യെഹസ്ക്കേല്, ഹഗ്ഗായി, സെഖര്യാവ് എന്നിവരോടാണ് (112, 126, 127, 137, 146-149).

## V. എഴുതിയ കാലം

A. സങ്കീര്ത്തനങ്ങളുടെ എഴുതിയ കാലഘട്ടം കണ്ടുപിടിക്കുവാന് രണ്ടു കാരണങ്ങളാല് ബുദ്ധിമുട്ടാണ്:
   1. വ്യക്തിഗത സങ്കീര്ത്തനങ്ങള് എഴുതുന്നതിനു പ്രത്യേകമായ സാഹചര്യം കാരണമായിട്ടുണ്ട്.
   2. സങ്കീര്ത്തനങ്ങളെ സമാഹരിക്കപ്പെട്ട കാലക്രമം അനുസരിച്ച് അഞ്ചു പുസ്തകങ്ങളായി തിരിച്ചിരിക്കുന്നു.

B. യിസ്രായേല് മക്കളുടെ ജീവിതവുമായി ബന്ധപ്പെട്ട മുഴുവന് കാലഘട്ടങ്ങളെയും ഉള്ക്കൊള്ളുന്ന കവിതകളും ഈ സങ്കീര്ത്തനങ്ങളില് ഉള്പ്പെടുത്തിയിട്ടുണ്ട്:
   1. യെഹൂദ പാരമ്പര്യം പറയുന്നതനുസരിച്ച്:
      a. സങ്കീര്ത്തനം 139 - ആദാം എഴുതി.
      b. സങ്കീര്ത്തനം 110 - മല്ക്കീസേദെക്ക് എഴുതി.
      c. സങ്കീര്ത്തനം 89 - അബ്രാഹാം എഴുതി.
      d. സങ്കീര്ത്തനം 90 - മോശെ എഴുതി.
   2. ആധുനിക പണ്ഡിതന്മാര് ചേര്ന്ന് സങ്കീര്ത്തനങ്ങളെ മൂന്നു പ്രധാന കാലഘട്ടങ്ങളിലായി തിരിച്ചിരിക്കുന്നു:
      a. പ്രവാസത്തിനു മുമ്പുള്ളത് (സങ്കീര്ത്തനങ്ങളിലെ 1, 2, 4 എന്നീ പുസ്തകങ്ങള്)
      b. പ്രവാസകാലം (മൂന്നാം പുസ്തകം)
      c. പ്രവാസത്തിനു ശേഷമുള്ളത് (അഞ്ചാം പുസ്തകം)

C. സംഭവങ്ങളുടെ ക്രമമനുസരിച്ച്, ധാരാളം സങ്കീര്ത്തനങ്ങള് ദാവീദുമായി ബന്ധപ്പെട്ടതാണ്:
   1. ദാവീദ് ഒരു ഗാനരചയിതാവും സംഗീതോപകരണ വായനക്കാരനും ഗായകനും ആയിരുന്നു (1ശമുവേല് 16:16-18).
   2. ദാവീദ് ഒരു ലേവി സംഗീതസംഘത്തിനു നേതൃത്വം കൊടുക്കുകയും ആലയത്തിലെ ഗായക സംഘത്തെ രൂപീകരിക്കുകയും ചെയ്തു (1ദിനവൃത്താന്തം 15:1; 16:43; 25:1-31; 2ദിനവൃത്താന്തം 29:25-30).
   3. സങ്കീര്ത്തനങ്ങളിലെ ആദ്യ രണ്ടു പുസ്തകങ്ങള് ദാവീദുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നു (സങ്കീര്ത്തനം 72:20).
   4. സങ്കീര്ത്തനപുസ്തകത്തിലെ അഞ്ചു വിഭാഗങ്ങളിലും ദാവീദിന്റെ സങ്കീര്ത്തനങ്ങള് കാണുന്നുണ്ട്.

## VI. സങ്കീര്ത്തനപുസ്തകത്തിന്റെ രൂപഘടന

A. പൊതുവായ പ്രപാദ്യമോ, ക്രമമായ രൂപമോ ഇല്ല. എന്നാലും ചില കാര്യങ്ങള് ശ്രദ്ധിക്കാം:
   1. ഒരു പൊതുവായ അവതരണം (നീതിമാന്റെ സവിശേഷതകള്) സങ്കീര്ത്തനം 1-ഉം ഒരുപക്ഷേ 2-ഉം.
   2. അഞ്ചു വിഭാഗങ്ങളിലെയും അവസാനഭാഗം ദൈവത്തെ സ്തുതിച്ചുകൊണ്ടുള്ളതായിരിക്കും. (doxology) 41:13; 72:18-19; 89:52; 106:48.
   3. ഒരു പൊതുവായ ദൈവസ്തുതിഗീതം - സങ്കീര്ത്തനം 150.

B. അഞ്ചു പുസ്തകങ്ങളുടെയും സവിശേഷതകള്:
   1. ഒന്നാം പുസ്തകം - സങ്കീര്ത്തനങ്ങള് 1-41.
      a. നാലെണ്ണമൊഴികെ ബാക്കിയെല്ലാം ദാവീദിന്റെ സങ്കീര്ത്തനങ്ങളാണ് (1, 2, 10, 33) എന്ന് ഉറപ്പാണ്.
      b. "യഹോവ" എന്ന പദം ദൈവം എന്നതിനു പകരം 273 പ്രാവശ്യവും "ഏലോഹീം" എന്ന് 15 പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ട്.
      c. ഒരുപക്ഷെ, ശൗലുമായുള്ള യുദ്ധകാലഘട്ടത്തില് ദാവീദ് എഴുതിയ സങ്കീര്ത്തനങ്ങളാകാം.
   2. രണ്ടാം പുസ്തകം - സങ്കീ. 42-72 (72:20 എഴുത്തുകാരനെ കുറിച്ചിരിക്കുന്നു).
      a. കോരഹ്പുത്രന്മാരുടെ സങ്കീര്ത്തനങ്ങള് 42-49 (43 ഒഴികെ)
      b. ദൈവത്തെക്കുറിക്കുന്ന "ഏലോഹീം" എന്ന വാക്ക് 164 പ്രാവശ്യവും "യഹോവ" എന്നത് 30 പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ട്.
      c. ഒരുപക്ഷെ ദാവീദ് രാജാവായിരുന്ന കാലഘട്ടങ്ങളില് എഴുതിയവ ആകാം.

3. മൂന്നാം പുസ്തകം - സങ്കീ. 73-89.
   a. ആസാഫ് - സങ്കീ. 73-83
   b. കോരഹ്പുത്രന്മാര് - സങ്കീ. 84-88 (86 ഒഴികെ)
   c. 26 സങ്കീര്ത്തനങ്ങള് ദാവീദിനോടു ചേര്ന്നു നില്ക്കുന്നു.
   d. "യഹോവ" എന്ന നാമം 44 പ്രാവശ്യവും "ഏലോഹീം" എന്നത് 43 പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ട്.
   e. അസീറിയയുമായുള്ള പ്രതിസന്ധിഘട്ടത്തില് എഴുതപ്പെട്ടവയെന്നു കരുതുന്നു.
4. നാലാം പുസ്തകം - സങ്കീ. 90-106.
   a. ദാവീദ് - സങ്കീ. 101, 103
   b. മോശെ - സങ്കീ. 90
   c. പേരറിയാത്ത മറ്റെല്ലാ എഴുത്തുകാര്
   d. "യഹോവ" എന്ന നാമം 104, "ഏലോഹീം" 7 പ്രാവശ്യം.
   e. ഒരുപക്ഷെ, ബാബിലോണിയന് പ്രവാസത്തില് എഴുതപ്പെട്ടവയെന്ന് കരുതുന്നു.
5. അഞ്ചാം പുസ്തകം - സങ്കീ. 107-150.
   a. തിരുവെഴുത്തിലെ ദൈര്ഘ്യമേറിയ പദസമസ്യയായി 119-ാം സങ്കീര്ത്തനത്തെ കാണുന്നു.
   b. "യഹോവ" എന്നത് 236, "ഏലോഹീം" എന്നത് 7 പ്രാവശ്യവും കാണാം.
   c. 146 മുതല് 150 വരെയുള്ള സങ്കീര്ത്തനങ്ങള് "യഹോവയെ സ്തുതിപ്പിന്" എന്നു തുടങ്ങുന്നവയും ഇവയെ സ്തുതി സങ്കീര്ത്തനങ്ങള് എന്നു വിളിക്കുകയും ചെയ്യുന്നു.
   d. ഒരുപക്ഷെ, ഈ സങ്കീര്ത്തനങ്ങള്, ദൈവീകമായ ഭാവിയിലെ അനുഗ്രഹങ്ങളെക്കുറിച്ചുള്ള പ്രത്യാശയാണ് കുറിച്ചിരിക്കുന്നത്.

C. സങ്കീര്ത്തനങ്ങളുടെ സംഖ്യാക്രമീകരണത്തിലുള്ള വ്യത്യാസം
1. MT MSS
   a. ബെറാക്കോത്ത് 9ബി - ഒന്നും രണ്ടും സങ്കീര്ത്തനങ്ങളെ ഒന്നായി കരുതി.
   b. ശബത്ത് 16 - യാക്കോബിന്റെ ആയുഷ്ക്കാലത്തിന് ഒത്തവണ്ണം സങ്കീര്ത്തനങ്ങള് 147 എണ്ണം മാത്രം.
2. LXX (സെപ്റ്റുവജന്റ്)
   a. സങ്കീ. 9 ഉം 10 ഉം കൂട്ടിച്ചേര്ത്ത് ഏക പദസമസ്യയായി രേഖപ്പെടുത്തിയിരിക്കുന്നു.
   b. സങ്കീ. 114 ഉം 115 ഉം ചേര്ത്ത് ഒരു ഹല്ലേല് സങ്കീര്ത്തനമായി ചേര്ത്തിരിക്കുന്നു.
   c. സങ്കീര്ത്തനങ്ങള് 116, 147 എന്നിവയെ രണ്ടുവീതമായി തിരിച്ചെഴുതിയിരിക്കുന്നു.
3. പഴയ സിനഗോഗിലെ വാര്ഷിക തിരുവെഴുത്തു വായനാ ചക്രത്തിനോടു ബന്ധപ്പെട്ടാവാം സങ്കീര്ത്തനങ്ങളുടെ എണ്ണമെന്ന് കരുതുന്നു.

D. ഈ സങ്കീര്ത്തനങ്ങളെ ഗ്രൂപ്പുകളായി തിരിക്കുന്ന രീതിക്ക് ഒരു മാതൃക:
1. വ്യക്തമായ ചിന്താവിഷയമോ പ്രമേയമോ അനുസരിച്ച്
   a. സ്തുതിഗീതങ്ങള്
      (1). സ്രഷ്ടാവ് എന്ന നിലയില് ദൈവത്തിന് - 8, 19, 104, 139, 148.
      (2). ദൈവത്തോടുള്ള ബന്ധത്തില് പൊതുവായി - 33, 103, 113, 117, 134-136, 145-147.
   b. നന്ദി പറച്ചില് പ്രമേയമായവ:- 9-10, 11, 16, 30, 32, 34, 92, 116, 138.
   c. വിലാപങ്ങള്, മരണഗീതങ്ങള്, പരാതികള്:
      (1). ഏകീകൃതമായവ - 12, 14, 44, 53, 58, 60, 74, 49, 80, 83, 85, 89, 90, 94, 106, 123, 126, 137.
      (2). വ്യക്തിഗതമായവ - 3-7, 13, 17, 22, 25-28, 31, 35, 38-43, 69-71, 86, 88, 102, 109, 120, 130, 139-143.
   d. രാജാധിപത്യ ഗീതങ്ങള്
      (1). ദൈവമാണ് രാജാവ് (രാജാവായ ദൈവം) - 47; 93; 96-99.
      (2). യിസ്രായേലിന്റെ രാജാവ് അഥവാ മശിഹാ - 2, 18, 20, 21, 45, 72, 89, 101, 110.
   e. സീയോനെക്കുറിച്ചുള്ള ഗീതങ്ങള്:- 46, 48, 76, 84, 87, 112.
   f. ആരാധനാക്രമ ഗീതങ്ങള്
      (1). ഉടമ്പടി പുതുക്കല് - 50, 81.
      (2). പുരോഹിത അനുഗ്രഹങ്ങള് - 134.
      (3). ആലയത്തെക്കുറിച്ചുള്ളത് - 15, 24, 68.
   g. ജ്ഞാനാത്മകമായവ - 36, 37, 49, 73, 111, 112, 127, 128, 133.
   h. യഹോവയുടെ വിശ്വസ്തതയെക്കുറിച്ചുള്ള വിശ്വാസത്തെക്കുറിക്കുന്നവ - 11, 16, 23, 62, 63, 91, 121, 131.
   i. വിഗ്രഹാരാധനയെയും അന്യദൈവത്തെയും തെറ്റാണെന്ന് വിധിക്കുന്നവ - 82, 115.
2. ഗ്രന്ഥകര്ത്താവ്/എഴുത്തുകാരന് അല്ലെങ്കില് കേന്ദ്രകഥാപാത്രം മൂലം വിഭാഗിച്ചവ:
   a. "യഹോവ" എന്ന നാമം കൂടുതലായി കാണപ്പെടുന്ന ദാവീദിന്റെ സങ്കീര്ത്തനങ്ങള് - 1-41

b. “ഏലോഹീം” എന്ന ദൈവനാമം കൂടുതലായി ഉപയോഗിച്ചിരിക്കുന്ന ദാവീദിന്റെ സങ്കീര്ത്തനങ്ങള് - 51-72.
c. ദാവീദിന്റെ സംഗീത വിഭാഗത്തിലുണ്ടായിരുന്ന ലേവ്യരായ സംഗീതജ്ഞര് പാടിയ സങ്കീര്ത്തനങ്ങള്.
    (1). കോരഹ് പുത്രന്മാര്, സങ്കീ. 42-49, 84-88.
    (2). ആസാഫ്, തന്റെ പുത്രന്മാര്, സങ്കീ. 73-83.
d. സ്തുതിസ്തോത്രം അര്പ്പിക്കുന്നവര്, സങ്കീ. 111-118, 140-150.
e. യെരൂശലേമില്, ഉത്സവദിനത്തില് പാടി ആരാധിക്കുന്ന ഗീതങ്ങള്, 120-134.
3. യിസ്രായേല് ചരിത്രവുമായി ബന്ധപ്പെട്ട കാലസംഭവങ്ങള് അല്ലെങ്കില് ചരിത്രങ്ങളുള്ളവ, സങ്കീ. 14, 44, 46-48, 53, 66, 68, 74, 76, 79, 80, 83, 85, 87, 108, 122, 124-126, 129.

E. അനുബന്ധ സങ്കീര്ത്തനങ്ങള്
1. സങ്കീ. 14 ഉം 53 ഉം, ദൈവത്തിന്റെ നാമങ്ങള് ഒഴികെ എല്ലാ വാക്യങ്ങളും ഒരുപോലെയാണ്.
    a. സങ്കീ. 14-ല് യഹോവ എന്നു പറഞ്ഞിരിക്കുന്നു.
    b. സങ്കീ. 53-ല് ഏലോഹീം/ദൈവം എന്നും രേഖപ്പെടുത്തിയിരിക്കുന്നു.
2. സങ്കീ. 103 ഉം 104 ഉം തമ്മില് ബന്ധപ്പെട്ടിരിക്കുന്നു.
    a. ആരംഭവും അവസാനവും ഒരുപോലെയാണ്.
    b. സങ്കീ. 103-ല് യഹോവയെ രക്ഷിതാവും വീണ്ടെടുപ്പുകാരനുമായി ചിത്രീകരിച്ചിരിക്കുന്നു.
    c. സങ്കീ. 104-ല് ഏലോഹീം/ദൈവത്തെ സ്രഷ്ടാവും പുലര്ത്തുന്നവനുമായി ചിത്രീകരിച്ചിരിക്കുന്നു.
3. സങ്കീ. 32 ഉം 51 ഉം ദാവീദിന്റെ ബേത്ത്ശേബയുമായുള്ള പാപവുമായി ബന്ധപ്പെട്ട സങ്കീര്ത്തനങ്ങളാണ്.
4. സങ്കീ. 57:1-11 വരെയും സങ്കീ. 60:5-12 വരെയും ചേര്ന്നുള്ള 108-ാം സങ്കീര്ത്തനം.
5. 18-ാം സങ്കീര്ത്തനം 2ശമുവേല് 21:1-51 വരെയുള്ള വാക്യങ്ങളില് ആവര്ത്തിക്കുന്നത് കാണുന്നു.

F. എന്തുകൊണ്ടാണ് അഞ്ചു പുസ്തകങ്ങളായി 150 സങ്കീര്ത്തനങ്ങള്?
1. ശബത്തു ദിവസങ്ങളില്, പൊതുജനത്തിനുവേണ്ടി വായിക്കാറുള്ള 150 സിനഗോഗ് നിയമങ്ങള്ക്കു സമാനമാണ് 150 സങ്കീര്ത്തനങ്ങള് എന്നു കരുതുന്നു.
2. മോശെയുടെ പഞ്ചഗ്രന്ഥങ്ങള്ക്കു തുല്യമായിട്ടായിരിക്കാം അഞ്ചു സങ്കീര്ത്തന പുസ്തകങ്ങ ളെന്നും കരുതുന്നു.

## VII. സങ്കീര്ത്തനങ്ങളിലെ സംഗീതവുമായി ബന്ധപ്പെട്ട പദങ്ങള്

A. സങ്കീര്ത്തനങ്ങളിലെ വിവിധ രീതികളെ പ്രതിപാദിക്കുന്ന ചില സംഗീത പദങ്ങള്:
1. "മിസ്മോര്" (MIZMOR) “പറിച്ചെടുക്കുക” എന്ന അര്ത്ഥത്തില് രേഖപ്പെടുത്തിയിരിക്കുന്ന ഈ സങ്കീര്ത്തനങ്ങള് പാടുമ്പോള് ഏതെങ്കിലും സംഗീതോപകരണങ്ങളുടെ അകമ്പടിയുണ്ടായിരിക്കും. അത്തരം 57 സങ്കീര്ത്തനങ്ങള് ഉണ്ട്.
2. "ഷിര്" (SHIR) എന്നത് എല്ലാത്തരം ഗീതങ്ങളെയും ഉള്ക്കൊണ്ടു കൊള്ളുന്നതാണ്. അത്തരം 30 സങ്കീര്ത്തനങ്ങള് ഉണ്ട്.
3. മഷ്കില്/മസ്കില് (MASCHIL or MASKIL) ഇവ പ്രത്യേകമായ നിപുണതയോ, അല്ലെങ്കില് പഠിപ്പിക്കുന്ന തരം സങ്കീര്ത്തനങ്ങളെയാണ്. അത്തരം 30 സങ്കീര്ത്തനങ്ങളുണ്ട്.
4. മിക്താം (MITCHTAM or MITKHTAM) ഇതിന്റെ ശരിയായ അര്ത്ഥം ഇന്നുമറിയില്ല. എബ്രായഭാഷയിലെ മൂലപദവുമായി ബന്ധപ്പെട്ട്, “സുവര്ണ്ണ” അല്ലെങ്കില് “വിലയേറിയ” എന്നര്ത്ഥമാക്കുന്നു. "അക്കാഡിയന്" മൂലപദത്തില് നിന്നും "മറഞ്ഞിരിക്കുന്നത്" "പ്രസിദ്ധീകരിക്കാത്തത്" എന്നും “അറേബ്യ” മൂലപദത്തില് നിന്ന് "പാപപരിഹാരം" അല്ലെങ്കില് "ക്ഷമ" എന്നും അര്ത്ഥം ലഭിക്കുന്നു. അപ്രകാരം 6 സങ്കീര്ത്തനങ്ങള് ഉണ്ട്.
5. പലാല് (PALAL) അഥവാ പ്രാര്ത്ഥന. ഒന്നും രണ്ടും സങ്കീര്ത്തനപുസ്തകങ്ങളില് കാണുന്ന ദാവീദിന്റെ സങ്കീര്ത്തനങ്ങളും (cf. സങ്കീര്ത്തനം 72:20) മറ്റിതര സങ്കീ.ഉം 17, 86, 90, 102, 142 കൂടാതെ 122.

B. സങ്കീര്ത്തനങ്ങള് പാടുന്നതിനും വാദ്യോപകരണങ്ങള് ഉപയോഗിക്കുന്നതിനും സഹായകമായപദങ്ങള്.
1. “സേലാ” എന്ന പദം “39” സങ്കീര്ത്തനങ്ങളിലായി “71” പ്രാവശ്യവും “ഹബക്കൂക്ക്” 3:3,9,13 എന്നിവിടങ്ങളിലും കാണുന്നു. എന്നാല് ഇതിന്റെ യഥാര്ത്ഥ അര്ത്ഥം എന്തെന്ന് നിശ്ചയമില്ല. എന്നിരുന്നാലും ചില സിദ്ധാന്തങ്ങള് അനുമാനങ്ങളായുണ്ട്.
    a. “സെപ്റ്റുവജന്റ്” നല്കുന്നത്, ഇവ ഒരു ഇടവേളയോ അല്ലെങ്കില് നാടകീയമായ സ്വാധീനം ചെലുത്തേണ്ടതിനോ ഉള്ള വാക്ക് എന്നാണ്.
    b. എബ്രായ മൂലപദം "ഉയര്ത്തുക" എന്നതാകയാല്, ഒരാളുടെ വിശിഷ്ടഗുണത്തെയോ, അല്ലെങ്കില് ഒരു കാര്യത്തിന്റെ അര്ത്ഥമഹത്വത്തെയോ ഇത് വെളിപ്പെടുത്തുന്നു.

c. “റബ്ബി”യുടെ അഭിപ്രായത്തില്, ഇത് “ആമേന്” അല്ലെങ്കില് “എന്നെന്നേയ്ക്കുമുള്ള” എന്നതു പോലെ ഒരു സമ്മതാര്ത്ഥം കുറിക്കുന്ന വാക്ക് എന്നാണ്.

2. "ഷിഗ്ഗായിയോണ്" (SHIGGAION or SHIGIONOTH) എന്നത് വിലാപത്തെയോ, വിലാപഗാന ത്തെയോ കുറിക്കുന്നതാണ്. സങ്കീ. 7, ഹബക്കൂക്ക് 3 എന്നിവിടങ്ങളില് ഉപയോഗിച്ചിട്ടുണ്ട്. വളരെ വികാരാധീനമായ അര്ത്ഥതലങ്ങളുള്ള കാവ്യങ്ങളാണിവ.
3. "നെഗിനോത്ത്" എന്നാല് "കമ്പിവാദ്യങ്ങളാല്" എന്നര്ത്ഥത്തില് 6 പ്രാവശ്യവും ഹബക്കൂക്ക് 3:19 ലും ഉപയോഗിച്ചിരിക്കുന്നു.
4. "ഷെമിനിത്ത്" (SHEMINITH) രണ്ടുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. "എട്ടു പാദമുള്ള പദ്യം"എന്നും "എട്ടില്" എന്നും അര്ത്ഥമാക്കുന്നു. "അലാമോത്ത്" എന്ന പദത്തിനു വിപരീതമാകയാല്, “പുരുഷസ്വരമായി” കരുതുന്നു (1ദിന. 15:21).
5. അലമോത്ത് (ALAMOTH) 4 പ്രാവശ്യം കാണുന്നു. ഇത് “സംഗീതത്തിലെ സ്ത്രീകളുടെ ഉച്ചസ്വരം” എന്നതിനെ കുറിക്കുന്നു (1ദിന. 15:20).
6. “മെഗിലോത്ത്” എന്നത് ഒരുവേള ഉപയോഗിച്ചിരിക്കുന്നു. ഒരു സംഗീതോപകരണത്തെ ഉദ്ദേശിച്ചുള്ളതാണ് (wind instruments) Ex: വീണ, കുഴല്.
7. ഗിറ്റീത്ത് (GITTITH) 3 പ്രാവശ്യം ഉണ്ട്, ഒരുതരം വീണയെ ഉദ്ദേശിച്ചിരിക്കുന്നു.
8. ഈണത്തെ കുറിക്കുന്ന ധാരാളം പ്രതിപാദ്യങ്ങള് നമുക്കു കാണാവുന്നതാണ്. സങ്കീ. 9, 22, 45, 53, 56, 57-59,60, 62, 69, 75, 77, 80 & 88.

## VIII. സങ്കീര്ത്തനങ്ങളുടെ ഉദ്ദേശ്യം

A. ജീവിതകാലം മുഴുവനും ദൈവവുമായുള്ള ഉടമ്പടിയാല് ബന്ധിതമാണെന്ന് യിസ്രായേല് വിശ്വസിച്ചിരുന്നു. ദൈവത്തോട്, മനുഷ്യരുടെ ആഴമേറിയ, ചിന്താഗതികള് പ്രകടിപ്പിക്കുവാന് അവര് സങ്കീര്ത്തനങ്ങള് പാടി.

B. യിസ്രായേല്, ഏകനും, വ്യക്തിപരവും കരുതുന്നവനുമായ ദൈവത്തില് വിശ്വസിച്ചു. വിശ്വാസം എന്നത് മതാനുഷ്ഠാനമോ, എഴുതപ്പെട്ടവയോ അല്ല, വ്യക്തിപരവും ദിനംതോറുമുള്ള അനുഭവവുമാണ്. ഈ സങ്കീര്ത്തനങ്ങളുടെ കാവ്യരൂപം ഒരുവന് തന്റെ ദൈവഭക്തിയെ പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യമാണ്. പഴയനിയമ കേന്ദ്ര കഥാപാത്രം ദൈവം മാത്രമാണ്.

C. സ്വകാര്യമായ വിശ്വാസത്തിന്റെ വ്യക്തിപരമായ പ്രകടനങ്ങള് മാത്രമായിരുന്നിരിക്കാം ഓരോ സങ്കീര്ത്തനങ്ങളും എന്നാല് പിന്നീടവ വിശ്വാസ സമൂഹത്തിന്റേതായി മാറി (സങ്കീ. 23; 139 etc.).

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും.

### A. പദങ്ങളും ഉപവാക്യങ്ങളും

1. "നീക്കിവെക്കുക" (കാദോഷ്) 4:3 (NASB & NIV)
2. "ആശ്രയം" (എമെത്ത്) 4:5 (NASB & NIV)
3. "നിന്റെ വഴിയെ നിരപ്പാക്കുക" 5:8 (NASB & NIV)
4. "കാരുണ്യം" (ഹേസെദ്) 6:4 (NIV, "പൂര്ണ്ണമായും ആശ്രയിക്കാവുന്ന സ്നേഹം")
5. "മനം തിരിയുക" 7:12 (NIV, "മനസ്സലിയുക")
6. "മനുഷ്യപുത്രന്" 8:4 (NASB & NIV)
7. "രക്ഷ" 9:14 (NASB & NIV)
8. "കുഴി" 9:15 (NASB & NIV)
9. "പാനപാത്രം" 11:6; 75:8 (NIV, "ഓഹരി")
10. "നീതി" 15:2 (NIV, "നീതി")
11. "കെരൂബ്" 18:10 (NIV, "കെരൂബിയം")
12. "മാന്പേട കാല് പോലെ" 18:33 (NIV, "മാനിന്റെ കാലുകള്")
13. "വീണ്ടെടുപ്പുകാരന്" 19:14 (NASB & NIV)
14. "നറുക്ക്" 22:18 (NASB & NIV)
15. "മരണനിഴലിന് താഴ്വര" 23:4 (NASB & NIV)
16. "അങ്ങയുടെ ചിറകിന്കീഴില്" 57:1; 91:4 (NASB & NIV)
17. "രട്ടുശീല" 69:11 (NASB & NIV)
18. "ജീവന്റെ പുസ്തകം" 69:28; 139:16 (NASB & NIV)
19. "വഴുവഴുപ്പ്" 73:18 (NIV, "വഴുതുന്ന സ്ഥലം")
20. "ദുഷ്ടന്മാരുടെ കൊമ്പ്" 75:10 (NASB & NIV)
21. "പൂജാഗിരി/ഉന്നതസ്ഥലം" 78:58 (NASB & NIV)
22. "രഹബ്" 89:10 (NASB & NIV)
23. "ഛേദിച്ചുകളയുക" 118:10,11,12 (NASB & NIV)
24. "മൂലക്കല്ല്" 118:22 (NIV, "മൂലക്കല്ല്")

25. "യാഗപീഠത്തിന്റെ കൊമ്പുകള്" 118:27 (NASB & NIV)

B. വ്യക്തികള്:


1. "സൈന്യങ്ങളുടെ യഹോവ" 24:10 (NIV, "സര്വ്വശക്തനായ ദൈവം")
2. യെഥുദൂന്, 62 പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു. (NASB & NIV)
3. യിശ്മായേല്യര്, 83:6 (NASB & NIV)
4. മല്ക്കീസേദെക്ക്, 110:4 (NASB & NIV)


## X. ഭൂപട സ്ഥാനങ്ങള്

1. സീയോന്, സങ്കീ. 2:6
2. ബാശാന്, 22:12
3. കാദേശ്-ബര്ന്ന, 29:8 (NIV, "കാദേശ്")
4. ഹെര്മ്മോന് മല, 42:6 (NIV, "ഹെര്മ്മോന് കുന്നുകള്")
5. ശീലോവ്, 78:60
6. താബോര് മല, 89:12
7. ബാല്-പെയോര്, 106:28 (NIV, "പെയോറിലെ ബാല്")

## XI. വേദവിദ്യാര്ത്ഥികളുക്കുള്ള ചോദ്യങ്ങള്

1. എന്തുകൊണ്ടാണ് രണ്ടാം സങ്കീ. മിശിഹാ സങ്കീര്ത്തനം അഥവാ പൊതുവിലുള്ള/ആഗോളമായ സങ്കീ. എന്നു പറയുന്നത്?
2. സങ്കീ. 18:1-2 വാക്യങ്ങളില് ദൈവത്തെക്കുറിച്ച് വിവരിച്ചിരിക്കുന്ന വിവിധ രൂപകാലങ്കാരങ്ങള് വിവരിക്കുക.
3. സങ്കീ.19-ല് പ്രതിപാദിക്കുന്ന രണ്ടു വെളിപ്പാടുകള് ഏവ, വിശദമാക്കുക.
4. സങ്കീ. 22-ല് രേഖപ്പെടുത്തിയിരിക്കുന്ന പ്രാവചനിക ദര്ശനങ്ങള് എന്തെല്ലാം?
5. സങ്കീ. 32, 51 എന്നിവയുടെ പശ്ചാത്തലം വിവരിക്കുക.
6. സങ്കീ. 38 നിങ്ങളുടെ സ്വന്ത വാക്യങ്ങളില് വ്യാഖ്യാനിക്കുക.
7. സങ്കീ. 42:1-ലെ രൂപകാലങ്കാരത്തെ വിശദമാക്കുക.
8. സങ്കീ. 51:11-12 എന്തിനെക്കുറിച്ചു പ്രതിപാദിക്കുന്നുവെന്ന് വിവരിക്കുക.
9. "യഹോവ ഭക്തി" എന്നതുകൊണ്ട് എന്താണ് അര്ത്ഥമാക്കുന്നത്? 67:7
10. സങ്കീ. 73-ലെ ജീവിത പ്രതിസന്ധിയെക്കറിച്ച് പറയുന്ന കാര്യം വിശദമാക്കുക.
11. സങ്കീ. 119-ന്റെ ഘടനാവൈഭവം എന്ത്? ഇതിലെ പൊതുവിഷയം എന്ത്?
12. സങ്കീ. 139 കൈകാര്യം ചെയ്യുന്ന ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങള് ഏവ?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# സദൃശവാക്യങ്ങള് - ഒരു ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. എബ്രായഭാഷയില് ഈ പുസ്തകത്തിലെ ആദ്യ ഏഴു വാക്യങ്ങളാണ് തലക്കെട്ടായുപയോഗിച്ചിരിക്കുന്നത്. ഏഴാം വാക്യം ഇതിലെ ചിന്താവിഷയമായും കാണുന്നു.

B. "സെപ്റ്റുവജന്റില്" ഇതിനെ "ശലോമോന്റെ സദൃശവാക്യങ്ങള്" എന്നാണ് വിളിച്ചിരിക്കുന്നത്.

C. "വള്ഗേറ്റ്" വിവര്ത്തനത്തില് ഇതിനെ "കടങ്കഥകളുടെ പുസ്തകം" എന്നു നാമകരണം ചെയ്തിരിക്കുന്നു.

D. "അതേപോലെ" എന്നര്ത്ഥമുള്ള "മഷാല്" (mashal) എന്ന എബ്രായ പദത്തില് നിന്നുമാണ് ഇംഗ്ലീഷ് ഭാഷയിലെ പ്രോവര്ബ്സ് എന്ന പേര് വന്നിരിക്കുന്നത്. സദൃശവാക്യങ്ങള് ചെറുതും, ചിന്തോദ്ദീപകങ്ങളും, പ്രസ്താവനകളും സാധാരണയായി ഇരട്ടവരികളുള്ളവയും ആണ്.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ കാനോനിക തിരുവെഴുത്തുകളിലെ മൂന്നാം വിഭാഗമായ "എഴുത്തുകള്" എന്നതില് ഉള്പ്പെടുന്നവയാണിവ.

B. തല്മൂദ്, ബാബ ബാത്ത്റ 14യ, പറയുന്നത് ജ്ഞാനപുസ്തകങ്ങളുടെ ക്രമം-സങ്കീര്ത്തനങ്ങള്, ഇയ്യോബ്, സദൃശവാക്യങ്ങള് എന്നിങ്ങനെ ആണെന്നാണ്. ഇതില് പറയുന്നതനുസരിച്ച്:
   1. മോശെയാണ് ഇയ്യോബിന്റെ പുസ്തക രചയിതാവ്.
   2. സങ്കീര്ത്തനങ്ങള് ദാവീദിന്റെ രചനകളാണ്.
   3. സദൃശവാക്യങ്ങള് ഹിസ്കിയാവ് എഴുതി.

C. റബ്ബിമാരുടെ അഭിപ്രായത്തില്, ജ്ഞാനിയായ ശലോമോന് തന്നെ ഈ പുസ്തകങ്ങള് എഴുതി എന്ന് ശക്തമായി ഉറച്ചിരിക്കുന്നു:
   1. തന്റെ യൗവ്വനത്തില് ഉത്തമഗീതം എഴുതി.
   2. തന്റെ മദ്ധ്യവയസ്സില് സദൃശവാക്യങ്ങള് എഴുതി.
   3. തനിക്കു പ്രായമായും ദുഃഖപൂര്ണ്ണവുമായിരുന്നപ്പോള് "സഭാപ്രസംഗി" എഴുതി എന്നും വിശ്വസിക്കുന്നു. സെപ്റ്റുവജന്റ് വിവര്ത്തനത്തില് ഈ മൂന്നു പുസ്തകങ്ങളെയും ഒന്നിച്ചു ചേര്ക്കുന്നിടത്താണ് ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നത്.

## III. സാഹിത്യ ശൈലി

A. ജ്ഞാന പുസ്തകങ്ങളിലെ വിശേഷമായ കൃതിയാണ് സദൃശവാക്യങ്ങള്.

B. ലോകപ്രശസ്തമായ പല രീതിയിലുള്ള വാക്യങ്ങള് ഇതില് കാണാവുന്നതാണ് (ക്ലൈഡ് ഫ്രാന്സിസ്കോ, ഇന്ട്രോഡ്യൂസിംഗ് ഓള്ഡ് ടെസ്റ്റമെന്റ്, p. 265).
   1. ചരിത്രപരമായ സദൃശവാക്യങ്ങള് - പുരാതനമായതും വിഖ്യാതവും ജനകീയവുമായതും ഇപ്പോഴും ജനങ്ങള് സ്വതസിദ്ധമായി ഉപയോഗിക്കുന്നവ.
   2. ദൃഷ്ടാന്തപരമായ സദൃശവാക്യങ്ങള് - താഴെ പറയുന്നവ ഉള്ക്കൊള്ളുന്ന രണ്ടുവരികള് ചേര്ന്നവയാണിവ:
      a. "തുല്യമായ" അല്ലെങ്കില് "അതേപോലെ" എന്നുള്ള താരതമ്യചിന്തനം.
      b. വ്യത്യാസം കാണിക്കുന്നവ.
   3. ഗൂഢാര്ത്ഥവാക്യങ്ങള് - കടങ്കഥകളും ബുദ്ധിയുണര്ത്തുന്നവയും
   4. ഉപമയായവ - ദൈര്ഘ്യമുള്ളതും വിപുലമായ വ്യത്യാസങ്ങളോ, സാമ്യങ്ങളോ ഉള്ളവയും.
   5. ഉപദേശരൂപമായവ - നേതൃത്വത്തിലേയ്ക്കും ഗവണ്മെന്റ് സര്വ്വീസിലേക്കും യുവാക്കളെ പരിശീലിപ്പിച്ചെടുക്കുന്നവ.

C. സങ്കീര്ത്തനങ്ങളിലുള്ളതുപോലെ തന്നെ സമാന്തരത്വം ഉള്ള സദൃശവാക്യങ്ങള്.
   1. സമാനമായവ - സദൃ. 8:1
   2. വിപരീതമായവ - സദൃ. 28:1

3. സംശ്ലേഷണപരമായവ - സദ്യ. 26:1

## IV. എഴുത്തുകാരന്

A. സങ്കീര്ത്തനങ്ങളെ ദാവീദുമായി പരമ്പരാഗതമായി ബന്ധിപ്പിച്ചിരിക്കുന്നതുപോലെ സദ്യശവാക്യങ്ങളെ "ശലോമോനു"മായി ബന്ധിപ്പിച്ചിരിക്കുന്നു. ശലോമോന്റെ ജ്ഞാനത്തിന്റെ കീര്ത്തിയാണതിന്റെ കാരണം (1രാജാ. 3:12; 4:29-34; 10:1). കൂടാതെ ശലോമോന്റെ പേര് ഇതില് പ്രതിപാദിച്ചിട്ടുണ്ട് എന്നതും കാരണമാവാം (സദ്യ. 1:1; 10:1; 25:1).

B. സങ്കീര്ത്തനങ്ങളില് ഉള്ളതുപോലെ, പല എഴുത്തുകാര് രേഖപ്പെടുത്തിയവയാണ് സദ്യശവാക്യങ്ങള്. ചിലരുടെ പേരുകള് ഈ പുസ്തകത്തില് നിന്നും കണ്ടെത്താം.
   1. ശലോമോന് - 1:1; 10:1; 25:1
   2. ജ്ഞാനികള് - 22:17; 24:23
   3. ആഗൂര് - 30:1
   4. ലെമൂവേല് - 31:1

C. സദ്യശവാക്യങ്ങള് 25:1-ല് ഇവയുടെ സമാഹരണ വികാസത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. യെഹൂദാ രാജാവായ ഹിസ്ക്കിയാവിന്റെ ആളുകള് അവയെ ശേഖരിച്ചിരിക്കുന്നുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതിനുമുമ്പ് ഏറിയ പങ്കും വാമൊഴിയായി പ്രചരിച്ചിരിക്കാം.

D. 30, 31 അദ്ധ്യായങ്ങള് മാസായില് നിന്നുള്ളവരുടേതാണ്. ഈ വാക്കിനെ ചൊല്ലി വിവര്ത്തകരുടെയിടയില് പല അഭിപ്രായങ്ങളുമുണ്ട്. മാസ്സാ എന്ന പദം പല ആധുനിക ഇംഗ്ലീഷ് വിവര്ത്തനങ്ങളിലും "അരുളപ്പാട്" അല്ലെങ്കില് "ഭാരം" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. "ദിജ്യൂവിഷ പബ്ലിക്കേഷന് സൊസൈറ്റി ഓഫ് അമേരിക്ക" ഇതിനെ ഒരു സ്ഥലനാമമായി വിവര്ത്തനം ചെയ്യുന്നു. ഈ മാസ്സാ (MASSA) എന്നത് സൗദി അറേബ്യയിലെ ഇസ്ലാമിക രാഷ്ട്രത്തെ കുറിക്കുന്നതുമാകാം (ഉല്പ. 25:14; 1ദിന. 1:30).

E. സദ്യ. 22:17-24:22 വരെയുള്ള "ജ്ഞാനവാക്യങ്ങളും" B.C. 1200-ലെ ഈജിപ്തില് നിന്നും ലഭ്യമായ "അമെനോമോപ്പിന്റെ നിര്ദ്ദേശങ്ങള്" എന്ന കൃതിയും തമ്മില് വ്യക്തമായ സാമ്യം കണ്ടെത്തിയിട്ടുണ്ട്. കൂടുതല് വിവരങ്ങള്ക്കായി ദയവായി കാണുക (ജോണ് എച്ച്. വാള്ട്ടണ്, എന്ഷ്യന്റ് യിസ്രായേലൈറ്റ് ലിറ്ററേച്ചര് ഇന് ഇറ്റ്സ് കള്ച്ചറല് കോണ്ടെക്സ്റ്റ്, ഗ്രാന്റ് റാപ്പിഡ്സ്: സൊന്റെവന്, 1990. pp.192-197.

## V. എഴുതിയ കാലം

A. സങ്കീര്ത്തനങ്ങളിലെപ്പോലെ ഈ പുസ്തകത്തിന്റെയും എഴുതിയ കാലഘട്ടത്തെക്കുറിച്ച് വ്യക്തതയില്ല. എന്നിരുന്നാലും രണ്ടു കാലഘട്ടങ്ങള് പരിഗണനയിലുണ്ട്.
   1. വ്യക്തിഗതമായ സദ്യശവാക്യങ്ങളുടെ സമയം/കാലഘട്ടം.
   2. നമ്മുടെ കാനോനിക പുസ്തകത്തിലേക്ക് അവ ശേഖരിക്കപ്പെട്ട കാലഘട്ടം.

B. പല സദ്യശവാക്യങ്ങളുടെയും കാലനിര്ണ്ണയത്തിങ്കല്, അവ ശലോമോന്റെ കാലഘട്ടവുമായി ബന്ധമുണ്ടെന്നു കണ്ടെത്തി. പ്രത്യേകിച്ച് 10:1-22:16; 25:1-29:27.

C. B.C. 15-ാം നൂറ്റാണ്ടിലെ "ഉഗാറിത്തിലെ റാസ് ഷമ്രാ" കൃതിയും സദ്യ. 30-ലെ ആഗൂറിന്റെ വചനങ്ങളും തമ്മിലും വ്യക്തമായ സാമ്യം കാണുന്നുണ്ട്.

D. കാനോനികമായി സദ്യശവാക്യങ്ങള് 1-29 വരെ രചിച്ചിരിക്കുന്നത്, ഹിസ്കിയാവിന്റെ (710-687 B.C.) കാലത്താണ്. ഒടുവിലത്തെ രണ്ട് അദ്ധ്യായങ്ങള് പിന്നീട് ചേര്ത്തതുമാണ്.

## VI. ചരിത്ര പശ്ചാത്തലം

## VII. സാഹിത്യ ഏകകം

A. പുസ്തകത്തിന്റെ തലക്കെട്ട്, 1:1-6
B. കാതലായ പ്രസ്താവന 1:7
C. ജ്ഞാനത്തെ പ്രകീര്ത്തിക്കല് (മനുഷ്യത്വപരമായത്), 1:8-9:18

D. ശലോമോന്റെ സദൃശവാക്യങ്ങള് (തുലനം ചെയ്തുള്ള ഈരടികള്), 10:1-2:16
E. ജ്ഞാനികളുടെ വചനങ്ങള് (ഈജിപ്തിലെ ജ്ഞാനവചനങ്ങളോടു സാമ്യം), 22:17-24:22
F. ജ്ഞാനിയുടെ കൂടുതല് വചനങ്ങള്, 24:23-24
G. ശലോമോന്റെ സദൃശവാക്യങ്ങള് (വിഷയാസ്പദമായവ), 25:1-29:27
H. ആഗൂറിന്റെ വചനങ്ങള് (അസ്ഥയതാവാദത്തോടുള്ള പ്രതികരണം), 30:1-33
I. ലെമൂവേലിന്റെ വചനങ്ങള് (അവന്റെ അമ്മയില് നിന്ന്), 31:1-9
J. ദൈവഭക്തയായ സ്ത്രീയെ പ്രകീര്ത്തിക്കുന്നത്, 31:10-31

## VIII. പ്രധാന സത്യങ്ങള്

A. തുടര്മാനമായി പ്രസ്താവിക്കുന്നില്ലെങ്കിലും, വ്യക്തിവിശ്വാസികളിലും സൃഷ്ടിയിലും സദാ വ്യാപൃതനായൊരു ഏകദൈവത്തെ ആധാരമാക്കിയാണ് സദൃശവാക്യങ്ങള് രചിച്ചിരിക്കുന്നത് (cf. 1:7; 3:5-6; 9:10; 14:26-27; 19:23).

B. ഇപ്രകാരമുള്ള രചനകള് ഇവയെ സമതുലിതമാക്കുന്നു: (cf. യിരെ. 18:18; യെഹസ്. 7:26).
1. ന്യായപ്രമാണം (പുരോഹിതന്മാര്)
2. പ്രവചനപുസ്തകങ്ങള് (പ്രവാചകന്മാര്)

യിസ്രായേലിന്റെ ചരിത്രങ്ങളെ ഊന്നിയല്ല പ്രത്യുത അവരുടെ സന്തോഷം, ധാര്മ്മികത, വ്യക്തിപരമായ വിജയ ജീവിതം എന്നിവയെ ഉള്ക്കൊള്ളുന്നതാണിവ.

C. ധനികരായ യുവാക്കളെ ഗവണ്മെന്റ് സര്വ്വീസിനോ, സാമൂഹിക ഉന്നതാധികാരത്തിനോ വേണ്ടി വാര്ത്തെടുക്കുക/പരിശീലിപ്പിക്കുക എന്നതായിരുന്നു ഈ പുസ്തകോദ്ദേശ്യം (1:8-9).

D. ദൈവീകമായ ജീവിതം നയിപ്പാനും, പ്രായോഗികമായതും ദിനംതോറുമുള്ളതുമായ ആശയ-അര്ത്ഥ സംപുഷ്ടമാണ് സദൃശവാക്യങ്ങള്. ഇതിനെ "ദൈവീകമായ വിവേകം" എന്നും വിശേഷിപ്പിക്കാവുന്നതാണ്.

E. സദൃശവാക്യങ്ങള് യഥാര്ത്ഥ വസ്തുതകളാണ്. അവ എല്ലായ്പോഴും വ്യക്തിപരമായ പരാമര്ശങ്ങളോ വ്യക്തികളുടെ സാഹചര്യമോ വിശദീകരിക്കുന്നില്ല.

## IX. വാക്കുകള്, പദപ്രയോഗങ്ങള്, വ്യക്തികള് ഒറ്റനോട്ടത്തില്.


A. വാക്കുകളും പദപ്രയോഗങ്ങളും
1. സദൃശവാക്യങ്ങള് (mashal), 1:1
2. ജ്ഞാനം (hokmah), 1:2
3. യഹോവ ഭക്തി, 1:7
4. ജ്ഞാനമായവള് വീഥിയില് ഘോഷിക്കുന്നു, 1:20
5. ബുദ്ധിഹീനരേ... പരിഹാസികളേ... ഭോഷന്മാരേ, 1:22
6. പരസ്ത്രീ, 2:16 (NIV, "വേശ്യ")
7. ജീവവൃക്ഷം, 3:18
8. യഹോവയുടെ ശാപം, 3:32
9. നിന്റെ സ്വന്ത ജലാശയത്തില് നിന്നുള്ള തണ്ണീരു കുടിക്ക, 5:15
10. ജാമ്യം, 6:1
11. നിസാരന്, 6:12
12. യഹോവ തന്റെ പ്രവൃത്തികളുടെ ആദ്യമായി എന്നെ ഉളവാക്കി, 8:22
13. പാതാളവും നരകവും യഹോവയുടെ ദൃഷ്ടിയില് ഇരിക്കുന്നു, 15:11; 27:20
14. വീണ്ടെടുപ്പുകാരന് (Go'el), 23:11
15. പലിശ, 28:8 (അമിതമായ പലിശ - NIV)
16. അരുളപ്പാട് (massa), 30:1; 31:1

B. വ്യക്തികള്
1. ഹിസ്കിയാവിന്റെ ആളുകള്, 25:1
2. ആഗൂര്, 30:1
3. ഇതിയേല്, ഇത്തിയേല്, ഉക്കല്, 30:1
4. ലെമൂവേല്, 31:1


## X. ഭൂപടം - ഒന്നുമില്ല

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. “ജ്ഞാനം” “അറിവ്” എന്നിവയ്ക്കുള്ള എബ്രായ പദങ്ങളുടെ വ്യത്യാസമെന്ത്?
2. എന്താണ് 1:7-ാം വാക്യത്തിന്റെ പ്രാധാന്യം?
3. ജ്ഞാനത്തെ ഒരു സ്ത്രീയോട് - വ്യക്തിരൂപത്തില് രേഖപ്പെടുത്തിയിരിക്കുന്നതെന്തുകൊണ്ട്?
4. സൃഷ്ടിപ്പില് ജ്ഞാനത്തിന്റെ പങ്കാളിത്തം എന്ത്? (cf. 3:19; 8:27)
5. “രണ്ടു വഴികള്” ഏവയെന്ന് വിശദമാക്കുക (4:10-19)
6. 30:7-9 വരെയുള്ള പ്രാര്ത്ഥന വിശദീകരിക്കുക.
7. യഹോവാഭക്തയായ സ്ത്രീയുടെ പ്രശംസയെക്കുറിച്ച് 31:10-31 പ്രതിപാദിക്കുന്നവ എന്തെല്ലാം?


പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
S

പാലസ്തീൻ



# സഭാപ്രസംഗി - ഒരു ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. എബ്രായ ഭാഷയില് "യെരൂശലേമിലെ രാജാവായ ദാവീദിന്റെ മകന് കൊഹേലേത്തിന്റെ വചനങ്ങള്" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് 1:1. 1രാജാ. 8:1-ല് ശലോമോന്റെ കാര്യത്തില് കൊഹേലോത്ത് എന്ന് നാമകരണം ചെയ്തിട്ടുണ്ട്. "സമ്മേളനം", "സഭ" എന്നിങ്ങനെയുള്ള അര്ത്ഥത്തില് "ക്വാഹല്" (Qahal) എന്ന സ്ത്രീലിംഗ പദം ഉപയോഗിച്ചിട്ടുണ്ട്.

B. സെപ്റ്റുവജന്റിലെ ലത്തീന് പദമായ "എക്ലീസിയാസ്റ്റെസ്" എന്ന പേരില് ഈ പുസ്തകം വിളിക്കപ്പെട്ടിട്ടുണ്ട്.

C. "കൊഹേലേത്ത്" എന്ന പദത്തിന് നല്കുന്ന അര്ത്ഥങ്ങള്:
   1. ഒരു സമ്മേളനം വിളിച്ചുകൂട്ടുന്നവന് എന്ന അര്ത്ഥത്തില് ഒരു അദ്ധ്യാപകന്, പ്രസംഗകന്, വാദപ്രതിവാദം നടത്തുന്നയാള് തുടങ്ങിയവ...
   2. ദൃഷ്ടാന്തപരമായി നോക്കിയാല്, സത്യസമാഹാരി, ഒരു തത്വചിന്തകന് അല്ലെങ്കില് സന്യാസി ലരേ.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ജ്ഞാനസാഹിത്യത്തിലെ ഒരു പ്രത്യേക വിഭാഗത്തിന് ഉദാഹരണമാണ് "സഭാപ്രസംഗി". "ഇയ്യോബിന്റെ" പുസ്തകം പോലെ ഏതെങ്കിലും ഒരു വിഷയത്തിന്റെ വിശദമായ വ്യാഖ്യാനമാണിത്.

B. "എഴുത്തുകള്" എന്നറിയപ്പെടുന്ന എബ്രായ കാനോനിലെ മൂന്നാം ഭാഗത്തില് ഉള്പ്പെട്ടതാണിത്.

C. "അഞ്ചു ചുരുളുകള്" അഥവാ മെഗില്ലോത്ത് എന്നറിയപ്പെടുന്ന 5 ചെറുപുസ്തകങ്ങളുടെ വിഭാഗത്തിലും ഇത് ഉള്പ്പെടുന്നു. വാര്ഷിക ഉത്സവ ദിനത്തില് ഇവയിലോരോന്നും വായിക്കപ്പെട്ടിരുന്നു. കൂടാരപ്പെരുന്നാളിനും "സഭാപ്രസംഗി" വായിച്ചിരുന്നു.

D. യാഥാസ്ഥിതിക ചിന്താഗതിയുള്ള "ഷമ്മായി" (Shammai) സ്കൂളില്, "സഭാപ്രസംഗി"യുടെ ആത്യന്തികമായ ശൈലി നിമിത്തം വേണ്ടെന്നു വയ്ക്കുകയും എന്നാല് "ഹില്ലേല്" എന്ന റബിയാനിക് സ്കൂളില് ഈ പുസ്തകം സ്വീകരിക്കുകയും ചെയ്തു. ഇതിനെക്കുറിച്ചുള്ള ചര്ച്ചകള്, യെരൂശലേം പതനത്തിനുശേഷവും (എ.ഡി. 70-90) "ജാമ്നിയ"യുടെ കാലം വരെ തുടര്ന്നിരുന്നു.

E. പഴയനിയമത്തിലെ പല കാനോനിക പുസ്തകങ്ങളും സ്വീകരിക്കുന്നതില് എതിര്പ്പുകളുണ്ടായിരുന്നു:
   1. സഭാപ്രസംഗി - ദുഃഖപൂര്ണ്ണമായത്, ഖണ്ഡിക്കുന്നത്, പരമ്പരാഗതമായ ചുറുചുറുക്കില്ലാത്തത്.
   2. ഉത്തമഗീതം - തീവ്രമായ ശാരീരിക-സ്നേഹവര്ണ്ണന.
   3. എസ്ഥേര് - ദൈവത്തെക്കുറിച്ചോ, യെഹൂദന്റെ ആരാധനാലയത്തെയോ, സ്ഥലത്തെയോ കുറിച്ച് രേഖപ്പെടുത്തിയിട്ടില്ല.
   4. യെഹസ്കേല് - മോശെയുടെ ആലയത്തില് നിന്നും വിഭിന്നമായ ആലയ പരാമര്ശം.
   5. ദാനിയേല് - ഒരു പരിധി വരെ, 7 മുതല് 12 വരെയുള്ള അദ്ധ്യായങ്ങളിലെ അന്ത്യകാല വിവരണങ്ങള്.

F. ഒടുവില് സഭാപ്രസംഗി അംഗീകരിപ്പാന് കാരണം:
   1. ശലോമോന്റെ കൃതി എന്നതിനാല്
   2. പരമ്പരാഗത പര്യവസാനം ഉള്ളതിനാല്
   3. മാനുഷിക അനുഭവ വിവരണങ്ങളും പ്രവാസാനന്തര യെഹൂദാസമൂഹത്തിന്റെ സംഭ്രമത്തെ വെളിപ്പെടുത്തുന്നതിനാല്

## III. സാഹിത്യ ശൈലി

A. ഇയ്യോബിന്റെ പുസ്തകം പോലെ തന്നെ ഇതും മുഴുപുസ്തകവും വ്യാഖ്യാനിക്കുന്നതാണ് അഭികാമ്യം. 12-ാം അദ്ധ്യായം വരെ നിന്ദ തുടരുന്നതുമാണ്.

B. ദൈവത്തെ കൂടാതെയുള്ള ജീവിതത്തിലേക്ക് സൂക്ഷ്മമായി വീക്ഷിക്കുന്നതാണിതില്. "സൂര്യനു കീഴില്" എന്നതാണ് കേന്ദ്രപദം. 1:3, 9, 14; 2: 11, 17, 18, 19, 20, 22; 3:16; 4: 1, 3, 7, 15; 5:1 3, 18; 6:1, 5, 12; 7:11; 8:9, 15, 17; 9: 3, 6, 9, 11, 13; 10:5; 11:7, 12:2 (31 പ്രാവശ്യം).

## IV. എഴുത്തുകാരന്

A. എഴുത്തുകാരന് ആരെന്ന് അറിയില്ല.

B. യെഹൂദാ പാരമ്പര്യം പറയുന്നത്, ശലോമോന് എഴുതിയ മൂന്നു പുസ്തകങ്ങളില് ഒന്നാണിത് എന്നാണ്: (Midrash Shir hasherem Rabbah I, 1, sect. 10)
   1. ഉത്തമഗീതം - യൗവ്വനത്തില്
   2. സദൃശവാക്യങ്ങള് - മദ്ധ്യവയസ്സിലും
   3. സഭാപ്രസംഗി - വാര്ദ്ധക്യത്തിലും എഴുതി

C. 1 ഉം 2 ഉം അദ്ധ്യായങ്ങളുടെ സാഹിത്യരചന ശലോമോന്റെ സാമ്പത്തിക, സ്ഥാന, ജ്ഞാനത്തെ കുറിക്കുന്നു. എങ്കിലും അദ്ദേഹമായിരിക്കില്ല ശരിയായ എഴുത്തുകാരന് എന്നുള്ള സൂചനയും ലഭ്യമാണ്.
   1. 1:12-ല് "ഞാന് യെരൂശലേമില് യിസ്രായേലിന്റെ രാജാവായിരുന്നു" - ഭൂതകാലം
   2. 1:16-ല് "എനിക്കു മുമ്പേ യെരൂശലേമില് ഉണ്ടായിരുന്ന ഏവരെക്കാളും" - ശലോമോനു മുമ്പെ ദാവീദ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.
   3. 4:1-3; 5:8; 8:9 തുടങ്ങിയ വാക്യങ്ങളിലൂടെ, നിലനിന്നിരുന്ന തെറ്റായ ഭരണത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.
   4. ഈ പുസ്തകത്തിലെങ്ങും ശലോമോന്റെ പേര് പറഞ്ഞിട്ടില്ല.

D. ശലോമോന്റെ ഗ്രന്ഥകര്ത്തൃത്വത്തെക്കുറിച്ച് കൂടുതല് അറിവാന് ദയവായി കാണുക - (Introduction to the Old Testament, by C. F. Keil, vol. 1, pp. 516-529).

E. ബാബബത്രാ 15a പറയുന്നതനുസരിച്ച് ഹിസ്ക്കിയാവിന്റെ ആളുകളാണ് സദൃശവാക്യങ്ങള്, സഭാപ്രസംഗി, ഉത്തമഗീതം എന്നീ പുസ്തകങ്ങള് എഴുതിയതെന്നാണ്. എന്നാല് ഇത് വ്യക്തമാക്കുന്നത്, അവരാണ് ജ്ഞാനപുസ്തകങ്ങളെ സമാഹരിച്ചത് അല്ലെങ്കില് ക്രോഡീകരിച്ചതെന്നാണ്.

F. "കൊഹേലെത്ത്" എന്ന പദം ഒരു പ്രത്യേക നാമമോ അല്ലെങ്കില് തലക്കെട്ടോ ആകാം. ഒരു തലക്കെട്ടാകാനാണ് സാദ്ധ്യത, എന്തെന്നാല്:
   1. 7:27 ലും 12:8 ലും ഇതിനോടുകൂടി ഒരു പൂര്ണ്ണ വിവേചക ഭേദകം ഉപയോഗിച്ചിട്ടുണ്ട്.
   2. ഇതില് സ്ത്രീലിംഗ ശൈലിയാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും പുല്ലിംഗ ക്രിയയുടെ പ്രവൃത്തിയാണ് കാണുന്നത്.
   3. ഈ പുസ്തകത്തില് മാത്രം 7 പ്രാവശ്യം കാണുന്ന അപൂര്വ്വ വാക്കാണിത്.

G. ഈ പുസ്തകത്തില് 12:9-14 വരെ മാത്രമേ ഇതിന്റെ എഴുത്തുകാരനെക്കുറിച്ച് അല്പമെങ്കിലും പ്രതിപാദിക്കുന്നുള്ളൂ. അദ്ദേഹം ഒരു ജ്ഞാനഗുരുവുമാണ്.

H. ഈ പുസ്തകത്തില് പ്രകടമായി കാണുന്ന വിരോധാഭാസം അല്ലെങ്കില് വൈരുദ്ധ്യങ്ങള് ഇവയാണ്:

   1. വ്യംഗ്യാര്ത്ഥ പ്രയോഗം - ദൈവത്തെ കൂടാതെയുള്ള ജീവിതം ("സൂര്യനു കീഴെ")
   2. പാരമ്പര്യ യെഹൂദാ ജ്ഞാനവും അതിനോടുള്ള വെല്ലുവിളികളും (പലതിനെയും ഖണ്ഡിക്കുന്നു)
   3. ഒരു ജ്ഞാനഗുരു അദ്ദേഹത്തിന്റെ ഉത്സാഹിയായ വിദ്യാര്ത്ഥി കൂടാതെ ഒരു ആഖ്യാതാവ്.
   4. വീണുപോയ മനുഷ്യനിലെ സംഘര്ഷങ്ങള് (ഒരു ജീവിത വിവരണം)
   5. പിന്നീട് ചിട്ടപ്പെടുത്തിയപ്പോള്, ഉദാ: 12:9-12 കൊഹേലെത്തിനോട് പോസിറ്റീവായും (അനുകൂലമായും) 12:13-14 നെഗറ്റീവായും (നിഷേധാത്മകമായും) ക്രമമായി രേഖപ്പെടുത്തി.

## V. എഴുതിയ കാലം

A. "സഭാപ്രസംഗി"യുടെ എഴുത്തുകാലവുമായി ബന്ധപ്പെട്ട് രണ്ടു വാദങ്ങള് നിലവിലുണ്ട്.
   1. രചിക്കപ്പെട്ടത് എന്നാണെന്നും
   2. കാനോനികമായി അന്തിക തീരുമാനം എന്നാണ് കൈക്കൊണ്ടതെന്നും ആണവ.

B. ചരിത്രപരമായ ചിട്ടപ്പെടുത്തല് ശലോമോന്റെ കാലത്തിനു ശേഷമാകാം. എന്നിരുന്നാലും ആദ്യ രണ്ട് അദ്ധ്യായങ്ങള് അദ്ദേഹവുമായി ബന്ധപ്പെട്ടുള്ളവ ആണ്.

C. അന്തിമരൂപം കൊടുത്തതനുസരിച്ച് എഴുതിയ കാലത്തിനു വ്യത്യാസം കാണുന്നുണ്ട്:
   1. B.C. 400-300 വരെ മുമ്പുള്ളതും എന്നാല് പ്രവാസാനന്തരം ഉള്ളതുമായ എബ്രായ രീതിയിലാണവ.
      a. അരാമ്യവാക്കുകളും പ്രകടന വാക്യങ്ങളും

b. എബ്രായ രീതിയിലുള്ളവ

2. B.C. 600-400 ലെ ഫൊയനീഷ്യന് ജ്ഞാനകൃതികളുമായി സഭാപ്രസംഗിയുടെ സാഹിത്യത്തിനു സാമ്യമുണ്ട്.
3. B.C. 180-ല് "ബെന് സിറാ" എഴുതിയ "എക്ലീസിയാസ്റ്റിക്കസ്" എന്ന കൃതിയില് "സഭാപ്രസംഗി" യെക്കുറിച്ച് പരാമര്ശിക്കുന്നുണ്ട്.
4. ചാവുകടല് ചുരുളുകളിലും സഭാപ്രസംഗിയുടെ ചെറിയ ഭാഗങ്ങള് കണ്ടെത്തിയിട്ടുണ്ട് (4Q) B.C. രണ്ടാം നൂറ്റാണ്ടിലേതാണിവ എന്നു കരുതപ്പെടുന്നു.

## VI. സാഹിത്യ ഏകകം

A. ഈ പുസ്തകത്തിന് ഒരു രേഖാരൂപം ഉണ്ടാക്കുവാന് വിഷമമാണ്. ക്രമീകൃതമായ സാഹിത്യ സൃഷ്ടി എന്നതിനേക്കാള് ഇതൊരു ജീവിതരേഖയായി വിശേഷിപ്പിക്കാം. "കമ്പിമേല് ഇഴചേര്ത്ത മുത്തുകള്" എന്ന റബ്ബിമാരുടെ സാഹിത്യത്തോട് സാമ്യമുള്ളവയാണ് സഭാപ്രസംഗിയുടെ ആന്തരോദ്ദേശ്യം.

B. ചിട്ടപ്പെടുത്തിയ സമയത്ത് ചില കാര്യങ്ങള് കൂട്ടിച്ചേര്ത്തതായാണ് നിഗമനം:
   1. ആരംഭം 1:1
   2. കൂടാതെ 1:2; 12:8 എന്നിവയും 1:1; 12:9-14 എന്നിവ പോലെ കൂട്ടിച്ചേര്ത്തതാകാം.
   3. കൂട്ടിച്ചേര്ത്ത രണ്ട് ഉപസംഹാരങ്ങള്:
      a. 12:9-12 (തൃതീയ പുരുഷന്)
      b. 12:13-14 (പരമ്പരാഗത ദൈവശാസ്ത്രം)

C. 1-2 അദ്ധ്യായങ്ങള് ശലോമോന്റെ സാഹിത്യപരാജയമായി കരുതപ്പെടുന്നു.

D. മൂന്നാം അദ്ധ്യായം, മനുഷ്യജീവിതത്തിലെ സാധാരണ അനുഭവങ്ങളെ ഉള്ക്കൊണ്ടുള്ള മനോഹര കാവ്യമാണ്.

E. ശേഷമുള്ളവയ്ക്ക് രേഖാരൂപം ഉണ്ടാക്കുവാന് പ്രയാസമാണ്.

## VII. ദൈവശാസ്ത്രപരമായ വാദമുഖങ്ങള്

A. ഈ പുസ്തകം കാനോനികമായി തിരഞ്ഞെടുക്കുവാന് കാരണമായത്, ദൈവം, ആത്മാര്ത്ഥമായ സംശയങ്ങള് ഉള്ളവരെ തള്ളിക്കളകയില്ല എന്നത് മനസിലാക്കുവാനാണ്.
B. അതിരുവിടുന്നെന്നു തോന്നുന്ന ചില ചോദ്യങ്ങളെയും നിരാകരിക്കുന്നില്ല.
C. പഴയനിയമ വിശ്വാസത്തിന്റെ പശ്ചാത്തലത്തില്, ദൈവത്തിന്റെ അസ്തിത്വത്തെ ഉറപ്പിക്കുന്നു.
D. തിന്മ, മനുഷ്യന്റെ പരിണിതഫലമാണ്, ദൈവത്തിന്റേതല്ല (cf. 7:29; 9:3).
E. ദൈവത്തിന്റെ വഴിയെ മുന്നറിവാനാവില്ല, മനുഷ്യന് തന്റെ ജീവിതത്തിന് അര്ത്ഥമുണ്ടാകേണ്ടതിനായി ധാരാളം പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടി വരുന്നു.
F. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള യാഥാസ്ഥിതിക കാഴ്ചപ്പാടുകളെക്കുറിച്ചുള്ള സംശയങ്ങള്, ദൈവത്തെ, മനുഷ്യന് പൂര്ണ്ണമായി ഗ്രഹിപ്പിക്കാനാകില്ല എന്ന മറ്റൊരു സംശയം, ഇതെല്ലാമുണ്ടെ ങ്കിലും, ദൈവം മഹാകൃപാലുവാണ്.
G. ഈ ലോകം, അനീതിയും, ക്രൂരതയും കൊണ്ടു നിറഞ്ഞതാണ്. ഇതിനുമപ്പുറം എന്തൊക്കെയോ ഉണ്ട്.
H. ജീവിതം സംതൃപ്തമായിരിക്കണം, കാരണം ഇതു ദൈവത്തില് നിന്നുമുള്ളതാണ്. എപ്പോഴും, എവിടെയും ഈ ജീവിതം സന്തോഷത്തോടെ ആസ്വദിക്കുക (2:24).
I. ജീവിതാനുഭവങ്ങളുമായി യോജിക്കാത്ത, കൃത്രിമമായ ഉത്തരങ്ങള് എപ്പോഴും "ഇല്ല" എന്നു തന്നെയായിരിക്കും. ദൈവത്തെ കൂടാതെയുള്ള ജീവിതം, അര്ത്ഥമില്ലാത്തതാണെന്നുള്ള യാഥാര്ത്ഥ്യം നാം തിരിച്ചറിയേണ്ടതാണ്.

## VIII. പ്രധാന സത്യങ്ങള്

A. ദൈവത്തെ കൂടാതെയുള്ള മനുഷ്യജീവിതത്തിന്റെ നിരര്ത്ഥകതയാണിവിടെ വ്യക്തമാക്കുന്നത്. സ്വാര്ത്ഥരായ ബുദ്ധിജീവികള്ക്കും ഭൗതികവാദികള്ക്കും മാനസാന്തരപ്പെടുവാന് വേണ്ടിയുള്ള ഒരു ലഘുഗ്രന്ഥമാണിത്. ബി.എച്ച്. കാരോള് (B. H. Carroll) പറഞ്ഞിരിക്കുന്നത്: "തന്റെ, ദൈവവുമായി ബന്ധമില്ലാതെ ജീവിച്ച കാലഘട്ടത്തില്, ജീവിതത്തിലെ ശൂന്യതയെക്കുറിച്ച് ബോധ്യപ്പെടുത്തി, ദൈവത്തിങ്കലേക്കു തന്നെ നയിച്ച പ്രധാന കൃതികളാണ്, സഭാപ്രസംഗിയും ഇയ്യോബിന്റെ പുസ്തകവും" എന്നാണ്.

B. സന്തോഷവും സംതൃപ്തിയും ഇതില് കണ്ടെത്തിയിട്ടുണ്ട് (2:24, 3:12-13,22; 5:18-20; 8:15; 9:7-9; 12:13-14):

1. ദൈവത്തോടുള്ള അനുസരണം, വിശ്വാസം,
2. ഭവനം, കുടുംബം ഇവയിലുള്ള സന്തോഷം,
3. ഒരുവന്റെ പ്രവൃത്തിയില്.

C. ഈ പുസ്തകം ദൈവത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ചുള്ള അസ്ഥയതാവാദമാണ്. ഈ പുസ്തകത്തില് ആത്യന്തികമായ സത്യങ്ങളെക്കുറിച്ച് വ്യക്തമായ ഉത്തരങ്ങള് നല്കുന്നില്ല എന്നിരുന്നാലും ഇപ്പോഴും നിലനില്ക്കുന്ന ചില ചോദ്യങ്ങള് ഉന്നയിക്കുന്നുണ്ട്:
1. യെഹൂദന്മാര്ക്ക്, പാരമ്പര്യ ദൈവശാസ്ത്രജ്ഞന്മാര് കൊണ്ടുവന്ന അതിശയോക്തിയുള്ള പല പ്രസ്താവനകളിലെയും പൊള്ളത്തരങ്ങള് കാട്ടിക്കൊടുത്തു ("രണ്ടു രീതികള്").
2. വിഗ്രഹാരാധികള്ക്ക്, ദൈവത്തെ കൂടാതെയുള്ള ഭൗമിക ജീവിതത്തിന്റെ പാപ്പരത്വം വെളിപ്പെടുത്തി കൊടുത്തു.
3. ജീവിത പ്രശ്നോത്തരികള്ക്കു നല്കുന്ന ലളിതമായ മറുപടികള് പലപ്പോഴും തെറ്റായിരിക്കാം. വിശ്വാസം എന്നതുപോലും ഒരു മര്മ്മമാണ്! “വെളിപ്പാട്” തന്നെയും എല്ലാമൊന്നും വെളിപ്പെടുത്തുന്നില്ല!

D. ജീവിതത്തെ പരിശോധിപ്പാന്, ലേഖകന് ഉപയോഗിച്ചിരിക്കുന്നത് പ്രത്യേക വെളിപ്പാടിനെയല്ല, സാധാരണ വെളിപ്പാടിനെത്തന്നെയാണ്. “ദൈവം”, “യഹോവ” എന്നീ ഉടമ്പടിയുടെ നാമങ്ങള് ഒഴിവാക്കി, മറ്റു ജ്ഞാനപുസ്തകങ്ങളിലേതു പോലെ “ഏലോഹീം” എന്ന സാധാരണ നാമമാണ് ഈ പുസ്തകത്തില് ഉപയോഗിച്ചിരിക്കുന്നത്.

E. ജീവിത വിജയത്തിന് പര്യാപ്തമായ ധാരാളം ആപ്തവാക്യങ്ങള് ഉള്ക്കൊള്ളുന്ന അനുഗ്രഹീത ഗ്രന്ഥമാണ് സഭാപ്രസംഗി. മനുഷ്യന്, ദൈവം, പ്രകൃതി, ജീവിതം ഇവയെല്ലാം മാര്മ്മികങ്ങളാണ്. ഇതിലെ പ്രധാന സത്യങ്ങള്, താക്കോല് വാക്കുകളായി കൊടുത്തിരിക്കുന്നത്, അറിവിനേക്കാള്-വിശ്വാസവും, സ്വത്തിനേക്കാള്-കുടുംബവും, മനുഷ്യനേക്കാള്-ദൈവവുമാണ് എന്നാണ്. ജീവിതത്തിലെ ലളിതസുഖങ്ങള്: കുടുംബം, ജോലി, സുഹൃത്തുക്കള്, ഭക്ഷണം എന്നിവ ഈ ജീവിതം കൂടുതല് സന്തോഷകരമാക്കുന്നു. എന്നാല്, ജീവിതത്തിന്റെ അടുത്ത തലത്തെക്കുറിച്ച് നമുക്ക് മറയ്ക്കപ്പെട്ടിരിക്കുന്നുവെങ്കിലും അവിടെയും നമുക്ക് ദൈവമുണ്ട്.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും


A. പദങ്ങളും ഉപവാക്യങ്ങളും
1. "സകലവും മായ" 1:2 (NIV, "meaninglessness! meaninglessness!")
2. "സൂര്യനു കീഴില്" 1:3 (NASB & NIV)
3. "ജ്ഞാനബാഹുല്യത്തില് വ്യസനബാഹുല്യമുണ്ട്" 1:8 (NIV, "for with much wisdom comes much sorrow")
4. "എന്നാല് അവര്ക്കു എല്ലാവര്ക്കും ഗതി ഒന്നു തന്നേ" 2:14 (NASB & NIV)
5. "അവന്, നിത്യതയും മനുഷ്യരുടെ ഹൃദയത്തില് വെച്ചിരിക്കുന്നു" 3:11 (NASB & NIV)
6. "ദൈവം അവരെ ശോധന കഴിച്ചു..." 3:18 (NASB & NIV)
7. "ഈ രണ്ടു വകക്കാരെക്കാളും ഇതുവരെ ജനിക്കാത്ത.... മനുഷ്യന് ഭാഗ്യവാന്" 4:2-3 (NIV, "better than both is he who has not yet been")
8. "ദൈവത്തെ ഭയപ്പെടുക" 5:7 (NIV, "stand in awe of God")
9. "ദ്രവ്യപ്രിയനു ദ്രവ്യം കിട്ടീട്ടും തൃപ്തി വരുന്നില്ല" 5:10 (NASB & NIV)
10. "അതി നീതിമാനായിരിക്കരുത്; അതി ജ്ഞാനിയായിരിക്കയും അരുത്" 7:16 (NASB & NIV)
11. "കുഴി കുഴിക്കുന്നവന് അതില് വീഴും" 10:8 (NASB & NIV)
12. "നിന്റെ അപ്പത്തെ വെള്ളത്തിന്മേല് എറിക; ഏറിയനാള് കഴിഞ്ഞിട്ടു നിനക്കു അതു കിട്ടും" 11:1 (NASB & NIV)


B. വ്യക്തികള്
1. കൊഹേലെത്ത് 1:1
2. വീട്ടു കാവല്ക്കാര് 12:3,4 (NIV, “the keepers of the house”)
3. ഒരു ഇടയന് 12:11
4. മകനേ 12:12

## X. ഭൂപടം - ഒന്നുമില്ല

## XI. വിദ്യാര്ത്ഥികള് എന്റെക്കു ചര്ച്ചയ്ക്കുള്ള ചോദ്യങ്ങള്

1. ഈ പുസ്തകത്തിന്റെ പൊതുവായ ലക്ഷ്യമെന്ത്?
2. എന്തുകൊണ്ടാണ് ശലോമോന്റെ 1-2 അദ്ധ്യായങ്ങള് സാഹിത്യ പരാജയമെന്നു പറയുന്നത്?
3. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്? 3:12-22
4. ദൈവത്തെ നമുക്ക് അറിയുവാന് കഴിയുമോ?
5. സന്തോഷം എവിടെ കണ്ടെത്താം?
6. ഈ പുസ്തകം ആര്ക്കെഴുതി? എന്തുകൊണ്ട്?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# ഉത്തമഗീതം പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പഴയ നിയമത്തില് എല്ലാ പുസ്തകങ്ങളും യഥാര്ത്ഥത്തില് ആദ്യത്തെ ചില വാക്കുകളെ നാമകരണമായി ആക്കിയുള്ളതുപോലെ ഈ പുസ്തകവും അങ്ങനെതന്നെയാണ്. ഈ പുസ്തകത്തില് ആദ്യ വാക്കുകള് "ശലോമോന്റെ പാട്ടുകളുടെ പാട്ട്", എന്നതാണ്. ഇതു എബ്രായ ഭാഷയില് അതിശ്രേഷ്ഠ ബഹുമാനമുള്ളതാണ്. രാജകീയ സ്നേഹ ഗാനങ്ങളില് മികച്ച ഗാനം എന്നതിനെ ഇതു സൂചിപ്പിക്കുന്നതു.

B. ഈ പുസ്തകം ലാറ്റിന് വേദപുസ്തകത്തില് "കേന്ട്ടിക്കില്സ്" (വേദവചനപ്പാട്ട്) എന്നറിയപ്പെടുന്നു. (canticum canticorum)

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ഈ പുസ്തകത്തിലെ അസാധാരണമായ ഉള്ളടക്കം കാരണം, അതിനെ കാനോനിക അന്തസ്സ് നേടിയെടുക്കുന്നതില് ബുദ്ധിമുട്ട് അനുഭവപ്പെട്ടു:
1. റബിമാരുടെ ശമ്മായി എന്ന സ്കൂള് (യാഥാസ്ഥിതിക) ഈ പുസ്തകത്തെ എതിര്ത്തു.
2. റബിമാരുടെ ഹില്ലേല് എന്ന സ്കൂളും (നവീകരണവാദികള്) ഈ പുസ്തകത്തെ നിഷ്കര്ഷിച്ചു.
3. ജാംനിയാ എന്ന റബിമാരുടെ ആലോചന സംഘവും (AD 90) ഈ പുസ്തകത്തെ ചര്ച്ച ചെയ്തു, ഇപ്പോഴും ഇതു കാനോനിക അര്ഹതയുള്ളതാനോ എന്നു ചോദ്യം ചെയ്യപ്പെടുന്നു.
4. റബി അകിബയുടെ (ആശയമ) നേതൃത്വത്തില് ഒടുവില് അതിനെ കാനോനിക പുസ്തകമായി അംഗീകരിക്കുകയും ചെയ്തു. ഈ പുസ്തകത്തെ കുറിച്ചു അദ്ദേഹം പറഞ്ഞു: "ഉത്തമ ഗീതം യിസ്രായേലിന്നു ലഭിച്ച ആവൊരു ദിവസത്തോട് ഈ മുഴുവന് ലോകവും തുല്യമല്ല, കാരണം എല്ലാ തിരുവെഴുത്തുകളും വിശുദ്ധമാണ്, പക്ഷേ ഉത്തമ ഗീതമോ അതിവിശുദ്ധമായതു".

B. അഞ്ചു ചുരുളുകള് (Megilloth) എന്നു വിളിക്കപ്പെട്ട എബ്രായ കനോന് ലിഖിത വിഭാഗത്തില്, പുസ്തകങ്ങളുടെ ഒരു പ്രത്യേക വിഭാഗത്തില് ആദ്യത്തേതാണ് ഈ പുസ്തകം. ഓരോന്നും വാര്ഷിക ഉത്സവ ദിവസം രാവിലെ വായിക്കപ്പെട്ടു. ഉത്തമ ഗീതം വായിച്ചതു പെസഹ പെരുനാളിലാണ്:
1. ഉത്തമ ഗീതം - പെസഹ
2. രൂത്ത് - പെന്തക്കോസ്തു
3. സഭാപ്രസംങ്കി - കൂടാരപ്പെരുന്നാള് അല്ലെങ്കില് കുടിലുകള്
4. എസ്ഥേര് - പൂരീം
5. വിലാപങ്ങള് - യെരൂശലേമിന്റെ വീഴ്ചയും, ശലോമോന്റെ ആലയ നാശവും

C. എബ്രായ ലിഖിത വിഭാഗം, സങ്കീര്ത്തനങ്ങള്, സദൃശ്യവാക്യങ്ങള്, ഇയ്യോബ് പുസ്തകത്തിന്റെ ശേഷവും, രൂത്ത്, വിലാപങ്ങള്, സഭാപ്രസംഗി എസ്ഥേര് പുസ്തകങ്ങള്ക്കു മുമ്പും ഉത്തമ ഗീതത്തെ ഇടുന്നു. ഇംഗ്ലീഷ് ബൈബിള് LXX ക്രമം പിന്തുടരുന്നു.

## III. സാഹിത്യ ശൈലി

A. പുസ്തകത്തിന്റെ വ്യാഖ്യാനത്തില് ശൈലിയാണ് പ്രധാന പ്രശ്നം. മൂല രചയിതാവിന്റെ യഥാര്ത്ഥ ഉദ്ദേശ്യം തിരിച്ചറിയുന്നതില് ബദ്ധിമുട്ടുണ്ട്. ഈ പുസ്തകം പൂര്ണ്ണമായും കവിതയായി എഴുതിയിരിക്കുന്നു.

B. സിദ്ധാന്തങ്ങള്:
1. യഹൂദ രൂപകകഥ - മിസ്നാ, താല്മുദ്, ടാര്ഗംസ് - ഈ പുസ്തകങ്ങളെല്ലാം യിസ്രായേല്മീതെ ദൈവത്തിന്റെ സ്നേഹം കണക്കിലെടുത്ത് യഹൂദ ചരിത്രം വിവരിക്കുന്നു, അതെ ഉറപ്പിക്കുകുന്നു. യിസ്രായേല് യഹോവയുടെ കാന്തയാണ് (നോക്കുക - പുറപ്പട് 34:15-16; ലേവ്യ. 17:7; 20:5-6, സംഖ്യാ. 14:33).
2. ക്രിസ്തീയ രൂപകകഥ - ഈ പുസ്തകം ക്രിസ്തുവിന്റെ സ്നേഹത്തെ അടിസ്ഥാനമാക്കി സഭയെ വിവരിക്കുന്നുവെന്നതെ ഓരിഗന്, ജെറോം, അഗസ്റ്റിന്, തോമസ് അക്വീനാസ്, ലൂഥര് എന്ന എല്ലാവരും ഉറപ്പിക്കുകയാണു. പലപ്പോഴും എഫേ. 5:21-31 ഇതിന്നു ഒരു സമാന്തരമായതായി കൊടുത്തിരിക്കുന്നു.
3. പരമ്പരാഗത വിവാഹ ഗാനങ്ങള് - ഈ പുസ്തകത്തിനു ഏകദേശം 600 B.C. യില് എഴുതപ്പെട്ട wasfs എന്നറിയപ്പെടുന്ന സിറിയന് പ്രേമ കവിതകള്ക്കും തമ്മില് ഗണ്യമായ സമാനതകളുണ്ട്. വധുവും വരനും പരസ്പരം "രാജാവ്", "രാജ്ഞി" എന്നു തമ്മില് അഭിനന്ദങ്ങള് കൈമാറുകയാണ്. ഈജിപ്ഷ്യന് പ്രേമ കവിതകളില് കാന്തന് കാന്തയെ പ്രസിദ്ധീകരിച്ചില്ല ഏത് "സഹോദരി" എന്നു

ചിലയിടത്തു വിളിക്കപ്പെടുന്നതുപോലെ ഈ പുസ്തകത്തിലും സമാന്തരമായി കാണുന്നുണ്. (4:9-10,12; 5:12). വിശ്വസ്ത, സമയോചിതമായ മനുഷ്യ സ്നേഹത്തെ പുകഴ്ത്തിപറയുന്ന ഈ തരം സാഹിത്യം പുരാതന കിഴക്കന് രാജ്യങ്ങളില് നന്നായി അറിയപ്പെട്ട ശൈലിയായിരുന്നു.

4. നാടകം
   a. ഈ പുസ്തകം നിരവധി അഭിനേതാക്കള് തമ്മില് ചെയ്യേണ്ട ഒരു നാടകം ആണ്:
      (1). രാജാവ്,
      (2). ഒരു വടക്കന് രാജ്യ പെണ്കുട്ടി,
      (3). ഒരു വടക്കന് പ്രാദേശിക കാമുകന്,
      (4). കോറസ് അല്ലെങ്കില് ഹാരം ("യെരൂശലേംപുത്രിമാര്").
   b. ഈ അരങ്ങേറ്റത്തിനെ ദൃഷ്ടാന്തീകരിക്കാന് കഴിയും, ഒരു ഉദാഹരണം അദ്ധ്യായം 1:
      (1). വാക്യങ്ങള് 2-4b, വധു.
      (2). വാക്യം 4രല, കോറസ് (നോക്കുക .2:7; 3:6-11; 5:9; 6: 1,13; 8:5,8)
      (3). വാക്യങ്ങള് 5-7, മണവാട്ടി
      (4). വാക്യം 8, കോറസ്
      (5). വാക്യങ്ങള് 9-10, മണവാളന്
      (6). വാക്യം 11, കോറസ്
      (7). വാക്യങ്ങള് 1214, മണവാട്ടി
      (8). വാക്യം 15 മണവാളന്
      (9). വാക്യങ്ങള് 16-17, മണവാട്ടി
   c. ഇതു ഒരു വടക്കന് കാമുകന്റെ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ളതാണ്:
      (1). കാമുകനെ ഇടയന് എന്നു വിളിക്കുന്നു, അവന് ആടുകളെ പിന്തുടരുന്നവന്.
      (2). പുസ്തകം വടക്കിലല്ല, യെരൂശലേമിലാണ് അവസാനിക്കുന്നത്.
      (3). ഹാരം എന്നതെ പഴിക്കുന്നു 6:8-9.
   d. സിനായ്ടികസ് എന്ന ഗ്രീക്ക് കയ്യെഴുത്തുപ്രതിയില് വധുവും വരനും ബന്ധപ്പെട്ട ഓരോ വിഭാഗത്തിലും തലക്കെട്ടുകളുണ്ട്.
5. ഉപമകള് - ഈ സിദ്ധാന്തം അക്ഷരാര്ത്ഥത്തെയും സാദൃശ്യമുള്ളതെയും സംയോജിപ്പിക്കാന് ശ്രമിക്കുന്നു. മനുഷ്യനുടെ ദാമ്പത്യജീവിതത്തിന്റെ സന്തോഷത്തെയും, ഏക പത്നിത്വത്തെയും ഇത് ഗൗരവമായി എടുക്കുന്നു. എങ്കിലും യിസ്രായേല് ബന്ധപ്പെട്ട ഒരു സൂചകോപദേശം കാണുന്നതു.
6. അക്ഷരാര്ഥം - ഈ സിദ്ധാന്തം മനുഷ്യര്ക്ക് ദൈവം തന്നിരിക്കുന്ന ദാമ്പത്യജീവിത വശങ്ങളെ ഉറപ്പിക്കുകയാണ്. ഇതിന് പുസ്തകം ഉള്ളതു ഉള്ളതുപോലെ അര്ത്ഥം എടുക്കുന്നു. അന്ത്യോക്യന് വ്യാഖ്യാനം വിദ്യാലത്തില് പടിച്ചുതെളിഞ്ഞ മൊസൂഷിയാവിലുള്ള തിയഡോര്, ഈ വിഷയത്തോട യോജിക്കുന്നു.

C. ഈ പുസ്തകം സാധാരണ ജ്ഞാന സാഹിത്യം അല്ല എങ്കിലും അതു അതേ വിധത്തില് യുവാക്കളെ പരിശീലിപ്പിക്കുന്ന രീതിയില് ചെയ്തിരിക്കാം. ഇത് ഏകപത്നിത്വം ബന്ധപ്പെട്ടതാണ്. ഉചിതമായ വ്യക്തിയുമായി ഉചിതമായ സമയത്ത് ഇരിക്കേണ്ട ദാമ്പത്യ ജീവിതത്തിന്റെ ധാര്മികമായ പരിശുദ്ധിയെ മനോഹരമായി വിലയിരുത്തുന്നു.

## IV. എഴുത്തുകാരന്

A. ഹിസ്കീയാവും അവന്റെ ആളുകളും ഈ പുസ്തകത്തെ എഴുതി എന്ന് ബാബ ബത്രാ 15മ പറഞ്ഞു. "എഴുതി" എന്നതിന്റെ വ്യക്തമായ അര്ത്ഥം: ശേഖരിച്ചു, അല്ലെങ്കില് എഡിറ്റ് ചെയ്തു എന്നാണ് അര്ത്ഥം, രചിച്ചിട്ടുണ്ട് എന്നര്ത്ഥമല്ല (നോക്കുക - സദൃ 25:. 1).

B. ശലോമോന് ഈ പുസ്തകത്തെ എഴുതിയെന്നു യഹൂദ പാരമ്പര്യം എപ്പോഴും ഉറപ്പിക്കുന്നു:
   1. അവന്റെ പേര് വരുന്ന സ്ഥലങ്ങള് 1:1,5; 3:7,9,11; 8:11,12.
   2. "രാജാവ്" പദം വരുന്ന സ്ഥലങ്ങള് 1:4,12; 7:5.
   3. ഈജിപ്ഷ്യന് കുതിരകളെ കുറിച്ച് 1:9 പരാമര്ശിച്ചിട്ടുണ്ട്, (നോക്കുക - 1 രാജാക്കന്മാര് 10:28) ശലോമോന്റെ ഭരണത്തോട് ഇതു യോജിക്കുന്നു.
   4. രചയിതാവ് ഭൂമിശാസ്ത്രപരമായ മുഴുവന് ഫലസ്തീന്, സിറിയ, എന്ന സ്ഥലങ്ങളെയും, യോര്ദ്ദാന് അക്കരെ പ്രദേശമായ അരാബ വരെ പരാമര്ശിച്ചിട്ടുണ്ട്. ഇതു ശലോമോന്റെ രാജ്യത്തിന് ഭൂമിശാസ്ത്രപരമായ പരിധികളെ പ്രതിഫലിപ്പിക്കുന്നു.
   5. എന്തുകൊണ്ടാണ് സന്ദര്ഭം ശലോമോന് യൗവന പ്രായത്തില് പ്രേമ ഗീതങ്ങള് (ഉത്തമ ഗീതം) എഴുതി, എന്നു പറയുന്നു അവന് വയസില് മുതിര്ന്നപ്പോള് സദൃശവാക്യങ്ങള് എഴുതി, വൃദ്ധനായപ്പോള് അദ്ദേഹം സകലവും മായാ എന്നു (സഭാപ്രസംഗി) എഴുതി എന്നു യഹൂദ റബ്ബിമാര് പറയുന്നു.

C. ശലോമോന് എഴുതി എന്ന ആധികാരികത നേരെ ചില കാരണങ്ങള്:

1. എബ്രായ തലക്കെട്ട് “ശലോമോന്റെ ഗീതം” എന്നു വരികയാല് അതിന്റെ അര്ഥം ഇങ്ങനെയായിരിക്കാന് സാധ്യതയുണ്ടു:
   a. ശലോമോനാല്,
   b. ശലോമോന്നു വേണ്ടി
   c. ശലോമോനെ കുറിച്ച്
   d. ശലോമോന്റെ നാളുകളില്,
   e. ശലോമോന്റെ രീതിയില്.
2. ഈ പുസ്തകം യെരൂശലേമിന്റെ അന്തഃപുരത്തിലല്ല വടക്കന് യിസ്രായേലില് (7:10-13) അവസാനിക്കുന്നു.
3. ഈ പുസ്തകം ഏക പത്നിത്വ ദാമ്പത്യ ജീവിതത്തിന് നന്മയും, ആരോഹ്യവും സന്തോഷവും അടിവരയിട്ടു ഉറപ്പിക്കുന്നു. പക്ഷേ ശലോമോന്റെ ജീവിതം ഇതിന്നു വിരോധമായിതീര്ന്നു.
4. (ഇ.ജെ. എഴുതിയ, പഴയ നിയമത്തിന്റെ ഒരു ആമുഖം, പേജ് 268ല്) പറയുന്നു: സഭാപ്രസംഗി 1-2 പോലെതന്നെ ഉത്തമ ഗീതവും ഉന്നതമായതു, എങ്കിലും ശലോമോന്റെ ജീവിതം സാഹിത്യത്തില് ഒരു ഭണസമായിരിക്കാം.

## V. എഴുതിയ കാലം

A. പഴയ നിയമത്തില് പല ജ്ഞാന പുസ്തകങ്ങളുടെ തീയതി തീരുമാനിക്കുന്നതില് രണ്ട് വശങ്ങള് ഉണ്ട:്
   1. യഥാര്ത്ഥ ചരിത്രപരമായ പശ്ചാത്തലം
   2. തീയതിയും, പുസ്തകം കനോനില് വന്നിരിക്കുന്ന ക്രമവും.

B. ചരിത്രപരമായ പശ്ചാത്തലം:
   1. ശലോമോന്റെ നാളുകളില്:
      a. രാജാവ് തന്റെ അധികാരത്താല് നിരവധി ഭാര്യമാരെ ഉടയവനായിരുന്നു.
      b. ഒരു അന്തഃപുരത്തില് സ്ത്രീകളുടെ കൂട്ടമായ സാന്നിധ്യം ഉണ്ടായിരുന്നു.
      c. ഭൂമിശാസ്ത്രത്തില് പല സ്ഥലങ്ങളെ കുറിച്ച് (അതുപോലെ മൃഗങ്ങള്, സസ്യങ്ങള്) വ്യാപകമായി അറിവ് ഉണ്ടായിരുന്നു.
      d. ശമര്യയ്ക്കു മുമ്പ് (ഒമ്രി) 6:4., യിസ്രായേലിന്റെ തലസ്ഥാനമെന്ന ആയിരുന്നു തിര്സ്സയിയോട് യെരുശലേമിനെ തുലനം ചെയ്യുന്നു.
   2. പുസ്തകത്തിന്റെ അന്തിമ രൂപം:
      a. സ്ത്രീയെ കുറിച്ചുള്ള പദം പിന്നത്തെ എബ്രായ രൂപത്തില് (നോക്കുക 1:12; 2:7) കൊടുത്തിട്ടുണ്ട്.
      b. അരമായ ഗ്രീക്ക് വാക്കുകളുടെ ഉപയോഗം
         (1). പറുദീസ
         (2). പഴത്തോട്ടങ്ങള്
         (3). കിടക്ക
         (4). കട്ടില്.

C. ആധുനിക പണ്ഡിതന്മാര് ഇതിനെ അനുകൂലിക്കുന്നില്ല:
   1. ഇ. ടു. യംഗ് - ശലോമോന്റെ നാളുകള്
   2. ഡബ്ല്യൂ. എഫ്. ആല്ബ്രൈറ്റ് - അഞ്ചാം-നാലാം നൂറ്റാണ്ട് B.C.
   3. ആര്. കെ. ഹാരിസന് - പ്രവാസത്തിന്നു മമ്പുള്ള ഒടുവിലത്തെ രൂപം.

## VI. സാഹിത്യ ഏകകം

A. പുസ്തകത്തില് നിരവധി ബുദ്ധിമുട്ടുള്ള വശങ്ങള് ഉണ്ട്. ഒരു ഏകീകൃത തീം അല്ലെങ്കില് ഉദ്ദേശമുണ്ടോ, അല്ലെങ്കില് ഈ പുസ്തകം വെറും പ്രേമ കവിതകളുടെ പരമ്പരകളോ എന്ന് അത്ഭുതപ്പെടുന്നു.

B. താഴെയുള്ള വാക്യങ്ങളെ ഒരു ഏകീകൃത തീം വെളിച്ചത്തില് വ്യാഖ്യാനിക്കാന് ബുദ്ധിമുട്ടാണ്:
   1. 2:15
   2. 5:7
   3. 8:5 b-e
   4. 8:8-9

C. ഒരു ഏകീകൃത തീം ഉപയോഗിച്ച് പുസ്തകം വ്യാഖ്യാനിക്കാനുള്ള ഒരേയൊരു വഴി ഇതാണ് - അതായതു നാടകീയമായ അതിസൂക്ഷ്മമായ പ്രതിസന്ധികളില് ഒരു അന്തഃപുര സ്ത്രീകൂട്ടവും മൂന്നു വ്യക്തികളും:
   1. രാജാവ്
   2. ഒരു വടക്കന് രാജ്യ പെണ്കുട്ടി
   3. ഒരു വടക്കന് രാജ്യ കാമുകന്
   4. അന്തഃപുരസ്തീകളുടെ സംഘം

D. (വാക്യം 8:6നെ “കത്തിപാളുന്ന ജ്വാല” എന്നു the Jewish Publications Society of America's എന്ന പുസ്തകം പരിഭാഷചെയ്തിട്ടുണ്ടു). എസ്ഥേര് പുസ്തകത്തെ പോലെതന്നെ ഈ പുസ്തകത്തിലും ദൈവത്തിന്റെ ഏതൊരു നാമവും അടങ്ങിയിട്ടില്ല.

## VII. മുഖ്യ സത്യങ്ങള്

A. ഇത് വ്യക്തമായും ദാമ്പത്യ ജീവിതത്തിന്റെ പരിശുദ്ധിയെയും മനോഹരത്തെയും കുറിച്ചുള്ള അരുളപ്പാട് ആണ് 8:6-7. വ്യക്തമായ അരുളപ്പാട് തന്നെ, എന്നാല്:
   (1). ദാവീദിന്റെ ലൈംഗിക പാപവും കുടുംബത്തില് അതിന്റെ പ്രത്യാഘാതങ്ങളും,
   (2). വാര്ദ്ധക്യത്തില് തന്റെ വിദേശ ഭാര്യമാര് മുഖാന്തരം ശലോമോന്റെ വിഗ്രഹാരാധന, ഈ ഒരു വെളിച്ചത്തില് ഇതു ആവശ്യമായ പ്രസ്താവന ആയിരുന്നു.
   ഗ്രീക്ക് മത ദ്വന്തവീക്ഷണം വെളിച്ചത്തില് ഈ സത്യം തീര്ച്ചയായും ഇന്ന് ആവശ്യമാണ്. ആത്മീയത സന്യാസത്തിലാല്ല ഉറപ്പിക്കപ്പെടുന്നതു! വാസ്തവത്തില് ശരീരം ദോഷം അല്ല.

B. പഴയ നിയമത്തില് ദൈവം ഭര്ത്താവ് ഭാര്യ യിസ്രായേല് എന്ന സാദൃശ്യത്തിന്റെ വെളിച്ചത്തില് ഈ പുസ്തകത്തെ പലരും കണ്ടിരിക്കുന്നു (അതായത് ഹോശേയ 1-3, പുറപ്പാട് പുസ്തകത്തെ റബ്ബിമാര് വ്യാഖ്യാനിക്കുന്നതു).

C. പുസ്തകത്തിന്റെ ശൈലിയെയും പൊതുവായ ഉദ്ദേശ്യത്തെയും കണ്ടെത്തുന്നതില് ബുദ്ധിമുട്ട് ഉണ്ടു, ആധികാരികമായി വ്യാഖ്യനിക്കുന്നതില് ജാഗ്രത വേണം.

D. ഈ പുസ്തകത്തില് യാതൊരു മതപരമായ അല്ലെങ്കില് ദേശീയ തീമോ ഉള്ളതായി സൂചനകള് ഒന്നുമില്ല. ഇതു ഒരു കാനോനിക പുസ്തകത്തെ സംബന്ധിച്ചു അസാധാരണമാണ്.

## VIII. സംക്ഷിപ്തമായി തിരിച്ചറിയാനുള്ള വാക്കുകള് / വ്യക്തികള്

A. വാക്യങ്ങള് / ഉപവാക്യങ്ങള്
   1. മൂരും 1:13; 3: 6; 4: 6,14; 5: 1,5,13 (NASB & NIV)
   2. “ചെറിയ കുറുക്കന്മാരെ” 2:15 (NASB & NIV)
   3. “രാത്രി ഘോരത്വങ്ങള്,” 3: 8 (NASB & NIV)
   4. “രാജ്ഞിയുടെ … വെപ്പാട്ടികളും” 6: 8,9 (NASB & NIV)
   5. ദൂദായിപ്പഴം, 7:13 (NASB & NIV)
   6. മുദ്ര, 8: 6 (NASB & NIV)
   7. അവള് ഒരു മതില്, 8:9 (4:12) (NASB & NIV)

B. വ്യക്തികള്
   1. “രാജാവ്,” 1: 4b, 12
   2. “ഞാന് കറുത്ത പക്ഷേ മനോഹരവും ആകുന്നു” 1: 5 (NIV, “ഞാന് കരുത്തവള് എങ്കിലും സുന്ദരിതന്നെ”)
   3. “നിങ്ങളുടെ ആട്ടിന്കൂട്ടത്തെ എവിടെ മേയ്ക്കുകയും എന്തു …” 1: 7 (NIV “…മേയ്ക്കുകയും…”)
   4. 2:15 “ഞാന് ശാരോനിലെ താഴ്വരകളിലെ താമരപ്പൂവും, റോസ് ആകുന്നു”.
   5. “യെരൂശലേംപുത്രിമാരേ,” 2:7
   6. കാവല്ക്കാരന്, 3: 3; 5:7
   7. “ശൂലേംകാരത്തി,” 6:13

## IX. ഭൂപട സ്ഥലങ്ങള്

1. ഏങ്കേദി, 1: 14
2. ഷാരോന്, 2:1
3. ലെബനോന്, 4: 8
4. ഹെര്മ്മോന് പര്വ്വതം, 4:8
5. തിര്സ്സ, 6:4
6. ഗിലെയാദ് 6: 5 (ഗിലെയാദ് പര്വ്വതം, 4: 1)
7. ഡമാസ്കസ് 7:4
8. കര്മ്മേല് പര്വ്വതം, 7: 5

## X. വിദ്യാര്ത്ഥിക്കുള്ള ചോദ്യങ്ങള്

1. എന്തുകൊണ്ട് കനോനില് ഈ പുസ്തകം ഇരിക്കുന്നതു?


2. ഈ പുസ്തകത്തെ യെഹൂദന്മാര് തനിച്ചു ചെയ്ത പ്രബലമായ വ്യാഖ്യാനം എന്താണ്? എന്തുകൊണ്ട്?


3. ഇതു ഏതു തരം സാഹിത്യത്തില് പെട്ടത്? എന്തുകൊണ്ട് ഇതു ഒരു വ്യത്യാസത്തെ വരുത്തുന്നത്?

4. ദൈവത്തിന്റെ പേര് അല്ലെങ്കില് ഇസ്രയേല് ചരിത്രത്തെ ഈ പുസ്തകത്തില് ഒരിക്കലും സൂചിപ്പിക്കാത്തതു എന്തുകൊണ്ട്?

5. ഈ പുസ്തകത്തില് ഒരു ഏകീകരണ തീം ഉണ്ടോ?

6. ആരാണ് “യെരൂശലേംപുത്രിമാര്”?
7. കഥ നടക്കുന്ന വ്യത്യസ്ത സ്ഥലങ്ങളെ  കാണിയ്ക്കുക.


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# പഴയനിയമ പ്രവചനം - ഒരു ആമുഖം

## I. ആമുഖം

A. ആരംഭ പ്രസ്താവനകള്:

1. വിശ്വാസിയായ സമൂഹം പ്രവചനത്തെ എങ്ങനെ വ്യാഖ്യാനിക്കണം എന്ന കാര്യത്തില് യോജിക്കുന്നില്ല. മറ്റു സത്യങ്ങള്ക്ക് നൂറ്റാണ്ടുകളായി ഒരു യാഥാസ്ഥിതിക സ്ഥാനം സ്ഥാപിക്കപ്പെട്ടിരിക്കുന്നു, എന്നാല് പ്രവചന വിഷയത്തില് അങ്ങനെയല്ല.
2. പഴയ നിയമ പ്രവചനത്തെ കൃത്യമായി നിര്വചിച്ച ഘട്ടങ്ങള് നിരവധി ഉണ്ട്:
   a. രാജാക്കന്മാര് ഇല്ലാത്ത കാലത്തില്:
      (1). വ്യക്തികള് പ്രവാചകന്മാര് എന്ന
         (a) അബ്രഹാം - ഉല്പത്തി 20: 7
         (b) മോശ - സംഖ്യാ. 12:68; ആവര്. 18:15; 34:10
         (c) ആരോന് പുറ. 7:1 (മോശയുടെ വക്താവ്)
         (d) മിര്യാം - പുറ. 15:20
         (e) മേദാദും എല്ദാദും - സംഖ്യാ. 11:24-30
         (f) ദെബോറാ - ന്യായാ. 4:4
         (g) പേര് പറയപ്പെടാത്തവര് - ന്യായാ. 6:7-10
         (h) ശമുവേല് - 1 ശമു. 3:20
      (2). ഒരു ഗ്രൂപ്പായിരുന്ന പ്രവാചകന്മാരെ കുറിച്ചുള്ള പരാമര്ശങ്ങള് - ആവ. 13:15; 18:20-22
      (3). പ്രവാചകന്മാരുടെ സംഘം - 1 ശമു. 10:5-13; 19:20; 1 രാജാ. 20:35,41; 22:6,10-13; 2 രാജാ.2:3,7; 4:1,38; 5:22; 6:1 മുതലായവ.
      (4). മശിഹായെ പ്രവാചകന് എന്നു വിളിച്ചു. 18:15-18

   b. എഴുതാത്ത രാജാക്കന്മാര് (രാജാവിനു എഴുതുകയാണ്):
      (1). ഗാദ് - 1 ശമു. 22:5; 2 ശമു. 24:11; 1 ദിനവൃ. 29:29
      (2). നാഥാന് - 2 ശമു. 7:. 2; 12:25; 1 രാജാക്കന്മാര് 1:22
      (3). അഹിയാവ് - 1 രാജാക്കന്മാര് 11:29
      (4). യേഹൂ - 16: 1,7,12
      (5). പേര് പറയപ്പെടാത്തവര് - 1 രാജാക്കന്മാര് 18:4,13; 20:13,22
      (6). ഏലീയാവ് - 1 രാജാക്കന്മാര് 18 മുതല് 2 രാജാക്കന്മാര് വരെ
      (7). മില്ഖായാവ് - 1 രാജാക്കന്മാര് 22
      (8). എലീശാ - 2 രാജാക്കന്മാര് 2:8,13
   c. ക്ലാസിക്കല് എഴുത്തു പ്രവാചകന്മാര് (അവര് ദേശത്തോടും അതുപോലെ രാജാവിനോടും പറയുന്നയവര്): - യെശയാവ് മുതല് മലാഖി വരെ (ദാനിയേല് ഒഴികെ)

B. ബൈബിള് പദങ്ങള്

1. Ro'eh = "ദര്ശകന്", 1 ശമു. 9:9. ഈ റഫറന്സ് തന്നെ സ്വയം നബി എന്ന സ്ഥാനത്തേയ്ക്ക് മാറുന്ന കാലത്തെ കാണിക്കുന്നു. Ro'eh എന്ന വാക്ക് പൊതുവെ "ദര്ശനം കാണുക" എന്നര്ത്ഥമുള്ളതാണ്. ഈ വ്യക്തി ദൈവത്തിന്റെ വഴികളെയും പദ്ധതികളെയും മനസ്സിലാക്കുകയും ഒരു കാര്യത്തില് ദൈവത്തിന്റെ ഹിതമെന്തെന്നു ആലോചിച്ചു ചെയ്യുന്നവനാണ്.
2. Hozeh = "ദര്ശകന്" 2 ശമു.24:11. ഇത് അടിസ്ഥാനപരമായി Ro'eh എന്ന പദത്തിന്റെ ഒരു പര്യായമാണ്. "ദര്ശനം കാണുക" എന്ന പദത്തില് നിന്നും വളരെ വ്യത്യസ്തമായതാണ്. പ്രവാചകന്മാരെ സൂചിപ്പിക്കാന് ഉപയോഗിക്കുന്നു പദമായിരുന്നു.
3. നബി "= "പ്രവാചകന്" അക്കേദിയന് ക്രിയാ പദമായ നബു എന്ന പദത്തില് നിന്നു വന്നതാണ് = "വിളിക്കുക" എന്നര്ത്ഥമുള്ളത്. അറബിയില് നാബാ എന്നു പറഞ്ഞാല് = "അറിയിക്കുക " എന്ന് അര്ത്ഥം. ഇത് പഴയ നിയമത്തില് ഒരു പ്രവാചകനെ ഗൗരവത്തോടെ വിളിക്കാന് ഉപയോഗിച്ച ഏറ്റവും സാധാരണ പദമാണ്. ഈ പദത്തെ 300 തവണ ഉപയോഗിച്ചിരിക്കുന്നു. കൃത്യമായ ശബ്ദോല്പത്തി അനിശ്ചിതത്വത്തിലാണ്, എന്നാല് ഇപ്പോള് "വിളിക്കുക" എന്നത് മികച്ച ഓപ്ഷനായി തോന്നുന്നു. ഒരുപക്ഷേ ആറോന് വഴി ഫറവോനോട് മോശയുടെ ബന്ധത്തെ യഹോവ വിവരിക്കുന്നതിനെ മികച്ച രീതിയില് മനസ്സിലാക്കുന്നതില് നിന്ന് ഇത് വരുന്നു (നോക്കുക - പുറ. 4-10-16; 7.1, ആവര്. 5.5. ദൈവജനത്തോട് ദൈവത്തിന്നുവേണ്ടി സംസാരിക്കുന്ന വ്യക്തിയാണ് പ്രവാചകന് (ആമോസ് 3:8; യിരെ 1:7,17; യെഹെ.3:4.)
4. മൂന്ന് പദങ്ങളും പ്രവാചകന്റെ ദൗത്യത്തെ കാണിക്കുവാന് ഉപയോഗിച്ചിരിക്കുന്നു. 29:29; ശമൂവേല് - Ro'eh (രോ) ; നാഥാന് - (Nabi') നബി; ഗാദ് - ഹോസ്ജെ (Hozeh) .

5. പദപ്രയോഗം, "ish ha - 'elohim,", "ദൈവ മനുഷ്യന്" ഒരു വക്താവ് വേണ്ടി വിശാലമായ പദവിയും ആണ് ദൈവത്തോടുള്ള. ഇത് അര്ത്ഥത്തില് അധികസമയം ചില 76 തവണ ഉപയോഗിക്കുന്നു "പ്രവാചകന്."
6. "പ്രവാചകന്" എന്ന പദം ഗ്രീക്ക് ഭാഷയില്നിന്നു വരുന്നു. (1) pro = "മുമ്പ്" അല്ലെങ്കില് "മറ്റുള്ളവര്ക്കുവേണ്ടി" അതു എവിടെനിന്നു വരുന്നു (2) phemi = "സംസാരിക്കുക"

## II. പ്രവചനത്തെ കുറിച്ചുള്ള നിര്വചനം

A. "പ്രവചനം" എന്ന പദം ഇംഗ്ലീഷ് ഭാഷയെക്കാല് എബ്രായ ഭാഷയില് വളരെ അര്ത്ഥപുഷ്ടിയുള്ളതായിരുന്നു. ചരിത്ര പുസ്തകങ്ങളായ യോശുവാ മുതല് രാജാക്കന്മാര് വരെയുള്ള (രൂത്ത് ഒഴികെ) പുസ്തകങ്ങളെ യെഹൂദന്മാര് "പണ്ടത്തെ പ്രവാചകന്മാര്" എന്നു വിളിക്കുന്നു. രണ്ടും അബ്രഹാമും (ഉല്പ. 20:7; സങ്കീ 105:5.) മോശയും (ആവ 18:18.) പ്രവാചകന്മാര് എന്ന നിലയില് വിളിക്കപ്പെടുന്നു. (കൂടാതെ മിര്യം, പുറ.15:20). അതുകൊണ്ടു, ഒരു ഊഹിച്ച ഇംഗ്ലീഷ് നിര്വചനത്തെ സൂക്ഷിക്കേണം!

B. ദൈവീക കരുണ, ദിവ്യ ഉദ്ദേശ്യം, ദിവ്യ പങ്കാളിത്തം എന്ന പദങ്ങളിന് അടിസ്ഥാനത്തില് ചരിത്രത്തെ മനസ്സിലാക്കുന്നതാണ് നിയമപരമായി യഥാര്ത്ഥ പ്രവചനം എന്ന് നിര്വചിക്കാം എന്നു "Interpreter's Dictionary of the Bible, vol. 3, p. 896" പറയുന്നു.

C. "പ്രവാചകന് എന്ന വ്യക്തി തത്വചിന്തകനോ, സിസ്റ്റമാറ്റിക് ദൈവശാസ്ത്രജ്ഞനോ അല്ല, എന്നാല് ദൈവത്തിന്റെ ജനതയോട് ദൈവ വചനം അിറയക്കുവന്,.. ഇപ്പോഴത്തെ അവരുടെ സ്ഥിതിയെ പരിഷ്കരണങ്ങള് ചെയ്തു, അവരുടെ വഴിത്തിരിവിനായി പ്രവര്ത്തിക്കുന്ന ഒരു ഉടമ്പടി മദ്ധ്യസ്ഥനാണ് പ്രവാചകന്. ." Encyclopedia Judaica vol. 13 p. 1152.

## III. പ്രവചനത്തിന്റെ ഉദ്ദേശ്യം

A. ദൈവം തന്റെ ജനത്തോട് സംസാരിപ്പാനും, അവരുടെ അവസ്ഥയില് മാര്ഗ്ഗദര്ശനം നല്കുവാനും, അവരുടെ ജീവിതവും ലോക സംഭവങ്ങളും തന്റെ നിയന്ത്രണത്തിലുള്ളതാല് അവര്ക്ക് പ്രതീക്ഷ നല്കുവാനും ഉള്ള മാര്ഗ്ഗമാണ് പ്രവചനം. അവരുടെ സന്ദേശം അടിസ്ഥാനപരമായി മുഴുവന് ദേശത്തിന്നുവേണ്ടി ഉള്ളതായിരുന്നു. അത് ഭര്ത്സിക്കുവാനും, പ്രോത്സാകം നല്ക്കുവാനും, അവരില് വിശ്വാസവും പശ്ചാത്താപം ഉളവാക്കുവാനും, ദൈവത്തിന്റെ പദ്ധതിയെ ജനങ്ങള് മനസ്സിലാക്കുവാനും ദൈവം തന്നെ കുറിച്ച് പറയുന്ന ഒരു മാര്ഗ്ഗമാണ് പ്രവചനം. ഇത് പലപ്പോഴും വ്യക്തമായി ദൈവം തിരഞ്ഞെടുത്ത വക്താവിനെ ഉപയോഗിച്ച് വെളിപ്പെടുത്തിയിരുന്നു എന്ന കാര്യയത്തെ പറഞ്ഞേ മതിയാവകയുള്ള്. (ആവ 13:1-3; 18:20-22). ഇത് അന്തിമമായി, മശിഹായെ കുറിക്കുന്നു.

B. പലപ്പോഴും, പ്രവാചകന് തന്റെ കാലത്ത് ചരിത്രത്തെ അല്ലെങ്കില് ദൈവശാസ്ത്രപരമായ പ്രതിസന്ധിയെ എടുത്ത്, അതിനെ യുഗാന്തപരമായ ന്യായവിധിയോട് യോജിപ്പിച്ച് കാണിക്കുന്നു. ദൈവിക തിരഞ്ഞെടുപ്പ് ഉടമ്പടി വാഗ്ദാനങ്ങള് ഇവയുടെ വെളിച്ചത്തില് ചരിത്രത്തിന്റെ ഈ അവസാനകാല കാഴ്ച, യിസ്രായേലിന്റെ പ്രത്യേകതയാണ്.

C. സമനില പുലര്ത്തിക്കൊണ്ട്, ദൈവ ഹിതത്തെ മനസ്സിലാക്കുവാന്വേണ്ടി ഒരു മഹാ പുരോഹിതന്റെ ശുശ്രൂഷയെ ചെയ്യുന്നതാണ് പ്രവാചകന്റെ (യിരെ. 18:18) ശുശ്രൂഷ എന്ന് തോന്നുന്നു. ദൈവത്തിന്റെ ഹിതം അറിവാന് ഊറീമും തുമ്മീമും ദൈവത്തിന്റെ സന്ദേശം വ്യക്തമാക്കുന്ന ഒരു വക്താവ് പോലെയായിരിന്നു. മലാഖി പ്രവാചകന്നു ശേഷം .യിസ്രായേലില് പ്രവാചക ശുശ്രൂഷ അന്തരിച്ചു എന്നു തോന്നുന്നു. അത് 400 വര്ഷങ്ങള്ക്കു ശേഷം യോഹന്നാന് സ്നാപകന് ദിവസംവരെ ഇല്ലാതിരുന്നു. പുതിയനിയമത്തിലെ എങ്ങനെയാണ് "പ്രവചനം" എന്ന ദാനം പഴയ നിയമത്തോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന വിഷയം അനിശ്ചിതമായ (പ്രവൃ 11: 27-28; 13: 1; 14: 29,32,37; 15:32; 1 കൊരി. 12: 10,28-29; എഫെ. 4:11) പുതിയ നിയമ പ്രവാചകന്മാര് പുതിയ വെളിപ്പാട് പറയുന്നവരല്ല, എന്നാല് ഉടമ്പടി സാഹചര്യങ്ങളില് ദൈവഹിതത്തെ മുന്കൂട്ടി പറയുന്നവരായിരുന്നു.

D. പ്രവചനം വ്യത്യസ്ഥമായി അല്ലെങ്കില് പ്രാഥമികമായി വരുവാനുള്ളതിനെ അറിയുക്കന്നതല്ല. പ്രവചനം പ്രവാചകന്റെ പദവിയെയും തവന്റെ സന്ദേശത്തെയും സ്ഥിരീകരിക്കാനുള്ള ഒരു മാര്ഗമാണ, പക്ഷേ "പഴയ നിയമ പ്രവചനത്തില് 2%ലും കുറഞ്ഞേ മശിഹയെ കുറിച്ചുള്ളത്. പ്രത്യേകമായി പുതിയ ഉടമ്പടി കാലത്തെ വിവരിക്കുന്നുത് 5%ലും കുറവാണ്. 1% ലും കുറഞ്ഞതാണ് ഇനിയും വരുവാനുള്ള ഭാവികാല സംഭവങ്ങളെ കുറിച്ചുള്ളത്." (Fee & Stuart, How to Read the Bible For All Its Worth, p. 166നോക്കുക).

E. പുരോഹിതന്മാര് ദൈവ ജനങ്ങളെ പ്രതിനിത്വംചെയ്യും സമയത്ത് പ്രവാചകന്മാരോ ജനത്തോടു ദൈവത്തെ പ്രതിനിത്വംചെയ്യുന്നു. ഇതൊരു പൊതുവായ പ്രസ്താവന. പ്രത്യേകമായി ഹബക്കൂക് പോലുള്ളവര് ദൈവത്തെ ചോദ്യങ്ങള് അഭിസംബോധന ചെയ്യുന്ന സംഭവങ്ങളുണ്ട്.

F. പ്രവാചകന്മാരെ മനസ്സിലാക്കാന് വളരെ പ്രയാസമാണ,് കാരണം നാം അവരുടെ പുസ്തകങ്ങളുടെ ഘടനാപരത്തെ അറിയില്ല. അവ കാലക്രമത്തില് ഇല്ല. അവ ഒറ്റ വിഷയമുള്ളതു എന്നു തോന്നിയേക്കാം, എന്നാല് എപ്പോഴും അവ നമ്മുടെ പ്രതീക്ഷകള്ക്ക് ഒത്തുപോകില്ല. പലപ്പോഴും പ്രകടമായ ചരിത്ര ക്രമീകരണം, കാല ക്രമം അല്ലെങ്കില് വ്യക്തമായ വിഭാവങ്ങള് ഇല്ല. ഈ പുസ്തകങ്ങള് പ്രയാസമുള്ള: (1) ഒറ്റ തവണയില് വായിക്കാന് കഴികയില്ല; (2) വിഷയം അനുസരിച്ച് രൂപരേഖ നല്കുവാന് പ്രയാസമുണ്ട്; (3) ഓരോ അരുളപ്പാടിലും കേന്ദ്ര സത്യം അല്ലെങ്കില് ഗ്രന്തകര്ത്താവിന്റെ ഉദ്ദേശത്തെ ഉറപ്പാക്കാന് പ്രയാസമുണ്ട്.

## IV. പ്രവചനത്തിന്റെ സ്വഭാവഗുണങ്ങള്

A. പഴയ നിയമത്തില് "പ്രവാചകന്", "പ്രവചനം" എന്ന ഒരു ആശയ വികസനം ഉണ്ട് എന്ന തോന്നുന്നു. ആദ്യകാല യിസ്രായേലില്, ഏലീയാവു അല്ലെങ്കില് എലീശാ പോലുള്ള ശക്തമായ തഴക്കമുള്ള നേതാവ് തന്റെ നേതൃത്വത്തില് പ്രവാചകന്മാരുടെ ഒരു കൂട്ടായ്മ അവിടെ വികസിപ്പിച്ചെടുത്തു. ചിലപ്പോള് "പ്രവാചകന്മാരുടെ പുത്രന്മാര്" എന്ന പദപ്രയോഗം ഈ സംഘത്തെ സംഭവത്തോടുള്ള ബന്ധത്തില് ഉപയോഗിച്ചു (2 രാജാക്കന്മാര് 2). പ്രവാചകന്മാര് നിര്വൃതി സ്വഭാവമുള്ളവരായിരുന്നു (1 ശമു.10:10-13; 19:18-24).

B. ഈ കൂട്ടായ്മ കാലഘട്ടം അതിവേഗം കടന്നുപോയി ഒറ്റ വ്യക്തി പ്രവാചകന് എന്ന സാഹചര്യത്തില് എത്തി. രാജാവിനോട് കൊട്ടാരത്തില് പാര്ത്തിരുന്ന (ഗാദ്, നാഥാന്) പ്രവാചകന്മാര് ഉണ്ടായിരുന്നു (സത്യമായ/കള്ള പ്രവാചകന്മാര് രണ്ടും). ഉണ്ടായിരുന്നു ചിലപ്പോള് തികച്ചും യിസ്രായേല് സമൂഹത്തിന്റെ നിലവിലിരുന്ന സ്ഥിതിയോട് ബന്ധമില്ലാത്ത സ്വതന്ത്ര പ്രവാചകന്മാര് (ആമോസ്) ഉണ്ടായിരിന്നു. ആണും പെണ്ണും പ്രവാചകന്മാരായിരുന്നു (2 രാജാക്കന്മാര് 22:14.)

C. മനുഷ്യന്റെ തല്ക്ഷണമായ പ്രതികരണത്തിന്റെ അടിസ്ഥാനത്തില് പ്രവാചകന് പലപ്പോഴും ഭാവി വെളിപ്പെടുത്തുന്നവനായിരുന്നു. സൃഷ്ടിയോടുള്ള ബന്ധത്തില് ദൈവത്തന്റെ സാര്വത്രിക പദ്ധതിയെ വെളിപ്പെടുത്തുക എന്നതാണ് പലപ്പോഴും പ്രവാചകന്റെ ചുമതലയായിരിന്നു, മനുഷ്യ പ്രതികരണം ദൈവത്തിന്റെ പദ്ധതിയെ ഒരിക്കലും ബാധകമാകില്ല. പുരാതന സമീപ കിഴക്കന് രാജ്യങ്ങളില് ഈ സാര്വത്രിക യുഗാന്തപരമായ പദ്ധതി പ്രവാചകന്മാരുടെ സന്ദേശത്തിന്റെ പ്രത്യേകതയായിരുന്നു. പ്രവചനവും വിശ്വസ്തതയും പ്രാവചക സന്ദേശങ്ങളുടെ രണ്ട് അംശങ്ങളായിരുന്നു (നോക്കുകു - ഫീയും സ്ടൂവാര്ട്ടും എഴുതിയ പുസ്തകം, പേജ്. 150). ഈ പ്രവാചകന്മാര് പ്രാഥമികമായി സന്ദേശ വിഷയങ്ങളില് ഒന്നാണ്. അതിന്റെ അര്ഥം. സാധാരണയായി അവര് ദേശത്തിന്നു മാത്രമായി അല്ല സന്ദേശം നല്കുന്നവരായിരുന്നത്, എങ്കിലും അവര് ദേശത്തിന്നു സന്ദേശം നല്കി.

D. ഏറ്റവും പ്രാവചനിക വിഷയങ്ങള് വാമൊഴിയായി സമ്മാനിച്ചത്. പിന്നീട് പ്രമേയം, വര്ഷങ്ങളിലൂടെ ക്രമം അല്ലെങ്കില് സമീപ കിഴക്കന് സാഹിത്യ മറ്റ് പാറ്റേണുകള് മുഖാന്തരം സമാഹരിച്ചു, ആ പാറ്റേണുകള് നഷ്ടപ്പെട്ടുണ്ട്. അതു വാമൊഴിയായിരുന്നു, അക്കാരണത്താല് ഗദ്യ പോലെ ചിട്ടയായി എഴുതിയിട്ടില്ല. ഇത് ഈ പുസ്തകങ്ങളെ ഒരേ തവണയില് വായിക്കാന് ബുദ്ധിമുട്ടായിരിക്കുന്നു, ഒപ്പം ഒരു നിര്ദ്ദിഷ്ട ചരിത്രപരമായ ക്രമീകരണം ഇല്ലാതെ മനസ്സിലാക്കാന് വളരെ പ്രയാസമാണ്.

E. പ്രവാചകന്മാര് അവരുടെ സന്ദേശങ്ങള് എത്തിക്കാന് നിരവധി രീതികള് ഉപയോഗിക്കുന്നു:
1. കോടതി ദൃശ്യം - ദൈവം കോടതിയില് തന്റെ ജനത്തെ എടുക്കും, പലപ്പോഴും എവിടെ വിവാഹമോചനം വിഷയം വരുമ്പോഴും യഹോവ തന്റെ ഭാര്യയായ (യിസ്രായേല്) അവളുടെ അവിശ്വസ്തത മുഖാന്തരം തള്ളുന്നു. (ഹോശേയ 4; മീഖാ 6).
2. ശ്മശാനഗീതം - ഈ തരത്തിലുള്ള പ്രത്യേക താളയളവുള്ള സന്ദേശത്തില് "അയ്യോ കഷ്ടം" എന്നു വരുന്നതാല് അതു പ്രത്യേകമായിരിക്കുന്നു. (യെശയ്യാവു 5; ഹബക്കൂക്ക് 2).
3. ഉടമ്പടിയുടെ അനുഗ്രഹ പ്രകടനം - നിബന്ധയോടുകൂടിയ ഉടമ്പടിയുടെ സ്വഭാവം ഊന്നിപ്പറഞ്ഞിരിക്കുന്നു, അതോടുകൂടെ ഭവിഷിത്തുകളും പറഞ്ഞിരിക്കുന്നു, രണ്ടും പോസിറ്റീവുമായും വിപരീതമായും ഭാവിക്കുവേണ്ടി എഴുതിയിരിക്കുന്ന്. (ആവ. 27-28).

## V. ഒരു യഥാര്ത്ഥ പ്രവാചകനെ പരിശോധിച്ചുറപ്പിക്കലിനായി വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിലുള്ള യോഗ്യതകള്

A. ആവര്ത്തനം 13:1-5 (പ്രവചനങ്ങള് / അടയാളങ്ങള്)

B. ആവര്ത്തനം 18:9-22 (കള്ളപ്രവാചകന്മാര് / സത്യപ്രവാചകന്മാര്)

C. മത്തായി 7 (ജീവിതശൈലി)

D. 1 യോഹന്നാന് 4:1-6 (ഉപദേശപരമായ ദൃഷ്ടികേന്ദ്രം)

E. പുരുഷന്മാരും സ്ത്രീകളും പ്രവാചകന്മാര് എന്ന് വിളിക്കപ്പെട്ടു, അല്ലെങ്കില് പ്രവാചകന്, പ്രവാചകി എന്നു വിളിക്കപ്പെട്ടു.
1. മിര്യാം - പുറ. 15
2. ദെബോരാ - ന്യായാ. 4:4-6
3. ഹുല്ദാ - 2 രാജാക്കന്മാര് 22:14-20; 2 ദിനവൃ. 34:22-28

F. ചുറ്റുമുള്ള സംസ്കാരങ്ങളിലും പ്രവാചകന്മാര് ലക്ഷണം മുഖാന്തരം പരിശോധിക്കപ്പെട്ടു. യിസ്രായേലില് കണ്ട രീതി:
1. ദൈവശാസ്ത്രപരമായ പരിശോധന - യഹോവയുടെ പേര്
2. ചരിത്രപരമായ പരിശോധന

## VI. പ്രവചനത്തെ വ്യാഖ്യാനിക്കന് സഹായകരമായ മാര്ഗ്ഗനിര്ദ്ദേശങ്ങള്

A. ചരിത്രപരമായ ക്രമീകരണത്തെയും സാഹിത്യ പശ്ചാത്തലത്തെയും കണക്കിലെടുത്ത് യഥാര്ത്ഥ പ്രവാചകന്റെ (എഡിറ്റര്) ഉദ്ദേശം എന്തെന്ന് കണ്ടെത്താന് ശ്രമിക്ക. എതെങ്കിലും വിധത്തില് മോശയുടെ നിയമത്തെ യിസ്രായേല് ലംഘിച്ചു എന്ന കാരണത്തെ സാധാരണയായി കാണാന് കഴിയും.

B. ഭാഗികമായല്ല, മുഴുവന് കല്പനയെ വായിക്കുക, വ്യാഖ്യാനിക്കാുക; ഉള്ളടക്കത്തെ അനുസരിച്ച് രൂപരേഖ നല്കുക. അതു ചുറ്റുമുള്ള അരുളപ്പാടുകളോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു കാണുക. മുഴുവന് പുസ്തകത്തെയും രൂപരേഖ നല്കുവാന് ശ്രമിക്കുക.

C. ഒരു ഭാഗത്തില് ആലങ്കാരിക ഉപയോഗം വരുന്ന വരെ സാധാരണ രീതിയില് വ്യഖ്യാണിക്കുക; പിന്നെ ആലങ്കാരിക ഭാഷയില് വരുന്നതെ ഗദ്യ രൂപത്തിലാക്കുക.

D. ചരിത്ര പശ്ചാത്തലത്തെയും സമാന്തരമായ പഠിപ്പിക്കുന്ന ഭഗസങ്ങളെയും ഒത്തുനോക്കിതിന്റെ വെളിച്ചത്തില് പ്രതീകാത്മക നടപടി വിശകലനം ചെയ്യുക. ഈ പുരാതന സമീപ കിഴക്കന് സാഹിത്യം പടിഞ്ഞാറ് അല്ലെങ്കില് ആധുനിക സാഹിത്യത്തിനെ പോലെയല്ല എന്ന കാര്യം ഓര്ക്കുക, ഉറപ്പാക്കുക.

E. പ്രവചനത്തെ ശ്രദ്ധയോടെ പരിഗണിക്കുക:
1. അവയെ രചയിതാവിന്റെ കാലഘട്ടത്തിന്നു മാത്രമായി തന്നെയാണോ നല്കിട്ടുള്ളത്?
2. അവ പിന്നീട് യിസ്രായേലിന്റെ ചരിത്രത്തിലെ നിറവേറിയോ?
3. ഇനിയും ഭാവിക്കുള്ള സംഭവങ്ങളുണ്ടോ?
4. അവ സമകാലികയായി നിറവേറി, എന്നിട്ടും ഒരു ഭാവി നിറവേറല് ഉണ്ടോ?
5. നിങ്ങളുടെ ഉത്തരങ്ങള്ക്ക് ആധുനിക രചയിതാക്കളെയല്ല, മികവാറും ബൈബിള് രചയിതാക്കളെ അനുവദിക്കുക.

F. പ്രത്യേക ആശങ്കകള്
1. നിബന്ധനയോടുകൂടിയ പ്രതികരണമാണോ പ്രവചനത്തിന്നു യോഗ്യത നല്കുന്നത്?
2. ആരെ ഉദ്ദേശിച്ചാണ് പ്രവചനം തന്നിട്ടുള്ളതു എന്ന കാര്യം നിശ്ചയിക്കാന്പറ്റോ (എന്തുകൊണ്ട്)?
3. ബൈബിള് അനുസരിച്ച് / അല്ലെങ്കില് ചരിത്രപരമായി അല്ലെങ്കില് രണ്ടു രീതിയിലും പ്രവചനങ്ങള് നിറവേറാന് സാദ്ധ്യതയുണ്ടോ?
4. നമുക്ക് വ്യക്തമായില്ല എങ്കിലും, പുതിയ നിയമ രചയിതാക്കള്ക്ക് പ്രചോദനത്താല് പഴയ നിയമത്തിന്റെ പല സ്ഥലങ്ങളിലും മശിഹായെ കുറിച്ച് കാണാന് സാധിച്ചു. അവര് സൂചഗോപദേശം അല്ലെങ്കില് വാക്കുകള് ഉപയോഗിച്ചിട്ടുണ്ട് എന്ന് തോന്നുന്നു. നമുക്ക് പ്രചോദനയില്ലാത്തതാല് നമ്മള് ഈ കാര്യത്തെ അവര്ക്ക വിട്ടേക്കുക.

## VII. സഹായിക്കുന്നു പുസ്തകങ്ങള്

A. A Guide to Biblical Prophecy by Carl E. Armerding and W. Ward Gasque

B. How to Read the Bible for All It Is Worth by Gordon Fee and Douglas Stuart

C. My Servants the Prophets by Edward J. Young

D. The Expositor's Bible Commentary, vol. 6 "Isaiah - Ezekiel," Zondervan

E. The Prophecies of Isaiah by J. A. Alexander, 1976, Zondervan

F. Exposition of Isaiah by H. C. Leupold, 1971, Baker

G. A Study Guide Commentary, "Isaiah" by D. David Garland, 1978, Zondervan

# യെശയ്യാവ് പുസ്തകത്തിന്റെ ആമുഖം

## I. ആമുഖ പ്രസ്താവനകള്

A. യെശയ്യാ പ്രവാചകന്റെ വാക്യങ്ങളാണ് മറ്റു പ്രവാചക വാക്യങ്ങളെക്കാള് അധികമായി പുതിയ നിയമത്തില് പരാമര്ശിച്ചിരിക്കുന്നത് (411 പ്രാവശ്യത്തിലധികം)
   1. ഒരു ദൈവം
   2. ഒരു ലോകം
   3. ഒരു വിശ്വാസം എന്നീ വിഷയ കേന്ദ്രീകരണമാണ് യെശയ്യാ പ്രവചനത്തിന്റെ രത്നചുരുക്കം.

B. യെശയ്യാവിന്റെ സന്ദേശങ്ങള് തികച്ചും മിശിഹായെ സംബന്ധിച്ചുള്ളവയാണ്.
   1. പ്രിയ മക്കള്, 7-14 വരെ അദ്ധ്യായങ്ങള്.
   2. ദാസ്യ ഗീതങ്ങള്, 42:1-9; 49:1-7; 50:4-11; 52:13-53:12 വരെ അദ്ധ്യായങ്ങള്.
   3. ഭാവി മശിഹൈക രാജ്യം (പുതുയുഗം) 56-66 അദ്ധ്യായങ്ങള്.

C. ഇ.ജെ. യംഗ് " പഴയനിയമ അവതാരിക" എന്ന പുസ്തകത്തില് പ്രസ്താവിച്ചത്.
   1. "പഴയനിയമ പ്രവചനങ്ങളില് യെശയ്യാ പ്രവാചകന്റെ പുസ്തകം ഏറ്റവും വലിയതായി പരിഗണിക്കപ്പെട്ടത് വളരെ ശരിയാണ്". പേജ് 168.
   2. യിസ്രായേലിലെ എല്ലാ പ്രവാചകന്മാരിലും അധികമായി യെശയ്യാവാണ് ദൈവത്തിന്റെ മനസ്സും, യുഗങ്ങള്ക്കു വേണ്ടിയുള്ള അവന്റെ പദ്ധതികളും പൂര്ണ്ണമായി ഗ്രഹിച്ചത്. പേജ് 171.
   3. ആകെയുള്ള പഴയനിയമ ഗ്രന്ഥങ്ങളില് ആര്ക്കും പിന്നിലാക്കുവാന് കഴിയാത്ത ആത്മീക വെളിച്ചവും ആഴവുമാണ് യെശയ്യാവിനുള്ളത്. പേജ് 172.

## II. പുസ്തകത്തിന്റെ പേര്

A. പ്രവചന വക്താവിനു അനുസൃതമായാണ് ഈ പുസ്തകത്തിന്റെ നാമകരണം.

B. യെശയ്യാവ് എന്ന വാക്കിന്റെ അര്ത്ഥം, "യഹോവയിലുള്ള രക്ഷ" അല്ലെങ്കില് "യഹോവ രക്ഷിക്കുന്നു" എന്നാണ്. മറ്റൊരര്ത്ഥത്തില്, "iah" ല് അവസാനിക്കുന്ന എബ്രായ നാമങ്ങള് "യാഹേവ"യുടെ സംക്ഷിപ്ത രൂപമാണ്. ആയതുപോലെ ഇംഗ്ലീഷില് "j"യോടുകൂടെ സ്വരാക്ഷരത്തോടുകൂടെ തുടങ്ങുന്ന പദങ്ങള്. ഉദാഹരണമായി ജോഷ്വായും (Joshua), ജോയലും (Joel) .

## III. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. അവസാനത്തെ പ്രവാചകന്മാരുടെ നാലു ചുരുളുകളില് വച്ച് ഏറ്റവും ആദ്യത്തെ ചുരുള് ഇതാണ്.
   1. യെശയ്യാവ്
   2. യിരെമ്യാവ്
   3. യെഹെസ്ക്കേല്
   4. പന്ത്രണ്ട് (ചെറിയ പ്രവാചകന്മാര്)

B. യിസ്രായേല്യരുടെ തിരുവെഴുത്തുകളിലേക്ക് വളരെ ആരംഭത്തിലും, പൂര്ണ്ണതയോടുകൂടെ ഇതിനെ ഉള്പ്പെടുത്തിയിരുന്നു.

## IV. സാഹിത്യ ശൈലി

A. പഴയനിയമത്തിലെ മറ്റു പ്രവാചകന്മാരുടെ എഴുത്തുകള്ക്ക് അതിക്രമിച്ച് കടക്കുവാന് കഴിയാത്ത വിധത്തില് ഉള്ള സാഹിത്യരചനാ ഔനിത്യം യെശയ്യാവിന്റെ ശൈലിക്കുണ്ട്. സങ്കീര്ണ്ണവും ഗാംഭീര്യവും അപ്പോള് തന്നെ സ്വാധീനിക്കുന്നതും ജിജ്ഞാസ ഉണര്ത്തുന്നതുമായഅര്ത്ഥ പ്രയോഗങ്ങളുള്ള കാവ്യസാഹിത്യ ശൈലിയാണ് യെശയ്യാവിന്റേത്. ഈ പുസ്തകം കൂടുതലും കാവ്യമാണ്.

B. ഒറ്റ പ്രാവശ്യം കൊണ്ട് ഒരേ ഇരുപ്പില് വായിച്ചു തീര്ക്കാവുന്നതല്ല യെശയ്യാവിന്റെ പുസ്തകം. മാത്രവുമല്ല ഇതിനെ ചുരുക്കി പറയുക എന്നുള്ളതും ബുദ്ധിമുട്ടാണ്. യെശയ്യാവ് ഒരു രചയിതാവോ ഗ്രന്ഥ

പരിശോധകനോ അല്ല മറിച്ച് ഒരു ഉപദേശകന് ആയിരുന്നു എന്ന വസ്തുതയാണ് ഇതിനു മൂലകാരണം. അദ്ദേഹത്തിന്റെ പ്രവചന സന്ദേശങ്ങളാണ് പുസ്തകത്തിലെ ഉള്ളടക്കം. ചിലയിടങ്ങളില് അവ താഴെ പറയുന്ന രൂപങ്ങളില് കൂട്ടിച്ചേര്ക്കപ്പെട്ടിരിക്കുന്നു.

1. പ്രമേയത്തില്
2. കാലഗണന നിര്ണ്ണയത്തില്
3. നമ്മുടേതില് നിന്ന് വളരെ വിഭിന്നമായ പൂര്വ്വ പൗരസ്ത്യ ദേശങ്ങളുടെ സംസ്കാരപരമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തില്.

## V. എഴുത്തുകാരന്

A. യെഹൂദ കാഴ്ചപ്പാട്

1. യെഹൂദ പാരമ്പര്യ നിയമ ഗ്രന്ഥമായ തല്മൂദിന്റെ ബാബ ബാത്ര 15എ) അവകാശപ്പെടുന്നത് ഹിസ്ക്കിയാവും തന്റെ കൂടെയുള്ളവരും ചേര്ന്നാണ് യെശയ്യാവ്, സദൃശവാക്യങ്ങള്, സഭാപ്രസംഗി, ഉത്തമഗീതം എന്നീ പുസ്തകങ്ങള് എഴുതി (സമാഹരിക്കുകയും, ചിട്ടപ്പെടുത്തുകയും) എന്നാണ്. ഇത് അര്ത്ഥമാക്കുന്നത് യെശയ്യാവാണ് പൂര്ണ്ണമായും ആ പുസ്തകത്തിന്റെ ഗ്രന്ഥകര്ത്താവ് എന്നാണ്.
2. B.C. 185-ല് ബെന് സിറാ എഴുതിയ "എക്ലേസിയാസ്റ്റിക്കസ്" 49:17-25 ല് പറയുന്നു "ആമോസിന്റെ മകനായ യെശയ്യാവ്" ആണ് ഈ പുസ്തകം എഴുതിയത് (1:1; 12:1; 13:1).
3. 2ദിനവൃത്താന്തം 32:32 യെശയ്യാവിന്റെ ദര്ശനത്തെ സാക്ഷയ്പ്പെടുത്തുകയും രാജാക്കന്മാരുടെ പുസ്തകത്തിലും സമാന്തരരേഖകളെ കാണിക്കുകയും ചെയ്യുന്നു (2രാജാ. 18:19-20:19).
   a. ഒരുപക്ഷെ യെരൂശലേമിലുള്ള ഒരു ഉന്നത കുടുംബത്തില് ജനിച്ചവനും ഉസ്സിയാരാജാവിന്റെ പിതാവിന്റെ സഹോദരന്റെ മകനായും പറയപ്പെടുന്നു.
      (1). യാഹേ എന്നതിന്റെ സംക്ഷിപ്ത രൂപമായ “iah” എന്ന പ്രത്യയം യെഹൂദാ രാജ കുടുംബങ്ങളില് പ്രത്യേകമായി അനുഷ്ഠിച്ചതിനുള്ള ചില തെളിവുകള്.
      (2). രാജസന്നിധിയിലേക്കുള്ള യെശയ്യാവിന്റെ സ്വതന്ത്രമായ പ്രവേശനവും തന്റെ രാജകീയ കുടുംബബന്ധത്തെ സൂചിപ്പിക്കുന്നു.
      (3). cf. തല്മൂദ്, "ഒലഴ" 10b
   b. ഒരു പ്രവാചകിയെ വിവാഹം ചെയ്തു (8:3).
      (1). ആദ്യ പുത്രന് "ഷിയര്-ജാഷൂബ്" അര്ത്ഥമാക്കുന്നത് "ഒരു ശേഷിപ്പ് മടങ്ങിവരും".
      (2). രണ്ടാമത്തെ മകന് "മഹേര്-ശലാല്-ഹാസ്-ബസ്" (8:3) അര്ത്ഥമാക്കുന്നത് "കൊള്ള മുതലിനെ ബദ്ധപ്പെടുത്തുക, അപഹരിച്ച വസ്തുക്കളുടെമേല് തിടുക്കം കൂട്ടുക".
   c. പഴയനിയമ പ്രവാചകന്മാര് എല്ലാവരെക്കാളും യെശയ്യാവിനാണ് ഏറ്റവും ദൈര്ഘ്യമേറിയ പ്രവചന ശുശ്രൂഷ ഉണ്ടായിരുന്നത്. യോഥാം രാജാവിന്റെ ഭരണകാലം (742-735 B.C.) മുതല് ഹിസ്ക്കിയാവ് വാണ കാലം വരെ (715-687 B.C.) യെശയ്യാവ് ദൈവത്തിന്റെ പ്രവാചകനായി നിലകൊണ്ടു. ഒരുപക്ഷെ, മനശ്ശെ രാജപ്രതിനിധിയായി വാണിരുന്ന കാലം 696 B.C. മുതല് മനശ്ശെയുടെ നേരിട്ടുള്ള ഭരണകാലത്തും (687-642 B.C.) യെശയ്യാവ് പ്രവചിച്ചു എന്നും ചരിത്രം പറയുന്നു.
   d. യെശയ്യാവ് രാജാവിന്റെ ഔദ്യോഗിക ദിനവര്ത്തമാന ചുരുള് സൂക്ഷിപ്പുകാരനും ഔദ്യോഗിക ലേഖകനും ആയിരുന്നു എന്ന് ഉറപ്പാക്കാം.
   e. മനശ്ശെയുടെ ഭരണകാലത്ത് താന് വാളാല് അറുക്കപ്പെട്ടു എന്നാണ് പാരമ്പര്യങ്ങള് പറയുന്നത്.
4. മോസസ് ബെന് സാമുവല് ഇബിന് ഗെക്കാട്ടില്ല, അദ്ധ്യായങ്ങള് 1-39 വരെ യെശയ്യാവിനാല് എ.ഡി. 110-ല് രചിക്കപ്പെട്ടുവെന്നും, അദ്ധ്യായങ്ങള് 40-46 വരെ പേര്ഷ്യന് ഭരണകാലത്ത് (രണ്ടാമത്തെ ദൈവാലയ കാലയളവില്, 538-430 B.C.) എഴുതപ്പെട്ടുവെന്നാണ്.
5. ഇബിന് എസ്രാ (എ.ഡി. 1092-1167) ഗെക്കാട്ടില്ലയെ ഒരു പരിധി വരെ അംഗീകരിക്കുകയും അദ്ധ്യായങ്ങള് 40-46 വരെ യെശയ്യാവിന്റേതല്ലെന്നു വാദിക്കുകയും ചെയ്യുന്നു.

B. ഗ്രന്ഥകര്തൃത്വത്തെക്കുറിച്ച് ആധുനിക പാണ്ഡിത്യ കാഴ്ചപ്പാട്

1. ഇതിനെക്കുറിച്ച് ആര്.കെ. ഹാരിസണ്സിന്റെ "പഴയനിയമത്തിന്റെ അവതാരിക", എര്ഡ്മാന്സ് 1969, ല് ഒരു നല്ല ചരിത്ര സംക്ഷിപ്തരേഖ കാണുന്നുണ്ട്.
2. എസ്.ആര്. ഡ്രൈവേഴ്സ് രചിച്ച "പഴയനിയമ സാഹിത്യ അവതാരിക", രണ്ടാം പതിപ്പ് 1972-ല് രണ്ട് ഗ്രന്ഥകര്ത്താക്കന്മാരെ ഊന്നിപ്പറയുന്നതിന്റെ സാങ്കേതിക കാരണങ്ങളും ബന്ധപ്പെട്ട ചര്ച്ചകളും പ്രതിപാദിക്കുന്നുണ്ട്.
3. അദ്ധ്യായങ്ങള് 1 മുതല് 39 നും 40 മുതല് 66 നും മദ്ധ്യേ ഒരു ഭിന്നിപ്പ് ഉള്ളതായി യാതൊരു എബ്രായ യവനായ കയ്യെഴുത്തു പ്രതിയിലും ഇതുവരെ കണ്ടിട്ടില്ല.
   a. ചാവുകടല് ചുരുളുകളില് 33-ാം അദ്ധ്യായത്തിന്റെ അവസാനത്തില് രണ്ടുവരി ഇടം കാണുന്നുണ്ട്. 39-ാം അദ്ധ്യായത്തിലല്ല മറിച്ച് ഇവിടെയാണ് ഒരു വിഭജന അവസ്ഥ കാണുന്നത്.
   b. അദ്ധ്യായങ്ങള് 1-3 വരെയും, 34-66 വരെയും ഒരു സമാന്തര ഘടനാ വിശേഷതകള് കാണാന് കഴിയുന്നുണ്ട്. ഗ്രന്ഥകാരന് ജീവിച്ചിരുന്ന കാലത്തെയും, പിന്നെ ഭാവിയെയും ആസ്പദമായി നിലനിന്നിരുന്ന ഈ ദ്വിവിധമായ എഴുത്തു ഘടനാ രീതി എബ്രായ പ്രവാചകന്മാരില് സര്വ്വസാധാരണമായിരുന്നു (cf. യെഹസ്കേല്, ദാനിയേല്, സെഖര്യാവ്).

4. ആധുനിക പാണ്ഡിത്യകാരന്മാര്ക്കിടയില് ഈ പുസ്തകത്തിന്റെ രചയിതാക്കളുടെ എണ്ണത്തെക്കുറിച്ചും, ഏതു ഭാഗത്താണ് പുസ്തക വിഭജനം വരേണ്ടതെന്നതിനെക്കുറിച്ചും ഒരു ഏകാഭിപ്രായം ഇല്ല എന്നു കരുതുന്നു.

C. യെശയ്യാവിന്റെ ഗ്രന്ഥ കര്ത്തൃത്വത്തിന് ചില കാരണങ്ങള്.

1. യെശയ്യാ ഗ്രന്ഥത്തിന്റെ രണ്ട് പ്രധാന ഭാഗത്തിലും 25 വാക്കുകള് ഒരുപോലെ കാണപ്പെ ടുന്നുവെന്നു മാത്രമല്ല ഈ വാക്കുകള് പഴയനിയമത്തില് എവിടെയും കാണുന്നില്ല എന്നതും ഒരു വസ്തുതയാണ്. (എന്.ഐ.വി, യെശയ്യാ പുസ്തകത്തിന് അവതാരിക, പേജ് 1014).
2. "യിസ്രായേലിന്റെ പരിശുദ്ധനായവന്" എന്ന തലക്കെട്ട് പതിമൂന്ന് പ്രാവശ്യം അദ്ധ്യായങ്ങള് 1 മുതല് 39 വരെയും പതിനാല് പ്രാവശ്യം 40 മുതല് 66 വരെയും ആറ് പ്രാവശ്യം മാത്രം മറ്റു പഴയനിയമ പുസ്തകങ്ങളിലും കാണപ്പെടുന്നു.
3. യോഹന്നാന്റെ സുവിശേഷം 12-ാം അദ്ധ്യായം 38,40 വാക്യങ്ങളില് യേശു ഉദ്ധരിക്കുന്ന യെശയ്യാവ് 53 ന്റെ 1-ാം വാക്യവും 6 ന്റെ 10-ാം വാക്യവും യെശയ്യാവിനെക്കുറിച്ചാണ് വിശേഷിപ്പിക്കുന്നത്.
4. യെശയ്യാവ് 40-66 വരെയുള്ള വേദഭാഗങ്ങളെ മത്തായി 3:3; 8:17; 12:17; ലൂക്കോസ് 3:4; 4:17; യോഹന്നാന് 1:23; അപ്പൊ.പ്രവൃത്തി 8:28; റോമര് 10:16-20.
5. 39-ാം അദ്ധ്യായത്തിന്റെ അവസാനത്തില് പുസ്തകത്തെ വിഭജിക്കുന്നുവെന്നതിനു തെളിവായി കയ്യെഴുത്തു രേഖകളില്ല.
6. 6-ാം നൂറ്റാണ്ടില് ജീവിച്ചിരുന്നുവെന്നു പറയപ്പെടുന്ന ഒരു വലിയ പ്രവാചകനെക്കുറിച്ച് (ഡിയഡ്രെ-യെശയ്യാവ്) ഒരു ചരിത്ര പ്രതിവാദ്യവും ഇല്ല. ആര്.കെ. ഹാരിസണ്, തന്റെ "പഴയ നിയമ അവതാരിക" എന്ന പുസ്തകത്തില് ഈ വിഷയത്തെക്കുറിച്ച് കൂട്ടിച്ചേര്ത്തു പറയുന്നുണ്ട്, "സാഹിത്യപരമായ ശൈലിയില് നിന്നുള്ള വിവാദങ്ങള് 19-ാം നൂറ്റാണ്ടിന്റെ അവസാനത്തില് പ്രചാരത്തിലുണ്ടായിരുന്നു. പക്ഷേ പുരാതന പൗരസ്ത്യ ഭാഷകളുടെ വിശാലമായ അറിവിന്റെ വെളിച്ചത്തില് ഇപ്പോള് ഈ വിവാദങ്ങള് വളരെ കുറഞ്ഞ പ്രാധാന്യമര്ഹിക്കുന്നതാണ് എന്ന നിഗമനത്തിലെത്തിച്ചേര്ന്നിരിക്കുന്നു. ശൈലിപരമായ പരിഗണനയുടെ പഠനവിഷയം ഗൗരവമായ അഭ്യര്ത്ഥന ഗ്രാഫ്-വെല്ഹൗസന്റെ സാഹിത്യപരമായ സൂക്ഷ്മപരിശോധന സിദ്ധാന്തത്തിന്റെ അനുയായികളോട് ഉയര്ത്തിയിരുന്നു. ഇതനുസരിച്ച് ഒരു വേദപുസ്തക ഗ്രന്ഥരചയിതാവുമായി ബന്ധപ്പെട്ട ഒരു വിഷയം പഠിക്കുന്നതില് അനൗചിത്യം ഇല്ലെന്നു നിലനില്ക്കേ, ഓരോ അദ്ധ്യായത്തിന്റെ സാഹിത്യരൂപവും പദസഞ്ചയവും തുല്യമായതല്ല എന്നതുകൊണ്ടും ഗ്രന്ഥ സമൂഹത്തിന്റെ ചില ഭാഗങ്ങളെ പിന്നീട് വിമര്ശിക്കാറുണ്ട്. പുരാതന ഗ്രന്ഥകര്ത്താവിന്റെ ശൈലിയെക്കുറിച്ചുള്ള ഒരു ധാരണ അദ്ദേഹത്തിന്റെ വിഷയങ്ങളുടെ സൂക്ഷ്മ പഠനത്തിനു ശേഷം മാത്രമെ സാധിക്കുകയുള്ളൂവെന്നും മാത്രമല്ല ഭാഗികമായോ പൂര്ണ്ണമായോ അതിന്റെ പിന്കാലത്തെ തിരസ്കരണം ഒരു കര്ക്കശമായ ബാഹ്യ നിയന്ത്രണത്താല് മാത്രമേ പ്രബലമാക്കുവാന് സാധിക്കൂവെന്ന് അവര് ചിന്തിച്ചില്ല". പേജ്. 776

D. യെശയ്യാ പുസ്തകത്തിന്റെ വിഭിന്ന രചയിതാക്കളുള്ളതിന് ചില കാരണങ്ങള്:

1. 40-66 വരെയുള്ള അദ്ധ്യായങ്ങളില് "യെശയ്യാവ്" എന്ന പേര് സൂചിപ്പിച്ചിട്ടില്ല.
2. 40-66 വരെയുള്ള അദ്ധ്യായങ്ങള് ഈ പുസ്തകത്തിന്റെ ചരിത്ര പശ്ചാത്തലവുമായി പൊരുത്തപ്പെടുന്നില്ല.
3. താഴെ കാണുന്ന രണ്ടു കടന്നുകയറ്റങ്ങളിലെ സൂചനകളിലുള്ള കൂട്ടിക്കലര്ത്തലാണ് കാരണം.
   a. അശ്ശൂര് രാജാക്കന്മാരുടെ കടന്നുകയറ്റം, നാടുകടത്തല് പിന്നെ വിധിന്യായം.
   b. ബാബിലോണ്യ ആക്രമണം. നാടുകടത്തല് പിന്നെ വിധിന്യായം.
4. യെശയ്യാവിന്റെ പുസ്തകത്തിനു പല എഴുത്തുകാര് ഉണ്ടായിരുന്നുവെന്നതിന് ചില വ്യക്തമായ കാരണങ്ങളുണ്ട്.
   a. ചരിത്ര പശ്ചാത്തലത്തിലുള്ള മാറ്റം.
      (1). യെഹൂദയുടെ മേലുള്ള കടന്നുകയറ്റത്തിനു മുമ്പ്, 1-39 വരെ.
      (2). നാടുകടത്തല് 40-55 വരെ.
      (3). യെഹൂദയുടെ നാടുകടത്തലിനു ശേഷം, 56-66 വരെ.
      (4). 1-39 വരെയുള്ള അദ്ധ്യായങ്ങളില് ആലയം ഒരുനാളും വീഴുകയില്ല എന്നുള്ളപ്പോള് 40-66 വരെ ആലയം വീണുകഴിഞ്ഞു എന്ന ധ്വനിയാണ്. ഇവിടെ ഗ്രന്ഥകര്ത്താവ് ഒരു രാജ്യഭ്രഷ്ടന് എന്നാണ് മനസിലാക്കുന്നത്.
   b. ദൈവത്താല് തിരഞ്ഞെടുക്കപ്പെട്ടവരെക്കുറിച്ചുള്ള വിവരണത്തില് വന്ന വാക്കുകളുടെ വ്യത്യാസം:
      (1). മശിഹ ആയി ജനിക്കുന്ന പൈതല്
      (2). കഷ്ടം സഹിക്കുന്ന ദാസന്
      (3). യിസ്രായേലിനെ:
         (a) ഒരു ഭാര്യയായി (50:1)
         (b) യഹോവയുടെ ദാസന്മാരെപ്പോലെ (54:17)
5. ആധുനിക യാഥാസ്ഥിതിക ചിന്തകന്മാര്:

a. 56-66 വരെയുള്ള അദ്ധ്യായങ്ങളെക്കുറിച്ചുള്ള ഇ.ജെ. യംഗ്-ന്റെ പ്രസ്താവന സഹായകരമാണ്. "ഈ ഭാഗത്തിന്റെ അടിസ്ഥാന പ്രമേയങ്ങളെക്കുറിച്ച് ആത്മാവിനാല് നയിക്കപ്പെട്ടതും, ലേഖകനാല് ശേഖരിക്കപ്പെട്ടതുമായ പ്രവചനങ്ങള് ഒരു സാധ്യത നല്കുന്നുണ്ട്". പേജ്. 188

b. ജി.ആർ.കെ. ഹാരിസണിന്റെ പ്രസ്താവന, "നിലവിലുള്ള മറ്റു ഭൂരിഭാഗം വരുന്ന പ്രവചനീക എഴുത്തുകളിലെപ്പോലെ വിഭിന്നങ്ങളായ സമയങ്ങളില് വാക്കുകളുടെ പ്രകാശിപ്പിക്കലുകളെ വെളിപ്പെടുത്തി കാട്ടുന്നതുകൊണ്ടും മറ്റു മുഖ്യമായ പഴയനിയമ പ്രവചനങ്ങളില് നിന്നും ഒരു വ്യത്യസ്ത പ്രതിപാദന രീതിക്ക് അര്ഹതയില്ലെന്ന് നിലവിലുള്ള എഴുത്തുകാരന് അഭിപ്രായപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് ഗ്രന്ഥകാരന് തന്റെ വ്യത്യസ്ത കാലങ്ങളില് എഴുതിയ വിഷയങ്ങളുടെ പ്രകാശിപ്പിക്കല് ഗ്രന്ഥകാരന്റെ ആകമാനമായ ശൈലിയെ പ്രതിനിധീകരിക്കുന്ന നിലയില് എടുക്കുന്നതായതുകൊണ്ട് ശൈലി വ്യത്യാസങ്ങളുടെയും സാഹിത്യപരമായ ഭാവങ്ങളുടെയും അടിസ്ഥാനത്തില് വരുന്ന വിവാദങ്ങള് ഉടനെ ഈ സമീപനത്താല് വികലമാക്കപ്പെടുന്നുവെന്നുള്ളത് ശ്രദ്ധിക്കേണ്ടതുണ്ട്. യെശയ്യാവിന്റെ പുസ്തകം ഒരു പദ്യ സമാഹാരം ആണെന്നു വിശേഷിപ്പിക്കുന്നതിന്റെ ന്യായീകരണം പ്രവചനത്തിന്റെ ആരംഭ വാക്യത്തില് തന്നെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഈ ആരംഭ വാക്യം തന്നെയാണ് ഇതിന്റെ തലക്കെട്ട്. ഇത് വളരെ കൃത്യമായിട്ടു തന്നെ ആമോസിന്റെ മകനായ യെശയ്യാവിന് യെഹൂദ രാജാക്കന്മാരായ ഉസ്സീയാവ്, യോഥാം, ആഹാസ്, ഹിസ്ക്കിയാവ് എന്ന രാജാക്കന്മാരുടെ കാലഘട്ടങ്ങളില് യെഹൂദ യെരൂശലേം നഗരങ്ങളെക്കുറിച്ച് ദര്ശനങ്ങളിലൂടെ ദൈവം ഇടപെട്ട് ലഭിച്ച വെളിപ്പാടാണെന്ന് വ്യക്തമാക്കുന്നു. മറ്റുള്ള പദ്യ സമാഹാരത്തെപ്പോലെ ഈ പുസ്തകവും അപ്പോള് ലഭ്യമായതില് നിന്ന് തിരഞ്ഞെടുത്ത പ്രാവചനീക വെളിപ്പാടുകളും പ്രബോധനങ്ങളുമാണ് ഉള്ക്കൊണ്ടിരിക്കുന്നത്. എന്നുവെച്ചാല് യെശയ്യാവിന്റെ പുസ്തകത്തില് ഇപ്പോള് അവശേഷിച്ചിരിക്കുന്ന എഴുത്തുകളെക്കാള് അധികമായി താന് എഴുതിയിട്ടുണ്ട് എന്നത് വളരെ സാധ്യതയുളവാക്കുന്ന ഒരു വസ്തുതയാണ്. ഈ പ്രവചനത്തിന്റെ പ്രകൃതി ഒരു സമാഹാരമെന്നതിന് യെശയ്യാവ് 2:1 -ലും 13:1 -ലുമായി കാണുന്നു. മേല്വിലാസത്തിന്റെ സാന്നിദ്ധ്യം ചൂണ്ടിക്കാണിക്കുന്നു. ഇത് മുമ്പിലത്തെ പ്രാവചനീക വചനങ്ങളെയും സമാഹാരത്തെയും സൂചിപ്പിക്കുന്നു". പേജ്. 780

6. 40-66 വരെയുള്ള അദ്ധ്യായങ്ങളുടെ സാഹിത്യപരമായ ശൈലി 1-39 വരെയുള്ളവയില് നിന്നു വ്യത്യസ്തമാണ്.

E. ഗ്രന്ഥ കര്തൃത്വത്തെക്കുറിച്ചുള്ള ഒടുവിലത്തെ അഭിപ്രായം:

1. ദൈവഭക്തിയുള്ള പണ്ഡിതന്മാര്ക്ക് യെശയ്യാവിന്റെ പ്രവചന പുസ്തകം എങ്ങനെയാണ് നിലവിലുള്ള അവസ്ഥയില് രൂപം കൊണ്ടത് എന്നതിനെക്കുറിച്ച് വിഭിന്ന അഭിപ്രായങ്ങളാണുള്ളത്. യഹോവയുടെ ഉദ്ദേശങ്ങളും സ്വഭാവവും വെളിപ്പെടുത്തുന്നതിലുള്ള വിശ്വാസ്യതയും അതിന്റെ പ്രചോദനത്തിലുമാണ് യഥാര്ത്ഥ ഊന്നല് കൊടുക്കേണ്ടത്.
2. യെശയ്യാവിലൂടെ ദൈവം തന്ന വിശ്വസ്തമായ വെളിപ്പാടിനെതിരെ വരുന്ന ഏതൊരു മുന്വിധിയെയും നാം തിരസ്ക്കരിക്കണം. ദീര്ഘ ദര്ശനത്താല് പറയുന്ന പ്രവചനത്തെ മുന്നമെ തിരസ്ക്കരിക്കയും അതിനാല് പഴയനിയമത്തെ ഒരു ചരിത്ര, മാനുഷിക, സമകാലികമായ വിവരണമായി തരം താഴ്ത്തുകയും ചെയ്യുന്ന പ്രവണതയും ഉള്പ്പെടുന്നു.

## VI. എഴുതിയ കാലം

A. യെശയ്യാവ് 8-ാം നൂറ്റാണ്ടിലെ ഒരു പ്രവാചകനാണ്.
1. യോന, ആമോസ്, ഹോശെയ വടക്കുദേശത്ത്, യെരോബെയാം രണ്ടാമന്റെ വാഴ്ചയുടെ കാലത്ത് (786 - 640 B.C.)
2. യെശയ്യാവും മീഖയും തെക്കെ ദേശത്ത്.

B. B.C. 760-കളിലാണ് യെശയ്യാവിന്റെ ജനനം. ഉസ്സീയാവ് രാജാവ് മരിച്ച 742 B.C.യിലാണ് പ്രവചന ശുശ്രൂഷയിലേക്ക് വിളിക്കപ്പെട്ടത് (6:1). ഉസ്സീയാവ് അസരിയ എന്നും അറിയപ്പെടുന്നു (783-742 B.C.).

C. ഉസ്സീയാവിന്റെ അവസാന വര്ഷങ്ങള് മുതല് യെശയ്യാവിന്റെ ശുശ്രൂഷ (783-742 B.C.) യോഥാമിന്റെയും (742-735 B.C.), ആഹാസിന്റെയും (735-715 B.C.), യെഹെസ്ക്കിയാവ് (715-687 B.C.) വരെ നീണ്ടതും ഒരുപക്ഷെ മനശ്ശെയുടെ കാലം വരെ (687-642 B.C.) ഉള്ളതുമായിരുന്നു.

D. ആര്.കെ. ഹാരിസണ് പ്രസ്താവിക്കുന്നത് "അനേക വര്ഷങ്ങള് യെഹൂദ രാജാക്കന്മാരുടെ കാലഘട്ടങ്ങളില് എഴുതിയ പ്രവാചകന്റെ എഴുത്തുകളുടെയും പ്രവചനത്തിന്റെയും സാഹിത്യ സമാഹാരമാണിതെന്നാണ്. പ്രവാചകന്റെ മരണശേഷം ഏകദേശം B.C. 630-കളിലാണ് ഇത് അന്തിമമായി സമാഹരിക്കയും ചിട്ടപ്പെടുത്തുകയും ചെയ്തത് എന്നു വിശ്വസിക്കുന്നു.

## VII. ചരിത്ര പശ്ചാത്തലം

A. 8-ാം നൂറ്റാണ്ടിലെ പ്രവാചകന്മാര്

1. വേദപുസ്തകം സംബന്ധിച്ചുള്ള വസ്തുതകള് താഴെപ്പറയുന്ന പുസ്തകങ്ങളില് കാണുന്നു.
    a. 2രാജാക്കന്മാര് 14:13 - 17:6
    b. ഹോശെയ
    c. 2ദിനവൃത്താന്തം 25:28
    d. യെശയ്യാവ്
    e. ആമോസ്
    f. മീഖ
    g. യോന
2. ദൈവജനത്തിനിടയിലെ ബിംബാരാധനയുടെ അവസ്ഥകളെക്കുറിച്ചുള്ള ലളിതമായ സംഗ്രഹം ഹോശെയയുടെ പുസ്തകത്തില് കാണുന്നു.
    a. 2:16, "ഇനി ഒരുനാളും എന്നെ ബാലി എന്നു വിളിക്കയില്ല".
    b. 4:12-13, "....... പുത്രിമാര് വ്യഭിചാരിണികളായി വ്യവഹരിക്കുന്നു.....".
    c. 4:17, "എഫ്രയീം ബിംബങ്ങളോടു ചേര്ന്നിരിക്കുന്നു; അവന് മുമ്പോട്ടു തുടരട്ടെ".
    d. 13:2, "പുരുഷന്മാര് കാളക്കുട്ടികളെ ചുംബിക്കുന്നു!" (ആചാര പദ്ധതി)
3. സാമൂഹിക പശ്ചാത്തലം
    a. യിസ്രായേലിനും, യെഹൂദയ്ക്കും ഇത് സാമ്പത്തിക അഭിവൃദ്ധിയുടെയും സൈനീക വിപുലീകരണത്തിന്റെയും കാലമായിരുന്നു. എന്നിരുന്നാലും ഈ അഭിവൃദ്ധി ഉയര്ന്ന സമൂഹത്തിനു മാത്രം ഗുണപ്രദമായിരുന്നു. പാവപ്പെട്ടവര് ചൂഷണം ചെയ്യപ്പെട്ടും നിന്ദിക്കപ്പെട്ടും ഇരുന്നു.
    b. യിസ്രായേലിന്റെയും യെഹൂദയുടെയും സാമൂഹിക ദൃഢതയും സാമ്പത്തിക അഭിവൃദ്ധിയും പല കാരണങ്ങളുമായി ബന്ധപ്പെട്ടിരുന്നു.
        (1). വടക്കെ ദേശത്തെ ഭരിച്ച യെരോബെയാം രണ്ടാമന്റെ (786-746 B.C.) നീണ്ട സമൃദ്ധി ഉളവാക്കുന്ന ഭരണവും വടക്ക് ഉസ്സീയാവിന്റെ ഭരണവും (783-742 B.C.)
        (2). 802 B.C.യില് അസീരിയ രാജാവായ ആദാഡ്-നിരാരി മൂന്നാമനാല് സിറിയയുടെ പരാജയം.
        (3). യിസ്രായേലിനും, യെഹൂദയ്ക്കും മദ്ധ്യേ സമാധാന അന്തരീക്ഷം
        (4). മറ്റു രാജ്യങ്ങള് മദ്ധ്യേ ഒരു പാലമെന്നോണം നില കൊണ്ട രാജ്യമായ പാലസ്തീനിലൂടെയുള്ള മറ്റു സൈന്യങ്ങളുടെ സഞ്ചാരത്തിന് ഏര്പ്പെടുത്തിയ വലിയ കരവും, വ്യാപാര യാത്രാ മാര്ഗ്ഗങ്ങള് വഴിയിലൂടെ ലഭിച്ച പണം എന്നിവ വലിയ സാമ്പത്തിക വളര്ച്ചയുണ്ടാക്കുക മാത്രമല്ല സമ്പന്ന വര്ഗ്ഗക്കാരുടെ ധാരാളിത്തവും കാരണമാക്കി.
    c. സോളമന് രാജാവിന്റെ ഭരണകാലത്ത് വളര്ന്നുവന്ന ഭരണ നടത്തിപ്പ് വ്യവസ്ഥിതിയുമായി തുലനം ചെയ്യാവുന്ന ഒന്ന് യെരോബെയാം രണ്ടാമന്റെ ഭരണകാലത്ത് "ശമരിയുടെ ഒസ്ട്രാക്കാ" എന്ന പേരില് അറിയപ്പെട്ടിരുന്നു. ഇത് സാമ്പത്തികം ഉള്ളവര്ക്കും ഇല്ലാത്തവര്ക്കും തമ്മിലുള്ള അന്തരത്തെ സൂചിപ്പിക്കുന്നു.
    d. "സാമൂഹിക നീതിയുടെ പ്രവാചകന്" എന്നറിയപ്പെടുന്ന ആമോസിന്റെ പുസ്തകത്തില് ധനികരുടെ വഞ്ചനയും, ചൂഷണവും വ്യക്തമായി സൂക്ഷ്മമായി വിവരിച്ചിരിക്കുന്നു. വാണിജ്യ സംബന്ധമായി കൃത്രിമ രേഖ ഉണ്ടാക്കല്, നീതിന്യായ വ്യവസ്ഥയെ കോഴ കൊടുത്ത് തകിടം മറിക്കല് എന്നിവ യെഹൂദയിലും യിസ്രായേലിലും പ്രത്യക്ഷമായി നിലനിന്നിരുന്ന ദുരാചാരത്തിന്റെ രണ്ട് ഉദാഹരണങ്ങള് ആണ്.
4. മതപരമായ പശ്ചാത്തലം
    a. മതപരമായ ചടങ്ങുകള്ക്കും, ആചാരങ്ങള്ക്കും അമിത പ്രാധാന്യം നല്കുകയും അതേസമയം യഥാര്ത്ഥ ദൈവവിശ്വാസം ഒട്ടുമില്ലാതിരുന്ന ഒരു സമയമായിരുന്നു. കനാന്യ ദേശക്കാരുടെ സമൃദ്ധിയുടെ കാപട്യമതം യിസ്രായേലിന്റെ മതചിന്തയോട് ഇടകലര്ന്ന ഒരുസമയം ജനങ്ങള് ബിംബാരാധികളായും അപ്പോള് തന്നെ അതിനെ യാഹേ സിദ്ധാന്തം ആയി കരുതിയ കാലഘട്ടം. രാഷ്ട്രീയ ചങ്ങാത്തത്തിലേക്കുള്ള ജനങ്ങളുടെ ചായ്വ് അവരെ ജാതീയ ആരാധനയിലേക്കും കര്മ്മങ്ങളിലേക്കും നയിച്ചു.
    b. യിസ്രായേലിന്റെ വിഗ്രഹാരാധന 2രാജാക്കന്മാരുടെ പുസ്തകം 17:7-18 വാക്യങ്ങള് വെളിപ്പെടുത്തുന്നു.
        (1). 8-ാമത്തെവാക്യത്തില്കനാന്യരുടെ കര്മ്മങ്ങള് യിസ്രായേല് മക്കള് പിന്തുടരുവാന് ആരംഭിച്ചു.
            (a) പ്രത്യുത്പാദനത്തിന്റെ ആരാധന ( cf. ലേവി. 18:22-23)
                (i). ഉയര്ന്ന സ്ഥലങ്ങളില് p. 9,10,11
                (ii). വിഗ്രഹ സ്തംഭങ്ങള് (ബാല് p. 10,16
                (iii). അശേരാപ്രതിഷ്ഠ p.16, ഇത് ബാലിന്റെ സഹചാരി ദേവതയുടെ മരം കൊണ്ടുണ്ടാക്കിയ പ്രതിരൂപമായിരുന്നു. അത് കൊത്തിയുണ്ടാക്കിയ സ്തംഭമോ, മരമോ ആയിരുന്നു.
            (b) ജ്യോതിഷം, p. 17 ലേവ്യപുസ്തകം 19-20 അദ്ധ്യായങ്ങളിലും, ആവര്ത്തനം 18-ലും ഇത് വിലക്കിയിരുന്നു.
        (2). 2രാജാ. 17:16-ല് യഹോവയാം ദൈവത്തിന്റെ പ്രതീകാത്മകമാണെന്ന് പറഞ്ഞ് യിസ്രായേല് രാജാവായിരുന്ന യൊരോബെയാം ഒന്നാമന് ദാനിലും ബേഥേലിനുമായി പ്രതിഷ്ഠിച്ച (1രാജാ. 12:28-29) രണ്ട് കാളക്കുട്ടികളെ ആരാധിക്കുന്നത് തുടരുകയും ചെയ്തു.

(3). 2രാജാ. 16-ാം വാക്യത്തില് കാണുന്നതുപോലെ അവര് ബാബിലോണ് ദേവന്മാരായ അശേരാ പ്രതിഷ്ഠയേയും, ആകാശത്തിലെ സര്വ്വ സൈന്യത്തേയും നമസ്ക്കരിച്ച് ബാലിനെ സേവിച്ചും പോന്നു.

(4). 17-ാമത്തെ വാക്യത്തില് ഫൊനീഷ്യായിലെ പ്രത്യുത്പാദന ദേവന്, മോലേതിനെ ആരാധിക്കുകയും സമൃദ്ധി ലഭിക്കുവാനായി തങ്ങളുടെ പുത്രന്മാരെയും, പുത്രിമാരെയും അഗ്നിപ്രവേശം ചെയ്യിക്കുകയും ചെയ്തു (cf. ലേവ്യ. 18:21; 20:2-5) ഈ സമ്പ്രദായത്തെ "മോലേക്ക്" എന്നാണ് അറിയപ്പെട്ടത്. "മോലേക്ക്" ദേവന്റെ പേരായിരുന്നില്ല.

c. ബാല് ആരാധന (cf. ഡബ്ല്യു.എഫ്. ആല്ബ്രൈറ്റ്സിന്റെ "യിസ്രായേലിന്റെ മതവും, പുരാവസ്തു ശാസ്ത്രവും" പേജ്. 82ഌ

(1). "ഉഗരിത്ത് ബാല് ദേവന്റെ ഇതിഹാസ കാവ്യം" എന്നാണ് നിലവിലുള്ള ഏറ്റവും നല്ല പുരാവസ്തു ശാസ്ത്രസംബന്ധിയായ ഉറവിടം.

(a) ഇതില് ബാലിനെ കാലാനുസൃതമായി മരിക്കുകയും എഴുന്നേറ്റു വരികയും ചെയ്യുന്ന ഒരു ദേവനായി വിവരിച്ചിരിക്കുന്നു. "മോത്ത്" എന്ന് പറയപ്പെടുന്ന ദേവനാല് തോല്വിയടയപ്പെട്ട് പാതാളത്തില് തടങ്കലാക്കപ്പെട്ട് കിടന്നു. അപ്പോഴെല്ലാം ഭൂമിയില് സകലവിധ ജീവനും അന്യം നിന്നു പോന്നു. എന്നാല് "അനാത്ത്" എന്ന് പേരുള്ള ദേവത അവനെ സഹായിക്കുകയും, ഓരോ വസന്തകാലത്തിലും പാതാളത്തില് നിന്ന് എഴുന്നേറ്റു വന്ന് ശത്രുവായ മോത്ത് നെ പരാജയപ്പെടുത്തുന്നു. അനുകരണ ജാലവിദ്യയാല് ആരാധിക്കപ്പെടുന്ന പ്രത്യുല്പാദനത്തിന്റെ ദേവനായിരുന്നു ബാല്.

(b) "ഹദാദ്" എന്ന അപരനാമത്തിലും ദേവന് അറിയപ്പെട്ടിരുന്നു.

(2). കാനാനിലെ വിശ്വദേവ ഗണത്തിലെ മുഖ്യ ദേവനായിരുന്നു "ഏല്". എന്നാല് ബാലിന്റെ ജനപ്രീതി അവന്റെ സ്ഥാനത്തെ അട്ടിമറിച്ചു.

(3). സോരിന്റെ മകളുടെ രാജ്ഞിയായിരുന്ന ഈസെബേല് പ്രചരിപ്പിച്ച ബാല് ആരാധനയാണ് യിസ്രായേലിനെ ഏറ്റവും അധികമായി സ്വാധീനിച്ചത്. ഒമ്രി എന്ന രാജാവാണ് തന്റെ മകന് ആഹാബിന് ഭാര്യയായി അവളെ തിരഞ്ഞെടുത്തത്.

(4). തദ്ദേശത്തെ ഉയര്ന്ന പ്രദേശങ്ങളില് യിസ്രായേലില് ബാലിനെ വണങ്ങി പോന്നു. ഉയര്ന്ന ഒരു കല്ല് ബാലിനെ സൂചിപ്പിക്കുവാന് ഉണ്ടാക്കിയിരുന്നു. കൊത്തി ഉണ്ടാക്കപ്പെട്ടതും, ജീവമരത്തെ സൂചിപ്പിക്കുന്നതുമായ ഒരു വധസ്തംഭത്തിന്റെ പ്രതീകമായ അശേരാ ആയിരുന്നു ബാലിന്റെ സഹകാരി.

d. പലതരത്തിലുള്ള ബിംബാരാധനയും പല ഉറവിടങ്ങളുടെയും പരാമര്ശം.

(1). യൊരോബെയാം ഒന്നാമനാല് പണികഴിപ്പിക്കപ്പെട്ടതും ദാനിലും, ബേഥേലിലുമായി യഹോവ ആരാധനയുടെ പ്രതീകമായി പ്രതിഷ്ഠിക്കപ്പെട്ട പൊന്നു കൊണ്ടുണ്ടാക്കിയ കാളക്കുട്ടികള്.

(2). ഉയര്ന്ന സ്ഥലങ്ങളിലുള്ള സോര് പ്രത്യുല്പാദന ദേവന്റെയും ദേവതയുടെയും ആരാധന.

(3). ആ ദിനങ്ങളില് ഉണ്ടായിരുന്ന രാഷ്ട്രീയ സഖ്യത്തില് ആവശ്യമായിരുന്ന ബിംബാരാധന.

5. പാലസ്തീനെ ബാധിച്ച 8-ാം നൂറ്റാണ്ടിലെ അസറിയ, ബാബിലോണ്യ കടന്നുകയറ്റങ്ങളുടെ ചെറിയ സംക്ഷിപ്തം.

a. ടൈഗ്രീസ്-യൂഫ്രട്ടീസ് അസീറിയന് സമ്രാജ്യത്തിന്റെ ഉദയ കാലഘട്ടങ്ങളില് 8-ാം നൂറ്റാണ്ടിലെ നാല് പ്രവാചകന്മാര് കര്മ്മോത്സുകരായിരുന്നു. ദൈവം തന്റെ ജനത്തെ പ്രത്യേകിച്ച് യിസ്രായേല്യരെ ന്യായം വിധിപ്പാന് ഈ ക്രൂരമായ രാജ്യത്തെ ഉപയോഗിച്ചു.

(1). B.C. 735-ല് രൂപപ്പെട്ട ഒരു ട്രാന്സ്-ജോര്ദാന് രാഷ്ട്രീയ സൈനീക കൂട്ടുകെട്ട് "സൈറൊ-എഫ്രാമാറ്റിക് ലീഗ്" എന്നറിയപ്പെട്ട ഒരു പ്രത്യേക രൂപീകരണമായിരുന്നു ആ നിര്ദ്ദിഷ്ടമായ സംഭവം. സിറിയയും യിസ്രായേലും അസീറിയയ്ക്കെതിരായി യെഹൂദയോട് തങ്ങളോടു ചേരുവാന് നിര്ബന്ധിച്ചു. എന്നാല് ആഹാബ് അസീറിയ രാജാവിനോട് സഹായത്തിനായി കത്തയച്ചു. ആദ്യത്തെ സാമ്രാജ്യ മോഹിയും, വളരെ ശക്തനുമായ അസീറിയന് രാജാവ് തിഗ്ലത്ത്-പിലേസര് മൂന്നാമന് (745-727 B.C.) ആ സൈനീക വെല്ലുവിളിയെ അതിജീവിച്ച് സിറിയയെ കടന്നാക്രമിച്ചു.

(2). ശേഷം അസീറിയയുടെ കയ്യിലെ വെറും പാവയായ യിസ്രായേല് രാജാവ് ഹോശെയ (732-722 B.C.) എതിര്ത്തു ഈജിപ്തിനോടു കൂട്ടുപിടിച്ചു. ശല്മനസ്സേര് അഞ്ചാമന് (727-722 B.C.) യിസ്രായേലിനെ വീണ്ടും ആക്രമിച്ചു. യിസ്രായേലിനെ പൂര്ണ്ണമായി കീഴടക്കും മുമ്പേ അവന് മരിച്ചു. എന്നാല് തന്റെ പിന്ഗാമി സര്ഗോന് രണ്ടാമന്(722-705 B.C.) 722 B.C.യില് യിസ്രായേലിന്റെ തലസ്ഥാനമായ ശമരിയ കീഴടക്കി. അസീറിയ ഈ സന്ദര്ഭത്തില് ഇരുപത്തിയേഴായിരം യിസ്രായേല്യരെ നാടുകടത്തുകയുംചെയ്തു. അതിനുമുമ്പ് 732 B.C.യില് തില്ഗത്ത്-പിലേസര് ആയിരക്കണക്കിന് യിസ്രായേല്യരെ നാടുകടത്തിയിരുന്നു.

b. ആഹാസിന്റെ മരണശേഷം (735-715 B.C.) ട്രാന്സ്-ജോര്ദ്ദാന് രാജ്യങ്ങളും, ഈജിപ്തും ചേര്ന്ന് അസീറിയയ്ക്കെതിരെ വേറൊരു സൈനീക കൂട്ടുകെട്ട് (714-711 B.C.) രൂപീകരിച്ചു. ഇതിനെ "ആഷ്ദോദ് വിപ്ലവം" എന്നറിയപ്പെട്ടു. അസീറിയ വീണ്ടും കടന്നാക്രമണം നടത്തിയപ്പോള് പല യെഹൂദാ നഗരങ്ങള് നശിപ്പിക്കപ്പെട്ടു. പ്രാരംഭത്തില് ഹെസെക്കിയാവ് ഈ കൂട്ടുകെട്ടിനെ പിന്താങ്ങി എങ്കിലും പിന്നീട് അത് പിന്വലിച്ചു.

c. എന്നിരുന്നാലും B.C. 705-ല് അസീറിയയുടെ ശക്തനായ രാജാവ് സര്ഗോന് രണ്ടാമന്റെ മരണത്തെ തുടര്ന്ന് വേറൊരു കൂട്ടുകെട്ടുണ്ടായി. അസീറിയന് സാമ്രാജ്യത്തില് ഉടനീളം നടന്ന മറ്റനേക വിപ്ലവങ്ങളോടുകൂടെ ഇതും സംഭവിച്ചു.
   (1). ഹിസ്ക്കിയാവ് ഈ വിപ്ലവത്തില് പൂര്ണ്ണമായും പങ്കെടുത്തു. ഈ പുതിയ വെല്ലുവിളിയുടെ വെളിച്ചത്തില് സന്ഹേരിബ് (705-681 B.C.) യെരുശലേം നഗരത്തിനടുത്തായി പാളയമടിച്ചു (2രാജാ. 18-19; യെശയ്യാവ് 36-39). എങ്കിലും അത്ഭുതകരമായി ദൈവം അവന്റെ സൈന്യത്തെ പരാജയപ്പെടുത്തി.
   (2). സന്ഹേരിബ് എത്രപ്രാവശ്യം പാലസ്തീനെ ആക്രമിച്ചു എന്നതിന് പണ്ഡിതന്മാര്ക്കിടയില് ചോദ്യമുണ്ട്. (ഉദാഹരണമായി: B.C. 701-ല് ഒരു കടന്നുകയറ്റം നടന്നതായി ജോണ് ബ്രൈറ്റ് അഭിപ്രായപ്പെടുന്നു. അപ്പോള്ത്തന്നെ B.C. 688-ല് മറ്റൊരു കടന്നു കയറ്റത്തിന് സാധ്യത കാണുന്നു; cf. പേജ്. 270).
   (3). ഒരു അസീറിയന് കടന്നുകയറ്റം ഹിസ്ക്കിയാവിനെ ഒഴിഞ്ഞു മാറിയെങ്കിലും വലിയ അഭിമാനം പൂണ്ട ഹിസ്ക്കിയാവ് യെഹൂദയുടെ ഭണ്ഡാരപ്പുര ബാബിലോണ്യ പ്രതിനിധി സംഘത്തിന് പ്രദര്ശിപ്പിച്ചതിനാല് ബാബിലോണിന്റെ മുമ്പാകെ യെഹൂദയുടെ വീഴ്ച യെശയ്യാവ് പ്രവചിച്ചിരുന്നു (39:1-8). B.C. 587-586ല് യെരൂശലേം നെബൂഖദ്നേസരിന്റെ കയ്യാല് വീണു.

d. മേദ്യ-പേര്ഷ്യന് ഭരണാധികാരിയായിരുന്ന കോരെശ് രണ്ടാമന്റെ കീഴില് (41:2-4; 44:28; 45:1; 56:11) ദൈവജനത്തിന്റെ പുനരുദ്ധാരണത്തെ മുന്കൂട്ടി പ്രവചിച്ചിരുന്നു. ബാബിലോണിന്റെ കയ്യില് നിനവെ നഗരം B.C. 612-ല് വീണു എങ്കിലും പിന്നീട് B.C. 539-ല് ബാബിലോണിയന് നഗരം കോരെശ് സൈന്യത്തിന്റെ കയ്യാല് വീണു. B.C. 538-ല് കോരെശ് ഒരു ഉത്തരവ് പുറപ്പെടുവിച്ചത് യെഹൂദന്മാരടക്കം നാടുകടത്തികൊണ്ടുവന്ന എല്ലാ ജനങ്ങള്ക്കും അവരവരുടെ നാട്ടിലേക്ക് മടങ്ങാം എന്നായിരുന്നു. ദേശീയ ആലയങ്ങള് പണിയുന്നതിനായി രാജാവിന്റെ ഖജനാവില് നിന്ന് ധനവും കൊടുക്കുകയുണ്ടായി.

B. മെസപ്പൊത്താമ്യയിലെ സാമ്രാജ്യങ്ങളെക്കുറിച്ച് ചരിത്രപരമായ ഒരു സംക്ഷിപ്ത നിരീക്ഷണം. ജോണ് ബ്രൈറ്റിന്റെ "യിസ്രായേലിന്റെ ഒരു ചരിത്രം" പേജ് 462ളള, എന്ന പുസ്തകത്തിലെ തീയതികള് ആധാരമാക്കിക്കൊണ്ട്,

1. അസീറിയന് സാമ്രാജ്യം (ഉല്പ. 10:11)
   a. ബാബിലോണ്യ/സുമേറിയ സാമ്രാജ്യങ്ങളാല് ഇതിന്റെ മതവും, സംസ്കാരവും വളരെ സ്വാധീനിക്കപ്പെട്ടിരുന്നു.
   b. ഏകദേശമായ തീയതികളും, പരീക്ഷണാര്ത്ഥമായ രാജാക്കന്മാരുടെ നാമാവലിയും:
      (1). 1354-1318 അശ്ശൂര് ഉബാല്ലിത് ഒന്നാമന്
         (a) കാര്ക്കമീശിലെ ഹിത്യനഗരം കീഴടക്കി.
         (b) ഹിത്യ സ്വാധീനത്തെ നീക്കം ചെയ്തു തുടങ്ങുകയും അസീറിയ അഭിവൃദ്ധി പ്രാപിപ്പാന് അനുവദിക്കുകയും ചെയ്തു.
      (2). 1297-1266 ആദാദ് നിരാരി ഒന്നാമന് (ശക്തനായ രാജാവ്)
      (3). 1265-1235 ശല്മനാശ്ലേര് ഒന്നാമന് (ശക്തനായ രാജാവ്)
      (4). 1234-1197 തുക്കുല്ത്തി-നിനര്ത്താ ഒന്നാമന് - തെക്കെ ദേശത്തോടു ചേര്ന്ന് കിടന്നിരുന്ന ബാബിലോണ്യ സാമ്രാജ്യത്തിന്മേലുള്ള ആദ്യത്തെ വിജയം
      (5). 1118-1078 തിഗ്ലത്ത്-പിലേസര് ഒന്നാമന്
         -മെസപ്പൊത്താമ്യയില് അസീറിയ ഒരുവലിയ ശക്തിയായി രൂപംകൊള്ളുന്നു.
      (6). 1012-972 അശ്ശൂര്-രബി രണ്ടാമന്
      (7). 972-967 അശ്ശൂര്-രേഷ്-ഇസൂയി രണ്ടാമന്
      (8). 966-934 തിഗ്ലത്ത്-പിലേസര് രണ്ടാമന്
      (9). 934-912 അശ്ശൂര്-ദാന് രണ്ടാമന്
      (10). 912-890 ആദാദ്-നിരാരി രണ്ടാമന്
      (11). 890-884 തുക്കുല്ത്തി-നിനര്ത്ത രണ്ടാമന്
      (12). 890-859 അശ്ശൂര്-നസിര്-അപാല് രണ്ടാമന്
      (13). 859-824 ശല്മനാസ്സേര് മൂന്നാമന്
      (14). 824-811 ഷമാഷി ആദാദ് അഞ്ചാമന്
      (15). 811-783 ആദാദ് നിരാരി മൂന്നാമന്
      (16). 781-772 ശല്മനാസ്സേര് നാലാമന്
      (17). 772-754 അശ്ശൂര്-ദാന് മൂന്നാമന്
      (18). 754-745 അശ്ശൂര്-നിരാരി അഞ്ചാമന്
      (19). 745-727 തിഗ്ലത്ത്-പിലേസര് മൂന്നാമന്
         (a) 2രാജാ. 15:19-ല് “പുല്” എന്ന ബാബിലോണിയന് സിംഹാസന പേരില് വിളിക്കപ്പെട്ടവന്.
         (b) വളരെ ശക്തനായ രാജാവ്.
         (c) കീഴടക്കിയ ജനങ്ങളെ നാടുകടത്താനുള്ള നയം തുടങ്ങി.

(d) വളര്ന്നുകൊണ്ടിരുന്ന അസീറിയയുടെ സൈനിക ശക്തിയെ നിര്വീര്യമാക്കുക എന്ന ലക്ഷയ്ത്തോടെ യൂഫ്രട്ടീസ് മുതല് ഈജിപ്ത് വരെയുള്ള ട്രാന്സ്-ജോര്ദാന് രാജ്യങ്ങളുടെ ലഭ്യമായ സൈനീക മാര്ഗ്ഗങ്ങളെ ഏകീകരിക്കാനുള്ള ഒരു ശ്രമം എന്ന നിലയില് B.C. 735-ല് "സൈറൊ-എഫ്രാമാറ്റിക് ലീഗ്"ന് രൂപകല്പന നല്കുകയുണ്ടായി. ഇതില് ചേരാന് യെഹൂദാരാജാവായ ആഹാസ് വിസമ്മതം പ്രകടിപ്പിക്കുകയും യിസ്രായേലും, സിറിയയും ചേര്ന്ന് അതിേേല് കടന്നുകയറ്റം നടത്തുകയും ചെയ്തു. യെശയ്യാവിന്റെ ആലോചനയ്ക്കെതിരായി (cf. യെശ. 7-12) സഹായം അഭ്യര്ത്ഥിച്ചതുകൊണ്ട് തിഗ്ലത്ത് - പിലേസറിന് കത്ത് അയയ്ക്കുകയും ചെയ്തു.

(e) 732-ല് തിഗ്ലത്ത്-പിലേസര് മൂന്നാമന് സിറിയയെയും യിസ്രായേലിനെയും ആക്രമിച്ച് കീഴടക്കുകയും ഒരു ആശ്രിതരാജാവായ ഹോശയെ യിസ്രായേല് സിംഹാസനത്തിന്മേല് ഇരുത്തുകയും ചെയ്തു (732-722 B.C.). മേദ്യയിലേക്ക് ആയിരക്കണക്കിന് യെഹൂദന്മാര് നാടുകടത്തപ്പെട്ടു (cf. 2രാജാ. 15-16).

(20). 727-722 ശല്മനാസ്സേര് അഞ്ചാമന്

- ഹോശെയ ഈജിപ്തുമായി ഒരു കൂട്ടുകെട്ടുണ്ടാക്കുകയും, അസീറി അതിനെ കീഴടക്കുകയും ചെയ്തു (cf. 2രാജാ. 7).

(21). 722-705 സര്ഗോന് രണ്ടാമന്

(a) ശല്മനാസ്സേര് അഞ്ചാമനും തന്റെ ജനറലും പിന്ഗാമിയുമായിരുന്ന സര്ഗോന് രണ്ടാമനും ചേര്ന്ന് നടത്തിയ മൂന്നുവര്ഷത്തെ ഉപരോധത്തിനു ശേഷം യിസ്രായേലിന്റെ തലസ്ഥാനമായ ശമരിയയെ കീഴടക്കി. മേദ്യയിലേക്ക് ഇരുപത്തിയേഴായിരത്തിലധികം പേരെ നാടുകടത്തി.

(b) ഹിത്യരുടെ സാമ്രാജ്യവും പിടിക്കപ്പെട്ടു.

(c) 714-711 ല് ട്രാന്സ്-ജോര്ദന് രാജ്യങ്ങളുടെ മറ്റൊരു കൂട്ടുകെട്ട് രൂപം കൊണ്ടു. ഈജിപ്ത് അസീറിയയ്ക്കെതിരെ യുദ്ധം ചെയ്തു. ഈ കൂട്ടുകെട്ടിനെ "ആഷ്ദോദ് വിപ്ലവം" എന്നറിയപ്പെട്ടു. ആരംഭത്തില് യെഹൂദയുടെ ഹിസ്ക്കിയാവും ഇതില് ഉള്പ്പെട്ടിരുന്നു. അസീറിയ തിരിച്ച് ആക്രമിച്ച് അനേക ഫിലിസ്ത്യന് നഗരങ്ങള് നശിപ്പിച്ചു.

(22). 705-681 സെന്ഹെരീബ്

(a) 705-ല് സര്ഗോന് രണ്ടാമന്റെ പിതാവിന്റെ മരണശേഷം മറ്റൊരു ട്രാന്സ്-ജോര്ദന് രാജ്യങ്ങളുടെ കൂട്ടുകെട്ടും, ഈജിപ്തും ഒരുമിച്ച് സര്ഗൊനെതിരെ ഏറ്റുമുട്ടി. ഹെസിക്കിയാവ് പൂര്ണ്ണമായും ഈ വിപ്ലവത്തെ പിന്താങ്ങി. സെന്ഹെരീബ് 701-ല് ഇതിനെ കീഴടക്കി ഈ കൂട്ടുകെട്ട് തകര്ത്തു. എന്നാല് ദൈവത്തിന്റെ അത്ഭുതപ്രവൃത്തിയായി യെരൂശലേം വിടുവിക്കപ്പെട്ടു (cf. യെശ.36-39; 2രാജാ. 18-19).

(b) ബാബിലോണിലും, എലാവിലും പൊങ്ങിവന്ന എല്ലാ വിപ്ലവങ്ങളും സെന്ഹെരീബ് അമര്ച്ച ചെയ്തു.

(23). 681-669 എസാര്ഹദ്ദോന്

(a) ഈജിപ്തിനെ ആക്രമിച്ച് കീഴടക്കിയ ആദ്യത്തെ അസീറിയന് ഭരണാധികാരി.

(b) ബാബിലോണിന്റെ മേല് വലിയ അനുകമ്പ തോന്നുകയും ഇതിന്റെ തലസ്ഥാന നഗരത്തെ പുതുക്കി പണിയുകയും ചെയ്തു.

(24). 669-663 അശൂര്ബനിപാല്

(a) എസ്രാ 4:10-ല് ഒസ്നാപ്പാര് എന്ന പേരിലും അറിയപ്പെട്ടു.

(b) രാജാവിന്റെ സഹോദരന് ഷമാഷ് ഷും-ഉക്കിന് ബാബിലോണിന്റെ രാജാവായി വാഴപ്പെട്ടു. ഇത് ബാബിലോണിനും, അസീറിയയ്ക്കും മദ്ധ്യേ അനേക വര്ഷങ്ങളുടെ സമാധാനത്തിനു കാരണമായി. പക്ഷെ, സ്വാതന്ത്ര്യത്തിനായി ഒരു ഗൂഢാഭിപ്രായം ബലപ്പെട്ടിരുന്നു. അത് വിപ്ലവമായി തന്റെ സഹോദരന്റെ നേതൃത്വത്തില് 652-ല് പൊട്ടിപ്പുറപ്പെട്ടു.

(c) തേസെസിന്റെ വീഴ്ച, 663

(d) എലാമിന്റെ പരാജയം, 653, 645

(25). 633-629 അശ്ശൂര്-എതില്-ഇളാനി

(26). 629-612 സിന്-ഷാര്-ഇഷ്കുന്

(27). 612-609 അശ്ശൂര്-ഉബല്ലിത്ത് രണ്ടാമന്

612-ല് നിനവെയുടെയും, 614-ല് അശ്ശൂരിന്റെയും വീഴ്ചയ്ക്കുശേഷം ഹാരാനില് ഒരു രാജാവിനെ വാഴിച്ചു.

2. പുതിയ ബാബിലോണ്യ സാമ്രാജ്യം

a. മെരൊദാക്ക് ബലാദാന്

- അസീറിയന് ഭരണത്തിനെതിരെ അനേക വിപ്ലവങ്ങള് ആരംഭിച്ചു. 703?

b. ഷമാസ്-ഷും-ഉക്കിന് 652

(1). എഷ്റദോനിന്റെ മകനും, അശ്ശൂര് ബാനിപ്പാലിന്റെ സഹോദരനും ആയിരുന്നു.

(2). അസീറിയയ്ക്കെതിരായി ഒരു വിപ്ലവം തുടങ്ങിയെങ്കിലും പരാജയപ്പെട്ടു.

c. നബോപൊളാസര് 626-605

(1). പുതിയ ബാബിലോണ്യ സാമ്രാജ്യത്തിന്റെ ആദ്യത്തെ ഏകാധിപതി ആയിരുന്നു.
(2). അവന് വടക്കുനിന്ന് അസീറിയയെ ആക്രമിച്ചു.
(3). അസീറിയയുടെ പഴയ തലസ്ഥാനമായ അശ്ശൂര് 614-ല് നിലംപതിച്ചു. പുതിയ ശക്തിയായി ഉയര്ന്ന നിനവെ തലസ്ഥാനം 612-ല് നിലംപതിച്ചു.
(4). അസീറിയന് സൈന്യത്തിലെ ശേഷിപ്പ് ഹാരാനിലേക്ക് പിന്വാങ്ങി. അവിടെ അവര് ഒരു രാജാവിനെ വാഴിക്കുകയും ചെയ്തു.
(5). 608-ല് ഫറവോന് നെഖൊ രണ്ടാമന് (cf. 2രാജാ. 23:29) ശേഷിപ്പുള്ള അസീറിയന് സൈന്യത്തെ ശക്തിയാര്ജ്ജിച്ചു വരുന്ന ബാബിലോണിയന് രാജ്യത്തിനെതിരെ ഒരു നിക്ഷ്പക്ഷ മേഖലയായി അസീറിയന് സൈന്യത്തെ രൂപീകരിക്കാനായി വടക്കന് ദിക്കിലേക്ക് പടനീക്കി. ദൈവഭയമുള്ള യെഹൂദാരാജാവായ യോശീയാവ് (cf. 2രാജാ.23) ഈജിപ്തിലെ സൈന്യത്തിന്റെ സഞ്ചാരത്തെ പാലസ്തീന് വഴി എതിര്ത്തു നിന്നു. മെഗിദൊയില് നെഖൊയുമായി നടന്ന കലഹത്തില് യോശീയാവ് മുറിവേല്ക്കുകയും മരിക്കുകയും ചെയ്തു (2രാജാ. 23:29-30). അവന്റെ മകന് യെഹോവാഹാസ് രാജാവാക്കപ്പെട്ടു. ഫറവോന് നെഖൊ രണ്ടാമന് ഹാരാനില് അസീറിയന് സൈന്യം വിതച്ച നാശം നിര്ത്തുവാന് എത്തിയപ്പോഴേക്കും വൈകിയിരുന്നു. നെബൂഖദ്നേസ്സര് രണ്ടാമനാല് നിയമിക്കപ്പെട്ട ബാബിലോണിയന് സൈന്യത്തിനെതിരെ യുദ്ധം ചെയ്തെങ്കിലും യൂഫ്രട്ടീസ് നദീതീരത്തുള്ള കര്ക്കെമിഷില് വച്ച് 605-ല് വളരെ ദയനീയമായി പരാജയപ്പെട്ടു. ഈജിപ്തിലേക്കുള്ള തന്റെ മടക്കയാത്രയില് യെരൂശലേമിനെ ആക്രമിച്ച് ആ നഗരത്തെ കൊള്ളയടിച്ചു. യെഹോവാഹാസിന്റെ മൂന്നുവാസ വാഴ്ചയ്ക്കുശേഷം നെഖൊ അവനെ സ്ഥാനഭ്രഷ്ടനാക്കി, നാടുകടത്തി. ഫറവോന് നെഖൊ യോശീയാവിന്റെ മറ്റൊരു മകനായ യെഹോയാക്കീമിനെ അവന്റെ അപ്പനായ യോശീയാവിനു പകരം രാജാവാക്കി (cf. 2രാജാ. 23:31-35).
(6). നെബൂഖദ്നേസ്സര് രണ്ടാമന് തെക്കുള്ള ഈജിപ്ത് സൈന്യത്തെ പാലസ്തീന് വഴി പിന്തുടര്ന്നു എങ്കിലും നെബൂഖദ്നേസ്സറിന്റെ പിതാവിന്റെ പെട്ടെന്നുള്ള മരണവാര്ത്ത അറിഞ്ഞപ്പോള് ബാബിലോണിലേക്ക് മടങ്ങിപ്പോയി. വീണ്ടും അതേവര്ഷം പാലസ്തീനിലേക്ക് മടങ്ങിവന്നു. യെഹൂദയുടെ സിംഹാസനത്തില് യെഹോയാക്കീമിനെ വാഴിച്ചു പക്ഷെ രാജകീയ കുടുംബത്തിലെ അനേക അംഗങ്ങളെയും, ആയിരക്കണക്കിന് മുതിര്ന്ന പൗരന്മാരെയും നാടുകടത്തി. ഈ നാടുകടത്തലിന്റെ ഭാഗമായിരുന്നു ദാനിയേലും കൂട്ടരും.

d. നെബൂഖദ്നേസ്സര് രണ്ടാമന് 605-562
(1). 597 മുതല് 538 വരെ പാലസ്തീന് ബാബിലോണിന്റെ പൂര്ണ്ണ നിയന്ത്രണത്തിലായിരുന്നു.
(2). യെഹോയാക്കീം വീണ്ടും ഈജിപ്തുമായി കൂട്ടുകെട്ടുണ്ടാക്കിയതുകൊണ്ട് (2രാജാ.24) യെരൂശലേമില് നിന്ന് 597-ല് വീണ്ടുമൊരു നാടുകടത്തല് ഉണ്ടായി. നെബൂഖദ്നേസ്സര് രണ്ടാമന്റെ വരവിനു മുമ്പ് യെഹോയാക്കീം മരിച്ചുപോയി. യെഹോയാക്കീമിന്റെ മകന് യെഹോയാഖിന് മൂന്നുമാസം യെരൂശലേമില് രാജാവായി വാണു. ശേഷം ബാബിലോണിലേക്കു നാടുകടത്തപ്പെട്ടു. യെഹെസ്ക്കേല് അടക്കം പതിനായിരത്തോളം പൗരന്മാരെ ബാബിലോണ് നഗരത്തിനടുത്ത് കേബാര് നദീതീരത്ത് വീണ്ടും താമസിപ്പിച്ചു.
(3). 586-ല് ഈജിപ്തുമായുള്ള തുടര്മാനമായ ബന്ധം കാരണം 589-ല് യെരൂശലേം പൂര്ണ്ണമായി നശിപ്പിക്കപ്പെടുകയും (2രാജാ. 25) വലിയ ഒരു നാടുകടത്തലിന് വഴിയൊരുക്കുകയും ചെയ്തു. യെഹോയാഖിന് പകരം വന്ന സിദെക്കിയാവ് നാടുകടത്തപ്പെടുകയും ഗവര്ണറായി ഗെദല്യാവെ നിയമിക്കുകയും ചെയ്തു.
(4). വിശ്വാസ ഘാതകന്മാരും, കാലുമാറ്റക്കാരുമായ യെഹൂദാസൈന്യം ഗെദല്യാവെ കൊന്നു. ഈ സൈന്യം ഈജിപ്തിലേക്ക് ഓടിപ്പോകയും യിരെമ്യാപ്രവാചകനും കൂടെ ചെല്ലുവാന് നിര്ബന്ധിച്ചു. നെബൂഖദ്നേസ്സര് നാലാം പ്രാവശ്യവും യെഹൂദയെ ആക്രമിച്ചു (605, 596, 586, 582) ശേഷിച്ചിരുന്ന മുഴുവന് യെഹൂദന്മാരെയും നാടുകടത്തി.

e. 562-560 ല് അമേല്-മാര്ടുക്ക് എന്നറിയപ്പെട്ടിരുന്ന ദുഷ്ടനായ മാര്ടുക്ക് യെഹോയാഖീനെ ജയിലില് നിന്നു മോചിപ്പിച്ചു എങ്കിലും ബാബിലോണില് തന്നെ കഴിയേണ്ടി വന്നു (cf. 2രാജാ. 25:27-30; യിരെമ്യാവ് 52:31).

f. 560-556 നെറിഗ്ലിസര്
-നെബൂഖദ്നേസ്സറിന്റെ സൈന്യാധിപനായിരുന്ന യോദ്ധാവാണ് യെരൂശലേം നഗരം പൂര്ണ്ണമായി നശിപ്പിച്ചത്.

g. 556 ലബാസ്കി മാര്ഡൂക്
-നെറിഗ്ലിസറിന്റെ മകനായിരുന്നു. പക്ഷേ 9 മാസത്തിനുശേഷം അവനും കൊല്ലപ്പെട്ടു.

h. 556-539 നബോനിടസ്
(1). നബോനിടസ് രാജകീയ കുടുംബമായി ബന്ധമില്ലാത്തവനായിരുന്നു. നെബൂഖദ്നേസ്സര് രണ്ടാമന്റെ ഒരു മകളെ വിവാഹം ചെയ്തു.
(2). തേമയില് “സിന്” എന്നുപേരുള്ള ഒരുചന്ദ്രദേവന് വേണ്ടി ക്ഷേത്രം പണിയുന്ന കാര്യ ത്തില് കൂടുതല് സമയവും ചിലവഴിച്ചു. ഈ ദേവതയുടെ മഹാപുരോഹിതയായിരുന്നവളുടെ

മകനായിരുന്നു നബോനിടസ്. ബാബിലോണ്യര് പ്രമുഖ ദേവനായി ആരാധിച്ച മാര്ഡൂക്കിന്റെ പുരോഹിതന്മാരില് നിന്ന് ഇതു കാരണം ശത്രുത്വം സമ്പാദിച്ചു.

(3). വിപ്ലവങ്ങള് അടിച്ചമര്ത്താനും രാജ്യത്തെ സുസ്ഥിരമാക്കാനും കൂടുതല് സമയം ചെലവാക്കി.

(4). തേമയിലേക്ക് മാറി താമസിക്കുകയും തന്റെ മകനായ ബേല്ശസ്സറിനു രാജ്യത്തിന്റെ കാര്യങ്ങള് ചുമതലപ്പെടുത്തുകയും ചെയ്തു (cf. Dan. 5).

i. ?-539 ബെല്ശസ്സര് (സഹ-ഭരണം)

-ഗൊബര്യാസ് എന്ന യോദ്ധാവിന്റെ നേതൃത്വത്തിലുള്ള മേദ്യ-പേര്ഷ്യന് സൈന്യ ത്തിന്റെ കയ്യില് ബാബിലോണ് നഗരം പിടിക്കപ്പെട്ടു. ആ സൈന്യം യൂഫ്രട്ടീസ് എന്ന മഹാനദിയുടെ ഒഴുക്ക് മാറ്റിവിട്ട് നഗരത്തിലേക്ക് ഒരു എതിര്പ്പുമില്ലാതെ നിഷ്പ്രയാസം കടന്നു. നഗരത്തിലെ ജനങ്ങളും, പുരോഹിതന്മാരും മാര്ഡുക്ക് ദേവനെ പോലെ വിശാലമനസ്ക്കരും, പുനരുദ്ധരിക്കുന്നവരും ആയിട്ടാണ് പാര്സി രാജാക്കന്മാരെ കണ്ടത്. കോരെശ് രണ്ടാമന് ഗൊബര്യാസിനെ ബാബിലോണിന്റെ ഗവര്ണറായി നിയമിച്ചു. ദാനിയേല് 5:31 ലും 6:1 ലും കാണുന്ന "മേദ്യനായ ദാര്യാവേശ്" എന്ന പേര് ഒന്നുകില് കോരെശ് രണ്ടാമനോ അല്ലെങ്കില് ഗോബര്യാസോ ആയിരിക്കും. ദാര്യാവേശ് എന്നതിന്റെ അര്ത്ഥം "രാജകീയനായ ഒരാള്" എന്നാണ്.

3. മേദ്യ-പേര്ഷ്യ സാമ്രാജ്യം: കോരെശ് രണ്ടാമന്റെ ഉയര്ച്ചയെ കുറിച്ച് നിരീക്ഷണം (യെശ. 44:28; 45:1-7)

a. അസീറിയയെ പരാജയപ്പെടുത്താന് 625-585 ബാബിലോണിന് കാരണമായിത്തീര്ന്ന അഹേശ്വരേശ് ആയിരുന്നു

b. 585-550 അസ്ത്യാഗെസ് മേദ്യയുടെ രാജാവായിരുന്നു. കോരെശ് അദ്ദേഹത്തിന്റെ പൗത്രന് ആയിരുന്നു.

c. 550-530 കലഹം ഉണ്ടാക്കിയ ആശ്രിത രാജാവായിരുന്നു അന്ഷാമിലെ കോരെശ് രണ്ടാമന്.

(1). ബാബിലോണിലെ രാജാവായ നബോനിടസ് കോരെശിനെ പിന്തുണച്ചു.

(2). കോരെശ് രണ്ടാമന് അസ്ത്യഗെസിനെ സ്ഥാനഭ്രഷ്ടനാക്കി.

(3). അധികാരത്തെ നിലനിര്ത്താനായി നബോനിടസ് താഴെ പറയുന്നവരുമായി കൂട്ടുകെട്ടുണ്ടാക്കി.

(a) ഈജിപ്ത്

(b) ഏഷ്യാമൈനറിലുള്ള ലിഡിയയുടെ രാജാവ് കൊയസസ്

d. 547 - കോരെശ് രണ്ടാമന് സര്ദിസിനെതിരെ (ലിഡിയയുടെ തലസ്ഥാനം) സൈന്യ യാത്ര നടത്തി.

e. നവംബര് 2, 539 - കോരെശിന്റെ സൈന്യത്തോടുള്ള ഗുട്ടിയുമിന്റെ സേനാധിപതി ഗൊബര്യാസ് ഒരു പ്രതിരോധശക്തിയില്ലാത്ത ബാബിലോണിനെ കീഴ്പ്പെടുത്തി. ബാബിലോണിന്റെ ഗവര്ണറായി ഗൊബര്യാസ് നിയമിക്കപ്പെട്ടു.

f. 539, ഒക്ടോബറില് മഹാനായ കോരെശ് രണ്ടാമന് സ്വയമായി തന്നെ ഉദ്ധാരകനായി സ്ഥാന മേറ്റു. അതുവരെ അനേക വര്ഷങ്ങളായി ദേശീയ നയമായിരുന്ന നാടുകടത്തല് സമ്പ്രദായത്തെ മാറ്റിമറിച്ച് മറ്റ് ജനസമൂഹങ്ങളോട് തന്റെ അനുകമ്പയുള്ള നയം കാണിച്ചു.

g. 538 - യെഹൂദരും, മറ്റുള്ള സമൂഹങ്ങളും അവരവരുടെ ദേശങ്ങളിലേക്ക് മടങ്ങാനും സ്വദേ ശത്തെ ക്ഷേത്രങ്ങള് വീണ്ടും പണിയാനും അനുവാദം ലഭിച്ചു.

h. 530-ല് കോരെശിന്റെ മകന് ക്യാമ്പിസെസ് രണ്ടാമന് പിന്ഗാമിയായി.

i. 530-522 വരെ ക്യാമ്പിസെസ് രണ്ടാമന്റെ ഭരണകാലം.
-525-ല് ഈജിപ്തിന്റെ സാമ്രാജ്യം മേദ്യ-പേര്ഷ്യന് സാമ്രാജ്യത്തോടു കൂട്ടിച്ചേര്ത്തു.
-ആത്മഹത്യ ചെയ്തതായി സാദ്ധ്യത.

j. 522-486 ദാര്യാവേശ് ഒന്നാമന് ഭരണത്തില് വന്നു.

(1). അദ്ദേഹം ഒരു രാജകീയ കുടുംബത്തില് നിന്നല്ല മറിച്ച് ഒരു സൈനീക മേധാവി ആയിരുന്നു.

(2). രാജപ്രതിനിധികളെ നിയമിച്ച കോരെശിന്റെ സമാന പദ്ധതികളെ ഉപയോഗിച്ച് ദാര്യാവേശ് പേര്ഷ്യന് സാമ്രാജ്യത്തെ പുനഃസംഘടിപ്പിച്ചു (cf. എസ്രാ. 1-6; ഹഗ്ഗായി; സെഖര്യാവ്).

(3). ലിഡിയ പോലുള്ള നാണയ നിര്മ്മാണ പദ്ധതിക്ക് അദ്ദേഹം രൂപം കൊടുത്തു.

k. 486-465 അര്ത്ഥഹ്ശഷ്ടാരാജാവ് ഒന്നാമന്.

(1). ഈജിപ്തിലെ വിപ്ലവത്തെ അടിച്ചമര്ത്തി.

(2). ഗ്രീസിനെ കൂട്ടിച്ചേര്ത്ത് പേര്ഷ്യന് സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ഗ്രീസിനെ കടന്നാക്രമിക്കാന് ഉപദേശിച്ചു എങ്കിലും 480-ലെ തെമൊപൊളി യുദ്ധത്തിലും പിന്നെ 479-ലെ സലാമിസ് യുദ്ധത്തിലും പരാജയപ്പെട്ടു.

(3). 465-464 ല് എസ്ഥേര്രാജ്ഞിയുടെ ഭര്ത്താവായിരുന്ന അഹശ്വേരോശ് രാജാവ് കൊല്ലപ്പെട്ടു.

l. 465-464 ല് അര്ത്ഥഹ്ശഷ്ടാരാജാവ് ഒന്നാമന് വാണു (cf. എസ്രാ 7-10; നെഹമ്യാവ്, മലാഖി)

**(1).** പെലോപനീസിയന് ആഭ്യന്തരയുദ്ധം എതിരിടുന്നതുവരെ ഗ്രീക്കുകാര് മുന്നേറ്റം നടത്തി.

(2). **ഗ്രീക്ക്** സാമ്രാജ്യം രണ്ട് സമൂഹങ്ങളായി വിഭജിക്കപ്പെടുന്നു (അത്തേനിയന്-പെലോപനീസിയന്)

(3). ഗ്രീക്ക് ആഭ്യന്തരയുദ്ധം 20 വര്ഷത്തോളം നീണ്ടു.

(4). ഈ സമയത്ത് യെഹൂദ സമൂഹം പ്രബലപ്പെട്ടു.

m. 423-404 വരെ ദാര്യാവേശ് രണ്ടാമന് ഭരിച്ചു.

n. 404-358 വരെ അർത്ഥഹ്ശഷ്ടരാജാവ് രണ്ടാമന് ഭരിച്ചു.

o. 358-338 വരെ അർത്ഥഹ്ശഷ്ടരാജാവ് മൂന്നാമന് ഭരിച്ചു.

p. 338-336 വരെ അര്ശസ് വാണു.

q. 336-331 വരെ ദാര്യാവേശ് മൂന്നാമന് വാണു.

4. ഈജിപ്തിനെക്കുറിച്ചുള്ള അവലോകനം

a. ഹിക്സോസ് (ഇടയരാജാക്കന്മാര്-സെമിറ്റിക് വര്ഗ്ഗത്തില്പ്പെട്ട ഭരണാധിപന്മാര്) - 1720/10-1550 B.C.

b. 18-ാം നൂറ്റാണ്ടിലെ രാജവംശം (1570-1310 B.C.)

(1). 1570-1546 അമോസിസ്
(2). 1546-1525 അമേനോഫിസ് ഒന്നാമന് (അമേന്ഹോട്ടെപ്പ് ഒന്നാമന്)
(3). 1525-1494 തുത്ത്മോസിസ് രണ്ടാമന്
(4). ? തുത്ത്മോസിസ് രണ്ടാമന്
(5). ? ഹഷ്ഷേപ്സുത്ത്
(6). 1490-1435 തുത്ത്മോസിസ് മൂന്നാമന്
(7). 1435-1414 അമെനോഫിസ് രണ്ടാമന്
(8). 1414-1406 തുത്ത്മോസിസ് നാലാമന്
(9). 1406-1370 അമെനോഫിസ് മൂന്നാമന്
(10). 1370-1353 അമെനോഫിസ് നാലാമന് (അഘെനാടെന്)
(11). ? സ്മെന്ഘാരെ
(12). ? തുത്തന്ഘാമുന്
(13). ? അയ്
(14). 1340-1310 ഹരെംഹാസ്

c. 19-ാം നൂറ്റാണ്ട് രാജവംശം (1310-1200 B.C.)

(1). ? രാമെസെസ് ഒന്നാമന്
(2). 1309-1290 സെതി ഒന്നാമന്
(3). 1290-1224 രാമെസെസ് (രാമസെസ് രണ്ടാമന്)
(4). 1224-1216 മാര്നിപ്താഹ് (മെരെന്പ്താഹ്)
(5). ? അമെന്മെസെസ്
(6). ? സെതി രണ്ടാമന്
(7). ? സിപ്താഹ്
(8). ? ടെവോസ്രെത്

d. 20-ാം നൂറ്റാണ്ട് രാജവംശം (1180-1065 B.C.)

(1). 1175-1144 രാമെസെസ് മൂന്നാമന്
(2). 1144-1065 രാമെസെസ് IV - XI

e. 21-ാം നൂറ്റാണ്ട് രാജവംശം (1065-935 B.C.)

(1). ? സെമന്ദെസ്
(2). ? ഹെരിഹോര്

f. 22-ാമത്തെ രാജവംശം (935-725 B.C. ലിബിയന്):

(1). 935-914 ശീശക് (ഷോശന്ക് ഒന്നാമന് അഥവാ ഷെഷോങ് ഒന്നാമന്)
(2). 914-874 ഒസോര്കോന് ഒന്നാമന്
(3). ? ഒസോര്കോന് രണ്ടാമന്
(4). ? ഷോഷ്നെക്ക് രണ്ടാമന്

g. 23-ാം രാജവംശം (759-715 B.C. ലിബ്യാന്

h. 24-ാം " (725-709 B.C.)

i. 25-ാം " (716/15-663 B.C. എത്യോപ്യന്/നുബ്യന്)

(1). 710/09-696/95 (ഷബാക്കൊ (ഷബാക്കൂ)
(2). 696/95-685/84 ഷെബ്ട്ടെകൊ (ഷെബിത്ക്കൂ)
(3). 690/89, 685/84-664 തിര്ഹാക്കാ (തഹാര്ക്കാ)
(4). ? റ്റാന്റമന്

j. 26-ാം രാജവംശം (663-525 B.C. - സൈറ്റിക്):

(1). 663-609 സമെറ്റിക്കസ് ഒന്നാമന് (സാംറ്റിക്)
(2). 609-593 നെക്കൊ രണ്ടാമന് (നെക്കൊ)
(3). 593-588 സമെറ്റിക്കസ് രണ്ടാമന് (സാംറ്റിക്)
(4). 588-569 അപ്രീസ് (ഹോപ്രാ)
(5). 569-525 അമാസിസ്
(6). ? സമെറ്റിക്കസ് മൂന്നാമന് (സാംറ്റിക്)

k. 27-ാം രാജവംശം (525-401 B.C. പേര്ഷ്യന്)

(1). 530-522 ക്യാമ്പിസെസ് രണ്ടാമന് (കോരെശ് രണ്ടാമന്റെ പുത്രന്)

(2). 522-486 ദാര്യവേശ് ഒന്നാമന്
(3). 486-465 അര്ത്ഥഹ്ശഷ്ടാരാജാവ് ഒന്നാമന്
(4). 465-424 അര്ത്ഥഹ്ശഷ്ടാരാജാവ് ഒന്നാമന്
(5). 423-404 ദാര്യാവേശ് രണ്ടാമന്

* വ്യത്യസ്തമായ കാലഗണന ക്രമത്തിനായി കാണുക "സോന്ഡര്വാന്"ന്റെ "ചിത്രങ്ങളോടു കൂടിയ ബൈബിള് വിജ്ഞാനകോശം" വാല്യം 2 പേജ് 231.

5. ഗ്രീസിനെ കുറിച്ചുള്ള അവലോകനം
   a. 359-336 മാസിഡോന്റെ ഫിലിപ്പ് രണ്ടാമന്
      (1). ഗ്രീസ് പണിതു
      (2). 336-ല് കൊല്ലപ്പെട്ടു
   b. 336-323 "മഹാനായ" അലക്സാണ്ടര് രണ്ടാമന് (ഫിലിപ്പിന്റെ മകന്):
      (1). പേര്ഷ്യന് രാജാവായ ദാര്യാവേശ് രണ്ടാമനെ ഈസൂസ് യുദ്ധത്തില് വച്ച് പരാജയപ്പെടുത്തി.
      (2). 33/32-ാം വയസ്സില് വന്ന ഒരു പനി ബാധിച്ച് ബാബിലോണില് വച്ച് 323-ല് മരണമടഞ്ഞു.
      (3). ചക്രവര്ത്തിയുടെ മരണത്തിങ്കല്, അലക്സാണ്ടറിന്റെ പ്രമുഖ പടയാളികള് സാമ്രാജ്യ ത്തെ വിഭാഗിച്ചു.
         (a) ക്യാസന്ഡര് - മാസിഡോണിയയും - ഗ്രീസും
         (b) ലിസിമിക്കസ് - ത്രേസ്
         (c) സെലുക്കസ് ഒന്നാമന് - സിറിയയും, ബാബിലോണും
         (d) പ്തോളമി - ഈജിപ്ത്, പാലസ്തീന്
         (e) ആന്റിഗൊനസ് - ഏഷ്യമൈനര് (അധികനാള് ഭരിച്ചില്ല)
   c. സെലുസിഡ്സും പ്തോളമീസും മധ്യേ പാലസ്തീന് പിടിച്ചടക്കാനുള്ള പോര്വിളി.
      (1). സിറിയ (സെലുസിഡ് ഭരണാധികാരികള്)
         (a) 312-280 സെലുക്കസ് ഒന്നാമന്
         (b) 280-261 ആന്റിയോക്കസ് ഒന്നാമന് സോസ്റ്റര്
         (c) 261-246 ആന്റിയോക്കസ് രണ്ടാമന് തേയൂസ്
         (d) 246-226 സലുക്കസ് രണ്ടാമന് കള്ളിനിക്കസ്
         (e) 226-223 സെലുക്കസ് മൂന്നാമന് സെറാവുനസ്
         (f) 223-187 മഹാനായ ആന്റിയോക്കസ് മൂന്നാമന്
         (g) 187-175 സെലുക്കസ് നാലാമന് പിലോപേറ്റര്
         (h) 175-163 ആന്റിയോക്കസ് നാലാമന് എപ്പിഫാനസ്
         (i) 163-162 ആന്റിയോക്കസ് അഞ്ചാമന്
         (j) 162-150 ഡെമിട്രിയസ് ഒന്നാമന്
      (2). പ്തോളമി വംശജരായ ഈജിപ്ത് ഭരണാധികാരികള്
         (a) 327-285 പ്തോളമി ഒന്നാമന് സോറ്റര്
         (b) 285-246 പ്തോളമി രണ്ടാമന് ഫിലെടെല്ഫസ്
         (c) 246-221 പ്തോളമി മൂന്നാമന് എവെഗെറ്റസ്
         (d) 221-203 പ്തോളമി നാലാമന് പിലോപേറ്റര്
         (e) 203-181 പ്തോളമി അഞ്ചാമന് എപ്പിഫാനെസ്
         (f) 181-146 പ്തോളമി ആറാമന് ഫിലോമെറ്റോര്
      (3). ചെറിയ അവലോകനം
         (a) 301 വര്ഷങ്ങളോളം പാലസ്തീന് പ്തോളമി നുകത്തിന് കീഴില്
         (b) 175-163 8-ാമത്തെ സെലുസിഡ് ഭരണാധികാരി ആന്റിയോക്കസ് ആവശ്യം വന്നാല് യെഹൂദന്മാരുടെ മേല് സമ്മര്ദ്ദം ചെലുത്തി ഗ്രീക്ക് സംസ്കാരം അടിച്ചേല്പ്പിക്കുവാന് പദ്ധയി ചെയ്തു.
            i) കായിക വിനോദസ്ഥലം പണിതു തുടങ്ങി.
            ii) ആലയത്തില് സെയൂസ് ഒളിംബസ് ദേവന്റെ യാഗപീഠം സ്ഥാപിച്ചു.

## VIII. സാഹിത്യ ഏകകം

A. ചെറിയ രൂപരേഖ
   1. അദ്ധ്യായങ്ങള് 1-39 വരെ പ്രവാചകനും അന്നത്തെ പശ്ചാത്തലവും
   2. അദ്ധ്യായങ്ങള് 40-66 (അല്ലെങ്കില് ഒരുപക്ഷെ 40-55 ഉം, 55-60 വരെയും) - പുതിയ യുഗം

B. അദ്ധ്യായങ്ങള് 1-39 വരെ യെശയ്യാവിന്റെ ദിനങ്ങളിലെ ചരിത്ര പശ്ചാത്തലം
   1. അദ്ധ്യായങ്ങള് 1-6 വരെ ഉസ്സീയാവ്, യോഥാം രാജാക്കന്മാരുടെ കീഴില്

2. അദ്ധ്യായങ്ങള് 7-14 വരെ ആഹാസ് രാജാവിന്റെ കീഴില്
3. അദ്ധ്യായങ്ങള് 15-39 വരെ ഹിസ്ക്കിയാവ് രാജാവിന്റെ കീഴില് (അദ്ധ്യായങ്ങല് 36-39 വരെ. 2രാജാ. 18:13-16, സമാന്തരമാണ്)

C. അദ്ധ്യായങ്ങള് 40-46, നാടുകടത്തപ്പെട്ടതിനു ശേഷം വരുവാനുള്ള രാജ്യത്തിന്റെ മാതൃക ആണ്.

1. 1-39 വരെയുള്ള അദ്ധ്യായങ്ങള് യെശയ്യാവിന്റെ പ്രവചന ശുശ്രൂഷയെയും വളരെ വ്യക്തമായി തന്റെ വാചികാവതരണത്തെയും കാണിക്കുന്നതുപോലെ, അദ്ധ്യായങ്ങള് 40-55 വരെയുള്ളത് ഒരു പുതിയ പശ്ചാത്തലത്തെ പ്രതിഫലിപ്പിക്കുന്നു. ദൈവത്തിന്റെ വിധിന്യായം വന്നുകഴിഞ്ഞു. പുനരുദ്ധാരണമാണ് ഇപ്പോള് പ്രധാന പ്രമേയം. അപ്പോള്ത്തന്നെ ഇത് എഴുതപ്പെട്ട രൂപത്തേക്കാള് വാക്കാലുള്ള അവതരണമല്ല എന്നതിന് ചില പരോക്ഷ സൂചനകള് ഇല്ലാതെയുമില്ല.
2. അദ്ധ്യായങ്ങള് 1-39 വരെ വ്യക്തമായി അസീരിയന് ഭീഷണിയും ബാബിലോണ് ഭീഷണിയുമാണ് ഇനത്തില് കാണിക്കുന്നതെങ്കിലും, അദ്ധ്യായങ്ങള് 13-14, 21 ഉം, 39 ഉം പ്രത്യേകമായി ഇതിനെ ചൂണ്ടിക്കാണിക്കുന്നു. അദ്ധ്യായങ്ങല് 40 മുതല് 55 വരെ പേര്ഷ്യന് കാലയളവിനെയും വാഗ്ദത്ത നാട്ടിലേക്കുള്ള ദൈവജനത്തിന്റെ പുനരുദ്ധാരണത്തെയും കാണിക്കുന്നു.
3. പൗരസ്ത്യ ദേശങ്ങളുടെ ചരിത്രപരമായ സാദൃശ്യങ്ങള് ഉപയോഗിച്ചുകൊണ്ട് ഒരു ഏക ദൈവാധിഷ്ഠിതവും, സര്വ്വ ലൗകികവും ആയ യാഹേ ആരാധന ഭാവിയില് സംഭവിക്കുവാന് പോകുന്നു എന്ന യുഗാന്ത്യ സന്ദേശമാണ് അദ്ധ്യായങ്ങള് 56-66 വരെ നല്കുന്നത്.

D. യെശയ്യാവിന്റെ പുസ്തകത്തിന് ഒരു രൂപരേഖ തയ്യാറാക്കുന്നതിലുള്ള വൈഷമ്യം.

1. എല്ലാ ആധുനിക പണ്ഡിതന്മാരും രണ്ടു ഭാഗങ്ങളായി ഈ പുസ്തകത്തെ വിഭജിക്കുന്നു: അദ്ധ്യായങ്ങള് 1-30 വരെയും 40-66 വരെയും. "ചാവുകടല് ചുരുളുകളിലെ അദ്ധ്യായങ്ങളായ 1-33 നും, 34 മുതല് 66 നും ഇടയില് വരുന്ന ഒരു അകലം ആണ് ഈ അഭിപ്രായത്തിനു കാരണം" എന്ന് ആര്.കെ. ഹാരിസണ് വ്യക്തമാക്കുന്നു. ചാവുകടല് മൂലഗ്രന്ഥത്തിലെ അദ്ധ്യായം 33 നും 34 നും ഇടയിലുള്ള ഈ വ്യക്തമായ വിഭജനം ആണ് യെശയ്യാവിന്റെ പുസ്തകം തന്റെ അനുയായികളാല് രണ്ട് വാല്യങ്ങളായി പിന്നീട് രചിക്കപ്പെട്ടു എന്ന ആശയത്തിന് കാരണമായത്. ഈ രണ്ട് വാല്യങ്ങളുടെയും ഘടനയില് വലിയ സാമ്യമുണ്ടെന്ന് ഒരു നിര്ദ്ദേശം ഡബ്ലിയു.എച്ച്. ബ്രൗണ്ലി മുന്നോട്ടു വയ്ക്കുകയുണ്ടായി.

| *വാല്യം ഒന്ന്* | | *വാല്യം രണ്ട്* |
|---|---|---|
| അദ്ധ്യായങ്ങള് 1-5 വരെ | - പുരാതനവും പുനരുദ്ധാരണവും | അദ്ധ്യായങ്ങള് 34-35 വരെ |
| " 6-8 " | - ജീവചരിത്രകാരനുമായി ബന്ധപ്പെട്ടതും ഭൗതീകപരവും | " 36-40 " |
| " 9-12 " | - ദൈവീകാനുഗ്രഹത്തിന്റെയും വിധി ന്യായത്തിന്റെയും മൂലകാരണങ്ങള് | " 41-45 " |
| " 13-23 " | - വിദേശീയ.....ത്തികള്ക്കെതിരെയുള്ള അരുളപ്പാട് | "46-48 " |
| " 24-27 " | - സാര്വ്വലൗകിക വീണ്ടെടുപ്പും, യിസ്രായേലിന്റെ വിമോചനവും | " 49-55 " |
| " 28-31 " | - ധാര്മ്മികമായ പ്രബോധനം | " 56-59 " |
| " 32-33 " | - രാജ്യത്തിന്റെ വീണ്ടെടുപ്പ് | " 60-66 " |

2. ചില രൂപരേഖകള് ചരിത്രപശ്ചാത്തലത്തെ കേന്ദ്രീകരിക്കുമ്പോള് മറ്റുചിലത് മശിഹായെ സംബന്ധിച്ചുള്ള വിഷയങ്ങള് കേന്ദ്രീകരിക്കുന്നു.

| അദ്ധ്യായങ്ങള് | NIV | Leupold |
|---|---|---|
| അദ്ധ്യായങ്ങള് 7-12 | "യെഹൂദയ്ക്കെതിരെ അസീരിയ യിസ്രായേല്യ ഭീഷണിനിമിത്തം | "ഇമ്മാനുവേല് പുസ്തകം" |

ഹേതുവായിട്ടുള്ള പ്രവചനങ്ങള്"

അദ്ധ്യായങ്ങള് 28-33 "ആറ് കഷ്ടതകള്" "സീയോനെ ക്കുറിച്ചുള്ള പുസ്തകം"
അഞ്ചെണ്ണം യിസ്രായേലിലുള്ള
അവിശ്വസ്തരായവരുടെമേലും,
ഒന്നു കഷ്ടത അസീരിയയുടെ മേലും (മൂലക്കല്ല്)

3. സാഹിത്യഘടനയിലുള്ള അനിശ്ചിതത്വത്തെക്കുറിച്ചുള്ള ചില ഉദാഹരണങ്ങള് (അദ്ധ്യായങ്ങള് 1-12)
   a. അദ്ധ്യായങ്ങളുടെ രൂപരേഖ 1 മുതല് 12 വരെ ഇ.വൈ. യംഗിനാല് തയ്യാറാക്കിയത് (പേജുകള് 211-214)
      (1). 1:1-12:6 വരെ യെഹൂദയെയും യെരൂശലേമിനെയും കുറിച്ചുള്ള പ്രവചനങ്ങള്
         (a) 1:1-31 ദീര്ഘമായതും പരസ്യവുമായുള്ള കുറ്റം ചുമത്തല്
         (b) 2:1-4:6 മശിഹായുടെ ഭരണവും ജനങ്ങളുടെ മേല് വരുന്ന വിധിന്യായവും
         (c) 3:5-30 യെഹൂദയുടെ ആധിക്യമായ അകൃത്യങ്ങള്
         (d) 6:1-13 യെശയ്യാവിന്റെ സ്വര്ഗ്ഗീയദര്ശനം
         (e) 7:1-12:6 ആഹാസിന്റെ ഭരണകാലത്ത് പ്രവചിക്കപ്പെട്ട പ്രവചനങ്ങള്
   b. അദ്ധ്യായങ്ങള് 1-2 വരെയുള്ള രൂപരേഖ ആര്.കെ. ഹാരിസണ്, പേജ് 764.
      (1). യെഹൂദയുടെ തകര്ച്ചയേയും പുനരുദ്ധാരണത്തെയും കുറിച്ചുള്ള പ്രവചനങ്ങള്, അദ്ധ്യായങ്ങള് 1-5.
      (2). യെശയ്യാവിന്റെ വിളിയും തെരഞ്ഞെടുപ്പും, ജീവചരിത്രകാരനുമായി ബന്ധപ്പെട്ടതും, ഭൗതീകപരവും, അദ്ധ്യായങ്ങള് 6-8.
      (3). നിലവിലുള്ള ലോകസാമ്രാജ്യങ്ങളും അവരുടെ നിര്ദ്ദിഷ്ട നിലയിലുള്ള പ്രവര്ത്തനവും, അദ്ധ്യായങ്ങള് 9-12.
   c. അദ്ധ്യായങ്ങള് 1-12 വരെയുള്ള രൂപരേഖ - എന്.ഐ.വി. സ്റ്റഡി ബൈബിള്, പേജ് 1016.
      (1). അദ്ധ്യായങ്ങള് 1-6
         (a) അവതാരിക: യെഹൂദയുടെ ഉടമ്പടി ലംഘനത്തിനെതിരെയുള്ള കുറ്റാരോപണം, അദ്ധ്യായം 1.
         (b) ഭാവി ശിക്ഷണവും യെരൂശലേമിന്റെയും യെഹൂദയുടെയും അനുബന്ധമായ മഹത്വം, അദ്ധ്യായങ്ങള് 2-4.
            i) യെരൂശലേമിന്റെ ഭാവി അനുഗ്രഹങ്ങള് (2:1-5)
            ii) യെഹൂദയിന്മേലുള്ള യഹോവയുടെ ശിക്ഷണം (2:6-4:1)
            iii) സീയോന് നഗരത്തിന്റെ ഉദ്ധാരണം (4:2-6)
         (c) രാജ്യത്തിന്മേലുള്ള വിധിന്യായവും നാടുകടത്തലും (അദ്ധ്യായം 5)
         (d) യെശയ്യാവിന്മേലുള്ള വിശിഷ്ടമായ ദൗത്യം (അദ്ധ്യായം 6)
      (2). അദ്ധ്യായങ്ങള് 7-12
         (a) അരാമ്യരും യിസ്രായേല്യരും യെഹൂദയ്ക്കെതിരെ ഉണ്ടാക്കിയ സഖ്യത്തെ ഭയക്കരുതെന്ന് ആഹാസിനോടുള്ള മുന്നറിയിപ്പ്.
         (b) യെശയ്യാവിന്റെ പുത്രനും, ദാവീദിന്റെ പുത്രനും (8:1-9:7)
         (c) യിസ്രായേലിന്മേലുള്ള വിധിന്യായം (9:8-10:4)
         (d) അസീറിയന് സാമ്രാജ്യവും ദാവീദിന്റെ രാജ്യവും (10:5-12:6)
            i) അസീറിയയുടെ വിനാശം (10:5-34)
            ii) ദാവീദിലൂടെ വാഗ്ദത്തം ചെയ്യപ്പെട്ട രാജാവും, രാജാവിന്റെ ആധിപത്യ നിയമനവും (അദ്ധ്യായം 11)
            iii) വിടുതലിനോടനുബന്ധിച്ചുള്ള സന്തോഷത്തിന്റെ പാട്ടുകള് (അദ്ധ്യായം 12)
   d. 1-12 വരെയുള്ള രൂപരേഖ - എച്ച്.സി. ലിയോപോള്ഡ്, പേജുകള് 34-40.
      (1). യെരൂശലേമിനെയും, യെഹൂദയെയും കുറിച്ചുള്ള പ്രവചനങ്ങള് (അദ്ധ്യായങ്ങള് 11-12).
         (a) മുഖവുര: യെശയ്യാവിന്റെ സ്വഭാവാനുസരേണയുള്ള ഒരു സന്ദേശം (അദ്ധ്യായം 1)
            i) തലക്കെട്ട്, വാക്യം 1
            ii) ദൈവത്തിന്റെ ആക്ഷേപം, വാക്യങ്ങള് 2-4
            iii) പുറമേ രാജ്യത്തിന്റെ ശൂന്യമാക്കപ്പെട്ട പ്രദേശങ്ങള്, വാക്യങ്ങള് 5-9
            iv) പരിഹാരമായി ഇപ്പോള് നിലവില് വന്ന ആരാധനക്രമത്തിന്റെ ഫലശൂന്യത, വാക്യങ്ങള് 10-15
            v) പശ്ചാത്താപത്തിലേക്കുള്ള വിളി, വാക്യങ്ങള് 16-20
            vi) യെരൂശലേമിലുള്ള അഴിമതികളുടെ സൂചന

vii) വിധിന്യായത്താലുള്ള യിസ്രായേലിന്റെ പുനരുദ്ധാരണം, വാക്യങ്ങള് 24-31

(b) ദൈവീക കൃപാദാനത്തിന്റെ വാഗ്ദത്തങ്ങളുടെ പൂര്ത്തീകരണം, അദ്ധ്യായങ്ങള് 2-6

i) മശിഹായുഗത്തില് സീയോന്റെ മഹത്വകരമായ ഭാവി, 2:2-5

ii) സീയോനിലെ അപമാനകരമായ വര്ത്തമാന സ്ഥിതിവിശേഷം, 2:6-4:1

a) നിലവിലുള്ള പൊള്ളയായ മൂല്യങ്ങളെക്കുറിച്ചുള്ള വിവരണം, വാക്യങ്ങള് 6-9

b) വരുവാനുള്ള ഭയാനകമായ ന്യായവിധിയുടെ മുന്നറിയിപ്പുകള്, വാക്യങ്ങള് 10-11

c) എല്ലാ പൊള്ളയായ മൂല്യങ്ങള്ക്കെതിരെ യഹോവയുടെ ദിവസത്തില് നടക്കുവാന് പോകുന്ന ന്യായവിധിയെക്കുറിച്ച്, വാക്യങ്ങള് 12-17

d) ബിംബങ്ങളുടെ മേല് വരുന്ന വിധി, വാക്യങ്ങള് 18-21

e) ചുമതലാബോധമില്ലാത്ത നേതാക്കന്മാര്ക്കെതിരെയുള്ള കര്ത്താവിന്റെ കുറ്റാരോപണം.

i) അരാജകത്വവാഴ്ചയെ പിന്തുണയ്ക്കുന്നവരെ കര്ത്താവ് നീക്കം ചെയ്യുമ്പോള് പരിണിതഫലമായി ഉണ്ടാകുന്ന അവസ്ഥ, 3:1-12

ii) ഈ കൊടും ദുരിതം വരുവാന് കാരണക്കാരായ നേതാക്കന്മാരുടെ അപരാധം

f) പൊള്ളയും ചപല സ്വഭാവമുള്ള യെരൂശലേമിലെ സ്ത്രീകളെക്കുറിച്ചുള്ള കര്ത്താവിന്റെ കുറ്റാരോപണം, 3:16-4:1

g) സീയോന് ശുദ്ധീകരിക്കപ്പെടുന്നു, 4:2-6

h) കുറ്റക്കാരായ തന്റെ ജനത്തിന്റെ മേല് ദൈവത്തിന്റെ വിധിന്യായം, അദ്ധ്യായം 5

i) മുന്തിരിത്തോട്ടത്തിന്റെ ഉപമ, വാക്യങ്ങള് 1-7

ii) യിസ്രായേലിനാല് ഉല്പാദിപ്പിക്കപ്പെട്ട പുളിച്ചമുന്തിരി, വാക്യങ്ങള് 8-23

iii) ദൈവീക നിര്ണ്ണയത്താല് അസീറിയന് സൈന്യം വരുത്താതിരിക്കുന്ന വിധിന്യായം, വാക്യങ്ങള് 24-30

i) പ്രവാചകന്റെ ആദ്യത്തെ തിരഞ്ഞെടുപ്പില് തന്നെ ഉള്പ്പെട്ട യിസ്രായേലിന്റെ ന്യായവിധി, അദ്ധ്യായം 6

i) പ്രവാചകന്റെ ദര്ശനം, വാക്യങ്ങള് 1-3

ii) ദര്ശനത്തോടുള്ള പ്രവാചകന്റെ പ്രതികരണം, വാക്യങ്ങള് 4-5

iii) പ്രവാചകന്റെ കുറ്റവിമുക്തി, വാക്യങ്ങള് 6-7

iv) പ്രവാചകന്റെ അധികാര ചുമതലപ്പെടുത്തല്, വാക്യങ്ങള് 8-9

v) പ്രവാചകന്റെ സന്ദേശം, വാക്യങ്ങള് 9യ-13

(c) ഇമ്മാനുവേല് പുസ്തകം (അദ്ധ്യായങ്ങള് 7-12)

i) ഇമ്മാനുവേല് ഒപ്പ്, അദ്ധ്യായം 7

a) മേലെകുളത്തിന്റെ നീര്പ്പാത്തിയുടെ അറ്റത്തുവച്ചു നടന്ന സംഭവം, വാക്യങ്ങള് 1-9

b) ആ സംഭവത്തോട് അനുബന്ധമായി ഇമ്മാനുവേലിനെക്കുറിച്ച് സംസാരിച്ച വചനങ്ങള്, വാക്യങ്ങള് 10-17

c) അതിനു പിന്നാലെ ദേശത്തിന്റെ നാശത്തെക്കുറിച്ച് പ്രവചിച്ചത്, വാക്യങ്ങള് 18-25

ii) സംഭ്രമം ഉളവാക്കുന്ന സമയങ്ങളും (734-732 B.C.) അതിനെ എങ്ങനെ അഭിമുഖീകരിക്കണമെന്നതും, അദ്ധ്യായം 8

a) ഡമാസ്ക്കസിനെയും സിറിയയേയും കൊള്ളയടിക്കുന്നതിനെക്കുറിച്ച്, വാക്യങ്ങള് 1-4

b) യെഹൂദയിലേക്ക് അസീറിയന് സൈന്യത്തിന്റെ കടന്നുകയറ്റം, വാക്യങ്ങള് 5-8

c) ഇമ്മാനുവേലിന് നല്കുവാന് കഴിയുന്ന സംരക്ഷണം, വാക്യങ്ങള് 9-10

d) ആരെ, എന്തിനെ ഭയപ്പെടണം, വാക്യങ്ങള് 11-15

e) വിശ്വാസത്തിന്റെ കാത്തിരിപ്പ്, വാക്യങ്ങള് 16-18

f) ആ നാളിന്നു യോജിച്ച മുദ്രവാക്യം, വാക്യങ്ങള് 19-22

iii) നാല് നാമങ്ങള് ഉള്ള പൈതല്, 9:1-7

a) സംക്ഷിപ്തം, വാക്യം 1

b) വലിയ സന്തോഷം, വാക്യങ്ങള് 2-3

c) എന്താണ് എടുത്ത് മാറ്റപ്പെട്ടത്? വാക്യങ്ങള് 4-5

d) ആ വലിയ സന്തോഷത്തിന്റെ സൃഷ്ടികര്ത്താവ്, വാക്യങ്ങള് 6-7

iv) "അവന്റെ കൈകള് ഇപ്പോഴും നീട്ടപ്പെട്ടിരിക്കുന്നു" 9:8-10:4

a) അവിശുദ്ധ ആത്മാഭിമാനം നിമിത്തം വീണ്ടും ശത്രുക്കളാല് പരാജയം, വാക്യങ്ങള് 8-12

b) തുടര്മാനമായ അക്ഷമത നിമിത്തം നേതൃത്വ സ്ഥാനഭ്രംശം, വാക്യങ്ങള് 13-17

c) നിലനിന്നിരുന്ന ദുഷ്ടത നിമിത്തം, വീണ്ടും ആഭ്യന്തരകലഹം, വാക്യങ്ങള് 18-21

d) സാമൂഹിക അനീതി ഹേതുവായി, ഒരു കണക്കുതീര്ക്കുന്ന ദിവസം, 10:1-4

v) അസീറിയയുടെ മേല് കഷ്ടത, 10:5-34

a) ദൈവത്താല് ലഭിച്ച പ്രത്യേക ചുമതലയെ അഹങ്കാരിയായ അസീറിയ ദുര്വ്യാഖ്യാനം ചെയ്തു, വാക്യങ്ങള് 5-11

b) വൈകിവരുന്ന ന്യായവിധി അഹങ്കാരിയായ ഈ ജേതാവിനെ ആഞ്ഞ ടിക്കും, വാക്യങ്ങള് 12-14

c) ഒരു കാട്ടുതീയാല് കത്തി അമരുന്നതുപോലെ അസീറിയ തന്റെ അഹങ്കാരത്താല് കത്തിത്തീരും, വാക്യങ്ങള് 15-19

d) ദൈവീക ന്യായവിധിയിലൂടെയുള്ള നാശത്തിനുശേഷം യിസ്രായേലിലെ ഒരു ശേഷിപ്പ് ദൈവത്തിങ്കലേക്ക് മടങ്ങിവരും, വാക്യങ്ങള് 20-23

e) ഒരുഭാഗത്ത് അസീറിയ തകിടം മറിഞ്ഞ് വീഴുമ്പോള്, മറുഭാഗത്ത് സീയോന് വിടുതല് പ്രാപിക്കും, വാക്യങ്ങള് 24-27

f) മുന്നണിയില് നിന്ന് ലഭിക്കുന്ന ഔദ്യോഗിക അറിയിപ്പിന്റെ വെളിച്ചത്തില് തന്ത്രപരമായ അസീറിയന് മുന്നേറ്റം ഏതുവിധത്തില് സീയോനെ പരാജയത്തിന്റെ വക്കില് എത്തിച്ചു എന്നതിനെക്കുറിച്ചുള്ള വിവരണം, വാക്യങ്ങള് 28-32

g) അഹങ്കാരം നിറഞ്ഞ അസീറിയന് വനത്തെ യഹോവ വെട്ടി താഴെയിടും, വാക്യങ്ങള് 33-34

h) ദാവീദിന്റെ കുലത്തില് ജനിക്കുന്ന മിശിഹായും, മിശിഹായുടെ രക്ഷ എന്ന ഉദാത്തമായ ദാനവും, അദ്ധ്യായം 11

i) മിശിഹായുടെ ജനനത്തിനായുള്ള ഒരുക്കം, വാക്യങ്ങള് 1-39

ii) മിശിഹാ തന്റെ വേല തികയ്ക്കുന്നതില് അവലംബിക്കുന്ന തനതായ രീതി, വാക്യങ്ങള് 3-5

iii) പ്രകൃതിയുടെ മണ്ഡലത്തില് പോലും രൂപമാറ്റങ്ങള്, വാക്യങ്ങള് 6-9

iv) മിശിഹായ്ക്ക് യിസ്രായേലിനുവേണ്ടി എന്ത് ചെയ്യുവാന് കഴിയും എന്നതിനുള്ള വിവരണം, 10-16

i) വരുവാനുള്ള ആ വലിയ ദിവസത്തിനായി സ്തോത്രം ചെയ്യുന്നു, അദ്ധ്യായം 12

i) ആ നന്ദി അര്പ്പണം യിസ്രായേല് തീരുമാനിക്കുന്നു, വാക്യങ്ങള് 1-2

ii) ആ ദിവസത്തിലെ അനുഗ്രഹങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത വര്ണ്ണന, വാക്യങ്ങള് 3

iii) ആ രീതിയിലുള്ള സ്തോത്രം അര്പ്പിക്കുവാനുള്ള ഒരു ഉപദേശം, വാക്യങ്ങള് 4-6

## IX. കതപ്രധാന സത്യങ്ങള്

A. ദാവീദിനോട് ദൈവം ചെയ്ത ഉടമ്പടിയില് നിലനില്ക്കാന് യെഹൂദാജനത്തിന്റെ സത്യസന്ധത ആവശ്യപ്പെടുന്നു എന്ന് മാത്രമല്ല യിസ്രായേലിനെ തിരഞ്ഞെടുക്കുന്നതിലൂടെ ലോകത്തെ മുഴുവനായും നേടുക എന്ന അബ്രഹാമിന്റെ ഉടമ്പടിയുടെ പ്രഥമ ഉദ്ദേശ്യത്തിലേക്ക് യെശയ്യാവ് മടങ്ങിച്ചെല്ലുന്നു (ഉല്പ. 12:1-3). യഹോവയാം ദൈവത്തിന്റെ ഈ സാര്വ്വലൗകിക ഭരണം എത്ര വ്യത്യസ്തമാണ്. ദൈവം യിസ്രായേലിനെ വീണ്ടെടുക്കുക മാത്രമല്ല അതിലൂടെ ദൈവത്തിന്റെ സ്വാധീനം മുഴുലോകത്തിലേക്കും വ്യാപിപ്പിക്കുന്നു എന്നുള്ളത് എത്ര വിചിന്തനീയമാണ്!

B. ദൈവത്തിന്റെ മിശിഹായിലൂടെ ദാവീദ് സാമ്രാജ്യത്തിന് വരുവാനുള്ള പുനരുദ്ധാരണത്തെക്കുറിച്ച് വളരെ വ്യക്തമായി സ്വന്തം കാലഘട്ടത്തിലെയും, ഭാവി കാലഘട്ടത്തിലെയും ലോകസംഭവ വികാസങ്ങളെ ആസ്പദമാക്കി യെശയ്യാവ് പ്രവചിച്ചു (അതുപോലെ മീഖാ പ്രവാചകനും). ഈ സാമ്രാജ്യം പവിത്രവും സാര്വ്വലൗകികവും ആകും (മീഖാ പ്രവാചകനും). ഇതാണ് യെശയ്യാവ് വ്യക്തമാക്കുന്ന ഏകദൈവാധിഷ്ഠിതമായതും, പരിശുദ്ധവും, വീണ്ടെടുപ്പ് നല്കുന്നതുമായ ദൈവപദവി.

C. വീണുപോയ മനുഷ്യന്റെ വിഭവങ്ങളില് വിശ്വസിക്കുന്ന ദൈവജനത്തിന്റെ നിഷ്ഫലത്വം യെശയ്യാവ് എടുത്തുകാണിക്കുന്നു. പൂര്ണ്ണ വിടുതല് യഹോവയില് നിന്നു മാത്രം!

D. ദൈവത്തിന്റെ രക്ഷണ്യ പദ്ധതിയുടെ മൂന്ന് ശക്തിമത്തായ സ്വഭാവവിശേഷതകളെ യെശയ്യാവ് വെളിപ്പെടുത്തുന്നു.
1. വെളിപ്പെടാന് പോകുന്ന മിശിഹാ
2. പൂര്ണ്ണദാസനായ മിശിഹാ
3. മിശിഹായുടെ സാര്വ്വലൗകിക ഭരണം

## X. സംക്ഷിപ്തമായി തിരിച്ചറിയാന് ഉതകുന്ന വിധത്തില് വാക്കുകളും, ഉപവാക്യങ്ങളും, വ്യക്തികളും

A. വാക്കുകളും/ഉപവാക്യങ്ങളും
1. "ആകാശമേ കേള്ക്ക; ഭൂമിയെ ചെവി തരിക", (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ വിവര്ത്തനം)
2. "വെള്ളരിത്തോട്ടത്തിലെ മാടം പോലെ...", 1-8 (പുതിയ അന്തര്ദേശീയ വിവര്ത്തനം. "തണ്ണി മത്തങ്ങ തോട്ടത്തിലെ കുടില് പോലെ")
3. "നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന്?..." 1:10-15 (പുതിയ അന്തര്ദേശീയ വിവര്ത്തനം, "നിങ്ങളുടെ യാഗങ്ങളുടെ വളരെ എണ്ണം")
4. "വരുവിന്, നാം തമ്മില് വാദിക്കാം...", 1:18 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ വിവര്ത്തനം)
5. "അന്ത്യനാളില്....", 2:2 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ വിവര്ത്തനം)
6. "സകല ജാതികളും അതിലേക്ക് ഓടിച്ചെല്ലും..." 2:2-4 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
7. "മൂക്കുത്തി", 3:21 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
8. "ഒരു മേഘം", 4:5 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
9. "ആര് നമുക്കുവേണ്ടി പോകും?", 6:8 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
10. "ഒരു കന്യക", 7:4 (പുതിയ അന്തര്ദേശീയ ഭാഷാന്തരം, "ആ കന്യക")
11. ആ സമയമാകുമ്പോള് തിൻമ തള്ളി നൻമ തിരഞ്ഞെടുപ്പാന് വിധം അവന് അറിവാകും", 7:15,16 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
12. "ഒരു ഇടര്ച്ചക്കല്ലും തടങ്കല് പാറയും", 8:14 (28:16) (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
13. "വെളിച്ചപ്പാടന്മാരോടു ചിലയ്ക്കുകയും ജപിക്കുകയും ചെയ്യുന്നവരായ ലക്ഷണവാദികള്", 8:19 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
14. "എന്റെ കോപത്തിന്റെ കോലായ, അശ്ശൂര്", 10:5 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
15. "അതില് ഒരു ശേഷിപ്പ് മാത്രം മടങ്ങിവരും...", 10:22 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
16. "യിശായിയുടെ കുറ്റിയില് നിന്നു ഒരു മുള പൊട്ടിപ്പുറപ്പെടും", 11:1,10 (പുതിയ അന്തര്ദേശീയ ഭാഷാന്തരം, ".... മരക്കുറ്റിയില് നിന്ന്")
17. "ഇണക്കമില്ലാത്ത ആടുകള്", 13:21; 34:14 (പുതിയ അന്തര്ദേശീയ ഭാഷാന്തരം, ".... മരുമൃഗങ്ങള്")
18. "ഉത്തരദിക്കിന്റെ അതിര്ത്തിയില് സമാഗമ പര്വ്വതത്തില്", 14:13 (പുതിയ അന്തര്ദേശീയ ഭാഷാന്തരം, "വിശുദ്ധ പര്വ്വതത്തിന്റെ ഉന്നതങ്ങള്ക്കുമീതെ, സമാഗമപര്വ്വതത്തില്")
19. "മിസ്രയീം ദേശത്തിന്റെ നടുവില് യഹോവയ്ക്ക് ഒരു യാഗപീഠവും", 19:19 (പുതിയ അന്തര്ദേശീയ ഭാഷാന്തരം, ".... ഈജിപ്തിന്റെ ഹൃദയഭാഗത്ത്")
20. അരിയേല്, 29:1-2,7 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
21. "സര്വ്വസമേതമായി അവരെ നശിപ്പിക്കും", 34:2 (പുതിയ അന്തര്ദേശീയ ഭാഷാന്തരം, "മുഴുവ നായും അവരെ നശിപ്പിക്കും")
22. "കൊളുത്തു നിന്റെ മൂക്കിലും", 37:29 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
23. "എന്റെ സകല പാപങ്ങളെയും നിന്റെ പുറകില് എറിഞ്ഞുകളഞ്ഞതുകൊണ്ട്", 38:17 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)

24. "നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു", 40:8 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
25. "ഭൂമണ്ഡലത്തിന്മീതെ അധിവസിക്കുന്നവന്", 40:22 (പുതിയ പരിഭാഷ, "ഭൂമണ്ഡലത്തിന്മീതെ സിംഹാസനസ്ഥനായവന്")
26. "യഹോവയായ ഞാന് ആദ്യനും, അന്ത്യന്മാരോടുകൂടെ അനന്യനും ആകുന്നു", 41:4; 44:6 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
27. "നിന്റെ പാപങ്ങളെ ഞാന് ഓര്ക്കയുമില്ല" 43:25 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
28. "ഞാനല്ലാതെ ഒരു ദൈവമുണ്ടോ? ഞാനല്ലാതെ ഒരു പാറയുണ്ടോ? ഞാനൊഴികെ ഒരു ദൈവ മുണ്ടോ?", 44:8; 45:5 (പുതിയ അന്തര്ദേശീയ ഭാഷാന്തരം, "ഞാനല്ലാതെ ഒരു ദൈവം ഉണ്ടോ? ഒരു പാറയും ഇല്ല. ഞാന് ഒരുത്തനെയും അറിയുന്നില്ല")
29. "പ്രകാശത്തെ നിര്മ്മിക്കുന്നവനും, അന്ധകാരത്തെ സൃഷ്ടിക്കുന്നവനും, സുസ്ഥിതിക്ക് പ്രേരണ നല്കുന്നവനും, നാശത്തെ സൃഷ്ടിക്കുന്നവനുമായവന്", 45:7 (പുതിയ പരിഭാഷ, "ഞാന് പ്രകാശത്തെ നിര്മ്മിക്കുന്നു, അന്ധകാരത്തെ സൃഷ്ടിക്കുന്നു, ഞാന് സമൃദ്ധിയെ കൊണ്ടുവരികയും നാശത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു")
30. "സകല ഭൂസീമവാസികളുമായുള്ളോരെ, എങ്കലേക്കു തിരിഞ്ഞു രക്ഷപ്പെടുവിന്..." 45:22 (പുതിയ സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
31. "എല്ലാ മുഴങ്കാലും എന്റെ മുമ്പാകെ മടങ്ങും, എല്ലാ നാവും എന്നോടുള്ള ഭക്തി പ്രതിജ്ഞ ചെയ്യും", 45:23 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
32. "എന്റെ നിമിത്തം എന്റെ നിമിത്തം തന്നെ ഞാന് അത് പ്രവര്ത്തിക്കും...", 48:11 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
33. "ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ?... ഇവര് നിന്നെ മറന്നാലും ഞാന് നിന്നെ മറക്കുക യില്ല" 4:15 (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള് & പുതിയ അന്തര്ദേശീയ ഭാഷാന്തരം)
34. "അവന്റെ കോപത്തിന്റെ പാനപാത്രം", 5:17 (പുതിയ അന്തര്ദേശീയ ഭാഷാന്തരം, "അവന്റെ ക്രോധത്തിന്റെ പാനപാത്രം")
35. "ദൈവം അടിച്ചും, ദണ്ഡിപ്പിച്ചുമിരിക്കുന്നു..." (പുതിയ അമേരിക്കന് സ്റ്റാന്ഡേര്ഡ് ബൈബിള്)
36. "അവനെ തകര്ത്തുകളവാന് യഹോവയ്ക്ക് ഇഷ്ടം തോന്നി; അവന് അവനു കഷ്ടം വരുത്തി", 53:10 (പുതിയ പരിഭാഷ, "എങ്കിലും അവനെ തകര്ത്തുകളവാനും, കഷ്ടം വരുത്തുവാനും യഹോവയ്ക്ക് ഇഷ്ടം തോന്നി")
37. "യഹോവ നിനക്ക് നിത്യപ്രകാശം ആയിരിക്കും", 60:19-20 (പുതിയ പരിഭാഷകള്)

B. വ്യക്തികള്

1. "യിസ്രായേലിന്റെ പരിശുദ്ധന്" 1:4; 41:8-9; 42:1,19; 43:10
2. "സീയോന്പുത്രി" 1:8
3. "സൈന്യങ്ങളുടെ യഹോവ" 1:9 (പുതിയ അന്തര്ദേശീയ ഭാഷാന്തരം)
4. "യഹോവയുടെ മുള" 4:2
5. "സാറാഫുകള്" 6:2 (NIV, " seraphs")
6. ശെയാര് യാശൂബും
7. ഇമ്മാനുവേല് 7:14
8. മഹേര്-ശാലാല്-ഹാശ്-ബസ് 8:3
9. "സര്വ്വശക്തന്" (ഏല്-ഷദ്ദായി) 13:6
10. "അരുണോദയപുത്രനായ ശുക്രാ" 14:12
11. "കിഴക്കു നിന്നുള്ളവന്" 41:2,25 (44:28; 45:1)
12. "എന്റെ ദാസന്" 41:8,9; 42:1,19; 43:10; 52:13
13. ബേല്... നെബോ 46:1
14. കാവല്ക്കാര് 52:8
15. ഷണ്ഡന് 56:3


## XI. ഭൂപട സ്ഥാനങ്ങള്

1. തര്ശീശ് 2:16 (പുതിയ അന്തര്ദേശീയ ഭാഷാന്തരം, "കച്ചവടം നടത്തുന്ന കപ്പലുകള്"
2. എഫ്രയീമ്യഗോത്രം 7:2
3. സീയോന് പര്വ്വതം 8:18
4. സെബൂലൂന് ഗോത്രം 9:1
5. ഗലീലി 9:1
6. കര്ക്കെമീശ് 10:9
7. സേല 16:1; 42:11
8. സോവന് 19:13


9. നോഫ് 19:13
10. നെഗെവ് (സമുദ്രതീരത്തെ മരുഭൂമി) 21:1 (പുതിയ പരിഭാഷ, "NEGEV")
11. തേമ 21:14
12. സോര് 23:1
13. സീദോന് 23:2
14. അരാബാ (വരണ്ടനിലം) 35:1 (NIV, പുതിയ പരിഭാഷ, "നിര്ജ്ജനപ്രദേശം")
15. കര്മ്മേല് പര്വ്വതം 35:2
16. ശാരോന് 35:2
17. അരാരത്ത് 37:38
18. തൂബാല് 66:19
19. യാവാന് 66:19 (NIV, പുതിയ പരിഭാഷ, ഗ്രീസ്)

## XII. വിദ്യാര്ത്ഥിയുമായി ബന്ധപ്പെട്ട ചോദ്യങ്ങള്

1. എന്തിനാണ് ദൈവം തന്റെ ജനത്തെ ഒരു കോടതിമുറിയിലേക്ക് കൊണ്ടുവരുന്നത്? എന്തു തെറ്റാണ് അവര് ചെയ്തത്? (അദ്ധ്യായം 1)
2. ദൈവം യാഗത്തിന് എതിരാണോ? (1:10-15)
3. 5-ാം അദ്ധ്യായം 1 മുതല് 7 വരെ വളരെ ശക്തിമത്തായതും ചലനാത്മകവുമാണ്. വിവരിക്കുക.
4. എന്തുകൊണ്ടാണ് യെശയ്യാവിന്റെ വിളിയെക്കുറിച്ച് അദ്ധ്യായം 6 വരെ പരാമര്ശിക്കാത്തത്?
5. എന്തുകൊണ്ടാണ് യെശയ്യാവ് "കന്യക" എന്ന എബ്രായവാക്ക് 7ന്റെ 14-ല് ഉപയോഗിക്കാത്തത്?
6. പുതിയ യുഗത്തെ കാണിക്കുവാനായി പരാമര്ശിച്ചിരിക്കുന്ന മകന് എന്ന വാക്ക് 7 മുതല് 12-ാം അദ്ധ്യായങ്ങള് വരെ ഏതെല്ലാം സ്ഥലങ്ങളിലാണ് കൊടുത്തിരിക്കുന്നത്?
7. 9-ാം അദ്ധ്യായം 8-9 ല് കാണുന്ന വടക്കെ ഗോത്രങ്ങളുടെ മൂന്ന് തലക്കെട്ടുകള് വിവരിക്കുക.
8. 10-ാം അദ്ധ്യായത്തില് യെശയ്യാവ് അശൂര് സാമ്രാജ്യത്തെക്കുറിച്ച് വിവരിക്കുമ്പോള് എന്തുകൊണ്ടാണ് 13-ാം അദ്ധ്യായത്തില് ബാബിലോണിന്റെ പതനത്തെക്കുറിച്ച് പരാമര്ശിച്ചിരിക്കുന്നത്?
9. എങ്ങനെയാണ് യെശയ്യാവ് 14-ാം അദ്ധ്യായവും, യെഹെസ്ക്കേല് 28-ാം അദ്ധ്യായവും സാത്താനെ പ്രതിപാദിക്കുന്നത്?
10. 36-39 വരെയുള്ള അദ്ധ്യായങ്ങളുടെ ചരിത്ര പശ്ചാത്തലം വിവരിക്കുക.
11. 40-ാം അദ്ധ്യായം 1 മുതല് 2 വരെ ദൈവജനം പ്രവാസത്തില് ആണോ എന്ന് അര്ത്ഥമാക്കുന്നുണ്ടോ? ആണെങ്കില് എങ്ങനെയാണ് ഇത് ഗ്രന്ഥകാരനുമായി ബന്ധപ്പെടുത്തുക?
12. 42:1 ല് കാണുന്ന ദാസന് യേശുക്രിസ്തുവിനോട് ബന്ധപ്പെടുത്തി പറയുന്നതെങ്ങനെ? but not of vs. 19?
13. അദ്ധ്യായങ്ങള് 52:13 ഉം, 53:12 ഉം എങ്ങനെയാണ് യേശുവുമായും, യിസ്രായേലുമായും ബന്ധപ്പെട്ടിരിക്കുന്നത്?
14. 56-66 വരെയുള്ള അദ്ധ്യായങ്ങളുടെ ഭൂമിശാസ്ത്രപരമായ പശ്ചാത്തലം എന്താണ്?




പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# യിരെമ്യാവ് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. ഈ പുസ്തകം പ്രവാചകന്റെ പേരിലാണ് അിറയപ്പെടുന്നുതു.

B. അവന്റെ പേരിന്റെ അര്ത്ഥം:
   1. "യഹോവ ചുഴറ്റി എറിയുന്നു"
   2. "യഹോവ സ്ഥാപിക്കുന്നു"

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ഇത് എബ്രായ വേദപുസ്തകത്തില് "പ്രവാചകന്" എന്ന വിഭാഗത്തില് വരുന്ന ഭാഗമാണ്.

B. റബ്ബീമാരുടെ സാഹിത്യത്തില് അദ്ദേഹം പലപ്പോഴും പ്രവാചകന്മാരില് ആദ്യന് എന്നു പരിഗണിക്കപ്പെട്ടിരിക്കുന്നു. (നോക്കുക - മത്തായി 27:9).

## III. സാഹിത്യ ശൈലി

A. ഈ പുസ്തകം പല സാഹിത്യ ശൈലികളില് നിര്മ്മിക്കപ്പെട്ടിരിക്കുന്നു:
   1. സാഹിത്യ എബ്രായ കവിത (യിരെമ്യാവിന്റെ അരുളപ്പാടുകള്)
   2. എബ്രായ ഗദ്യ (ബാരൂക്ക് മൂന്നാമതൊരാള്ക്ക് എഴുതിയതെപോലെ എഴുതിയിരിക്കുന്നു)
   3. യിരെമ്യാവിന്റെ പ്രഭാഷണങ്ങള് പലപ്പോഴും ഗദ്യരചനകളായി സംഗ്രഹിച്ചിരിക്കുന്നു. (ഇതും ബാരൂക്ക് രചിച്ചതാണ്)
   4. കാവ്യഭാഷയില് ദൈവത്തോടു ആത്മകഥാപരമായ പരാതികള് പറയല് (യിരെമ്യാവിന്റെ ഏറ്റുപറയല്)

B. വ്യക്തമായും യിരെമ്യാവ് വാക്കാലുള്ള എഴുതീട്ടുള്ള രണ്ടുതരം പ്രവചനങ്ങള് ഉള്പ്പെടുന്നു. ചില ഭാഗങ്ങള് വീണ്ടും പറഞ്ഞു എഴുതേണ്ടിയോ തിരുത്തിയെഴുതേണ്ടിയോ ഉണ്ടായിരുന്നു എന്നു അധ്യായം 36 ല് നിന്നു നമ്മള് അിറയുന്നു.

## IV. എഴുത്തുകാരന്

A. അധ്യായം 52-നെ യിരമ്യാവ് എഴുതിയില്ല എന്നത് വ്യക്തം. കാരണം 31 മുതല് 34 വരെയുള്ള വാക്യങ്ങളില് രേഖപ്പെടുത്തീടുള്ളവ ബാബിലോണിലെ സംഭവിച്ച സംഭവങ്ങളാണ്. ബാബിലോണിയ ഗവര്ണര് ഗെദല്യാവുടെ മരണശേഷം യഹൂദ സൈനിക യൂണിറ്റുകള് യിരെമ്യാവെ ഈജിപ്തിലേക്കു ബലമായി പിടിച്ചുകൊണ്ടുപോയി.

B. സാധ്യമായ രചയിതാക്കള് / തിരുത്തിയെഴുതിയവര്:
   1. യിരെമ്യാവു
   2. ബാരൂക്ക് അവന്റെ പകര്പ്പെഴുത്തുകാരന്
   3. പിന്നീട് തിരുത്തി എഴുതിയവര് (എസ്രായും പള്ളിയുടെ മഹാ പുരുഷന്മാരും)

C. മറ്റ് ഏതൊരു പ്രവാചകനെക്കാളും യിരെമ്യാവിനെ കുറിച്ചു നമ്മള് കൂടുതല് അറിയുന്നു:
   1. (നാടുകടത്തപ്പെട്ട) അബ്യാഥാര് പുരോഹിതന്റെ വംശാവലിയില് നിന്ന് വന്നവര് 1 രാജാക്കന്മാര് 2:26-27.
   2. യെരൂശലേമിനു അടുത്തുള്ള അനാഥോത്തിലെ വളര്ന്നത്.
   3. ഒരു യുവാവായിരിക്കുമ്പോള് ദൈവത്താല് വിളിക്കപ്പെട്ടു:1:2; 25:3 (627 B.C.).
   4. പ്രവൃത്തികളും, ഹോശേയയും ആവര്ത്തന പുസ്തകവും സ്വാധീനിച്ചു.
   5. താഴെ കാണുന്നവരോട് സമകാലികനായിരുന്നു:
      a. ദാനിയേല്
      b. യെഹെസ്കേല്
      c. ഹബ്ബക്കുക്ക്
      d. സെഫന്യാവു
      e. നഹൂം
   6. അഞ്ച് വര്ഷത്തിന് ശേഷം ന്യായപ്രമാണ പുസ്തകത്തെ യോശിയാവിന്റെ പരിഷ്കരണ കാലത്ത് ക്ഷേത്രത്തില് കണ്ടുപിടിച്ചു. ഇവര് തമ്മിലുള്ള ബന്ധം വേദപുസ്തകത്തില് ഒരിക്കലും രേഖപ്പെടുത്തിട്ടില്ല എന്ന വിഷയം അത്ഭുമാണ്. ന്യായപ്രമാണപുസ്തകം

കണ്ടെടുത്തപ്പോള് യിരെമ്യാവിനെയല്ല, രാജാവ് ഹുല്ദാ എന്ന പേരുള്ള ഒരു പ്രവാചകിയെയാണ് ആലോചിച്ചു (II രാജാക്കന്മാര് 22:14-20).

7. തന്റെ ഏറ്റപറയല് അല്ലെങ്കില് പരാതികള് മൂലം തന്റെ വികാരങ്ങളെ വ്യക്തമായി കാണാന് കഴിയും:
   a. 11:18-12:6
   b. 15:10-21
   c. 17:14-18
   d. 18:18-23
   e. 20:7-18
8. അവനെ ഈജിപ്തിലേക്കു നിര്ഭന്തമായി പിടിച്ചുകൊണ്ടുപോയി അവിടെ വെച്ചു യഹൂദ അഭയാര്ത്ഥികള് അവനെ കൊലപ്പെടുത്തി, 43:6.

## V. എഴുതിയകാലം

A. അനാഥോത്തിലെ 640 B.C. യില് യിരേമ്യാവു ജനിച്ചു.

B. യിരെമ്യാവിന്റെ പുസ്തകം 1 കണക്കാക്കിയിരിക്കുന്നത്:2 യോശീയാവിന്റെ പതിമൂന്നാം വര്ഷം മുതല് ഗെദല്യാവിന്റെ കാലം വരെ 627 B.C. - 582 B.C. എത്രത്തോളം യിരെമ്യാവു അഗതികളുടെ ക്യാമ്പില് ഈജിപ്തില് ജീവിച്ച എന്നതു അനിശ്ചിതത്വത്തിലാണ്.

C. സിലാക്നിഷ് എന്ന സ്ഥലത്തു കണ്ടുപിടിച്ച തെളിവ് 587 B.C. യില് അതിന്റെ ഉപരോധത്തെ വിവരിക്കുന്നു. അതിന്റെ എബ്രായ വാചകത്തിന്റെ രൂപമാണ് യിരെമ്യാവോടു താരതമ്യപ്പെടുത്താവുന്നതു.

D. യിരെമ്യാവിന്റെ സന്ദേശങ്ങള് ശമര്യയിലെ വീഴ്ച മുതല് (722 B.C.) യെരൂശലേമിന്റെ വീഴ്ച വരെ(586 B.C.) കേന്ദ്രീകരിക്കുന്നു.

## VI. ചരിത്ര പശ്ചാത്തലം

A. 686 B.C. - മനശ്ശെ (686-641 B.C.) യെഹൂദാരാജാവായി. അവന് യെഹൂദയുടെ ഏറ്റവും ദുഷ്ട രാജാവായിരുന്നു.
B. 664 B.C. - ഈജിപ്ഷ്യന് സാമ്രാജ്യം സമ്മേടിക്കസിന്റെ കീഴില് (664-610 B.C.) ബലം നേടുന്നു.
C. 648 B.C. - യോശീയാവിന്റെ ജനനം.
D. 642 B.C. - യെഹൂദാരാജാവായ ആമോന് രാജാവു തന്റെ ദാസന്മാരാല് (.:19-26 രണ്ടാം രാജാക്കന്മാര് 21) കൊലപ്പെട്ടു.
E. 640 B.C. - ഒടുവിലത്തെ ശക്തമായ അസീറിയന് ഭരണാധികാരി, അശ്ശൂര്ബനിപാല് മരിക്കുന്നു.
F. 640 B.C. - യോശീയാവു 8 വയസില് രാജാവാകുന്നു. (II രാജാക്കന്മാര് 22:1) രാജാവിന്റെ മാറുന്നു.
G. 628 B.C. - യോശീയാവു പുനഃസംഘടന ത്വരിതപ്പെടുത്തുന്നു (II സംഖ്യ 34:3ff; II രാജാക്കന്മാര് 23.).
H. 626 B.C. - യിരെമ്യാവിനെ വിളിക്കുന്നു (യിരെ 1:2.).
I. 626 B.C. - നബോപോലസ്സര് (626-605 B.C.) നിയോബാബിലോന് രാജാവാകുന്നു.
J. 621 B.C. -ക്ഷേത്രം രണ്ടാം പുനക്രമീകരണം ചെയ്തു പണിചെയ്യുന്നവര് ന്യായപ്രമാണപുസ്തകത്തെ കണ്ടെത്തി. സംഖ്യ. 34:8ff; II രാജാക്കന്മാര്. 22).
K. 614 B.C. - അസീറിയ മേഖലാ തലസ്ഥാനമായ അശ്ശൂര്, നിയോബാബിലോനാല് വീഴ്ത്തപ്പെട്ടു.
L. 612 B.C. - അസ്റിയ തലസ്ഥാനമായ നീനെവേ നിയോബാബിലോന്, മീദ്യ ദേശത്താല് നശിപ്പിക്കപ്പെട്ടു.
M. 609 B.C. ഫാരോന് നെഖോ രണ്ടാമന്, രക്ഷപ്പെടാന് ഓടിക്കൊണ്ടിരുന്ന അസീറിയ സൈന്യത്തിന്റെ ശേഷിപ്പിനെ സഹായിക്കാന് ശ്രമിക്കുന്നതിനിടയില് എതിര്ത്ത യോശീയാവു മെഗിഡോയില് കൊല്ലപ്പെട്ടു (610-594 B.C.) (2 ദിന. 35:20-24; 2 രാജാക്കന്മാര് 23:28-30.).
   -യോശീയാവിന്റെ മകനായ യെഹോവാഹാസ്-II (609 B.C.) തന്റെ അപ്പന്നു പകരം രാജാവായിരുന്നു, പക്ഷേ അവന് മൂന്നു മാസം മാത്രം ഭരിച്ചു. ഫറവോന് നെഖോ അവനെ ഈജിപ്ത്തിലേക്കു നാടുകടത്തി.
   -ഫറവോന് നെഖോ യെഹൂദയുടെ സിംഹാസനത്തില് യെഹോയാക്കീമെ (609-598 B.C.) വെച്ചു. 605 B.C. യില് നെബൂഖദ്നേസര്-കക, യെഹൂദയുടെ സിംഹാസനത്തില് അവനെ വെച്ചുവെങ്കിലും, അവന് പിന്നീട് ഈജിപ്തുമായി സഖ്യം നടത്തുന്നതിലൂടെ മത്സരിച്ചു. തുടര്ന്നതു വന്ന അവന്റെ മകനായ യെഹോയാഖീം മൂന്നു മാസം മാത്രം ഭരിച്ചു. നെബുഖദ്നേസര് അവനെ വിജയിച്ചു മാറ്റിയാണ് 597 B.C.യില് സിദെക്കീയാവെ ഭരണത്തിലാക്കി.
N. 605 B.C. - നിയോബാബിലോന് മിസ്രയീമ്യരെ തോല്പ്പിച്ചു, അതോടുകൂടെ കാര്കെമേഷില് അസീറിയ സൈന്യങ്ങളുടെ ബാക്കിയെയും പരാജയപ്പെടുത്തി.

O. 605 B.C. - നെബുഖദ്നേസര്-II ദാനിയേലെ പ്രവാസത്തില് കൊണ്ടുപോയി, പാലസ്തീനില് നീങ്ങുകയും കരം ആവശ്യപ്പെട്ട് (ആദ്യത്തെ നാടുകടത്തലും ചെയ്തു.) യെഹൂദയ്ക്കും യെരൂശലേമിനും എതിരെ നാലു ആക്രമണങ്ങള് ഉണ്ടായിരുന്നു 605, 597, 586 ഉം 582 B.C.

P. 601 B.C. - നെബുഖദ്നേസര്-II ഈജിപ്ത്തിനെ നിയന്ത്രിക്കാണ്വേണ്ടി യുദ്ധത്തില് ഇറങ്ങി പരാജയപ്പെട്ടെ, (മുന്നോട്ടും പിന്നോട്ടും പോകാനാവാത്ത സ്ഥിതിയിലായി).

## VII. സാഹിത്യ ഏകകം

A. ഈ പുസ്തകം കാലക്രമത്തില് അല്ല എഴുതപ്പെട്ടതു, പക്ഷേ വിഷയസംബന്ധിയായതു, അല്ലെങ്കില് പ്രബന്ധവിഷയകമായതു. ഇത് മിക്കവാളും വിവിധ ചുരുളുകള് / യിരെമ്യാവിന്റെ സന്ദേശങ്ങള് അടങ്ങിയ ഒരു ശേഖരമാണ്. 125, 30-33 ഉം 46-51

B. MTയും, LXX യും തമ്മില് വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. MT യിലുള്ള 3000 വാക്കുകള് LXXല് കാണാതായിട്ടുണ്ട്. എതിരെ 46-51 അധ്യായങ്ങളില് ദേശങ്ങളുടെ ക്രമത്തില് വ്യത്യാസമുണ്ടു, അതുപോലെ പുസ്തകത്തില് അവയുടെ സ്ഥാനം അധ്യായം 25നിന്നു ശേഷം വ്യത്യാസമായിരിക്കുന്നു. രണ്ടു ഒടട പാരമ്പര്യങ്ങളും ചാവുകടല് ചുരുളുകളില് കണ്ടെത്തിയിരിക്കുന്നു.

C. താല്കാലികമായ (അടിസ്ഥാനപരമായി ഹാരിസനും യങ്ങും പിന്തുടരുന്ന) രൂപരേഖ:
1. അധ്യായം 1 - യിരെമ്യാവിന്റെ വിളിയും കരുതലും.
2. അധ്യായങ്ങള് 2-25 - യിരെമ്യാവിന്റെ ശുശ്രൂഷയുടെ ആദ്യ വര്ഷങ്ങളില് യെഹൂദയുടെ പാപം.
3. 26-29; 34-35 അധ്യായങ്ങളില് പ്രവാചകന്റെ വ്യക്തിപരമായ ജീവിതം.
    a. സിദെക്കീയാവിന്നു യഹോവയുടെ സന്ദേശവും, ഹനന്യാവിന്റെ പ്രതികരണവും, 26-29.
    b. രേഖാബ്യര്, 34-35
    c. യെഹോയാക്കീം-സിദെക്കീയാവ് ഇവരുടെ വാഴ്ചയുടെ ചരിത്രസംഭവങ്ങള്, ഗെദല്യാവു മിസ്രയീമിലേക്കു പോകുന്നതു, 36-45
4. അധ്യായങ്ങള് 30-33 - ദൈവജനത്തെ പുനഃസ്ഥാപനം ചെയ്യും എന്ന വാഗ്ദാനം:
    a. ശാരീരികമായി
    b. ആത്മീയമായി
5. അധ്യായങ്ങള് 46-51 - ചുറ്റുമുള്ള ജാതികളുടെ നേരെ പ്രവചനങ്ങള് (ഇതിനുപുറമേ അധ്യായം 25:12-38):
    a. ഈജിപ്ത് 46 (യെശെ. 19; യെഹെ. 29-32)
    b. ഫെലിസ്ത്യദേശം 47 (ആമോസ് 1:68; 14:29-32; യെഹെ. 25:15-17)
    c. മോവാബ് - 48 (ആമോസ് 2:1-3; യെശെ. 15-16; യെഹെ. 25:8-11)
    d. അമ്മോന്യര് 49:1-6 (ആമോസ് 1:13-15; യെഹെ. 25:1-7)
    e. എദോം 49:7-22 (ആമോസ് 1:11-12; 21:11-12; യെഹെ. 25:12-14; ഓബദ്യാവു)
    f. സിറിയ 49:23-27 (ആമോസ് 1:35; 17:13.)
    g. അറേബ്യ 49:28-33
    h. ഏലാം 49:34-38
    i. ബാബിലോന് - 50-51 (യെശെ.13:1-14; ഹബ. 2:6-17)
6. 52-ാം അധ്യായത്തിലെ യെരൂശലേമിന്റെ വീഴ്ച (നോക്കുക II രാജാക്കന്മാര് 24:18-25:30)

D. 1 മുതല് 25 വരെയുള്ള അധ്യായങ്ങളില് യിരെമ്യാവിന്റെ സന്ദേശങ്ങള് "പരിചയപ്പെടുത്തിയതു - "യഹോവയുടെ വചനം എനിക്കുണ്ടായി..." എന്ന ഉപവാക്യത്തോടാണ് എന്നതെ ശ്രദ്ധിക്കുക. പക്ഷേ 26 മുതല് 51 വരെയുള്ള അധ്യായങ്ങളില് അവ പരിചയപ്പെടുത്തിയതു "യഹോവയുടെ വചനം യിരെമ്യാവിന്നുണ്ടായി" എന്നാണ്.

E. ഭരിച്ചിരുന്ന രാജാവായ വഴി യിരെമ്യാവിന്റെ പ്രവചനങ്ങളുടെ ഇ ചാര്ട്ട്:

| | ഇ.ജെ. യങ്ങ്: | ആര്.കെ. ഹാരിസന്: |
|---|---|---|
| 1. | യോശീയാവിന്റെ കീഴില് (640 B.C. -) 1:1-19; 2:1-3:5; 3:6-6:30; 7:1-10:25; 11:1-13:27; 14:1-15:21; 16:1-17:27; 18:1-20:18 | 1:1-19; 2:13:5; 3:6-6:30; 7:1-10:25; 18:1-20:18 |
| 2. | യെഹോവാഹാസിന്റെ കീഴില് (609 B.C.) | |
| 3. | യെഹോയാക്കീം കീഴില് (609 B.C.) 25; 26; 27; 35; 36; 45; 46-49 | 11:1-13:14; 14:1-15:21; 16:1-17:27; 22; 23; 25; 26; 35; 36; 45; 46-48 |
| 4. | യെഹോയാഖീമിന്റെ കീഴില് (598 - 596 B.C.) | 31:15-27 |

| | | |
|---|---|---|
| 5. | സിദെക്കീയാവു (597 B.C.) 21:1-22:30; 23; 24; 27 28; 29; 30-31; 32; 34; 37; 38; 39 | 21:1-22:30; 24:1-10; 27; 28; 29; 30-31; 32; 33; 34; 37; 38; 39; 49; 50:1-51:64 |
| 6. | ഗെദല്യാവിന്റെ കീഴില് 40; 41; 42; 43-44:30; 50-52 | 40:1-42:22; 43:1-44:30 |
| 7. | | ചരിത്രപരമായ അനുബന്ധം 52:1-34 |

## VIII. പ്രധാന വിഷയങ്ങള്

A. എഇപ്പോള് ആകുന്നു ന്യായവിധി സമയം, കാരണം യെഹൂദാ അനുതപിക്കാതിരിക്കുന്നു! പാപം, ന്യായവിധി പിന്നീട് പുനഃസ്ഥാപനം എന്ന വിഷയങ്ങളാണ് യിരെമ്യാവു ഊന്നിപറയുന്നു; 1:4-10.

B. ദൈവത്തില് വ്യക്തിപരമായ വിശ്വാസം ഇല്ലാത്ത ആരാധനക്രമമായ അല്ലെങ്കില് ആചാരപരമായ ഒരു ജീവിതശൈലി ദുരന്തം ആണ്! (അധ്യാ 7;. യെശെ. 29:13.).

C. യെഹൂദാ അനുഷ്ഠാനം, വിഗ്രഹാരാധന, പാപം ഇവയാല് പ്രതീക്ഷയില്ലാതെ നഷ്ടപ്പെട്ടിരുന്നു! അവള് ദൈവത്തിന്റെ ഉടമ്പടിടെ അതിക്രമിച്ചു, ഇതു വിവാഹബന്ധത്തിന്റെ (നോക്കുക 2:1-3:5) അടയാളമായിരിക്കുന്നു.

D. വ്യക്തിപരമായ മാനസാന്തരം, വിശ്വാസം ഇവയാണ് ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ (31:34-31) അടിസ്ഥാനമായിരികുന്നു, കുടുംബ വിശ്വാസത്തിന്നു അല്ല (31:29; യെഹെ. 18).

E. പുതിയ ഉടമ്പടി സ്ഥിരമായതു (31:35-37) കാരണം മനുഷ്യന്റെ പ്രവൃത്തിയാലല്ല, മറിച്ച് ദൈവത്തിന്റെ കൃപയും ശക്തിയുമാണ് അതിന്റെ അടിസ്ഥാനം (യെഹെ 36:26-27).

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. വാക്കുകളും / അല്ലെങ്കില് ഉപവാക്യങ്ങളും

1. പ്രവാചകന് 1:5 (NASB & NIV)
2. ബദാംവൃക്ഷം, 1:11 (NASB & NIV)
3. വടക്ക്, 1:13 (NASB & NIV)
4. നിങ്ങളുടെ അരകെട്ടി ശക്തിപ്പെടുക, 1:17 (NIV, "സ്വയം തയ്യാറാവുക!")
5. വിവാഹമോചനം കല്പനകള്, 3:8 (NIV, "വിവാഹമോചന സര്ട്ടിഫിക്കറ്റ്")
6. "കല്ലുകള്, വൃക്ഷങ്ങള് മൂലം വ്യഭിചാരം ചെയ്തിരിക്കുന്നു," 3:9 (NASB & NIV)
7. "നിങ്ങളുടെ ഹൃദയങ്ങളുടെ തോലിനെ" 4:4 (NIV, "നിങ്ങളുടെ ഹൃദയത്തെ പരിച്ഛേദന ചെയ്വിന്")
8. "ഗിലെയാദിലെ തൈലം," 8:22 (NASB & NIV)
9. "അവരുടെ ക്ഷേത്രങ്ങളില് മുടി വെട്ടുന്നു," 9:26 ( "വിദൂരമായ സ്ഥലങ്ങളില്" NIV,)
10. "കര്ത്താവേ, ജീവിച്ചിരിക്കുന്നതുപോലെ" 12:16 (NASB & NIV)
11. "ഉച്ചസമയത്തു നശിപ്പിക്കുന്നവന്," 15:8 (NIV, "ഉച്ച സമയത്തു ഞാന് ഒരു വിനാശനെ വരുത്തും")
12. "എല്ലാ സ്വര്ഗ്ഗീയ സൈന്യങ്ങളും" 19:13 (NIV, "എല്ലാ നക്ഷത്ര സൈന്യത്തെയും")
13. അശേഷം നശിപ്പിക്കും, 25:9 (NIV, "പൂര്ണ്ണമായും നശിപ്പിക്കും")
14. "യഹോവയുടെ ആലയത്തിലെ ഉപകരണങ്ങള്" 27:16 (NIV, "പാത്രങ്ങള് ...")
15. "യാക്കോബിന്റെ കഷ്ടകാലം" 30:7 (NIV, "യാക്കോബിന്നു പ്രശ്നമുള്ള ഒരു സമയം")
16. പുതിയ ഉടമ്പടി, 31:31 (NASB & NIV)
17. "അവര് കാളകൂട്ടിയെ രണ്ടായി വിഭാഗിച്ചു അവയുടെ നടുവില് കടന്നു" 34:18 (NIV "അവര് കാളകൂട്ടിയെ രണ്ടായി വെട്ടി അതിന്റെ കഷണങ്ങള്ക്കു മധ്യേ നടന്നു")

B. വ്യക്തികള്

1. യോശീയാ, 1:2,3
2. യെഹോയാക്കീം, 1:3
3. ബാല്, 2:8
4. മനശ്ശെ 15:4
5. നെബുഖദ്നേസര് 21:2,7
6. ഹനന്യാവു, 28:1
9. രേഖാബ്യര്, 35:1 (NIV, "Recobite ഫാമിലി")
10. ഏബെദ്മേലെക്, 38:7
11. ഗെദല്യാവ് 39:14 & 4041
12. ഫറവോന് നെഖോ, 46:2 (NIV, "നെഖോ")
13. കെമോശ്, 48:7,13,46
14. ബെന് ഹദദ് 49:27


7. ബാരൂക്ക് 32:12,13,16
8. മോലേക്ക് 32:35
15. ബേല്, 50:2; 51:44
16. മര്ദൂക്ക്, 50:2


## X. ഭൂപട സ്ഥലങ്ങള്

1. അനാഥോത്ത്, 1:1
2. കിത്തീം
3. മെംഫിസ്
4. ശീലോവാം 7:12
5. ഹിന്നോം പുത്രന്മാരുടെ താഴ്വര 5., 7:31
6. സൊദോം ഗൊമോര, 23:14
7. സോര്, 25:22
8. ലാഖീശ്, 34:7
9. മിസ്പ, 40:6
10. ഗിബെയോന്, 41:12
11. ബെത്ലെഹെം, 41:17
12. കാര്കെമിഷ്, 46:2
13. ബെഥേല്, 48:13
14. ഹാസോര്, 49:28
15. ഏലാം 49:34

## XI. വിദ്യാര്ത്ഥിക്കുള്ള ചോദ്യങ്ങള്:

1. യിരെമ്യാവു പുസ്തകം എന്തുകൊണ്ട് രൂപരേഖപ്പെടുത്താന് വളരെ ബുദ്ധിമുട്ടായിരിക്കുന്നു?
2. യിരെമ്യാവു എത്രത്തോളം പ്രസംഗിച്ചു?
3. 1116:1-യുലുള്ള രണ്ടു ദര്ശനങ്ങളെ വിശദീകരിക്കുക.
4. അധ്യായം 2 എന്തുകൊണ്ടു ഒരു നിയമപരമായ കേസ് ആയി വെച്ചിരിക്കുന്നു? (നോക്കുക 48, 9, 29)
5. എന്തുകൊണ്ട് ഒരു അധ്യായം വിവാഹമോചനം പ്രശനത്തിനായി വെച്ചിരിക്കുന്നു?
6. 12:6. 4 മാനസാന്തരപ്പെട്ടതെ കാണിക്കാന് ദൈവം ആവശ്യപ്പെട്ടുന്ന നാല് വ്യവസ്ഥകളെ പട്ടികയാക്കുക.
7. അധ്യായങ്ങള് 7ലും 26ലും തമ്മില് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
8. യിരെമ്യാവ് അധ്യായം 7-ലെ ബലികള് അര്പ്പിക്കുന്ന രീതിയെ കുറ്റപ്പെടുത്തുനുണ്ടോ?
9. യിരെമ്യാവിന്റെ ജന്മനാട്ടിലുള്ളവര് എന്തുകൊണ്ടു അവനെ കൊല്ലാന് ശ്രമിച്ചത്? (അധ്യായങ്ങള് 11-12)
10. എന്തുകൊണ്ട് 12:14-17, 16:19-21 വളരെ പ്രധാനമായവ?
11. മൊത്തമായ, വ്യക്തിപരമായ പാപങ്ങള് 16 ബന്ധപ്പെട്ടിരിക്കുന്നു എങ്ങനെയെന്നു വിശദീകരിക്കുക:10-13
12. 17:10 ഗലാ. 6:7നോട് ബന്ധപ്പെട്ടിരിക്കുന്നു?
13. യിരെമ്യാവു അധ്യായങ്ങള് 18, 19ല് കുശവനോട് ഉപമിച്ചിട്ടുള്ള വ്യത്യസ്ത വഴികളെ വിവരിക്കുക


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# വിലാപങ്ങള് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. എബ്രായ (MT) വേദപുസ്തകത്തില് ഈ പുസ്തകത്തിലെ ആദ്യ വാക്കു “അയ്യോ എങ്ങനെ” ധലരവമവപ” എന്നതാണ്. (നോക്കുക 1:1, 2:1, 4:1) ശവസംസ്കാര സമയത്തു ഉപയോഗിക്കുന്ന ഒരു സാധാരണ പദമാണിത്.

B. ഗ്രീക്ക് വേദപുസ്തകത്തില് (LXX) അത് “മുറവിളിക്കുക” എന്ന ഗ്രീക്ക് വാക്കില് തലക്കെട്ടായിരുന്നു. അതിന്റെ അര്ത്ഥം “ഉറക്കെ നിലവിളിക്കുക” എന്നതാണ്.

C. Talmud അതിനെ “വിലാപങ്ങള് “എന്നു വിളിച്ചു.

D. ലാറ്റിനിന് വേദപുസ്തകത്തില് ഇതിന്റെ തലക്കെട്ട് “ യിരെമ്യാവ് പ്രവാചകന്റെ വിലാപങ്ങള്” എന്നതാണ്.

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ഇത് രചനകള് എന്നു വിളിക്കപ്പെടുന്ന എബ്രായ ലിഖിത വിഭാഗത്തില് Megilloth എന്ന പുസ്തകങ്ങളുടെ വിശേഷ പട്ടികയില് (അഞ്ചു ചുരുളുകള്) വരുന്നു. ഇതില് ഓരോ പുസ്തകവും വാര്ഷിക ഉത്സവ ദിവസത്തില് വായിക്കപ്പെട്ടു:
   1. ഉത്തമ ഗീതം - പെസഹ
   2. രൂത്ത് - പെന്തക്കോസ്തു
   3. സഭാ പ്രസംഗി - കൂടാരങ്ങളുടെ പെരുനാള്
   4. എസ്ഥേര് - പൂരീം
   5. വിലാപങ്ങള് - യെരൂശലേമിന്റെ വീഴ്ച ശലൊമോന്റെ ആലയത്തിന്റെ നാശം.

B. എബ്രായ ലിഖിതങ്ങളില് Canon വിഭാഗത്തില് വരുന്ന പുസ്തക ക്രമം - സങ്കീര്ത്തനങ്ങള്, സദൃശ്യവാക്യങ്ങള്, ഇയ്യോബ് പുസ്തകത്തിന്റെ ശേഷം ഉത്തമ ഗീതം, രൂത്ത്, വിലാപങ്ങള്, സഭാപ്രസംഗി, എസ്ഥേര്. ഇംഗ്ലീഷ് ബൈബിള് LXX ക്രമത്തെ പിന്തുടരുന്നു.

C. 586 B.C.ല് നെബുഖദ്നേസര് രണ്ടാമന്റെ സൈന്യം ശലൊമോന്റെ ആലയത്തെ നശിപ്പിച്ചതിനെ സ്മരിക്കാന്വേണ്ടി (ജൂലൈ പകുതിയോടെ) അബ് മാസം 9ന് വിലാപങ്ങള് വായിക്കപ്പെട്ടു. AD 70ല് റോമന് ജനറല് തീതൊസ് യെരൂശലേമിനെ വീഴ്ത്തി. പിന്നീട് യഹൂദമതത്തില് അതിനെ സ്മരിച്ചു വിലപിച്ചു.

## III. സാഹിത്യ ശൈലി

A. 5 അധ്യായങ്ങളില് ഓരോ അധ്യായവും ഒരു പ്രത്യേക വിലാപം / ശവസംസ്കാര പാട്ട് ആണ്. സുമേര് കാല പുരാതന കിഴക്കന് രാജ്യങ്ങളില് ഇത്തരത്തിലുള്ള കവിതകള് സാധാരണമാണ്. യിസ്രായേലില് അവ നിലവിലുള്ള അവസ്ഥ മുഖാന്തരം ദുഃഖം പ്രകടിപ്പിക്കാനും എന്നാല് ഭാവി പ്രതീക്ഷിച്ചിരിപ്പാനുമാണ് പാടുന്നത്.

B. ആദ്യത്തെ നാലു കവിതകളും Acrostics ആകുന്നു. ഓരോ വരിയും എബ്രായ അക്ഷരമാലയിലെ അടുത്ത അക്ഷരത്തില് തുടങ്ങുന്നു. പൂര്ണ്ണമായ ദുഃഖം വ്യക്തമാക്കുന്നതിന്നു ഈ പാട്ടുകള് ഒരു അര്ത്ഥത്തില് അടയാളമായിരിക്കാം.

C. എബ്രായ കവിത ചിന്ത സമാന്തരവര്ണനകളെ അടിസ്ഥാനമാക്കിയുള്ളതാണ്, പ്രാസം പോലെയല്ല.
   1. വാക്കുകളല്ല, വരിയാണ് സാഹിത്യ താക്കോല്.
   2. സമാന്തരവര്ണനകളും സാധാരണയായി രണ്ടു മൂന്നു വരികള് ഉള്ളതാണ്.
      a. പര്യായമായ സമാന്തരവര്ണനകള് - വരികള് വിവിധ വാക്കുകളില് ഇതുപോലുള്ള ചിന്തയെ പ്രകടിപ്പിക്കുന്നു.
         (1). സങ്കീ. 3:1; 8:40; 83:14; 103:3
         (2). സദൃ. 20:1
         (3). വിലാ. 1:2, 3
         (4). യെശ. 1:3
         (5). ആമോസ് 5:24.

b. വിപരീതമായ സമാന്തരവര്ണനകള് - വരികള് വിപരീതമായി ഉപയോഗിച്ചു സമ്മുഖ ചിന്തകള് പ്രകടിപ്പിക്കുന്നതായിരിക്കുന്നു, അല്ലെങ്കില് ഒരു പ്രശ്നത്തിന്റെ പോസിറ്റീവും നെഗറ്റീവും പ്രസ്താവിക്കുന്നതായിരിക്കുന്നു.
   (1). സങ്കീ. 1:6; 90:6
   (2). സദൃ. 1:29; 10:1, 12; 15:1; 19:4

c. സിന്തറ്റിക് സമാന്തരവര്ണനകള് - വരികള് ചിന്ത വളര്ത്തിയെടുക്കുന്നു
   (1). സങ്കീ. 1:1-2; 19:7-9
   (2). വിലാ. 1:4

## IV. എഴുത്തുകാരന്

A. പുസ്തകം സ്വയം യാതൊരു രചയിതാവിന്റെ പേരും നല്കുന്നില്ല. 586 B.C.യില് യെരുശലേം വീഴ്ച സംഭവിച്ചപ്പോള്, അതിന്റെ ഉപരോധത്തെ നേരില് കണ്ട ഒരു സാക്ഷി ഇതിനെ എഴുതിയിരിക്കുന്നു എന്ന കാര്യം വ്യക്തമാണ്.

B. ബാബ ബത്രാ 15a, യിരെമ്യാവ് 1:1വിന്റെ Targums - യിരെമ്യാവാണ് ഇതിന്റെ എഴുത്തുകാരന് എന്നു സൂചിപ്പിക്കുന്നു.

C. "യിസ്രായേല് പ്രവാസത്തിലേക്കു പോയി മടങ്ങി വന്ന ശേഷം, യെരൂശലേമിന്റെ നാശത്തെ കണ്ട യിരെമ്യാവ് കരഞ്ഞുകൊണ്ടു ഇരുന്നു, അപ്പോള് യെരൂശലേമിനെ കുറിച്ചു ഈ വിലാപത്തെ രചിച്ചു" എന്നു ദി സെപ്ത്വജിന്റ് ഈ പുസ്തക ആമുഖത്തില് പറയുന്നു. ക്രമത്തില് യിരെമ്യാവ് പുസ്തകത്തിന്നു ശേഷം വിലാപങ്ങള് പുസ്തകം വരുന്നു.

D. ലാറ്റിന് വേദപുസ്തകത്തില്, വിലാപങ്ങള് പുസ്തകത്തിന്റെ ആമുഖം ഇങ്ങനെയാണ് - "ഇത് യിരെമ്യാവ് പ്രവാചകന്റെ വിലാപങ്ങള് അടങ്ങുന്നതാണ്".

E. ദി പെശീത്താ (5-ാം നൂറ്റാണ്ട് സുറിയാനി പരിഭാഷ) പുസ്തകത്തിന്റെ തലക്കെട്ടില് "യിരെമ്യാവ് പ്രവാചകന്റെ വിലാപങ്ങള്" എന്നു എഴുതിയിരിക്കുന്നു.

F. എഴുത്തുകാരനെ കുറിച്ചുള്ള തെളിവുകള്:
   1. യിരെമ്യാവ് എഴുതിയതെന്ന്:
      a. രണ്ടാം ദിനവൃത്താന്തം 35:25 വചനത്തിന്റെ അടിസ്ഥാനത്തില്, യിരെമ്യാവാണ് രചയിതാവ് എന്നു കരുതപ്പെടുന്നു. എന്നാല് ഈ വിലാപം യെരൂശലേമിനെ കുറിച്ചല്ല, മറിച്ച് യോശീയാവിനെ കുറിച്ചുള്ളതാണ് എന്ന കാര്യം ശ്രദ്ധിക്കുക.
      b. പല വാക്യങ്ങളില് യിരെമ്യാവ് തന്റെ നാളുകളില് ഉണ്ടായിരുന്ന സ്ഥിതിഗതികളെ കുറിച്ച് തന്റെ ദുഃഖം പറയുന്നു, 7:29; 8:21; 9:1,10,20 (നോക്കുക വിലാപം 3:48-51).
      c. വാക്കുകള് തമ്മില് സാമ്യമുണ്ട്.
      d. 3:1ല് "ഞാന്" എന്ന വാക്ക് യിരെമ്യാവെ സൂചിപ്പിക്കുന്നതായിരിക്കാം.
      e. രചയിതാവ് വ്യക്തമായും യെരൂശലേമിന്റെ വീഴ്ച നേരില് കണ്ട സാക്ഷിയായിരുന്നു.
   2. യിരെമ്യാവ് എഴുതിയില്ല എന്നു:
      a. വിധിക്കാന്വേണ്ടി ബാബിലോനെ ദൈവം അയച്ചു എന്നു യിരെമ്യാവ് പറയുന്നു, പക്ഷേ 3:59-66 ഭാഗത്തെ നോക്കുമ്പോള് വ്യത്യസ്തമായി തോന്നുന്നു.
      b. പ്രവചന സന്ദേശങ്ങള് നിന്നുപോയി എന്ന് യിരെമ്യാവു പറഞ്ഞിരിക്കാന് സാധ്യതയില്ല. 2:9 m.
      c. ഈജിപ്ത്തില് നിന്ന് സഹായം നേടുവാന് യിരെമ്യാവ് ഒരിക്കലും പറയാന് സാധ്യതയില്ല 4:17.
      d. യിരെമ്യാവ് സിദെക്കീയാവില് പ്രത്യാശ വെച്ചിരിന്നില്ല 4:20.
      e. ഈ acrostic കവിതകള്, യിരെമ്യാവിന്റെ ശൈലിയില് നിന്നും ഘടനാപരമായി വളരെ വ്യത്യസ്തമായതാണ്.
      f. 5 കവിതകളില് ഓരോന്നും ഘടനാപരമായ രീതിയില് വ്യത്യസ്തമാണ്. ചിലതില് നീണ്ട വരികളുണ്ടു, ചിലതു ചുരുക്കവുമാണ്. ഒരേ അക്ഷരത്തില് ആരംഭിക്കുന്ന വരികളുടെ എണ്ണം വ്യത്യസ്ഥമാണ്. രുപകാലങ്കാരം ഓരോ കവിതിതയിലും വ്യത്യസ്ഥമാണ്. ഇതെല്ലാം ഒന്നില് കൂടുതല് എഴുത്തുക്കാര് ഉണ്ടു എന്ന് ചൂണ്ടിക്കാണിക്കുന്നു.

## V. എഴുതിയ കാലം /

## VI. ചരിത്ര പശ്ചാതലം

A. ചരിത്രപരമായ സാഹചര്യം - 586 B.C. ലെ ബാബിലോണിയന് സൈന്യം വന്നപ്പോള് യെരൂശലേം വീണു.

B. ചരിത്ര പശ്ചാത്തലത്തെ മനസ്സിലാക്കുവാന് 2 രാജാക്കന്മാര് 25:8-12ഉം, യിരെ. 52ഉം വായിക്കുക.

C. യെഹൂദയില് തുടര്ന്നു പാര്ത്തിരുന്ന യഹൂദന്മാര് പ്രതിവര്ഷം യെരൂശലേമിന്റെ വീഴ്ചയെ ഓര്ക്കുന്നതിനോട് ഈ പുസ്തകം ബന്ധപ്പെട്ടിരിക്കുന്നതായി ചിലര് കരുതുന്നു, യിരെ. 41:4-5.

## VII. സാഹിത്യ എകകം

A. യെരൂശലേമിന്റെ വ്യക്തിത്വമാരോപിക്കപ്പെട്ടു, അവള് അടിമയുടെ ഭാര്യയായി, അധ്യായം. 1

B. വിശേഷഭാഗ്യം ഉത്തരവാദിത്വമുള്ളതാണ്, യഹോവയുടെ ഉടമ്പടി കോപം, അധ്യായം 2.

C. ദുഃഖം വ്യക്തിഗതമായൊരു കാര്യമാണ്, അധ്യായം 3.

D. വിശേഷഭാഗ്യം ഉത്തരവാദിത്വമുള്ളതാണ്, ഉടമ്പടി ജനങ്ങള് പാപം ചെയ്തു, അദ്ധ്യായം 4.

E. ഉടമ്പടിയുടെ ദൈവത്തില് വിശ്വാസവും പ്രത്യാശയും വെയ്ക്കുക, അധ്യായം 5.

## VIII. പ്രധാന സത്യങ്ങള്

A. ദൈവത്തിന്റെ ജനത്തിന്നു നഷ്ടവും ദുഃഖവുമായി തീര്ന്ന വികാര വിഷയങ്ങളെ ഈ കവിതകള് എടുത്തുപറയുന്നു:
   1. യെരൂശലേമിന്റെ നഷ്ടം,
   2. ആലയത്തിന്റെ നാശം
   3. മോശയുടെ ഉടമ്പടിയെ ദൈവം റദ്ദാക്കി. ഇവ വളരെ ബാധിച്ചു, കാരണം ദൈവത്തിന്റെ വാഗ്ദാനങ്ങള് താഴെയുള്ള ഭാഗത്തില് ഉണ്ടു:
      (a) 2 ശമു. 7:10-16
      (b) യെശെ. 37:30-35

B. ഈ കവിതകള് ഊന്നിപ്പറയുന്നത്:
   (1). ദൈവത്തിന്റെ പരമാധികാരം,
   (2). ദൈവത്തിന്റെ നീതി,
   (3). ദൈവത്തിന്റെ ന്യായവിധി,
   (4). ദൈവത്തിന്റെ വാഗ്ദാനങ്ങള് പുനഃസ്ഥാപനം.

C. മോശെയുടെ ഉടമ്പടിയെ (ആവര്. 27-28) ലംഘിച്ച കാരണത്താല് യെഹൂദാ നശിച്ചുപോയി. ബാബിലോനോട് തോറ്റതു യഹോവയുടെ ബലഹീനതയല്ല, മറിച്ച് യഹോവയുടെ ജനത്തിന്റെ പാപമാണ് കാരണം. യഹോവ തന്റെ ശക്തിയാല് അടുത്തകാലത്തു വിജയം വരുത്തും (3:22-23, 25).

D. ദൈവത്തിന്റെ വാഗ്ദാനങ്ങള് നിബന്ധനയുള്ളതും നിബന്ധനയില്ലാത്തതുമാണ്. നിയമത്തിന്റെ ആശയം എന്തെന്നാല് അതു ജനത്തിന്റെ ഉചിതമായ പ്രതികരണം ആവശ്യപ്പെടുന്നു.

## IX. സംക്ഷിപ്തമായി നിര്വചിക്കേണ്ട വ്യക്തികള് / അല്ലെങ്കില് ശൈലികള്

A. വാക്കുകള് / അല്ലെങ്കില് ഉപവാക്യകള്
   1. "അവളുടെ സ്നേഹിതര്" 1:2, 19 (NASB & NIV)
   2. "യെഹൂദാപുത്രിയായ കന്യകയെ" 1:15 (NASB & NIV)
   3. "അവന്റെ പാദപീഠം" 2:1 (NASB &)
   4. "യഹോവ ശത്രുവായി മാറിയിരിക്കുന്നു"( NIV, "കര്ത്താവ് ശത്രു എന്ന പോലെയാണ്")
   5. "കൈ കൊട്ടുന്നു ... ചുംബിക്കുന്നു ... തല കുലുക്കുന്നു" 2:15 (NIV, "കൊട്ടി ... പരിഹസിച്ചു ... ഇളക്കി")
   6. "അവങ്കലേക്കു കൈ ഉയര്ത്തി" 2:19; 3:41 (NASB & NIV)
   7. 2:20 "സ്ത്രീകള് അവരുടെ സന്താനങ്ങളെ കഴിക്കണമോ"; 4:10 (NASB & NIV)


B. വ്യക്തികള്
   1. "ഞാന് തന്നേ" 3:1


## X. ഭൂപട സ്ഥലങ്ങള്

1. യെഹൂദാ, 1:3
2. സീയോന്, 1:4
3. യെരൂശലേം, 1:7
4. ഊസ്, 4:21

## XI. വിദ്യാര്ത്ഥിക്കുള്ള ചോദ്യങ്ങള്

1. വിലാപങ്ങള് പുസ്തകത്തിന്റെ സാഹിത്യ ഘടന വിശദീകരിക്കുക.
2. കഷ്ടപ്പാടും ആശയക്കുഴപ്പവും കൈകാര്യം ചെയ്യാന് ബൈബിളിലെ ഈ പുസ്തകം നമ്മെ എങ്ങനെ സഹായിക്കുന്നു?
3. പ്രവാസത്തിലേയ്ക്കു പോകാനുള്ള കാരണം എന്തെന്നു ഈ പുസ്തകം പറയുന്നു? (1:5, 18)
4. വിലാപങ്ങള് 2:17, ആവര്ത്തനപുസ്തകം 27-28 അധ്യായങ്ങളോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
5. എന്തുകൊണ്ട് 3:19-38 വരെയുള്ള ഭാഗം വളരെ പ്രധാനപ്പെട്ടതു?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# യെഹെസ്കേല് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. ഈ പുസ്തകത്തില് പ്രധാനമായി സംസാരിക്കുന്ന യെഹെസ്കേല് പ്രവാചകന്റെ പേരിലാണ് ഈ പുസ്തകം അറിയപ്പെടുന്നതു.

B. “ദൈവം ബലപ്പെടുത്തുന്നു” അല്ലെങ്കില് “ദൈവം ബലപ്പെടുത്തുമാറാക്കട്ടെ” എന്നതാണ് അവന്റെ പേരിന്റെ അര്ത്ഥം.

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ഈ പുസ്തകം എബ്രായ വേദപുസ്തകത്തില് സ്വീകരിക്കപ്പെടുന്നതില് ചില ബുദ്ധിമുട്ടുണ്ടായിരുന്നു:
   1. യെഹെസ്കേലിന്റെ ആലയവും നടപടിക്രമങ്ങളും മോശയില് നിന്ന് വ്യത്യസ്തമായവ.
   2. പ്രത്യേകിച്ച് അധ്യായങ്ങള് 1, 8 & 10ല് ഉജ്ജ്വലമായ ദര്ശന ഭാഷ കാണുന്നു.

B. യെഹസ്ഖേല് മോശയോട് നിരപ്പുപ്രാപിക്കാന്വേണ്ടി 300 ജാറുകള് എണ്ണ ഉപയോഗിച്ച് എന്ന് റബ്ബിമാര്ക്കുള്ള ശമ്മായി പള്ളികൂടത്തില് പടിച്ച റബ്ബി ഹനന്യാവു ബെന് ഹിസ്കീയാവ് പറയുന്നു. (നോക്കുക ഷബ്ബാ. 14b. മെനാഹുത് 45a; ഹഗ്ഗായി 13a).

C. ഏലീയാവ് മശിഹാവിന്നു മുമ്പേ തിരിച്ചെത്തിയപ്പോള് അവന് യെഹെസ്കേല് മോശ തമ്മിലുള്ള പ്രശ്നങ്ങളെ പരിഹരിക്കും എന്ന് യഹൂദ പാരമ്പര്യം പറഞ്ഞു.

## III. സാഹിത്യ ശൈലി

A. ഈ പുസ്തകത്തില് പല സാഹിത്യ ശൈലികള് അടങ്ങിയിരിക്കുന്നു:
   1. പ്രവചനം (അധ്യായം 37)
   2. ഭാവികാല സംഭവങ്ങള് (അധ്യായങ്ങള് 1, 8-10, 38-39, 40-48)
   3. കവിത
   4. ഗദ്യ
   5. നാടകീയമായ ഉപമകള് (അധ്യായങ്ങള് 47, 12)
   6. സൂചകോപദേശം (അധ്യായം 16)

B. 40 മുതല് 48 വരെയുള്ള അധ്യായങ്ങളെ വ്യാഖ്യാനിക്കേണ്ട രീതി:
   1. ആരംഭ അഭിപ്രായ പ്രകടനം
      a. 33-39 അധ്യായങ്ങളില് രേഖപ്പെടുത്തിയിരിക്കുന്നതു പോലെ പുനഃസ്ഥാപന വാഗ്ദത്തമാണ് 40-48 അധ്യായങ്ങളുടെ സാഹിത്യ പശ്ചാത്തലം.
      b. പുറപ്പാട് പുസ്തകം 25-27 അധ്യായങ്ങള് തിരുനിവാസത്തിന്റെ നിര്മിക്കലെ കുറിച്ചുള്ളതാണ.് അതുപോലെ ഈ ഭാഗത്ത് യുഗാന്ത ആലയത്തിന്റെ ഒരു വിശദമായ രൂപമാണ് നല്കിട്ടുള്ളത്.
      c. സംക്ഷിപ്ത രേഖരൂപം:
         1) അധ്യായങ്ങള് 40-43 - ആലയം പുനഃസ്ഥാപിച്ചു
         2) അധ്യായങ്ങള് 44-46 - ആചാരപരമായ ചടങ്ങുകള് പുനഃസ്ഥാപിച്ചു
         3) അധ്യായങ്ങള് 47-48 - ദേശം വീണ്ടും വിഭാഗിച്ചുകൊടുക്കപ്പെട്ടു.
      d. ഈ പ്രവചനം ദൈവം, അബ്രഹാം, അവന്റെ സന്തതിക്കു മദ്ധ്യേ പുരാതന ഉടമ്പടിയെ ഉപയോഗിക്കുന്നു, ഇതു അവസാന കാലത്തു ദൈവ ജനം യഥാസ്ഥാനപ്പെടുത്തപ്പെടും എന്നു ചിത്രീകരിക്കുന്നു.
      e. ചരിത്രപരമായി ഈ അധ്യായങ്ങള് പ്രവാസത്തിന്നു ശേഷം (43:2) മടങ്ങിയെത്തിയപ്പോഴാണ് സംഭവിച്ചിരിക്കുന്നു. എന്നാല്, അത് ചില വഴികളില് വ്യക്തമായും യുഗാന്തപ്രതീക്ഷയെ പറ്റിയതാണ. കാരണം അത് പ്രവാസകാലത്തിന്നു ശേഷമുള്ള കാലയളവിനോട് യോജിക്കുന്നില്ല.
   2. ചില സാധ്യമായ വ്യാഖ്യാനങ്ങള്:
      a. ഇത് അക്ഷരാര്ത്ഥത്തില് നിവൃത്തിയാകും എന്ന അര്ത്ഥത്തില് ഒരിക്കലും ഉദ്ദേശിച്ചുള്ളതല്ല;
      b. അതു നിപന്തനയുള്ള പ്രവചനം ആയിരുന്നു, യെഹൂദന്മാരോ അതിന്നു ഉചിതമായി പ്രതികരിച്ചില്ല.
      c. സെരുബ്ബാബേല്, യോശുവ കീഴില് പവാസത്തില്നിന്നു മടങ്ങിയ ശേഷം അംശമായി നിറവേറിയിരുന്നു;
      d. ഇത് ഹെരോദാവിന്റെ ആലയത്തില് നിറവേറി;

e. ഇത് എപ്പോഴും പ്രതീകാത്മകമായി ഉദ്ദേശിച്ചുള്ളതാണ് (ജോന് മില്ട്ടന് എഴുതിയ *Prophesy Interpreted* എന്ന പുസ്തകത്തെ നോക്കുക);
f. ഇത് യുഗാന്ത ആലയത്തില് നിറവേറും.

3. ഈ വേദഭാഗത്തെ വ്യാഖ്യാനിക്കുന്നതിലുള്ള പ്രശ്നങ്ങള്:
   a. ഒന്നുകില് അധ്യായങ്ങള് 38-39 അല്ലെങ്കില് 40-48ല് യാതൊരു പ്രത്യേക ചരിത്ര പശ്ചാത്തലവും ഇല്ല. കാരണം, ഒന്നുകില് ഈ വേദഭാഗങ്ങളിലോ, അല്ലെങ്കില് ചരിത്രത്തിലോ യാതൊരു ചരിത്രപരമായ പശ്ചാത്തലവും കാണുനില്ല, വ്യാഖ്യാനിക്കുന്നവര് തികച്ചും അത് യുഗാന്ത കാലത്തില് ഉണ്ടാകും എന്നു കരുതുന്നു;
   b. പുതിയ നിയമത്തില്:
      (1). എബ്രായര് 9, 10 അധ്യായങ്ങളില് കാണുന്ന അന്ത്യകാല ബലി നിയമത്തെ ഇതില് ഉള്പ്പെടുത്തിയിട്ടില്ല എന്നു തോന്നുന്നു;
      (2). പുറജാതികളെ ഉള്പ്പെടുത്തിയിട്ടുന്നു എന്നു തോന്നുന്നു. യെഹെസ്കിയേല് 40-48 വളരെ ദേശീയമാണ്.
   c. യേശു ദുഷ്ട കൃഷിക്കാര് ഉപമയിലെ, യെഹൂദന്മാരെ ദൈവത്തിന്റെ വീണ്ടെടുപ്പിന് ഉപകരണമായി നിരസിച്ചു എന്നു തോന്നുന്നു. (നോക്കുക - മത്തായി 21:33-46; മര്ക്കോസ് 12:1-12; ലൂക്കോസ് 20:9-19;)
   d. ദൈവം അന്ത്യ കാലത്തു ഇസ്രായേലെ ഉപയോഗിക്കുമെന്ന് ഞാന് വിശ്വസിക്കുന്നുയെങ്കിലും (നോക്കുക - റോമര് 9-11), സഭ ആത്മീയ ഇസ്രായേല് എന്നു ഞാന് വിശ്വസിക്കുന്നു (നോക്കുക- റോമര് 2:28-29; ഗലാത്യര് 3:1ff; 6:16; എഫെ. 2-3.)

C. യെഹെസ്കേല് തന്റെ സന്ദേശങ്ങളെ മിക്കവാറും എഴുതിയ രൂപത്തില് രചിച്ചു. യെശയ്യാവിനെ പോലെ യിരെമ്യാവിനെ പോലെ വാമൊഴി സന്ദേശമായി കൊടുത്തില്ല. അവയെല്ലാം വളരെ ചിട്ടയാക്കിയിരിക്കുന്നു.

## IV. എഴുത്തുക്കാരന്

A. ഈ പുസ്തകത്തിന്റെ രചനാവകാശം കുറിച്ചു സംശയം ഇല്ല. മുഴുവന് പുസ്തകവും 1:2-3 ഒഴികെ, ഞാന് എന്ന വാക്കു (ആദ്യ വ്യക്തി) ഉപയോഹിച്ചു എഴുതിയിരിക്കുന്നു (ആത്മകഥയെ പോലെ)

B. യഹൂദ പാരമ്പര്യം, ബാബ ബത്രാ 15a, “ശ്രേഷ്ട പള്ളി പുരുഷന്മാരാണ് യേഹേസ്കേല് പുസ്തകത്തെയും പന്ത്രണ്ടു ചെറിയ പ്രവാചകന്മാരുടെ പുസ്തകങ്ങളെയും എഴുതിയതു എന്നു പറയുന്നു.

C. “നമ്മള് മുമ്പേ കണ്ടതുപോലെ “എഴുതി” എന്ന വാക്ക് തിരുത്തിയെഴുതിയതു അല്ലെങ്കില് രചിച്ചത് എന്ന അര്ത്ഥം നല്കുന്നു. ജോസീഫസ് *The Antiquities of the Jews*, 10:5:1, എന്ന പുസ്തകത്തില് യേഹേസ്കേല് രണ്ടു പുസ്തകള് എഴുതി എന്നു പറഞ്ഞു. ഇതെ വിവക്ഷിക്കാനുപയോഗിക്കാറുണ്ട്. ആ പുസ്തകളെ എളുപ്പത്തില് രണ്ടായി വിഭാഗിക്കാന് കഴിയുന്ന രീതിയിലായിരുന്നു പല എബ്രായ പ്രവാചകന്മാരുടെ സാഹിത്യ ഘടന. അക്കാരണത്താല് യേഹേസ്കേല് രണ്ടു പുസ്തകള് എഴുതി എന്നു പറയുന്നതായിരിക്കാം. ആദ്യ ഭാഗം ചരിത്രപരമായി തന്റെ നാളുകളില് സംഭവിച്ചതാണ്. പുസ്തകത്തിന് രണ്ടാം ഭാഗം ഭാവിയെപറ്റിയതാണ്. (നോക്കുക - എശെയാവ് 1-39 & 40-66; ദാനിയേല് 1-6 & 7-12; സെഖര്യാവ് 1-8 & 9-14, യേഹേസ്കേല് 1-32 & 33-48). ജെറോം യെഹെസ്കേല് പുസ്തകത്തിന്റെ യോജിപ്പിനെ കുറിച്ച് സംശയം പ്രകടിപ്പിച്ച കാരണം ഇതാകാം. രണ്ടു ഗ്രന്ഥങ്ങള് എഴുതി എന്നു ജോസീഫസ് ചിന്തിക്കാനും ഇതായിരിക്കാം കാരണം.

D. നാം യെഹെസ്കേല് പ്രവാചകനെ തന്റെ പുസ്തകത്തില് നിന്നു അറിയുന്നു. പഴയ നിയമത്തില് അദ്ദേഹത്തെ കുറിച്ച് മറ്റെവിടെയും സൂചിപ്പിക്കുന്നില്ല:
   1. അവന് സാദോക്കിന്റെ വംശാവലിയില് വന്ന ഒരു പുരോഹിതന് ആയിരുന്നു, 3:1,
   2. അവന് വിവാഹം കഴിച്ചിരിന്നു, എന്നാല് മക്കള് ഉണ്ടായിരുന്നില്ല 24:16-18,
   3. B.C. 597ല് ഇരുപത്തഞ്ചു വയസ്സായിരുന്ന അവന് രാജാവായ യെഹോയാഖീനോടൊപ്പം നെബൂഖദ്നേസര് രണ്ടാമനാല് ബദ്ധനാക്കി കൊണ്ടുപോകപ്പെട്ടു, 1:1; 1 രാജാക്കന്മാര് 24:14-16,
   4. അവന് ബാബേലിനു അടുത്തുള്ള കെബാര് എന്ന ഒരു മനുഷ്യ നിര്മിത ജലസേചന കനാല് പ്രദേശത്തു പ്രവാസത്തിലേക്കു കൊണ്ട്പോകപ്പെട്ടു. അതു ഒരു യഹൂദ കുടിയേറ്റപ്പ്രദേശമായിരിന്നു, 1:1,3, അതിനെ തേല് ആബീബ്, 3:15 എന്നു വിളിച്ചു.
   5. അവന് കുറഞ്ഞത് ഇരുപത്തിരണ്ടുവര്ഷക്കാലം പ്രസംഗിച്ചു, 1:1-2; 29:17,
   6. അവന് ഉറപ്പുള്ളവന് എന്നാല് കാരുണ്യത്തിന്റെയും പ്രവാചകന്, 9:8; 11:13.

## V. എഴുതിയ കാലം

A. അവന് ഏകദേശം 623 B.C.യില് യെരൂശലേമില് ജനിച്ചു.

B. യിരെമ്യാവു, ദാനിയേല്, നഹൂം, ഹബക്കൂക് സെഫന്യാവ് എന്നവരോടുകൂടെ യേഹേസ്കേല് ഏഴാം നൂറ്റാണ്ടിലെ പ്രവാചകന്മാരില് ഒരുത്തനാണ്.

C. നബോപോലസ്സാര്, കിരീട പ്രഭുവായ നെബൂഖദ് നേസര് രണ്ടാമന് കാലത്തു അവരുടെ കീഴില് നവ ബാബിലോന് ശക്തിപ്രാപിച്ചു ഉയര്ന്ന കാലയളവില്, ദൈവം വിവിധ പ്രദേശങ്ങളില് ഈ പ്രവാചകന്മാര് മുഖാന്തരം സംസാരിച്ചു:

1. 605 B.C. ലെ നെബൂഖദ്നേസരാല് ദാനിയേല് ബദ്ധനാക്കികൊണ്ടുപോകപ്പെട്ടു. അവന് രാജധാനിയില് ബാബിലോന് അരമനയ്ക്കു കൊണ്ടുപോകപ്പെട്ടു. ദാനിയേല് 1:1.
2. യേഹേസ്കേല് 597 B.C. ലെ 10,000 ശില്പികളുടെ കൂടെ യെഹോയാഖീന് രണ്ടാമന് സഹിതം നെബൂഖദ്നേസരാല് ബദ്ധനാക്കികൊണ്ടുപോകപ്പെട്ടു 2 രാജാക്കന്മാര് 24:14-16.
3. യിരെമ്യാവു ഗെദല്യാവിന്റെ മരണംവരെ യെരൂശലേമില് താമസിച്ചു.

D. യെഹെസ്കേല് തന്റെ പ്രവചനങ്ങളുടെ കാലഘട്ടത്തെ കുറിച്ചിട്ടുണ്ടു. പുസ്തകത്തില് ഈ കാലങ്ങള് കാലക്രമത്തില് അല്ല എന്നു പ്രകടമാക്കുന്നു:

| | നാള്, | മാസം, | യെഹോയാഖീന്റെ നാടുകടത്തല് വര്ഷം |
|---|---|---|---|
| 1. ഒരു ദര്ശനം, 1:1 | 5 | 4 | 13 |
| 2. ഒരു ദര്ശനം, 1:2 | 5 | 4 | 5 |
| 3. ഒരു ദര്ശനം, 8:1 | 5 | 6 | 6 |
| 4. മൂപ്പന്മാരുടെ ചോദ്യങ്ങള്, 20:1 | 10 | 5 | 7 |
| 5. യെരൂശലേമിന്റെ ഉപരോധം തുടങ്ങി 24:1 | 10 | 10 | 9 |
| 6. സോരിന് നേരെ പ്രമാണങ്ങള് 26:1 | 1 | ? | 11 |
| 7. ഈജിപ്തിന്നു നേരെ പ്രമാണങ്ങള്, 29:1 | 12 | 10 | 10 |
| 8. ഈജിപ്തിന്നു നേരെ പ്രമാണങ്ങള് 29:17 | 1 | 1 | 27 |
| 9. ഈജിപ്തിന്നു നേരെ പ്രമാണങ്ങള് 30:20 | 7 | 1 | 11 |
| 10. ഈജിപ്തിന്നു നേരെ പ്രമാണങ്ങള് 31:1 | 1 | 3 | 11 |
| 11. ഈജിപ്തിന്നു നേരെ പ്രമാണങ്ങള് 32:1 | 1 | 12 | 12 |
| 12. ഈജിപ്തിന്നു നേരെ പ്രമാണങ്ങള് 32:17 | 15 | (12) | 12 |
| 13. യെരുശലേമിന്റെ വീഴ്ച, 33:21 | 5 | 10 | 12 |
| 14. പുതിയ യെരൂശലേമിനെ കുറിച്ചു ദര്ശനം, 40:1 | 10 | 1 | 25 |

E. ഇങ്ങനെ യെഹെസ്കേലിന്റെ ശുശ്രൂഷ ഏകദേശം 592ല് തുടങ്ങി കുറഞ്ഞത് 570 B.C. വരെ തുടര്ന്നു. ഇതിലും നീണ്ടിരിക്കാന് സാധ്യതയുണ്ട്.

## VI. ചരിത്ര പശ്ചാത്തലം

## VII. സാഹിത്യ ഏകകം

A. യെഹെസ്കേല് പ്രവചനങ്ങളെ തികച്ചും വ്യത്യസ്തമായ രണ്ട് സന്ദേശങ്ങളായി വിഭജിക്കാം:

1. B.C. 586ല് യെറൂസലേം വീഴ്ച സംഭവിക്കുന്നതിന്നു മുമ്പു, വരുവാനുള്ള ദൈവത്തിന്റെ ന്യായവിധിയെ ഓര്ത്തു മാനസാന്തരത്തിലേയ്ക്കുള്ള ഒരു വിളിയായിരുന്നു യെഹെസ്കേ ലിന്റെ പ്രഭാഷണങ്ങളുടെ പ്രത്യേകത. ( അധ്യായങ്ങള് 1-32).
2. യെരൂശലേം വീന്ന ശേഷം തന്റെ പ്രഭാഷണങ്ങള് പ്രത്യാശയിലേയ്ക്കും, പുനഃസ്ഥാപനത്തിലേയ്ക്കും, പാപമോചനത്തിലേയ്ക്കും ജനങ്ങളെ തിരിച്ചു. (33-48)

B. സംക്ഷിപ്തമായ രേഖാരൂഭതയ്ക്കു

1. ശുശ്രൂഷയ്ക്കുള്ള തന്റെ വിളി, 1-3
2. ഉടമ്പടി ജനങ്ങളുടെ പാപവും യെരൂശലേമിന്റെ വീഴ്ചയും 4:24ല്.
3. ചുറ്റുമുള്ള ജനതകള് ദൈവത്തിന്റെ ന്യായവിധി, 25-32
4. തന്റെ ജനത്തെ, നഗരത്തെ, ആലയത്തെ പുനഃസ്ഥാപിക്കാനുള്ള ദൈവത്തിന്റെ വാഗ്ദാനം, 33-37.
5. അന്ത്യകാലത്ത് വടക്ക ക്കില്നിന്ന് ആക്രമനം ഉണ്ടാകും, 38-39.
6. പുനഃസ്ഥാപിച്ചു ആലയത്തിന്റെ ദര്ശനം, 40-48.

## VIII. പ്രധാന സത്യങ്ങള്

A. യെഹൂദന്മാര് തങ്ങളുടെ സ്വന്തം പാപം മുഖാന്തരം ദുരിതങ്ങള് അനുഭവിച്ചു, യഹോവയ്ക്കു രക്ഷിക്കാന് കഴിയാതെയല്ല.

B. ഉടമ്പടിയുടെ വിശ്വാസം ഒട്ടുമൊത്തമായും വ്യക്തിപരമായും ഉണ്ട്. യിരെമ്യാവ് 31:31-34 ല് പരാമര്ശിച്ചിട്ടുള്ള പുതിയ ഉടമ്പടി അടിസ്ഥാനപരമായി വ്യക്തിപരമായതു, അതുപോലെയാണ് അധ്യായങ്ങള് 18, 33. ഇത് ദൈവത്തിന്റെ പ്രവര്ത്തനം വഴി ഉറപ്പാകുന്നു (നോക്കുക -അധ്യായങ്ങള് 3637). ഇതു പുതിയ നിയമതിതില് കാണുന്ന ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ ഉടമ്പടി ഉത്തരവാദിത്വങ്ങള് തമ്മിലുള്ള അതേ സമനിലയെ കാണിക്കുന്നു.

C. ദൈവം അബ്രഹാമിന്റെയും ദാവീദിന്റെയും സന്തതിക്ക് വിശ്വസ്തനാണ്. ഉടമ്പടി വീണ്ടും സ്ഥിരമാക്കപ്പെടും - അധ്യായങ്ങള് 37,40-48. പ്രവാസത്തിലേയ്ക്ക് അയച്ചത് സ്നേഹത്തിന്റെ ഒരു ക്രിയയായിരുന്നു!

D. യഹൂദന്മാരുടെ പ്രശ്നങ്ങള് തീര്ന്നിട്ടില്ല, അധ്യായങ്ങള് 38-39 (നോക്കുക- ദാനിയേല് 7-12). വീണുപോയ ദൈവ ജനവും, ആത്മീയവും, പരീക്ഷിക്കപ്പെട്ട മനുഷ്യരാശിയും തമ്മിലുള്ള പോരാട്ടം തുടരുകയാണ് (സങ്കീ. 2).

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
1. ശേക്കെല് 4:10
2. തര്ശീശ് കല്ലു, 10:9 (NIV, “ഗോമേദകം”)
3. “അവര് കാണ്കെ മതില് വഴി ഒരു ദ്വാരം കുഴിച്ചു അതില്കൂടി പുറത്തു പോക,” 12:5
4. മാജിക് ബന്ധനങ്ങള്, 13:18 (NIV, “മാജിക് മന്ത്രങ്ങള്”)
5. “നിങ്ങളെത്തന്നേ പുതിയ ഹൃദയത്തെയും പുതിയോരു ആത്മാവിനെയും ഉണ്ടാക്കേണം” 18:31 (NIV “ഒരു പുതിയ ഹൃദയത്തെയും പുതിയ ആത്മാവിനെയും നേടും”)
6. “അഗ്നിപ്രവേശം” 20:26, 31
7. പൂജാഗിരി, 20:29
8. “വടി കീഴെ കടത്തി” 20:37
9. വീട്ടുകാരുടെ വിഗ്രഹങ്ങള്, 21:21 (NIV വിഗ്രഹങ്ങള്”)
10. “അവര് നിന്റെ മൂക്കും ചെവിയും ചെത്തിക്കളയും” 23:25
11. “നീ ദൈവത്തിന്റെ തോട്ടമായ ഏദെനില് ആയിരുന്നു” 28:13
12. നാലുവിരല് നീളം,
13. നിരന്തരഹോമയാഗത്തിന്നും, 46:15 (NIV, “രാവിലെതോറും നിരന്തരഹോമയാഗമായി അര്പ്പിക്കേണം”)

B. വ്യക്തികള്
1. “നാലു ജീവികളുടെയും,” 1:5 (NIV, “നാലു ജീവികള്”)
2. മനുഷ്യ പുത്രന്, 2:1
3. തമ്മൂസ്, 8:14
4. കെരൂബുകള്, 10:6
5. ദാനിയേല്, 14:14, 20
6. ഒഹൊലയെയും ഒഹൊലീബയെയും, 23:4
7. സാദോക്കിന്റെ പുത്രന്മാര് 40:46

## X. ഭൂപട സ്ഥലങ്ങള്

1. നദി കെബാര് 1:1 (NIV, “കെബാര് നദി”)
2. കല്ദയര് ദേശം, 1:3 (NIV, ബാബിലോന്യരുടെ ദേശം)
3. സോര്, 26:2
4. യാവാന്, 27:13 (NIV, “ഗ്രീസ്”) കല്ദയരുടെ
5. തൂബല് ദേശം, 27:13
6. മേശെക്, 27:13
7. സോവന്, 30:14

## XI. വിദ്യാര്ത്ഥിക്കുള്ള ചോദ്യങ്ങള്

1. അദ്ധ്യായം 1ല് യേഹേസ്കേല് എന്തു കണ്ടു? എന്തുകൊണ്ട് ബാബിലോണിലെ അതു അസാധാരണമായിരുന്നു?

2. അധ്യായം 2ല് ചുരുള് ഏതിനാണ് അടയാളമായിരിക്കുന്നതു/പ്രതിനിധിയായിരിക്കുന്നത്?

3. 4 & 5 അധ്യായങ്ങളില് കാണുന്ന പ്രതീകാത്മക പ്രവൃത്തികള് എന്തിനെ കാണിക്കുന്നു?

4. അദ്ധ്യായം 8 എന്തുകൊണ്ടു ഇത്ര ഞെട്ടിപ്പിക്കുന്നതായിരിക്കുന്നു? അതു യഥാര്ത്ഥ്യമാണോ അല്ലെങ്കില് അടയാളമായിരുന്നുവോ?

5. അധ്യായങ്ങള് 1 & 11 എങ്ങനെ തമ്മില് ബന്ധപ്പെട്ടിരിക്കുന്നു?

6. പഴയ നിയമത്തില് അധ്യായം 18-നെ എന്തുകൊണ്ടു അസാധാരണമായതായി കരുതുന്നു?


7. സാത്താന് സോര് രാജാവിനോട് (28) എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? അധ്യായം 28 സാത്താന്റെ ഒരു വിവരണം ആണ്? എന്തുകൊണ്ടു?

8. അധ്യായങ്ങള് 36 മുതല് 39 വരെ യെഹെസ്കേലിന്റെ ദിവസത്തോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

9. 18:30-32 എങ്ങനെ 36:26-27 വേദഭാഗത്തോടു ബന്ധപ്പെട്ടിരിക്കുന്നു?

10. യെഹെസ്കേലിന്റെ ദേവാലയം അടയാളമായിരിക്കുന്നുവോ അല്ലെങ്കില് യഥാര്ത്ഥ്യതില് ദേവാലം തന്നെയാണോ?


പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
S


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# ദാനിയേല് പുസ്തക ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പ്രധാന വക്താവും പ്രവാചകനുമായവന്റെ പേരിലാണ് ഈ പുസ്തകം അിറയപ്പെടുന്നത്.

B. അവന്റെ പേരിന്റെ അര്ത്ഥം "ദൈവം എന്റെ ന്യായാധിപന്."

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ദാനിയേ?, എബ്രായ കാണോണിന്റെ മൂന്നാമത്തതും അവസാന വിഭാഗമാണ് "രചനകള്"

B. അതിന്റെ കാരണം:
1. യെഹൂദന്മാര് ദാനിയേലെ ഒരു പ്രവാചകന് എന്നല്ല, മിറച്ച് ഒരു രാജ്യതന്ത്രജ്ഞന് എന്നാണ് കരുതിയത്.
2. പിന്നീട് ഒരു തീയതിയില് ഉണ്ടായ രചനയാണ് (എഡിറ്റിംഗ്) എന്ന വിഷയം ഇതില് പ്രതിഫലിക്കുന്നു.
3. ഇതില് എസ്രാപുസ്തകത്തിലുള്ളപോലെ അരമായ ഭാഗങ്ങള് (2:4b-7:28) അടങ്ങിയിരിക്കുന്നു.

## III. സാഹിത്യ ശൈലി

A. പല എബ്രായ പ്രവാചകന്മാര് പുസ്തകത്തെപോലെ ഇതിലും പല ശൈലികള് ഉണ്ട്:
1. അദ്ധ്യായങ്ങള് 1-6 - ഇവ മൂന്നാം വ്യക്തിക്ക് എഴുതിയിരിക്കുന്ന ചരിത്രത്തെ വിവരിക്കുന്ന ഭങ്ങസമാണ്. ഈ അദ്ധ്യായങ്ങള് ദാനീയേലിന്റെ ജീവ ചരിത്രത്തെയും അവന്റെ കാലഘട്ടത്തെയും പ്രതിഫലിക്കുന്നു.
2. അദ്ധ്യായങ്ങള് 7-12 -ഇവ പലപ്പോഴും ഭാവിയില് സംഭവിക്കാനുള്ളവെ കാര്യങ്ങളെ ചിത്രവിദാനംചെയ്തു ഉത്തമ പുരുഷനോട് പ്രകടിപ്പിച്ചതാകുന്നു. (നോക്കുക 7:1,9; 8:1; 9:2).

B. ഭാവിയിലുള്ളതും ചരിത്രപരമായുമുള്ളവയും ഈ പ്രത്യേക ശൈലിയില് കാണപ്പെടുന്നു:
1. യെശയ്യാവ്, 1-39-ഉം 40:66
2. യേഹേസ്കേല് 1-32; 33-48
3. സെഖര്യ്യാവു 1-8 & 9-14.

C. ഭാവികാല സംഭവങ്ങളെ കുറിച്ച ഒരു സാഹിത്യ ശൈലി യെഹൂദ ഭാഷയിലുള്ള സവിശേഷമാണ്. ചരിത്ര നിയന്ത്രണവും ഭാവി വിടുതലും അനുഗ്രഹവും വാഗ്ദാനങ്ങളുടെ വിശ്വസ്തതയും ദൈവത്തിന്റെ കൈയിലാണ് എന്ന വിഷയത്തെ വലിയ കഷ്ടതയുള്ള സമയത്തു ഉറപ്പോടെ പറയാന് ഈ ശൈലിയെ ഉപയോഗിച്ചു.

D. അതു വളരെ പ്രതീകാത്മക ഭാഷ ഉപയോഗ പറഞ്ഞിരിക്കുന്നു:
1. നിറങ്ങള്,
2. മൃഗങ്ങള്,
3. നമ്പറുകള്,
4. ദര്ശനങ്ങള് / സ്വപ്നങ്ങള്,
5. ദൂതന്മാരുടെ മദ്ധ്യസ്ഥതത,
6. രഹസ്യ സാങ്കേതിക വാക്കുകള്,
7. നല്ലതും ചീത്തയും തമ്മിലുള്ള കുത്തനെ ദ്വന്തവീക്ഷണം.

## IV. എഴുത്തുകാരന്

A. പുസ്തകം അതിന്റെ എഴുത്തുകാരനെ സൂചിപ്പിക്കുന്നില്ല. അദ്ധ്യായങ്ങള് 1-6 വരെ മൂന്നാമതൊരാളോട് (third person) പറയുന്നതുപോലെ ഇരിക്കുമ്പോള്, 7-12 പരെയുള്ള അധ്യായങ്ങള് ഞാന് (first person) എന്ന പദം ഉപയോഗിച്ചു എഴുതിയിരിക്കുന്നു 7:1,9; 8:1; 9:1.

B. യഹൂദ പാരമ്പര്യം, ബാബ ബത്രാ 15മ "പള്ളിയില് ശ്രേഷ്ഠ നേദാക്കള് ദാനീയേല് പുസ്തകത്തെ എഴുതി എന്നു പറഞ്ഞു." അവര് എഡിറ്റുചെയ്തു അല്ലെങ്കില് അത് പകര്ത്തി എഴുതി എന്നാണ് ഇതിന്റെ അര്ത്ഥം. അതിന്റെ പിന്നത്തെ എബ്രായ സ്വഭാവസവിശേഷതകള്ക്ക് കാരണം ഇതായിരിക്കാം.

C. എഴുതിയകാലം സംബന്ധിച്ചു ഒന്നുകില് ഈ പുസ്തകം നേരത്തെ അല്ലെങ്കില് വൈകി എഴുതിയിരിക്കാം എന്നു പിന്തുണയ്ക്കാന് ഇനിപ്പറയുന്ന കാരണങ്ങള് കൊടുത്തിരിക്കുന്നു:

1. നേരത്തെ എഴുതിയിരിക്കാം (7-6 വരെ നൂറ്റാണ്ടുകളില് B.C.):
   a. ഈ പുസ്തകം ദാനിയേലിന്റെ ദര്ശനങ്ങള് എന്നു അവകാശപ്പെടുന്നു, 7:2, 4, 6 ff, 28; 8:1, 15; 9:1-2; 10:2ff; 12:4-8.
   b. യേശു ദാനിയേല് എഴുതിയതായിപരാമര്ശിക്കുന്നു, മത്തായി 24:15.
   c. പേര്ഷ്യന്, ഗ്രീക്ക് പദങ്ങളുടെ സാന്നിധ്യം വൈകി എഴുതിയിരിക്കുന്നു എന്നു കാണിക്കില്ല കാരണം ദാനിയേലിന്റെ നാളില് ഈ രാജ്യങ്ങള് തമ്മില് വ്യാപാര കരാറുകള് ഈ ഭാഷകളിലാണ് ഉണ്ടായിരുന്നതു.
   d. ദൈവശാസ്ത്രപ്രകാരം മരണത്തിന്നു ശേഷമുള്ള ജീവിതം കുറിച്ച് ഇയ്യോബ് പുസ്തകത്തിലും ചില സങ്കീര്ത്തനങ്ങളിലും കാണാന് കഴിയും. ദൈവശാസ്ത്രത്തോടുള്ള വിഷയത്തില് വികസിപ്പിച്ച ദൂതന്മാരെ കുറിച്ച വിഷയം സെഖര്യ്യാവ് പുസ്തകത്തില് കാണാന് കഴിയും.
   e. ദാനിയേല് രാജ മന്ത്രിസഭയില് ആയിരിന്നു എന്ന വിഷയം, നിലവിലുള്ള ബാബിലോണിയന്, പേര്ഷ്യന് പുരാവസ്തു ഗവേഷണ പഠനത്തോട് അനുയോജ്യമാകുന്നു.

2. വൈകിയ തീയതി (2-ആം നൂറ്റാണ്ടില് B.C.):
   a. എബ്രായ വേദപുസ്തകത്തില് ഈ പുസ്തകം വരുന്ന ക്രമം.
   b. പേര്ഷ്യന്, ഗ്രീക്ക് പദങ്ങളുടെ സാന്നിധ്യം.
   c. ദൂദന്മാരെ കുറിച്ചും, മരണാന്ദതര ജീവിതം കുറിച്ച ദൈവസാസ്ത്ര വികസനം.
   d. പ്രത്യേകിച്ച് അധ്യായം 11ല് സെല്യൂസീഡ്സും ഒപ്പം ടാലമീസും പാലസ്തീന് നിയന്ത്രണത്തിനായിയുള്ള പോരാട്ടത്തില് ബന്ധപ്പെട്ട പ്രവചനങ്ങളുടെ വ്യക്തത.
   e. ദാനിയേല് പുസ്തകവും മക്കെബിയന് കാലഘട്ടത്തിലെ ഭാവിയില് സംഭവിക്കുവാനുള്ളവയെ കുറിച്ചുള്ള മറ്റ് പുസ്തകങ്ങളും തമ്മിലുള്ള സാമ്യം.
   f. പുസ്തകത്തില് നിരവധി “തെറ്റുകള്” ഉള്ളതായി കരുതുന്നു:
      1) “കല്ദായ” എന്ന പദ പ്രയോഗം.
      2) ദാനിയേലെ ഒരു കല്ദായനായി പറയുന്നു (ജ്ഞാനി).
      3) “ബാബിലോന് രാജാവു” ബേല്ശസ്സര് എന്നു വിളിക്കപ്പെട്ടു.
      4) നെബൂഖദ്നേസരുടെ പിതാവ് ബേല്ശസ്സര് എന്നു വിളിക്കപ്പെടുന്നു.
      5) “മേദ്യനായ ദാര്യ്യാവേശ്” എന്നു പ്രസ്താവിച്ചിരിക്കുന്നു.
      6) സത്രാപ് എന്ന പേര്ഷന് ഭരണ പദം ഉപയോഗിച്ചിട്ടുണ്ടു.

D. ദാനിയേല് പുസ്തകത്തില് ഒത്തൊരുമ കാണാന് കഴിയും:

1. അധ്യായങ്ങള് 2, 7 & 8 തമ്മിലുള്ള ബന്ധം.

| അധ്യാ. 2 | അധ്യാ. 7 | അധ്യാ. 8 |
|---|---|---|
| സ്വര്ണം (ബാബിലോന്) | സിംഹം | |
| വെള്ളി | കരടി | ആട്ടുകൊറ്റന്(പേര്ഷ്യ) |
| വെങ്കലം | പുള്ളിപ്പുലി | ആട് (ഗ്രീസ്) |
| ഇരുമ്പ് / കളിമണ് | മൃഗം | |

2. അരമായ ഭാഗം 2:4യ മുതല് 7:28 വരെയാണ്.

E. ബൈബിള് ഈ രാജ്യങ്ങളെയെല്ലാം തിരിച്ചറിയുന്നു:

1. അധ്യായം 2ല് പൊന്നു ബാബിലോന്, 2:38.
2. അധ്യായം 8ല് ആട്ടുകൊറ്റന് പേര്ഷ്യ, 8:20.
3. അദ്ധ്യായം 8ല് കോലാട് ഗ്രീസ്, 8:21.
4. അതിനാല് നാലാം രാജ്യം റോമായിരിക്കണം. മിശിഹാ ഈ രാജ്യത്തില് വരും (2:34-35,44; 8:35.)

F. നമുക്ക് ദാനിയേല് എന്ന പുരുഷനെ കുറിച്ച് അറിയുന്നത്:

1. 605 B.C.യില് പ്രവാസത്തിലേയ്ക്കു കൊണ്ടുപോയി, 1:1.
2. യെരൂശലേമില് ഒരു പ്രധാന സമ്പത്തുള്ള കുടുംബത്തില് നിന്നു വന്നവന്, 1:3
3. ബുദ്ധിയുള്ളവന്, 1:4.
4. സ്വപ്നങ്ങള് വ്യാഖ്യാണിക്കാനുള്ള പ്രത്യേക വരവും അറിവും ഉള്ളവന്, 5:12, 14.
5. വിശ്വസ്തദാസന് രണ്ടു രീതിയില്:
   a. ദൈവത്തോട് 6:5.
   b. രാജാവിനോട് 6:4.

G. പഴയനിയമ പുസ്തകത്തിലുള്ള ദാനിയേലും യെഹെസ്കിയേല് പുസ്തകത്തിലുള്ള ദാനീയേലും ഒന്നല്ല, വേറാണ്. 14:14, 20, 28:3. പേരുകള് എബ്രായ ഭാഷയില് വ്യത്യസ്തമായി എഴുതിയിരിക്കുന്നു.

## V. എഴുതിയ കാലം

A. ദാനിയേല് B.C. 605ല് നെബൂഖദ്നേസര് രണ്ടാമന്റെ പ്രവാസിയായി കൊണ്ടുപോകപ്പെട്ടു (നോക്കുക 1:1).

B. “മഹാ” സൈറസ് രണ്ടാമന് കാലം വരെയും, ദാനിയേല് സ്വപ്നങ്ങള് വ്യഖ്യാണിച്ച് വരുവോളം ബാബിലോന് പേര്ഷ്യയ രാജാക്കന്മാര്ക്ക് ആലോചനക്കാരനായിരുന്നു (നോക്കുക - 1:21; 6:28; 10:1).

C. ഭാവിയെ കുറിച്ച പ്രവചങ്ങളെ നിഷേധിക്കുന്ന ചില പണ്ഡിതന്മാര്, ദാനിയേല് 11ല് ചരിത്രപരമായ വിശദാംശങ്ങള് കൃത്യതയുള്ളതാല് ഭ്രമിച്ചു പോകുന്നു. അന്ത്യോക്യസ് കഥ എപിഫേന്സെ കുറിച്ചുള്ള അവസാന നിര്ദ്ദിഷ്ട പ്രവചന അധ്യായത്തിന്നു തൊട്ടടുത്ത കാലമാണ് ഈ പുസ്തകം എഴുതപ്പെട്ട കാലം എന്നു അവര് കുറിക്കുന്നു. (175-164 B.C.).

D. ഞാന് എന്ന ഏക വചനം പുസ്തകത്തില് പലപ്പോഴും ഉപയോഗിക്കുന്നതിനാല് (നോക്കുക - 7:1,9; 8:1; 9:1) തന്റെ പേര് വെച്ചിരിക്കുന്ന ഈ പുസ്തകം എഴുതിയതു ദാനിയേല് ആയിരുന്നു എന്നു അിറയുന്നു. തന്റെ ജീവിത കാലത്തിന്നുള്ളില് ഈ പുസ്തകം എഴുതിയിരിക്കേണം.

## VI. സാഹിത്യ ഏകകം

A. സംക്ഷിപ്ത രേഖാരൂപം
   1. ദാനിയേലിന്റെ ജീവിതം, 1-6
   2. ദാനിയേലിന്റെ, ദര്ശനങ്ങള്, 7-12.

B. ഉള്ളടക്കം അനുസരിച്ചുള്ള രേഖാരൂപം
   1. നെബുക്കദ്നേസരുടെ മന്ത്രിസഭയില് ദാനിയേല്, അദ്ധ്യായം 1.
   2. നെബൂഖദ്നേസരുടെ സ്വപ്നവും വ്യാഖ്യാനങ്ങളും, അദ്ധ്യായം 2.
   3. നെബൂഖദ്നേസര് തങ്ക വിഗ്രഹവും ദാനിയേലിന്റെ മൂന്നു സുഹൃത്തുക്കളും, അധ്യായം 3.
   4. നെബൂഖദ്നേസരുടെ രണ്ടാം സ്വപ്നവും അര്ത്ഥവും, അധ്യായം 4.
   5. ബേല്ശസ്സരുടെ വിരുന്നും ബാബിലോന് നഗരത്തിന്റെ വീഴ്ചയും, അദ്ധ്യായം 5
   6. മേദ്യനായ ദാര്യ്യാവേശും ദാനിയേല് സിംഹത്തിന്റെ ഗുഹയില് കിടക്കുന്നതും, അധ്യായം 6.
   7. നാലു ജീവികളുടെ ദര്ശനം, അധ്യായം. 7.
   8. അധ്യായം 7ലുള്ള ദര്ശനം വിശദീകരിച്ചു വിപുലീകരിച്ചു, അധ്യായം 8.
   9. യെരൂശലേമിന്റെപുനരുദ്ധാരണത്തിനെകുറിച്ചുദാനിയേലിന്റെഭാരം,എന്നാല് ഭാവിയില് യഹൂദന്മാര്ക്ക് പ്രശ്നങ്ങള് ഉണ്ടെന്ന് കാണിച്ചിരിക്കുന്നു, അധ്യാ. 9.
   10. അധ്യായങ്ങള് 11-12ന്റെ സന്ദേശം, അദ്ധ്യായം 10ല് ഒരു ആമുഖമായി വരുന്നു.
   11. ഭാവിയില് പാലസ്തീന്റെ മേല് സെല്യൂക്കിഡ്, ടാലമീസ് തമ്മിലുള്ള പോരാട്ടം കുറിച്ച് അധ്യായങ്ങള് 11-12ല് വിവരിക്കുന്നു.

## VII. പ്രധാന സത്യങ്ങള്

A. ദൈവം ചരിത്രത്തെ നിയന്ത്രണം ചെയുന്നവനായ് ഇരുന്നു/ഇരിക്കുന്നു; അവനില് ആശ്രയിച്ച് ബുദ്ധിമുട്ടുള്ള സമയത്തു വിശ്വസ്തതയില് നിലനില്ക്കുക.

B. ദൈവ ജനത്തിന്റെ (യെഹൂദര്) ദുരിതങ്ങള് അന്നും പൂര്ത്തിയായില്ല/ ഇന്നും പൂര്ത്തിയായിട്ടില്ല.

C. ദൈവം തന്റ മിശിഹാ വഴി ഒരു നിത്യ രാജത്വം സ്ഥാപിക്കും.

D. നീതിമാന്മാരുടെയും ദുഷ്ടന്മാരുടെയും പുനരുത്ഥാനം ഉണ്ടാകും.

## VIII. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും അല്ലങ്കില് രണ്ടും

   1. “കല്ദയരുടെ ഭാഷ” (ക്യൂനിഫോം), 1:4 (NIV, “ബാബിലോണിയരുടെ ഭാഷയും സാഹിത്യവും”)
   2. “നാലാമത്തെ ആള്, ദേവന്മാരുടെ ഒരു മകനെ പോലെയായിരുന്നു “ 3:25 (NASB & NIV)

3. *മെനേ, മെനേ, തെക്കേല് ഊഫാര്സീന്*, 5:25 (NIV, "... *പാര്സിന്*")
4. "ആകാശത്തിലെ നാലു കാറ്റുകള് "7:2 (NASB & NIV)
5. "നാലു മഹാമൃഗങ്ങള് സമുദ്രത്തില് നിന്നു വന്നു," 7:3 (NASB & NIV)
6. "പുസ്തകങ്ങള് തുറക്കപ്പെട്ടു," 7:10 (NASB & NIV)
7. "കാലവും കാലങ്ങളും ഒന്നര കാലവും," 7:25 (NASB & NIV)
8. എഴുപതു ആഴ്ചകള്, 9:24 (NIV, "എഴുപതു ഏഴു")
9. 9:26 (NIV, "പ്രഭുവിന്റെ ജനം") "ഭരണാധികാരിയുടെ ആളുകള്"
10. "വെറുപ്പു ചിറക്" 9:27 (NIV ", ആലയതിന്റെ ചിറക് ഒരു വെറുപ്പായിതീര്ക്കും ")
11. "നാശമാക്കുന്ന മ്ളേച്ഛത" 11:31 (NIV, നാശംവരുത്തുന്ന മ്ളേച്ഛത")

B. വ്യക്തികള്

1. യെഹോയാക്കീം, 1:1
2. കല്ദയര് 2:2 (NIV, "ജ്യോതിഷക്കാര്")
3. ബെല്ത്ഥസ്സാര്, 2:26
4. പിന്തുണയ്ക്കുന്ന ദൂതന്മാര്, 4:13 (NIV, "ദൂതന്")
5. ബെല്ത്ഥസ്സാര്, 5:1
6. മേദ്യനായ ദാര്യ്യാവേശ്, 5:316:1
7. ചെറിയ കൊമ്പു 7:8
8. പുരാതന നാളുകള് 7:
9. മനുഷ്യ പുത്രന് 7:13
10. ചെറിയ കൊമ്പു 8:9
11. ഗബ്രിയേല്, 8:16
12. മീഖയേല് 10:13
13. "തെക്കന് പ്രഭു" 11:5 (NIV, "ദക്ഷിണ രാജാവ്")
14. "വടക്കെദേശത്തിലെ രാജാവ് " 11:6 (NIV, വടക്കന് രാജാവ്)

## IX. പൂപട സ്ഥലങ്ങള്

1. ഷിനാര് 1:2 (NIV, "ബാബിലോന്")
2. മേദ്യ, 8:20
3. സുസ, 8:2
4. ഏലാം 8:2
5. ഗ്രീസ്, 8:21

## X. വിദ്യാര്ത്ഥിക്കുള്ള ചോദ്യങ്ങള്

1. ഏതു മൂന്നു തരത്തിലാണ് കല്ദേയര് എന്ന പദം ഉപയോഗിച്ച?

2. 2,7 & 8ല് ഉള്ള ദര്ശനങ്ങള് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?


3. അധ്യായങ്ങള് 7:10, 12:1 - ഇവയില് പരാമര്ശിച്ചിട്ടുള്ള "പുസ്തകള്" എന്തെല്ലാമാണ്?

4. എന്തുകൊണ്ടു 9:24-27 വരെയുള്ള ഭാഗം വ്യാഖ്യാനിക്കാന് കഠിനമായതായിരിക്കുന്നു?

5. അധ്യായം 11ല് പറയുന്ന രണ്ടു രാഷ്ട്രങ്ങള് ഏവ?

6. ദാനിയേല് രണ്ട് ചെറിയ കൊമ്പുകള് (9:8,8:7) ആരെ പ്രതിനിധീകരിക്കുന്നു? അവ ആരെ പ്രതിനിധീകരിക്കുന്നു?

7. ഈ പുസ്തകത്തില് എവിടെയാണ് മരിച്ചവരുടെ പൊതുവായ പുനരുത്ഥാന വിഷയം പരാമര്ശിച്ചിട്ടുള്ളത്?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്

# ഹോശേയ പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. ഈ പുസ്തകം പ്രവാചകന്റെ പേരാല് അിറയപ്പെടുന്നു.

B. ഹോശേയ എന്ന പേരിന്നു രക്ഷ എന്നു അര്ത്ഥം. മൗലികമായി ഇതു യോശുവായുടെ പേരാണ്, സംഖ്യാ പുസ്തകം 13:16. 2രാജാക്കന്മാര് 17:1ല് കാണുന്ന ഹോശേയ എന്ന പേരും ഇതിനു തുല്യമാണ്.

C. യോവേല് എന്ന വ്യക്തി:
1. ബെയേരിന്റെ മകന് (1:1)
2. യിസ്രായേല് പൗരനാണ് (7:5), എന്നാല് ഏതു പട്ടണമെന്നു അിറയില്ല.
3. സാമൂഹിക നീതി ആവശ്യമെന്നു ആമോസ് പ്രസംഗിച്ചപ്പോള്, യോശിയാ ഉടമ്പടിയുടെ വിശ്വസ്തതയെ കുറിച്ചു പ്രസംഗിച്ചു.
4. യോവേലിനെ വിശേഷ പേരുകളാല് വിളിക്കുന്നു:
   (a) "യിസ്രായേലിന്റെ യിരമ്യാവ്"
   (b) "പഴയ നിയമ യോഹന്നാന് അപ്പൊസ്തലന്"
   (c) "യിസ്രായേലിന്റെ ആദ്യ സുവിശേഷകന്"

## II. വേദ പുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. "പിമ്പത്തെ പ്രവാചകന്മാര്" എന്നറിയപ്പെടുന്ന പുസ്തകത്തിന്റെ ഒരു ഭാഗമാണ് ഈ പുസ്തകം (സഭാപ്രസംഗി 49:10)

B. പന്ത്രണ്ടു അംഗ ചെറിയ പ്രവാചകന്മാര് എന്ന കൂട്ടത്തില് യോവേല് ഒന്നാമത്തെ പുസ്തകമാണ്. (ബാബാ ബത്രാ 14b)
1. യെശയാവ്, യിരമ്യാവ്, യെഹസ്ക്കേല് പ്രവാചക പുസ്തകങ്ങളെപോലെ ഇതും ഒറ്റ തോല്ചുരുളില് എഴുതപ്പെട്ടതാണ്.
2. പന്ത്രണ്ടു ഗോത്രങ്ങളുടെ ഒരു അടയാളമായി ഈ പുസ്തകം ഇരിക്കുന്നു.
3. ഈ പുസ്തകം പാരമ്പര്യമായ കാലക്രമ രീതിയെ പ്രതിബിംബിക്കുന്നു.

C. പന്ത്രണ്ടു പ്രവാചകന്മാര് അഥവാ ചെറിയ പ്രവാചകന്മാര് എന്നറിയപ്പെടുന്ന പുസ്തങ്ങളുടെ കാലക്രമ വിഷയത്തില് പണ്ടിതന്മാര് പലര്ക്കും യോചിപ്പുണ്ടു. എങ്കിലും, വീക്ഷണത്തില് ചില പ്രശ്നങ്ങളുണ്ടു:
1. ആദ്യത്തെ ആറ് പുസ്തകങ്ങളുടെ ക്രമം MTയിലും LXXസിലും വേറാണ്.

| MT | LXX |
|---|---|
| ഹോശയാ | ഹോശയാ |
| യോവേല് | ആമോസ് |
| ആമോസ് | മീഖാ |
| ഒബദ്യാവ് | യോവേല് |
| യോനാ | ഒബദ്യാവ |
| മീഖാ | യോനാ |

2. പുസ്തകത്തിനു അകത്തുള്ള തെളിവ് അനുസരിച്ചുള്ള ക്രമപ്രകാരം ഹോശയാവിന്നു മമ്പു ആമോസ് വരുന്നു.
3. യോവേല് പുസ്തകം എഴുതപ്പെട്ടകാല നിശ്ചയത്തില് ചര്ച്ചയുണ്ടു. പ്രവാസക്കാലത്തിന്നു ശേഷം എഴുതപ്പെട്ടതായി ഒബദ്യാവിനെ തുടര്ന്നുള്ള പുസ്തകമായി ഞാന് ഇതിനെ കാണുന്നു.

D. പഴയ നിയമ പുസ്തകങ്ങളില് മിക്കവാരും ഏറ്റവും കഠിനമായ പുസ്തകം ഹോശയാവ് പുസ്തകമായിരിക്കാം.
1. വികാരങ്ങളെ വെളിപ്പെടുത്തുന്നതു അതിനുള്ള കാരണങ്ങളില് ഒരു ഭാഗമാണ്.
2. പകര്പ്പെഴുത്തുക്കാരും ഒരു കാരണമാണ്. MTയും LXXസും തമ്മില് വ്യത്യാസമുണ്ടു.
3. യിസ്രായേലിലും യഹൂദ്യയിലും എബ്രായ ഭാഷ സംസാരിക്കുന്നതില് വ്യത്യാസവും ഭാഗികമായ കാരണമാണ്.

## III. സാഹിത്യശൈലി

A. എട്ടാം നൂറ്റാണ്ടില് ജീവിച്ച ഒരു യിസ്രായേല് പ്രവാചകന്റെ ജീവചരിത്രത്തെയും കാലത്തെയും ചരിത്ര പശ്ചാത്തലത്തില് നിന്നുകൊണ്ടു വിവരിക്കുന്നതാണ് ഈ പുസ്തകം (വിശേഷാല് അധ്യായങ്ങള് 1 മുതല് 3 വരെ).

B. ഈ പ്രവാചകന്റെ ജീവിതത്തെ ദൈവസ്നേഹപ്രകടനത്തെ സാമാന്തരസാദൃശ്യം ചെയ്തു വിവരിക്കുന്നു:
   1. ഒരു യൗവനകാല മണവാളനെപ്പോലെ ദൈവം സ്നേഹത്തില് വിശ്വസ്തതയുള്ളവനാണ് (1-3)
   2. ദൈവം സ്നേഹമുള്ള പിതാവാണ് (11).
   3. കുഴപ്പത്താല് യിസ്രായേല്യര് ബാലിനെ "മണവാളനായും", "കര്ത്തനായും" കരുതിയ കാരണത്താലാണ് ഇങ്ങനെ രൂപാലങ്കാരംചെയ്തു പറയുന്നു.

C. അതിസുന്ദരമായും, ശക്തമായും, വികാരം പ്രകടിപ്പിക്കുന്ന കവിതകളായി വിയോജിച്ച രീതിയില് എഴുതിയിരിക്കുന്നു.

## IV. എഴുത്തുക്കാരന്

A. ഹോശേയയെ കുറിച്ച് കുറച്ചേ അറിയുന്നു, എങ്കിലും ഈ പുസ്തകം എഴുതിയതു ഹോശേയാണ് എന്നു പൊതുവില് എല്ലാവരും സമ്മതിക്കുന്നു.

B. മഹത്തായ പള്ളി മനുഷ്യര് പന്ത്രണ്ടു എന്ന ഗ്രന്ഥത്തെ എഴുതിയതായി "ബാബാ ബത്രാ" 15ല് രേഖപ്പെടുത്തിയിട്ടുണ്ട്. സംഗ്രഹിക്കുക, തിരുത്തി എഴുതുക എന്ന അര്ത്ഥത്തില് ഇങ്ങനെ പറയുന്നു.

C. ചിലര് താഴെയുള്ള ഭാഗങ്ങളെ ചോദ്യംചെയുന്നു:
   1. യൂദയെ കുറിച്ച ഭാഗങ്ങള്, 1:1; 4:15; 5:5, 10,12-14; 6:4,11; 8:14; 11:12.
   2. ഭാവിയില് വരുന്ന സമൃദ്ധിയും വിടുതലും.
   3. ഹോശേയയുടെ വിവാഹത്തെ കുറിച്ചു പറയുമ്പോള്, അവന്റെ എന്നു 1-2 അധ്യായങ്ങളിലും, നീ എന്നു അധ്യായം 3ലും വരുന്നുണ്ട്.

D. ഈ ആക്ഷേപങ്ങള്ക്ക് ഉത്തരങ്ങള്:
   1. യിസ്രായേലും യുദയും പിളര്ന്നത് എല്ലാ പ്രവാചകന്മാരും തെറ്റു എന്നു കരുതുന്നു. അബ്രാമിനോടും ദാവീദിനോടും ചെയ്ത ഉടമ്പടി വാഗ്ദത്തങ്ങളുടെ അടിസ്ഥാനത്തില് യൂദ ചട്ടപ്രകാരമുള്ള അവകാശിയാണ് എന്നു കുരുതപ്പെടുന്നു.
   2. ന്യായവിധിയെയും വാഗ്ദത്ത പ്രമാണങ്ങളെയും പ്രവാചകന് സംയോജിപ്പിക്കുന്നു.
   3. ഈ പുസ്തകം ഹോശേയയുടെ പ്രസംഗത്തിന്റെ ഒരു ശേഖരണമായിരിക്കാം.

## V. എഴുതിയ കാലം

A. ഹോശേയ പ്രവാചകന് B.C. എട്ടാം നൂറ്റാണ്ടുക്കാരനാണ്.
   1. യെശയാവും മീഖായും യൂദയില് ഇരുന്നു.
   2. യോനാ, ആമോസ്, ഹോശേയാ യിസ്രായേലില് ഇരുന്നു.

B. ആമോസിനെ തുടര്ന്നുവന്ന ഹോശേയയുടെ ശുശ്രൂഷ അതേകാലത്തില് കവിഞ്ഞിരിക്കയാണ്.

C. ഹോശേയ പ്രസംഗിച്ച കാലം അധ്യായം 1:1ല് പറയുന്നതുപോലെ രാജാക്കന്മാരുടെ കാലത്തിലായിരിക്കണം.
   1. ഉസ്സീയാവു (യെഹൂദാ)
   2. യോഥാം (യെഹൂദാ)
   3. ആഹാസ് (യെഹൂദാ)
   4. ഹിസ്കീയാ (യെഹൂദാ)
   5. യെരോബെയാം (യിസ്രായേല്)

D. പല പണ്ടിതന്മാരുടെ അഭിപ്രായങ്ങള്:
   1. കെയില്, 790-725 B.C.
      a. 1:4, യേഹൂ വംശത്തിന്റെ വീഴ്ച്ചക്കു മുമ്പേ തുടങ്ങി.
      b. 10:14, ഷല്മാനേസര് അഞ്ചാമന്റെ പടയേറ്റത്തിന് മുമ്പ്.
   2. ഫ്രാന്സിസ്കോ, 750-735 B.C.
      a. ആമോസിന്നു തൊട്ടു പിന്നില്.
      b. യെരോബെയാം II - രാജാവുടെ അന്തിമ നാളുകളില്

c. 735 B.C. കാലത്തിന്നു പിന്നിലല്ല, കാരണം ഗിലെയാദ് ദേശത്തെ അസ്സരിയര് പിടിച്ചിരിന്നു.

3. ഹേരിസ്സന്, B.C. 722 മുമ്പ്.
   a. യെരോബെയാം II 753 B.C. യില് മരിച്ചു.
   b. മെനാഹെം, ടിഗ്ലാത്-പൈല്സര് III രാജാവിന്നു (8:9) 739 B.C. യില് കപ്പംകെട്ടി.
   c. 5:8-6:6 ഭാഗങ്ങളില് 735-734 B.C. യില് സിരിയാ-എഫ്രയിം യുദ്ധത്തെ കുറിച്ചു രേഖപ്പെടുത്തിട്ടുണ്ട്.
   d. 7:11; 9:6; 12:2 - ഈ ഭാഗങ്ങളില് ഹോശേയായുടെ നാളുകളില് ഈജിപ്തിനെ കുറിച്ചു എഴുതിയിരിക്കുന്നു.
4. ലാ സോര്, ഹപ്പാര്ട്, ഭുഷ് - ഇവരുടെ അഭിപ്രായം, 753 മുതല് 722 B.C. വരെ.
   a. 753 B.C. യില് യെരോബെയാം- II മരണത്തിന്നു മുമ്പു.
   b. ഹിസ്കീയാ രാജാവിന്റെ ഭരണകാലംവരെ നീണ്ടിരിന്നു
      (1). 728 B.C. മുതല് സഹ രാജപ്രതിനിധിയായിരുന്നു.
      (2). 715 B.C. മുതല് രാജാവായിരുന്നു.
   c. ടിഗ്ലാത്-പൈല്സരുടെ ഭരണകാലത്തു പ്രസംഗിച്ചു, 745-727 B.C.

## VI. ചരിത്രപരമായ പശ്ചാത്തലം

യെശയ്യാവു പുസ്തകത്തിന് തുടക്കത്തില് കൊടുത്തിട്ടുള്ള "എട്ടാം നൂറ്റാണ്ട് പ്രവാചകന്മാരുടെ ചരിത്ര പശ്ചാത്തലം" എന്ന ഭാഗത്തെ നോക്കുക.

## VII. സാഹിത്യപരമായ ഏകകം

A. (ക്ലൈഡ് ഫ്രാന്സിസ്ക്കോ എഴുതിയ *പഴയ നിയമ ആമുഖം* എന്ന പുസ്തകത്തില് 150-163 വരെയുള്ള പേജുകളില് നിന്നും എടുത്തെഴുതിയത്.)
   1. ആമുഖം, 1:1
   2. ഹോശേയായുടെ കുടുംബ പ്രശ്നം, 1:2-3:5
   3. യിസ്രായേലോടു ദൈവത്തിന്റെ തര്ക്കം, 4:1-10:15
   4. പിതാവും പിതാവിന്റെ അടക്കമില്ലാത്ത പുത്രനും, 11:1-12
   5. ഒരു പേരില് എന്താണ് ഉള്ളത്? (യാക്കോബും യിസ്രായേലും) 12:1-15
   6. ഒരു രാജ്യത്തിന്റെ മരണം, 13:1:16
   7. ന്യായവിധിക്കു പകരമായതു 14:1-9

B. (ഈ.ജെ. യെങ് എഴുതിയ *പഴയ നിയമ ആമുഖം* എന്ന പുസ്തകത്തില് 252-254 വരെയുള്ള പേജുകളില് നിന്നും എടുത്തെഴുതിയത്.)
   1. ദൈവത്തിന്നു തന്റെ ജനത്തോടുള്ള ബന്ധം, 1:1-3:5
   2. പ്രവാചകന്റെ പലവിധ പ്രസംഗങ്ങള്, 4:1-14:9
      a. വടക്കന് ഗോത്രങ്ങളുടെ കുറ്റം, 4-8
      b. വടക്കന് ഗോത്രങ്ങളുടെമേല് വന്ന വിധി, 9:1-11:11
      c. മാനസാന്തരപ്പെടുന്നവര്ക്കുള്ള ഭാവി, 11:12-14:9

## VIII. പ്രധാന സത്യങ്ങള്

A. യഹോവ വ്യക്തിപരമായ ദൈവമാണ്. ചട്ടങ്ങളെ ലംഘിച്ചു എന്നുള്ളതു, സ്നേഹിക്കുന്ന ദൈവത്തിന്നു വിരോധമായിട്ടുള്ളതാണ് പാപം (ആമോസ്).

B. വേദ പുസ്തക വിശ്വാസത്തെ കുടുംബത്തിലുള്ള അംഗങ്ങളിന് പരസ്പര ബന്ധത്തോടു ഉപമിച്ചാല് നല്ല രീതിയില് മനസ്സിലാക്കാം:
   1. മണവാളന് (ദൈവം) - മണവാട്ടി (യിസ്രായേല്)
   2. പിതാവ് (ദൈവം) - മകന് (യിസ്രായേല്)

C. വീണുപോയ മനുഷ്യനോടാഗ്ദത്തം, ബലി, ഉടമ്പടി ഇവ മുഖാന്തരം ഇടപെടാന് യഹോവായ ദൈവം തീരുമാനിച്ചു. ഇതില് വ്യക്തിപരമായ വിശ്വാസവും ഉടമ്പടി കൈകൊള്ളുന്നതും ഉള്പെടുന്നു.

D. ഉടമ്പടിയെ ലംഘിച്ചു അനുസരണക്കേട് കാണിച്ചാല് അതിന്റെ ഫലം ശിക്ഷയാണ്. വീണ്ടും യഥാസ്ഥാനപ്പെടുത്താനുള്ള ഉദ്ദേശത്തോടെയാണ് വിധിക്കുന്നതു. ശിക്ഷണം എന്നത് മാതാപിതാക്കളുടെ സ്നേഹത്താല് ഉളവാകുന്ന ക്രിയയാണ് (എബ്രായര് 12:5ff). ഇപ്പോള് കാണിക്കുന്ന അനുസരണമാണ് ഭാവിയിലെ അനുഗ്രഹങ്ങളെ തീര്മാനിക്കുന്നതു.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
1. വ്യഭിചാരം, 1:2 ( NIV, "വ്യഭിചാര സ്ത്രീ")
2. മല്സരിക്കുക , 2:2 (NIV, "ശാസിക്കജശ")
3. അത്തിയട, 3:1 (NIV, "വിശുദ്ധ")
4. ഹോമര്, 3:2, (NASB & NIV)
5. പ്രതിഷ്ഠ തൂണ്, 3:4 (NIV, "വിശുദ്ധ കല്ലുകള്")
6. തേരാഫിം, 3:4 (NIV, "വിഗ്രഹം")
7. അവര് കര്ത്താവിനെ അറിഞ്ഞില്ല, 5:4, (NIV, "അവര് യഹോവയെ അംഗീകരിച്ചില്ല")
8. "അതിര് മാറ്റല്," 5:10 (NIV, "അതിര് കല്ലുകള്")
9. "എഫ്രായീം ജാതികളോടു ഇടകലര്ന്നിരിക്കുന്നു", 7:8 (NASB & NIV)
10. ശമര്യ, നിന്റെ പശുക്കിടാവിനെ അവന് വെറുക്കുന്നു, 8:5 (NIV, "ശമര്യയേ, നിന്റെ പശു-വിഗ്രഹത്തെ")
11. "കാറ്റു വിതെച്ചു, ചുഴലിക്കാറ്റു കൊയ്യും," 7:8 (NASB & NIV)
12. "വിലാപത്തിന്റെ അപ്പം", 9:4 (NASB & NIV)
13. "ഞാന് എഫ്രയീമിനെ നടപ്പാന് ശീലിപ്പിച്ചു", 11:3 (NASB & NIV)
14. ദയ, (ഹെസെഡ്) 4:1; 6:6; 10:12; 12:6 (NIV, "അവിശ്വസ്തത")

B. വ്യക്തികള്
1. ഉസ്സിയാവ്, 1 :1
2. ആഹാസ്, 1 :1
3. ഹിസ്കീയാവ്, 1:1
4. യോവാശിന്റെമകനായ യൊരോബെയാം (കക), 1:1
5. ഗോമര്, 1:3
6. യിസ്രെയേല്, 1:4
7. ലോരൂഹമാ, 1:6
8. ലോ-അമ്മീ, 1:9
9. ബാലി, 2:16 ( NIV "എന്റെ ഭര്ത്താവ്")
10. യാരേബ് രാജാവ്, 5:13, 10:6 ( NIV, "വലിയ രാജാവ്")

## X. ഭൂപട സ്ഥലങ്ങള്

1. ആഖോര് താഴ്വര, 2:15, (യോശുവ 7:26)
2. ഗില്ഗാല്, 4:15
3. ബേത്ത്-ആവെന്, 4:15 (ബേഥേല്)
4. മിസ്പെ, 5:1
5. താബോര് മല, 5:1
6. ഗിബെയ, 5:8
7. രാമ, 5:8
8. ആദാം, 6:7
9. ഗിലെയാദ്, 6:8
10. ബാല്-പെയോര്, 9:10
11. ലെബാനോന്, 14:6-7

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. ഹോശേയ ഒരു വ്യഭിചാര സ്ത്രീയെ വിവാഹം കഴിച്ചുവോ?

2. യിസ്രായേല് ജനങ്ങളോടുള്ള ദൈവത്തിന്റെ ഉടമ്പടി നിബന്ധനയുള്ളതാണോ നിബന്ധനയില്ലാത്തതാണോ?

3. ബാല്, ഗോമര് എന്ന വ്യക്തികള് എങ്ങനെ യഹോവ, യിസ്രായേല് തമ്മിലുള്ള ബന്ധത്തോട് ഉപമയായിരിക്കുന്നു?


4. എന്തുകൊണ്ട് 6:1-3 ഭാഗത്തെ ഉപരിതലത്തിലുള്ള മാനസാന്തരം എന്നു പറയുന്നു?

5. 7:4-6, 8:4 ഈ ഭാഗങ്ങളില് അവര് എന്ന പദം ആരെ ചൂണ്ടികാണിക്കുന്നു?

6. 8:13 വചനം 11:5നോട് പരസ്പരവിരുദ്ധമായിരിക്കുന്നുവോ?

7. ഈജിപ്തിലേക്കോ അല്ലെങ്കില് അസ്സരിയയിലോക്കോ യിസ്രായേല് നാട്കടത്തപ്പെടാന് ഇരിക്കുന്നതു?

8. പഴയനിയമ പ്രവാചകന്മാര് എല്ലാവരും എന്തുകൊണ്ട് യിസ്രായേല് മറ്റ് രാജ്യങ്ങളോടു സഖ്യ ഉടമ്പടി ചെയ്യുന്നതിനെ എതിര്ക്കുന്നു?


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# യോവേല് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പ്രവാചകന്റെ പേരിലാണ് ഈ പുസ്തകം അിറയപ്പെടുന്നതു.

B. ദൈവത്തിന്റെ രണ്ടു പേരുകളുടെ ചേര്ച്ചയാണ് പ്രവാചകന്റെ പേര്:
1. യഹോവ - ദൈവത്തിന്റെ ഉടമ്പടി പേര്.
   a. "J" യില് തുടങ്ങി അതിനോടു ഒരു സ്വരാക്ഷരം വന്ന ഏത് എബ്രായ പദവും യഹോവ എന്നതിന്റെ ചുരുക്ക രൂപമാണ്.
   b. "iah" യില് അവസാനിക്കുന്ന ഏത് എബ്രായ പദവും യഹോവ (Elijah) എന്നതിന്റെ ചുരുക്ക രൂപമാണ്.
2. El - (ഏല്) ഇതു ദൈവത്തിന്റെ പൊതുവായ പേരാണ്.
3. ഈ രണ്ടു പേരിന്റെ മധ്യേ ഒരു സ്വരം ഉള്ളതായി അനുമാനിക്കുംമ്പോള് അതു ഋഹ ആകുന്നു.

C. ഇതു സാധാരണ എബ്രായ പേരാണ്. ഇതുപോലെ ചരിത്ര പുസ്തകങ്ങളില് 13ല് ഏറെ പേരുകള് രേഖപ്പെടുത്തിട്ടുണ്ടു.

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. എബ്രായ വേദപുസ്തകത്തില് "പ്രവാചകന്മാര്" എന്ന ഭാഗത്തില് വരുന്ന ഒരു പുസ്തകമാണിതു.

B. പന്ത്രണ്ടു എന്നു വിളിക്കപ്പെടുന്ന തോല്ചുരുളില് ഇതു ഒരു ഭാഗമാണ്. ഈ പ്രവാചക പുസ്തകങ്ങള് അളവില് ചെറിയതു ആയതുകൊണ്ടു ചെറിയ പ്രവാചകന്മാര് എന്നു അിറയപ്പെടുന്നു.

## III. സാഹിത്യ ശൈലി

A. പകുതി സാധാരണ ഭാഷയിലും പകുതി ശ്രേഷ്ഠമായ കവിതയായും എഴുതിയിരിക്കുന്നു.

B. യോവേല് പുസ്തകം മറ്റ് പല പ്രവാചകന്മാരെ പരാമര്ശിക്കുന്നതായി തോന്നുന്നു:
1. യോവേല് 1:15c - ആമോസ് 4:9; യെശയാവ് 13:6
2. യോവേല് 2:3 - യെശയാവ് 51:3 അല്ലെങ്കില് 36:35
3. യോവേല് 2:10 - യെശയാവ് 13:10
4. യോവേല് 3:10 - യെശയാവ് 2:4; മീഖാ 4:3
5. യോവേല് 3:16 - ആമോസ് 1:2
6. യോവേല് 3:18 - ആമോസ് 9:13

C. യോവേല് പുസ്തകത്തിന്റെ അന്തിമകാല മാനസിക കല്പന "കര്ത്താവിന്റെ നാള്" എന്ന വെളിപ്പാടിന്റെ വാക്കാല് പ്രകടിക്കപ്പെടുന്നു.

D. വെട്ടുക്കിളികളാല് ഉണ്ടാകാന്പോകുന്ന നാശത്തെ വിവരിപ്പാന് ഉപയോഗിക്കുന്ന സിദ്ധാന്തങ്ങള്:
1. സൂചകമായി/ദൃഷ്ഠാന്തരൂപമായി
   a. 2:25ല് വരുന്ന യെഹൂദാ മാര്ഗം
      1) ജനങ്ങള്
      2) ഭാഷകള്
      3) ഭരണകര്ത്താക്കള്
      4) രാജ്യങ്ങള്
   b. 16-ാം നൂറ്റാണ്ടില് LXX കൈയെഴുത്തുപ്രതികളിന് അറ്റത്തു കാണുന്ന കുറിപ്പുകള്
      1) ഈജിപ്ത്യര്
      2) ബാബിലോന്യര്
      3) അസ്സരിയാ
      4) ഗ്രീസ്
      5) റോമര്
   c. ക്രിസ്തീയ പരാമര്ശകര് (18-ാം നൂറ്റാണ്ടു)
      1) അസ്സരിയന്
      2) കല്ദേയ

3) മാസിഡോനിയാ
4) റോം

2. പണ്ടത്തെ ചരിത്രം
   a. എബ്രായ ഭാഷയില് ഭൂതകാല ക്രിയാ പദത്തെയാണ് പ്രവാചകന് ഉപയോഗിക്കുന്നതു.
   b. ഇതു പ്രവാചകന്റെ ജീവകാലത്തില് നടന്ന സംഭവങ്ങളെ എടുത്തു ഭാവിയെ കേന്ദ്രീകരിച്ചു കാണിക്കുന്ന ഒരു പ്രവാചക യുക്തിയാണ്. യിസ്രായേല് ഇപ്പോള് കാണിക്കുന്ന വിശ്വാസവും മാനസാന്തരവും അനുസരിച്ചാണ് അതിന്റെ ഭാവി തീര്മാനിക്കപ്പെടുന്നതു.
3. ഭാവികാല ചരിത്രം
   a. യിസ്രായേലിന്റെ പാപത്തിന് ഫലമായി അക്ഷരാര്ത്ഥതില് ഒരു ആക്രമണം വരാന്പോവുകയാണ്
   b. വെട്ടുകിളികള് സൈന്യത്തെ കുറിച്ചുള്ള രൂപാലങ്കാരമായി വിവരിക്കപ്പെട്ടിരിക്കുന്നു:
      1) അവ കുതിരയെപോലെ ഇരിക്കുന്നു
      2) രഥങ്ങളെപോലെ ശബ്ദം ഉണ്ടാക്കുന്നു
      3) അണിയണിയായി പുറപ്പെടുന്നു
   c. വെളിപ്പാട് പുസ്തകം 9:3-11 ഭാഗത്തോടു യോവേല് പുസ്തകം ബന്ധപ്പെട്ടിരിക്കുന്നു.
4. വെളിപ്പാട് സംബന്ധിച്ചവ
   a. കര്ത്താവിന്റെ നാള് എന്നു പറയുന്ന ഭാഗങ്ങള് ഇത്തരത്തിലുള്ള വെളിപ്പാട് സംബന്ധിച്ച കാര്യങ്ങളെ സൂചിപ്പിക്കുന്നു.
   b. ഇത്തരത്തിലുള്ള സാഹിത്യ ശൈലിയില് വര്ണ്ണങ്ങളും മൃഗങ്ങളും ഉപയോഗിച്ചിട്ടുണ്ടു.

## IV. എഴുത്തുകാരന്

A. അധ്യായം 1:1ല് യോവേല് എന്ന പ്രവാചകന്റെ പേരും അവന്റെ പിതാവായ പെതുവേലിന്റെ പേരും അല്ലാതെ വേറൊന്നും അിറയാന്പറ്റുന്നില്ല.

B. യോവേല് പ്രവാചകനെ കുറിച്ചു രണ്ടു പാരമ്പര്യങ്ങളുണ്ടു:
   1. രൂബേന് ഗോത്രത്തില് നിന്നു വന്നു (Pseudo-Epiphanius)
   2. ആലയ നിത്യാനുഷ്ഠാനത്തെ കുറിച്ചു യോവേല് അറിയുന്നതുകൊണ്ടു, യഹൂദാ ഗോത്രത്തില്നിന്നു വന്നിരിക്കും.

## V. എഴുതിയ കാലം

A. ഈ പുസ്തകത്തിന്റെ കാലം കൃത്യമായി അറിയാന് വഴിയില്ല (പ്രവാചകന്മാരില് യോവേലാണ് ആദ്യന് എന്നു ഏ. കേംപെല് മോര്ഗന് പറയുന്നു.):
   1. പുസ്തകത്തിന് അകത്തുള്ള തെളിവുകൊണ്ടു രണ്ടു കാലങ്ങളെ ഊഹിച്ചു പറയുന്നു:
      a. പ്രവാസത്തിന്നു പിന്നിലുള്ള കാലം:
         1) വെട്ടുകിളികളാല് വരുവാനുള്ള ഭയങ്കരമായ നാശത്തെ കുറിച്ചുള്ള ദര്ശനത്തോടു ഇതിനെ ബന്ധപ്പെടുത്തി നോക്കണം.
         2) വചനം 3:2ല് യിസ്രായേല് നേരത്തെ പ്രവാസത്തില് പോയതായി കാണുന്നു. ഈ സന്ദര്ഭത്തില് യിസ്രായേല് എന്ന പേര് യഹൂദായെ കുറിക്കുന്നു, 2:27; 3:1-2,16.
         3) 3:6 പ്രവാസകാലത്തിന്നു പിമ്പുള്ള അടിമ കച്ചവടത്തെ കുറിച്ചു സംസാരിക്കുന്നു.
         4) 3:1,17 സൂചിപ്പിക്കുന്നതു യഹൂദാ നേരത്തെ പ്രവാസത്തിലാണ്, അതു പാപത്തില് തുടര്ന്നാല് വീണ്ടും ആക്രമണം ഉണ്ടാവും.
         5) പ്രവാസകാലത്തിന്നു പിന്നുള്ള കാലം എന്നതിനാല് ഒരു രാജാവിനെ കുറിച്ചു ഇവിടെ ഏതും പറയുന്നില്ലാതാനും. യോവേല് മൂപ്പന്മാരോടും പുരോഹിതന്മാരോടും തന്റെ സന്ദേശം അിറയിച്ചു.
         6) വടക്കന് ആളുകള് ആക്രമിച്ചു എന്നുള്ളതു മെസപ്പൊത്തോമിയായെ (അസ്സരിയ, ബാബിലോന്, പെര്സ്സിയ) സൂചിപ്പിക്കുന്നു, 2:20.
         7) പ്രവാസകാലത്തിന്നു മുമ്പുള്ള ബാല് ആരാധനയെ കുറിച്ചു ഒന്നും രേഖപ്പെടുത്തിട്ടില്ല.
      b. പ്രവാസകാലത്തിന്നു മുമ്പുള്ള കാലം:
         1) ആലയത്തെ കുറിച്ചുള്ള ഒരു കുറിപ്പു ഉണ്ടു, 1:9, 13-14; 2:17.
         2) 3:4,6,8 വാക്യങ്ങളില് കാണുന്ന ശത്രുക്കള് (ഫോനിസിയ, ഫിലിസ്തിയ, ഏദോം, സാബിന്സ്) പ്രവാസകാലത്തിലുള്ളവരല്ല, പ്രവാസകാലത്തിന്നു മുമ്പുള്ളവര് ആകുന്നു.
   2. പുറമേയുള്ള തെളിവുകള്:
      a. എബ്രായ വേദപുസ്തകത്തില് ഈ പുസ്തകത്തിന്റെ സ്ഥാന ക്രമത്തെ നോക്കുമ്പോള്, ഇതു പ്രവാസകാലത്തിന്നു മുമ്പുള്ളതു എന്നു വ്യക്തമാകുന്നു.

b. ആമോസ് പുസ്തകത്തിന്നു തൊട്ടടുത്തതായി എങ്ങനെ വെച്ചാലും, രണ്ടു പുസ്തകങ്ങളും "കര്ത്താവിന്റെ നാള്", വെട്ടുകിളികളുടെ ആക്രമണം എന്നുള്ളതു ന്യായവിധിയെ സൂചിപ്പിക്കുന്നു. ഇതു ആശീര്വാദത്തിന്റെ അനുകൂലമായ സന്ദര്ശനമാണ്, ന്യായവിധിയല്ല. ഈ വിധത്തില് ഈ പുസ്തകം പ്രവാസകാലത്തിന്നു പിമ്പുള്ള കാലത്തോടു പൊരുത്തമായിരിക്കുന്നു.

3. പ്രവാസകാലത്തിന് പിമ്പുള്ള ആരംഭ കാലത്തെ ഗ്രന്ഥക്കാരന് ചിന്തിക്കുന്നതിനാല്, പ്രവാസകാലത്തിന്നു പിമ്പുള്ള കാലം ഇതിന്നു വളരെ പൊരുത്തമായിരിക്കുന്നു.

B. പാലസ്തീനെ ആക്രമിച്ച കാലത്തെ അടിസ്ഥാനമാക്കി ഇതിന്റെ കാലത്തെ നിശ്ചയിക്കുന്ന സിദ്ധാന്തങ്ങള്:
1. യോവാശിന്റെ കാലം (837-800 B.C.)
2. ഉസ്സീയാവിന്റെ കാലം (783-742 B.C.)
3. സിദെക്കീയാവിന്റെ കാലം (598-586 B.C.)
4. സെരുബ്ബാബേലിന്റെ കാലം (598 B.C.)
5. മലാഖി (430 B.C.)
6. ഭാവിയില് മരണം ന്യായവിധിയുടെ ശേഷം ദൈവ ജനങ്ങളുടെ പടയേറ്റം.

C. സാഹിത്യ ബന്ധമുള്ള ഭാഗങ്ങള്:
1. യോവേല് 2:32 ഒബദ്യാവ് 17 തമ്മില് സാഹിത്യ ബന്ധമുണ്ടു. ഇവ രണ്ടും പ്രവാസകാലത്തിന്നുശേഷം ആരംഭിക്കുന്നവ.
2. യോവേല് 3:16, ആമോസ് 1:2 തമ്മില് സാഹിത്യ ബന്ധമുണ്ടു. യോവേല് പല പ്രവാചകന്മാരെ എടുത്തുപറയുകയാണ്. കൂടുതലും ആമോസിനെയാണ് യോവേല് എടുത്തുപറയുന്നതു.

D. ജോണ് കാല്വിന് യോവേലിന്റെ കാലത്തെ കുറിച്ച് ഒരു നല്ല ഉദ്ദേശ്യം പറഞ്ഞിട്ടുണ്ടു, "കാലം അനിശ്ചയമായതുകൊണ്ടു, യോവേലിന്റെ കാലത്തെ കുറിച്ച് തീരുമാനിക്കതിരിക്കുന്നതു നല്ലതു; ഇതു ഒന്നും വളരെ പ്രധാനമുള്ള കാര്യമല്ല എന്നു നമുക്കറിയാം. പക്ഷേ, ഹോശെയാവുടെ കാലത്തെ അറിയാതെ ഇരുന്നാല്, വായനക്കാര്ക്ക് അതൊരു വലിയ നഷ്ടമാണ്, കാരണം ചരിത്ര അറിവ് ഇല്ലെങ്കില് പല ഭാഗങ്ങളെ നമുക്കു വിവരിക്കാന് കഴികയില്ല; പക്ഷേ യോവേലിന്റെ വിഷയത്തില് ചരിത്രം അറിയേണ്ടതു അത്ര ആവശ്യമല്ല, കാരണം യോവേലിന്റെ കാലം സ്പഷ്ടമല്ലാത്തതും അനിശ്ചിതമായും ഇരിക്കുന്നുവെങ്കിലും, അതിനെ മനസ്സിലാക്കാന് കഴിയും."

## VI. ചരിത്രപരമായ പശ്ചാത്തലം

പലസ്തീനത്തില് വെട്ടുകിളികളാല് ഉണ്ടായ ഒരു വന് നാശത്തെ കുറിച്ചു The National Geographic Magazine (XXVIII, No.6) എന്ന മാസിക ഡിസംബര് 1915ല് രേഖപ്പെടുത്തിട്ടുണ്ടു. പ്രവാചകന് സൂചിപ്പിക്കുന്ന കാര്യങ്ങളെ മനസ്സിലാക്കുവാന് ഈ പത്രലേഖനം വളരെ സഹായകമായിരിക്കും.

## VII. സാഹിത്യപരമായ ഏകകം

A. ദര്ശനത്തില് വെട്ടുകിളികളാല് വരുന്ന വലിയ നാശം, സൈന്യ പടയേറ്റത്താല് വരുവാനുള്ള നാശത്തിന്നു അടയാളമായിരിക്കുന്നു, 1:1-2:27.

B. മാനസാന്തരപ്പെട്ട ദൈവ ജനങ്ങള്ക്ക്, കര്ത്താവിന്റെ നാള്, ശാപമായിട്ടല്ല, ഒരു അനുഗ്രഹമായി തന്നേ തീരും, 2:28-3:21 (സെഫന്യാവ് തികച്ചും ഇതിന്നു വിരോധമായിരിക്കുന്നു.)

## VIII. പ്രധാന സത്യങ്ങള്

A. തന്റെ കാലത്ത് സംഭവിച്ച കാര്യങ്ങളെ ഭാവിയില് സംഭവിക്കാനുള്ളതിന്റെ നിഴലായി പ്രവാചകന് കാണുന്നു.

B. യോവേല് ഒരേ നാളില് ദേശം മുഴുവനും മാനസാന്തരപ്പെടുവാന് ക്ഷണിക്കുന്നു, 1:13-14; 2:12-17.

C. ദൈവ ജനങ്ങള് മാനസാന്തരപ്പെട്ടാല്, ദൈവം ശാരിരീക, ആത്മീയ രീതിയില് സമൃദ്ധി ഒരു നാളില് പുതിയതായി വരുത്തും. (ആവര്ത്തന പുസ്തകം 27-28.)

D. ദൈവം ചുറ്റുമുള്ള രാജ്യങ്ങളെ ന്യായംവിധിക്കും! 3:1-17

E. ആത്മീയ പുതുക്കത്തിനുള്ള ആ പുതിയ നാളിനാല് ബാധിക്കപ്പെടുന്നവര്:

    1. പുരുഷന്മാരും സ്ത്രീകളും
    2. യുവാക്കളും വൃദ്ധന്മാരും
    3. അടിമകളും സ്വാതന്ത്രിയരും (cf. അപ്പൊ. 2, ഗലാത്യര് 3:28)

F. "കര്ത്താവിന്റെ നാള്" എന്ന ഉപവാക്യം ആമോസ്, യോവേല്, സെഫന്യാവ് പുസ്തകങ്ങളില് വിശേഷാല് വരുന്നു. നമ്മള് ഇപ്പോള് ദൈവത്തോടു പ്രതികരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് നമുക്കു അനുഗ്രഹമോ ന്യായവിധിയോ വരാന്പോകുന്നതു.

G. ദൈവത്തിന്റെ വ്യക്തി വൈശിഷ്ട്യം വിവരിച്ചിട്ടുള്ള ഭാഗങ്ങള് 2:13 (cf. പുറപ്പാട് 34:6; സങ്കീര്. 103.8-13, നെഹമ്യ. 9:17).

H. പരിശുദ്ധാത്മാവ് 2:28-32ല് പകരപ്പെടുന്നതു പുതിയ നിയമ കാലത്തെ പ്രതിബിംബിക്കുന്നു (cf. യെരമ്യാവ് 31:31-34; യെഹെസ്കിയേല് 36:26-27).

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. വാക്കുകളും, ഉപവാക്യങ്ങളും
    1. "അതിന്റെ കൊമ്പുകള് വെളുത്തുപോയിരിക്കുന്നു", 1:7 (NASB & NIV)
    2. "യഹോവയുടെ ദിവസം അടുത്തിരിക്കുന്നു", 1:15 (NASB & NIV)
    3. "സീയോനില് കാഹളം ഊതുവിന്", 2:1,15 (NASB & NIV)
    4. "വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറുവിന്", 2:13 (NASB & NIV)
    5. ദയ (ഹെസെദ്), 2:13 (NIV, "സ്നേഹ സമ്പന്നന്")
    6. "ഞാന് സകല ജഡത്തിേേലും എന്റെ ആത്മാവിനെ പകരും," 2:18 (അപ്പൊസ്തലര് 2:16ff.) (NIV "... എല്ലാ ജനത്തിന്മേലും")
    7. "എന്നാല് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവന് ഏവനും രക്ഷിക്കപ്പെടും," 2:32 (അപ്പൊസ്തലര് 2:21; റോമര് 10:13) (NIV, യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.)
    8. "അവര് എന്റെ ജനത്തിന്നു ചീട്ടിട്ടു," 3:3 (NASB & NIV)
    9. "നിങ്ങളുടെ കൊഴുക്കളെ വാളുകളായി അടിപ്പിന്..." 3:10 (NASB & NIV)

B. വ്യക്തികള്
    1. സര്വ്വ ശക്തന് (എല് ഷടായ്), 1:15
    2. ശെബായര്, 3:8

## X. ഭൂപട സ്ഥലങ്ങള്

1. സോര്, 3:4
2. സീദോന്, 3:4
3. ഫിലിസ്തിയാ
4. ജവാന് (ഗ്രീസ്സ്)
5. ഏദോം, 3:19
6. സീയോന്, 2:1
7. ശിത്തീം താഴ്വര, 3:18 (NIV, "അക്കസിയാ...")

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്


1. അധ്യായം 1:4ല് കാണുന്ന വെട്ടുകിളികള്, പല തരത്തിലുള്ളവയാണോ അല്ലെങ്കില് വെട്ടുകിളികളുടെ ജീവത ചക്രത്തില് ചെറുതും വലിയതുമാണോ?

2. എന്തുകൊണ്ടു പുരോഹിതന്മാര് വിലപിക്കണം എന്നു പറയുന്നു?


3. അധ്യായം 1:15ല് ഉപയോഗിച്ചിട്ടുള്ള ദൈവത്തിന്റെ പേരിനെ നിര്വജിക്കുക?

4. അധ്യായം 2ല് ഉള്ള രണ്ടു വാക്യങ്ങള് പുതിയ നിയമത്തില് ഉപയോഗിച്ചിട്ടുണ്ടു, അവ ഏവ? ആരാല് ഉപയോഗിക്കപ്പെട്ടു?

5. വാക്യം 3:15 അക്ഷരാര്ത്ഥത്തിലുള്ളതാനോ അല്ലെങ്ങില് ആലങ്കാരികമായതാനോ?


പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
S

പാലസ്തീൻ



# ആമോസ് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. ഈ പുസ്തകം പ്രവാചകന്റെ പേരാല് വിളിക്കപ്പെടുന്നു.

B. ആമോസ് എന്ന പേരിന്റെ അര്ത്ഥം:
1. "ഭാരം"
2. "ഒരു ഭാരത്തെ ചുമക്കല്"
3. "വഹിക്കുക"
4. ആമോസ് ശരിക്കും സംസാരിക്കാതെ വിക്കിവിക്കി സംസാരിച്ച കാരണത്താല് ഈ പുസ്തകത്തിന്റെ പേര് ആമോസ് എന്നു വെച്ചതായി രബ്ബീമാരുടെ ഒരു പാരമ്പര്യം പറയുന്നു.

C. ആമോസ് എന്ന പേര് പഴയ നിയമത്തില് ഈ പുസ്തകത്തില് മാത്രമേ വരുന്നു.

## II. വേദപുസ്തകത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെടല്

A. പിമ്പത്തെ പ്രവാചകന്മാരില് ഈ പുസ്തകം ഒരു ഭാഗമാണ്.

B. ചെറിയ പ്രവാചകന്മാര് എന്നറിയപ്പെടുന്ന "പന്ത്രണ്ടു പേരില്" ആമോസും ഉള്പ്പെടുന്നു.

C. ക്രമം അനുസരിച്ചു MT യില് മൂന്നാമത്തെ സ്ഥാനത്തും, LXX ല് രണ്ടാമത്തതായും ഈ പുസ്തകം വരുന്നു.

## III. സാഹിത്യ ശൈലി

A. എഴുതപ്പെട്ട ആദ്യ പ്രവാചക പുസ്തകം ഇതാണ്.

B. ഇതു ശ്രേഷ്ഠമായ എബ്രായ പ്രവാചക ശാസ്ത്രമാണ്. എബ്രായ ഭാഷയില് കവിത, ചിത്രവിധാനം എന്ന വിഷയങ്ങളില്, ഇതു മികച്ച ഉദാഹരണമായിരിക്കുന്നു.

## IV. എഴുത്തുക്കാരന്

A. തെക്കോവാ പട്ടണത്തു ആമോസാണ് ഈ പുസ്തകത്തെ എഴുതിയതു എന്നു യഹൂദ പാരമ്പര്യം സ്ഥിരീകരിക്കുന്നു.

B. ആമോസ് എന്ന വ്യക്തി:
1. ബെത്ലഹേമില് നിന്നു അഞ്ചു മൈല് ദൂരത്തു തെക്കുകിഴക്കു ഭാഗത്തുള്ള തെക്കോവാ പട്ടണവാസിയാണ് ആമോസ്.
2. ആമോസ് ഒരു പ്രവാചകനോ, പ്രവാചക കുടുംബത്തിലുള്ളവനോ, പ്രവാചക സംഘത്തിലുള്ളവനോ അല്ല (നോക്കുക -7:14). ആദിയില് പ്രവാചകന്മാര് ഒത്തൊരുമിച്ചു ഒരു കൂട്ടമായി ജീവിച്ചുപോന്നു. പിന്നീട് അതില് ചിലര് അവരുടെ സ്ഥലത്തെകൊണ്ടു തിരിച്ചറിയപ്പെട്ടു.
3. വാസ്തവത്തില് ആമോസ് ഒരു "ചെറിയ ആട്ടിന്കൂട്ടത്തിന്" ഇടയനായിരുന്നു (നോക്കുക - 1:1). ഇദ്ദേഹത്തെ വിവരിക്കാനുള്ള വാക്കു അസാമാന്യമാണ്, പക്ഷേ ആട്ടുടമ എന്നു വിവരിച്ചുണ്ടു (നോക്കുക - 2 രാജാ. 3:4).
4. ആമോസ്: (1) സ്വന്തമായി പഴവൃക്ഷങ്ങള് ഉണ്ടായിരുന്നു; അല്ലെങ്കില് (2) "കാട്ടത്തിപ്പഴം പെറുക്കുന്നവന്" (നോക്കുക- - 7:14). ഇതിന്നുവേണ്ടി അവന് ആണ്ടുതോറും വിവിധ സ്ഥലങ്ങളിലേക്കു കടന്നുപോകേണ്ടതായിരുന്നിരിക്കും. ഈ മരങ്ങള് കാട്ടത്തി എന്നാണ് വിളിക്കപ്പെടുന്നതു. അത്തിപോലെ തന്നെ ഇരിക്കും. ഇതിനെ ശരിയായ രീതിയില് പഴുപ്പിപ്പാന്വേണ്ടി ഓരൊന്നായി കീറിവെക്കണം. മധ്യ കിഴക്കന് രാജ്യങ്ങളില് ഇതു ഏറ്റവും പ്രധാനപ്പെട്ട കൃഷിയായിരുന്നു. ഈ കൃഷിക്കുവേണ്ടി ദാവീദ് വിശേഷാല് ഒരു മേല്നോട്ടക്കാരനെ നിയമിച്ചിരുന്നു (നോക്കുക - 1 ദിന. 27:28).
5. ആമോസ് ഒരു ധനവാനായ വ്യാപാരി എന്നു യഹൂദ പാരമ്പര്യം പറയുന്നു. ഇന്നു പൊതുവില് ആമോസിനെ ഒരു എളിയ കൃഷിക്കാരണായി കാണുന്നു എന്ന കാര്യത്തില് നിന്നു ഇതു വളരെ വ്യത്യാസമാകുന്നു. ആമോസിന്റെ ഉത്തമ കവിതയും മികച്ച സാഹിത്യ ശൈലിയും നോക്കുംമ്പോള്, ആമോസിനെ കുറിച്ചു യഹൂദ പാരമ്പര്യം പറയുന്നതു ശരിയാണ്! 2 ശമുവേല് 14:2ff ഭാഗത്തില്നിന്നു തെക്കോവാ പട്ടണത്തു ജനങ്ങള് ജ്ഞാനമുള്ളവരായിരുന്നു എന്നു അറിയുന്നു.

യിസ്രായേല് പ്രവാചകന്മാരില് ആദ്യമായി തന്റെ സന്ദേശത്തെ എഴുതിവെച്ച വ്യക്തി ആമോസാണ്. ഞാന് എന്നു ഏക വചനത്തില് വരുന്ന വാക്കുകളെ ശ്രദ്ധികേണം 5:1; 7:1-9; 8:1, 9:1.

6. വടക്കന് യിസ്രായേല് രാജ്യത്തിനോടു ഇദ്ദേഹം പ്രസംഗിച്ചു. ബേഥേല് പ്രസംഗ പീഠമായ ഒരു സ്ഥലമായിരുന്നു എന്നു നമുക്കു നന്നായി അറിയാം. പക്ഷേ യിസ്രായേലില് പ്രസംഗം വിവിധ സ്ഥലങ്ങളില് ചെയ്തിട്ടുണ്ടു.

C. ഈ പുസ്തകം എഴുതിയതാര് എന്നു നിശ്ചയിക്കുന്നതില് പ്രശനം ഉണ്ടു, കാരണം:
1. ഈ പുസ്തകം തന്നെ പറയുന്നു ആമോസ് ഒരു പാവപ്പെട്ട കൃഷിക്കാരന് എന്ന്.
2. ഇതിന്റെ സാഹിത്യ ശൈലിയും കവിതയും ശ്രേഷ്ഠമായതിനാല്, നല്ല വിദ്യാഭ്യാസമുള്ള ഓരാള് എഴുതിയിരിക്കണം എന്നു കരുതുന്നു.
3. ആമോസ് വാഗ് രൂപത്തില് പ്രസംഗിച്ചു എന്നു പറയാറുണ്ടു, പക്ഷേ പ്രസംഗങ്ങളൊക്കെ നല്ല ഘടനാപരമായും സന്തുലിതമായും ഇരിക്കകൊണ്ടു, എഴുപ്പെട്ട സാഹിത്യ ശൈലിയിലുണ്ടു.
4. ആമോസ് പകര്പ്പെഴുത്തുകാരുടെ സഹായത്തോടു എഴുതിയിരിക്കാം എന്നു പലരും അഭിപ്രായപ്പെടുന്നുണ്ടു.

## V. എഴുതിയ കാലം

A. 750 B.C. ക്ക് 10 ആണ്ടു മുമ്പോ പിമ്പോ ഈ പ്രവാചക പുസ്തകം എഴുതിയതായി വളരെ അനായാസമായി പറയാന് കഴിയും.

B. പഴയ നിയമ ഏതു പുസ്തകത്തെക്കാളും, ആമോസ് പുസ്തകത്തില് നീണ്ട ആദ്യ വാക്യമാണ് എഴുതിയ കാലം കൃത്യമായി നിശ്ചയിക്കുന്നതില് ഉതകുന്നതു.
1. ഉസ്സീയ രാജാവ് 783-742 B.C. യില് ഭരിച്ചു (Bright)
2. യെരോബെയാം II 786-746 B.C. യില് ഭരിച്ചു (Bright)
3. ഭൂകമ്പം ഉണ്ടായ കാലവും എഴുതിയ കാലത്തെ നിശ്ചയിക്കുന്നതില് സഹായിക്കുന്നു (നോക്കുക - 1:1; 8:8; 9:1,5). ജോസഫസ് എന്ന ചരിത്രക്കാരന്, 2 ദിനവൃത്താന്തം 26:16-21 ഭാഗത്തില് ഉസ്സീയാ രാജാവ് ബലി അര്പ്പിക്കാന് ശ്രമിച്ച സംഭവത്തോടു ഇതിനെ ബന്ധപ്പെടുത്തി കാണിക്കുന്നു. ഹാസരില് നടത്തിയ പുരാവസ്തുശാസ്ത്ര പഠനം എഴുതിയ കാലത്തെ 760 B.C. എന്നു നിര്ണയിക്കാന് സഹായിക്കുന്നു. (Yadin, 1964).

C. ആമോസ് 5:8ലും 8:9ലും ഒരു ഗ്രഹണം ഉണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്നു. അസ്സരിയ ആധാരങ്ങളില് ജൂണ് 15, 763 B.C. യില് ഉണ്ടായതായി രേഖപ്പെടുത്തിട്ടുള്ള അതേ ഗ്രഹണമായിരിക്കാം ഇതു. എങ്കിലും, മറ്റൊരു പൂര്ണ ഗ്രഹണം ഫെബ്രുവരി 9, 784 B.C.യില് ഉണ്ടായതായി രേഖപ്പെടുത്തിട്ടുണ്ടു.

D. യെരോബെയാം-II അധികാരത്തിനാല് ബേഥേലില് അന്നു പുരോഹിതനായിരുന്ന അമസ്സിയാവെ അഭിമുഖീകരിച്ച കാലത്തില് ഇതു എഴതപ്പെട്ടതായിട്ടും അഭിപ്രായം ഉണ്ടു (നോക്കുക - 7:10-17).

## VI. ചരിത്ര പശ്ചാത്തലം

A. ഇതുപോലെയുള്ള ഒരു ഇണയായ വേദഭാഗം:
1. 2 രാജാക്കന്മാര് 14:3-17:6
2. 2 ദിനവൃത്താന്തം 25-28
3. ഹോശേയ
4. യെശയാവ്
5. മീഖാ

B. ദൈവ ജനങ്ങള് വിഗ്രഹ ആരാധന ചെയ്തു എന്നു ഹോശെയ പുസ്തകത്തില് ചുരുക്കമായി ലളിതമായി രേഖപ്പെടുത്തിയിട്ടുണ്ടു:
1. 2:16, "അന്നാളില് നീ എന്നെ ബാലീ (ഉടയവനേ) എന്നു വിളിക്കില്ല"
2. 4:12-13, "...പുത്രമാര് പരസംഗം ചെയ്യുന്നു..."
3. 4:17, "എഫ്രയീം വിഗ്രഹങ്ങളുടെ കൂട്ടാളിയാകുന്നു; അവനെ വിട്ടുകളക".
4. 13:2 "ബലി കഴിക്കുന്ന മനുഷ്യര് കാളക്കിടാങ്ങളെ ചുംബിക്കുന്നു."

C. സമുദായ പശ്ചാത്തലം
1. യിസ്രായേലും യഹൂദയും സമൃദ്ധിയിലും സൈന്യ പെരുക്കത്തിലും ഇരുന്ന കാലമാണതു. എങ്കിലും ഈ സമൃദ്ധി, ധനവാന്മാര്ക്കേ അനുകൂലമായിരുന്നുള്ള എളിയവരെ ചൂഷണംചെയ്തു മോശമായി നടത്തി. അവരുടെ "സമ്പത്ത് തന്നെ" അവര്ക്കു ഇന്നൊരു വിഗ്രഹമായി തീര്ന്നു എന്നു തോന്നുന്നു!
2. യിസ്രായേലും യഹൂദയും സാമൂഹിക സ്ഥിരതയും സമൃദ്ധിയും നേടിയതില് പല വിഷയങ്ങളുണ്ടു:

a. യേരോബെയാം II (786-746 B.C.) വടക്കിലും ഉസ്സിയാവ് (783-742 B.C.) തെക്കിലും നീണ്ടകാലം അഭിവൃദ്ധിയുള്ള ഭരണം നടത്തി.
b. താല്കാലികമായി ഈജിപ്തും മെസെപ്പൊത്തോമിയായും താണുപോയിരിന്നു.
c. സിറിയക്കാരനായ അദാദ്-നിരാരി 802 B.C. യില് അസ്സരിയയെ തോല്പിച്ചു.
d. യിസ്രായേലും യൂദയും തമ്മില് യുദ്ധമില്ലാതിരുന്നു.
e. വടക്കില് നിന്നു തെക്കെ ദേശത്തേക്ക് വരാനുള്ള വ്യാപാര പാതയായ പലസ്തീന കരവഴി പാലം മുഖാന്തരം നിരക്കും ചൂഷണവും കൂടി, മാത്രമല്ല, സാമ്പത്തിക വളര്ച്ചയും ഉണ്ടായി, ധനവാന്മാര്ക്കു അതു അമിതമായിരുന്നു.

3. ശലൊമോന്റെ ഭരണ വ്യവസ്ഥിതി പോലെതന്നെ യെരോബെയാം II കാലത്തില് "Ostraca of Samaria" എന്ന സംഘം ഉണ്ടായിരുന്നു. ഇതു പാവപ്പെട്ടവര്ക്കും പണക്കാര്ക്കും മധ്യേ നീണ്ട പിളര്പ്പിനെ സ്ഥിരീകരിക്കുന്നതായി തോന്നുന്നു.
4. "സാമൂഹിക നീതിയുടെ പ്രവാചകന്" എന്നു വിളിക്കപ്പെടുന്ന ആമോസ് ധനവാന്മാരുടെ നെറികേടിനെ സ്പഷ്ടമായി ചിത്രീകരിക്കുന്നു. കള്ള ത്രാസും, നീതി നടപ്പാക്കേണ്ടവര് കൈക്കൂലി വാങ്ങിയതുമായ രണ്ടു കാര്യങ്ങള്, അക്കാലത്തില് യിസ്രായേലിലും യഹൂദയിലും പൊതുവെ നിലവിലിരുന്ന നെറികേടിനെ ചിത്രീകരിച്ചു കാണിക്കുന്നു.

D. മതപരമായ പശ്ചാത്തലം

1. യഥാര്ത്ഥ വിശ്വാസം വളരെ കുറഞ്ഞും, പുറമേയുള്ള മതപരമായ ചടങ്ങുകള് കൂടിയും ഇരുന്ന കാലമായിരുന്നു. കനാന്യ സമ്പുഷ്ഠ ദൈവങ്ങള് എന്ന കള്ള ഉപദേശം യിസ്രായേല് മതത്തില് കൂട്ടിച്ചേര്ക്കപ്പെട്ടു. ജനങ്ങള് വിഗ്രഹാരാധികളായി, പക്ഷേ അവര് അതിനെ യഹോവയുടെ മാര്ഗ്ഗം എന്നു വിളിച്ചു. ദൈവ ജനങ്ങള് ജാതികളോടു പുലര്ത്തിയ രാഷ്ട്രപരമായ സഖ്യ ഉടമ്പടികള് അവരെ ജാതികളുടെ വിഗ്രഹാരാധന, മത ചടങ്ങുകളെ ആചരിപ്പാന് ഇടയാക്കി.
2. യിസ്രായേലിന്റെ വിഗ്രഹാരാധന 2രാജാക്കന്മാര് 17:7-18 വരെയുള്ള വേദഭാഗത്തില് വിവരിച്ചിട്ടുണ്ടു.
   a. വാക്യം 8ല്, കനാന്യരുടെ ആരാധന ആചാരങ്ങളെ പിന്പറ്റി.
      1) സമ്പുഷ്ഠ വിഗ്രഹ ആരാധന
         (a) ഉയര്ന്ന സ്ഥലങ്ങളില് പൂജഗിരികള്, 9,10,11 വാക്യങ്ങള്.
         (b) വിഗ്രഹസ്തംഭങ്ങള് (ബാല്), വാക്യങ്ങള് 10,16.
         (c) അശേരാ, വാക്യങ്ങള് 16, ഇവ ബാലിന്റെ ഭാര്യയയുടെ മരംകൊണ്ടു ഉണ്ടാക്കിയ വിഗ്രഹങ്ങള്. അവ ഉളികൊണ്ടു ചെത്തിയവ, അല്ലെങ്ങില് ജീവനുള്ള പച്ച മരങ്ങള്.
      2) പ്രശ്നം, വാക്യം 17. ഈ വിഷയത്തെ കുറിച്ചു വേല്യ 19-20, ആവര്ത്തനപുസ്തകം 18 എന്നീ അധ്യായങ്ങളില് വളരെ വ്യക്തമായി വിവിരിച്ചിട്ടുണ്ടു.
   b. വാക്യം 16, യഹോവയുടെ പേരില് അവര് ദാനിലും ബേഥേലിലും യെരോബെയാം -ക നാട്ടിയ പൊന് കാളക്കുട്ടികളായ വിഗ്രഹങ്ങളെ തുറന്നു ആരാധിച്ചുപോന്നു (1 രാജാക്കന്മാര് 12:28-29).
   c. വാക്യം 16, അവര് ബാബിലോന്യ നക്ഷത്ര ദൈവങ്ങളെ ആരാധിച്ചു: സൂര്യന്, ചന്ദ്രന്, നക്ഷത്രങ്ങള്, സ്ഥിരനക്ഷത്രസമൂഹങ്ങള്.
   d. വാക്യം 18, മോലേഖ് എന്ന ഫോനീസിയ സമ്പുഷ്ഠ അഗ്നി ദൈവത്തെ ആരാധിച്ചു (നോക്കുക - ലേവ്യര് 18:21; 20:2-5).

3. ബാല്വിഗ്രഹ ആരാധന (നോക്കുക - W. F. Albright എഴുതിയ Archaeology and the Religion of Israel എന്ന പുസ്തകത്തില്, പക്കം 82ff.)
   a. ഇതിന്നു നമക്കു സഹായിക്കുന്നതു "ബാലിനെ കുറിച്ചുള്ള ഉഗാരിട്ട് മഹാകാവ്യം".
      1) ബാലിനെ മരിച്ചും ഉയിര്ത്തും വരുന്ന ഒരു വസന്തകാല ദൈവമായിട്ടു ഇതില് ചിത്രീകരിച്ചിട്ടുണ്ടു. മോത്ത് എന്ന ദൈവത്താല് തോല്പ്പിക്കപ്പെട്ടു പാതാളത്തില് ബന്ധിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലിരുന്ന എല്ലാ ജീവജന്തുക്കളും നശിച്ചുപോയി. പക്ഷേ, പെണ് ദൈവത്തിന്റെ സഹായത്താല്, ബാല് ഉയിര്ത്തു വന്ന് മോത്തിനെ ഒരോ വസന്തകാലത്തിലും തോല്പ്പിക്കുന്നു. ഇവന് ഒരു സമ്പുഷ്ഠ ദൈവമാണ്, ഇവനെ ജനങ്ങള് മാന്ത്രികശക്തി മൂലം ആരാധിച്ചു വന്നു.
      2) ഇവന് ഹദാദ് എന്നും അറിയപ്പെടുന്നു.
   b. ഏല് കനാന്യരുടെ സര്വ്വദേവതാക്ഷേത്രത്തില് പ്രധാന ദൈവമായിരുന്നു, പക്ഷേ ബാല് പ്രസിദ്ധനായതുകൊണ്ടു ഏലിന്റെ സ്ഥാനത്തെ പിടിച്ചെടുത്തു.
   c. ഇസബേല് തീര് ദേശത്തേ രാജാവിന്റെ മകളായിരുന്നു. ഒംരി തന്റെ മകനായ ആഹാബിന്നു ഭാര്യയായി തിരഞ്ഞെടുത്തു. ആകയാല് തീര് ദേശക്കാരുടെ സ്വാധീനം ബാല് ആരാധനയില് യിസ്രായേല്യരുടെയിടയില് കൂടിയിരുന്നു.
   d. യിസ്രായേല് ദേശത്തു ബാല് ഉയര്ന്ന സ്ഥലങ്ങളില് ആരാധിക്കപ്പെട്ടു. ബാലിന്നു അടയാളമായി ഉയര്ന്ന കല് തൂണുകള് നാട്ടിയിരുന്നു. ആസ്സേര് അവന് ഭാര്യയായ പെണ് ദൈവം. ഇവള്ക്കു അടയാളമായി ഒരു കുറ്റി നാട്ടിയിരുന്നു, അതു ജീവ വൃക്ഷത്തെ സൂചിപ്പിക്കുന്നതായിരുന്നു.
4. പല രീതിയിലുള്ള വിഗ്രഹാരധന ഉണ്ടായി എന്നതില് പല തെളിവുകള് രേഖപ്പെടുത്തിയിട്ടുണ്ട്.

a. യഹോവയെ ആരാധിപ്പാന്വേണ്ടി യെരോബെയാം-ക പൊന്കാളകുട്ടികളെ ബേഥേലിലും ദാനിലും സ്ഥാപിച്ചിരുന്നു.
b. തീര് ദേശത്തു സമ്പുഷ്ഠം ദൈവത്തെയും ദേവതയെയും നാട്ടിന്പുറത്തില് പല ഉയര്ന്ന സ്ഥലങ്ങളില് ആരാധിച്ചുവന്നു.
c. അക്കാലത്തില് രാഷ്ട്രപരമായ സഖ്യ ഉടമ്പടികള് ചെയ്യാന് വിഗ്രഹാരാധന ആവശ്യമായിരുന്നു.

E. വടക്കന് രാജ്യത്തില് രാഷ്ട്രീയ പശ്ചാത്തലം
I. യിസ്രായേലില് ഒടുവിലത്തെ ശക്തനായ രാജാവ് യെരോബെയാം -II. ഇദ്ദേഹം ഭരിക്കും എന്നു പ്രവചിക്കപ്പെട്ടിരുന്നു. യേഹുവിന്റെ വഴിയില് വന്ന നാലാമത്ത രാജാവ് ഇവനാണ് (നോക്കുക - 2 രാജാക്കന്മാര് 10:30). ഇവന് നീണ്ട കാലം രാഷ്ട്രീയ സ്ഥിരതയോടെ ഭരിച്ചു (786-746 B.C.)
II. യെരോബെയാം-II മരിച്ചശേഷം ഇരുപത്തഞ്ചു വര്ഷത്തിനുള്ളില് ആറ് രാജാക്കള് ഭരിച്ചു.
a. സെഖര്യാവ് (2 രാജാക്കന്മാര് 15:8-12). ആറ് മാസം മാത്രം ഭരിച്ച അവനെ കൊല ചെയ്തു.
b. ശല്ലും (2 രാജാക്കന്മാര് 15:13-15). ഒരു മാസം മാത്രം ഭരിച്ച അവനെ കൊല ചെയ്തു.
c. മെനഹേം (2 രാജാക്കന്മാര് 15:16-22). ഇവന് 10 വര്ഷങ്ങള് ഭരിച്ചു, പക്ഷേ തിഗ്ലാത്-പൈല്സര്III ന്നു ഇവന് കപ്പം കൊടുത്തു.
d. പെക്കഹ്യാവ്(2 രാജാക്കന്മാര് 15:23-26). രണ്ടു വര്ഷം ഭരിച്ചശേഷം ഇവന് കൊല്ലപ്പെട്ടു.
e. പെക്കാഹ് (2 രാജാക്കന്മാര് 15:27-21). അഞ്ചു വര്ഷം ഭരിച്ചശേഷം ഇവന് കൊല്ലപ്പെട്ടു. പല പട്ടണങ്ങളും നഷ്ടപ്പെട്ടു അസ്സരീയരുടെ കൈവശമായി.
f. ഹോശേയ (2 രാജാക്കന്മാര് 15:30, 17:1-6). ഒമ്പതു വര്ഷം ഭരിച്ചശേഷം ഇവനെ അസ്സരിയര് പിടിച്ചു കൊണ്ടുപോയി കാരാഗ്രഹത്തില് അടച്ചു. ശമര്യ 722ല് വീണപ്പോഴാണ് ഇതു സംഭവിച്ചതു.
III. എട്ടാം നൂറ്റാണ്ടില് പലസ്തീനെ ബാധിച്ച അസ്സരിയ, ബാബിലോന്യ ആക്രമണങ്ങളെ കുറിച്ചുള്ള വളരെ സംക്ഷിപ്തമായ വിവരം:
a. ടൈഗ്രിസ്-യൂപ്രട്ടിസ് സാമ്രാജ്യമായ അസ്സരിയ എഴുന്നേറ്റപ്പോള് നാലാം നൂറ്റാണ്ടിന് പ്രവാചകന്മാര് സജീവമായിരുന്നു. ഈ ക്രൂര ദേശം തന്റെ ജനങ്ങളെ, വിശേഷാല് യിസ്രായേലെ ന്യായംവിധിപ്പാന് ദൈവം ഈ ക്രൂര ദേശത്തെ ഉപയോഗിച്ചു. ഈ സംഭവത്തോടുകൂടി യോര്ദാനെ കടന്നു രാഷ്ട്രീയ സൈനിക ഉടമ്പടി ഉണ്ടായി, അതാണ് സിരിയ-എഫ്രായീം ഉടമ്പടി (735 B.C.). സിരിയയും യിസ്രായേലും ചേര്ന്നു യൂദയെ അസ്സരിയ ദേശത്തിന്നു വിരോധമായി വരാന് നിര്ബന്ധിച്ചു. എന്നാല് ആഹോസ് അസ്സരിയ തനിക്കു സഹയത്തിനായി വരാന് അഭ്യര്ത്ഥിച്ചു കത്തയച്ചു. സാമ്രാജ്യത്തെ വികസിക്കാന് വിചാരിച്ച ശക്തിനായ അസ്സരിയ രാജാവ് ടിഗ്ലാത്-പൈല്സര് (745-272 B.C.), സൈനിക വെല്ലുവിളിയെ ഏറ്റു സിരിയയെ ആക്രമിച്ചു. പിന്നീട് യിസ്രായേലില് ഉണ്ടായ അസ്സരിയ പാവ രാജാവായ ഹോശേയ (732-722 B.C.), കലഹംചെയ്തു, ഈജിപ്ത്തിന്റെ സഹായം ആവശ്യപ്പെട്ടു. ഷല്മനേസര്-ഢ (727-722 B.C.) യിസ്രായേലിനെ വീണ്ടും ആക്രമിച്ചു. യിസ്രായേലെ കീഴടക്കുന്നതിന്നു മുമ്പേ ഇവന് മരിച്ചു. ഇവന്റെ പിന്ഗാമിയായ സര്ഗോന് II (722-705 B.C.), യിസ്രായേലിന് തലസ്ഥാനമായ ശമര്യയെ 722 B.C.യില് പിടിച്ചു. നേരത്തെ തിഗ്ലാത്-പൈല്സര് ആയിര കണക്കില് യിസ്രായേല്യരെ പ്രവാസത്തിലേക്ക് 732 B.C.യില് കൊണ്ടുപോയി. ഇപ്പോഴോ അസ്സരിയ 27,000 യിസ്രായേല്യരെ നാടുകടത്തി.
b. ആഹാസ് മരിച്ച ശേഷം (735-715 B.C.) അസ്സരിയ ദേശത്തിന്നു എതിരായി യോര്ദാന് അക്കരെയുള്ള രാജ്യങ്ങളും ഈജിപ്തും തമ്മില് മറ്റൊരു സൈനിക ഉടമ്പടിചെയ്തു (714-711 B.C.). ഇതിനെ "അഷ്ദാദ് കലഹം" എന്നു വിളിക്കുന്നു. അസ്സരിയ വീണ്ടും ആക്രമിച്ചതിനാല് പല യഹൂദ പട്ടണങ്ങളും നശിച്ചുപോയി. തുടക്കത്തില് ഹിസ്ക്കീയാരാജാവ് ഇതിനെ ആദരിച്ചുവെങ്കിലും, പിന്നീട് അവന് സഹയത്തെ പിന്വലിച്ചു.
c. എങ്കിലും, ശക്തമായ അസ്സരിയ രാജാവായ സര്ഗാന്-II , 750 B.C.യില് മരിച്ചപ്പോള്, അസ്സരിയ സാമ്രാജ്യത്തു പല സ്ഥലത്തും കലാപം ഉണ്ടായി. ആ അവസ്ഥയെ മുതലാക്കി മറ്റൊരു ഉടമ്പടിക്കു ശ്രമിച്ചു. ഹിസ്ക്കീയാവ് ഈ കലാപത്തില് പൂര്ണ്ണമായി പങ്കെടുത്തു. ഈ വെല്ലുവിളിയെ ഏറ്റെടുത്തു സെന്നഹെരീബ് (750-681 B.C.) സൈന്യത്തോടുകൂടെ പലസ്തീനെ ആക്രമിക്കാന് വന്നു (701 B.C.) യെരുശേലേമില് പാളയമിറങ്ങിയെങ്കിലും (2 രാജാക്കന്മാര് 18-19; യെശയാവ് 36-39) അത്ഭുതമായ് ദൈവത്താല് ആ സൈന്യം സര്വസംഹാരമായി. എത്ര പ്രാവശ്യം സെന്നഹരീബ് പലസ്തീനത്തെ ആക്രമിക്കാന് വന്നു എന്ന ചില ചോദ്യങ്ങള് പണ്ഡിതന്മാരിടയില് ഉണ്ടു (ഉദാഹരണം: ജോന് ബ്രൈട്ട് 701 B.C. യില് ഒരു പ്രാവശ്യം എന്നു പറയുമ്പോള്, 688 B.C. യില് മറ്റൊരു ആക്രമണം നടന്നതായി സാധ്യതയുണ്ടു. cf. **p.** 270). അസ്സരിയ ദേശത്തെ കീഴടക്കിയപ്പോള് ഹിസ്ക്കീയാവെ വിട്ടുവച്ചു, പക്ഷേ ബാബിലോനില് വന്ന പ്രതിനിധിസംഘത്തോടു യഹൂദയുടെ എല്ല നിക്ഷേപങ്ങളെയും പ്രദര്ശിപ്പിച്ചതാല്, ബാബിലോനിന്റെ കൈയില് യഹൂദാ വീഴും എന്ന യെശയാവ് പ്രവചിച്ചു (39:1-8). യെരുശലേം 587-586 B.C.യില് നെബൂഖദ്നേസരുടെ കൈയില് വീണു.
d. മാസിഡോനിയ അധിപതിയായ സൈരസ്- II കാലത്തു ദൈവ ജനങ്ങള് യഥാസ്ഥാനത്താകും എന്നു യെശയാവ് പ്രവചിച്ചു (41:2-4; 44:28; 45:1; 56:11). നിനവേ 612 B.C.യില് ബാബിലോന്റെ

കൈയില് വീണു. പക്ഷേ സൈരസിന്റെ സൈന്യം 539 B.C.യില് ബാബിലോനെ കീഴടക്കി. യെഹൂദര് അടക്കം എല്ലാ പ്രവാസികളും മാതൃ ദേശത്തേക്കു മടങ്ങി വരേണം എന്നു സൈരസ് 538 B.C.യില് കല്പന പുറപ്പെടുവിച്ചു.

## VII. സാഹിത്യപരമായ ഏകകം

A. രാജ്യങ്ങള്ക്കു എതിരായ ആരോപണങ്ങള് 1:1-2:3 (2:16 തുടങ്ങി)
1. സിറിയാ (ദമ്മേശെക്ക്), 1:3-5
2. ഫിലിസ്തിയാ (ഗസ്സ), 1:6-8
3. ഫോനീസിയാ (സോര്), 1:9-10
4. ഏദോം, 1:11-12
5. അമ്മോന്, 1:13-15
6. മോവാബ്, 2:1-3

B. ദൈവ ജനങ്ങളുടെമേല് വിശേഷാല് ചുമത്തപ്പെടുന്ന കുറ്റങ്ങള്, 2:4-6:14
1. യഹൂദ, 2:4-5
2. യിസ്രായേല്, 2:6-6:14 (യിസ്രായേല്മേല് വരുന്ന ശിക്ഷയുടെ പശ്ചാത്തലം 6 :14 ഊടെ)

C. ന്യായവിധിയിന് ദര്ശനങ്ങള്, 7:1-9:10
1. വെട്ടുക്കിളികള്, 7:1-3
2. തീ, 7:4-6
3. തൂക്കുകട്ട 7:7-17
4. വേനല്കാല പഴം, 8:1-14
5. തിരുനിവാസത്തിന്റെ നാശം, 9:1-10

D. മശിഹാവിലുള്ള പ്രത്യാശ, 9:11-15

## VIII. പ്രധാന സത്യങ്ങള്

A. മോശയുടെ ഉടമ്പടിയെ ലംഘിച്ചതാല് ദൈവം യിസ്രായേലോട് കോപിച്ചു എന്നു ആമോസ് ബോധ്യപെടുത്തുന്നു. വ്യക്തിപരമായ വിശ്വാസവും, സമുദായം മൊത്തതില് ഒന്നായി അനുസരിക്കേണ്ട കടപ്പാടും തമ്മില് പഴയ നിയമത്തില് ഉള്ള വ്യത്യാസങ്ങളെ നാം മനസ്സിലാക്കേണ്ടതു ആവശ്യമാണ്. യിസ്രായേലെ പോലെ നമുക്കും സമുദായ പാപം ഉണ്ടു, എങ്കിലും, അടിക്കടി നമ്മുടെ ചിന്തയില് രണ്ടു ആദര്ശങ്ങള് നിലവിലിരിക്കുന്നു:
1. നമ്മുടെ വ്യതിപരമായ അനന്തരമായ ജീവിതവും വിശ്വാസവും;
2. സമുദായമായി നമ്മുടെ പുറമേയുള്ള ജീവിതം.

B. ഈ ലോകത്തിന്മേല് ദൈവത്തിന്റെ പരമാധികാരം ഉണ്ടു. ഇതിന്റെ അടിസ്ഥാനത്തിലാണ്, യിസ്രായേല് ഉടമ്പടിക്കു പരമേയുള്ള ദേശങ്ങളെ യഹോവ ന്യായംവിധിക്കുന്നതു. ഇതിന്റെ അടിസ്ഥാനത്തിലാണ് യിസ്രായേലിന്റെ ഏകദൈവ വിശ്വാസം നിലകൊള്ളുന്നതു.

C. 2:9-12 വരെയുള്ള വേദഭാഗത്തില്, ചരിത്രത്തില് ദൈവത്തിന്റെ കരണയുള്ള പ്രവര്ത്തികളെ, ദൈവം യിസ്രായേല് ജനങ്ങളെ ന്യായംവിധിച്ചതിന്റെ വെളിച്ചത്തില് കാണാന് കഴിയും. ദൈവം യിസ്രായേല് ജനങ്ങളെ തിരഞ്ഞെടുത്തു ഉടമ്പടിചെയ്തിരിക്കുന്ന കാരണത്താല് അവര്ക്കുള്ള ശിക്ഷ കഠിനമത്രേ. ഈ വാക്യത്തെ ഓര്ത്തിരിക്കണം, “വളരെ ഏറ്റുവാങ്ങിയവനോടു അധികം ചോദിക്കും” (cf. ലൂക്കോസ് 12:48)

D. അധ്യായം 5, വിശ്വാസത്തെയും ജീവിത്തെയും തമ്മില് പിരിക്കാന് കഴിയാത്തവണ്ണം ബന്ധിക്കുന്നു! ധനവാന്മാര് പാവപ്പെട്ടവരെ ചൂഷണം ചെയ്യുന്നതിനെ ആമോസ് നിന്ദിക്കുകയാണ്.

E. യിസ്രായേല് തെറ്റി താഴെ പറയുന്ന കാര്യങ്ങളില് വിശ്വസിച്ചിരുന്നു:
1. തങ്ങളുടെ മതത്തില് (cf. 4:4-5; 5:21-23).
2. തങ്ങളുടെ സാമ്പത്തിക സമൃദ്ധിയില് (cf. 6:1ff.)
3. തങ്ങളുടെ സൈന്യത്തില്, (cf. 2:14-16; 6:1യ, 13).

F. യിസ്രായേല് അവിശ്വസ്തത കാണിച്ചുവെങ്കിലും, അതന്റെ മധ്യേ ദൈവത്തിന്റെ ഉടമ്പടിയില്, ദൈവത്തിന്റെ മശിഹായില് പ്രത്യാശ ഉണ്ടു, 9:8b-15.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
1. "ഭൂകമ്പം," 1:1 (NASB & NIV)
2. "മതിലുകള്," 1:7 (NIV, "കോട്ടമതില്")
3. "ചെങ്കോല്," 1:8 (NASB & NIV)
4. "എദോം രാജാവിന്റെ അസ്ഥികളെ ചുട്ടു...," 2:1 (NASB & NIV)
5. "ഒരു കൂട്ട ചെരിപ്പിന്നും വിറ്റുകളഞ്ഞിരിക്കുന്നു," 2:6; 8:6 (NASB & NIV)
6. "ബലിപീഠത്തിന്റെ കൊമ്പുകള്," 3:14 (NASB & NIV)
7. "ദന്തഭവനങ്ങള്," 3:15 ( NIV "ദന്തത്താല് അലങ്കരിച്ച വീടുകള്")
8. "ഞാന് നിരസിച്ചു നിങ്ങളുടെ പെരുനാളുകളെ തള്ളിക്കളയുന്നു," 5:21 (NASB & NIV)
9. "തടിച്ച മൃഗങ്ങള്," 5:22 (ഉന്നത കൂട്ടായ്മയുടെ കാഴ്ചദ്രവ്യങ്ങള്)
10. "തൂക്കുകട്ട," 7:7 (NASB & NIV)
11. "ശമര്യയുടെ അകൃത്യങ്ങള്," 8:14 (NIV, "ശമര്യയുടെ ലജ്ജ")

B. വ്യക്തികള്:
1. വ്രതസ്ഥന്മാര്, 2:12
2. ബാശാന്യ പശുക്കള്, 4:1
3. കൂലിക്കായി വിലപിക്കുന്നവര്, 5:16 (NIV , "വിലപിക്കുന്നവര്")
4. സിക്കുത്, 5:26 (NIV, "കോവില്")
5. കിയ്യുന്, 5:26 (NIV, "പീഠം")
6. അമസ്യാവ്, 7:10
7. യൊരോബെയാം കക, 7:10
8. ദര്ശകന്, 7:12

## X. ഭൂപട സ്ഥലങ്ങള്

1. തെക്കോവ, 1:1
2. കര്മ്മേല്, 1:2
3. ഗിലെയാദ,് 1:3
4. ഗസ്സ, 1:6
5. അസ്തോദ്, 1:8
6. അസ്കലോന്, 1:8
7. എക്രോന്, 1:8
8. തേമാന്, 1:12
9. ബൊസ്രാ, 1:12
10. രബ്ബ, 1:14
11. ബേഥേല്, 4:4
12. ഗില്ഗാല്, 4:4
13. സോദോം, 4:11
14. ബേര്-ശേബ, 5:5
15. ഹമാത്ത്, 6:14
16. ദാന്, 8:14

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. ആമോസ് ഒരു സാധുവായ കൃഷിക്കാരനോ അല്ലെങ്കില് ഒരു ധനികനായ വ്യാപാരിയോ?
2. വ്യക്തിപരമായ പാപങ്ങള് അല്ലെങ്കില് സമുദായത്തിന്റെ ഏകോപിച്ച പാപങ്ങള് - ഇവയില് ഏതിനാണ് നമ്മള് ഉത്തരവാദി?
3. 3:2-8 ഈ വേദഭാഗം ഊന്നിപറയുന്ന വിഷയം എന്താണ്?
4. ബേഥേലിനെയും ഗില്ഗാലിനെയും എന്തുകൊണ്ടു ശാസിക്കുന്നു? 4:4-5 ഈ വേദഭാഗത്തില് കാണുന്ന മതപരമായ കാര്യങ്ങളെ എന്തുകൊണ്ടു ശാസിക്കുന്നു?

5. എന്തുകൊണ്ടു ദൈവം യിസ്രായേലിന്റെ ബലികളെ തള്ളിക്കളഞ്ഞു?


6. 5:25-26 ഈ വേദഭാഗത്തെ വ്യാഖ്യാനിക്കുന്നതു പ്രയാസമാണ്. എന്തുകൊണ്ടു?


7. ബലി ഏര്പ്പാടിനെ ആമോസ് കുറ്റമായി പറയുന്നുവോ?

8. ദൈവം തന്റെ മനസ്സിനെ മാറ്റുമോ?

9. പാപക്ഷമയോടു മാനസാന്തരം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? (അധ്യായം 7)

10. ദൈവത്തിന്റെ ന്യായവിധി തല്കാലത്തേക്കാണോ അല്ലെങ്കില് മരണശേഷവും ഉള്ളതാനോ?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# ഒബദ്യാവ് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പ്രവാചകന്റെ പേരില് അറിയപ്പെടുന്നു

B. ഈ പേരിന്റെ അര്ത്ഥം "യഹോവയുടെ ദാസന്"

C. ഈ പേര് എബ്രായരുടെ ഇടയില് സാധാരണമായി കാണുന്ന പേരാണ്. (നോക്കുക - 1 രാജാ.18:3; 1 ദിന. 3:12; 7:3; 8:38; 9:16,44; 12:9; 27:19; 2ദിന. 17:7; 34:12; എസ്രാ 8:9; നെഹമ്യാവ് 10:5; 12:25

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. "പിമ്പത്തെ പ്രവാചകന്മാര്" എന്ന വിഭാഗത്തില് വരുന്ന പുസ്തകമാണ്. (Ecclesiasticus 49:10)

B. ചെറിയ പ്രവാചകന്മാര് എല്ലാവരും അടങ്ങിയ "പന്ത്രണ്ടു പേര്" എന്ന പുസ്തകത്തില് ഇതു വരുന്നു (ബാബാ ബത്രാ 14b).
   1. യെശയാവ്, യിരമ്യാവ്, ഹിസ്ക്കീയേല് പോലെ ഇതു ഒറ്റ തോല്ചുരുളില് എഴുതപ്പെട്ടതാണ്.
   2. പന്ത്രണ്ടു എന്ന അക്കം പന്ത്രണ്ടു ഗോത്രങ്ങള്ക്ക് അടയാളമായിരിക്കുന്നു.
   3. വേദത്തില് ഒരോ പുസ്തകവും എഴുതിയ കാലക്രമത്തെ കുറിച്ചുള്ള പാരമ്പര്യത്തോടു യോജിക്കുന്നു.

C. ചെറിയ പ്രവാചകന്മാര് അല്ലെങ്കില് "പന്ത്രണ്ടു പ്രവാചകന്മാര്" എന്നതില് എഴുതിയ പുസ്തകങ്ങളിന് കാലക്രമത്തോടു പണ്ടിതന്മാര് യോജിച്ച ക്രമം വരുന്നുണ്ടു. എങ്കിലും, ഈ വീക്ഷണത്തില് പ്രശ്നം ഉണ്ട്:
   1. ആദ്യത്തെ 6 പുസ്കങ്ങള് MT യിലും LXX യിലും വരുന്ന ക്രമത്തില് വ്യത്യാസമുണ്ടു.

| MT | LXX |
|---|---|
| ഹോശയാ | ഹോശയാ |
| യോവേല് | ആമോസ് |
| ആമോസ് | മീഖാ |
| ഒബദ്യാവ് | യോവേല് |
| യോനാ | ഒബദ്യാവ് |
| മീഖാ | യോനാ |

   2. പുസ്തകത്തില് അകത്തു കാണുന്ന തെളിവ് അനുസരിച്ച് ഹോശയ പുസ്തകത്തിന്നു മുമ്പു ആമോസ് വരുന്നു.
   3. യോവേല് പുസ്തകം എഴുതപ്പെട്ട കാലത്തെ കുറിച്ചു വളരെ ചര്ച്ചകള് ഉണ്ടു. ഒബദ്യാവോടു ചേര്ത്തു ഞാന് ആ പുസ്തകത്തെ പ്രവാസക്കാലത്തിന്നു പിമ്പുള്ളതായി പട്ടികയില് കാണിച്ചിരിക്കുന്നു.

## III. സാഹിത്യ ശൈലി

എബ്രായ ഭാഷയില് പ്രവാചക ഉത്തമസാഹിത്യ കവിത.

## IV. എഴുത്തുക്കാരന്

A. ഈ പ്രവാചകനെ കുറിച്ച് ഒന്നും അറിയുന്നില്ല.

B. പല സിദ്ധാന്തങ്ങള്:
   1. സന്ഹെതരിന് 39b (Talmud) പറയുന്നത് 1 രാജാക്കന്മാര് 18:3-16ന് പ്രകാരം ഇദ്ദേഹം ആഹാബ് രാജാവിന്റെ ദാസനാണ്.
   2. സ്യൂഡോ-എപിഫാനിയസ് (ആതിമ സഭാ) താന് എഴുതിയ "പ്രവാചകന്മാരുടെ ജീവിതം" എന്ന പുസ്തകത്തില്, 2 രാജാക്കന്മാര് 1:12ffല് വരുന്ന രാജാവായ ആഹസിയാവിന്റെ ഒരു ശ്രേഷ്ഠ സൈനിക അധികാരിയായ് ഒഭദ്യാവ് ഇരുന്നു (842 B.C.) എന്നു പറയുന്നു.
   3. (586 B.C. യില് നെബുഖദ്നേസര്-II അല്ലെങ്കില് ബാബിലോന്) യെരുശലേമിനെ സംഹരിച്ചപ്പോള് അതിനെ നേരില് കണ്ട സാക്ഷിയാണ് ഒബദ്യാവ് എന്നു പറയുന്നു.

C. ഈ പേര് ഒരു തലകെട്ടായിരിക്കാം.

## V. എഴുതിയ കാലം

A. ഈ പുസ്തകം ഭാഷ രീതിയില് യെരമ്യാവ് 49:7-12 (ഒബദ്യാവ് വാക്യങ്ങള് 1-9), യോവേല് 2:32 (ഒബദ്യാവ് വാക്യം 10) എന്നീ ഭാഗങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു:
   1. ഇ.ജെ. യെങ് പുസ്തകങ്ങളെ ഇങ്ങനെ ക്രമപ്പെടുത്തുന്നു: ഒബദ്യാവ്, യിരമ്യാവ്
   2. ആര്.കെ. ഹേരിസ്സന് പുസ്തകങ്ങളെ ഇങ്ങനെ ക്രമപ്പെടുത്തുന്നു: യിരമ്യാവ്, ഒബദ്യാവ്, (450 B.C.)യോവേല് (400 B.C.). പ്രവാസകാലം കഴിഞ്ഞതിന്റെ തൊട്ടടുത്തു ഇതു എഴുതപ്പെട്ടിരിക്കുന്നു.
   3. കെയില് പുസ്തകങ്ങളെ ഇങ്ങനെ ക്രമപ്പെടുത്തുന്നു: ഒബദ്യാവ്, യോവേല്, യിരമ്യാവ്

B. യഹൂദ ദേശം ആക്രമിക്കല്, ഏദോം യെരുശലേമിനെ ഉപദ്രവിക്കല് എന്നീ സംഭവങ്ങള് ഈ പുസ്തകത്തോടു ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ളതു വ്യക്തമാണ്. എഴുയിരിക്കാന് സാധ്യമായ ചില കാലങ്ങള്:
   1. രെഹോബെയാമിന്റെ അഞ്ചാം വര്ഷത്തില് ഷിഷാക് എന്ന ഈജിപ്തിയ ഫാരവോന് യെരുശലെമെ പിടിച്ചെടുത്തപ്പോള്, 922-915 B.C. (നോക്കുക - 1 രാജാ. 14:25-28; 2 ദിനവൃ. 12:2-10).
   2. യെഹോരാം ഭരിച്ചപ്പോള്, അരബിക്കളും ഫിലിസ്തിയരും യെരുശലെമെ പിടിച്ചെടുത്തപ്പോള്, 849-842 B.C. (നോക്കുക 2 രാജാ. 8:20ff; 2ദിന. 21:16-17; 22:1).
   3. യോവാശ് ഭരിച്ച കാലത്തു സിറിയര് യെരുശലെമെ പിടിച്ചപ്പോള്, 837-800 B.C. (നോക്കുക 2 ദിന. 24:23-24).
   4. അമസിയാ രാജാവിന്റെ ഭരണകാലത്തു ഏദോം തോറ്റപ്പോള് യിസ്രായേല് (യോഹോവാഹോസ്) അതിനെ പിടിച്ചെടുത്തപ്പോള് (നോക്കുക- 2 രാജാ. 14:7-14 (842 B.C.)
   5. ഏദോം യഹൂദയെ ആക്രമിച്ചപ്പോള് (നോക്കുക 2 ദിന. 28:17; 19:8-9; 2രാജാ. 16:1-20).
   6. പല പ്രാവശ്യം നെബുഖദ്നേസര് യെരുശലേമിനെ ആക്രമിച്ച കാലത്തു, 605, 597, 586, 582 B.C. :
      a. 605 B.C. യെഹോയാക്കിന്റെ ഭരണം (നോക്കുക - ദാനിയോല് 1:1-2)
      b. 597 B.C. യെഹോയാക്കീന്റെ ഭരണം (നോക്കുക - 2 രാജാ. 24:8-17; 2ദിന. 36:9-10 ഹിസ്കിയേല്).
      c. 586 B.C. സിദെക്കീയാവ് ഭരണം (നോക്കുക - 2 രാജാ.24:18-25:21; 2 ദിന. 36:11-21; വിലാപങ്ങള്; സങ്കീര്. 137:7)
      d. 582 B.C. ഗെദല്യാവ് എന്ന ബാബിലോനിയ ഗവര്ണര് (നോക്കുക - 2 രാജാ. 25:22-26)

C. പണ്ടിതന്മാര് ശുപാര്ശചെയ്യുന്ന രണ്ടു കാലഘട്ടമുണ്ടു:
   1. യെഹോരാമിന്റെ ഭരണത്തിന്റെ തുടക്കകാലം (849-842 B.C. ) എന്തുകൊണ്ടന്നാല്:
      a. “പന്ത്രണ്ടു പ്രവാചകന്മാര്” എന്ന പുസ്തകത്തില് ഇതിന്റെ സ്ഥാനം
         (1). 8-ാം നൂറ്റാണ്ടില് ഉള്ള ക്രമം: ആമോസ്, ഹോശെയ, മീഖാ, (യോവേല്?) ഒബദ്യാവ്
         (2). 7-ാം നൂറ്റാണ്ടില് ഉള്ള ക്രമം: നാഹൂം, ഹബ്ബഹൂക്ക്, സെഫന്യാവ്
         (3). പ്രവാസകാലത്തിന്നു പിമ്പുള്ള ക്രമം: ഹഗ്ഗായി, സെഖരിയാവ്, മലാഖി
      b. ദൈവാലയം തകര്ക്കപ്പെട്ടതിനെ കുറിച്ച് ഒബദ്യാവില് ഒന്നും പറയുന്നില്ല.
      c. ഇതില് പറഞ്ഞിട്ടുള്ള രാജ്യങ്ങളൊക്കെ പ്രാവസകാലത്തിന്നു പിമ്പുള്ളതല്ല, മറിച്ചു പ്രവാസകാലത്തിന്നു മുമ്പുള്ളതാണ്.
      d. എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്മാര് രേഖപ്പെടുത്തിട്ടുള്ള അതേ പാപങ്ങളാണ് ഇവിടേയും പറഞ്ഞിട്ടുള്ളതു.
      e. അരാമിക് ഭാഷയില് ഉള്ള വാക്കുകളോ, ഭാഷാശൈലിയോ, പ്രയോഗശൈലിയോ ഈ പുസ്തകത്തില് ഉപയോഗിച്ചിട്ടേയില്ല.

   2. നെബൂഖദ്നേസര്-II യെരുശലേമെ ആക്രമിച്ച കാലത്തോടു ഈ പുസ്തകം എഴുതിയ കാലം ബന്ധപ്പെട്ടിരിക്കുന്നു.
      a. വാക്യങ്ങള് 11-14 586 B.C. യില് യെരുശലേം വീണ കാലത്തോടു പൊരുത്തമായിരിക്കുന്നു.
      b. ഈ ആക്രമത്തില് ഏദോം പങ്കാളിയായിരിന്നു.
         (1). യഹൂദയുടെ വീഴ്ച്ചയില് ആനന്ദിച്ചു
            (a) സങ്കീര്ത്തനങ്ങള് 137:7
            (b) വിലാപങ്ങള് 2:15-17; 4:21
            (c) യെഹസ്ക്കിയേല് 36:2-6
            (d) 1 എസ്ഡ്രാസ് 4:45, 50
         (2). യഹൂതയുടെ വീഴ്ച്ചയില് സഹായിച്ചു:
            (a) യെഹസ്ക്കിയേല് 25:12-14
            (b) യെഹസ്ക്കിയേല് 35:1-15

## VI. ചരിത്രപരമായ പശ്ചാത്തലം

A. പ്രവചനത്തിന്റെ ആശയം ഏദോമാണ്, വചനങ്ങള് 1-9, 18, 21

1. യാക്കോബിന്റെ സഹോദരനായ ഏശാവ് മൂലം ഉണ്ടായതാണ് ഏദോം എന്ന ദേശം, ഇതു ചാവ് കടലിന്നു കിഴക്കാണ് (നോക്കുക - ഉല്പത്തി 25-29; 32-33). ഏദോം എന്ന പേരിന് ചുവപ്പു എന്നു അര്ത്ഥം, ഏശാവ് രോമമുള്ളവനായിരുന്നു (നോക്കുക- ഉല്പത്തി 25:25,30).
2. ഏദോമിനെ ബഹുമാനിക്കണം എന്നു യിസ്രായേലിന്നു കല്പന നല്കിയിട്ടുണ്ടു (നോക്കുക - ആവര്. 23:7)
3. യിസ്രായേല്, ഏദോം തമ്മില് പ്രശ്നങ്ങള് തുടര്ന്നുകൊണ്ടിരുന്നു:
    a. സംഖ്യാ പുസ്തകം 20:14-21
    b. ന്യായാധിപന്മാര് 11:16-17
    c. 1 ശമുവേല് 14:47-48
    d. 2 ശമുവേല് 8:14
    e. 1 രാജാക്കന്മാര് 11:14-25
    f. 2 രാജാക്കന്മാര് 14:22; 16:5-6
    g. 2 ദിനവൃത്താന്തം 20:10-30; 21:8ff
    h. ആമോസ് 1:6,
4. ഏദോമിന്നു എതിരായിട്ടുള്ള മറ്റു പ്രവചനങ്ങള്:
    a. യെശയാവ് 34:5ff; 63:1ff
    b. യിരമ്യാവ് 49:7-22
    c. വിലാപങ്ങള് 4:21-22
    d. യെഹസ്ക്കിയേല് 26:12ff 35:1ff 36:2-6
    e. ആമോസ് 1:11-12
5. ഏദോം താഴെ പറയുന്ന കാരണത്തലാല് ശാസിക്കപ്പെട്ടു
    a. അതിന്റെ പെരുമ വചനങ്ങള് 3-4
        (1). ഭൂമിശാസ്ത്രപ്രകാരമുള്ള സുരക്ഷ
        (2). രാഷ്ട്രീയ ഉമ്പടികളും സൈന്യ ശക്തിയും
        (3). വാണിജ്യ സാമ്പത്തികം
        (4). പാരമ്പര്യ ജ്ഞാനം
    b. തന്റെ ചാര്ച്ചക്കാരനായ യഹൂദയെ എതിര്ത്തതു, വാക്യങ്ങള് 10-14
        (1). യെരുശാലമിന്റെ വീഴ്ച്ചയില് ആനന്ദിച്ചു (വിലാ. 2:15-17; 4:21)
        (2). സഹായിക്കാതെ തള്ളിയത് (വചനം. 15)
        (3). ശത്രുവിന്റെ സജീവമായ പിന്തുണ (വചനം.14)
        (4). യഹൂദയുടെ സമ്പത്തിനെ തട്ടിയെടുത്തത്. (യിരമ്യാവ് 13:19)
    c. യഹോവയെ ത്യജിച്ചതും പുച്ഛിച്ചതും (വാക്യം 16)

B. ദൈവത്തിന്നും ദൈവത്തിന്റെ ജനങ്ങള്ക്കും വിരോധമായി കലഹിക്കുന്ന എല്ലാ രാജ്യങ്ങള്ക്കും ഏദോം ഒരു അടയാളമായിരിക്കുന്നു, വചനങ്ങള് 15-21 (നോക്കുക - സങ്കീ.2)

C. ചരിത്രത്തില് നിറവേറിയ പ്രവചനങ്ങള്

1. നിയോ-ബാബിലോന് 580B.C. യില്, അതായതു യെരുശലേം വീണു അഞ്ചു വര്ഷത്തിന്നുശേഷം ഏദോമിനെ നാശിപ്പിച്ചു.
2. നബാടിയന് അറബികളാല് പെറ്റര്ാവിനാല് 550-449 B.C.യില് ഏദോമിനെ അതിന്റെ സ്ഥാനത്തുനിന്നു നീക്കിക്കളഞ്ഞു. (നോക്കജശ - മലാഖി 1:2-5). നെഹമ്യാവിന്റെ ചുറ്റുമിരുന്ന ശത്രുക്കളുടെ പേര് പട്ടികയില് ഏദോമിന്റെ പേര് ഇല്ല, പക്ഷേ അറബി ഗോത്രങ്ങള് ഇവരെ സ്ഥാനത്തുനിന്നു മാറ്റി. ഏദോം നെഗേവിലേക്കു മാറി.
3. 312 B.C.യില് അലെക്സാന്തരുടെ പടത്തലവനായിരുന്ന ആന്റിഗോനസ്സാല് ഏദോം തോല്പ്പിക്കപ്പെട്ടു. (ഡയോഡോരസ് സെക്കൂലസ്സില് രേഖപ്പെടുത്തിയിരിക്കുന്നു.)
4. യൂദാ മേക്കബേയസിന് നെഗേവിനാല് 175 B.C.യില് ഏദോം തോല്പ്പിക്കപ്പെട്ടു. (നോക്കുക - 1 മേക്കബേയസ് 5:3,15: 2 മേക്കബേയസ് 10:15; ജോസഫസിന്റെ The Antiquities of the Jews എന്ന പുസ്തകം 12:8:1 13:9:1)
5. 125 B.C.യില് ജോന് ഹിര്കേനസ് യഹൂദമതത്തെ പിമ്പറ്റേണം എന്നു ഏദോമിനെ നിര്ബന്ധിച്ചു. ഇവരെ ഇപ്പോള് ഇദുമേയര് എന്നു വിളിക്കുന്നു.
6. അ.ഉ.70ല് റോമ ജനറലായ തീത്തോസ് ഇദുമേയുടെ സ്വാധീനത്തെ മുറ്റും ഇല്ലാതാക്കി.

## VII. സാഹിത്യപരമായ ഏകകം

ആലന് അവര്കള് എഴുതിയ The New International Commentary യില് "യോവേല്, ഒബദ്യാവ്, യോനാ, മീഖാ" എന്നിവയുടെ തുടര്ച്ചയായ വിവരം നല്കുന്നു. അതില് പക്കം 142ല് നിന്നു എടുക്കപ്പെട്ടവയാണ് താഴെ കാണുന്നവ.

A. ഏദോമിന്റെ നാശം (2-9)
   1. ഏദോമിന്റെ വീഴ്ച്ച (2-4)
   2. ഏദോം മുറ്റും തോല്പിക്കപ്പെടല് (5,6)
   3. ഏദോമിനോടു ഉടമ്പടിചെയ്തവരുടെ വിശ്വാസവഞ്ചന (7)
   4. ഏദോമിന്നു ജ്ഞാനവും പടയാളികളും നഷ്ടമാകുന്നതു (8,9)

B. ഏദോമിന്റെ ദുഷ്പ്രവര്ത്തി (10-14,15b)
   1. ഏദോമിന്റെ സഹോദരസ്നേഹം ഇല്ലായ്മ (10,11)
   2. ഏദോമിന്റെ പരിഹാസം (12)
   3. ഏദോമിന്റെ ലംഘനം (13)
   4. ഏദോമിന്റെ കൂട്ടുകെട്ടും പകരംവീട്ടപ്പെടലും (14,15 b)

C. യഹോവയുടെ നാളില് ഏദോം (15a, 16-21)
   1. യഹോവയുടെ നാള് (15a, 16)
   2. ശേഷിച്ചവരുടെ പ്രവര്ത്തനം (17,21)
   3. യൂദയുടെ തീയും ഏദോമിന്റെ കൊയ്ത്തുകഴിഞ്ഞനിലവും (18)
   4. ദേശത്തെ വീണ്ടെടുക്കല് (19,20)

## VIII. പ്രധാന സത്യങ്ങള്

A. ദൈവത്തിന്റെ ശത്രുക്കളും ദൈവ ജനത്തിന്റെ ശത്രുക്കളും ശിക്ഷിക്കപ്പെടും. കലഹത്തിനും, അവിശ്വാസത്തിനും ഏദോം ഒരു അടയാളമായിരിക്കുന്നു. (നോക്കുക - വചനം 15)

B. തന്റെ ഉടമ്പടി വാഗ്ദത്ത പ്രകാരം ദൈവം തന്റെ ജനങ്ങളെ മഹിമപ്പെടുത്തും. വിശുദ്ധിയാണ് യഹോവ തന്റെ ജനങ്ങള്ക്കു ലക്ഷ്യമായ് വെച്ചിരിക്കുന്നത്.

C. ഈ ചരിത്ര സാഹചര്യം മാറ്റും. ഏദോം നശിപ്പിക്കപ്പെടും; ദൈവത്തിന്റെ ജനങ്ങള് അനുഗ്രഹിക്കപ്പെടും.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. വാക്കുകളും ഉപവാക്യങ്ങളും
   1. "നീ കഴുകനേപ്പോലെ ഉയരത്തില് കെട്ടിയാലും," 1:4, (NIV, "നീ നക്ഷത്രങ്ങളുടെ ഇടയില് കൂടുവെച്ചാലും")
   2. "നിന്റെ സഹോദരനായ യാക്കോബിനോടു നീ ചെയ്ത സാഹസം നിമിത്തം" 1:10 (NASB & NIV)
   3. "യെരുശലേമിന്നു ചീട്ടിടുകയും" 1:11 (NASB & NIV)
   4. "യഹോവയുടെ നാള് അടുത്തിരിക്കുന്നു" 1:15 (NASB & NIV)

B. വ്യക്തികള്
   1. ഏശാവ്

## X. ഭൂപട സ്ഥലങ്ങള്

1. ഏദോം, 1:1
2. തേമാന്, 1:9
3. സീയോന് പര്വ്വതം, 1:17
4. നെഹെവ്, 1:19, 20 (നെഹെബ്)
5. ഷെഫെലാ, 1:19 (മല അടിവാരം)
6. ഗിലെയാദ്, 1:19


## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്


1. ഒബദ്യാവ് പുസ്തകത്തിന്റെ മുഖ്യമായ സന്ദേശം എന്തു?

2. ഏദോം എന്തുകൊണ്ടു ഏറ്റവും കഠിനമായി ശിക്ഷിക്കപ്പെട്ടു?

3. എല്ലാ രാജ്യങ്ങള്ക്കും ഏദോമിനെ ഒരു അടയാളമായി ഉപയോഗിക്കുന്നുതു എന്തുകൊണ്ടു?

4. പുതിയ നിയമത്തില് ഒബദ്യാവ് എടുത്തുപ്പറയപ്പെടുനുണ്ടോ അല്ലെങ്കില് സൂചനയായി പറയുന്നുണ്ടോ?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്



പാലസ്തീൻ
0 10 20 30 40
SCALE IN MILES

# യോനാ പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. ഈ പുസ്തകം പ്രവാചകന്റെ പേരില് അിറയപ്പെടുന്നു

B. ഈ പേരിന്നു "പ്രാവ്" എന്നു അര്ത്ഥം. യിസ്രായേല് ദേശത്തിന്റെ ഒരു അടയാളമായി ഇതു ഇരുന്നു:
1. സങ്കീര്ത്തനക്കാരന് ഇതിനെ അനുകൂലത്തിന് അടയാളമായി ഉപയോഗിച്ചിരിക്കുന്നു, സങ്കീ. 68:13; 74:19,
2. ഹോശെയ ഇതിനെ പ്രതികൂലമായി ഉപയോഗിച്ചിരിക്കുന്നു, 7:11
3. പ്രേമത്തിന് ഉപമയായി ഉത്തമഗീതത്തില് ഉപയോഗിച്ചിരിക്കുന്നു, 2:14; 5:2; 6:9.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ഈ പുസ്തകം "പിന്നത്തെ പ്രവാചകന്മാര്" എന്ന പുസ്തകത്തിന് ഒരു ഭാഗമാണ് ( Ecclesiasticus 49:10).

B. ചെറിയ പ്രവാചകന്മാര് എല്ലാവരും അടങ്ങിയ "പന്ത്രണ്ടു പ്രവാചകന്മാര്" എന്ന പുസ്തകത്തില് ഇതു വരുന്നു (ബാബാ ബത്രാ 14b).
1. യെശയാവ്, യിരമ്യാവ്, യെഹസ്ഖീയേല് പോലെ ഇതു ഒറ്റ തോല്ചുരുളില് എഴുതപ്പെട്ടതാണ്.
2. പന്ത്രണ്ടു എന്ന അക്കം പന്ത്രണ്ടു ഗോത്രങ്ങള്ക്ക് അടയാളമായിരിക്കുന്നു.
3. വേദത്തില് ഒരോ പുസ്തകവും എഴുതിയ കാലക്രമത്തെ കുറിച്ചുള്ള പാരമ്പര്യത്തോടു ഇതു യോജിക്കുന്നു.

C. ചെറിയ പ്രവാചകന്മാര് അല്ലെങ്കില് "പന്ത്രണ്ടു പ്രവാചകന്മാര്" എന്നതില്, എഴുതിയ പുസ്തകങ്ങളിന് കാലക്രമത്തോടു പണ്ഡിതന്മാര് യോജിച്ച ക്രമം വരുന്നുണ്ടു. എങ്കിലും, ഈ വീക്ഷണത്തില് പ്രശ്നം ഉണ്ട്:
1. ആദ്യത്തെ 6 പുസ്കങ്ങള് MT യിലും LXX യിലും വരുന്ന ക്രമത്തില് വ്യത്യാസമുണ്ടു.

| MT | LXX |
|---|---|
| ഹോസിയാ | ഹോസിയാ |
| യോവേല് | ആമോസ് |
| ആമോസ് | മീഖാ |
| ഒബദ്യാവ് | യോവേല് |
| യോനാ | ഒബദ്യാവ് |
| മീഖാ | യോനാ |

2. പുസ്തകത്തില് അകത്തു കാണുന്ന തെളിവ് അനുസരിച്ച് ഹോശയ പുസ്തകത്തിന്നു മുമ്പു ആമോസ് വരുന്നു.
3. യോവേല് പുസ്തകം എഴുതപ്പെട്ട കാലത്തെ കുറിച്ചു വളരെ ചര്ച്ചകള് ഉണ്ടു. ഒബദ്യാവോടു ചേര്ത്തു ഞാന് ആ പുസ്തകത്തെ പ്രവാസക്കാലത്തിന്നു പിമ്പുള്ളതായി പട്ടികയില് കാണിച്ചിരിക്കുന്നു.

## III. സാഹിത്യ ശൈലി

A. മറ്റു ചെറിയ പ്രവാചകന്മാരില് നിന്നും ഇതു തികച്ചും വ്യത്യസ്തമായിരിക്കുന്നു. 2:2-9 ഈ ഭാഗം ഒഴികെ മറ്റെല്ലാം സാധാരണ ഭാഷയിലാണ് എഴുതപ്പെട്ടുള്ളതു.

B. യോനാ പുസ്തകത്തിന്റെ സാഹിത്യ ശൈലിയെപറ്റി ചര്ച്ചചെയ്തുവരികയാണ്. ഈ പുസ്തകത്തില് വരുന്ന അത്ഭുതകരമായ, പ്രവാചക, ദൈവശാസ്ത്ര അംശങ്ങള് പല പണ്ഡിതന്മാര്ക്കും അസ്വസ്ഥതയായിരിക്കുന്നു. ചിലര് ഇതിനെ ഇങ്ങനെ കാണുന്നു:
1. രൂപക കഥ
2. ഉപമ
3. സൂചകോപദേശം

C. യോനയുടെ പേരും അദ്ദേഹത്തിന്റെ പിതാവിന്റെ പേരും എബ്രായ ഭാഷയില് അപൂര്വമാണ്. ഈ പേരില് ഒരു മനുഷ്യനും അവന്റെ പിതാവും 2 രാജാക്കന്മാര് 14:25ല് രേഖപ്പെടുത്തിട്ടുണ്ടു. അദ്ദേഹം യെരോബെയാം കക(783-743 B.C.) ഭരണകാലത്തില് (783-743 B.C.) ജീവിച്ചു. യോന ഒരു ചരിത്ര പുരുഷന് എന്നു യേശു ചൂണ്ടികാട്ടി, മത്തായി 12:39-40 16:4, ലൂക്കോസ് 11:29.

D. ഒരു ദൈവശാസ്ത്ര സത്യത്തെ ഉപദേശിക്കാന്വേണ്ടി, ഇയ്യോബ് പുസ്തകത്തെപോലെ, യോന പുസ്തകത്തെയും ഒരു ജ്ഞാനി എഴുതിയോ വികസിപ്പിച്ചോ ഇരിക്കാന് സാധ്യതയുണ്ടു. മിക്കവാറും എല്ലാ പ്രവാചകപുസ്തകങ്ങിളും പ്രവാചകന്റെ സന്ദേശം രേഖപ്പെടുത്തിട്ടുണ്ടു, പക്ഷേ യോന പുസ്തകത്തില് 3:4ല് മാത്രമേ അഞ്ചു വാക്കുകളില് പ്രവാചക സന്ദേശം രേഖപ്പെടുത്തിട്ടുള്ളതു.

## IV. എഴുത്തുക്കാരന്

A. പ്രവാചകനാണ് ഇതിന്റെ എഴുത്തുക്കാരന്. ചെറിയ പ്രവാചക പുസ്തകങ്ങളില് തുടക്കത്തില് കാണുന്നതുപോലെ തന്നെ ഈ പുസ്തകത്തിലും ഇദ്ദേഹത്തെ 1:1ല് പരിചയപ്പെടുത്തുകയാണ്.

B. യോനയും അദ്ദേഹത്തിന്റെ പിതാവ് അമിത്ഥായും അപൂര്വമായ എബ്രായ പേരുകളാണ്; ഈ രണ്ടു പേരും 2 രാജാക്കന്മാര് 14:25ല് കാണുന്നു. നസറെത്ത് അടുത്തുള്ള ഗാത്-ഹെഫര് എന്ന സ്ഥലത്തില് നിന്നു വന്ന യോന, യെരോബെയാം-II രാജാവിനോടു പ്രവചിച്ചു.

C. ദൈവശാസ്ത്ര സത്യത്തെ പറയാന്വേണ്ടി, യോബിനെപോലെ ചരിത്ര പുരുഷനായ യോനയുടെ ചരിത്രത്തെ ഒരു ജ്ഞാനി വികസിപ്പിച്ചു എഴുതിയതായിരിക്കാന് സാധ്യതയുണ്ടു. യിസ്രായേല് സൈന്യത്തോടു എന്തുകൊണ്ടു പ്രസംഗിച്ചു എന്നു വിവരം പറയാന് യോനയെ യിസ്രായേല് രാജാവ് വിളിപ്പിച്ചതായിരിക്കാന് സാധ്യതയുണ്ടു. വടക്കന് രാജ്യത്തെ ഒരു രാജകീയ വേദശാസ്ത്രിയായി, അല്ലെങ്കില് പ്രവാചകനായി യോന വിളങ്ങി. എന്തുകൊണ്ടു യോന വൈരുദ്ധ്യമാര്ന്ന വ്യക്തിയായി തോന്നുന്നു എന്നതു ഇപ്പോള് വ്യക്തമായിക്കാണും. യോനയുടെ പ്രതിരോധത്തെ ശ്രദ്ധിച്ചിരുന്ന ഒരു ജ്ഞാനി, അതിനാല് രാജ്യമെങ്ങും ഉണ്ടായ ഇളക്കത്തെ കണ്ടു യോനയുടെ അനുഭവത്തെ രേഖപ്പെടുത്തിയിരിക്കാം (ജോന് ഹേരിസ്, ETBU,1998).

## V. എഴുതിയ കാലം

A. 2 രാജാക്കന്മാര് 14:25ല് കാണുന്ന യോനയാണ് ഇതിന്റെ എഴുത്തുക്കാരനെങ്കില്, 612 B.C. യില് നിനവേ വീണുപോയതിന്നു മുമ്പുള്ള കാലവും, യെരോബെയാം- II (783-743 B.C.) ഭരണംനടന്ന കാലവും ഇത് എഴുതിയ കാലമായി കരുതാം.

B. പലപോഴും യോന പുസ്തകം പിന്നീടാണ് എഴുതപ്പെട്ടതു എന്നു പറയുന്നു, പക്ഷേ ഇങ്ങനെ പറയുന്നതിന്റെ അടിസ്ഥാനം:
   1. ഭാവിയെ കുറിച്ചുള്ള പ്രവചനത്തെ പരിത്യജിക്കല്
   2. ഈ പുസ്തകം ചരിത്രപരമായി വെളിപ്പെടുത്തുന്ന പ്രകൃത്യതീതശക്തിയെ പരിത്യജിക്കല്.
   3. പ്രവാസകാലത്തിന്നു ശേഷം രാജ്യത്തിന്റെ നിഗളത്തെയും നിഷേധകമായ സ്ഥിതിയെയും കണ്ടു സംസാരിക്കുന്നതായി കരുതല്.

## VI. ചരിത്ര പഞ്ചാത്തലം

നിനവേ മാനസാന്തരപ്പെട്ട സംഭവത്തെ കുറിച്ച് രണ്ടു കാലഘട്ടങ്ങള് അസ്സരിയ ചരിത്രത്തില് ഉണ്ടു.
1. അദാദ്-നിരാരി III(810-783 B.C.) കാലത്തില് ഏകദൈവ വിശ്വസത്തെ ജനങ്ങള് സ്വീകരിക്കന്നവരായിരിന്നു.
2. അസ്സുര്ദാന് III (771-754 B.C. ) കാലത്തില് അസ്സരിയയില് വലിയ മഹാമാരി ഉണ്ടായി.

## VII. സാഹിത്യ ഏകകം

A. അധ്യായങ്ങളായി വിഭാഗിച്ചിരിക്കയാല് സംഭവങ്ങള് തുടര്ച്ചിയായി വരുന്നു.

B. ചുരുക്ക രേഖാരൂപം
   1. അധ്യായം 1 - ദൈവത്തിന്റെ ഹിതം ത്യജിച്ചിട്ടു ആ സ്ഥാനത്തു യോനയുടെ ഹിതത്തെ വച്ചു. ദൈവമാണ് ജയാളി!
   2. അധ്യായം 2 - യോന മാനസാന്തരപ്പെട്ടു (കവിത ഭൂത കാലത്തില് എഴുതിയിരിക്കുന്നു, അതു യെരുശലെം ദൈവാലയത്തില് ആരാധിക്കുന്നതിനെ ചിത്രീകരിക്കുന്നു)
   3. അധ്യായം 3 - ദൈവ ഹിതത്തെ സ്വീകരിച്ചു. നിനവേ മാനസാന്തരപ്പെടുന്നു
   4. അധ്യായം 4 - യോനയുടെ മനോഭാവത്തിനും പ്രവര്ത്തിക്കും വ്യത്യാസമായിട്ടു ദൈവം തന്റെ വ്യക്തി വൈശിഷ്ഠത്തെ വെളിപ്പെടുത്തി.

## VIII. പ്രധാന സത്യങ്ങള്

A. ഈ പുസ്തകത്തില് പ്രവാചകന് കലഹിക്കുന്നവനായി ഇരിക്കുമ്പോള്, ജാതികള് ദൈവഭയമുള്ളവരായി ഇരിക്കുന്നു.
   1. കപ്പല്യാത്രക്കാര്
   2. നിനവേപട്ടണത്തിലെ ജനങ്ങള്

B. പുറജാതി ജനങ്ങളുടെമേല് ദൈവത്തിന്റെ സ്നേഹത്തെ സ്പഷ്ടമായി 3:10ലും 4:11ലും കാണാം. ദൈവം ജനങ്ങളെ മാത്രമല്ല, മൃഗങ്ങളെയും സ്നേഹിക്കുന്നു, 4:11.

C. തന്നില് വിശ്വസിച്ചു മാനസാന്തരപ്പെട്ടപ്പോള്, യഹോവ വെറുക്കപ്പെട്ട, ക്രൂര അസ്സരിയരെ സ്വീകരിച്ചു, 3:5-9. അവര് യഹൂതന്മാര് ആകേണ്ട ആവശ്യമില്ല.

D. ലോകത്തിന്നു ഒരു രാജകീയ പുരോഹിത വര്ഗമായിരിക്കാന്വേണ്ടിയുള്ള ദൈവ വിളിക്കു യോന ഒരു അടയാളമായിരിക്കുന്നു (നോക്കുക - ഉല്പത്തി. 12:3 പുറപ്പാട് 19:4-6). യിസ്രായേല് സുവിശേഷം പറഞ്ഞ് രക്ഷയിലേക്കു നയിക്കേണ്ട ചുമതലയുള്ള യിസ്രായേലോ ദേശാഭിമാനികളും, ജാതിയില് ശ്രേഷ്ഠതയുള്ളവരുമായി തീര്ന്നു.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
   1. യഹോവ ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നു" 1:17 (NIV "...ഒരു മഹാമത്സ്യത്തെ ഒരിക്കിയിരുന്നു".)
   2. പാതാളം 2:2 (NIV, "ശവക്കുഴി")
   3. കുഴി 2:6 (NASB &NIV, "ശവക്കുഴി")
   4. "അനുതപിച്ചു," 3:10 (NIV, "അവന് മനസലിഞ്ഞു")
   5. മഹാദയ (ഹെസെദ്), 4:2 (NIV, "അന്പു നിറഞ്ഞവന്")
   6. ദൈവം ഒരു ആവണക്കു കല്പിച്ചുണ്ടാക്കി, 4:6 ...ഒരു പുഴു, 4:7, ... ഒരു കാറ്റ്, 4:8 (NIV, " ഒരുക്കിയിരുന്നു")
   7. "വലങ്കയ്യും ഇടങ്കയ്യും തമ്മില് തിരിച്ചറിഞ്ഞുകൂടാത്ത ജനങ്ങള്", 4:11 (NASB & NIV)
   8. അനേകം മൃഗങ്ങളും , 411 (NIV, " അനേക കന്നുകാലികള്")

B. വ്യക്തികള്
   1. അമിത്ഥായി 1:1
   2. "സ്വര്ഗ്ഗീയദൈവം" 1:9

## X. ഭൂപട സ്ഥലങ്ങള്

1. നിനവേ, 1:2
2. തര്ശീശ് 1:3
3. യോഫാ 1:3

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. യോന ഒരു ചരിത്ര പുരുഷനാനോ?

2. എന്തുകൊണ്ടു യോന നിനവേയ്ക്കു പോകാന് ഇഷ്ടപ്പെടാത്തതു?


3. മഹാമത്സ്യമാണോ ഈ പുസ്തകത്തില് വ്യഖ്യാനിക്കുന്നതില് കഠിനമായ പ്രശ്നം? എന്തു കൊണ്ടു അല്ലെങ്കില് എന്തുകൊണ്ടു ഇല്ല?


4. ദൈവത്തിന്റെ സ്വഭാവത്തെ കുറിച്ചു വിവരിക്കുക. (1:9; 4:2)

5. ഈ പുസ്തകത്തില് പ്രധാന കഥാപാത്രം യോനയാണോ ദൈവമാണോ? എന്തുകൊണ്ടു?

6. ഈ പുസ്തകത്തില് യിസ്രായേലിന്നുള്ള സന്ദേശം എന്താണ്? യോന യിസ്രായേലിനെപോലെയാണോ?

7. ഈ പുസ്തകത്തെ യേശു എങ്ങനെ ഉപയോഗിച്ചു? (നോക്കുക - മത്തായി 12:38-45)


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്



പാലസ്തീൻ
0 10 20 30 40
SCALE IN MILES

# മീഖാ പുസ്തകത്തിന്റെ അവതാരിക

## I. പുസ്തകത്തിന്റെ പേര്

A. പ്രവാചകന്റെ പേരിനെ ഈ പുസ്തകത്തിന്നു വച്ചിരിക്കുന്നു.

B. മീഖയാ എന്ന പേരിന്റെ ചുക്കമാണ് മീഖാ (ന്യായ. 17:1,4; 1രാജാ. 22:13). "യഹോവയെപോലെ യാരുള്ളു" എന്നതാണ് ഈ പേരിന്റെ അര്ത്ഥം.

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ഈ പുസ്തകം "പിന്നത്തെ പ്രവാചകന്മാര്" എന്ന പുസ്തകത്തിന്റെ ഒരു ഭാഗമാണ് ( Ecclesiasticus 49:10).

B. ചെറിയ പ്രവാചകന്മാര് എല്ലാവരും അടങ്ങിയ "പന്ത്രണ്ടു പ്രവാചകന്മാര്" എന്ന പുസ്തകത്തില് ഇതു വരുന്നു (ബാബാ ബത്രാ 14b).

1. യെശയാവ്, യിരമ്യാവ്, യെഹസ്ക്കീയേല് പോലെ ഇതു ഒറ്റ തോല്ചുരുളില് എഴുതപ്പെട്ടതാണ്.
2. പന്ത്രണ്ടു എന്ന അക്കം പന്ത്രണ്ടു ഗോത്രങ്ങള്ക്ക് അടയാളമായിരിക്കുന്നു.
3. വേദത്തില് ഒരോ പുസ്തകവും എഴുതിയ കാലക്രമത്തെ കുറിച്ചുള്ള പാരമ്പര്യത്തോടു ഇതു യോജിക്കുന്നു.

C. ചെറിയ പ്രവാചകന്മാര് അല്ലെങ്കില് "പന്ത്രണ്ടു പ്രവാചകന്മാര്" എന്നതില്, എഴുതിയ പുസ്തകങ്ങളിന് കാലക്രമത്തോടു പണ്ഡിതന്മാര് യോജിച്ച ക്രമം വരുനുണ്ടു. എങ്കിലും, ഈ വീക്ഷണത്തില് പ്രശ്നം ഉണ്ട്:

1. ആദ്യത്തെ 6 പുസ്കങ്ങള് MT യിലും LXX യിലും വരുന്ന ക്രമത്തില് വ്യത്യാസമുണ്ടു.

| MT | LXX |
|---|---|
| ഹോശയാ | ഹോശയാ |
| യോവേല് | ആമോസ് |
| ആമോസ് | മീഖാ |
| ഒബദ്യാവ് | യോവേല് |
| യോനാ | ഒബദ്യാവ് |
| മീഖാ | യോനാ |

2. പുസ്തകത്തിനകത്തു കാണുന്ന തെളിവ് അനുസരിച്ച് ഹോശയ പുസ്തകത്തിന്നു മുമ്പു ആമോസ് വരുന്നു.
3. യോവേല് പുസ്തകം എഴുതപ്പെട്ട കാലത്തെ കുറിച്ചു വളരെ ചര്ച്ചകള് ഉണ്ടു. ഒബദ്യാവോടു ചേര്ത്തു ഞാന് ആ പുസ്തകത്തെ പ്രവാസക്കാലത്തിന്നു പിമ്പുള്ളതായി പട്ടികയില് കാണിച്ചിരിക്കുന്നു.

## III. സാഹിത്യ ശൈലി

A. ദൈവശാസ്ത്രം സംബന്ധിച്ചു ഈ പുസ്തകം ആമോസെപോലെ ഉണ്ടെങ്കിലും, സാഹിത്യ ശൈലിയില് വ്യത്യാസമാണ്. ആമോസെപോലെ മനോഹര കവിത്വം ഇതിലില്ലയെന്നു വരികിലും, ഇതില് ശക്തമായ സത്യ വചനങ്ങള് ഉണ്ടു.
B. ന്യായവിധിയും യഥാസ്ഥാനപ്പെടുത്തലും കാലഭേദമില്ലാതെ അടുത്തടുത്തു ഉടനെ സംഭവിക്കുന്നതാണ് ഈ പുസ്തകത്തിന്റെ പ്രത്യേകത. സത്യത്തെ വളരെ വ്യക്തമായി എടുത്തപറയുന്നു.
C. ഉടമ്പടി ദൈവത്തിങ്കല്നിന്നു പ്രാപിച്ചു പ്രവാചകന് ശക്തമായ, കനിവുള്ള, ഉള്ക്കാഴ്ചയുള്ള സന്ദേശങ്ങളെ നല്കുന്നു.
D. ഭാവിയെ കുറിച്ചു പറയുന്ന ഒരു പ്രവാചകനാണ് മീഖാ:
   1. ശമര്യ അസ്സരിയയുടെ കൈയില് വീഴുന്നതു, 1:5-7; 6:9-16
   2. ബാബിലോണിന്റെ കൈയില് യെരുശലെം വീഴുന്നതു, 1:9-16; 3:12; 4:10-12; 6:9-16
   3. പ്രവാസത്തില്നിന്നു യെഹൂദര് മടങ്ങി വരുന്നതു, 2:12-13; 5:5യ-9; 7:7-20
   4. മശിഹ ജനിക്കുന്ന സ്ഥലം, 5:2, മശിഹയുടെ സാര്വ്വത്രിക രാജ്യം, 5:4
   5. പുറജാതികള് വിശ്വാസത്തിലേക്കു വരുന്നതു, 4:1-5

## IV. എഴുത്തുക്കാരന്

A. മോരേശേത്ത്-ഗത്ത് പട്ടണക്കാരനായ മീഖായാണ് ഈ പുസ്തകത്തില് കാണുന്ന മുഴുവന് പ്രവചനത്തെയും പ്രവചിച്ചു എന്നു പാരമ്പര്യം വിലയിരുത്തുന്നു.

B. മോശയുടെ പുസ്തകങ്ങളെ ഭാഗിച്ചതുപോലെ, മീഖാ പുസ്തകത്തെയും പല നവീനകാല പണ്ഡിതന്മാര് പല എഴുത്തുക്കാര് എഴുതിയതായി കരുതാന് ശ്രമിക്കുന്നു. എങ്കിലും ഇതു ഒരേയാള് തന്നെ എഴുതിയതു എന്നു തെളിയിക്കാന് ഈ പുസ്തകത്തിനകത്തുതന്നെ തെളിവ് ഉണ്ടു:
   1. പല അധ്യായങ്ങള് "കേള്ക്ക" എന്നര്ത്ഥമുള്ള വെലാമ (നോക്കുക- ആവര്ത്തനം. 6:4) എന്ന എബ്രായ പദത്തില് തുടങ്ങുന്നു. 1:2; 3:1; 6:1.
   2. രൂപാലങ്കാരമായി ഇടയന്മാര് ആടുകള് എന്നു കാണുന്നു. - 2:12, 3:2-3; 4:6; 5:1ff; 7:14.
   3. എട്ടാം നൂറ്റാണ്ടു പ്രവാചകന്മാര് ഉപയോഗിച്ച വാക്കുകള് പരോക്ഷസൂചനയായി ഈ പുസ്തകത്തില് ഉടനീളം ഉണ്ടു (നോക്കുക - 4:1-3 ഭാഗത്തെ യെശയാവ് 1:2-4 ഭാഗത്തോട് ഒത്തുനോക്കുക).

C. വ്യക്തിത്വത്തിലും സന്ദേശത്തിലും പല വഴികളില് നോക്കിയാല്, മീഖാ ആമോസിനെപോലെയാണ്. ഈ രണ്ടു പേരുടെ സ്വന്ത പട്ടണങ്ങളും നമ്മില് 20 മൈല് ദൂരമേയുള്ളു. ഇവര് ഇരുവരും നാട്ടിന്പ്രദേശത്തില് നിന്നു വന്നവരാകയാല്, രാഷ്ട്രീയ, അരമന അധികാര പോരാട്ടങ്ങളില് യെശയാവിനെപോലെ ഇടപെട്ടില്ല.

## V. എഴുതിയ കാലം

A. അധ്യായം 1, വചനം 1ല് മീഖായുടെ ശുശ്രൂഷയുടെ കാലയളവ് എത്രയെന്നു കൊടുത്തിട്ടുണ്ടു: "യോഥാം, ആഹാസ്, യെഹിസ്ക്കീയാവു എന്നീ യെഹൂദാ രാജാക്കന്മാരുടെ കാലത്തു"
B. യിരമ്യാവ് പുസ്തകത്തില് 26:18ല് യെഹിസ്ക്കീയാവു രാജാവിന്റെ കാലത്ത് പ്രവചിച്ചു എന്നു രേഖപ്പെടുത്തിട്ടുണ്ടു.
C. അധ്യായം 1:1ല് ശമര്യയെ കുറിച്ചും യെരുശലേമിനെ കുറിച്ചും കാണുന്നതിനാലും, 61-16 വരെയുള്ള ഭാഗം ന്യായവിധിയുടെ കാഴ്ച്ചയായി, യിസ്രായേലുടെ വീഴ്ച്ചയെ മുന്നറിയിക്കുന്ന കാരണത്താലും, മീഖാ ശമര്യ്യ 722 B.C.യില് വീഴുന്നതിന്നു മുമ്പു പ്രവചിച്ചിരിക്കണം.
D. അദ്ദേഹത്തിന്റെ ശുശ്രൂഷ ശമര്യയുടെ വീഴ്ച്ചയ്ക്കുശേഷവും നീണ്ടിരുന്നു. അദ്ദേഹത്തിന്റെ ശുശ്രൂഷ കാലത്തു മുഴുവന് സന്ദേശത്തെയും ഈ പുസ്തകം ശേഖരിച്ചിരിക്കുന്നതായി തോന്നുന്നു.

## VI. ചരിത്രപരമായ പശ്ചാത്തലം

A. 8-ാം നൂറ്റാണ്ടില് തന്റെ സമകാലികനായ യെശയാവോട് തെക്കന് രാജ്യത്തില് മീഖാ പ്രവാചകന് ശുശ്രൂഷ ചെയ്തുപോന്നു.
B. അക്കാലത്തില് സാമ്പത്തിക സമൃദ്ധിയും, സൈനിക വികസനവും ഉണ്ടായി. മതപരമായി പല പ്രവര്ത്തികള് നടന്നുവെങ്കിലും, അവ യോവയുടെ പേരില് കനാന്യ സമ്പുഷ്ഠ വിഗ്രഹാരാധനയായ കള്ള ഉപദേശമായിരുന്നു.
C. തിഗ്ലാത്-പൈല്സര്-IIIയുടെ നേതൃത്വത്തില് വളര്ന്നുവന്ന അസ്സരിയ സാമ്രാജ്യം ആക്രമിപ്പാന് എതിരായി നിന്നു.
D. ചരിത്രപരമായ സമ്പൂര്ണമായ വിവരങ്ങള്ക്ക് യെശയാവ് പുസ്തകത്തില് രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്തെ നോക്കുക.

## VII. സാഹിത്യ ഏകകം

A. പെട്ടെന്നുള്ള മാറ്റങ്ങളാണ് ഈ പുസ്തകത്തിന്റെ പ്രത്യേകത: 2:5,12; 3:1; 6:6-8; 7:14-15. എഴുത്തുക്കാരന് ന്യായവിധിയില് നിന്നു രക്ഷ പ്രമാണങ്ങളിലേക്കു മാറുകയാണ്, 2:10-11 ഭാഗത്തെ 2:12-13-നോടു ഒത്തുനോക്കുക.

B. അടിസ്ഥാന രേഖരൂപം
   1. ദൈവ ജനത്തിന്മീതെ വരുവാനുള്ള ദൈവത്തിന്റെ ന്യായവിധി, 1:1-16
      a. വടക്കന് രാജ്യത്തിന്റെ പ്രവാസം, 1:5-7
      b. തെക്കന് രാജ്യത്തിന്റെ പ്രവാസം, 1:9-16 (3:2)
   2. ദൈവ ജനത്തിന്റെ ശിക്ഷയും യഥാസ്ഥാപനവും, 2:1-13
      a. ധനവാന്മാരുടെ സാമൂഹിക പാപങ്ങള്, 1-11
      b. ഭാവിയിലുള്ള പ്രത്യാശ, 12-13
   3. ദൈവ ജനത്തിന്റെ നേതൃത്വം ശാസിക്കപ്പെടുകയാണ്, 3:1-12

a. പൊതുജന നേതാക്കള്, 1-4, 9, 11
b. പ്രവാചകന്മാര്, 5-7, (സത്യ പ്രവാചകന്, വാക്യം 8), 11
c. പുരോഹിതന്, 11
d. അനന്തരഫലങ്ങള്, 12 (4:10)

4. ദൈവ ജനത്തിന്റെ തേജസ്സ് ഭാവിയില് മടങ്ങിവരാന്പോകയാണ്, 4-5
   a. സാര്വ്വത്രികമായി എല്ലാ ജാതികള്ക്കും ക്ഷണം ഉണ്ടു, 4:1-5
   b. മുടന്തര്ക്കും, പുറത്താക്കപ്പെട്ടവര്ക്കും, ബലഹീനര്ക്കും ക്ഷണം ഉണ്ടു, 4:6-8
   c. വിശ്വസിക്കുന്നവര്ക്കു കഷ്ടതയുണ്ടെങ്കിലും ജയമുണ്ടു, 4:9-13.
   d. മശിഹയുടെ വരവ്, 5:1-5മ
   e. അസ്സരിയുടെമേല് ഭാവിയില് ജയമുണ്ടു, 5:5യ-9
   f. ദൈവ ജനങ്ങള്ക്കു ഇപ്പോഴത്തെ ന്യായവിധി, 5:1, 10-15
5. ദൈവം തന്റെ ജനങ്ങളെ കോടതിയിലേക്കു കൊണ്ടുവരും, 6
   a. ദൈവത്തിന്നുവേണ്ടി പ്രവാചകന് സംസാരിക്കുന്നു, 1-5
   b. ദൈവ ജനങ്ങള് പ്രതികരിക്കുന്നു, 6-7
   c. ദൈവത്തിനായി പ്രവാചകന് ഉത്തരം പറയുന്നു, 8
   d. ദൈവത്തിന്റെ ന്യായവിധി തന്റെ ജനത്തിന്റെ പട്ടണത്തിന്മീതെ വീഴുകയാണ്: യെരുശലേം അല്ലെങ്കില് ശമര്യ, അല്ലെങ്കില് രണ്ടിന്മീതെയും, 9-16
6. ദൈവം ശിക്ഷ വിധിക്കയും തന്റെ ജനങ്ങളെ അനുഗ്രഹിക്കയും ചെയ്യുന്നതു തുടരുന്നു, 7
   a. ദൈവ ജനത്തിന്റെ തുടരുന്ന പാപങ്ങള്, 1-6
   b. ഭാവിയില് വരുവാനുള്ള ദൈവ ജനത്തിന്റെ നേതാവ് ദൈവത്തെപോലെ ഇരിക്കും, 14-20

## VIII. പ്രധാന സത്യങ്ങള്

A. സമുദായത്തില് ധനവാന്മാരായും ശക്തന്മാരായും ഇരുന്ന ജനങ്ങളുടെ സാമൂഹിക പാപങ്ങളെ ആമോസിനെപോലെ തന്നെ മീഖായും ശാസിച്ചു.
B. ഹോശയയെപോലെ മീഖായും പ്രവാചകന്മാരുടെയും പുരോഹിതന്മാരുടെയും വിശ്വാസ ത്യാഗത്തെ ശാസിച്ചു (3:11).
C. വിഗ്രഹാരാധനയാലും വിശ്വാസവഞ്ചനയാലും യിസ്രായേല് യഹൂദ രാജ്യങ്ങള് വീഴും, അതുമുഖാന്തരം ജനങ്ങള് പ്രവാസത്തിലേക്കു അടിമകളായിപോകും എന്നും മീഖാ പ്രവചിച്ചു.
D. ദൈവം നീതിയുള്ളവനാണ്. തന്റെ ജനങ്ങളെ അവന് ശിഷിക്കും. ദൈവം കരുണയുള്ളവനും തന്റെ വാഗ്ദത്തത്തില് വിശ്വസ്തനായവനും തന്നെ. (ശേഷിച്ച) തന്റെ ജനങ്ങളെ അവന് വീണ്ടെടുത്തു യഥാസ്ഥാനപ്പെടുത്തും.
E. 6:8 വിശ്വാസമില്ലാത്ത ആചാരങ്ങള് വേണ്ടാ (6:6-7), തന്റെ ജനങ്ങള് തന്റെ സ്വഭാവങ്ങളെ മനസ്സിലാക്കേണം എന്നു ദൈവം ആഗ്രഹിക്കുകയാണ്.
F. യിസ്രായേലും, യഹൂദയും, പുറജാതികളും ബേത്ലഹേമില് ജനിപ്പാനുള്ള മശിഹായിലൂടെ അനുഗ്രഹിക്കപ്പെടും (5:2). ഈ പുതിയ നേതാവ് യഹോവയെപോലെ തന്നെ ഇരിക്കും.

## IX. ഹ്രസ്വമായി നിര്വചിക്കേണ് പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
   1. പര്വ്വതങ്ങള് ഉരുകും 1:4 (NASB & NIV)
   2. അവളുടെ മുറിവു പൊറുക്കാത്തതല്ലോ 19(NASB & NIV)
   3. പരിഹാസവാക്യം 2:4 (NASB & NIV)
   4. നിങ്ങള് എന്റെ ജനത്തിന്റെ മാംസം തിന്നു 3:3 (NASB & NIV)
   5. ലക്ഷണംപറയല് 3:6 (NASB & NIV)
   6. സീയോനെ വയല്പോലെ ഉഴും 3:12
   7. ജാതികള്... വംശങ്ങള്...4:1-2 (NASB & NIV)
   8. അവര് തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീര്ക്കും...4:3 (NASB & NIV)
   9. നിത്യതയില്നിന്നു പണ്ടുതൊട്ടേ വന്നവനും, 5:2 (NIV,പണ്ടേ, പുരാധനകാലംമുതലേ ഉള്ളവന്)
   10. ഞാന് ചെയ്ത പാപത്തിന്നുവേണ്ടി എന്റെ ഉദരഫലത്തെ കൊടുക്കേണമോ? 6:7 (NASB & NIV)
   11. കള്ളത്തുലാസ്സും കള്ളപ്പടികളും 6:11 (NIV, കള്ളതൂക്കം)
   12. അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തില് ഇട്ടുകളയും 7:19 (NIV,നീ ഞങ്ങളുടെ അകൃത്യങ്ങളെ ഒക്കെയും സമുദ്രത്തിന്റെ ആഴത്തില് എറിഞ്ഞുകളയും)

B. വ്യക്തികള്
   1. നിമ്രോദ്, 5:6
   2. ബാലാക്ക്, 6:5

3. ബിലെയാം, 6:5

4. ഒമ്രി, 6:16

## X. ഭൂപട സ്ഥലങ്ങള്

1. ശമര്യ്യ, 1:5
2. യെരുശലേം, 1:5
3. ലാക്കീശ്, 1:13
4. മോരേശേത്ത്-ഗത്ത്, 1:14
5. സീയോന് പര്വ്വതം, 4:7
6. ബേത്തേലഹേം എഫ്രാത്താ, 5:2
7. നിമ്രോദ് ദേശം, 5:6
8. ശിത്തീം, 6:5
9. ഗില്ഗാല്, 6:5
10. ബാശാന്
11. ഗിലേയാദ്

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. വേദഭാഗം 1:8-6ല് കാണുന്ന വിലാപ അനുഷ്ഠാനങ്ങളെ പട്ടികയാക്കുക.


2. എല്ലാ മൂന്നു പ്രവചന രൂപവും (വാഗ്ദത്ത കല്പന, കോടതി കാഴ്ച്ച, വിലാപം/വിലാപഗാനം) മീഖാ പുസ്തകത്തില് കാണുന്നുണ്ടു. ഇതിന്നു ഉദാഹരണം തരിക.


3. ആമോസിനോട് ഏതുവിധത്തില് മീഖാ ഒത്തിരിക്കുന്നു?

4. എന്തുകൊണ്ടു യിരമ്യാവ് 26:18ല് മീഖാ പുസ്തകത്തില് നിന്നു എടുത്തുപറഞ്ഞിരിക്കുന്നതു?

5. 5:10-15 ഈ വേദഭാഗം ആരോടാണ് പ്രസംഗിക്കുന്നതു?

6. 7:18-20ല് തന്റെ ജനത്തിനായി താന് ചെയ്യുമെന്നു ദൈവം പറഞ്ഞിട്ടുള്ള കാര്യങ്ങളെ പട്ടികയായി തരിക.


പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
S


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# നഹൂം പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പ്രവാചകന്റെ പേരാണ് ഈ പുസ്തകത്തിന്നു വെച്ചിട്ടുള്ളതു.

B. ഈ പേരിന്റെ അര്ത്ഥം "ആശ്വാസം" അല്ലെങ്കില് "മനസലിവ്" (നോക്കുക - യെശയാവ് 57:18)

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. ഈ പുസ്തകം ചെറിയ പ്രവാചകന്മാര് എന്ന പുസ്തകത്തിന്റെ ഒരു ഭാഗമാണ്. എഴുതിയ പുസ്തകത്തിന്റെ അളവ് ചെറിതായതുകൊണ്ടു ഇവരെ ചെറിയ പ്രവാചകന്മാര് എന്നു വിളിക്കുന്നു.

B. അവയെ പന്ത്രണ്ടു പ്രവാചകന്മാര് എന്നു വിളിക്കുന്നു. അവ എല്ലാം ഒന്നായി വച്ചിരുന്നു, കാരണം അവയെല്ലാം ഒരേ തോല്ചുരുളില് അടങ്ങുന്നതായിരുന്നു.

C. എബ്രായ വേദപുസ്തകത്തില് രണ്ടാം ഭാഗമായ "പ്രവാചകന്മാര്" എന്ന ഭാഗത്തില് ഇവ വരുന്നു.

D. തങ്ങളുടെ എബ്രായ ഭാഷയില് ഉള്ള അക്ഷരങ്ങളിന് എണ്ണം അനുസരിച്ചു അത്രയും പുസ്തകങ്ങള് തങ്ങളുടെ അലമാരികളില് വച്ചിരിക്കാന് യഹൂതന്മാര് ആഗ്രഹിച്ചു. ആകയാല്, അവര് പല പുസ്തകങ്ങളെ ഒന്നിച്ചു വച്ചിരുന്നു.

## III. സാഹിത്യ ശൈലി

A. എബ്രായ ഭാഷയില് വളരെ ശ്രേഷ്ഠമായ പ്രവാചക കവിതയാണിതു. പഴയ നിയമത്തില് ഏറ്റവും ശക്തമായ കവിതകളില് ഇതും ഒന്നാണ്.

B. വാക്കകള് തിരഞ്ഞെടുത്തു ഉപയോഗിച്ചിരിക്കുന്ന രീതിയില് ഇതു കലാപരമായും അതിവിശിഷ്ടമുള്ളതായും ഇരിക്കുന്നു. പ്രവാചകന്മാരില് ഏറ്റവും ശ്രേഷ്ഠ കവികളായി യെശയാവും നഹൂമും വിളങ്ങുന്നു. ഈ രണ്ടു പുസ്തകങ്ങള്ക്കും മധ്യേ ഒരു സാഹിത്യ ബന്ധമുണ്ടു:
1. നഹൂം 1:4 - യെശയാവ് 33:19.
2. നഹൂം 1:15 - യെശയാവ് 52:7.

C. നഹൂം 1:2-8 പദ്യത്തിലെ മുദ്രാലങ്കാരമുള്ള ഒരു ഭാഗമാണ്. ഒരു സങ്കീതത്തെകൊണ്ടു ആരംഭിക്കുന്നുതു ചെറിയ പ്രവാചകന്മാരുടെ പ്രത്യേകത.

## IV. എഴുത്തുകാരന്

A. ഈ പ്രവാചകനെ കുറിച്ചു ഒന്നും അറിയാന്പറ്റില്ല. പഴയ നിയമത്തില് ഈ പുസ്കത്തില് മാത്രമേ ഒറ്റ തവണ ഇദ്ദേഹത്തിന്റെ പേര് വരുന്നു.

B. എല്ക്കോശ്യനായ നഹൂമെന്നു പറയുന്നതിനാല്, എല്ക്കോശ് ഒരു സ്ഥലത്തിന്റെ പേര് എന്നു മനസ്സിലാക്കാം. ഇതു സംബന്ധിച്ചു പല സിദ്ധാന്തങ്ങളുണ്ടു:
1. കലീലയിലുള്ള ഒരു പട്ടണമാണ് എല്ക്കോശ് എന്നു ജെരോമും ഈസേബിയസും പറയുന്നു.
2. കഫര്നഹൂമാണ് നഹൂമിന്റെ ന്മ സ്ഥലം എന്നു മറ്റുള്ളവര് പറയുന്നു, എന്നാല് ഇതിനെ സ്ഥിരീകരിക്കുന്ന തെളിവുകള് ലഭിച്ചിട്ടില്ല.
3. തെക്കന് യഹൂദ ദേശത്തില് എല്ക്കോശ് പട്ടണം മീഖായുടെ വീടിന്നു അടുത്തിരിന്നു എന്നു സ്യൂഡോ-എപിഫാനിയസ് The Lives of the Prophets, XVII, എന്ന പുസ്തകത്തില്പറയുന്നു.
4. ഈ സ്ഥലം ഇറാഖില് ഉള്ളതായി (പ്രവാസത്തിലേക്കുപ്പോയ മാതാ പിതാവിനാല് വിടപ്പെട്ട കുഞ്ഞു.)16-ആം നൂറ്റാണ്ടിലുള്ള അറബു പാരമ്പര്യം പറയുന്നു. എല്ക്കോശ് പട്ടണം നിനവേയില്നിന്നു 24 മൈല് ദൂരത്തിലുണ്ടു.

## V. എഴുതിയ കാലം

A. 612 B.C.യില് നിനവേ പട്ടണം വീഴുന്നതിന്നു മുമ്പു ഇതിനെ എഴുതിയിരിക്കണം.

B. തെബസ് (നോ-അമോന്) പട്ടണം അഷൂര്ബനിപാലിനാല് 663 B.C.യില് (നോക്കുക. 3:8ff) വീഴ്ത്തപ്പെട്ടതിന്റെശേഷമാണ് ഈ പുസ്തകം എഴുതിയിരിക്കുന്നതു, കാരണം വെള്ളത്താല് സുരക്ഷിതമായിരുന്ന പട്ടണം എന്നു ഇതിനെ ഉദാഹരണമായി എടുത്തുപറഞ്ഞിട്ടുണ്ടു.

C. 627 B.C.യില് അഷൂര്ബനിപാല് മരിച്ചു. അതിന്നു ശേഷം ഉടനെ ഇത് എഴുതിയിരിക്കാന് സാധ്യതയുണ്ടു. ഇവനാണ് അസ്സരിയ സാമ്രാജ്യത്തിന് ശക്തമായ ഒടുവിലത്തെ രാജാവ്. 626 B.C.യില് നബോപോലസ്സാരിന്റെ കീഴില് നിയോ-ബാബിലോന് സ്വാതന്ത്രിയം പ്രാപിച്ചു.

## VI. അസ്സരിയ, പാലസ്തീന് ഇവയുടെ സംക്ഷിപ്തമായ ചരിത്രം

A. നഹൂം നീനവേ തലസ്ഥാനമാക്കിയിരുന്ന അസ്സരിയയുടെ വീഴ്ച്ചയെ കുറിച്ചു സംബോധന ചെയ്യുന്നു. ദൈവം യിസ്രായേലെ ന്യായംവിധിക്കാന് ഈ ക്രൂര ദേശത്തെ ഒരു ഉപകരണമായി ഉപയോഗിച്ചു (നോക്കുക - യെശയാവ് 10:5).

B. യേഹു (842-815 B.C.) ഭരിച്ച കാലത്ത് ആദ്യമായിട്ടു രേഖപ്പെടുത്തിയിരിക്കുന്നു. അസ്സരിയ രാജാവായ ഷല്മാനേസര് III (858-824 B.C.), 841 B.C.യില് കപ്പം കൊടുക്കാന് നിര്ബന്ധിച്ചു.

C. ഇതു അദാദ്-നിരാരി (810-782 B.C.) ഭരണത്തിന്കീഴിലും തുടര്ന്നു. ദമസ്ക്കൊസ് പട്ടണത്തെ പിടിച്ചെടുത്തു, യോവാശിനെ കപ്പം കൊടുക്കാന് നിര്ബന്ധിച്ചു.

D. മെനാഹെം ഭരിച്ച കാലത്തു (752-732 B.C.) തിഗ്ലാത്-പൈല്സര്- III ആദ്യമായി 732 B.C.യില് വലിയെ ആക്രമണം നടത്തി ജനങ്ങളെ നാടുകടത്തി. ഇവന് പേക്കവിനെ (740-732 B.C.) മാറ്റിയിട്ടു ഹോശിയാവിനെ (732-722 B.C.) ഭരണത്തില് ആക്കിവെച്ചു എന്നുള്ളത് വ്യക്തമാണ് (നോക്കുക- 2 രാജാ.15:29; 1 ദിന. 5:6 2ദിന. 30:6,10 എശയാ.9:1.). ഈ പാലസ്തീന ആധിപത്യം യഹൂദയെ ബാധിച്ചു, കാരണം ആഹാസും (735-715 B.C.) കപ്പം കൊടുത്തു.

E. ഹോശിയാവ് ഈജിപ്തിനോടു സൈന്യ ഉടമ്പടി ചെയ്യാന് ശ്രമിച്ചു, എന്നാല് ഷല്മാനേസര് V (727-722 B.C.) ആക്രമിച്ചു. സാര്ഗന് II (721-705 B.C.) തലസ്ഥാനമായ ശമര്യ്യയെ 3 വര്ഷം സൈന്യത്താല് വളച്ചശേഷം അതു വീണുപോയി. യിസ്രായേല് ജനത്തെ മേദിയാ ദേശത്തിലേക്കു പ്രവാസികളായി കൊണ്ടുപോയി (നോക്കുക - 2രാജാ. 17:3-20; 18:20-21 യെശയാവ് 7:8; 8:4; 10:11; 36:20; ഹോശേയ 9:3; 10:6,14; 11:5). സര്ഗാന് II യഹൂദയെ ആക്രമിച്ചു അതു കപ്പം കൊടുക്കേണം എന്നു 720 B.C.യിലും 712 B.C.യിലും നിര്ബന്ധിച്ചു.

F. ആഹാസിനെ തുടര്ന്നു യഹൂദയില് ഹിസ്ക്കീയാവ് ഭരണത്തിലേക്കു വന്നു (728-687 B.C.). തുടക്കത്തില് അവന് സര്ഗാന്- നിന്നു കപ്പം കൊടുത്തു. പിന്നീട് അസ്സരിയ്ക്കു കപ്പം കൊടുക്കാന് വിസമ്മതിച്ചു (നോക്കുക - 2 രാജ. 18). സന്ഹേരീബ് (704-681 B.C.) യഹൂദ രാജ്യത്തെ 701 B.C.യില് ആക്രമിക്കാന് വന്നു, പക്ഷേ കര്ത്താവിന്റെ ദൂതന് ഒരു ബാധ വരുത്തിയതാല് 1,85,000 അസ്സരിയ പടയാളികള് കൊല്ലപ്പെട്ടതാല്, അവന് പടകളെ പിന്വലിക്കാന് നിര്ബന്ധിക്കപ്പെട്ടു (നോക്കുക - യെശയാവ് 10:16; 36:1-37:38; 2രാജാ.18:13-19:37; 2ദിന.32:1-31).

G. പിന്നീട് മനശ്ശെ ഇസാര്ഹദാന് മുമ്പില് കീഴടങ്ങാന് നിര്ബന്ധിക്കപ്പെട്ടു (681-669 B.C.) (നോക്കുക 2ദിന.33:1-11).

H. അഷൂര്ബനിപ്പാലിന്റെ മകനായ ഇസാര്ഹദാനാണ് അസ്സരിയയുടെ ഒടുവിലത്തെ ശക്തമായ രാജാവ്. ഇവന്റെ മരണശേഷം, വേഗത്തില് വീഴ്ച തുടങ്ങി:
   1. നബോപോലസാര് (625-605 B.C.) സ്വാതന്ത്ര്യം നിയോ-ബാബിലോനെ സ്ഥാപിച്ചു.
   2. സമ്മേട്ടിഹസ് (664-609 B.C.) ഈജിപ്തില് സ്വാതന്ത്ര്യം മടക്കിവരുത്തി.
   3. യോശിയാ (640-609 B.C.) യഹൂദയില് സ്വാതന്ത്ര്യം വരുത്തി.
   4. സിയാക്സാസെസ് (625-585 B.C.) മേദിയ സ്വാതന്ത്രിയത്തെ നേടി.

I. അസ്സരിയരുടെ തലസ്ഥാനമായ നീനവേ 612 B.C.യില് നബോപോലസ്സാര്, സിയാക്സാസെസ് എന്നിവരുടെ കൈയില് വീണു. പഴയ തലസ്ഥാനമായ അശ്ശൂര് നേരത്തേ 614 B.C.യില് വീന്നുപോയി.

J. നീനവേ 1850 ഏക്കര് വിസ്തീരണവും 8 മൈല് ബലമുള്ള മതിലുമുള്ളതായിരുന്നു.

## VII. സാഹിത്യപരമായ ഏകകം

A. തുടക്കം, 1:1

B. യഹോവയുടെ കരുണയെയും ഉഗ്രതയെയും കുറിച്ചുള്ള ഒരു സങ്കീര്ത്തനമാണ്, 1:2-8 (ഇതില് പകുതി പദ്യ മുദ്രാലങ്കാരം)

C. ദൈവത്തിന്റെ സത്യ സ്വഭാവം, മഹാനഗരമായ നിനവേയുടെ ന്യായവിധി, 1:9-2:2.

D. മഹാനഗരമായ നിനവേ സൈന്യം വളഞ്ഞു പിടിക്കലിനെയും അതു വീണുപോയതിനെയും ചിത്രീകരിക്കുന്ന പദ്യമാണ് ഈ പുസ്തകം.

## VIII. പ്രധാന സത്യങ്ങള്

A. ക്രൂര അസ്സരിയ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ നിനവേയുടെ വീഴ്ച്ചെ കേന്ദ്രീകരിച്ച് എഴുതിയിരിക്കുന്നു. ഏറെക്കുറെ 700 B.C.യില് സെന്നഹെരിബ് ഇതിനെ തലസ്ഥാനമാക്കിയതു. ഇതു ടൈഗ്രസ് നദിയുടെ കിഴക്കു കരയില് വളരെ സുരക്ഷിതത്വമുള്ളതായിരുന്നു.

B. 612 B.C.യില് ബാബിലോന്യരും മേദ്യരും, 614 B.C.യില് അസ്സൂരും ഇതിയെ ഉ◌ൂലം നാശമാക്കി. കോട്ടമതിലിനെ ചുറ്റു ഓടിയ നദിയെ അവര് പ്രയോജനപ്പെടുത്തി. നദിയുടെ വെള്ളത്തെ അവര് അണ കെട്ടി ജലസംഭരണിചെയ്തു പിന്നേ അതിനെ ഒന്നിച്ചു പുറത്തുവിട്ടു. വെള്ളത്തിന്റെ ശക്തികൊണ്ടു മതിലിന്റെ വലിയൊരു ഭാഗം വീഴ്ത്തപ്പെട്ടു, 2:6.

C. തന്റെ ജനത്തെ ന്യായംവിധിക്കാന് ദൈവം അസ്സരിയരെ ഉപയോഗിച്ചു (യെശയാവ് 10:5), പക്ഷേ പിന്നേ അസ്സരിയരെ ന്യായംവിധിച്ചു. നമ്മള് വിതയ്ക്കുന്നതിനെ തന്നെ നാം കൊയ്യും, ഗലാത്യര് 6:7.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
1. നിയമം, 1:1 (NASB & NIV)
2. ദര്ശനം, 1:1 (NASB & NIV)
3. “യഹോവ ദീര്ഘക്ഷമയുള്ളവന്”, 1:3 (NASB & NIV)
4. “ശരണം” 1:7 (NIV സങ്കേതം)
5. ആള്മറ 2:5 (NIV “രക്ഷിക്കുന്ന കേടകം”)
6. “നദികളുടെ ചീപ്പകള് തുറക്കുന്നു; രാജമന്ദിരം അഴിഞ്ഞുപോകുന്നു”. 2:6 (NIV “നദികളുടെ ചീപ്പകള് പൊട്ടിതുറക്കുന്നു, അരമന വീഴുന്നു”)
7. വസ്ത്രാഗ്രങ്ങളെ നിന്റെ മുഖംവരെ പൊക്കി 3:5 (NASB & NIV)
8. അവളുടെ പൈതങ്ങളെ അവര് സകല വീഥികളുടെയും തലെക്കല് വെച്ചു തകര്ത്തുകളഞ്ഞു, 3:10 (NASB & NIV)

B. വ്യക്തികള്
1. ബെലീയാല് 1:15 (NIV ““ദുഷ്ടന്”)
2. സൈന്യങ്ങളുടെ യഹോവ, 2:13 (NIV “സര്വ്വശക്തനായ കര്ത്താവ്”)

## X. ഭൂപട സ്ഥലങ്ങള്

1. ബാശാന്, 1:4
2. കര്മ്മേല് 1:4
3. ലെബാനോന് 1:4
4. നോ-അമ്മോന് (തെബെസ്), 3:8
5. നീനവേ 1:1

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. ഈ പുസ്തകത്തിന്റെ പ്രധാന ഉദ്ദേശ്യം എന്താണ്?

2. അധ്യായം 1:3യും 7യും എങ്ങനെ ഓരാള് ബന്ധപ്പെടുത്തി നോക്കും?


3. യോനയെയും നഹൂമിനെയും എങ്ങനെ ഓരാള് ബന്ധപ്പെടുത്തി നോക്കും?


4. എന്തുകൊണ്ടു നഹൂമിനെ ഒരു മഹാകവിയായി കരുതുന്നതു?

5. വചനം 2:6നിനെ എങ്ങനെ ചരിത്രത്തില് നീനവേയുടെ വീഴ്ച്ചയോടു ബന്ധപ്പെടുത്തും?

6. എന്തുകൊണ്ടു ഒരു ഈജിപ്തിയ പട്ടണത്തെ 3:8-10 ഭാഗത്തില് രേഖപ്പെടുത്തിയിരിക്കുന്നതു?

7. വേദഭാഗം 314-15 - ഇതില് കാണുന്ന രൂക്ഷ പരിഹാസാന്തകമായ വിഷയങ്ങളെ പട്ടികയായി തരിക.


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# ഹബക്കുക്ക് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പ്രവാചകന്റെ പേരാണ് ഈ പുസ്തകത്തിന്റെ പേര്.

B. ഹബക്കുക്ക് എന്ന പേരിന്നു ഓമനിക്കല് അല്ലെങ്കില് തഴുകല് എന്നു അര്ത്ഥം.

C. ഗ്രീക്ക് ബൈബിളില്, ഇദ്ദേഹത്തെ ഹംബകോവും എന്നു വിളിക്കുന്നു. പച്ചക്കറി എന്നു അതിന്നു അര്ത്ഥം.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കല്

A. പിന്നത്തെ പ്രവാചകന്മാര് എന്ന വിഭാഗത്തിന്റെ ഭാഗമാണ് ഈ പുസ്തകം (Ecclesiasticus 49:10).

B. പന്ത്രണ്ടു പ്രവാചകന്മാര് എന്ന ചെറിയ പ്രവാചകന്മാര് കൂട്ടത്തില്പെട്ടതാണ് ഈ പുസ്തകം (ബാബാ ബത്രാ 14b).
   1. യെശയാവ്, യിരമ്യാവ്, യെഹസ്ക്കീയേല് പോലെ ഈ പുസ്തകവും ഒരു തോല്ചുരുളില് ഉള്ളതാണ്.
   2. വ്യവസ്ഥിതിയെ കാണിക്കുന്നതായി, അല്ലെങ്കില് പന്ത്രണ്ടു ഗോത്രങ്ങളെ സൂചിപിക്കുന്നതായി ഇതു ഇരിക്കുന്നു.
   3. പാരമ്പര്യത്തെ അനുസരിച്ചുള്ള എഴുതിയ കാലക്രമത്തെ ഇതു പ്രതിബിംബിക്കുന്നു.

C. ചെറിയ പ്രവാചകന്മാര് അല്ലെങ്കില് പന്ത്രണ്ടു പ്രവാചകന്മാര് എന്ന പുസ്തകം എഴുതിയ കാലക്രമത്തെ പല പണ്ഡിതന്മാരും ബന്ധപെടുത്തിക്കാട്ടുന്നുണ്ടു. ആ നിലയില്, നഹൂം, ഹബക്കൂക്ക്, സെഫന്യാവ് എന്നിവ ഒരു കൂട്ടമായി തിരിച്ചിരിക്കുന്നു.

## III. സാഹിത്യ ശൈലി

ജനങ്ങള്ക്കുവേണ്ടി പ്രവാചകന്മാര് ദൈവത്തോടു സംസാരിക്കുന്നതു പതിവില്ലാത്ത കാര്യമാണ്. ഒന്നാം അധ്യായം ഉഗ്രമായ അധിക്ഷേപത്തെ അിറയിക്കുന്നു, അല്ലെങ്കില് ഒരു സംഭാഷണത്തിലൂടെ സത്യത്തെ പകരുന്നു.

## IV. എഴുത്തുകാരന്

A. ഈ പ്രവാചകന് യഹൂദയെ കുറിച്ചു യഹോവയോടു സംസാരിക്കുന്നു. മറ്റു പ്രവാചകന്മാരോ ദൈവത്തിന്നുവേണ്ടി ജനങ്ങളോടു സംസാരിക്കുന്നു.

B. ദാനിയേല്, യിരമ്യാവ്, യെഹസ്ക്കീയേല്, നഹൂം, സെഫന്യാവ് എന്നിവരുടെ കാലത്തിനോടു ഈ പ്രാവചകന്റെ കാലവും ബന്ധപ്പെട്ടതായിരിക്കുന്നു.

C. ആലയത്തില് പാടുന്ന ഒരു സങ്കീതക്കാരനായി ഹബക്കൂക്ക് ഇരിക്കാന് സാധ്യതയുണ്ടു. കാരണം:
   1. 3:1ല് വിഭ്രമരാഗം എന്ന പദം ഉപയോഗിച്ചിരിക്കുന്നു. NASB ബൈബിളില് അതിന്നു അടിക്കുറിപ്പായി എഴുതിയിരിക്കന്നുതു ഇങ്ങനെയാണ്, "വളരെ വികാരധീനമായ പദ്യം". ഈ സങ്കീത പദത്തിന്റെ അര്ത്ഥം അറിയില്ല. നിര്ത്തി പാടുന്ന സമയം അല്ലെങ്കില് സ്വര ആരോഹണം ക്രമം എന്നു അര്ത്ഥം നല്കാന് സാധ്യതയുണ്ടു.
   2. ഉപയോഗിച്ചിട്ടുള്ള മറ്റൊരു സങ്കീത പദം, സേലാ - 3:3, 9, 13.
   3. 3:19ല് ഉപയോഗിച്ചിട്ടുള്ള ഉപവാക്യം, "സങ്കീതപ്രമാണിക്കു തന്ത്രിനാദത്തോടെ".

## V. എഴുതിയ കാലം (രണ്ടു പ്രധാന സിദ്ധാന്തങ്ങള് ഉണ്ടു)

A. മനശ്ശേയുടെ ഭരണം (687-642 B.C.). വേദപുസ്തകത്തില് ഹബക്കുക്ക് പുസ്തകത്തിന്റെ സ്ഥാനത്തോടും, കല്ദേയരുടെ ഉല്ഭവത്തോടും, നിയോ-ബാബിലോന് സാമ്രാജ്യത്തോടും പൊതുവില് ഇതിനെ ബന്ധപ്പെടുത്തുന്നുണ്ടു (നോക്കുക - ഹബക്കൂക്ക് 1:5).

B. യെഹോയാക്കിമിന്റെ ഭരണം (609-598 B.C.). നെക്കോ-ഫറവോന് ഈ നഗരത്തെ ആക്രമിച്ചതു, പിന്നീട് കര്ഖേമിഷില് ശേഷിച്ച അസ്സരിയ ഈജിപ്തിയ സൈന്യത്തെ 605 B.C.യില് തോല്പിച്ചു ശേഷം ഇതിനെ നെബൂഖദ്നേസര് മുഴുവന് സ്ഥലത്തെയും പിടിച്ചെടുത്തതു, എന്നി കാലത്തിലാണ് ഈ പുസ്തകം എഴുതപ്പെട്ടതു.

C. പ്രവാചകന്മാരുടെ ജീവിതം എന്ന പുസ്തകത്തില് സയൂടോ-എപിഫാനിയസ്, താന് സിമിയോന്റെ ഗോത്രത്തില് നിന്നു വന്നവന് എന്നു പറയുന്നു. നെബൂഖദ്നേസല്-II 586 B.C.യില് പടയോടു വന്നപ്പോള്, പട്ടണം വീണശേഷം ഇവന് ഓടിപ്പോയി, പ്രവാസത്തില് നിന്നു മടങ്ങിവരുന്നതിന്നു രണ്ടു വര്ഷം മുമ്പേ മരിച്ചു. എങ്കിലും ഇത് പിന്നീട് കിട്ടിയ അിറവാണ്, ഇത് വിശ്വസിക്കാന് കഴിയുകയില്ല.

## VI. ചരിത്രപരമായ പശ്ചാത്തലം

## VII. സാഹിത്യപരമായ ഏകകം

A. രണ്ടു ഭാഗമായി ഈ പുസ്തകത്തെ തിരിക്കുന്നുണ്ടു:
   1. അധ്യായം 1 & 2 - പ്രവാചകനും ദൈവും തമ്മിലുള്ള സംഭാഷണം.
   2. അധ്യായം 3 - ലോക ചരിത്രത്തെ ദൈവം നിയന്ത്രിക്കുന്നതിനെ കുറിച്ചുള്ള സ്തുതി ഗീതം.

B. ദൈവവും പ്രവാചകനും തമ്മില് നടക്കുന്ന സംഭാഷണം, 1:2-2:20.
   1. ദൈവം ശിക്ഷിക്കുന്നതില് താമസിക്കുന്നതിനെ ഹബക്കുക്ക് പരാതി പറയുന്നു, 1:2-4
   2. ദൈവത്തിന്റെ ആദ്യ ഉത്തരം, 1:5-11
   3. ദൈവത്തിന്റെ ഉത്തരത്തോടുള്ള ബന്ധത്തില് ഹബക്കൂക്കിന്റെ സദാചാരപരമായ പ്രശ്നം, 1:12-2:1
   4. രണ്ടാം പ്രാവശ്യം ദൈവം ഉത്തരം നല്കുന്നു, 2:2-5
      a. ദൈവത്തിന്റെ പദ്ധതി നിശ്ചയമായതു, അതിനെ എഴുതിയെടുക്കുക, 2:20
         1) വിശ്വസിച്ചാല് അനുഗ്രഹം, 2:4,14,20
         2) ദോഷത്തെ ദൈവം ന്യായംവിധിക്കും, 2:5, 6-20
      b. ദൈവ ജനങ്ങള് ഉടമ്പടിയില് വിശ്വസ്തത പാലിക്കേണ്ടവരാണ്, 2:4-5 (3:16-19)
      c. ദൈവം കൈയേറ്റക്കാരരെ വീണ്ടും ശിക്ഷിക്കും, 2:6-20 (5 ശാപങ്ങള്)
         1) 2:6-8, ഉഗ്രമായ അക്രമം
         2) 2:9-11, ഉഗ്രമായ അക്രമം
         3) 2:12-14, ഉഗ്രമായ അക്രമം
         4) 2:15-17, ഉഗ്രമായ അക്രമം
         5) 2:18-20, വിഗ്രഹാരാധന.

C. കഴിഞ്ഞ കാലത്തില് ദൈവം വിശ്വസ്തനായതും വിടുതലും ഓര്ത്തു ദൈവത്തെ സ്തുതിക്കുന്നതും, ഭാവിയില് ദൈവം വിടുവിക്കും എന്ന പ്രതീക്ഷയോടുകൂടിയ ഒരു സങ്കീതമാണ്, 3:1-9.

   1. ദൈവം പണ്ടുചെയ്ത വിടുതല് വളരെ ഉന്നത പദ്യമായി, രൂപാലങ്കാരം ചെയ്തു പാടിയിട്ടുള്ളതാണ്.
      a. പുറപ്പട്
      b. സൃഷ്ടി
      c. ദേശത്തെ കീഴക്കിയ കാലം.
   2. പുറമെ അടയാളള് ഇല്ലെങ്കിലും ദൈവം വിടുതല് തരും എന്നു പ്രവാചകന് ദൈവത്തില് വിശ്വസിച്ചു സഹിഷ്ണുതയോടേ ഇരിക്കുന്നു, (2:4; 3:16-29).

## VIII. പ്രധാന സത്യങ്ങള്

A. ഈ ലോകത്തില് നീതിയോടിരിക്കണം. പാപത്തെ ദൈവം ന്യായംവിധിക്കും. ദൈവത്താല് തിരഞ്ഞെടുക്കപ്പെട്ടവര്പോലും തങ്ങളുടെ പ്രവര്ത്തികള്ക്കു ഉത്തരവാതിത്വം ഉള്ളവരാണ് (ഗലാത്യര് 6:7).

B. വീണുപോയ ഈ ലോകത്തിലും എല്ലാ സംഭവങ്ങളെയും ദൈവമാണ് നിയന്ത്രരിക്കുന്നതു. ദോഷത്തെ ദൈവം തന്റെ ഉദ്ദേശത്തിന്നുവേണ്ടി ഉപയോഗിക്കും, പക്ഷേ അതും ന്യായംവിധിക്കപ്പെടും!

C. ദൈവത്തെ ചോദ്യംചെയ്യുന്നതു സ്വീകാര്യമാണ്. എങ്കിലും, പലപ്പോഴും യുക്തിപൂര്വ്വമായ ഉത്തരമല്ല, മരിച്ച് ദൈവത്തിന്റെ സാന്നിദ്ധ്യമാണ് നമുക്കു തൃപ്തി നല്കുന്നതു.

D. "വിശ്വാസത്താല് നീതികരണം" എന്ന പൗലോസിന്റെ പ്രസിദ്ധമായ ദൈവശാസ്ത്രപരമായ പ്രതിപാദ്യത്തിന്നു ഈ പുസ്തകമാണ് അടിസ്ഥാനം (നോക്കുക - 2:4). അനര്ത്ഥം അതുതന്നെ ഒടുവില് അഴിയും. അനര്ത്ഥ ദിവസങ്ങളിന് മധ്യേ ദൈവ ജനങ്ങള് തങ്ങളുടെ വിശ്വാസത്തെ പിടിച്ചു നില്ക്കണം! വിശ്വാസത്തെ താല്കാലികമായ സാഹചര്യത്തോടു ബന്ധിപ്പിക്കാന് പാടില്ല, 3:17-19.

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
   1. "അവരുടെ ന്യായവും ശ്രേഷ്ഠതയും അവരില് നിന്നു തന്നേ പുറപ്പെടുന്നു," 1:7 (നോക്കുക 1:11ര) (NIV "അവര് തങ്ങള്ക്കു തന്നേ ചട്ടം ഉണ്ടാക്കുന്നു, തങ്ങള്ക്കു മഹിമയെ തേടുന്നു")
   2. "കര്ത്താവേ, എന്റെ ദൈവമേ, എന്റെ പരിശുദ്ധനേ" 1:12 (NASB &NIV)
   3. "പാറയായുള്ളോവേ," (NASB &NIV)
   4. അവര് തങ്ങളുടെ വലകള്ക്കു ബലികഴിക്കുന്നു - വചനങ്ങള് 15-17 (NIV "അവന് തന്റെ വലയ്ക്കു ബലികഴിക്കുന്നു")
   5. നീതിമാനോ വിശ്വാസത്താല് ജീവിച്ചിരിക്കും 2:4 (NASB &NIV)
   6. പാതാളം, 2:5 (NIV "ശവക്കുഴി")
   7. വിലാപ പാട്ട്, 2:6 (NIV "വിലാപം")
   8. യഹോവയുടെ വലങ്കയ്യില് പാനപാത്രം ഉണ്ടു 2:16 (NASB &NIV)
   9. വിലാപരാഗം, 3:1 (NASB &NIV)
   10. സേലാ, 3:3,9,13 (NASB &NIV)
   11. നിന്റെ അഭിഷിക്തന്, 3:13 (NIV, "നീ അഭിഷേകിച്ചവന്")
   12. അവന് എന്റെ കാല് പേടമാന് കാല്പോലെ ആക്കുന്നു, 3:19 (NIV, "അവന് എന്റെ കാല് മാന് കാല്പോലെ ആക്കുന്നു")

B. വ്യക്തികള് - ഒരുത്തരുമില്ല.

## X. ഭൂപട സ്ഥലങ്ങള്

1. കല്ദയ, 1:6 (NIV "ബാബിലോന്യര്")
2. തേമാന്, 3:3
3. പാറാന് പര്വ്വതം, 3:3
4. മിദ്യാന്, 3:7

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്


1. മറ്റു ചെറിയ പ്രവാചകന്മാരുടെ പുസ്തകത്തില് നിന്നു ഈ പുസ്തകം എങ്ങനെ വ്യത്യസ്ഥമാകുന്നു?


2. അധ്യായങ്ങള് 1-2ല് ദൈവവും പ്രവാചകനും തമ്മിലുള്ള സംഭാഷണത്തെ രേഖരൂപത്തില് തരിക.

3. ഹബക്കൂക്കിനെ ഒരു സങ്കീതക്കാരന് എന്നു കരുതുന്നതു എന്തുകൊണ്ടു?

4. 1:16-17 വേദഭാഗത്തിലുള്ള മാനസിക കല്പനയെ വിവരിക്കുക.

5. ഈ പുസ്തകത്തിന്റെ പശ്ചാതലത്തില് 2:4ന്റെ അര്ത്ഥം എന്താണ്? റോമര് 1:17ലും ഗലാത്യര് 3:11ലും പൗലോസ് ഇതിനെ എങ്ങനെ ഉപയോഗിക്കുന്നു?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# സെഫന്യാവ് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പ്രവാചകന്റെ പേരാണ് ഈ പുസ്തകത്തിന്റെ പേര്.

B. അദ്ദേഹത്തിന്റെ പേരിന്റെ അര്ത്ഥം:
1. "യാഹ്വേ മറച്ചുവെച്ചിരിക്കുന്നു" അല്ലെങ്കില്
2. "യാഹ്വേ ശ്രദ്ധിക്കുന്നു"

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കല്

A. പിന്നത്തെ പ്രവാചകന്മാര് എന്ന വിഭാഗത്തിന്റെ ഭാഗമാണ് ഈ പുസ്തകം (Ecclesiasticus 49:10).

B. പന്ത്രണ്ടു പ്രവാചകന്മാര് എന്ന ചെറിയ പ്രവാചകന്മാര് കൂട്ടത്തില്പെട്ടതാണ് ഈ പുസ്തകം (ബാബാ ബത്രാ 14b).
1. യെശയാവ്, യിരമ്യാവ്, യെഹസ്ക്കീയേല് പോലെ ഈ പുസ്തകവും ഒരു തോല്ചുരുളില് ഉള്ളതാണ്.
2. വ്യവസ്ഥിതിയെ കാണിക്കുന്നതായി, അല്ലെങ്കില് പന്ത്രണ്ടു ഗോത്രങ്ങളെ സൂചിപിക്കുന്നതായി ഇതു ഇരിക്കുന്നു.
3. പാരമ്പര്യത്തെ അനുസരിച്ചുള്ള എഴുതിയ കാലക്രമത്തെ ഇതു പ്രതിബിംബിക്കുന്നു.

C. ചെറിയ പ്രവാചകന്മാര് അല്ലെങ്കില് പന്ത്രണ്ടു പ്രവാചകന്മാര് എന്ന പുസ്തകം എഴുതിയ കാലക്രമത്തെ പല പണ്ഡിതന്മാരും ബന്ധപെടുത്തിക്കാട്ടുന്നുണ്ടു. ആ നിലയില്, നഹൂം, ഹബക്കൂക്ക്, സെഫന്യാവ് എന്നിവ ഒരു കൂട്ടമായി തിരിച്ചിരിക്കുന്നു.

## III. സാഹിത്യ ശൈലി

A. ഇതു ഉത്തമമായ എബ്രായ പ്രവചന പദ്യമാണ്. ഇതില് പാപം, ന്യായവിധി, യഥാസ്ഥാനപ്പെടുത്തല് എന്ന വിഷയങ്ങളെയാണ് കേന്ദ്രീകരിച്ചു പറയുന്നതു.

B. 3:14-20 വരെയുള്ള ഭാഗം പഴയ കീര്ത്തനമായിരിക്കാം.

## IV. എഴുത്തുക്കാരന്

A. ഈ പുസ്തകം നീണ്ട വംശാവലിയുള്ളതാണ്: "...ആമോന്റെ മകനായ യോശിയാവിന്റെ കാലത്തു, ഹിസ്ക്കീയാവിന്റെ മകനായ അമര്യ്യാവിന്റെ മകനായ ഗെദല്യാവിന്റെ മകനായ കൂശിയുടെ മകനായ സെഫന്യാവ് " 1:1.
1. ഇതു സെഫന്യാവ് യഹൂദ രാജവംശത്തില് ഉള്ളവന് എന്നു സൂചിപ്പിക്കുന്നു. ഹിസ്ക്കീയാവിനെ യഹൂദ രാജാവായി (715-687 B.C.) പട്ടികയില് എഴുതിയ കാരണത്താല്, വംശാവലി നീളുന്നതായി തോന്നുന്നു.
2. അദ്ദേഹം യഹൂദന് എന്നു തെളിയിക്കാന് വേണ്ടി ഇത്രയും നീണ്ട വംശാവലി പറഞ്ഞിരിക്കാന് സാധ്യതയുണ്ടു, കാരണം അദ്ദേഹത്തിന്റെ അപ്പന് കൂശി (എത്തിയോപ്പിയന്).

B. ഇദ്ദേഹം ദൈവഭയമുള്ള യോശിയാ രാജാവിന്റെ ബന്ധുവായിരിക്കണം, യോശിയാവെ പടിപ്പിച്ച അതേ രാജഗുരുക്കള് തന്നെ ഇദ്ദേഹത്തെയും പടിപ്പിച്ചിരിക്കാന് സാധ്യതയുണ്ടു.

C. പഴയ നിയമത്തില് ഇതാ പേരില് മൂന്നുപേര് ഉണ്ടു: 1 ദിന. 6:36-38; യിരമ്യാവ് 21:1; 2 രാജാ. 25:18-21; 29:25; 37:3; 52:24-27; സെക്കരിയ6:10,14.

## V. എഴുതിയ കാലം

A. യോശിയാ രാജാവിന്റെ കാലത്തു സെഫന്യാവ് സംസാരിച്ചു (640-609 B.C.)

B. യഹൂദ ജനത്തിനിടയില് പിരിമുറുക്കം ഉണ്ടായിരിന്നതായി ഈ പുസ്തകത്തല് രേഖപ്പെടുത്തിട്ടുണ്ടു, 1:4-6, 8-9, 12; 3:1-3, ആ കാരണത്താല്, (621 B.C.യില്) യോശിയാവിനാല് ഒരു രൂപീകരണം നടന്നതിന്റെ മുമ്പു, ഈ പുസ്തകത്തെ സ്വീകരിച്ചവര് യഹൂദയില് ഇരുന്നവര് എന്നു തോന്നുന്നു.

## VI. ചരിത്രപരമായ പശ്ചാത്തലം

A. ആക്രമണത്തെ ദൈവം ഒരു ഉപകരണമായി ഉപയോഗിച്ചു എന്ന പറയുമ്പോള്, ചിലരുടെ അഭിപ്രായത്തില് അതു അസ്സരിയയെ നേരത്തേ ആക്രമിച്ച സിത്തിയന് കവര്ച്ച പട (NIV, Francisco way 626 B.C.) ആകുന്നു. ഹെരോദിതസ് I (103-106) പറയുന്നത്: സിത്തിയര് പലസ്തീന് വഴയായി ഈജിപ്തു വരെ ആക്രമിച്ചു, അതിന്നു മുമ്പേ ഫാറോന് സമ്മട്ടികസ് I (663-609 B.C.) വന്തുക കൊടുത്തുതീര്ത്തു അവരെ മടങ്ങിപോകുമാരാക്കി.

B. സിത്തിയര് ആക്രമിക്കാന് സാധ്യതയുണ്ടെങ്കിലും, യഹൂദയെ ബാബിലോന് മിക്കവാറും ആക്രമിച്ചിരിക്കും.

## VII. സാഹിത്യപരമായ ഏകകം

A. കര്ത്താവിന്റെ ദിവസം, 1:1-2:3
1. ബാല് ആരാധകര്ക്കു നാശം വരുമെന്ന അപായമുന്നറിയിപ്പ്, 1:2-6.
2. കര്ത്താവിന്റെ ദിവസത്തിന്റെ വിശദീകരണം, 1:7-13.
3. വരുവാനുള്ള ന്യായവിധി, 1:14-18.
4. ന്യായവിധിയെ ഒഴിവാക്കാനുള്ള വഴികള്, 2:1-3.

B. അന്യദേശങ്ങള്ക്കുള്ള ന്യായവിധികള്, 2:4-15
1. ഫിലിസ്ത്യാ, 2:4-7
2. മോവാബും അമ്മോനും, 2:8-11
3. ഈജിപ്ത്, 2:12
4. അസ്സരിയാ, 2:13-15

C. ശാപവും അനുഗ്രഹവും, 3:1-20
1. യെരുശലെമിന്നു ശിക്ഷ വരുന്നുണ്ടു എന്ന ഭയങ്കര മുന്നറിയിപ്പു, 3:1-7
2. വിശ്വസ്തതയുള്ള ശേഷിച്ചവര്ക്കു അനുഗ്രഹത്തെ ഉറപ്പാക്കുന്നു, 3:8-20.

## VIII. പ്രധാന സത്യങ്ങള് –ഊഴവും ഭാഷാപ്രയോഗവും ഹ്രസ്വമായ നിര്വചനവും

A. അടുത്തുവന്നുകൊണ്ടിരിക്കുന്ന യഹൂദയുടെ ആക്രമണത്തെ കുറിച്ചു പ്രവാചകന് മുന്നറിയിപ്പുകൊടുക്കുന്നു. ന്യായവിധിയായ് വരുന്ന ഈ ശിക്ഷയ്ക്കു കാരണമായ മനശ്ശേ തുടങ്ങിവച്ച വിഗ്രഹാരാധന യെരുശലേമില് എങ്ങും വ്യാപിച്ചിരിന്നു. സെഫന്യാവ് "കര്ത്താവിന്റെ ദിവസം" എന്ന സന്ദേശത്തെ ഉപയോഗിച്ചു. തങ്ങളുടെ നാളില് ഉണ്ടായിരുന്ന പ്രതിസന്ധി അവസ്ഥകളെ, ഭാവിയിലും അന്തിമകാലത്തില് സംഭവിക്കാനുള്ളവയുടെ ഒരു നിഴലായ് കരുതി.

B. വചനം 2:3ല് മാനസാന്തരപ്പെടാന് വിളിക്കുന്നു. മശിഹായുടെ സ്നേഹത്തിലും(3:17) സാന്നിദ്ധ്യത്തിലും മാത്രമാണ് യഹൂദയുടെ പ്രത്യാശ(315 & 17).

C. യിസ്രായേലിനെ ശിക്ഷിക്കാന്വേണ്ടി ദൈവം അസ്സരിയയെ ഉപയോഗിച്ചു എന്നു സ്പഷ്ടമായി അറിയാം. ഈ സംബുഷ്ടിയായ സാമ്രാജ്യവും ന്യായംവിധിക്കപ്പെട്ടു, അങ്ങനെ തന്നെ യഹൂദയെയും ന്യായംവിധിക്കും!

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
1. "വിഗ്രഹാരാധനചെയ്യുന്ന പുരോഹിതന്മാര്," 1:4 (NASB & NIV)
2. "ആകാശത്തിലെ സൈന്യം," 1:5 (NIV "നക്ഷത്രമണ്ടല സൈന്യങ്ങള്")
3. "യഹോവയുടെ ദിവസം അടുത്തിരിക്കുന്നു," 1:7
4. "ഉമ്മറപ്പടി ചാടിക്കടക്കുന്ന ഏവരെയും," 1:9 (NIV "ഉമ്മറപ്പടി ചവിട്ടാതെ ഒഴുവാക്കുന്ന ഏവരെയും")
5. "മക്കേശ് നിവാസികള്," 1:11 (NIV "വ്യാപാര നഗരം")
6. അതിന്റെ നടുവില് ആട്ടിന്കൂട്ടങ്ങളും നാനാജാതി മൃഗങ്ങളും കിടക്കും, 2:14 (NASB & NIV)
7. അതിന്നരികെ കൂടി പോകുന്ന ഏവനും ചൂളകുത്തി കൈകുലുക്കും, 2:15 (NIV, "അതിന്നരികെ കടന്നുപോകുന്നവര് പരിഹസിച്ച് തങ്ങളുടെ മുഷ്ഠികളെ കുലുക്കും")

8. എന്റെ വിശുദ്ധപര്വ്വം, 3:11 (NIV, “എന്റെ വിശുദ്ധ കുന്നു”)

B. വ്യക്തികള്
1. കൂശി, 1:1
2. മല്ക്കാം, 1:5 (NIV, “മോലെക്”)
3. ഫെലിസ്ത്യദേശമായ കനാന്, 2:5 (NIV, “കെരിതൈട്ട്”)

## X. ഭൂപട സ്ഥലങ്ങള്

1. ഗസ്സാ, 2:4
2. അസ്ക്കലോന്, 2:4
3. അസ്തോദ്, 2:4
4. എക്രോന്, 2:4
5. സോദോം ഗൊമോറ, 2:9
6. എത്തിയോപ്യാ, 2:12 (NIV, “കൂശ്യര്”)

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. ഏതു പഴയ നിയമ പ്രവാചകന്മാരെക്കാളും സെഫന്യാവിന്റെ ഏറ്റം നീണ്ട വംശാവലിയിരിക്കുന്നു. എന്തുകൊണ്ടു?


2. എന്തുകൊണ്ടു നോഹയുടെ ജലപ്രളയത്തെക്കാളും സെഫന്യായുടെ ന്യായവിധിയുടെ പ്രവചനം മോശമായതു?


3. “കര്ത്താവിന്റെ ദിവസം” എന്ന ആശയത്തെ നിര്വചിക്കുക.

4. എന്തുകൊണ്ടു യിസ്രായേലിനെക്കാളും യഹൂദ ജനം വലിയ പാപികളും കുറ്റക്കാരുമായിരിക്കുന്നു?

5. പുറജാതികളെ സംബന്ധിച്ചിടത്തോളം വാക്യം 3:9ല് സാര്വ്വത്രികമായ അംശം ഉണ്ടോ? കാരണം എന്തു?

6. വചനം 3:17 എങ്ങനെ ദൈവത്തിന്റെ ഹൃദയത്തെ നമുക്കു കാണിക്കുന്നു?


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# ഹഗ്ഗായി പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പ്രവാചകന്റെ പേരാണ് ഈ പുസ്തകത്തിന്നു വച്ചിട്ടുള്ളതു.

B. ഇദ്ദേഹത്തിന്റെ പേരിന്റെ അര്ത്ഥം: “ഉത്സവം”. ഈ പേരിന്റെ ഒടുവിലത്തെ അക്ഷരം “Yod” അല്ലെങ്കില് “i” ഒരു പക്ഷേ യഹോവ എന്നതിന്റെ ചുരുക്കമായിരിക്കാം. അങ്ങനെയെങ്കില് “യഹോവയുടെ ഉത്സവം” എന്നു അര്ത്ഥമാകുന്നു (നോക്കുക 1 ദിന. 6:30). അല്ലെങ്കില് “എ**ന്റെ**” എന്ന പദവും യഹോവ എന്നതിനെ സൂചിപ്പിക്കുന്നു.

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കല്

A. പിന്നത്തെ പ്രവാചകന്മാര് എന്ന വിഭാഗത്തിന്റെ ഭാഗമാണ് ഈ പുസ്തകം (Ecclesiasticus 49:10).

B. പന്ത്രണ്ടു പ്രവാചകന്മാര് എന്ന ചെറിയ പ്രവാചകന്മാര് കൂട്ടത്തില്പെട്ടതാണ് ഈ പുസ്തകം (ബാബാ ബത്രാ 14b).
   1. യെശയാവ്, യിരമ്യാവ്, യെഹസ്ക്കീയേല് പോലെ ഈ പുസ്തകവും ഒരു തോല്ചുരുളില് ഉള്ളതാണ്.
   2. വ്യവസ്ഥിതിയെ കാണിക്കുന്നതായി, അല്ലെങ്കില് പന്ത്രണ്ടു ഗോത്രങ്ങളെ സൂചിപിക്കുന്നതായി ഇതു ഇരിക്കുന്നു.
   3. പാരമ്പര്യത്തെ അനുസരിച്ചു എഴുതിയ കാലക്രമത്തെ ഇതു പ്രതിബിംബിക്കുന്നു.

C. ചെറിയ പ്രവാചകന്മാര് അല്ലെങ്കില് പന്ത്രണ്ടു പ്രവാചകന്മാര് എന്ന പുസ്തകം എഴുതിയ കാലക്രമത്തെ പല പണ്ഡിതന്മാരും ബന്ധപെടുത്തിക്കാട്ടുന്നുണ്ടു. ആ നിലയില്, ഹഗ്ഗായിയും സെഖരിയാവും ചരിത്രപരമായി ഒരു കാലത്തിലുള്ളതായി കരുതുന്നു.

## III. സാഹിത്യ ശൈലി

A. ഈ പുസ്തകം നാല് അല്ലെങ്കില് അഞ്ചു പ്രസംഗങ്ങള് ഉള്ളടക്കിയതാണ് (1:13).

B. ഇതു പദ്യമല്ല.

## IV. എഴുത്തുകാരന്

A. ഹഗ്ഗായിയെ കുറിച്ചു എസ്രാ 5:1; 6:14 വാക്യങ്ങളില് രേഖപ്പെടുത്തിട്ടുണ്ടു. സെഖര്യാവിനോട് ചേര്ത്തു സെഖര്യാവ് 8:9ല് രേഖപ്പെടുത്തിട്ടുണ്ടു. ഇദ്ദേഹം മിക്കവാരും പ്രവാസത്തില്നിന്നു മടങ്ങിവന്ന വ്യക്തിയാണ്.

B. I എസ്ഡ്രാസ് 6:1; 7:3; II എസ്ഡ്രാസ് 1:40 എന്നീ വചനങ്ങളില് ഹഗ്ഗായിയെ രേഖപ്പെടുത്തിട്ടുണ്ടു. എക്ലീസിയാസ്ടികസ് 49:11, ഹഗ്ഗയി പുസ്തകം 23ല്നിന്നു എടുത്തുപറയുന്നു.

C. ഹഗ്ഗായി ഒരു പുരോഹിതന് എന്നു ജെരോം പറയുന്നു. പക്ഷേ അതു 2:10-19 ഭാഗത്തെ വായിച്ചു ധരിച്ച തെറ്റിദ്ധാരണയാണ്.

D. വചനം 23 പ്രകാരം ഹഗ്ഗായി ശലൊമോന്റെ ആലയത്തെ കണ്ടു എന്നു പറകയാല്, അദ്ദേഹത്തിന്നു 70 അല്ലെങ്ങില് 80 വയസ്സായിരിക്കാം എന്നു എഡ്വര്ഡും പൂസിയും അഭിപ്രായപ്പെടുന്നു.

E. അലെക്സാന്ത്ര്യ പട്ടണത്തു സിരില് തന്റെ അന്നത്തെകാലത്തു ഉണ്ടായ അഭിപ്രായപ്പ്രകാരം ഹഗ്ഗായിയെ ഒരു ദൈവദൂതന് എന്നു പറയുന്നു. ഇതു എബ്രായര് 113ല് “ദൂതന്” എന്നു കാണുന്ന പദത്തെ തെറ്റായി മനസ്സിലാക്കിയതാണ്.

F. LXX ബൈബിളിലെ പല സങ്കീര്ത്തനങ്ങളെ ഹഗ്ഗായിയും സെഖര്യാവും എഴുതിയതായി പറയുന്നു: 112,126,127,137,146-149.

G. ഹഗ്ഗായിയുടെ 4 പ്രഭാഷണങ്ങളും തൃതീയ പുരുഷന്നു എഴുതിയതാകയാല്, അതു സൂചിപ്പിക്കുന്നതു:

1. സാധാരണ സാഹിത്യ യുക്തി,
2. ഒരു പകര്പ്പെഴുത്തുക്കാരന് അല്ലെങ്കില് ഒരു ഗ്രന്ഥപരിശോധകന്.

## V. എഴുതിയ കാലം

A. പ്രവാസകാലത്തിനു പിമ്പു തന്റെ സമകാലികനായ സെഖര്യാവിനോടുകൂടെ ഹഗ്ഗായും ഒരു പ്രവാചകനായിരുന്നു.

B. ദാര്യാവേശിന്റെ (Darius I Hystaspes - 521486 B.C.) രണ്ടാം ആണ്ടു, ആറാംമാസം, ഒന്നാം തിയ്യതി (1:1) ദാര്യാവേശിന്റെ രണ്ടാം ആണ്ടു, ഒമ്പതാം മാസം, ഇരുപത്തിനാലാം തിയ്യതി (2:10,20), ഈ കാലയളവിലാണ് ഈ പുസ്തകം എഴുതിയതു. അതുകൊണ്ടു ഇതിന്റെ കാലം 520 B.C. അതായതു, രണ്ടാമത്തെ ആലയം 516 B.C.യില് പൂര്ത്തിയാകുന്നതിന്നു നാലു ആണ്ടുകള്ക്ക് മുമ്പു, എഴുപതു വര്ഷം പ്രവാസം ഉണ്ടാവും എന്ന യിരമ്യാവ് പ്രവാചകം 586 B.C.യില് നിറവേറിയ കാലത്തു.

## VI. ചരിത്രപരമായ കാലക്രമം

| *ദാരിയസ് ഭരണ വര്ഷം* | *B.C. വര്ഷം* | *മാസം* | *നാള്* | *വേദഭാഗം* | *ഉള്ളടക്കം* |
|---|---|---|---|---|---|
| 2 | 520 | 6 Sep/Oct | 1 | ഹഗ്ഗായി 1:1-11 | ഹഗ്ഗായി ജനങ്ങളെ പ്രവര്ത്തിക്കാന് എഴുന്നേള്പ്പിക്കുന്നു. |
| | | | 24 | ഹഗ്ഗായി 1:12-15 | ജനങ്ങള് പണിയുവാന് തുടങ്ങുന്നു. |
| | | 7 Oct/Nov | 1 | ഹഗ്ഗായി 2:1-9 | പിന്നത്തെ ദൈവാലയത്തിന്റെ മഹിമ. |
| | | 8 Nov/Dec | ? | സെഖ. 1:1-6 | സെഖര്യാവ് പ്രവചിക്കാന് തുടങ്ങുന്നു. |
| | | 9 Dec/Jan | 24 | ഹഗ്ഗായി 2:10-19 | ദൈവം അനുഗ്രഹിക്കാന് തുടങ്ങും. |
| | | | | ഹഗ്ഗായി 2:20-23 | ലോകശക്തികള് ഉന്മൂലം ആയതിന്നു ശേഷം മശിഹയുടെ രാജ്യം സ്ഥാപിതമാകും. |
| | 519 | 11 Feb/Mar | 24 | സെഖ. 1:7-6:8 | സെഖര്യായയുടെ രാത്രി ദര്ശനങ്ങള് |
| | | | | സെഖ. 6:9-15 | യോശുവ ക്രീടം അണിയുന്നത് മശിഹയുടെ പൗരോഹിത്യത്തിന്നു നിഴലായിരിക്കുന്നു. |
| 4 | 518 | 9 Dec/Jan | 4 | സെഖ. 7-8 | മാനസാന്തരം ആവശ്യപ്പെട്ടു; അനുഗ്രഹം വാഗ്ദാനം ചെയ്യുന്നു |
| 6 | 516 | 12 Mar/Apr | 3 | എസ്രാ 6:15 | ആലയം പ്രതിഷ്ഠ ചെയ്യുന്നു. |
| | | ? | | സെഖ. 9-14 | ആലയ പ്രതിഷട കഴിഞ്ഞ ശേഷം |

## VII. സാഹിത്യപരമായ ഏകകം - പ്രവാചകന്റെ പ്രസംഗത്തില്നിന്നു രേഖരൂപമാക്കിയതു.

A. ആദ്യ പ്രഭാഷണം, 11-11, ആലയത്തെ വീണ്ടും പണിയുക!

B. നേതാക്കളും ജനങ്ങളും പ്രതികരിക്കുന്നു, 112-15

C. രണ്ടാമത്തെ പ്രഭാഷണം, 21-9, ആലയത്തിന്റെ വലിപ്പം പ്രധാനമല്ല!

D. മൂന്നാമത്തെ പ്രഭാഷണം, 210-19, ജനങ്ങള് അനുസരണം കാണിച്ചു ആലയം വീണ്ടും പണിതാല് ദൈവത്തിന്റെ അനുഗ്രഹം ഒഴുകിവരും.

E. നാലാമത്തെ പ്രഭാഷണം, 220-23, മസിഹാ ലോകത്തെ ഭരിക്കും എന്നതിന്റെ നിഴലാണ് സെരുബ്ബാബേല്.

## VIII. പ്രധാന സത്യങ്ങള്

A. ഇതിന്നു മുമ്പ് പല വര്ഷങ്ങള് അവഗണിച്ചിരുന്ന രണ്ടമത്തെ ആലയത്തെ വീണ്ടും പണിയുന്നതിനെ ഈ പുസ്തകം മുഖ്യമായി പറയുന്നു:
   1. cf. എസ്രാ 5:16 (1-ആം വര്ഷം - ശശ്ബസ്സരിന്റെ കീഴില്)
   2. എസ്രാ 3:8-13 (2-ആം വര്ഷം - സെരുബ്ബബേലിന്റെ കീഴില്)

B. ആലയത്തെ വീണ്ടും പുതുക്കിപ്പണിയുമ്പോള് (മോശയുടെ ഉടമ്പടിയിലേക്കു മടങ്ങിവരുമ്പോള്), ദൈവ വാഗ്ദത്തപ്രകാരം അടുത്തു ഉടന്തന്നെ വരാന് പോകുന്ന ലോകപരമായ ആശീര്വാദങ്ങളും, ഭാവിയില് മസിഹ മുഖാന്തരം വരാന്പോവുന്ന അനുഗ്രഹങ്ങളും പറഞ്ഞിട്ടുണ്ടു.

C. ആലയത്തിന്റെ വലിപ്പമോ ഗാംഭീരതയോ അല്ല പ്രശ്നം, മറിച്ചു ദൈവത്തിന്റെ സാന്നിദ്ധ്യമാണ്. ദൈവ സാന്നിദ്ധ്യമാണ് യഥാര്ത്ഥ മഹിമ!

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
   1. നിങ്ങള്ക്കു തട്ടിട്ട വീടുകള്, 1:4 (NASB & NIV)
   2. നിങ്ങളുടെ വഴികളെ വിചാരിച്ചുനോക്കുവിന്, 15 (NASB & NIV)
   3. ഞാന് സകല ജാതികളെയും ഇളക്കും, 2:7 (NASB & NIV)
   4. ഈ ആലയത്തിന്റെ പിന്നത്തെ മഹത്വം മുമ്പിലേത്തതിലും വലുതായിരിക്കും, 2:9 (NASB & NIV)
   5. സെരുബ്ബാബേലേ, ഞാന് നിന്നെ എടുത്തു മുദ്രമോതിരമാക്കും, 2:23 (NASB & NIV)

B. വ്യക്തികള്
   1. ദാര്യ്യാവേശ്രാജാവ്-ക, 1:1
   2. സെരുബ്ബബേല്, 1:1
   3. യോശുവ, 1:1
   4. സൈന്യങ്ങളുടെ യഹോവ 1:2 (NIV, "സര്വ്വശക്തനായ കര്ത്താവ്")

## X. ഭൂപട സ്ഥലങ്ങള് -ഒന്നുമില്ല.

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. ഈ പുസ്തകത്തിന്റെ കേന്ദ്ര പ്രശ്നം എന്താണ്?


2. പ്രവാസകാലത്തിന്നുശേഷം മടങ്ങിവന്ന യഹൂദന്മാര്ക്കു എന്തുകൊണ്ടു യഹൂദ രാജ്യത്തില് കഠിനമായ കാലം ഉണ്ടായിരിന്നു?


3. അധ്യായം 2ല് ഏതു ഭാഗമാണ് മസിഹായെ കുറിച്ചുള്ളത്? എന്തുകൊണ്ടു?

4. വചനം 2:3നെ വിവരിച്ചു എഴുതുക.

5. വചനങ്ങള് 2:10-19നെ വിവരിച്ചു എഴുതുക.

6. സെരുബാബേല് നേടിയതിനെ കുറിച്ചു ചരിത്രം അല്പം മാത്രം രേഖപ്പെടുത്തിട്ടുള്ളപ്പോള്, എന്തുകൊണ്ടു ഇദ്ദേഹം വന് കാര്യങ്ങള് ചെയ്തതായി വേദഭാഗം പറയുന്നു? (2:20-23)


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# സെഖര്യാവ് പുസ്തകത്തിന്റെ ആമുഖം

## I. പുസ്തകത്തിന്റെ പേര്

A. പ്രവാചകന്റെ പേരാണ് ഈ പുസ്തകത്തിന്നു വച്ചിട്ടുള്ളതു.

B. ഇദ്ദേഹത്തിന്റെ പേരിന്റെ അര്ത്ഥം: "ഉത്സവം". ഈ പേരിന്റെ ഒടുവിലത്തെ അക്ഷരം ്യീറ അല്ലെങ്കില് "ശ" ഒരു പക്ഷേ യഹോവ എന്നതിന്റെ ചുരുക്കമായിരിക്കാം. അങ്ങനെയെങ്കില് "യഹോവയുടെ ഉത്സവം" എന്നു അര്ത്ഥമാകുന്നു (നോക്കുക 1 ദിന. 6:30). അല്ലെങ്കില് "ാ്യ" എന്ന പദവും യഹോവ എന്നതിനെ സൂചിപ്പിക്കുന്നു.

## II. വേദപുസ്തകത്തിന്റെ ഒരു ഭാഗമായി അംഗീകരിക്കല്

A. "പിന്നത്തെ പ്രവാചകന്മാര്" എന്ന വിഭാഗത്തിന്റെ ഭാഗമാണ് ഈ പുസ്തകം (Ecclesiasticus 49:10).

B. പന്ത്രണ്ടു പ്രവാചകന്മാര് എന്ന ചെറിയ പ്രവാചകന്മാര് കൂട്ടത്തില്പെട്ടതാണ് ഈ പുസ്തകം (ബാബാ ബത്രാ 14b).
   1. യെശയാവ്, യിരമ്യാവ്, യെഹസ്ക്കീയേല് പോലെ ഈ പുസ്തകവും ഒരു തോല്ചുരുളില് ഉള്ളതാണ്.
   2. വ്യവസ്ഥിതിയെ കാണിക്കുന്നതായി, അല്ലെങ്കില് പന്ത്രണ്ടു ഗോത്രങ്ങളെ സൂചിപിക്കുന്നതായി ഇതു ഇരിക്കുന്നു.
   3. പാരമ്പര്യത്തെ അനുസരിച്ചു എഴുതിയ കാലക്രമത്തെ ഇതു പ്രതിബിംബിക്കുന്നു.

C. ചെറിയ പ്രവാചകന്മാര് അല്ലെങ്കില് പന്ത്രണ്ടു പ്രവാചകന്മാര് എന്ന പുസ്തകം എഴുതിയ കാലക്രമത്തെ പല പണ്ഡിതന്മാരും ബന്ധപെടുത്തിക്കാട്ടുന്നുണ്ടു. ആ നിലയില്, ഹഗ്ഗായിയും സെഖര്യായും ചരിത്രപരമായി ഒരു കാലത്തിലുള്ളതായി കരുതുന്നു.

## III. സാഹിത്യ ശൈലി

A. ലോകവസാന നാശത്തെക്കുറിചുള്ള സാഹിത്യങ്ങള്ക്കു ഇതു ഒരു ഉദാഹരണം:
   1. അധ്യായങ്ങള് 1-8 വരെ അടിസ്ഥാനപരമായി സാധാരണ ഭാഷയിലാണ്.
   2. അധ്യായങ്ങള് 9-14 വരെ അടിസ്ഥാനപരമായി പദ്യമാണ്.

B. ഈ സാഹിത്യ ശൈലി യഹൂദന്മാര്ക്കുള്ള പ്രത്യേകതയാണ്. പലപോഴും വളരെ പ്രയാസംനിറഞ്ഞ സമയത്തു ദൈവം എല്ലാ ചരിത്രത്തെയും തന്റെ നിയന്ത്രണത്തില് വച്ചിരിക്കുന്നു എന്നു ദൃഢവിശ്വാസം വരുത്തുവാനും, ദൈവം ജനങ്ങള്ക്കു വിടുതല് കൊണ്ടുവരും എന്നു എടുത്തുപറയുവാന്വേണ്ടി ഉപയോഗിക്കുന്ന ശൈലിയാണ്.

C. ഇതില് അടങ്ങിയിരിക്കുന്ന അംശങ്ങള്:
   1. ദൈവം പ്രപഞ്ചത്തില് സര്വ്വാധികാരം ഉള്ളവന് എന്ന ഉറച്ച വിശ്വാസം,
   2. ഈ ലോകത്തില് നൻയ്ക്കും തിൻയ്ക്കും മധ്യേ പോരാട്ടം,
   3. മര്മമുള്ള വാക്കുകളുടെ പ്രയോഗം,
   4. വര്ണ്ണങ്ങളെ ഉപയോഗിക്കല്,
   5. അക്കം ഉപയോഗിക്കല്,
   6. മൃഗങ്ങള്, പില സന്ദര്ഭങ്ങളില് മൃഗം, മന്യഷ്യര് രണ്ടിനെയും ഉപയോഗിക്കല്,
   7. ദൈവം വെളിപ്പാടുകളെ സ്വപ്നം മൂലം നല്കി സന്ദേശം അറിയുക്കുന്നു, അല്ലെങ്കില് പൊതുവില് ദൂതന്മാരെ അയച്ചു അറിയിക്കുന്നു.
   8. പ്രാധമികമായി ഭാവിയെ കേന്ദ്രീകരിച്ചു പറയുന്നതു.

D. മറ്റ് ചില ഉദാഹരണങ്ങള്:
   1. പഴയ നിയമം
      a. ദാനിയേല് 7-12
      b. യെഹസ്ക്കീയേല് 37-48 (?)
   2. പുതിയ നിയമം
      a. മത്തായി 24, മാര്ക്കോസ് 13, ലൂക്കോസ് 21, 2 തെസ്സ.2
      b. വെളിപ്പാട്
   3. വേദപുസ്തകത്തില് ചേര്ക്കപ്പെടാത്ത പുസ്തകങ്ങള്

a. I ഏനോക്
b. IV എസ്രാ (എസ്ഡ്രാസ്)
c. II ബാരൂച്

E. പഴയ നിയമത്തില് മനസ്സിലാക്കുവാന് ഏറ്റവും പ്രയാസമുള്ളത് സെഖര്യാവ് പുസ്തകം എന്നു ജെരോം പറയുന്നു. എങ്കിലും, പുതിയ നിയമത്തില് വിശാലമായി ഈ പുസ്തകത്തില്നിന്നു എടുത്തുപറയുന്നുണ്ടു:
1. അധ്യായങ്ങള് 1-8, വെളിപ്പാട് പുസ്തകത്തില് എടുത്തുപ്പറയപ്പെടുന്നു.
2. അധ്യായങ്ങള് 9-14, സുവിശേഷങ്ങളില് എടുത്തുപ്പറയപ്പെടുന്നു.

F. ഈ ദര്ശനങ്ങളെ വ്യാഖ്യാനിക്കുന്നതു പ്രയാസമുള്ള കാര്യമാണ്. പക്ഷേ, ചരിത്ര പശ്ചാത്തലത്തെ നാം ഓര്ത്തിരുന്നാല്, ഇവ പ്രവാസക്കാലത്തിന്നു ശേഷം വീണ്ടും ദൈവാലയത്തെ പണിയുന്നതിതെ സംബന്ധിച്ചവ എന്നു കരുതണം. ഇവ പാവ ക്ഷമ കിട്ടുന്ന ഒരു നല്ല ദിവസം വരുന്നതിനെയും, വരുവാനുള്ള മസിഹായെയും പ്രധാനമായി പറയുന്നു.

## IV. എഴുത്തുകാരന്

A. സെഖര്യാവ് എന്ന പേര് സാധാരണ എബ്രായ പേരാണ്. ഇതിനെ സെഖര്യാവ് എന്നും സഖര്യാവ് എന്നും രണ്ടു രീതിയില് എഴുതുന്നു. പഴയ നിയമത്തില് സെഖര്യാവ് എന്ന പേരില് 27 ആളുകളും സഖര്യാവ് എന്ന പേരില് 2 പേരും ഉണ്ടു.

B. അധ്യായം 1:1, സെഖര്യാവ് ഒരു പരോഹിതന് എന്നു പറയുന്നു (നോക്കുക എസ്രാ 5:1; 6:14; നെഹ. 12:4,16). സെഖ്യൊാവിന്റെ പേര് 1:1ല്, പക്ഷേ എസ്രാ 5:1ലും 6:14ലും ഒഴിവാക്കിയിരിക്കുന്ന കാരണം വ്യക്തമായി അിറയില്ല. അങ്ങനെയെങ്ങില് ഹഗ്ഗായി, മലാഖിയെപോലെയും, അതോടുകൂടി ഒബദ്യാവ്, യോവേലിനെപോലെയും പ്രവാസകാലത്തിന്നു ശേഷമുള്ള പ്രവാചകനായി സെഖര്യാവ് ഇരിന്നിരിക്കാന് സാധ്യതയുണ്ടു.

C. സെഖര്യാവ് പുസ്തകത്തിന്റെ ഒരുമയെ പല ആധുനിക പണ്ഡിതന്മാര് മറുത്തു പറയുന്നു. എന്തുകൊണ്ടെന്നാല്, അധ്യായങ്ങള് 1 മുതല് 8 വരെയുള്ള അധ്യായങ്ങള്, അധ്യായങ്ങള് 1 മുതല് 14 വരെയുള്ള അധ്യായങ്ങളില്നിന്നു തികച്ചും വ്യത്യസ്ഥമായിരിക്കുന്നു. അധ്യായങ്ങള് 1 മുതല് 8 വരെയുള്ള അധ്യായങ്ങളില് പ്രവാചകന്റെ പേര് കൊടുത്തിട്ടുണ്ടു, മാത്രമല്ല ചരിത്രകാലവും കൊടുത്തിട്ടുണ്ടു. ഇതിന്റെ പശ്ചാതലത്തില് നോക്കുമ്പോള് ഇതു പ്രവാസകാലത്തിന്നുശേഷം സംഭവിച്ചതാണ് എന്നതു വ്യക്തമാണ്. യോഹന്നാന് തന്റെ വെളിപ്പാട് പുസ്തകത്തില് ഈ ഭാഗത്തെ പല സ്ഥലത്തും ചൂണ്ടികാട്ടുന്നു. എങ്കിലും, 9 മുതല് 14 വരെയുള്ള അധ്യായങ്ങളുടെ കാലം അനിശ്ചിതമാണ്. ഈ ഭാഗത്തു ഒരു പ്രവാചകന്റെ പേരും പറഞ്ഞിട്ടില്ല. മരണവും അന്ത്യന്യായവിധിയുമുള്ള കാലത്തോട് ബന്ധപ്പെട്ടവ. സുവിശേഷ പുസ്തകങ്ങള് അടിക്കടി ഈ ഭാഗത്തെ സുചിപ്പിക്കുന്നു.

മത്തായി 27:9ല് യേശു യിരമ്യാവ് പുസ്തകത്തില് നിന്നു ഒരു ഭാഗത്തെ എടുത്തു പറയുന്നുണ്ടു, അതു സെഖര്യാവ് 11:12-13 ഭാഗമാണ്. ഇക്കാരണത്താല്, സെഖര്യാവ് 9-14 വരെയുള്ള ഭാഗങ്ങളുടെ എഴുത്തുക്കാരന് സെഖര്യാവ് അല്ല എന്നു പറയുവായുന്ന മനോഭാവം തുടങ്ങുന്നു.

എങ്കിലും, ചാവ് കടല് ചുരുളുകള്പോലും സെഖര്യായാവ് പുസ്തകത്തെ ഒറ്റയാള് എഴുതിയെന്നു അതിന്റെ ഒരുമയെ തെളിയിക്കുന്നു. ഈ പുസ്തകത്തിന്റെ ഒരുമയെ കുറിച്ചു പറയുന്ന പല വിഷയങ്ങള് ഈ പുസ്തകത്തിനകത്തുതന്നെ ഉണ്ടു:
1. രണ്ടു എന്ന അക്കം ഉപയോഗിച്ചിരിക്കുന്നതു - 43 59 61 117 138,
2. സംബോധനാ വിഭക്തി പദം ഉപയോഗിച്ചിരിക്കുന്നതു - 27,10 328 47 9913 111-2 137
3. "ആരും പോക്കുവരത്തില്ലാതവണ്ണം" എന്ന പ്രയോഗം - 714 98
4. "കര്ത്താവ് പറയുന്നു" എന്നു ആവര്ത്തച്ചു പറയുന്ന ഭാഗങ്ങള് - 16 പ്രാവസ്യം
5. "വസിക്ക" എന്നര്ത്ഥമുള്ള qal എന്ന വാക്കു ഉപയോഗിച്ചിരിക്കുന്നു - 28 77 126 1410.
(ഇതൊക്കെയും R. K. Harrison എഴുതിയ *Introduction to the Old Testament* എന്ന പുസ്തകത്തില് 954 പക്കത്തില് നിന്നു എടുത്തതാണ്.) ഈ പുസ്തകത്തിന്റെ ഒരുമയെ കുറിച്ചുള്ള കൂടുതല് ചര്ച്ചയ്ക്ക് നോക്കേണ്ട പുസ്തകം -(E.J. Young എഴുതിയ Introduction to the Old Testament എന്ന പുസ്തകത്തില് 280 പക്കം).

D. ചരിത്രപരമായും ഭാവി സംബന്ധമായുമുള്ളതായി ഇതിനെ രചിച്ചിരിക്കുന്നത് അതിശയിക്കേണ്ടതല്ല. ഇങ്ങനെയുള്ള രീതിയെ നമ്മള് നേരത്തെ കണ്ടിട്ടിടുണ്ട്:
1. യെശയാവ് 1-39, 40-66
2. യെഹസ്ക്കീയേല് 1-29, 30-48
3. ദാനിയേല് 1-6, 7-12

E. Andrew Hill, John Walton എന്നിവര് എഴുതിയ A New OT Introduction എന്ന പുസ്തകത്തില് പക്കം 421ല് രണ്ടു വിഭാഗങ്ങളെയും പുറകോട്ടു തുടങ്ങി മുന്നോട്ടു എന്ന രീതിയില് ആവര്ത്തിച്ചു പല പരമ്പരയായി രേഖപെടുത്തിട്ടുണ്ടു. ഈ പൊരുത്തമുള്ള സാഹിത്യ യുക്തി ഒരേ എഴുത്തുകാരനാണ് ഇത് എഴുതിട്ടുള്ളത് എന്നു ഭാവിയിലും തെളിയിക്കുന്നു.

## V. എഴുതിയ കാലം

A. ദാര്യ്യവേശിന്റെ (522-486 B.C.) രണ്ടാം ആണ്ടു എട്ടാം മാസത്തില് പ്രവാചകന് തന്റെ ശുശ്രൂഷ തുടങ്ങിയതായി സെഖര്യാവ് 1:1ല് പറയുന്നു. സൈരസ്-II രാജാവിന്റെ മകനായ കേംബിസസ്- II രാജാവിന്നു (530-522) ശേഷം പെര്സ്സിയ സാമ്രാജ്യത്തെ പിടിച്ചെടുത്ത രാജാവാണ് ഈ ദാര്യ്യവേശ്-ക ഹിസ്ട്രേപ്സ് രാജാവ് എന്നു പല പണ്ഡിതന്മാരും തീര്ത്തു പറയുന്നു. അദ്ദേഹം 522 B.C.യില് മരിച്ചു. അദ്ദേഹം പെര്സ്സിയ സൈന്യത്തിന്റെ പടത്തലവനായിരുന്നു.

B. അങ്ങനെയെങ്കില് എഴുതിയ കാലം 519 അല്ലെങ്കില് 520 B.C. (ഹഗ്ഗായിന്നു ശേഷം 2 മാസം). ഏറെക്കുറെ രണ്ടു ആണ്ടുകള് പ്രസംഗിച്ചു (നോക്കുക 1:1, 7; 7:1).

## VI. ചരിത്രപരമായ പശ്ചാത്തലം

## VII. സാഹിത്യപരമായ ഏകകം

(R.K. Harrison എഴുതിയ Introduction to the Old Testament എന്ന പുസ്തകത്തില്നിന്നു 950-ആം പക്കത്തില്നിന്നു എടുത്തതു.)

A. കാലം നിശ്ചയത്തോടെ പറഞ്ഞിട്ടുള്ള പ്രവചനങ്ങള്, അധ്യായം 1-8
   1. അവതാരികയും മാനസാന്തരത്തിന്നുള്ള വിളിയും, 1:1-6.
   2. യെരൂശലേം ദൈവാലയം വീണ്ടും കെട്ടപ്പെടും എന്നുള്ളതിനെ സംബന്ധിച്ച എട്ടു ദര്ശനങ്ങള്, 1:7-6:15
      a. നാലു കുതിരവീരന്മാര്; വീണ്ടും ദൈവം യഥാസ്ഥാനപ്പെടുത്തും എന്ന വാഗ്ദാനം, 1:7-17
      b. നാലു നശിപ്പിക്കുന്ന കൊമ്പുകളും കൊല്ലന്മാരും, 1:18-21
      c. യെരൂശലേമിന്റെ അളക്കാനൊക്കാത്ത മഹിമ, 2:1-13 (2:5-17 എബ്രായര്)
      d. യോശുവയെ ശുദ്ധീകരിക്കല്, അവന്നു ഒരു അരുളപ്പാട്, 3:1-10
      e. ഏഴു ശാഖയുള്ള നിലവിളക്ക്, 4:1-14
      f. പാറിപ്പോകുന്ന ഒരു ചുരുള് 5:1-4
      g. ഒരു സ്ത്രീ ഒരു ഏഫാവില് ബാബിലോനിലേക്ക് അകറ്റപ്പെടുന്നതു.
      h. കുതിരകള് വലിക്കുന്ന രഥങ്ങള് ഭൂമിയെ ചുറ്റി പുപ്പെടുന്നതു, 6:1-8
   3. ചരിത്ര ഭാഗം: യോശുവ മശിഹയുടെ നിഴലായിരിക്കുന്നു, 6:9-15
   4. ഉപവാസത്തെ കുറിച്ചു സെഖര്യാവ് ചോദിക്കുന്നു, 7:1-8:23.

B. കാല നിശ്ചയമില്ലാത്ത പ്രവചനങ്ങള്, 9-14
   1. രാജ്യപരമായ വൈരികളെ ന്യായംവിധിക്കും; സമാധാന പ്രഭുവിന്റെ വരവ്, 9:1-17
   2. ദൈവീക നേതാവ് താന് തിരഞ്ഞെടുത്ത ആട്ടിന്കൂട്ടത്തെ കൂട്ടി വരുത്തി ഒരിടത്താക്കും, 10:1-12
   3. നല്ല ഇടയന്മാരും മൂഢ ഇടയന്മാരും കഷ്ടമനുഭവിക്കുന്ന ആട്ടിന്കൂട്ടം, 11:1-17
   4. മരണാനന്തര ന്യായവിധിയെപറ്റി അരുളപ്പാട്, 12:1-13:6
   5. ദൈവ രാജ്യത്തിന് ശുദ്ധീകരണ ന്യായവിധി, 13:7-14:21

## VIII. പ്രധാന സത്യങ്ങള്

A. പ്രവാസത്തില്നിന്നു തിരിച്ചുവന്ന യെഹൂദന്മാരെ ആലയത്തെ വീണ്ടും പണിയാന് ഉത്സാഹിപ്പിക്കുന്നതാണ് ഈ പുസ്തകത്തിന്റെ വലിയ ഉദ്ദേശ്യം. ശേശ്ബസ്സാരാല് (എസ്രാ 1:8; 5:16), ഇതു തുടങ്ങിയെങ്കിലും യെരൂബ്ബാബേലിന് കീഴില് ഇതു തടര്ന്നില്ല. വര്ഷങ്ങളായി ആലയം അവഗണിക്കപ്പെട്ടിരുന്നു. ജനത്തിന്റെ നിര്വ്വികാരതയാണ് ഇതിന്നു കാരണം എന്നു ഹഗ്ഗായി പറയുന്നു, അതേ സമയം എസ്രാ പറയുന്നതു - ചുറ്റുമുള്ള രാജ്യങ്ങളാല് ഉണ്ടായ രാഷ്ട്രീയ ശ്രമമാണ് - വിശേഷാല് ശമര്യയുടെ ശ്രമമാണ് ഇതിന്നു കാരണം.

B. ഈ പുസ്തകം മിക്കവാറും മസിഹയെ കുറിച്ചു പറയുന്നു. യേശുവിന്റെ ജീവിതത്തെപറ്റി അനേക പ്രവചനങ്ങള് 9 മുതല് 14 വരെയുള്ള അധ്യായങ്ങളില് നിന്നു വരുന്നു:
   1. രാജാവ് താഴ്മയുള്ളവനായി കഴുതപ്പുറത്തും പെണ്കഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു, 9:9,

2. ഒരു അടിമയുടെ വിലയും, ഒരു കുശവന്റെ കല്ലറയുടെ വിലയുമായ മുപ്പതു വെള്ളിക്കാശിന്നു അവര് എന്നെ വിറ്റു, 11:13,
3. ദാവീദിന്റെ വംശാവലിയില് വന്നവന് എന്നതിനെ ഊന്നിപറയുന്നു, 12:4-9,
4. തങ്ങള് കുത്തീട്ടുള്ളവങ്കലേക്കു അവര്നോക്കും, 12:10,

C. സാര്വ്വത്രികമായ ദൈവത്തിന്റെ സ്നേഹത്തെയും ഭരണത്തെയും കാണിക്കുന്ന വാക്യങ്ങള് - 2:11; 8:20-23; 14:9,16. പക്ഷേ 9 മുതല് 14 വരെയുള്ള അധ്യായങ്ങളില് ജനങ്ങളുടെ സാര്വ്വത്രികമായ കലഹത്തെ ഊന്നിപറയുന്നു, 12:3 & 14:2 (സങ്കീര്ത്തനം 2).

## IX. ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും

A. പദങ്ങളും ഉപവാക്യങ്ങളും
1. തിരിയല്, 1:3 (NASB & NIV)
2. ഞാന് യെരൂശലേമിന്നും സീയോന്നും വേണ്ടി മഹാ തീക്ഷണതയോടെ എരിയുന്നു, 1:14 (NASB & NIV)
3. യെരൂശലേമിന്മേല് അളവുനൂല് പിടിക്കും, 1:16(NASB & NIV)
4. നാലു കൊമ്പു, 1:18-21 (NASB & NIV)
5. "ഞാന് അതിന്നു ചുറ്റും തീമതിലായിരിക്കും," 2:5 (NIV "ഞാന് തന്നെ അതിന്നു ചുറ്റും തീമതിലായിരിക്കും")
6. "അവന്റെ കണ്മണിയെ തൊടുന്നു," 2:8 (NASB & NIV)
7. "യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ചിരുന്നു," 3:3 (NASB & NIV)
8. പാറിപോകുന്ന ഒരു ചുരുള്, 5:1 (NASB & NIV)
9. തേരാഫിം, 10:2 (NIV ഗ്രഹവിഗ്രഹം)
10. രണ്ടു കോല്: "ഇമ്പവും ഒരുമയും," 11:7, 14 (NASB & NIV)
11. "ഞാന് യെരൂശലേമിനെ പരിഭ്രമപാത്രമാക്കും...ഭാരമുള്ള കല്ലാക്കി വെക്കും," 12:2-3, (NIV "ഇളക്കാനൊക്കാത്ത കല്ലാക്കി")
12. "ജീവനുള്ള വെള്ളം യെരൂശലേമില്നിന്നു പുറപ്പെടും," 14:8 (NASB & NIV)

B. ഹ്രസ്വമായി നിര്വചിക്കേണ്ട വ്യക്തികള്
1. ബെരെഖ്യാ, 1:1,7
2. യെഹോവയുടെ ദൂതന്, 1:11; 3:1
3. സാത്താന്, 3:1-2
4. മുള, 3:8; 6:12
5. "രണ്ടു അഭിഷിക്തന്മാര്" 4:14
6. ഹദദ്രിമ്മോന്, 12:11 (NIV "ഹദദ്-രിമ്മോന്")

## X. ഭൂപട സ്ഥലങ്ങള്

1. സീയോന് 1:14
2. ശിനാര്, 5:11 (NIV "ബാബിലോന്")
3. ബേഥേല്
4. ഹമാത്ത്, 9:2
5. മെഗിദ്ദോ താഴ്വര 12:11
6. ഒലുവുമല, 14:4

## XI. വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്

1. ഹഗ്ഗായിയോട് എങ്ങനെയാണ് സെഖര്യാവ് ബന്ധപ്പെടുത്തിയിരികുന്നതു?


2. വേദഭാഗം 1:7-6:8 - ഇതിലുള്ള ദര്ശനങ്ങള് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

3. ഈ പുസ്തകത്തില് കാണുന്ന മശിഹാവിന്റെ നാമങ്ങളെ പട്ടികയാക്കുക.

4. അധ്യായം 4ല് പറയുന്ന രണ്ടു ഒലിവ് വൃക്ഷങ്ങള് ആരാണ്?

5. അധ്യാങ്ങള് 7-8ല് എത്ര ഉപവാസ ദിവസങ്ങള് കൊടുത്തിട്ടുണ്ടു?
6. ക്രിസ്തുവിന്റെ ജീവിതത്തെ സംബന്ധിച്ച പ്രവചനങ്ങളെ പട്ടികയാക്കുക.


N
W
S
പണ്ടത്തെ
നിയർ ഈസ്റ്റ്


പാലസ്തീൻ
0 10 20 30 40
SCALE IN MILES

# മലാഖി പുസ്തകത്തിന്റെ അവതാരിക

## I. പുസ്തകത്തിന്റെ പേര്

A. പ്രവാചകന്റെ പേരാണ് പുസ്തകത്തിന്റെ പേര്.

B. ഈ പേരിന്റെ അര്ത്ഥം "എന്റെ സന്ദേശവാഹകന്" എന്നതാണ്.
1. ഇതു "എന്റെ സന്ദേശവാഹകന്" എന്ന തലകെട്ടായിരിക്കാം - 3:1.
2. ഇതു "എന്റെ ദൂതന്" എന്നിരിക്കാം.
3. ഇതു വ്യക്തിയുടെ ഒരു പേരായിരിക്കാം.

## II. വേദപുസ്തകത്തിന് ഒരു ഭാഗമായി അംഗീകരിക്കപ്പെടല്

A. പിന്നത്തെ പ്രവാചകന്മാര് എന്ന വിഭാഗത്തിന്റെ ഭാഗമാണ് ഈ പുസ്തകം (Ecclesiasticus 49:10).

B. പന്ത്രണ്ടു പ്രവാചകന്മാര് എന്ന ചെറിയ പ്രവാചകന്മാരുടെ കൂട്ടത്തില്പെട്ടതാണ് ഈ പുസ്തകം (ബാബാ ബത്രാ 14b).
1. യെശയാവ്, യിരമ്യാവ്, യെഹസ്ക്കീയേല് പോലെ ഈ പുസ്തകവും ഒരു തോല്ചുരുളില് ഉള്ളതാണ്.
2. വ്യവസ്ഥിതിയെ കാണിക്കുന്നതായി, അല്ലെങ്കില് പന്ത്രണ്ടു ഗോത്രങ്ങളെ സൂചിപിക്കുന്നതായി ഇതു ഇരിക്കുന്നു.
3. പാരമ്പര്യത്തെ അനുസരിച്ചു എഴുതിയ കാലക്രമത്തെ ഇതു പ്രതിബിംബിക്കുന്നു.

C. ചെറിയ പ്രവാചകന്മാര് അല്ലെങ്കില് പന്ത്രണ്ടു പ്രവാചകന്മാര് എന്ന പുസ്തകം എഴുതിയ കാലക്രമത്തെ പല പണ്ഡിതന്മാരും ബന്ധപെടുത്തിക്കാട്ടുന്നുണ്ടു. ആ നിലയില്, മലാഖിയാണ് ചെറിയ പ്രവാചകന്മാരില് ഒടുവിലത്തെ പുസ്തകം എന്നു സ്പഷ്ടമാണ്.

## III. സാഹിത്യ ശൈലി

A. തര്ക്കത്തിലൂടെ സത്യത്തെ പകരുന്നു. ഇതു ചോദ്യോത്തര രീതിയില് ഇരിക്കുന്നു. ആദ്യം ഒരു സത്യത്തെ പറയുന്നു, അതിനെ ഓരാള് എതിര്ത്തു ചോദ്യമോ പരാമര്ശമോ ചെയ്താല് പ്രവാചകന് ഉത്തരം പറയുന്നു.

B. മലാഖി പ്രവാചകനെ "എബ്രായ സോക്രട്ടീസ് " എന്നു വിളിക്കുന്നു.

C. പൗലോസും യാക്കോബും ഈ രീതിയില് സത്യത്തെ പറഞ്ഞു.

D. "നിങ്ങള് പറയുന്നു..." 1:2,6,7 (രണ്ടു പ്രാവശ്യം), 12,13; 2:14,17 (രണ്ടു പ്രാവശ്യം); 3:7,8,13,14. - എന്ന വാക്യ നിര്മിക്കല് ഇതിനെ എടുത്തു കാണിക്കുന്നു.

E. ഇതു എബ്രായ പദ്യമല്ല.

## IV. എഴുത്തുകാരന്

A. അധ്യായം 1:1ല് ഉപയോഗിച്ചിരിക്കുന്ന "മലാഖി "എന്ന എബ്രായ പദത്തിന്നു "ദൂതന്" അഥവാ "സന്ദേശവാഹകന്" എന്നു അര്ത്ഥം.
1. ഇതു ഒരു വ്യക്തിയുടെ പേര് എന്നു പലരും കരുതുന്നു.
2. ഇതിനെ ഒരു തലക്കെട്ടായി LXXല് ഉപയോഗിച്ചിട്ടുണ്ടു.
3. ഓരിഗന് എന്ന ചരിത്രക്കാരന് ഇതു ഒരു ദൂതന്റെ പേര് എന്നു കരുതി.

B. The Talmud (മസില്ലാ 15a) ഇതിനെ മൊര്ദേക്കായി എഴുതിയതായി പറഞ്ഞു.

C. അരമായിക് ടാര്ഗം എഴുതിയ ജോനഥാന്, ഇതു എസ്രാവിന്നു നല്കിയ തലക്കെട്ട് എന്നു പറഞ്ഞു. ഇതേ വ്യാഖ്യാനത്തെ ജെരോം, രഷി, കേല്വിന് എന്നവരും പിന്തുടര്ന്നു.

D. The Antiquities of the Jews (യഹുദന്മാരുടെ പുരാധനകാലം) എന്ന പുസ്തകത്തില് 11:4-5ല് പ്രവാസത്തില് നിന്നു മടങ്ങിയശേഷം മലാഖിയുടെ പേര് ഒഴികെ മറ്റുള്ളവരെ പേരുകള് ജോസഫസ് രേഖപ്പെടുത്തിട്ടുണ്ടു.

E. ഈ പുസ്തകത്തില് നിന്നു പുതിയ നിയമത്തില് എടുത്തുപറഞ്ഞിട്ടുള്ള ഏതൊരു ഭാഗത്തിലും മലാഖിയുടെ പേര് കാണുന്നില്ല.

F. ഹഗ്ഗായി, സെഖര്യാവ്, മലാഖി എന്നവരുടെ പേരുകളെ പ്രവാസകാലത്തിന്നുശേഷം വന്നവരുടെ പട്ടികയില്, എസ്ഡ്രാസ് ഉള്പെടുത്തിട്ടുണ്ടു.

G. ഏതൊരു പുസ്തകവും പേരില്ലാത്തതായി ഇല്ല. അതുകൊണ്ടു മലാഖി എന്നതു ഒരു പേരായിരിക്കണം. എഴുത്തുകാരന്റെ പേര് ദൈവശ്വാസനീയത്തെ ബാധിക്കയില്ല എന്ന വിഷയത്തെ ഓര്ത്തുകൊള്ക.

## V. എഴുതിയ കാലം

A. ചരിത്രപരമായി നെഹമ്യാവ് പുസ്തകത്തിന്നും മലാഖിപുസ്തകത്തിന്നും തമ്മില് വളരെ സാമ്യം ഉണ്ടു:
1. ദശാംശം കൊടുക്കുന്നതില് ഉള്ള പിരിമുറിക്കം, മലാഖി 38, നെഹ. 1032-39,
2. എളിയവര് അടിച്ചമര്ത്തപ്പെട്ടു, മലാഖി 35 നെഹ. 51-5
3. അന്യജാതിക്കാരോടുള്ള വിവാഹം, 2:10,11 നെഹ.13:13,23-24 (എസ്രാ 9:1-2)

B. അര്ത്ഥഹ്ശഷ്ടാവ്-ക അരമനയ്ക്കു നെഹമ്യാവ് തിരിച്ചുവന്ന 450-430 B.C. കാലമാണ് എറ്റവും നല്ലതു എന്നു തോന്നുന്നു.

## VI. ചരിത്രപരമായി എബ്രായരും ഏദോമ്യരും തമ്മിലുള്ള ബന്ധം, 1:2-5

A. അവര് ബന്ധുക്കള് എന്നു കരുതി അവരെ മാനിക്കണം എന്നു പറയുന്നു:
1. സംഖ്യാ പുസ്തകം 20:14
2. ആവര്ത്തപുസ്തകം 2:4-6

B. അവരോട് പല പ്രാവശ്യം എതിര്ത്തു പോരാടി:
1. സംഖ്യ പുസ്തകം 20:14-21
2. ന്യായാധിപന്മാര് 11:16ff
3. 1 ശമുവേല് 14:47-48

C. അവര്ക്കെതിരായ പ്രവചനങ്ങള്:
1. സംഖ്യാപുസ്തകം 24:18
2. യെശെയാവ് 34:5ff 63:1ff
3. യിരമ്യാവ് 49:7ff
4. വിലാപങ്ങള് 4:21-22
5. യെഹസ്ക്കീയേല് 26:12ff 35:13ff 36:2-6
6. ആമോസ് 1:11-12

## VII. സാഹിത്യപരമായ ഏകകം

A. ആറ് വാദങ്ങള് അഥവാ കടുത്ത വിമര്ശനങ്ങളെ ഉള്ളടക്കിയതാണ് മലാഖി പുസ്തകത്തിന്റെ രേഖാരൂപം. ദൈവത്തിനിന്നുവേണ്ടി മലാഖി സംസാരിച്ചു, ജനങ്ങള് പ്രതികരിച്ചപോള്, മലാഖി വീണ്ടും ദൈവത്തിന്നുവേണ്ടി സംസാരിച്ചു.

B. രേഖാരൂപം
1. പ്രവാസത്തില്നിന്നു മടങ്ങുന്ന യഹുദന്മാരെ ദൈവം സ്നേഹിക്കുന്നു, 1:2-5
2. പരോഹിതന്മാര്ക്ക് ദൈവത്തിന്റെ ദണ്ഡനാജ്ഞ 1:6-2:9
3. വിവാഹമോചനത്തെയും ജാതികളോടുള്ള വിവാഹത്തെയും കുറിച്ച് ദൈവത്തിന്റെ ദണ്ഡനാജ്ഞ, 2:10-16
4. (നീതിയുടെ ദൈവം എവിടെ എന്നു പറയുന്ന) അവരുടെ മനോഭാവത്തെ കുറിച്ച് ദൈവത്തിന്റെ ദണ്ഡനാജ്ഞ, 2:17-3:6
5. ആലയത്തെ സഹായിക്കാതിരിക്കുന്നതിനെ കുറിച്ചുള്ള ദൈവത്തിന്റെ ദണ്ഡനാജ്ഞ, 3:7-12
6. (ദൈവത്തെ സേവിക്കുന്നതു വ്യഥാ എന്നു പറയുന്ന) അവരുടെ മോശമായ മനോഭാവത്തെ കുറിച്ചുള്ള ദൈവത്തിന്റെ ദണ്ഡനാജ്ഞ, 3:13-4:3

7. അന്ത്യ ശാസനയും വാഗ്ദത്തവും, 4:4-6

## VIII. **പ്രധാന സത്യങ്ങള്**

A. പ്രവാസത്തില് നിന്നു മടങ്ങി വന്ന യഹൂദന്മാരുടെ നിര്വ്വികാരത, മോഹനീരസം എന്ന പാപങ്ങളെ മലാഖി രേഖപ്പെടുത്തിയിരിക്കുന്നു.

B. ഈ പുസ്തകത്തില് പല സാര്വ്വത്രികമായ സാക്ഷിമൊഴി ഉണ്ടു. ദൈവം യിസ്രായേലിനെ ഉപയോഗിച്ചു ലോകത്തെ സന്ദര്ശിക്കും, 1:5,11,14; 3:12.

C. ദൈവത്തിന്റെ സ്വഭാവത്തെ ദൈവജനങ്ങള് അപവദിക്കുകയാണ്:
1. 2:17 -ദൈവം നീതിയോടെ വിധിക്കുന്നില്ല.
2. 3:6 - ദൈവത്തിന്റെ മാറാത്ത സ്വഭാവംകൊണ്ടാണ് യിസ്രായേല് ഇതുവരെ നിലനില്ക്കുത്.
3. 314 - ദൈവത്തെ സേവിക്കുന്നതു വ്യഥാവാണ്.

D. ഈ പുസ്തകത്തില് മശിഹയെ കുറിച്ച പ്രത്യാശയുണ്ടു, 3:1; 4:5.

## IX. **ഹ്രസ്വമായി നിര്വചിക്കേണ്ട പദങ്ങളും ഉപവാക്യങ്ങളും വ്യക്തികളും**

A. പദങ്ങളും ഉപവാക്യങ്ങളും
1. അരുളപ്പാട്, 1:1 (NASB & NIV)
2. "പക്ഷേ നിങ്ങള് പറയുന്നു..." ("പക്ഷേ നിങ്ങള് ചോദിക്കുന്നു...")
3. " നിങ്ങള് മുടന്തും ദീനവുമുള്ളതിനെ അര്പ്പിക്കുന്നു", 1:8 (NIV "ഞൊണ്ടിയായതെയും രോഗം പിടിപെട്ടതെയും അര്പ്പിക്കുന്നു")
4. " നിങ്ങള് അതിനോടു ചീറുന്നു," 1:13, (NIV, "നിങ്ങള് അതിനോടു വെറുപ്പോടെ ഇടപെടുന്നു")
5. " ഞാന് നിങ്ങള്ക്കുള്ള സന്തതിയെ ഭര്ത്സിക്കും," 2:3 (NIV, "ഞാന് നിങ്ങള്ക്കുള്ള വംശാവലിയെ ഭര്ത്സിക്കും")
6. " ഒരു അന്യദേവന്റെ മകളെ വിവാഹം കഴിച്ചിരിക്കുന്നു," 2:11 (NASB & NIV)
7. " നിങ്ങള് അന്വേഷിക്കുന്ന കര്ത്താവ്, പെട്ടെന്നു തന്റെ മന്ദിരത്തിലേക്കു വരും," 3:1 (NASB & NIV)
8. " സ്മരണപുസ്തകം," 3:16 (NASB & NIV "സ്മരണചുരുള്")
9. " നിങ്ങള്ക്കോ നീതിസൂര്യന് തന്റെ ചിറകിന് കീഴില് രോഗോപശാന്തിയോടുകൂടെ ഉദിക്കും," 4:2 (NASB & NIV)

B. വ്യക്തികള്
1. ഏശാവ്, 1:2-3
2. യാക്കോബ്, 1:2
3. ലേവി, 2:4
4. ക്ഷുദ്രക്കാര്, 3:5
5. പരദേശികള്, 3:5
6. പ്രവാചകനായ ഏലിയാവ്, 4:5

## X. **ഭൂപട സ്ഥലങ്ങള്**

1. ഏദോം, 1:4
2. യെഹൂദാ, 2:11
3. യിസ്രായേല്, 2:11
4. ഹോരേബ്, 4:4

## XI. **വിദ്യാര്ത്ഥികള്ക്കുള്ള ചോദ്യങ്ങള്**

1. മലാഖി പുസ്തകത്തിന്റെ ഘടനയെക്കുറിച്ചു വിവരിക്ക.

2. വാക്യം 1:2ല് എന്തുകൊണ്ടു ഏശാവിനെ രേഖപ്പെടുത്തിയിരിക്കുന്നു?

3. പുരോഹിതന്മാരും ജനങ്ങളും എങ്ങനെ യഹോവയോട് അപമര്യാദ കാണിച്ചു?

4. വാക്യങ്ങള് 2:2; 3:9 - ഇവയില് പറഞ്ഞിട്ടുള്ള ശാപങ്ങള് എവിടെനിന്നു വരും? അതില് എന്തൊക്കെ അടങ്ങിയിരിക്കുന്നു?


5. എന്തുകൊണ്ടു വിവാഹമോചനത്തെ ഞാന് വെറുക്കുന്നു എന്നു ദൈവം പറയുന്നു?

6. ആലയത്തില് മസിഹാ പെട്ടെന്നു എങ്ങനെ വരും?

7. എന്തുകൊണ്ടു വാക്യം 3:6 വളരെ പ്രധാനമുള്ളതു?

8. ദശാംശം കൊടുത്താല് സമ്പല്സമൃദ്ധി നല്കും എന്നു ദൈവം വാഗ്ദത്തംചെയ്തിട്ടുണ്ടോ?

9. ഏലിയാവ് യേശുവിങ്കല്നിന്നു വന്നുവോ?


പണ്ടത്തെ
നിയർ ഈസ്റ്റ്
N
W
S


പാലസ്തീൻ
0 10 20 30 40
SCALE IN MILES